# ദൈവജനനിയോടൊത്ത്



സിസ്റ്റർ റാണി മരിയ എസ്. ഐ. സി.

www.malankaralibrary.com

# ദൈവജനനിയോടൊത്ത്

www.malankaralibrary.com

# ദൈവജനനിയോടൊത്ത്

സി. റാണി മരിയ എസ്. ഐ. സി.

ബഥനി സന്ന്യാസിനി സമൂഹം ജനറലേറ്റ്

കോട്ടയം - 686010

2004

www.malankaralibrary.com

**DEIVAJANANIYODOTHU**
*(Malayalam)*

Rev. Sr. Rani Maria S.I.C.

First Published in February 2004

*Cover Design*
Milen Jacob
Gratia Design Studio, Ph: 2570105

*Type Setting and Printing*
Bethany Offset Printers, Kottayam

*Published by*
Rev. Mother Philomina SIC
Mother General, Bethany Sisters Generalate
Vadavathoor, Kottayam - 686010

*Price* : Rs. 80/-

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# ആമുഖം

ആദിയിൽ ദൈവം തൻെറ ഛായയിലും സാദൃശ്യത്തിലും മനുഷ്യരെ സൃഷ്ടിച്ചു. ദൈവത്താൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവത്തെ മാറ്റി നിർത്തിക്കൊണ്ട് ദൈവമാകുവാൻ പരിശ്രമിച്ചു. അതിൻെറ ഫലമായി അവൻ പാപത്തിലേക്ക് നിപതിച്ചു. ഈ മനുഷ്യനെ ആത്യന്തികമായി പരിവർത്തനപ്പെടുത്തുവാൻ ദൈവം ആഗ്രഹിക്കുകയും തൻെറ പ്രിയസുതനെ ലോകത്തിലേക്ക് അയയ്ക്കുകയും ചെയ്തു. ഇതാണ് ദൈവത്തിൻെറ രക്ഷാകര പദ്ധതി. ഈ രക്ഷാകര പദ്ധതിയിൽ ഏറ്റം ശ്രേഷ്ഠമായ പങ്കു വഹിച്ച വ്യക്തിയാണ് ദൈവമാതാവായ പരിശുദ്ധകന്യകമറിയാം.

ക്രിസ്തുരഹസ്യത്തിൻെറ അതുല്യ സാക്ഷിയാണ് നമ്മുടെ അമ്മയായ പരിശുദ്ധ ദൈവമാതാവ്. മറിയത്തെപ്പോലെ ഉയർത്തപ്പെട്ടവളായും, താഴ്ത്തപ്പെട്ടവളായും ആരുമില്ല. പരിശുദ്ധ ദൈവമാതാവിൽ പ്രശോഭിച്ചിരുന്ന ദൈവസ്നേഹം, പരസ്നേഹം എവിടെയും എപ്പോഴും ദൈവതിരുമനസ്സിനോടുള്ള വിധേയത്വം എന്നീ സുകൃതങ്ങൾ ഓരോ ക്രൈസ്തവനും മാതൃകയാണ്. നിത്യവചനത്തിന് സ്വാഗതം അരുളി ആ വചനത്തെ ആത്മ ശരീരങ്ങളിൽ സംവഹിച്ചുകൊണ്ട് നിത്യജീവനെ ലോകത്തിലേക്ക് കൊണ്ടുവന്നു. രക്ഷകന്റെ മാതാവെന്ന നിലയിൽ ലോകമെങ്ങും അവൾ സമാരാധ്യയായിത്തീർന്നു.

ബേത്‌ലഹേം മുതൽ ഗോഗുൽത്താവരെയുള്ള മറിയത്തിന്റെ ജീവിതം കുരിശിന്റെ പാതയിലൂടെയുള്ള ഒരു തീർത്ഥാടനമായിരുന്നു. 'ഇതാ ഞാൻ കർത്താവിന്റെ ദാസി' എന്നുമാത്രം ജീവിതത്തിന്റെ പ്രയാസങ്ങളിലും, പ്രതിസന്ധികളിലും അവൾ ആത്മനാ

www.malankaralibrary.com

ആവർത്തിച്ചിരുന്നു. പ്രതീക്ഷയുടെ പ്രതീകമായ മറിയം ദൈവത്തെ പ്രസവിച്ചവളും, സഭയുടെ മാതാവും, സഭയുടെ പ്രതീകവുമാണ്. ആത്മശരീരങ്ങളോടെ സ്വർഗ്ഗപ്രവേശനം ചെയ്ത പരിശുദ്ധ മറിയം ഈലോക പ്രയാണത്തിൽ ദൈവജനത്തിന് ആശ്വാസത്തിന്റെയും പ്രത്യാശയുടെയും, പ്രതീക്ഷയുടെയും ആരംഭവും പ്രതിഛായയുമാണ്.

ക്രിസ്തുരഹസ്യത്തിന്റെ അതുല്യ സാക്ഷിയായ പരിശുദ്ധ അമ്മയുടെവ്യക്തിത്വത്തിന്റെ ശ്രേഷ്ഠതയെ എടുത്തു കാട്ടുകയാണ്; ബഹു. സിസ്റ്റർ റാണി മരിയ 'ദൈവജനനിയോടൊത്ത്' എന്ന തന്റെ ഗ്രന്ഥത്തിലൂടെ. മൂന്ന് അദ്ധ്യായങ്ങളായി തിരിച്ചിരിക്കുന്ന ഈ ഗ്രന്ഥത്തിൽ ആദ്യത്തെ അദ്ധ്യായത്തിൽ നാം കാണുന്നത് മറിയത്തെ പറ്റിയുള്ള പഴയനിയമ സാദൃശ്യങ്ങളാണ്. പരിശുദ്ധ ദൈവമാതാവ് ബൈബിളിൽ കാണുന്ന അനേകം പ്രവചനങ്ങളുടെയും പ്രതിരൂപങ്ങളുടെയും സാക്ഷാൽക്കാരമാണ്. പരിശുദ്ധ ദൈവമാതാവായ മറിയത്തെ പരാമർശിച്ചുള്ള വിവിധ പ്രതിരൂപങ്ങളെപ്പറ്റിയും പുതിയ നിയമത്തിൽ മറിയത്തിനുള്ള സ്ഥാനത്തെപ്പറ്റിയും ഒന്നാമത്തെ അദ്ധ്യായത്തിൽ വളരെ സമഗ്രമായി പ്രതിപാദിക്കുന്നു.

രണ്ടാമത്തെ അദ്ധ്യായത്തിൽ പരിശുദ്ധ ദൈവമാതാവിനെപ്പറ്റിയുള്ള സഭാപിതാക്കന്മാരുടെ വീക്ഷണമാണ് കാണുന്നത്. പൗരസ്ത്യ സഭ പ്രത്യേകിച്ച് മലങ്കരസഭ മറിയത്തെ ദൈവമാതാവ് (യൊൽദാസ് ആലോഹോ) എന്നാണ് വിളിക്കുന്നത്. മറിയത്തെ വിവിധ പേരുകളിൽ നാം സംബോധന ചെയ്യുന്നുണ്ടെങ്കിലും ദൈവമാതാവ് എന്നതിനപ്പുറമായ ഒരു സംജ്ഞ ഇല്ല തന്നെ. പരിശുദ്ധ ദൈവമാതാവിനെ പൗരസ്ത്യസഭ ഒരിക്കലും സഹരക്ഷക എന്ന് വിളിക്കാറില്ല. കാരണം രക്ഷാകരപദ്ധതി ദൈവത്തിന്റെ പദ്ധതി ഒന്നു മാത്രമാണ്. സഭാപിതാക്കന്മാരുടെ അവഗാഹമായ ദർശനം രണ്ടാമത്തെ അദ്ധ്യായത്തിൽ നമുക്ക് കാണാം. അതോടൊപ്പം തന്നെ മലങ്കര ആരാധനയിലെ ദൈവമാതാവിന്റെ സ്ഥാനവും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

www.malankaralibrary.com

മൂന്നാമത്തെ അദ്ധ്യായത്തിൽ നാം കാണുന്നത് സഭാപ്രബോധനത്തെപ്പറ്റിയാണ്. മറിയത്തെക്കുറിച്ചുള്ള സഭയുടെ പ്രബോധനത്തെപ്പറ്റി ലളിതവും, സുന്ദരവുമായി ഈ അദ്ധ്യായത്തിൽ വ്യാഖ്യാനിപ്പിച്ചിരിക്കുന്നു. പരിശുദ്ധ സുന്നഹദോസുകളുടെ തീരുമാനങ്ങളും വിശദീകരണങ്ങളും ഈ അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കണം

മലങ്കര സഭയ്ക്ക് മാത്രമല്ല, ആഗോള സഭയ്ക്കു തന്നെയും ഒരു മുതൽക്കൂട്ടാണ് ഈ ഗ്രന്ഥമെന്നു പറയട്ടെ. മറിയത്തിന്റെ വ്യക്തിത്വം, അവളുടെ ശ്രേഷ്ഠത ഇവ എല്ലാം ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം ഭാവിതലമുറയ്ക്ക് ഒരു വലിയ മുതൽക്കൂട്ടാണ് എന്ന കാര്യത്തിൽ പക്ഷാന്തരം ഇല്ല.

ഈ ഗ്രന്ഥം രചിച്ച ബഥനി സന്ന്യാസിനീസമൂഹാംഗമായ സിസ്റ്റർ റാണി മരിയ എസ്. ഐ. സി. യെ അനുമോദിക്കുകയും ഈ ഗ്രന്ഥത്തിന് പ്രചുരപ്രചാരം ആശംസിക്കുകയും ചെയ്യുന്നു.

**സി. ഫിലോമിന എസ്. ഐ. സി.**
മദർ ജനറൽ

ബഥനി ജനറലേറ്റ്
കോട്ടയം - 686010
25 ഡിസംബർ 2003

www.malankaralibrary.com

# അവതാരിക

പരിശുദ്ധ കന്യകാമറിയാമിനോടുള്ള ഭക്തിയും ആദരവും സഭാസമൂഹങ്ങളിൽ ഉൾപ്പെട്ടുനിൽക്കുന്നവരിൽ ക്രമേണ ശക്തി പ്രാപിച്ചു വരികയാണ്. ഭാഗ്യവതിയായ ആ അമ്മയെപ്പറ്റിയുള്ള അറിവു കൂടുതൽ ആഴമാകുന്നതനുസ്സരിച്ച് ആ അമ്മയോടുള്ള നമ്മുടെ സ്നേഹവും ആദരവും വർദ്ധിപ്പിക്കുമെന്നതിന് തർക്കമില്ല.

ദൈവത്തിന്റെ നിത്യനിശ്ചയപ്രകാരം രക്ഷയുടെ ചരിത്രത്തിൽ ഗാഢമായി പങ്കുചേരാൻ മറിയം നിയുക്തയായി. എന്റെ ആത്മാവ് കർത്താവിനെ മഹത്ത്വപ്പെടുത്തുന്നു. 'എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു - എന്തെന്നാൽ ശക്തനായവൻ എനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു' (ലൂക്കാ 46-49). ദൈവപുത്രന്റെ അമ്മയാകുവാൻ തിരഞ്ഞെടുക്കപ്പെട്ട നിമിഷത്തിൽ ആ മഹാഭാഗ്യം കൈവന്നതിലുള്ള ആനന്ദവും കൃതജ്ഞതയും നിറഞ്ഞു നിൽക്കുന്നുണ്ട് ഈ വാക്കുകളിൽ. ദൈവപുത്രന്റെ അമ്മയാകാൻ വിളിക്കപ്പെട്ടപ്പോൾ രക്ഷാകര രഹസ്യത്തിൽ പങ്കുചേരുകവഴി മറിയം അവളുടെ തന്നെയും മനുഷ്യവംശം മുഴുവന്റേയും രക്ഷണീയ കർമ്മത്തിൽ പങ്കാളിയാണ് (LG. 56). കളങ്കരഹിതവും കലർപ്പില്ലാത്ത വിശുദ്ധിയുടെ നിറകുടവുമായ മറിയത്തിൽ സഭയുടെ ചരിത്രമാണ് വിരചിക്കപ്പെടുന്നത്.

യുഗാന്ത്യത്തിൽ പൂർണ്ണമായി വെളിപ്പെടാനിരിക്കുന്നതും ഇപ്പോൾ ഭാഗികമായി വെളിപ്പെടുത്തപ്പെട്ടിരിക്കുന്നതുമായ ക്രിസ്തുവിന്റെ വിജയത്തിന്റെ ആദ്യഫലവും ഉദാത്തമായ പ്രതിരൂപവും യുഗാന്ത്യത്തിൽ മഹത്ത്വീകരിക്കപ്പെടേണ്ട സഭയുടെ

www.malankaralibrary.com

പ്രതിച്ഛായയും ആരംഭവുമാണ് പരിശുദ്ധ മറിയം. പ്രഥമ ക്രിസ്ത്യാനിയായ മറിയത്തിലൂടെ സഭ പുണ്യപൂർണ്ണതയുടെ ഉന്നത സോപാനത്തിലെത്തിക്കഴിഞ്ഞിരിക്കുന്നു.

പഴയനിയമത്തിലെയും പുതിയനിയമത്തിലെയും പല ഗ്രന്ഥങ്ങളും യേശുവിന്റെ അമ്മയായ മറിയാമിനെക്കുറിച്ച് സ്വാർത്ഥമായി സംസാരിക്കുന്നുണ്ട്. പരിശുദ്ധാത്മ നിറവിൽ രചിക്കപ്പെട്ട ദൈവവചനത്തിൽ പരിശുദ്ധ അമ്മയെക്കുറിച്ച് പ്രതിപാദിക്കുന്ന ഭാഗങ്ങളെ കണ്ടെത്തുകയും അവയെ സാമാന്യം ശാസ്ത്രീയമായി അപഗ്രഥിക്കുകയും ചെയ്തിട്ടുള്ള ഒരു പഠനമാണ് ദൈവജനനിയോടൊത്ത് എന്ന ഈ പുസ്തകം. ആദിമ സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളുടെയും അപ്പസ്തോലിക സഭയിൽ കാലാകാലങ്ങളിൽ കൂടിയ സൂന്നഹദോസുകളും പ്രഖ്യാപിച്ചിട്ടുള്ള വിശ്വാസസത്യങ്ങളുൾക്കൊള്ളുന്ന പ്രമാണ രേഖകളുടെയും അടിസ്ഥാനത്തിലാണ് സിസ്റ്റർ റാണി മരിയ ഈ ഗ്രന്ഥം രചിച്ചിട്ടുള്ളത്.

പൗരസ്ത്യസഭകൾ എല്ലാം തന്നെ മാതാവിനെപ്പറ്റിയുള്ള വിശ്വാസത്തിലും, ഭക്തിയുടെ ഭാവത്തിലും ശ്രദ്ധ പുലർത്തുന്നവയാണ്. മലങ്കര കത്തോലിക്കാസഭയുടെ ആരാധനക്രമം മാത്രം പരിശോധിച്ചാൽ മതി, പൊതുവേയുള്ള പൗരസ്ത്യകാഴ്ചപ്പാടു മനസ്സിലാക്കാൻ നമുക്കു കഴിയും. വിശുദ്ധ കുർബാനയിലും, ദൈവമാതാവിന്റെ ജനനപ്പെരുന്നാളിന്റെ പ്രാർത്ഥനാക്രമത്തിലും, മദ്ധ്യസ്ഥപ്രാർത്ഥനയിലും, പ്രതിദിനനമസ്ക്കാരങ്ങളിലുമൊക്കെ ദൈവമാതാവിന് നൽകപ്പെട്ടിട്ടുള്ള ബഹുമതിയും ഭക്തിയും നന്നായി അവതരിപ്പിക്കുവാൻ ഗ്രന്ഥകർത്രി ശ്രദ്ധിച്ചിട്ടുണ്ട്.

മൂന്ന് അദ്ധ്യായങ്ങളിൽ കൃതി ക്രമീകരിച്ചിരിക്കുന്നു. ഈ അദ്ധ്യായങ്ങളിൽ പ്രതിപാദിക്കുന്നത് മൂന്ന് കാര്യങ്ങളാണ്. 1. ആധികാരിക ഗ്രന്ഥം 2. ആദിമ പിതാക്കന്മാരുടെ പഠിപ്പിക്കൽ 3. ആചാരാനുഷ്ഠാനങ്ങളിലുള്ള പാരമ്പര്യം, കാലാകാലങ്ങളിലുള്ള പ്രബോധനം. ഉൽപ്പത്തിയിൽ ആദ്യം പരാമർശിക്കപ്പെട്ട സ്ത്രീയും പിന്നീട് അവതരിപ്പിക്കപ്പെടുന്ന പ്രവചനങ്ങളും, പ്രതിരൂപങ്ങളും, പാരമ്പര്യങ്ങളും അടിസ്ഥാനപ്പെടുത്തി മറിയത്തിന്റെ ജീവചരിത്രം രക്ഷാകരസംഭവത്തിലൂടെ മനസ്സിലാക്കിത്തരുവാൻ

www.malankaralibrary.com

പുതിയ നിയമപുസ്തകം പ്രത്യേകിച്ച് സുവിശേഷങ്ങൾ ആധാരമാക്കി പഠനം നടത്തിയിട്ടുണ്ട്. രണ്ടാം അദ്ധ്യായത്തിൽ വിശുദ്ധ എഫ്രേം മുതൽ വി. തോമസ് അക്വിനാസ് വരെയുള്ള സഭാപിതാക്കന്മാരുടെ വീക്ഷണങ്ങൾ പരിശുദ്ധ മറിയത്തെ ആദിമ ക്രൈസ്തവ സഭയ്ക്ക് എങ്ങനെയാണ് മനസ്സിലാക്കിക്കൊടുത്തതെന്ന് വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു. മരിയഭക്തി സംബന്ധിച്ചു വ്യത്യസ്ത നിലപാടുകളാണ് ക്രൈസ്തവ സഭകൾക്കുള്ളത്. എന്നും കത്തോലിക്കാ സഭയ്ക്ക് ഈ വാദമുഖങ്ങളോടുള്ള യോജിപ്പും വിയോജിപ്പും സഭയുടെ മരിയൻ ദൈവശാസ്ത്രത്തിലുള്ള പഠനങ്ങളുമാണ് മൂന്നാം അദ്ധ്യായത്തിന്റെ പ്രധാന ഉള്ളടക്കം. പരിശുദ്ധ അമ്മയെക്കുറിച്ചുള്ള ഈ ഗ്രന്ഥം ഇന്നത്തേതും വരുവാനുള്ളതുമായ തലമുറയ്ക്കു മറിയത്തിലൂടെ യേശുക്രിസ്തുവിനെ കൂടുതൽ അറിയുന്നതിനും അനുഭവിക്കുന്നതിനും ഹേതുവാകട്ടെയെന്ന് ആശംസിക്കുന്നു.

ദൈവജനനിയോടൊത്ത് എന്ന ഈ അക്ഷരക്കൂട്ടം ക്രമമായി ചിട്ടപ്പെടുത്തുവാൻ സിസ്റ്റർ റാണി മരിയ ശ്രമിച്ചപ്പോൾ സഭയ്ക്ക് മരിയൻ ദൈവശാസ്ത്രത്തിൽ ഒരു പുതിയ സൽഗ്രന്ഥമാണ് ലഭിച്ചത്. സിസ്റ്ററിനോട് എന്റെ പ്രത്യേക വാൽസല്യം അറിയിക്കുന്നതോടൊപ്പം ഈ പുസ്തകത്തിന് പ്രചുരപ്രചാരം ആശംസിക്കുന്നു. അനുവാചകർക്കെല്ലാം പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥം വഴിയുള്ള അനുഗ്രഹങ്ങളും നേരുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.

തിരുസന്നിധി **സിറിൽ മാർ ബസേലിയോസ്**

01-02-2004 മലങ്കര കത്തോലിക്കാ മെത്രാപ്പോലീത്താ

തിരുവനന്തപുരം മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്

www.malankaralibrary.com

# ആശംസ

ദൈവിക രക്ഷാകരപദ്ധതി വിശകലനം ചെയ്യുന്ന ഏതൊരാൾക്കും അവഗണിക്കാൻ പറ്റാത്ത ഘടകമാണ് പരിശുദ്ധ മറിയം. ഹവ്വാ എന്ന ഒരു സ്ത്രീമൂലം പാപം ചെയ്ത് ദൈവതേജസ്സ് നഷ്ടപ്പെട്ട മനുഷ്യന് പറുദീസായുടെ സൗഭാഗ്യം വീണ്ടുകിട്ടുക മറിയം എന്ന മറ്റൊരു സ്ത്രീയിലൂടെയാണ്. അതുകൊണ്ടാണ് പ്രോട്ടസ്റ്റന്റ് ആംഗ്ലിക്കൻ കവിയായ വില്യം വേഡ്സ്‌വർത്ത് മറിയത്തെ 'പാപപങ്കിലമായ മനുഷ്യപ്രകൃതിയുടെ ഏക അഭിമാനസ്തംഭമേ' എന്ന് അഭിസംബോധന ചെയ്യുക. മാതാവ് ഭാഗ്യവതിയാണ്. നീ സ്ത്രീകളിൽ അനുഗ്രഹീതയാണ് എന്ന അഭിസംബോധനയിലൂടെ മാലാഖ ഈ സത്യം അംഗീകരിക്കുന്നു.

കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ വിശ്വസിച്ചവൾ ഭാഗ്യവതിയെന്ന് പരിശുദ്ധാത്മ നിറവിൽ എലിസബത്ത് ഉദ്ഘോഷിക്കുന്നു. പരിശുദ്ധ മറിയം തന്നെത്തന്നെ ഭാഗ്യവതി എന്ന് വിളിക്കുന്നു. ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്ന് പ്രകീർത്തിക്കും. ജനക്കൂട്ടത്തിലിരിക്കുന്ന സ്ത്രീയും വിളിച്ചു പറയുന്നു, യേശുവിന്റെ അമ്മ ഭാഗ്യവതിയെന്ന്.

ദൈവമാതാവിനെ ലോകത്തിനു മുഴുവൻ മാതാവായി സമ്മാനിക്കുന്നതാണ് യേശുവിന്റെ രക്ഷാകര ജീവിതത്തിലെ ഒരു പ്രധാന സംഭവം. ഈ രക്ഷ സഭാജീവിതത്തിലൂടെ അനുഭവമാകുമ്പോഴാണ് ഓരോ വിശ്വാസിയും രക്ഷാകരചരിത്രത്തിൽ സാർത്ഥകമായി പങ്കുകാരാകുന്നത്. ഇപ്രകാരം തലമുറകളുടെ ഭാഗ്യമായ മറിയം വിശ്വാസികളുടെ ആദ്ധ്യാത്മിക ജീവിതത്തിലെ മാതാവായി ഭവിക്കുന്നു.

www.malankaralibrary.com

അന്ത്യോക്യൻ പാരമ്പര്യം ഉൾക്കൊള്ളുന്ന മലങ്കര കത്തോലിക്കാ സഭയുടെ എല്ലാപ്രാർത്ഥനകളിലും പരിശുദ്ധ മറിയത്തെക്കുറിച്ചുള്ള സൂചനകളുണ്ട്. പരിശുദ്ധമറിയത്തിൽനിന്ന് വേറിട്ട ഒരു ആരാധനക്രമവും മലങ്കര സഭാ പാരമ്പര്യത്തിലില്ല. മലങ്കര കത്തോലിക്കാ സഭ പരിശുദ്ധ അമ്മയെ വിശേഷിപ്പിക്കുന്നത് 'ദൈവമാതാവ്' എന്നാണ്. ഇത്രത്തോളം ഔന്നത്യപൂർണ്ണമായ ഒരു വിശേഷണവും ഒരു പാരമ്പര്യവും പരിശുദ്ധ മറിയത്തിന് കല്പിച്ചിട്ടില്ല. മറിയംവഴി പരിശുദ്ധാത്മ പ്രചോദനത്താൽ ദൈവപുത്രൻ പ്രദാനം ചെയ്യുന്ന പിതാവുമായുള്ള ഐക്യത്തിന്റെ രക്ഷാനുഭവത്തിലേയ്ക്കാണ് സഭ നമ്മെ ആഹ്വാനം ചെയ്യുന്നത്.

സിസ്റ്റർ റാണി മരിയയുടെ 'ദൈവജനനിയോടൊത്ത്' എന്ന ഗ്രന്ഥം മരിയ ശാസ്ത്രത്തിലെ ഒരു പുതിയ കാൽവയ്പ്പാണ്. വിശുദ്ധ ഗ്രന്ഥത്തിലും സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളിലും സഭാത്മക പ്രാർത്ഥനകളിലും സഭയുടെ പ്രബോധനങ്ങളിലും തെളിഞ്ഞുനിൽക്കുന്നു. വിശുദ്ധ മറിയത്തിന്റെ സാന്നിദ്ധ്യം ദൈവജനനിയോടൊത്ത് എന്ന ഗ്രന്ഥത്തിൽ വെളിവാകുന്നു. അനേകകാലത്തെ പഠനത്തിന്റേയും പ്രാർത്ഥനയുടേയും പരിചിന്തനത്തിന്റേയും ആകെത്തുകയാണീ ഗ്രന്ഥം. മലങ്കരസഭ മരിയശാസ്ത്രരംഗത്ത് ഒരു വലിയ മുതൽക്കൂട്ടാവും ഈ ഗ്രന്ഥം എന്നതിൽ സംശയമില്ല. മലങ്കരസഭയിൽ മാത്രമല്ല എവിടെയെല്ലാം പരിശുദ്ധ മാതാവ് ബഹുമാനിക്കപ്പെടുന്നുവോ, അവർക്കൊക്കെ ഒരു സഹായിയും ദർശിയുമാവും.

ബഹുമാനപ്പെട്ട സിസ്റ്ററിന് എല്ലാ വിജയങ്ങളും ആശംസിക്കുന്നു. ഇങ്ങനെയൊരു വലിയ സംരംഭം വിജയകരമായി പൂർത്തിയാക്കിയതിലുള്ള അനുമോദനങ്ങൾ അറിയിക്കുന്നു. ഇതിൽ വായനക്കാർക്ക് എല്ലാ പ്രാർത്ഥനാമംഗങ്ങളും അനുഗ്രഹങ്ങളും ആശംസിക്കുന്നു.

യേശുവിൽ സ്നേഹപൂർവ്വം

മേരിഗിരി — **റവ. ഡോ. ഐസക് മാർ ക്ലീമീസ്**

1- 2- 2004 — തിരുവല്ലാ മെത്രാപ്പോലീത്താ

www.malankaralibrary.com

# ഒരാസ്വാദനം

ഏതു രംഗത്തും ആദ്യകാൽവയ്പ് ഭാഗ്യപരീക്ഷണമാണ്. ഒരു ഗ്രന്ഥാകർത്താവിന്റെ ആദ്യരചനയും ഇതിന് അപവാദമല്ല. പ്രസിദ്ധീകരണത്തിലൂടെ പ്രസിദ്ധി നേടണമെന്നോ പ്രശംസ ആർജ്ജിക്കണമെന്നോ ഉള്ള ലക്ഷ്യമോ പ്രതീക്ഷയോ അല്ല ഈ ഗ്രന്ഥരചനയ്ക്ക് സിസ്റ്റർ റാണി മരിയയ്ക്ക് പ്രേരകമായതെന്ന് എനിക്കു തികഞ്ഞ ബോധ്യമുണ്ട്. ദൈവശാസ്ത്രപഠനത്തിലൂടെയും വ്യക്തിപരമായ അന്വേഷണത്തിലൂടെയും ദീർഘമായ പ്രാർത്ഥനാനുഭവത്തിലൂടെയും കൈവന്ന ബോധ്യങ്ങൾ മറ്റുള്ളവർക്കും പ്രയോജനകരമാകുമെന്ന പ്രതീക്ഷയും ആകണമെന്ന ആഗ്രഹവുമാണ് ഈ ഗ്രന്ഥനിർമിതിയുടെ കാരണങ്ങൾ.

പ്രസിദ്ധീകരണത്തിനുമുമ്പ് ഈ ഗ്രന്ഥം ആദ്യാവസാനം സശ്രദ്ധം വായിക്കാൻ അവസരം ലഭിച്ചതൊരു ഭാഗ്യമായി ഞാൻ കരുതുകയാണ്. ഇത് ഗഹനമായ ഒരു ദൈവശാസ്ത്രപഠനമോ ഗവേഷണ ഫലമോ ആണെന്നുള്ള ധാരണ എനിക്കില്ല. എങ്കിലും ഇതിന്റെ പിന്നിൽ ഏറെ പഠനവും ചിന്തയും പ്രാർത്ഥനയും പ്രതിഫലിക്കുന്നുണ്ട്. ദൈവമാതാവിന്റെ മാഹാത്മ്യത്തെപ്പറ്റിയുള്ള തികഞ്ഞ ബോധ്യം, മാതാവിനോടുള്ള തീക്ഷ്ണമായ ഭക്തി, ഇവ രണ്ടും ഈ താളുകളിൽ തെളിഞ്ഞു കാണാം. ഇവയാണ് പങ്കുവയ്ക്കപ്പെടേണ്ടത്. ഈ ഗ്രന്ഥപാരായണത്തിലൂടെ ഏറെ പേർക്ക് ഇത് അനുഭവവേദ്യമാകേണ്ടതാണ്. "കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ" എന്ന് രക്ഷകനായ യേശുക്രിസ്തു ആവർത്തിക്കുന്നത് സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. കേൾക്കുന്നതും വായിക്കുന്നതും ഏതു മനോഭാവത്തോടെയാണെന്നുള്ളതു വളരെ പ്രധാനമാണ്. ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിനെ കൂടുതൽ അടുത്തറിയാനും അമ്മയോടുള്ള സ്നേഹത്തിലും ഭക്തിയിലും വളരാനും ആഗ്രഹമുള്ളവർക്ക് ഈ ഗ്രന്ഥപാരായണം അനുഗ്രഹപ്രദമാകാതിരിക്കില്ല.

www.malankaralibrary.com

പഴയനിയമത്തിൽ മാതാവിനെപ്പറ്റി ധാരാളം സൂചനകളും പ്രതീകങ്ങളും പരാമർശനങ്ങളുമുണ്ട്. ഇവ ഈ ഗ്രന്ഥത്തിൽ പഠനവിഷയമായിട്ടുണ്ട്. ഹ്രസ്വവും ലളിതവുമായ രീതിയിലാണ് പ്രതീകങ്ങളെ ചിത്രീകരിച്ച് വിശദീകരിച്ചിരിക്കുന്നത്. പലയിടത്തും മലങ്കര ആരാധനാഗ്രന്ഥങ്ങളിൽ നിന്ന് പ്രസക്തമായ ഉദ്ധരണികൾ ഉൾപ്പെടുത്തിയത് ഏറെ ആകർഷകം തന്നെ - സഭാപാരമ്പര്യത്തിലെ പരിശുദ്ധ മാതാവിനെ സംബന്ധിക്കുന്ന പ്രതിപാദനങ്ങൾ വിശദമായിത്തന്നെ വിശകലനം ചെയ്യപ്പെട്ടിരിക്കുന്നു. പുതിയ നിയമത്തിലും സഭാപിതാക്കന്മാരുടെയും വേദപാരംഗതരുടെയും രചനകളിലും ദൈവമാതാവിനെപ്പറ്റിയുള്ള പഠനങ്ങൾ ലളിതമായും വിശദമായും ഈ ഗ്രന്ഥത്തിൽ ചർച്ച ചെയ്യപ്പെടുന്നു. നിരവധി പിതാക്കന്മാരേയും വേദപാരംഗതരേയും വ്യക്തിപരമായിത്തന്നെയാണ് അവതരിപ്പിച്ചിരിക്കുന്നത്.

മലങ്കരസഭയുടെ ഔദ്യോഗിക പ്രാർത്ഥനകളിൽ പരിശുദ്ധ ദൈവമാതാവിന്റെ സ്ഥാനം അതുല്യമാണ്. ഗ്രന്ഥകർത്താവ് ഇവയെ എല്ലാം പരിശോധിക്കുകയും ഉദ്ധരിച്ച് വിശദീകരിക്കുകയും ചെയ്യുന്നു. ഈ പ്രാർത്ഥനകൾ ശരിയായ അർത്ഥം ഗ്രഹിക്കാതെ ഉരുവിടുന്നവർക്ക് സിസ്റ്റർ ഒരു വലിയ സേവനം ചെയ്തിരിക്കുന്നു. പ്രതിദിന നമസ്കാരത്തിൽ നിന്നുള്ള ദീർഘമായ ഉദ്ധരണികൾക്ക് വിശദീകരണം നല്കാത്തത് ഒരു ന്യൂനതയായി കരുതാതെ തരമില്ല.

ഗ്രന്ഥത്തിന്റെ അവസാന ഭാഗം വിശുദ്ധ മറിയത്തെപ്പറ്റിയുള്ള സഭയുടെ പ്രബോധനം കൈകാര്യം ചെയ്യുന്നു. പ്രധാനപ്പെട്ട വിഷയങ്ങളെല്ലാം തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ വായനക്കാർക്കും നിഷ്പ്രയാസം മനസ്സിലാക്കത്തക്കവണ്ണമാണ് പ്രയാസമുള്ള വിഷയങ്ങൾപോലും വിശദീകരിച്ചിരിക്കുന്നത്.

മുന്നൂറോളം പേജുകളുള്ള ഈ ഗ്രന്ഥം പ്രശംസനീയമാണെന്നുള്ള ബോധ്യമാണ് എനിക്കുള്ളത്. ഇത് തയ്യാറാക്കുന്നതിന് ചെലവഴിച്ച സമയവും വ്യയം ചെയ്ത അദ്ധ്വാനവും അനേകർക്ക് പ്രയോജനകരമാകണം എന്നുള്ളതാണ് ഗ്രന്ഥകർത്രിയുടെ ആഗ്രഹം എന്നെനിക്കറിയാം. ഈ ആഗ്രഹം സഫലമാകട്ടെ എന്നാശംസിക്കുന്നതോടൊപ്പം സിസ്റ്ററിനെ തികഞ്ഞ ആത്മാർത്ഥതയോടെ ഞാൻ അനുമോദിക്കുകയാണ്.

28-12-2003 **റവ. ഡോ. എബ്രഹാം കളക്കുടിയിൽ**

www.malankaralibrary.com

# മുഖവുര

അമല മനോഹരിയും, അമലോത്ഭവയുമായ വിശുദ്ധ കന്യകാമറിയത്തിന്റെ അതുല്യമായ സ്ഥാനം ഗ്രഹിക്കണമെങ്കിൽ, വിശുദ്ധ കന്യകയോട് നമുക്ക് യഥാർത്ഥമായ ഭക്തി ഉളവാകണമെങ്കിൽ പരിത്രാണകർമ്മത്തിൽ ദൈവജനനി വഹിക്കുന്ന പങ്ക് എന്താണെന്ന് മനസിലാക്കേണ്ടിയിരിക്കുന്നു. മറിയത്തിന്റെ എല്ലാ അപദാനങ്ങൾക്കും പരമോന്നതമായ ഔന്നത്യത്തിനും അടിസ്ഥാനം വിശുദ്ധ കന്യകയുടെ ദൈവമാതൃത്വമാണ്. രക്ഷണീയ കർമ്മത്തിൽ പങ്കുകാരിയായ വിശുദ്ധ മറിയം അനുസ്മരിക്കപ്പെടേണ്ടത് സഭയിൽ വിശുദ്ധ ആരാധനയിലാണ്. ആരാധനയ്ക്ക് പുറത്തുള്ള കുറേ ഭക്താഭ്യാസങ്ങളിൽ ഒതുക്കി നിർത്തേണ്ട വ്യക്തിയല്ല പരിശുദ്ധ മാതാവെന്ന ദർശനമാണ് നിരന്തരമായ പഠനത്തിലേക്കും പ്രാർത്ഥനയിലേക്കും എന്നെ നയിച്ചത്. ഈ പഠനം രക്ഷാകര പദ്ധതിയിൽ വിശുദ്ധ മറിയം വഹിച്ച ഉന്നതമായ പങ്കും മലങ്കര ആരാധനയിൽ വിശുദ്ധ മാതാവിന് നൽകുന്ന അതുല്യമായ പദവിയും കൂടുതൽ ആഴത്തിൽ ഉൾക്കൊള്ളുന്നതിനിടയായി. ഈ ഉൾക്കാഴ്ച ലളിതമായ ഭാഷയിലും, ശൈലിയിലും ആവിഷ്കരിച്ച് സഭാമക്കളിൽ ദൈവമാതൃഭക്തിയും, മാതൃമഹത്ത്വവും കൂടുതൽ രൂഢമൂലമാക്കുക എന്ന ലക്ഷ്യമാണ് ഈ ഗ്രന്ഥരചനയുടെ പിന്നിൽ എനിക്കുള്ള പ്രേരകശക്തി. ഈ ഗ്രന്ഥരചനയിൽ സഹായഹസ്തം നീട്ടിയ നിരവധി വ്യക്തികളെ ഈ അവസരത്തിൽ പ്രത്യേകം സ്മരിക്കുന്നു.

www.malankaralibrary.com

ഈ ഗ്രന്ഥത്തിന് അതിമനോഹരമായ ഒരു അവതാരിക എഴുതി എന്റെ ഉദ്യമത്തെ അനുഗ്രഹിച്ചാശീർവദിച്ച തിരുവനന്തപുരം മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവിന് ഹൃദയപൂർവം നന്ദി അർപ്പിക്കുന്നു. പ്രൗഢമായ ആശംസ എഴുതി ഈ ഗ്രന്ഥത്തെ പ്രോത്സാഹിപ്പിച്ച തിരുവല്ലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഐസക് മാർ ക്ലീമീസ് പിതാവിനോടും, ഈ ഗ്രന്ഥം ആദ്യാവസാനം സസൂക്ഷ്മം പരിശോധിച്ച് വേണ്ട തിരുത്തലുകൾ നൽകുകയും ഒരാസ്വാദനം എഴുതി ഈ ഗ്രന്ഥത്തെ ധന്യമാക്കുകയും ചെയ്ത റവ. ഫാ. ഏബ്രഹാം കളക്കുടിയോടുമുള്ള ഹൃദയംഗമമായ നന്ദി സ്നേഹപൂർവം അർപ്പിക്കുന്നു. ഈയവസരത്തിൽ ഈ ഗ്രന്ഥത്തിന് മനോഹരവും അർത്ഥസംപുഷ്ടവുമായ ഒരാമുഖം എഴുതുകയും, ആദ്യവസാനം എന്നെ പ്രോത്സാഹിപ്പിക്കുകയും ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണ ചുമതല ഏറ്റെടുക്കുകയും ചെയ്ത ബഹുമാനപ്പെട്ട മദർ ജനറൽ എസ്. ഐ. സി., മദർ ഫിലോമിനയോടും കൗൺസിലേഴ്സിനോടും പ്രത്യേകിച്ച് സിസ്റ്റർ ഹെലനയോടുമുള്ള നന്ദിയും കടപ്പാടും വലുതാണ്. കൂടാതെ ഈ ഗ്രന്ഥരചനയിൽ എന്നെ പ്രോത്സാഹിപ്പിച്ച മദർ ബഞ്ചമിനേയും, ഒരാശംസയിലൂടെ ഈ ഗ്രന്ഥത്തെ അനുഗ്രഹിക്കുകയും ചെയ്ത ബഹു. പ്രൊവിൻഷ്യൽ മദർ സെറീനയെയും നന്ദിപൂർവം ഓർക്കുന്നു.

ഈ ഗ്രന്ഥരചനയിൽ മാർഗ്ഗനിർദ്ദേശവും, പ്രോത്സാഹനവും നൽകി വളരെയധികം എന്നെ സഹായിച്ച റവ.ഡോ. സിസ്റ്റർ നമിത എസ്. ഐ. സി. യേയും, ബഹു. ടോമി തടത്തിലച്ചനേയും, ഡോ. കുര്യൻ വാലുപറമ്പിലച്ചനേയും, ഡോ. ജി. ചേടിയത്തച്ചനേയും ഏറ്റം നന്ദിയോടെ സ്മരിക്കുന്നു. ഭാഷാപരമായ തെറ്റുകൾ തിരുത്തി ഈ പുസ്തകത്തെ പരിപുഷ്ടമാക്കിയ ബഹു. ഏബ്രഹാം നടുവിലേടത്തച്ചനും, പീറ്റർ കീയ്യാലിക്കും, ഈ എളിയ ഉദ്യമത്തിൽ എന്നെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്ത ബഹു. തോമസ് ബഹനാനച്ചനും,

www.malankaralibrary.com

ബഹു. ഷാജി വാഴയിൽ അച്ചനും, ഹൃദയപൂർവ്വം നന്ദിയർപ്പിക്കുന്നു. പ്രാർത്ഥനയിലൂടെയും പ്രോത്സാഹനത്തിലൂടെയും എന്നെ സഹായിച്ച എല്ലാവരേയും നന്ദിപൂർവ്വം സ്മരിക്കുന്നു.

ഈ ഗ്രന്ഥത്തിന്റെ മുദ്രണം ഭാഗികമായി ചെയ്തു സഹായിച്ച കുമളി ബഥനി പ്രസ് അധികൃതർക്കും, ഇതിന്റെ മുദ്രണം ഭംഗിയായും കൃത്യസമയത്തും പൂർത്തിയാക്കി തന്ന കോട്ടയം ബഥനി പ്രസ് അധികൃതർക്കും, മനോഹരമായി കവർ പേജ് ഡിസൈൻ ചെയ്ത മിലൻ ജേക്കബിനും ആത്മാർത്ഥമായ കൃതജ്ഞത.

ദൈവജനനിയായ വി. കന്യകാമറിയത്തോടുള്ള ഭക്തിയും സ്നേഹവും ഈ ഗ്രന്ഥത്തിലൂടെ അനുവാചകർക്ക് സമൃദ്ധമായി ലഭിക്കട്ടെ എന്ന ആശംസയോടും പ്രാർത്ഥനയോടും കൂടെ ഈ ഗ്രന്ഥം സഹൃദയസമക്ഷം സാദരം സമർപ്പിച്ചുകൊള്ളുന്നു.

**സിസ്റ്റർ റാണി മരിയ എസ്. ഐ. സി.**
ബഥനികോൺവെന്റ്
തിരുമൂലപുരം

www.malankaralibrary.com

# ഉള്ളടക്കം

## അദ്ധ്യായം - ഒന്ന്

### വിശുദ്ധ മറിയം - വിശുദ്ധ ഗ്രന്ഥത്തിൽ


I. വിശുദ്ധ മറിയം - പഴയനിയമത്തിൽ

1. പ്രഥമ സദ്‌വാർത്തയിലെ സ്ത്രീ (ഉൽപ. 3:15)
2. വിശുദ്ധ മറിയം - പുതിയ ഹവ്വ
3. വിശുദ്ധ മറിയം - പഴയ നിയമ പ്രവചനങ്ങളിലും, പ്രതി രൂപങ്ങളിലും.

a. എമ്മാനുവേലിന്റെ കന്യകയായ മാതാവ് (ഏശ. 7:14)
b.ബത്‌ലഹേമിൽ ശിശുവിന് ജന്മമേകിയ സ്ത്രീ (മിക്കാ 5:2-3)
c. ഉത്തമഗീതത്തിലെ വധു
d. എരിയുന്ന മുൾപ്പടർപ്പ് (പുറ. 3:1-11)
e. മേഘങ്ങളിലെ മഴവില്ല് (ഉൽപ. 8: 21-29)
f. യാക്കോബിന്റെ ഗോവണി (ഉൽപ. 28:10-17)
g. പൂട്ടപ്പെട്ട വാതിൽ (എസെക്കി. 44:2)
h. ശിമയോന്റെ ദൈവാലയം (1രാജാ. 6:2)
i. നോഹിന്റെ പേടകം (ഉൽപ. 6)
j. വാഗ്ദാനപേടകം (പുറ. 25: 10-16)
k. ഭൗമിക പറുദീസ (ഉൽപ. 2: 8-15)
l. വേലികെട്ടി അടക്കപ്പെട്ട പൂന്തോട്ടം (ഉത്തമ. 4:12)
m. ഗിദയോന്റെ രോമക്കെട്ട് (ന്യായാ. 6: 37-40)
n. അഹറോന്റെ തളിർത്തവടി (സംഖ്യ 17:2-9)
o. ഹസ്കിയേൽ കണ്ട രഥം (എസെക്കി. 1: 4-28)

4. വിശുദ്ധ മറിയം - പാരമ്പര്യത്തിൽ

1. മറിയത്തിന്റെ ജനനം
2. മറിയത്തിന്റെ ദൈവാലയപ്രതിഷ്ഠ
3. മറിയം എന്ന നാമം
4. മറിയത്തിന്റെ വിവാഹവാഗ്ദാനം


www.malankaralibrary.com

II. വിശുദ്ധ മറിയം - പുതിയ നിയമത്തിൽ
I. വിശുദ്ധ മറിയം - സമാന്തര സുവിശേഷങ്ങളിൽ
A. വിശുദ്ധ മറിയം - മത്തായിയുടെ സുവിശേഷത്തിൽ
1. ജോസഫിന്റെ നീതി
B. വിശുദ്ധ മറിയം - ലൂക്കോസിന്റെ സുവിശേഷത്തിൽ
i. മംഗള വാർത്ത (ലൂക്കാ 1: 26-38)
ii. വിശുദ്ധ മറിയം എലിസബത്തിനെ സന്ദർശിക്കുന്നു
iii. വിശുദ്ധ മറിയത്തിന്റെ സ്തോത്രഗീതം
iv. വിശുദ്ധ മറിയം - വചനത്തിന്റെ സൂക്ഷിപ്പുകാരി
v. വിശുദ്ധ മറിയം - ആദ്യജാതന്റെ അമ്മ
vi. വാളിന്റെ മൂർച്ചയറിഞ്ഞ അമ്മ
C. വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ
1. യേശുവിന്റെ അമ്മ - കാനായിലും കാൽവരിയിലും
2. വിശുദ്ധ മറിയം - സർവ്വരുടെയും അമ്മ
3. തിരുസഭാ പ്രബോധനങ്ങളിൽ
b. സഭാപിതാക്കന്മാരുടെയും വേദപാരംഗതന്മാരുടേയും അഭിപ്രായം

**അദ്ധ്യായം - രണ്ട്**

**I വിശുദ്ധ മറിയം - സഭാപിതാക്കന്മാരുടെ വീക്ഷണത്തിൽ**
1. ആഥൻസിലെ അരിസ്റ്റിദെസ് (+ 140)
2. ഇരണേവൂസ് (140-202)
3. വിശുദ്ധ തെർത്തുല്യൻ (160 - 222)
4. വിശുദ്ധ അത്തനാസിയോസ് (296 - 373)
5. വിശുദ്ധ മാർ അപ്രേം (306 - 373)
6. വിശുദ്ധ എപ്പിഫാനിയൂസ് (315 - 413)
7. വിശുദ്ധ ഗ്രിഗറി നസ്യാൻസൻ (328 -390)
8. വിശുദ്ധ ബേസിൽ (330 - 379)
9. വിശുദ്ധ അംബ്രോസ് (333 - 397)
10. വിശുദ്ധ ജോൺ ക്രിസോസ്റ്റം (334 - 407)

www.malankaralibrary.com

11. നിസായിലെ വിശുദ്ധ ഗ്രിഗറി (335 - 394)
12. വിശുദ്ധ ജറോം (342 - 420)
13. എഡേസായിലെ റാബുള (350 - 435)
14. വിശുദ്ധ അഗസ്റ്റിൻ (354 - 430)
15. അലക്സാൺഡ്രിയായിലെ വിശുദ്ധ സിറിൽ (370 - 444)
16. ജറുസലേമിലെ വിശുദ്ധ സിറിൽ (+386)
17. അക്വീലെയോയിലെ റൂഫിനോസ് (+ 410)
18. ലെറൻസിലെ വിൻസെന്റ് (+ 435- 460)
19. ഡ്രോഗിലെ മാർ യാക്കോബ് (+ 521)
20. മാർ ബാലായി (5th C)
21. വിശുദ്ധ ജോൺ ഡമഷീൻ (+ 749)
22. വിശുദ്ധ തോമസ് അക്വീനാസ് (1225 - 1274)

II മലങ്കരസഭയുടെ ഔദ്യോഗിക പ്രാർത്ഥനകളിൽ

1. വിശുദ്ധ കുർബാനയിൽ വിശുദ്ധ മതാവിനുള്ള സ്ഥാനം
2. വിശുദ്ധ ദൈവമാതാവിന്റെ ജനനപ്പെരുന്നാളിന്റെ പ്രാർത്ഥന ക്രമം
   a. വിശുദ്ധ മാതാവിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന
3. പ്രതിദിന നമസ്ക്കാരം

## അദ്ധ്യായം - മൂന്ന്

## വിശുദ്ധ മറിയം - സഭയുടെ പ്രബോധനങ്ങളിൽ

**I. ദൈവത്തിന്റെ അമ്മ**

1. നെസ്തോറിയൻ സിദ്ധാന്തം
2. കത്തോലിക്കാ പ്രബോധനം
3. എഫേസോസ് സൂന്നഹദോസിന്റെ നിർവ്വചനം
4. എഫേസോസ് സൂന്നഹദോസിനുശേഷം
5. സഭാപിതാക്കന്മാരുടെ പ്രബോധനം
6. ദൈവമാതൃത്വത്തിന്റെ മഹത്ത്വം

www.malankaralibrary.com

**II. അമലോത്ഭവം**

(a) ദൈവാവിഷ്കരണത്തിൽ

(b) അമലോത്ഭവവും ദുരാശാവിമുക്തിയും

(c) ആദ്ധ്യാത്മിക പരിചിന്തനങ്ങൾ

**III. സ്വർഗ്ഗാരോപിത**

1. വിശുദ്ധ മറിയത്തിന്റെ മരണവും സ്വാർഗ്ഗാരോപണവും

2. സ്വർഗ്ഗാരോപണ വിശ്വാസത്തിന്റെ വളർച്ചയും നിർവ്വചനവും

3. ദൈവവിജ്ഞാനീയ നിഗമനങ്ങൾ

4. സ്വർലോക ഭൂലോക രാജ്ഞി

**IV. രക്ഷകന്റെ അമ്മ - ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ ചാക്രികലേഖനം**

1. ക്രിസ്തുവിന്റെ രക്ഷാകരരഹസ്യത്തിൽ വിശുദ്ധ മറിയത്തിനുള്ള സ്ഥാനം
   a. നന്മനിറഞ്ഞവളായ മറിയം
   b. വിശ്വസിച്ചതുകൊണ്ട് അനുഗഹീതയായ മറിയം
   c. 'ഇതാ നിന്റെ അമ്മ'യായ മറിയം
2. തീർത്ഥാടക സഭയുടെ കേന്ദ്രബിന്ദുവായ മറിയം
   a. എല്ലാ ജാതികൾക്കും സമീപസ്ഥയായ ദൈവജനമാകുന്ന സഭ
   b. സഭയുടെ തീർത്ഥാടനവും ക്രൈസ്തവ ഐക്യവം
   c. തീർത്ഥാടക സഭയുടെ സ്തോത്രഗീതം
3. വിശുദ്ധ മറിയത്തിന്റെ മാദ്ധ്യസ്ഥ ശക്തി
   a. കർത്താവിന്റെ ദാസിയായ മറിയം
   b. സഭാജീവിതത്തിലും ക്രൈസ്തവ ജീവിതത്തിലും മറിയത്തിനുള്ള പങ്ക്
   c. മരിയൻ വർഷത്തിന്റെ പ്രസക്തി
      - ഉപസംഹാരം
      - സഹായകഗ്രന്ഥങ്ങൾ

www.malankaralibrary.com

### അദ്ധ്യായം - ഒന്ന്

# വിശുദ്ധ മറിയം - വിശുദ്ധ ഗ്രന്ഥത്തിൽ

സഭാപിതാക്കന്മാരുടെ വീക്ഷണത്തിൽ ക്രിസ്തു നൽകുവാനിരുന്ന പുതിയ വെളിപാടിന് ഒരുങ്ങുവാൻ, ദൈവം മനുഷ്യർക്കു നൽകിയ ശിക്ഷണമായിരുന്നു, പഴയനിയമം. പഴയനിയമത്തിലെ ചില വസ്തുക്കളും അവയുടെ സാന്ദർഭിക പ്രസക്തിക്കുപരിയായി പുതിയ നിയമത്തിലെ അവയുടെ പൂർത്തീകരണവും വാസ്തവീകരണവും പ്രവചിക്കുകയും, മുൻകൂട്ടി ചിത്രീകരിക്കുകയും ചെയ്യുന്നു. പഴയനിയമവും പുതിയനിയമവും തമ്മിലുള്ള ബന്ധത്തിന്റെ വെളിച്ചത്തിൽ മറിയവും പഴയനിയമത്തിൽ ഒളിഞ്ഞു കിടക്കുന്നു എന്നു പറയാം. പുതിയനിയമത്തിൽ തെളിഞ്ഞു നിൽക്കുന്ന മറിയത്തെ പഴയനിയമത്തിൽ പ്രതിരൂപങ്ങളിലൂടെയും സാദൃശ്യങ്ങളിലൂടെയും കാണുവാൻ കഴിയും. പഴയനിയമത്തിലുടനീളം മറിയത്തെപ്പറ്റിയുള്ള പ്രതിരൂപങ്ങളും പ്രവചനങ്ങളും കാണാൻ കഴിയുമെങ്കിലും എല്ലായിടത്തും അവൾ തുല്യ പ്രാഭവത്തോടെ പ്രകാശിക്കുന്നില്ല.

വിശുദ്ധ ബൊനെവെഞ്ചറിന്റെ വാക്കുകൾ ശ്രവിക്കുക: "ബൈബിൾ മറിയത്തെക്കുറിച്ചു വിസ്മയാവഹമായ വിവരങ്ങൾ നൽകുന്നുണ്ട്. സ്വസുതനോടു ബന്ധപ്പെടുത്തിയ പ്രസ്താവനകളാണ് അവയെല്ലാം. ബൈബിളിൽ പരിശുദ്ധ കന്യകയെക്കുറിച്ച് ഇത്ര കുറച്ചുമാത്രം പറഞ്ഞിരിക്കുന്നതെന്തെന്ന് ചിലർ ചോദിക്കുന്നു. ഈ ചോദ്യം ബാലിശമാണ്. വാസ്തവം പറഞ്ഞാൽ വേദഭാഗങ്ങളിൽ എല്ലായിടത്തും തന്നെ അവളെപ്പറ്റി പ്രസ്താവന

www.malankaralibrary.com

കളുണ്ട്. ഒരു ബൃഹൽ ഗ്രന്ഥത്തിന് ഉൾക്കൊള്ളാൻ കഴിയുന്നതി ലധികം കാര്യങ്ങൾ വേദഗ്രന്ഥത്തിൽ അവളെപ്പറ്റി കാണാം".[1] ഈ വസ്തുത വിശുദ്ധ ഇൽദഫോൻസ് വിശദീകരിക്കുന്നു: "പരിശുദ്ധാത്മാവ് പ്രവചനങ്ങൾ വഴി അവളെപ്പറ്റി പ്രഖ്യാപിച്ചു; ദിവ്യമായ അരുളപ്പാടുകൾ വഴി അവളെ പ്രകീർത്തിച്ചു; പ്രതിരൂപങ്ങൾ വഴി വ്യക്തമായി ചിത്രീകരിച്ചു. ആദ്യം സംഭ വിച്ചവ, അവളെപ്പറ്റിയുള്ള വാഗ്ദാനങ്ങളായിരുന്നെങ്കിൽ, ഒടുവിൽ നടന്നവ അവളെ അനാച്ഛാദനം ചെയ്യുന്ന സംഭവങ്ങ ളായിരുന്നു".[2]

## I. വിശുദ്ധ മറിയം - പഴയ നിയമത്തിൽ

പഴയ നിയമത്തിൽ നിരവധി പ്രവചനങ്ങളുടെയും പ്രതീകങ്ങളുടെയും വിഷയമാണ് മറിയം. സുറിയാനി സഭാപിതാവ് മാർ ബാലായി ഇപ്രകാരം പറയുന്നു: "മോശ നിന്നെ എരിയുന്ന മുൾപ്പടർപ്പിലും മേഘപടലത്തിലും കണ്ടു; യാക്കോബ് നിന്നെ ഗോവണിയിൽ ചിത്രീകരിച്ചു; ഉടമ്പടിയുടെ പേടകമായി ദാവീദ് നിന്നെ കണ്ടു; അടയ്ക്കപ്പെട്ടതും മുദ്രവെച്ചതുമായ വാതിലിൽ എസക്കിയേൽ നിന്നെ കണ്ടു". ഭൗമികപറുദീസായിൽ മനുഷ്യവർഗത്തിന്റെ പ്രതീക്ഷയും നാഗമർദ്ദിനിയും രക്ഷകന്റെ മാതാവുമായി പ്രവചിക്കപ്പെട്ടവൾ മറിയമാണ്.

### പ്രഥമ സദ്വാർത്തയിലെ സ്ത്രീ (ഉൽപ. 3 : 15) (Proto - Evangelium)

"നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും. നീ അവന്റെ കുതികാലിൽ പരിക്കേൽപ്പിക്കും" (ഉൽപ. 3 : 15). മറിയത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് ഈ വാക്യത്തെ പലരും വ്യാഖ്യാനിച്ചിട്ടുണ്ട്.[3] എന്നാൽ ആധുനികബൈബിൾ പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ ഉൽപ. 3 : 15 മനുഷ്യരക്ഷയെ കുറിക്കുന്ന ഒരു പ്രവചനമാണ് ഉൾക്കൊള്ളുന്നത്. സർപ്പത്തിന്റെ വേഷത്തിൽ ആദിമാതാപിതാക്കന്മാരെ ചതിച്ച പിശാചിന്റെ സ്വാധീനം വഴി അധഃപതിച്ച മനുഷ്യവംശമാണ് പ്രവചനത്തിന്റെ പശ്ചാത്തലം. പിശാചിന്റെ മേൽ മനുഷ്യൻ വിജയം നേടുമെന്ന വാഗ്ദാനം

www.malankaralibrary.com

നൽകി ദൈവം ആദിമാതാപിതാക്കളെ സമാശ്വസിപ്പിക്കുകയാണ് ഈ പ്രവചനത്തിലൂടെ. പാമ്പിനോട് സ്വാഭാവികമായി മനുഷ്യനുള്ള വിരോധമല്ല ഇവിടെ 'ശത്രുത' എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. സ്ത്രീയുടെ സന്തതി എന്നാൽ മനുഷ്യവംശം മുഴുവനും എന്നാണർത്ഥം. സർപ്പസന്തതി തിന്മയുടെ ശക്തിയാണ്. നരകുലവും തിന്മയും തമ്മിലുള്ള അവിരാമയുദ്ധത്തെപ്പറ്റിയാണ് മേൽപ്പറഞ്ഞ വാക്യം പ്രഖ്യാപിക്കുന്നത്. ആ നിത്യ സമരത്തെക്കാൾ സുവ്യക്തമാണ് മനുഷ്യരുടെ വിജയത്തെക്കുറിച്ചുള്ള പ്രതിപാദ്യം. രക്ഷാകരചരിത്രം മുഴുവനും പരിശോധിച്ചാൽ പിശാചിന്റെ മേൽ മർത്യവംശത്തിനുള്ള വിജയം സുവിദിതമാണ്. പ്രാചീന ഭാഷാപണ്ഡിതന്മാർ ഈ വാക്യത്തെ രക്ഷാകര പ്രവചനമായി വ്യാഖ്യാനിച്ചിരുന്നില്ല. പിൽക്കാലത്ത് ഈ രക്ഷാകര വ്യാഖ്യാനം എങ്ങനെ ഉണ്ടായി?[4]

ഹീബ്രുവിലെ 'സേറാ' (Zera) - സന്തതി - എന്ന വാക്ക് പുല്ലിംഗമാണ്. തദനുസാരിയായ പുല്ലിംഗ സർവ്വനാമമാണ് 'ഹു'. (Hw) ഗ്രീക്കിലെ 'സ്പേമ'-സന്തതി നപുംസകമത്രേ. നിർദ്ദിഷ്ട നപുംസക സർവ്വനാമം auto എന്നാണ്, Autos എന്നല്ല. എന്നാൽ ഇവിടെ 'സന്തതി' എന്നതുകൊണ്ട് വിവക്ഷിക്കുന്നത് മനുഷ്യനെ (anthropos) ആണ്. തൻമൂലം നപുംസക സർവ്വനാമമായ auto ഉപയോഗിക്കുന്നതിനു പകരം പുല്ലിംഗ സർവ്വനാമമായ autos ഉപയോഗിച്ചിരിക്കുന്നു. ഇത് ന്യായീകരിക്കാവുന്നതാണ്. രക്ഷാകരചരിത്രത്തിന്റെ ദൃഷ്ടിയിലൂടെ നോക്കുമ്പോൾ പിശാചിന്റെ മേൽ വിജയം വരിച്ച മനുഷ്യസന്തതി ക്രിസ്തുവാണെന്നു കാണാം. ഈ വീക്ഷണം വാക്യത്തിന്റെ രക്ഷാകരവ്യാഖ്യാനത്തെ സാർത്ഥകമാക്കുന്നു. ഈ വാക്യത്തിന്റെ രക്ഷാകര വ്യാഖ്യാനം സ്വീകരിച്ചു കഴിഞ്ഞാൽ മാതാവിനെ സംബന്ധിച്ചുള്ള വ്യാഖ്യാനം രണ്ടാം പടി മാത്രമാണ്.[5]

ഉൽപ്പത്തിയിലെ ശത്രുത സ്ത്രീയും സർപ്പവും തമ്മിലാകയാൽ സർവ്വനാമം സ്ത്രീലിംഗമായിരിക്കുമെന്ന് ഫിലോ നിഷ്കർഷിച്ചു. ഈ ആശയമാണ് വിശുദ്ധ അംബ്രോസിനെ സ്വാധീനിച്ചത്. അദ്ദേഹത്തിന്റെ സ്വാധീനം മൂലമാകണം വുൾഗാത്തയിൽ "Ipsa conteret caput tuum" (അവൾ നിന്റെ

www.malankaralibrary.com

തല തകർക്കും) എന്ന് വിശുദ്ധ ജറോം ഭാഷാന്തരം ചെയ്തത്. പ്രാചീന ഹീബ്രു മൂലഗ്രന്ഥത്തിൽ ഉപയോഗിച്ചിരുന്നത് "Hi' "Ipsa' (അവൾ) ഇവയിൽ ഏതെങ്കിലും സ്ത്രീലിംഗസർവനാമവുമായി രുന്നിരിക്കാം. കൂടാതെ ഇന്ന് ഉപയോഗത്തിലിരിക്കുന്ന മസൊററ്റിക് ടെക്സ്റ്റ് അന്തിമരൂപം പ്രാപിച്ച് ഇന്നത്തെ നിലയിലായത് AD 600 നും 1000 നും മദ്ധ്യേയുമാണ്. ഈ പാഠഭേദം സ്വീകരിക്കുകയാണെങ്കിൽ ആദ്യ സദ്വാർത്തയിലെ സ്ത്രീയെ പരിശുദ്ധ കന്യകാമറിയത്തിന്റെ പ്രതിരൂപമായി കരുതാം. ഉൽപ. 3 : 15 അനുസ്മരിച്ചു കൊണ്ട് 'Dnativitate' എന്ന കൃതിയിൽ 13-ാം ഗീതത്തിൽ രണ്ടാം പാദത്തിൽ പറയുന്നു: "പാതാളത്തിൽ ഹവ്വാ ഇന്നു സന്തോഷിച്ചാനന്ദിക്കട്ടെ, (ക്രിസ്തുവിന്റെ ജനനദിവസം). കണ്ടാലും, അവളുടെ മകന്റെ പുത്രൻ അവന്റെ അമ്മയുടെ അമ്മയെ ഉണർത്തുന്നതിനായി ജീവൗഷധിയായി താഴേക്കിറ ങ്ങിയിരിക്കുന്നു. അവൾക്ക് മുറിവേൽപ്പിച്ച സർപ്പത്തിന്റെ തലയെ അനുഗൃഹീതനായ ശിശു ചവിട്ടിമെതിച്ചിരിക്കുന്നു". [6]

"ഈ പ്രവചനം വരുവാനിരിക്കുന്ന ലോകരക്ഷകനെ ക്കുറിച്ച് ദൈവം നൽകുന്ന വാഗ്ദാനമാണെന്ന് പ്രൊട്ടസ്റ്റന്റു കാരായ വേദഗ്രന്ഥവ്യാഖ്യാതാക്കൾ സമ്മതിക്കുന്നുണ്ട്. എന്നാൽ അതു മറിയത്തെക്കുറിച്ചും സൂചന നൽകുന്നുണ്ടെന്നാണ് കത്തോലിക്കാ പണ്ഡിതന്മാർ സമർഥിക്കുന്നത്." [7]

ക്രിസ്തുവിന്റെയും ക്രിസ്തുവിൽ രക്ഷിക്കപ്പെട്ട മനുഷ്യവംശത്തിന്റെയും അമ്മയാണ് രണ്ടാമത്തെ ഹവ്വായായ മറിയം. സ്ത്രീയുടെ സന്തതി ദൈവജനമായ സഭയാണ്. അപ്പോൾ മറിയം സഭയുടെ അമ്മയെന്ന നിലയിൽ ഇവിടെ മുൻകൂട്ടി സൂചിപ്പിക്കപ്പെടുകയാണ്. കുരിശിൻ ചുവട്ടിൽ വച്ച് "ഇതാ നിന്റെ അമ്മ" (യോഹ. 19 : 27) എന്ന് യോഹന്നാനോടു പറഞ്ഞുകൊണ്ട് മറിയത്തിനു കൊടുക്കുന്ന സഭാമാതൃത്വത്തിന്റെ മുൻകൂട്ടിയുള്ള ഒരു പ്രതിരൂപമായി ഇതിനെ കണക്കാക്കാം.

"നീയും സ്ത്രീയും തമ്മിൽ" എന്ന വാക്കുകളിലൂടെ, മറിയം സഭയുടെ പ്രതിരൂപമെന്ന നിലയിൽ സഭയും തിന്മയുടെ ശക്തിയായ സർപ്പവും തമ്മിലുള്ള ശത്രുതയാണ് വെളിവാക്ക പ്പെടുന്നത്. വെളിപാടു പുസ്തകത്തിൽ ഇതു വളരെ വ്യക്തമാണ്.

www.malankaralibrary.com

സകല ജനപദങ്ങളെയും ഇരുമ്പുദണ്ഡുകൊണ്ടു ഭരിക്കാനുള്ള ഒരാൺകുഞ്ഞിനെ പ്രസവിച്ചശേഷം മരുഭൂമിയിലേക്ക് ഓടിപ്പോകുന്ന ഒരു സ്ത്രീയെയും അവളുടെ പിന്നാലെ പോകുന്ന സർപ്പത്തെയും ഇവിടെ വരച്ചു കാട്ടിയിരിക്കുന്നു. മരണത്തിലൂടെ ഉത്ഥാനത്തിലേക്കു പ്രവേശിച്ച ക്രിസ്തുവാണ് അവൾ പ്രസവിച്ച ആൺകുഞ്ഞ്. ആ സ്ത്രീയാകട്ടെ മറിയവും; അവളുടെ സന്താനങ്ങളിൽ ശേഷിച്ചിരുന്നവരോടു യുദ്ധം ചെയ്യാൻ സർപ്പം പുറപ്പെട്ടു എന്ന് അവസാനം പറഞ്ഞിരിക്കുന്നു (വെളി. 12 : 1-18). സഭയാണ് ഇവിടെ സൂചിപ്പിക്കപ്പെടുന്നത്. സ്ത്രീയും സർപ്പവും തമ്മിലുള്ള സംഘട്ടനം ക്രിസ്തുവിന്റെ തുടർച്ചയായി ഈ ലോകത്തിൽ ജീവിക്കുന്ന സഭയും തിന്മയുടെ ശക്തിയും തമ്മിലുള്ള നിരന്തര സംഘട്ടനത്തെയാണ് സൂചിപ്പിക്കുന്നത്.[8]

പ്രോട്ടോ - ഏവൻഗേലിയോനിലെ സ്ത്രീ മറിയമാണെന്നു തന്നെയത്രേ കത്തോലിക്കാ സഭ ഔദ്യോഗികമായി പഠിപ്പിക്കുന്നത്. മറിയത്തിന്റെ അമലോത്ഭവ സിദ്ധാന്തത്തിനു പീയൂസ് 9-ാമൻ മാർപ്പാപ്പ Ineffablitis Deus എന്ന തിരുവെഴുത്തിൽ ആദിമ സുവിശേഷ വാചകം തെളിവായി കൊടുത്തിരിക്കുന്നത് ഈ വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിലാണ്. ഇതുതന്നെ പീയൂസ് പന്ത്രണ്ടാമനും അമലോത്ഭവത്തിനു തെളിവായി Munificentissimus എന്ന വിശ്വലേഖനത്തിലും ഉന്നയിക്കുന്നു. പീയൂസ് പന്ത്രണ്ടാമൻ Fuegens Corona എന്ന ചാക്രിക ലേഖനത്തിലും പ്രോട്ടോ - ഏവൻഗേലിയം മറിയത്തിന്റെ സ്വർഗ്ഗാരോപണത്തിനും അനുകൂലമായ തെളിവായി അവതരിപ്പിച്ചിട്ടുണ്ട്. [9]

രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം പറയുന്നു: "പഴയ ഉടമ്പടിയിൽ നാം കാണുന്നതു രക്ഷയുടെ ചരിത്രമാണ്. ക്രിസ്തുവിന്റെ ആഗമനത്തിനുള്ള ക്രമാനുഗതമായ ഒരുക്കമാണ് അതിൽ വിവരിച്ചിരിക്കുന്നത്. പുരാതനമായ ഈ പ്രമാണ രേഖകൾ സഭാതത്വങ്ങളുടെ വെളിച്ചത്തിൽ വായിച്ചു പിന്നീടു സംഭവിച്ച പൂർണമായ ദൈവാവിഷ്ക്കാരത്തിന്റെ പ്രകാശത്തിൽ മനസ്സിലാക്കുമ്പോൾ രക്ഷകന്റെ മാതാവായ ഈ മഹിളയുടെ ചിത്രം കൂടുതൽ തെളിവാക്കുന്നുണ്ട്. ഈ വെളിച്ചത്തിന്റെ

www.malankaralibrary.com

സഹായത്തോടെ നോക്കുമ്പോൾ ആദിമാതാപിതാക്കന്മാരുടെ അധഃപതനത്തെ തുടർന്നു സർപ്പത്തിന്റെമേൽ വിജയം വരിക്കുമെന്നുള്ള വാഗ്ദാനത്തിൽ അവൾ പ്രവചനാത്മകമായ രീതിയിൽ നിഴലിച്ചിരിക്കുന്നതായി കാണാം (ഉൽപ. 3 : 15). [10]

ഇങ്ങനെ ആദിമ സുവിശേഷത്തിലെ പ്രവചനം ഏതു വിധത്തിൽ നോക്കിയാലും അതിന്റെ മുഖവിലയിലോ പിന്നീടുണ്ടായ വെളിപാടുകളുടെയും സംഭവങ്ങളുടെയും സഭാപ്രബോധനത്തിന്റെയും വെളിച്ചത്തിലോ യുക്തിക്കു ചേരുന്ന മറ്റേതുവിധത്തിലോ നോക്കിയാലും ഭാവിയിൽ വരുവാനിരുന്ന ലോകരക്ഷകനെയും അവിടുത്തെ മാതാവിനെയും സംബന്ധിക്കുന്നതായിരുന്നുവെന്ന അനിഷേധ്യ നിഗമനത്തിൽ നാം എത്തിച്ചേരുകയാണ്. ഈ പ്രവചനങ്ങൾ അതിന്റെ പൂർണതയിൽ മറിയത്തിൽ നിറവേറിയാൽ മാത്രമേ ഈ പ്രവചനം മാതാവിനെപ്പറ്റിയാണ് എന്നു പറയുവാൻ സാധിക്കുകയുള്ളൂ. പുതിയനിയമ സംഭവങ്ങൾ പരിശോധിക്കുമ്പോൾ വിശുദ്ധ മറിയത്തിന്റെ ജീവിതത്തിലൂടെ ഈ പ്രവചനങ്ങൾ നിറവേറുന്നതായിട്ട് നമുക്ക് കണ്ടെത്താൻ കഴിയും. അങ്ങനെ മറിയം പുതിയ ഹവ്വ എന്ന നാമത്തിന് അർഹയായിത്തീർന്നു.

## 2. വിശുദ്ധ മറിയം - പുതിയ ഹവ്വ

"മൂന്നാം ദിവസം, ഗലീലിയിലെ കാനായിൽ ഒരു വിവാഹ വിരുന്നു നടന്നു. യേശുവിന്റെ അമ്മ അവിടെ ഉണ്ടായിരുന്നു. യേശുവും ശിഷ്യന്മാരും വിരുന്നിനു ക്ഷണിക്കപ്പെട്ടിരുന്നു. അവിടെ വീഞ്ഞു തീർന്നുപോയപ്പോൾ യേശുവിന്റെ അമ്മ അവനോടു പറഞ്ഞു; അവർക്ക് വീഞ്ഞില്ല. യേശു അവളോടു പറഞ്ഞു; സ്ത്രീയേ, എനിക്കും നിനക്കും എന്ത്? എന്റെ സമയം ഇനിയും ആയിട്ടില്ല. അവന്റെ അമ്മ പരിചാരകരോടു പറഞ്ഞു; അവൻ നിങ്ങളോടു പറയുന്നതു പോലെ ചെയ്യുവിൻ......" (യോഹ. 2: 1-11). ഇവിടെ യേശു തന്റെ അമ്മയെ സ്ത്രീ എന്ന് അഭിസംബോധന ചെയ്യുന്നു. "സ്വർഗത്തിൽ വലിയ ഒരു അടയാളം കാണപ്പെട്ടു. സൂര്യനെ ഉടയാടയാക്കിയ ഒരു സ്ത്രീ; അവളുടെ പാദങ്ങൾക്കിടയിൽ ചന്ദ്രൻ; ശിരസ്സിൽ പന്ത്രണ്ടു

www.malankaralibrary.com

നക്ഷത്രങ്ങൾകൊണ്ടുള്ള കിരീടം. അവൾ ഗർഭിണിയായിരുന്നു. പ്രസവവേദനയാൽ അവൾ നിലവിളിച്ചു. പ്രസവക്ലേശത്താൽ അവൾ ഞെരുങ്ങി ..........” (വെളി. 12). നാം നേരത്തെ കണ്ടതു പോലെ സ്ത്രീ എന്ന സംബോധന ഇവിടെയും കാണാം. യോഹന്നാൻ മറിയത്തെ രണ്ടാമത്തെ ഹവ്വായായിട്ടാണ് ചിത്രീകരിക്കുന്നതെങ്കിൽ സ്ത്രീയെന്ന സംബോധനയുടെ അർത്ഥം ഉപരിവ്യക്തമാകും. വെളിപാട് 12-ാം അദ്ധ്യായത്തിലെ ന്നപോലെ യോഹന്നാൻ 1 ഉം 2 ഉം അദ്ധ്യായ ങ്ങളിലും ഉൽപ്പത്തി പുസ്തകത്തിലെ പ്രഥമ അദ്ധ്യായങ്ങളുടെ പ്രതിധ്വനി മുഴങ്ങി കേൾക്കാം. ഉൽപ. 3 : 16 ലും വെളി. 12 : 2 ലും വിവരിച്ചിട്ടുള്ള പ്രസവവേദനയെ യോഹ. 19-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന യേശുവിന്റെ മരണത്തോടും മഹത്ത്വീകരണത്തോടും ബന്ധപ്പെടുത്തി കാണാവുന്നതാണ്. “അപ്പോൾ സർപ്പം സ്ത്രീയുടെനേരെ കോപിച്ചു. ദൈവകൽപ്പനകൾ കാക്കുന്നവരും, യേശുവിനു സാക്ഷ്യം വഹിക്കുന്നവരുമായി അവളുടെ സന്താനങ്ങളിൽ ശേഷിച്ചിരുന്നവരോട് യുദ്ധം ചെയ്യാൻ അതു പുറപ്പെട്ടു” (വെളി. 12: 17). സ്ത്രീയുടെ മറ്റേ സന്തതിയോട് സർപ്പം യുദ്ധം ചെയ്യുന്നതായി ചിത്രീകരിച്ചിരിക്കുന്നു. “നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും, നീ അവന്റെ കുതികാലിൽ പരിക്കേൽപ്പിക്കും” (ഉൽപ.3:15). ഇങ്ങനെ നോക്കുമ്പോൾ ഇവിടെ സൂചിപ്പിക്കുന്ന സ്ത്രീയുടെ സന്തതി (ഉൽപ. 3:15) മിശിഹാ മാത്രമല്ല ക്രിസ്ത്യാനികളും അവളുടെ സന്തതിതന്നെ. യോഹന്നാന്റെ സുവിശേഷം 2:1-11വരെയുള്ള വാക്യങ്ങളിൽനിന്ന് ഇത് വ്യക്തമാണ്. അവിടെ മറിയം ശിഷ്യൻമാരുമായി ബന്ധപ്പെട്ടു കാണുന്നു. ശിഷ്യൻമാരുടെ വിളി പൂർണമാകുന്ന സന്ദർഭത്തിലാണ്, അവർ യേശുവിന്റെ മഹത്ത്വം ദർശിച്ച്, അവിടുന്നിൽ വിശ്വസിക്കുന്ന അവസരത്തിലാണ് മറിയത്തിന്റെ ഇടപെടൽ. ഉൽപ്പത്തി പുസ്തകം 3-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന സ്ത്രീയുടെ അതേ ദൗത്യം തന്നെയാണ് യോഹന്നാൻ 2 :1-11 ൽ വിവരിച്ചിരിക്കുന്ന സ്ത്രീയുടെയും ദൗത്യം. പുതിയ ഹവ്വായാണ് ഈ സ്ത്രീ. [11]

www.malankaralibrary.com

മറിയം പുതിയ ഹവ്വായാണെന്നതിനെക്കുറിച്ച് 2-ാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം പറയുന്നു: "മരണം ലോകത്തിൽ തേർവാഴ്ച നടത്തുന്നതിന് ഒരു സ്ത്രീ സഹകരിച്ചതു പോലെ ജീവന്റെ പുനഃപ്രാപ്തിയിൽ ഒരു സ്ത്രീ സഹകരിക്കുക എന്നത് ഉചിതമായിരുന്നതുകൊണ്ട്, മനുഷ്യാവതാരത്തിനു മുമ്പു തന്നെ തിരഞ്ഞെടുക്കപ്പെട്ടിരുന്ന ഈ മാതാവിന്റെ സമ്മതം നേടാൻ കാരുണ്യവാനായ ദൈവം തിരുമനസ്സായി".[12] മറിയത്തെ "പുതിയ ഹവ്വ" എന്നു വിളിക്കുന്ന പതിവ് ആദിമ ശതകങ്ങളിൽതന്നെ ഉണ്ടായിരുന്നു. അപ്പസ്തോലിക കാലഘട്ടത്തിലും അനന്തര നൂറ്റാണ്ടുകളിലും ജീവിച്ചിരുന്ന സഭാപിതാക്കന്മാർ മറിയത്തിന് "പുതിയ ഹവ്വാ" എന്ന സ്ഥാനപ്പേര് സ്ഥിരമായി നൽകുകയുണ്ടായി. ദൈവം സംവിധാനം ചെയ്ത പരിത്രാണ പദ്ധതിയിൽ അവൾക്കുള്ള അതുല്യ സ്ഥാനവും, മറ്റു പല മരിയൻ വിശ്വാസസത്യങ്ങളും ഈ നാമത്തിന്റെ അർഥഗാംഭീര്യത്തെ സൂചിപ്പിക്കുന്നു.

ഈദൃശ നാമങ്ങൾ ക്രിസ്തുവിനെ സൂചിപ്പിക്കുന്നതിന് പൗലോസ്ശ്ലീഹാ പലപ്പോഴും ഉപയോഗിച്ചിട്ടുണ്ട്. കോറിന്ത്യർക്ക് എഴുതിയ ലേഖനത്തിൽ ശ്ലീഹാ പ്രസ്താവിക്കുന്നു: "ആദി മനുഷ്യനായ ആദാമിനെ ദൈവം ജീവിക്കുന്ന ആത്മാവാക്കി; അവസാനത്തെ ആദം ജീവിക്കുന്ന ആത്മാവായി" (1 കോറി. 15 : 45). ഇതനുസരിച്ച്, ക്രിസ്തു പുതിയ ആദം ആണ്. ആദ്യത്തെ ആദം മുഖേന പാപവും മരണവും ലോകത്തിൽ ഉളവായി; എന്നാൽ പുതിയ ആദം വഴി ലോകത്തിനു പുനരുദ്ധാരണം സുസമൃദ്ധമായി ലഭിച്ചു. "ഒരു മനുഷ്യൻ മൂലം പാപവും പാപം മൂലം മരണവും ലോകത്തിൽ പ്രവേശിച്ചു" (റോമ. 5 : 12). എന്നാൽ "ആദം മൂലം സകല മനുഷ്യരും എങ്ങനെ മരിക്കുന്നുവോ, അങ്ങനെ ക്രിസ്തുമൂലം സകല മനുഷ്യരും ജീവിക്കുന്നു" (2 കോറി 15 : 22). "പുതിയ ഹവ്വ"യെക്കുറിച്ചുള്ള ആശയം ആദിമ സഭയിലെ പിതാക്കന്മാർക്ക് ലഭിച്ചത് ശ്ലീഹന്മാരുടെ വായ്മൊഴിയാലുള്ള പ്രബോധനങ്ങളിലൂടെയോ, വിശുദ്ധ പൗലോസിന്റെ ലേഖനങ്ങളിലുള്ള സ്പഷ്ടമായ സൂചനകളിലൂടെയോ ആയിരിക്കാം. പഴയ ആദത്തേക്കാൾ ശ്രേഷ്ഠനായ ഒരു പുതിയ ആദം-ക്രിസ്തു- എന്ന ആശയം ഉള്ളപ്പോൾ, പഴയ

www.malankaralibrary.com

ഹവ്വായേക്കാൾ ശ്രേഷ്ഠമായ ഒരു പുതിയ ഹവ്വാ - കന്യകമറിയം - എന്ന ആശയം സ്വഭാവികമായി രൂപം കൊള്ളുന്നു. കാരണം വിശുദ്ധ പൗലോസ് പറയുന്നതുപോലെ പരിത്രാണം അതി സമൃദ്ധമായ രീതിലാണ് സംഭവിച്ചത്. "പാപം വർദ്ധിച്ചിടത്ത് അതിലുപരി ദൈവകൃപയും അതിസമൃദ്ധമായി വർദ്ധിച്ചു" (റോമ.5 : 20).

ഹവ്വായും മറിയവും തമ്മിലുള്ള അന്തരവും സഭാപിതാക്കന്മാർ പലപ്പോഴും ചർച്ചാവിഷയമാക്കിയിട്ടുണ്ട്. ആദ്യത്തെ ഹവ്വായ്ക്കു വേണ്ടി ദൈവം വലിയ പദ്ധതികൾ സംവിധാനം ചെയ്തു. എന്നാൽ അവ സാക്ഷാത്കരിക്കപ്പെടു ന്നതിന് അവൾ പ്രതിബന്ധമുണ്ടാക്കി. അവൾ ദൈവകല്പന ലംഘിച്ചു. ഹവ്വാ സൃഷ്ടിച്ച ഈ പ്രതിബന്ധം നീക്കുന്നതിന് ഒരു മാർഗം ദൈവം കണ്ടു. ഹവ്വായിൽ സാക്ഷാത്കരിക്കപ്പെടുവാൻ ദൈവം ഉദ്ദേശിച്ചതും, അതിലധികവും മറിയത്തിൽ നിറവേറ്റുക എന്നതായിരുന്നു ആ മാർഗം.

പഴയ ഹവ്വായും പുതിയ ഹവ്വായും തമ്മിലുള്ള സാദൃശ്യങ്ങളും ശ്രദ്ധാർഹമാണ്. ആത്മാവിൽ പാപത്തിന്റെ യാതൊരു മാലിന്യവും ഇല്ലാതെ നിർമലമായിട്ടാണ് ആദ്യത്തെ ഹവ്വായെ ദൈവം സൃഷ്ടിച്ചത്. അവൾ അമലോത്ഭവയായിരുന്നു. മറിയവും സ്വമാതാവിന്റെ ഉദരത്തിൽ നിർമ്മലയായി ഉത്ഭവിച്ചു. ആദ്യത്തെ ഹവ്വാ പൂർണ അർത്ഥത്തിൽ "ജീവനുള്ളവരുടെയെല്ലാം മാതാവ്" (ഉൽപ. 3 : 20) ആകണമെന്ന് ദൈവം നിശ്ചയിച്ചു. കാരണം, ആദത്തോടൊന്നിച്ച് അവൾ മനുഷ്യരാശിക്കു മുഴുവൻ ശാരീരിക ജീവൻ പകർന്നു കൊടുക്കേണ്ടവളായിരുന്നു. മാത്രമല്ല, ആദത്തോടൊന്നിച്ച് ദൈവത്തിന്റെ എല്ലാ വിലയേറിയ ദാനങ്ങളും ദൈവികജീവനായ പ്രസാദവരം ഉൾപ്പെടെയുള്ള സകല ദാനങ്ങളും അവൾ മനുഷ്യരക്ഷയ്ക്കായി പകർന്നു കൊടുക്കേണ്ടിയിരുന്നു. പുതിയ ഹവ്വായായ മറിയം അമലോത്ഭവയാണെന്ന സത്യം 9-ാം പീയൂസ് മാർപ്പാപ്പ 1854 ൽ നിർണയിച്ചു പ്രഖ്യാപിച്ചു. മറിയത്തിന്റെ ഉത്ഭവനൈർമല്യം സ്പഷ്ടമാക്കുന്നതിനാണ് പിതാക്കന്മാർ ഹവ്വായെയും മറിയത്തെയും താരതമ്യപ്പെടുത്തിയതെന്ന് മാർപ്പാപ്പ തന്റെ പ്രഖ്യാപനത്തിൽ വിശദമാക്കി.

www.malankaralibrary.com

തൊണ്ണൂറ്റി ആറ് സംവൽസരങ്ങൾക്കുശേഷം 12-ാം പീയൂസ് മാർപ്പാപ്പ ആഡംബരം പ്രഖ്യാപിക്കുകയുണ്ടായി, "പുതിയ ഹവ്വ ശരീരത്തോടും ആത്മാവോടും കൂടി സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു" എന്ന്. മറിയം പുതിയ ഹവ്വാ എന്ന സഭാപിതാക്കന്മാരുടെ ആശയം സ്വർഗാരോപണത്തിനുള്ള തെളിവുകളിലൊന്നായി മാർപ്പാപ്പ പ്രസ്തുത പ്രഖ്യാപനത്തിൽ ഉന്നയിക്കുകയും ചെയ്യുന്നു.[13]

മറിയത്തെ ഹവ്വായോടു സാദൃശ്യപ്പെടുത്തിയ അതിപ്രാചീന ഗ്രന്ഥകാരന്മാരിൽ ഒരാളാണ് രക്തസാക്ഷിയായ വിശുദ്ധ ജസ്റ്റിൻ. അദ്ദേഹം ട്രീഫോ (Trypho) യുമായുള്ള സംഭാഷണത്തിൽ പ്രസ്താവിക്കുന്നു: "സർപ്പം വഴി അനുസരണരാഹിത്യം ഏതുവിധം ആരംഭിച്ചോ അതേ വിധത്തിൽതന്നെ അതു പരിഹരിക്കുന്നതിന് ക്രിസ്തു കന്യകയിൽനിന്ന് മനുഷ്യനായി." ഹവ്വായുടെ അനുസരണമില്ലായ്മയും മറിയത്തിന്റെ അനുസരണവും തമ്മിലുള്ള അന്തരം വിശുദ്ധ ജസ്റ്റിൻ ചൂണ്ടിക്കാണിക്കുകയാണ്. അദ്ദേഹം തുടരുന്നു: "എന്തെന്നാൽ ഹവ്വാ............ പാമ്പിൽനിന്ന് വചനത്തെ ഗർഭം ധരിച്ച് അനുസരണമില്ലായ്മയെയും മരണത്തെയും പ്രസവിച്ചു. മറിയമാകട്ടെ, തന്നിൽ കർത്താവിന്റെ അരൂപി ആഗതമാകുമെന്നു ദൈവദൂതൻ അറിയിച്ചപ്പോൾ പ്രതിവചിച്ചു: "നിന്റെ വചനം പോലെ എന്നിൽ ഭവിക്കട്ടെ".[14] ജസ്റ്റിന്റെ ഈ പരിചിന്തനത്തിൽ മറിയം പുതിയ ഹവ്വാ മാത്രമല്ല. ആദത്തിന്റെയും ഹവ്വായുടെയും അനുസരണമില്ലായ്മ "ഏതു വിധത്തിലാരംഭിച്ചോ അതേ വിധത്തിൽ അത് ഇല്ലാതാക്കുക" എന്നത് ദൈവത്തിന്റെ പദ്ധതിയിൽപ്പെട്ടതായി അദ്ദേഹം ദർശിക്കുന്നു. വളരെ സുപ്രധാനമായ ഒരു പ്രസ്താവനയാണ് ഇത്. നമ്മുടെ ആദിമാതാപിതാക്കന്മാരുടെ വീഴ്ചയിൽ രണ്ടുപേർക്ക് പങ്കുണ്ടായി. മനുഷ്യവർഗത്തിന്റെ യഥാർത്ഥ തലവനായ ആദമായിരുന്നു ഒരാൾ: ആദം മാത്രമേ പാപത്തിൽ നിപതിച്ചിരുന്നുള്ളൂ എങ്കിലും മനുഷ്യവർഗം ഉത്ഭവപാപത്തിൽ നിപതിക്കുമായിരുന്നു; ഹവ്വാ മനുഷ്യവർഗത്തിന്റെ തലയായിരുന്നില്ല. അവൾ മാത്രമേ പാപത്തിൽ നിപതിച്ചിരുന്നുള്ളൂ എങ്കിൽ അത് നമുക്ക് ഒരു ദുർമാതൃക മാത്രമായേ അവശേഷിക്കുമായിരുന്നുള്ളൂ; നാം

www.malankaralibrary.com

ഉത്ഭവപാപത്തിൽ വീഴുകയില്ലായിരുന്നു.[15] പക്ഷേ, ആദ്യപാപം രണ്ടുപേർ കൂടിച്ചേർന്ന് നടത്തിയ കൃത്യമായിരുന്നു എന്നതാണ് വാസ്തവം. വ്യത്യസ്ത നിലയിൽ ആണെങ്കിലും ആദവും ഹവ്വായും അതിൽ പങ്കുചേർന്നു. ആദത്തിനു മാത്രമേ നമ്മെ നശിപ്പിക്കുവാൻ കഴിയുമായിരു ന്നുള്ളൂ എങ്കിലും ഹവ്വായും അവൾക്കു കഴിവതു ചെയ്തു. അത് അപ്രധാനമായിരുന്നെങ്കിലും, അവൾ സ്വന്തം നിലയിൽ ആ വീഴ്ചയിൽ പങ്കാളിയായി. ഇതിനെതിരായി നടന്ന വസ്തുനിഷ്ഠ മായ പരിത്രാണ കർമ്മവും രണ്ടു പേർ ചേർന്ന് നടത്തുന്ന ഒരു സംയുക്ത പ്രവൃത്തിയാണെന്ന് സമർത്ഥിക്കുവാൻ വിശുദ്ധ ജസ്റ്റിൻ ശ്രമിക്കുകയാണ്. മനുഷ്യന്റെ അധഃപതനത്തിൽ ഹവ്വാ നേരിട്ട് പങ്കാളി ആയതു പോലെ മനുഷ്യവർഗ്ഗത്തിന്റെ പരിത്രാണത്തിൽ പുതിയ ഹവ്വായും നേരിട്ട് പങ്കാളിയായെന്ന് വിവക്ഷ.

രണ്ടാം ശതകത്തിൽ ജീവിച്ചിരുന്ന സഭാപിതാവായ വിശുദ്ധ ഇരനേവൂസിന്റെ വാക്കുകൾക്കും സവിശേഷമായ പ്രധാന്യമുണ്ട്. ഇദ്ദേഹത്തിന്റെ പല കൃതികളിലും മറിയത്തെ ഹവ്വായോട് താരതമ്യപ്പെടുത്തിയിട്ടുണ്ട്. പാഷണ്ഡതയ്ക്കെതിരായി അദ്ദേഹം രചിച്ച ഗ്രന്ഥത്തിലാണ് ഈ താരതമ്യപഠനം മുഖ്യമായും കാണുന്നത്. ഒരിക്കൽ അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചു: "അനുസരണരാഹിത്യം മൂലം അവൾ (ഹവ്വാ) തനിക്കും മനുഷ്യ വർഗത്തിനും ഏതു രീതിയിൽ മരണത്തിന് കാരണമായോ, അതേ രീതിയിൽ അനുസരിച്ചുകൊണ്ട് മറിയം തനിക്കും മനുഷ്യവർഗം മുഴുവനും രക്ഷയ്ക്ക് കാരണമായി".[16] കൂടുതൽ സ്പഷ്ടമായി അദ്ദേഹം തുടരുന്നു: "ഒരുകെട്ട് അഴിക്കണമെങ്കിൽ കെട്ടിയ ക്രമത്തിൽതന്നെ തിരിച്ച് അഴിച്ചേ പറ്റൂ. കെട്ടഴിക്കുമ്പോൾ ഒടുവിൽ കെട്ടിയത് ആദ്യം അഴിക്കണം, അതു കഴിഞ്ഞ് അതിനു മുമ്പിലത്തേതും അഴിക്കണം, അപ്പോൾ ഒടുവിലത്തേത് ആദ്യത്തേതിനെ സ്വതന്ത്രമാക്കുന്നു. ഇതുപോലെ മറിയത്തിന്റെ അനുസരണം വഴി ഹവ്വായുടെ അനുസരണമില്ലായ്മയാകുന്ന കെട്ട് അഴിക്കപ്പെട്ടു.[17] ഈ ഉപമയിലൂടെ വിശുദ്ധ ഇരണേവൂസ് നമ്മെ പഠിപ്പിക്കുന്നത് ഹവ്വാ വരുത്തിവച്ച അനർത്ഥം മറിയം ഒരു വിരുദ്ധ പ്രക്രിയയിലൂടെ പരിഹരിച്ചു എന്നതാണ്. ജന്മപാപം ചെയ്യുന്നതിന് ഹവ്വാ സഹകരിച്ചത് പരോക്ഷമായോ,

www.malankaralibrary.com

അപൂർണമായോ മാത്രമായിരുന്നില്ല. ആ പാപപ്രവൃത്തിയിൽ ത്തന്നെ അവൾ കേവലം പ്രത്യക്ഷമായ ഭാഗഭാഗിത്വം നൽകി. ഹവ്വാ കെട്ടിയ ജന്മപാപമാകുന്ന കെട്ട് അഴിക്കുന്ന ഉദ്യമത്തിൽ അതായത്, പരിത്രാണകർമ്മത്തിൽ മറിയം യഥാർത്ഥത്തിൽ സഹകരിച്ചു എന്നു സാരം. ഈ സഹകരണം വളരെ വ്യക്തമായി കാൽവരിയിലാണ് നാം ദർശിക്കുക.

ഇതേ കാലഘട്ടത്തിൽ ജീവിച്ചിരുന്ന വിശുദ്ധ തെർത്തുല്യനിലൂടെ നമുക്ക് ഇതേ ആശയം ലഭിക്കുന്നു. "ക്രിസ്തുവിന്റെ ശരീരം" എന്ന തന്റെ ഗ്രന്ഥത്തിൽ മറിയത്തെയും ഹവ്വായെയും അദ്ദേഹം താരതമ്യ വിവേചനം ചെയ്യുന്നു. അധഃപതനവും ഉദ്ധാരണവും തമ്മിലുള്ള സാധർമ്മ്യം അദ്ദേഹം ഇപ്രകാരം നിർദ്ധാരണം ചെയ്യുന്നു: "ആദ്യമുണ്ടായ നഷ്ടത്തെ വെല്ലുന്ന രീതിയിൽ ദൈവം തന്റെ ഛായയും സാദൃശ്യവും വീണ്ടെടുത്തു.......... ഹവ്വാ ഒരു കന്യകയായിരുന്നപ്പോൾ മരണത്തിനു മൂലകാരണമായ ഒരു വചനം അവളിൽ ഇഴഞ്ഞിറങ്ങി. ഇതിനു സമാനമായി ജീവനെ ഉൽപ്പാദിപ്പിച്ച ദൈവവചനം ഒരു കന്യകയിലേക്ക് സംവഹിക്കപ്പെടേണ്ടിയിരുന്നു. ഒരു വർഗം (സ്ത്രീ) മൂലം മനുഷ്യവംശം നാശത്തിൽ നിപതിച്ചതിനാൽ, അതേ വർഗം മൂലം തന്നെ (സ്ത്രീ മൂലം) മനുഷ്യവംശം രക്ഷയിലേക്ക് സമുദ്ധരിക്കപ്പെടേണ്ടതിനാണ് ഇങ്ങനെ സംഭവിച്ചത്."[18] "വെല്ലുന്ന രീതിയിൽ" എന്ന പ്രയോഗത്തിന്റെ സാരം ഏതു മാർഗം വഴി അധഃപ്പതനം സംഭവിച്ചുവോ അതിനെ ജയിക്കുന്ന മാർഗ്ഗം ഉപയോഗിക്കുവാൻ ദൈവം തിരുമനസ്സായി എന്നത്രേ. രണ്ടുപേർക്കു പങ്കുള്ള ഒരു സംയുക്ത പ്രവർത്തനമായിരുന്നു അധഃപ്പതനകാരണം. വീണ്ടെടുപ്പിലും രണ്ടുപേരുടെ സംയുക്ത പ്രവർത്തനം നടന്നു എന്ന് സൂചന. മറ്റു പല സഭാപിതാക്കന്മാരും സമർത്ഥിക്കുന്നു: "ഹവ്വാ അനുസരണക്കേടുവഴി ബന്ധിച്ചത് മറിയം അനുസരണത്താൽ അഴിച്ചു." "കന്യകയായ ഹവ്വാ അവിശ്വാസം കൊണ്ട് ബന്ധിച്ചത് കന്യകയായ മറിയം വിശ്വാസത്താൽ അഴിച്ചു."[19] ഹവ്വായുമായി താരതമ്യപ്പെടുത്തിക്കൊണ്ട് മറിയത്തെപ്പറ്റി വിശുദ്ധ അപ്രേം ഇപ്രകാരം പറയുന്നു: "മരണം ഹവ്വാ വഴിയും ജീവൻ മറിയം വഴിയും."[20] ഇതേ ആശയം സഭാപിതാക്കന്മാർ പലരും പറയുന്നത് കാണാൻ കഴിയും.[21]

www.malankaralibrary.com

മലങ്കര കത്തോലിക്കാ സഭയുടെ മാർ ഈവാനിയോസ് പിതാവ് ഇപ്രകാരം പറയുന്നു: "വിശുദ്ധ മാതാവ് രണ്ടാമത്തെ ഹവ്വായാകുന്നു. ഒന്നാമത്തെ ഹവ്വാ അനുസരണക്കേടിനാൽ പാപത്തിന് അടിമപ്പെട്ടു. എന്നാൽ രണ്ടാമത്തെ ഹവ്വായോ പൂർണ അനുസരണത്താൽ വീണ്ടെടുപ്പിന് വഴി തെളിച്ചു. ഒന്നാമത്തെ ഹവ്വാ ദുരാഗ്രഹം നിമിത്തം പാപം ചെയ്ത് നാശവും അരിഷ്ടതയും മനുഷ്യവർഗത്തിന്മേൽ വരുത്തി വച്ചു. രണ്ടാമത്തെ ഹവ്വായോ കന്യാവ്രതത്തിൽ രക്ഷിതാവിന്റെ മാതാവായി തീർന്നതിനാൽ മനുഷ്യവർഗത്തിന് രക്ഷയും വീണ്ടെടുപ്പും ആ മാതാവത്രേ." [22] ഇതിൽനിന്നെല്ലാം വിശുദ്ധ മറിയത്തെ രണ്ടാം ഹവ്വാ എന്ന് സംബോധന ചെയ്തത് യുക്തമാണെന്ന് ബോധ്യമാകുന്നു. ഉൽപ. 3 : 15 ൽ പറയുന്ന പ്രവചനം മറിയത്തിലൂടെ നിവൃത്തി യായി എന്ന് മനസ്സിലാക്കുന്നതിനും സാധിക്കും. ഇനി നമുക്ക് ഇമ്മാനുവേൽ പ്രവചനം ഒന്നു പരിശോധിക്കാം.

## 3. മറിയം - പഴയ നിയമ പ്രവചനങ്ങളിലും, പ്രതിരൂപങ്ങളിലും:

**എമ്മാനുവേലിന്റെ കന്യകയായ മാതാവ് (ഏശ. 7:14)**

a "അതിനാൽ, കർത്താവ് തന്നെ നിനക്ക് അടയാളം തരും. യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്ന് വിളിക്കപ്പെടും" (ഏശ. 7 : 14). ഏശയ്യായുടെ ഈ പ്രവചനത്തെക്കുറിച്ച് പ്രത്യേകമായി പഠനം നടത്തിയിട്ടുള്ളവർ വളരെയാണ്.[23] BC 731-ാം ആണ്ടിൽ യൂദയാ രാജാവായ ആഹാസിനെതിരെ സിറിയായിലെയും ഇസ്രായേലിലെയും രാജാക്കന്മാർ യുദ്ധഭീഷണി മുഴക്കി. ഗത്യന്തരമില്ലാതായ ആഹാസ് അസ്സീറിയാക്കാരുടെ സഹായം തേടാൻ ഉറച്ചു. ഒരു വിശ്വാസിക്കു നിരക്കാത്ത രാജാവിന്റെ പ്രവൃത്തിയിൽ ഏശയ്യാ പ്രതിഷേധിക്കുന്നു. ആഹാസ് തന്റെ രാജ്യത്തിന്റെയും ജറുസലേമിന്റെയും നിലനിൽപ്പിനെപ്പറ്റി അത്യന്തം പരിഭ്രാന്തചിത്തനായി. അപ്പോൾ ആഹാസിന്റെ സംരക്ഷണം താൻ ഏറ്റെടുത്തിരിക്കുന്നു എന്ന് അറിയിക്കാനായി ദൈവം പ്രവാചകനെ അദ്ദേഹത്തിന്റെ പക്കലേക്ക് അയച്ചു. ഈ

www.malankaralibrary.com

വാഗ്ദാനത്തിന്റെ ഉറപ്പിനുവേണ്ടി എന്തെങ്കിലും ഒരു അടയാളം അഥവാ അത്ഭുതം ദൈവത്തിൽനിന്ന് ആവശ്യപ്പെട്ടു കൊള്ളാൻ ആഹാസിനെ അനുവദിച്ചു. ആഹാസാകട്ടെ ദൈവം നൽകിയ വാഗ്ദാനം ഉറപ്പായി വിശ്വസിക്കുന്നുവെന്നും അതിനുവേണ്ടി അടയാളം ദൈവത്തിൽനിന്ന് താൻ ആവശ്യപ്പെടുകയില്ലെന്നും അറിയിച്ചു. അപ്പോൾ ഏശയ്യാ ഉദ്ഘോഷിച്ചതാണ് നാം മുകളിൽ കണ്ട പ്രവചനം. അതിന്റെ അർത്ഥം ഇപ്രകാരമാണ്: ദാവീദു രാജാവിന്റെ വംശം അതിനെതിരായി പ്രത്യക്ഷപ്പെടുന്ന രണ്ട് രാജകീയ ശക്തികളിൽനിന്ന് സംരക്ഷിക്കപ്പെടും. ആ വംശത്തിൽ നിന്ന് മിശിഹാ ആഗതനാകും. വിസ്മയജനകമായിരിക്കും അവിടുത്തെ വരവ്. അവിടുന്ന് ഒരു കന്യകയിൽനിന്ന് ജനിക്കും. ഇതിനുവേണ്ടിയാണ് ദാവീദിന്റെ രാജവംശം സംരക്ഷിക്കപ്പെടുന്നത്.

ഈ പ്രവചനത്തിന് പലതരത്തിലുള്ള വ്യാഖ്യാനങ്ങൾ നൽകപ്പെടുന്നുണ്ട്. അകത്തോലിക്കരുടെ ഭാഷ്യം അനുസരിച്ച് പ്രവചനത്തിൽ പരാമർശിക്കപ്പെടുന്ന 'എമ്മാനുവേൽ' ആഹാസിന്റെ മകനായ എസക്കിയാസത്രേ. മറ്റു ചിലർ ഊഹിക്കുന്നു, എമ്മാനുവേൽ ഏശയ്യായുടെ പുത്രനായ ജാസൂബ് ആണെന്ന്. അതല്ല, പ്രത്യേകം എടുത്തു പറഞ്ഞിട്ടില്ലാത്ത മറ്റേതോ ആളിനെയാണ് പ്രവചനം ലക്ഷ്യമാക്കുന്നതെന്ന് പറയുന്ന ചിലരുമുണ്ട്. പ്രവചനത്തിലെ 'കന്യക' ആഹാസിന്റെ ഭാര്യയാണെന്ന് ആദ്യത്തെക്കൂട്ടരും, ഏശയ്യായുടെ ഭാര്യയാണെന്ന് രണ്ടാമത്തെക്കൂട്ടരും, അവിവാഹിതയായ മറ്റേതോ സ്ത്രീ ആയിരിക്കുമെന്ന് മൂന്നാമത്തെക്കൂട്ടരും ഊഹിക്കുന്നു. ഈ വ്യഖ്യാനങ്ങൾ ശരിയല്ലെന്ന് തെളിയിക്കാൻ വിഷമമില്ല. കാരണം പ്രവചനം ഉണ്ടായ സമയത്ത് ആഹാസിന് 9 വയസ്സ് മാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ. പ്രവചനത്തെ തുടർന്ന് വരുന്ന വാചകങ്ങൾ "എന്തെന്നാൽ നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു പുത്രൻ നൽകപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ ചുമലിൽ ആയിരിക്കും. വിസ്മയനീയനായ ഉപദേഷ്ടാവ്, ശക്തനായ ദൈവം, നിത്യനായ പിതാവ്, സമാധാനത്തിന്റെ രാജാവ് എന്ന് അവൻ വിളിക്കപ്പെടും. ദാവീദിന്റെ സിംഹാസനത്തിലും അവന്റെ രാജ്യത്തിലും അവന്റെ ആധിപത്യം

www.malankaralibrary.com

നിസ്സീമമാണ്; അവന്റെ സമാധാനം അനന്തവും. നീതിയിലും ധർമ്മത്തിലും എന്നേക്കും അത് സ്ഥാപിച്ച് പരിപാലിക്കാൻ തന്നെ. സൈന്യങ്ങളുടെ കർത്താവിന്റെ തീക്ഷ്ണത ഇത് നിറവേറ്റും" (ഏശ. 9 : 6-7). ഈ വാക്കുകൾ ജാസൂബിൽ യഥാർത്ഥമാകാൻ അസാധ്യമായതിനാൽ അയാൾ പ്രവചനവിഷയമായ എമ്മാനുവേൽ ആണെന്ന് വിചാരിക്കുക അസാധ്യമാണ്. വാസ്തവത്തിൽ ഇത് മിശിഹായെപ്പറ്റിയുള്ള ഒരു പ്രവചനമാണ്. ഈ സത്യം നിഷേധിക്കുന്നവരുടെ അഭിപ്രായം 6-ാം പീയൂസ് മാർപ്പാപ്പ തിരസ്കരിച്ചിട്ടുണ്ട്.[24]

ലാറ്റി, കാൽമേ തുടങ്ങിയ ചില കത്തോലിക്കാ പണ്ഡിതന്മാരുടെ അഭിപ്രായപ്രകാരം "എമ്മാനുവേൽ" അക്ഷരാർത്ഥത്തിൽ ഏശയ്യായുടെ പുത്രനാണ്. എന്നാൽ അയാൾ മിശിഹായുടെ പ്രതിരൂപമായി നിൽക്കുന്നു. "കന്യക" അക്ഷരാർത്ഥത്തിൽ ഏശയ്യായുടെ ഭാര്യയും വ്യംഗ്യത്തിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ പ്രതിരൂപവുമത്രേ. ഈ വ്യാഖ്യാനത്തെ തിരുസഭ തിരസ്കരിച്ചിട്ടില്ലെങ്കിലും ഇതും തെറ്റാണെന്ന് തെളിയിക്കുവാൻ പ്രയാസമില്ല. കാരണം വിവാഹിതരായ സ്ത്രീകൾ കന്യകയായി ഗർഭം ധരിക്കുന്നവളുടെ പ്രതിരൂപമാകുക അസംഗതമാണല്ലോ.[25]

ഭൂരിപക്ഷം കത്തോലിക്കാവ്യാഖ്യാതാക്കളുടെയും അഭിപ്രായത്തിൽ പ്രവചനത്തിലെ "എമ്മാനുവേൽ" ക്രിസ്തുവിനെയും, "കന്യക" മറിയത്തെയും വാച്യാർത്ഥത്തിൽ സൂചിപ്പിക്കുന്നു. ഈ വ്യാഖ്യാനം ശരിയാണെന്നും പുതിയനിയമ വെളിപാടിൽനിന്ന് വ്യക്തമാകുന്നുണ്ട്. സുവിശേഷകനായ വിശുദ്ധ മത്തായി കന്യക മറിയത്തിൽനിന്നുമുള്ള മിശിഹായുടെ ജനനം ഏശയ്യായുടെ, മേൽ ഉദ്ധരിച്ച പ്രവചനത്തിന്റെ പരിപൂർത്തിയായിട്ടാണ് അവതരിപ്പിക്കുന്നത്. "ഇതാ കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും, ആ ശിശു ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്ന് വിളിക്കപ്പെടും എന്ന് പ്രവാചകൻവഴി കർത്താവ് അരുളിചെയ്തിരുന്നത് നിറവേറുവാനാണ് ഇവയെല്ലാം സംഭവിച്ചത്" (മത്താ. 1 : 22-23). ഇതുതന്നെയത്രേ സഭാപിതാക്കന്മാരുടെയും

www.malankaralibrary.com

പ്രാചീന സഭാപണ്ഡിതന്മാരുടെയും ഐകകണ്ഠ്യേനയുള്ള അഭിപ്രായവും. ഇതിനു പുറമേ, ഏശയ്യാ തന്റെ ഗ്രന്ഥത്തിൽ 9-ാം അദ്ധ്യായം 8,9 വാക്യങ്ങളിൽ "എമ്മാനുവേലിനെ" തന്റെ ജനങ്ങളുടെ രക്ഷകനായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. അപ്പോൾ തീർച്ചയായും ഈ നാമം ക്രിസ്തുവിന് മാത്രമേ ചേരുകയുള്ളൂ. അതിനാൽ ഏശയ്യായുടെ പ്രവചനം മറിയത്തിന്റെ കന്യാത്വത്തെയും അവളുടെ ദൈവമാതൃത്വത്തെയും സംബന്ധിക്കുന്നതുമാണ്.

മസൊറെററിക് താളിയോല ഗ്രന്ഥത്തിലെ 'alma' ക്ക് യുവതി എന്നാണർത്ഥം. കന്യക എന്നർത്ഥമുള്ള 'betula' എന്ന സാങ്കേതിക പദമല്ല ഇവിടെ പ്രയോഗിച്ചിരിക്കുന്നത്. സപ്തതിയിൽ (Septuagint) 'alma' ക്ക് പകരം 'betula' യുടെ തത്തുല്യ ഗ്രീക്കുപദമായ 'parthenos' ആണ് ഉപയോഗിച്ചിരിക്കുന്നത്. 'parthenos' എന്ന വാക്കിനർത്ഥം കന്യക എന്നാണ്. 'alma' ക്ക് പകരം 'virgo' എന്ന് ഉപയോഗിക്കാൻ വിശുദ്ധ ജറോമിനെ പ്രേരിപ്പിച്ചത് സപ്തചിന്തയുടെ സ്വാധീനമായിരിക്കാം. ഈ പ്രവചനത്തിന്റെ അർത്ഥത്തെപ്പറ്റി യഹൂദന്മാരുടെ പിൽക്കാല പാരമ്പര്യത്തിന് സാക്ഷ്യമായി, സപ്തതിയിൽ വന്ന മാറ്റത്തെ കരുതാം. ജനനത്തെപ്പറ്റി പ്രതിപാദിക്കാൻ സപ്തതിയിലെ വാക്യമാണ് മത്തായി സുവിശേഷകൻ ഉദ്ധരിക്കുന്നത്.[26] മൂലഭാഷയായ ഹീബ്രുവിൽ "കന്യക" എന്നർത്ഥമുള്ള "ബത്തുല" (betula) എന്ന സാങ്കേതിക പദമല്ല പ്രത്യുത യുവതി എന്നർത്ഥമുള്ള "ആൽമ" (alma) എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. അതിനാൽ ഇത് മറിയത്തിന്റെ കന്യാത്വത്തെപ്പറ്റിയുള്ള പ്രവചനമെന്ന് പറയാൻ നിർവ്വാഹമില്ലത്രേ. മാത്രമല്ല അവൾ അക്ഷരാർത്ഥത്തിൽ കന്യക തന്നെ ആയിരുന്നാലും ഗർഭം ധരിക്കുകയും പുത്രനെ പ്രസവിക്കുകയും ചെയ്തു എന്ന വസ്തുത അവൾക്ക് ആദ്യമുണ്ടായിരുന്ന കന്യാത്വത്തെ ഇല്ലാതാക്കുന്നു എന്ന് വാദിക്കുന്നവരുമുണ്ട്.

ഈ വാദഗതി ശരിയല്ലെന്ന് അനായാസേന തെളിയിക്കാം. "ആൽമ"എന്ന പദത്തിന് വാച്യാർത്ഥത്തിൽ കന്യക എന്ന അർത്ഥം ഇല്ലെങ്കിലും കന്യകയെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ഒരു സങ്കേതിക പദമല്ല അതെങ്കിലും, ബൈബിളിൽ

www.malankaralibrary.com

കുറഞ്ഞ പക്ഷം ആറ് സ്ഥലത്തെങ്കിലും "ആൽമ"കന്യകയെ അതിന്റെ അക്ഷരാർത്ഥത്തിൽ സൂചിപ്പിക്കുന്നതിന് ഉപയോഗി ച്ചിട്ടുണ്ട് (ഉൽപ.24:23, പുറ:2:8, ഉത്തമ 1:2-6, സങ്കീ. 68:26, 30: 18). "കണ്ടാലും ഒരു കന്യക (യുവതി) ഗർഭം ധരിക്കും. അവൾ ഒരു പുത്രനെ വഹിക്കും" എന്നല്ല മൂലഭാഷയായ ഹീബ്രുവിൽ രേഖ പ്പെടുത്തിയിരിക്കുന്നത്. പ്രത്യുത "ഇതാ, ഗർഭിണിയും ഒരുപു ത്രനെ സംവഹിക്കുന്നവളുമായ കന്യകയായ ഒരു യുവതി"എന്നാണ്. അതായത്, ഈ യുവതി തന്റെ കന്യാത്വം സംരക്ഷിച്ചുകൊണ്ട് ഗർഭത്തിൽ ഒരു പുത്രനെ സംവഹിക്കും എന്നർത്ഥം. രണ്ടാം വത്തിക്കാൻ കൗൺസിൽ ഈ വാക്യത്തിൽ പറയുന്ന യുവതി കന്യകാമറിയമാണെന്ന് പറയുന്നു. "അതുപോ ലെതന്നെ എമ്മാനുവേൽ എന്നു പേർ വിളിക്കപ്പെടാനിരിക്കുന്ന പുത്രനെ ഗർഭംധരിച്ച് പ്രസവിക്കുന്നവളും ഈ കന്യകതന്നെ."[27] മലങ്കര സഭയുടെ ശ്ഹീമ്മോ നമസ്ക്കാരത്തിൽ തിങ്കളാഴ്ച ഉച്ച യിലെ പ്രാർത്ഥനയിൽ നാം ഇപ്രകാരം ചൊല്ലുന്നു:

"ഏശായ-യുൽഘോഷിച്ചാൻ പ്രവചനമായി
കന്യക ഗർഭിണിയായ് സുതനെ
പ്രസവി-ച്ചീടുമവൻ നാമം ആമ്മാനുവേൽ
അത്ഭുതമത്രെ തൻ ജനനം
ഹാലേലുയ്യാ ഈശൻ സ്തുത്യൻ! "

ഈ പ്രവചനത്തിന്റെ പ്രഥമ പശ്ചാത്തലത്തിൽ കന്യക യിൽനിന്നുള്ള ശിശുവിന്റെ ജനനം യൂദയാ രാജ്യത്തിന്റെ രക്ഷാചിഹ്നമായിരുന്നു. എന്നാൽ രക്ഷാകര ചരിത്രത്തിന്റെ വെളി ച്ചത്തിൽ കന്യകയിൽ നിന്നുള്ള എമ്മാനുവേലിന്റെ പിറവി മനുഷ്യ വംശം മുഴുവന്റെയും രക്ഷാചിഹ്നമാണ്. തൻമൂലം ഏശയ്യാ 7:14 ലെ എമ്മാനുവേലിനെ ക്രിസ്തുവിന്റെ പ്രതിരൂപമായി പരിഗ ണിക്കാം. അക്കാരണത്താൽത്തന്നെ അവിടെ പ്രതിപാദിക്കപ്പെടുന്ന യുവതിയായ സ്ത്രീയെ അഥവാ കന്യകയെ മറിയത്തിന്റെ പ്രതി രൂപമായും മനസ്സിലാക്കാൻ കഴിയും.

### b. ബത്‌ലഹേമിൽ ശിശുവിന് ജൻമമേകിയ സ്ത്രീ (മിക്കാ 5: 2-3)

"അല്ലയോ ജറുസലേം എഫ്രാത്തായേ, യൂദയായുടെ വംശത്തിൽ ഏറ്റവും ചെറിയവളേ, ഇസ്രായേലിന്റെ ഭരണാധി

www.malankaralibrary.com

കാരി നിന്നിൽനിന്ന് ഉത്ഭവിക്കും. പുരാപുരുഷനാണവൻ. ആകയാൽ പ്രസവവേദന അനുഭവിക്കുന്നവൾ പ്രസവിക്കുന്നതുവരെ അവൻ അവരെ ഏൽപ്പിച്ചുകൊടുക്കും" (മിക്കാ 5:2-3). എഫ്രാത്താ ജാതനായിരുന്നു, ദാവീദിന്റെ പിതാവായ ജെസ്സെ (1 സാമു. 17:12). പ്രസ്തുത ഗോത്രത്തിന്റെ നിസ്സാരതയും ബത്‌ലഹേമിന്റെ പരിമിതികളും, ജറുസലെമിന്റെ ഔന്നത്യവും തമ്മിൽ താരതമ്യം സാദ്ധ്യമായിരുന്നില്ല. എന്നിട്ടും ജറുസലേം പരാജയപ്പെട്ടപ്പോൾ ദാവീദിന്റെ ജൻമനഗരവും നിസ്സാരമായ ബത്‌ലഹേമിൽ നിന്നും (1 സാമു. 16,11) സമാധാനം സമാഗതമാകുന്നു. എമ്മാനുവേലിന്റെ മാതാവിനെക്കുറിച്ചുള്ള ഏശയ്യായുടെ പ്രവചനത്തിന് സമാന്തരമായ ഒന്നാണ് മിക്കായുടെ ഈ പ്രവചനം. ഏശയ്യാ പ്രവചിച്ച ശിശുവിന്റെ ജന്മസ്ഥലം നിജപ്പെടുത്തുകയാണ് ഈ പ്രവചനം. യൂദയായുടെ വിജയത്തിന് നിദാനമായ രക്ഷകൻ ബത്‌ലഹേമിൽ പിറക്കുമെന്നും അവൻ തന്റെ ജനങ്ങളെ മഹോന്നത മഹത്ത്വത്തിലേക്ക് ആനയിക്കുമെന്നും മിക്കാ പ്രവചിക്കുന്നു. ഇസ്രായേലിന്റെ ഭാവി ഭരണാധികാരിയുടെ ജനനത്തെക്കുറിച്ചാണ് മിക്കാ പ്രവചിക്കുന്നത്. അക്കാലത്തെ രാജവാഴ്ചയുടെ തിക്താനുഭവങ്ങളുടെ വെളിച്ചത്തിൽ ജനങ്ങൾ രാജാക്കൻമാരെ വെറുത്തിരുന്നതിനാലാവണം "രാജാവ്"എന്ന പ്രയോഗം ഇവിടെ കാണാത്തത്. പ്രവചനത്തിന്റെ ആദിമ പശ്ചാത്തലത്തിൽ സെന്നാക്കെറിബിന്റെ ഉപരോധത്തിലമർന്നിരിക്കുന്ന ജറുസലെം നഗരത്തെയും നിരാശയുടെ പടുകുഴിയിലമർന്ന നഗരവാസികളെയുമാണ് നാം കാണുക. ഒരു പ്രത്യേക സ്ത്രീ ബത്‌ലഹേമിൽവച്ച് ഒരു ശിശുവിനെ പ്രസവിക്കുന്നതോടെ ആ കഷ്ടപ്പാടിന്റെ കാലയളവിന് തിരശീല വീഴുമെന്നാണ് പ്രവചന സാരം.[28] സമാധാനം സംസ്ഥാപിക്കുന്ന ഇസ്രായേലിന്റെ അധിപതിയാണ് രക്ഷകൻ. യഹൂദപാരമ്പര്യമനുസരിച്ച് ബത്‌ലഹേമാണ് രക്ഷകന്റെ ജനനസ്ഥലം. "ക്രിസ്തു എവിടെയാണ് ജനിക്കുന്നതെന്ന് ചോദിച്ചു. അവർ പറഞ്ഞു: യൂദയായിലെ ബത്‌ലഹേമിൽ" (മത്താ. 2:5). പ്രധാന പുരോഹിതരും നിയമവ്യാഖ്യാതാക്കളും രക്ഷകന്റെ ജന്മസ്ഥലമായി ബത്‌ലഹേമിനെ ചൂണ്ടിക്കാണിച്ചതിന്റെ കാരണമിതാണ്. രക്ഷകനാണ് മിക്കാ പ്രവചിച്ച ഭരണാധികാരി. കാരണം അവന്റെ ഉത്ഭവത്തെ മാത്രമേ നിത്യമെന്ന് വിളിക്കാനാകൂ.

www.malankaralibrary.com

അവന്റെ അധീശത്വം മാത്രമേ ഭൂമിയുടെ അതിർത്തികളോളം വ്യാപിച്ചിരിക്കുന്നുവെന്ന് പറയാനാകൂ. ഇത്തരം ഒരു രക്ഷാകര വ്യാഖ്യാനത്തിന്റെ വെളിച്ചത്തിൽ രക്ഷകന് പിറവിയേകുന്ന സ്ത്രീ അവന്റെ അമ്മയാണ്. മറിയമത്രെ ക്രിസ്തുവിന്റെ അമ്മ. അതിനാൽ മിക്കാ 5:3-ലെ സ്ത്രീയെ മറിയത്തിന്റെ പ്രതിരൂപമായി കാണാം.

### c. ഉത്തമ ഗീതത്തിലെ വധു

"ഷാരോണിലെ പനിനീർ പൂവാണു ഞാൻ, താഴ്വരകളിലെ ലില്ലിപ്പൂവ്" (ഉത്തമ. 2 : 1). "അടച്ചുപൂട്ടിയ ഉദ്യാനമാണ് എന്റെ സോദരി; എന്റെ മണവാട്ടി അടച്ച ഉദ്യാനമാണ്, മുദ്രവച്ച നീരുറവ"(ഉത്തമ. 3: 12). ഉത്തമഗീതത്തിലെ 'വേലികെട്ടി അടയ്ക്കപ്പെട്ട പൂന്തോട്ട'മാണ് കന്യകയായ മറിയത്തിന്റെ വേറൊരു പ്രതിരൂപം. "ബന്ധിക്കപ്പെടുകയും മുദ്ര വയ്ക്കപ്പെടുകയും ചെയ്തിട്ടുള്ളതിനാൽ അവ (ആരാമവും ഉറവയും) കന്യകയും മാതാവുമായ ദൈവമാതാവിനോട് സാദൃശ്യം വഹിക്കുന്നു".[29] മരിയൻ ഭക്താഭ്യാസത്തിൽ മിക്കവെയും ഉത്തമ ഗീതത്തെ ഉപയോഗപ്പെടുത്തുന്നുണ്ട്. ചിലരുടെ ദർശനത്തിൽ ഏക ഭാര്യാത്വവും വൈവാഹിക വിശ്വസ്തതയും നിലനിർത്താനുതകുന്ന ഒരു സ്നേഹഗാനമാണ് ഉത്തമഗീതം. മറ്റുചിലർ ഇതിൽ ആദ്ധ്യാത്മികമായ അർത്ഥം ദർശിക്കുന്നു. അപ്പോൾ സോളമന് തന്റെ ഭാര്യയോടുണ്ടായിരുന്ന സ്വഭാവിക സ്നേഹം ദൈവത്തിന് ഇസ്രായേലിനോടുള്ള സ്നേഹമായി പരിണമിക്കുന്നു. വൈവാഹിക ഐക്യത്തിന്റെ പ്രതിരൂപത്തിൽ ദൈവവും ഇസ്രായേലും തമ്മിലുള്ള ബന്ധം പഴയ ഉടമ്പടിയിൽ പല സ്ഥലത്തും ചിത്രീകരിക്കുന്നത് കാണാം. (ഹോസി. 2, 16-20, ഏശ. 54:5). യോഗാത്മകവ്യാഖ്യാനപ്രകാരം ദൈവവും വിശ്വസ്താത്മാക്കളു(Mystical)മായുള്ള സംഗമത്തെയാണ് ഉത്തമഗീതം ദ്യോതിപ്പിക്കുന്നത്. മരിയൻ വ്യാഖ്യാനമനുസരിച്ച് ദൈവവും ക്രിസ്തുവിന്റെ മൗതിക ശരീരത്തിലെ ഏറ്റവും വിശിഷ്ടാംഗമായ മറിയവും തമ്മിലുള്ള ബന്ധത്തെ സൂചിപ്പി ക്കുന്നു. ഉത്തമഗീതത്തിന് ആദ്യമായി മരിയൻ വ്യാഖ്യാനം നൽ കിയ വ്യക്തിയാണ് റോബർട്ട് ഡ്യൂസി.[30] ദൈവത്തിന് മറിയ ത്തോടും

www.malankaralibrary.com

മറിയത്തിന് ദൈവത്തോടുമുള്ള അനിർവചനീയമായ സ്നേഹമാണ് ഉത്തമഗീതത്തിലെ പൊരുൾ. താഴ്വരകളിലെ ലില്ലി, മുദ്രിതമായ ഉറവ (4 : 12), ഉദ്യാന അരുവി (4: 15), ദന്തഗോപുരം (7 : 4) എന്നിങ്ങനെയുള്ള പേരുകൾ മറിയത്തിൽ ആരോപിക്കുന്നതിന്റെ സാംഗത്യം ഇതാണ്. ദിവ്യവരൻ തന്റെ സ്നേഹഭാജനത്തിൽ വർഷിക്കുന്ന വിശേഷണങ്ങളാണ് അവ. ഉത്തമഗീതത്തിന്റെ മരിയൻ വ്യാഖ്യാനം അതിലെ വധുവിനെ മറിയത്തിന്റെ പ്രതിരൂപമായി കാണുന്നു.

## d. എരിയുന്ന മുൾപ്പടർപ്പ് (പുറ. 3 : 1 – 11)

‘‘മോശ തന്റെ അമ്മായിഅപ്പനും മിദിയാനിലെ പുരോഹിതനുമായ ജത്രോയുടെ ആടുകളെ മേയിച്ചു കഴിയുകയായിരുന്നു. അവൻ മരുഭൂമിയുടെ മറുഭാഗത്തേക്ക് ആടുകളെ നയിക്കവേ ദൈവത്തിന്റെ മലയായ ഹോറെബിൽ എത്തിച്ചേർന്നു. അവിടെ ഒരു മുൾപ്പടർപ്പിന്റെ മദ്ധ്യത്തിൽ നിന്നും ജ്വലിച്ചുയർന്ന അഗ്നിയിൽ കർത്താവിന്റെ ദൂതൻ അവന് പ്രത്യക്ഷപ്പെട്ടു. അവൻ ഉറ്റുനോക്കി. മുൾപ്പടർപ്പ് കത്തി ജ്വലിക്കുകയായിരുന്നെങ്കിലും അത് എരിഞ്ഞ് ചാമ്പലായില്ല. അപ്പോൾ മോശ പറഞ്ഞു: ഈ മഹാദൃശ്യം ഞാൻ അടുത്തു ചെന്നൊന്നു കാണട്ടെ. മുൾപ്പടർപ്പ് എരിഞ്ഞ് ചാമ്പലാകുന്നില്ലല്ലോ. അവൻ അത് കാണുന്നതിന് അടുത്ത് ചെല്ലുന്നത് കർത്താവ് കണ്ടു. മുൾപ്പടർപ്പിന്റെ മദ്ധ്യത്തിൽ നിന്ന് കർത്താവ് അവനെ വിളിച്ചു: ‘മോശേ, മോശേ’. അവൻ വിളികേട്ടു: ‘ഇതാ ഞാൻ!’. അവിടുന്ന് അരുളിചെയ്തു: അടുത്ത് വരരുത്. നിന്റെ ചെരിപ്പ് അഴിച്ചു മാറ്റുക. എന്തെന്നാൽ നീ നിൽക്കുന്ന സ്ഥലം പരിശുദ്ധമാണ്. അവിടുന്ന് തുടർന്നു: ഞാൻ നിന്റെ പിതാക്കന്മാരുടെ ദൈവമാണ്. അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം. മോശ മുഖം മറച്ചു: ദൈവത്തിന്റെ നേരെ നോക്കുവാൻ അവന് ഭയമായിരുന്നു......... (പുറ. 3 : 1 – 11). ഈജിപ്തിലെ ഫറവോയുടെ പിടിയിൽനിന്നും ഇസ്രായേലിനെ വിമോചിപ്പിക്കുവാൻ ദൈവം മോശയെ ചുമതലപ്പെടുത്തി. ഹോറെബ് മലയിൽ കാണപ്പെട്ട എരിയുന്ന മുൾപ്പടർപ്പ് മറിയത്തിന്റെ സാദൃശ്യമായി കാണുന്നു. മുൾപ്പടർപ്പിനു മദ്ധ്യേ ദൈവമുണ്ടാ

www.malankaralibrary.com

യിരുന്നതുപോലെ മറിയത്തിന്റെ ഉദരത്തിൽ ക്രിസ്തു ജാതനായി. എരിഞ്ഞിരുന്നെങ്കിലും ആ മുൾപ്പടർപ്പ് കത്തി നശിച്ചിരുന്നില്ല. അതുപോലെയാണ് കന്യാത്വത്തിന് ഭംഗം വരാതെ മറിയം ഈശോയ്ക്ക് ജന്മം കൊടുത്തത്.[31] വിശുദ്ധ ബർണാർഡ് ചോദിക്കുന്നു: "അഗ്നിജ്വാലകളാൽ ആവൃതമായിട്ടും എരിഞ്ഞു പോകാതെ നിൽക്കുന്ന മുൾപ്പടർപ്പ് പ്രസവവേദനയില്ലാതെ പ്രസവിക്കുന്ന മറിയത്തെ അല്ലാതെ മറ്റാരെയാണ് സൂചിപ്പിക്കുക. "ഓ അമ്മേ, മോശ കണ്ട അഗ്നിക്കിരയാകാത്ത മുൾപ്പടർപ്പ് അങ്ങയുടെ ശ്ലാഘനീയമായ കന്യാത്വമായി ഞങ്ങൾ മനസ്സിലാക്കുന്നു. അങ്ങ് ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ."[32] മലങ്കര സഭയുടെ ശ്ഹീമ്മോ നമസ്കാരത്തിൽ ശനിയാഴ്ചയിലെ സന്ധ്യാ പ്രാർത്ഥനയിൽ നാം ഇപ്രകാരം ചൊല്ലുന്നു:

> "കന്യകമറിയാമുൾപ്പൂകി നിവസിച്ചാൻ ദൈവ തനൂജൻ
> തീജ്വാലകളവളേറ്റില്ല
> മുൾമരമെരിയാതെരിതീയിൽ മൂശാനിബിമലമേൽ ദർശി-
> ച്ചതുതാനവൾ സാദൃശ്യമഹോ"

ഇതിൽനിന്നെല്ലാം എരിയുന്ന മുൾപ്പടർപ്പിനെ മാതാവിന്റെ പ്രതിരൂപമായി നമുക്ക് കാണാം.

### e. മേഘങ്ങളിലെ മഴവില്ല് (ഉൽപ. 8 : 21-29)

"ആ ഹൃദ്യമായ ഗന്ധം ആസ്വദിച്ചപ്പോൾ കർത്താവ് പ്രസാദിച്ചരുളി: മനുഷ്യൻ കാരണം ഭൂമിയെ ഞാൻ ഒരിക്കലും ശപിക്കുകയില്ല. എന്തെന്നാൽ തുടക്കം മുതലേ അവന്റെ അന്തരംഗം തിന്മയിലേക്ക് ചാഞ്ഞിരിക്കുകയാണ്. ഇപ്പോൾ ചെയ്തതുപോലെ ജീവജാലങ്ങളെയെല്ലാം ഇനി ഒരിക്കലും ഞാൻ നശിപ്പിക്കുകയില്ല" (ഉൽപ. 8 : 21). പേടകത്തിൽനിന്നും പുറത്തുവന്ന നോഹ ഒരു ബലിപീഠം നിർമ്മിച്ച് ദൈവത്തിന് ബലികളർപ്പിച്ചു. അപ്പോൾ മേലിൽ മറ്റൊരു ജലപ്രളയം വഴി മനുഷ്യവംശത്തെ നശിപ്പിക്കുകയില്ലെന്ന് ദൈവം അവിടുത്തെ മനസ്സിൽ പറഞ്ഞു. "നിങ്ങളോടും നിങ്ങളുടെ സന്തതികളോടും ഞാൻ ഇതാ ഒരു ഉടമ്പടി ചെയ്യുന്നു. അതോടൊപ്പം നിന്റെ കൂടെ പെട്ടകത്തിൽനിന്ന് പുറത്തുവന്ന ജീവനുള്ള സകലതിനോടും. പക്ഷികൾ, കന്നുകാലികൾ, കാട്ടുജന്തുക്കൾ എന്നിവയോടും

www.malankaralibrary.com

നിങ്ങളുമായുള്ള എന്റെ ഉടമ്പടി ഞാൻ ഉറപ്പിക്കുന്നു ഇനി ഒരിക്കലും വെള്ളപ്പൊക്കംകൊണ്ട് ജീവജാലങ്ങളെല്ലാം നശിക്കാൻ ഇടവരുത്തുകയില്ല. ഭൂമിയെ നശിപ്പിക്കാൻ ഇനി ഒരു വെള്ളപ്പൊക്കം ഉണ്ടാവുകയില്ല" (ഉൽപ. 9: 9 - 11). കൂടാതെ നോഹയുമായി താൻ ഒരു ഉടമ്പടി സ്ഥാപിക്കുമെന്നും ദൈവം നോഹയോട് അരുളിചെയ്തു. "എന്റെ ഉടമ്പടിയുടെ അടയാളം ഇതാണ് ഭൂമിയുമായുള്ള ഉടമ്പടിയുടെ അടയാളമായി മേഘങ്ങളിൽ എന്റെ വില്ല് ഞാൻ സ്ഥാപിക്കുന്നു. ............ (ഉൽപ. 9: 13-16). ആ ഉടമ്പടിയുടെ അടയാളമായി ദൈവം മേഘങ്ങളിൽ മഴവില്ല് ഉണ്ടാക്കി. മേഘത്തിന്റെ സാന്നിദ്ധ്യം പേമാരിയുടെ അന്ത്യത്തെയും നല്ല കാലാവസ്ഥയുടെ ആരംഭത്തെയും കുറിക്കുന്നു. ഭൂമിയിൽ മറിയത്തിന്റെ പ്രത്യക്ഷപ്പെടൽ വിളിച്ചറിയിക്കുന്നത് നിത്യമായ സമാധാന കാലഘട്ടത്തിന്റെ പൊൻപുലരി അത്രേ. മഴവില്ല് സാധാരണയായി സ്വർഗത്തേയും ഭൂമിയേയും ബന്ധിക്കുന്നു. മറിയത്തെക്കുറിച്ചും പറയാം, അവൾ ദൈവത്തെയും മനുഷ്യനേയും ഐക്യപ്പെടുത്തുന്നു എന്ന്. മനുഷ്യാവതാരം - ദൈവത്തിന്റെ മനുഷ്യരൂപം ധരിക്കൽ - സംഭവിച്ചത് മറിയത്തിന്റെ ഉദരത്തിലാണല്ലോ. ഇതിൽ നിന്നെല്ലാം മേഘങ്ങളിലെ മഴവില്ല് മാതാവിന്റെ പ്രതിരൂപമായി കണക്കാക്കാം.

### f. യാക്കോബിന്റെ ഗോവണി (ഉൽപ. 28 : 10-17)

"യാക്കോബ് ബേർഷബായിൽനിന്ന് ഹാരാനിലേക്ക് പുറപ്പെട്ടു. സൂര്യൻ അസ്തമിച്ചപ്പോൾ അവൻ വഴിക്കൊരിടത്ത് തങ്ങുകയും രാത്രി അവിടെ ചെലവഴിക്കുകയും ചെയ്തു. ഒരു കല്ലെടുത്ത് തലയ്ക്ക് കീഴെവച്ച് അവൻ ഉറങ്ങാൻ കിടന്നു. അവന് ദർശനമുണ്ടായി. ഭൂമിയിൽ ഉറപ്പിച്ചിരുന്ന ഒരു ഗോവണി; അതിന്റെ അറ്റം ആകാശത്ത് മുട്ടിയിരുന്നു. ദൈവദൂതന്മാർ അതിലൂടെ കയറുകയും ഇറങ്ങുകയും ചെയ്തുകൊണ്ടിരുന്നു. ഗോവണിയുടെ മുകളിൽ നിന്നുകൊണ്ട് കർത്താവ് അരുളിചെയ്തു: 'ഞാൻ നിന്റെ പിതാവായ അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും ദൈവമായ കർത്താവാണ്.......' അവൻ പറഞ്ഞു: തീർച്ചയായും കർത്താവ് ഈ സ്ഥലത്തുണ്ട് എന്നാൽ ഞാൻ

www.malankaralibrary.com

അറിഞ്ഞില്ല. ഭീതി പൂണ്ട് അവൻ പറഞ്ഞു ഈ സ്ഥലം എത്ര ഭയാനകമാണ്! ഇത് ദൈവത്തിന്റെ ഭവനമല്ലാതെ മറ്റൊന്നുമല്ല. സ്വർഗത്തിന്റെ കവാടമാണിവിടെ" (ഉൽപ. 28 : 10-17).

യാക്കോബ് ദർശിച്ച ഗോവണി സ്വർഗ്ഗത്തേയും ഭൂമിയേയും ഒന്നിപ്പിക്കുന്നു. ആ ഗോവണി മറിയത്തെയാണ് സൂചിപ്പിക്കുന്നത്. കാരണം ഒരേ സമയത്ത് അവൾ ഒരു സാധാരണ സൃഷ്ടിയും, സാധാരണ സൃഷ്ടിയേക്കാൾ മഹത്തരവുമാണ്. കാരണം അവൾ സൃഷ്ടാവിന്റെ മാതാവത്രേ. മറിയം അദൃശ്യമായ സ്വർഗത്തെ ദൃശ്യമായ ഭൂമിയുമായി യോജിപ്പിച്ചു. ഉന്നതങ്ങളിലേക്ക് ആവശ്യാനുസരണം ഗോവണിയുടെ സഹായത്തോടെ കയറുക എളുപ്പമാണ്. സ്വർഗപ്രാപ്തിക്ക് ക്രിസ്ത്യാനികളെ സഹായിക്കാൻ ഒരു ഗോവണിപോലെ മറിയത്തിന് കഴിയുമെന്ന് ക്രൈസ്തവഭക്തി പഠിപ്പിക്കുന്നു. ഇതിൽ നിന്നെല്ലാം യാക്കോബിന്റെ ഗോവണി മാതാവിന്റെ പ്രതിരൂപമാണെന്ന് നമുക്ക് മനസ്സിലാക്കാം.

### g. പൂട്ടപ്പെട്ട വാതിൽ (എസെ. 44 : 2)

"കർത്താവ് എന്നോട് അരുളിച്ചെയ്തു: ഈ പടിപ്പുര എപ്പോഴും അടച്ചിരിക്കും, അത് തുറക്കപ്പെടുകയില്ല. ആരും അതിലൂടെ പ്രവേശിക്കുകയുമില്ല. എന്തെന്നാൽ ഇസ്രായേലിന്റെ ദൈവമായ കർത്താവ് അതിലൂടെ പ്രവേശിച്ചിരിക്കുന്നു; അതുകൊണ്ട് അത് അടഞ്ഞു കിടക്കണം" (എസെ. 44 : 2). എസെക്കിയേൽ പ്രവാചകൻ ഒരു ദർശനത്തിൽ പൂട്ടപ്പെട്ട ഒരു വാതിൽ കണ്ടു. സ്വർഗീയ ജറുസലേം നഗരത്തിന്റെ ഈ പടിവാതിൽ കന്യകാമാതാവിന്റെ പ്രതിരൂപമാണെന്ന് സഭാപിതാക്കന്മാർ മനസ്സിലാക്കി. വിശുദ്ധ അംബ്രോസ് ചോദിച്ചു. "ഈ വാതിൽ മറിയാമല്ലാതെ മറ്റാരാണ്? അത് അടയ്ക്കപ്പെട്ടിരിക്കുകയാണ് - കാരണം അവൾ കന്യക അത്രേ."[33] പുരാതനമായ ഒരു ആരാധനക്രമത്തിൽ എസെക്കിയേലിന് ഉണ്ടായ പ്രസ്തുത ദർശനത്തിന്റെ അർത്ഥം ഇപ്രകാരം വിവരിച്ചിരിക്കുന്നു. വളരെക്കാലത്തിനുമുമ്പ് എസെക്കിയേലിന് ഒരു ദർശനമുണ്ടായി അദ്ദേഹം തന്റെ ദർശനം ഇങ്ങനെ വർണിക്കുന്നു: "ഞാൻ പൂട്ടപ്പെട്ട ഒരു പടിവാതിൽ കണ്ടു.

www.malankaralibrary.com

കണ്ടാലും, എല്ലാ യുഗങ്ങൾക്കുംമുമ്പ് ദൈവമായിരുന്നവൻ ലോകരക്ഷയ്ക്കുവേണ്ടി അതിലൂടെ പുറപ്പെട്ടു വന്നു. അനന്തരം അത് വീണ്ടും അടയ്ക്കപ്പെട്ടു. ഇത് പരിശുദ്ധ കന്യകയെയാണ് സൂചിപ്പിക്കുന്നത്. കാരണം ശിശുവിനെ പ്രസവിച്ചശേഷവും അവൾ കന്യകയായി തുടർന്നു." മലങ്കരസഭയുടെ ശ്ഹീമ്മോ നമസ്കാരത്തിൽ ചൊവ്വാഴ്ചയിലെ രാത്രി പ്രാർത്ഥനയിൽ ഒന്നാം കൗമായിൽ നാം ഇപ്രകാരം ചൊല്ലുന്നു:

"കന്യകമറിയാമേ മോശ മുൾച്ചെടിയാലും
ബന്ധിതമായ കവാടത്താൽ ഹസ്ക്കിയേൽ താനും
ഉപമിച്ചതിനുൾ നാഥൻ താൻ പൂകിയപോലെ
വചനേശൻ ജഡമേൽക്കാനും നിന്നിൽ തിരുവുളമായ്."

ഇതിൽനിന്നെല്ലാം എസെക്കിയേലിന്റെ ദർശനത്തിലെ പൂട്ടപ്പെട്ട വാതിൽ മാതാവിന്റെ പ്രതിരൂപമാണെന്ന് മനസ്സിലാക്കാം.

### h. സോളമന്റെ ദൈവാലയം (1 രാജാ. 6 : 2)

"സോളമൻ കർത്താവിന് വേണ്ടി പണിയിച്ച ഭവനത്തിന് അറുപതുമുഴം നീളവും ഇരുപതു മുഴം വീതിയും മുപ്പതു മുഴം ഉയരവും ഉണ്ടായിരുന്നു" (1 രാജാ. 6 : 2). ഒരു ദൈവാലയം നിർമ്മിക്കണമെന്ന ആശയം ആദ്യം ഉദിച്ചത് ദാവീദിനാണ്. അതിനായി മോറിയാ മലയിൽ അദ്ദേഹം കുറേ ഭൂമി വാങ്ങി. ഈ മഹത്തായ ദൗത്യനിർവഹണത്തിന് സോളമനാണ് നിയുക്തനായത്. ഭംഗിയിലും ഗാംഭീര്യത്തിലും പ്രസ്തുത ദൈവാലയം മികച്ചു നിന്നു. "ദൈവഭവനം മഹത്തായിരിക്കണമെന്ന് സോളമൻ ശഠിച്ചു. കാരണം അവിടുന്ന് മഹാനാണ്; മറ്റ് ദേവൻമാരേക്കാൾ ഉന്നതനുമാണ്. അവിടുത്തേക്ക് യോഗ്യമായ ഒരാലയം പണിയാൻ ആർക്കും സാധ്യമല്ല. ഭൂമിയും ആകാശവും അവിടുത്തെ മുഴുവനായും ഉൾക്കൊള്ളുവാൻ അശക്തമത്രേ". തന്റെ വാഴ്ചയുടെ ആരംഭം മുതൽക്കേ സോളമൻ ദൈവാലയ നിർമ്മിതി തുടങ്ങി. മൗതിക ദേവാലയമായ മറിയത്തെ തന്റെ മകന് യോജിച്ച വാസസ്ഥലമായി യുഗങ്ങൾക്കെല്ലാം മുമ്പു തന്നെ ദൈവം ഒരുക്കി. സോളമന്റെ ദൈവാലയം മാതാവിന്റെ പ്രതിരൂപമായി നിലകൊള്ളുന്നു.

www.malankaralibrary.com

## i. നോഹിന്റെ പേടകം (ഉൽപ. 6)

"ഗോഫേർ മരംകൊണ്ട് നീ ഒരു പെട്ടകം ഉണ്ടാക്കുക. അതിൽ മുറികൾ തിരിക്കുക. അതിന്റെ അകത്തും പുറത്തും കീൽ തേയ്ക്കുക. ഇങ്ങനെയാണ് അത് ഉണ്ടാക്കേണ്ടത്: മുന്നൂറുമുഴം നീളം, അമ്പത് മുഴം വീതി, മുപ്പത് മുഴം ഉയരം....." ദൈവം കൽപ്പിച്ചതുപോലെ തന്നെ നോഹ പ്രവർത്തിച്ചു (ഉൽപ. 6:13-22). സാർവത്രികമായ ജലപ്രളയത്തിൽനിന്നും മനുഷ്യ വംശത്തെ ഉദ്ധരിക്കുക എന്ന ലക്ഷ്യത്തോടെ ദൈവം സംവി ധാനം ചെയ്തതാണ് നോഹിന്റെ പേടകം. നോഹിന്റെ പേടകവും അതിലെ അന്തേവാസികളും ഒഴികെ സർവതിനേയും ജലപ്രളയം നശിപ്പിച്ചു. നോഹയും കുടുംബവും ജലപ്രളയത്തെ അതി ജീവിച്ചു. അവർ വഴി മനുഷ്യവംശവും.

"ദൈവകൃപ നിറഞ്ഞവളേ! സ്വസ്തി, കർത്താവ് നിന്നോടുകൂടെ" (ലൂക്കാ 1 : 28). പ്രസാദവര പൂരിതയായ മറിയം ഒഴികെ ലോകം മുഴുവനും, ലോക പാപത്തിന്റെ സ്വാധീനത്തിൽ വീണിരിക്കുന്നു എന്ന് വിശുദ്ധ ഗ്രന്ഥം സാക്ഷിക്കുന്നു. "യേശുക്രിസ്തുവിലുള്ള വിശ്വാസം വഴി വിശ്വാസികൾ വാഗ്ദാനം പ്രാപിക്കേണ്ടതിന് എല്ലാവരും പാപത്തിന് അധീനരാണെന്ന് വിശുദ്ധ ഗ്രന്ഥം പ്രഖ്യാപിച്ചു" (ഗലാ. 3 : 22). മറിയമാകുന്ന പേടകം അവളുടെ ഉള്ളിൽ രക്ഷകനെ സംവഹിച്ചു. പാപവും പാപത്തിന്റെ ശിക്ഷയുമായ ജലപ്രളയത്തിന് മറിയത്തെയും അവളുടെ ദൈവികസുതനെയും അപായപ്പെടു ത്താൻ കഴിഞ്ഞില്ല. മനുഷ്യവംശത്തെ രക്ഷിച്ച പുതിയ നോഹയായ യേശുവിനെ മറിയമാകുന്ന പേടകം പ്രദാനം ചെയ്തു. ഇതിൽ നിന്നെല്ലാം നോഹിന്റെ പേടകം മാതാവിന്റെ പ്രതിരൂപമായി കാണുന്നു.

## j. വാഗ്ദാന പേടകം (പുറ. 25: 10-16)

"കരുവേല മരംകൊണ്ട് ഒരു പേടകം നിർമ്മിക്കണം. അതിന് രണ്ടുമുഴം നീളവും, ഒന്നരമുഴം വീതിയും, ഒന്നരമുഴം ഉയരവും ഉണ്ടായിരിക്കണം. ശുദ്ധിചെയ്ത സ്വർണം കൊണ്ടു അതിന്റെ അകവും പുറവും പൊതിയണം. അതിനുമീതെ ചുറ്റും

www.malankaralibrary.com

സ്വർണ്ണം കൊണ്ടുള്ള ഒരു അരികുപാളി ഉറപ്പിക്കണം.........." (പുറ. 25: 10-16). പത്തുപ്രമാണങ്ങൾ അടങ്ങിയ രണ്ടു കല്പലകകൾ സൂക്ഷിക്കുവാൻ ഒരു പേടകം നിർമ്മിക്കുവാൻ ദൈവം മോശയോടാജ്ഞാപിച്ചു. "ബാസലേൽ കരുവേലക തടികൊണ്ട് പേടകം ഉണ്ടാക്കി......." (പുറ. 37 : 1 ff). "ദൈവാജ്ഞാനുസരണം മോശ പേടകം ഉണ്ടാക്കി. കർത്താവ് മോശയോട് കല്പിച്ചതുപോലെ അഹറോൻ അത് സാക്ഷ്യപേടകത്തിനു മുമ്പിൽ സൂക്ഷിച്ചു വെച്ചു" (പുറ. 16 : 34). "അവരുടെ പിറുപിറുപ്പ് അവസാനിപ്പിക്കുന്നതിനും അവർ മരിക്കാതിരിക്കുന്നതിനും കലഹക്കാർക്ക് ഒരടയാളമായി സൂക്ഷിക്കുന്നതിനുമായി അഹറോന്റെ വടി സാക്ഷ്യ പേടകത്തിനു മുന്നിൽ വയ്ക്കുക" (സംഖ്യ 17 : 10). നിയമപ്പലകകൾ, മന്ന സൂക്ഷിച്ചിരുന്ന കനകപ്പാത്രം, അതിശയകരമായി പുഷ്പിച്ചിരുന്ന അഹറോന്റെ വടി എന്നിവ പേടകത്തിൽ വയ്ക്കാൻ മോശ കല്പിച്ചു. ദൈവികസംരക്ഷണത്തിന്റെ അച്ചാരമായിരുന്നു, വാഗ്ദാന പേടകം. അതിന്റെ സാന്നിദ്ധ്യത്തിൽ സർവതും മംഗളകരമായി രുന്നു. അതിന്റെ അഭാവത്തോടെ നാശത്തെ ക്ഷണിച്ചു വരുത്തി. "ജോഷ്വാ അതിരാവിലെ എഴുന്നേറ്റ് സകല ഇസ്രായേല്യരോടും കൂടെ ഷിത്തീമിൽ നിന്ന് പുറപ്പെട്ടു ജോർദ്ദാൻ നദിക്കരികെ എത്തി. മറുകര കടക്കാൻ സൗകര്യം പാർത്ത് അവിടെ കൂടാരമടിച്ചു. മൂന്ന് ദിവസം കഴിഞ്ഞ് പ്രമാണികൾ പാളയത്തിലൂടെ നടന്ന് ജനത്തോട് കല്പിച്ചു. ലേവ്യ പുരോഹിതന്മാർ നിങ്ങളുടെ ദൈവമായ കർത്താവിന്റെ വാഗ്ദാന പേടകം സംവഹിക്കുന്നതു കാണുമ്പോൾ നിങ്ങൾ അവരെ അനുഗമിക്കുവിൻ (ജോഷ്വ 3 : 1-4). തിരഞ്ഞെടുക്കപ്പെട്ട ജനത്തിന് ജോർദാൻ നദി കടക്കുവാനും ജറീക്കോയുടെ മതിലുകൾ നിലംപതിക്കുവാനും അതിന്റെ സാന്നിദ്ധ്യം കാരണമായി. ഇസ്രായേൽജനം പാലസ്തീനായിൽ താമസമാക്കിയതിനുശേഷം പേടകം സ്ഥിരമായി ആദ്യം സീലോ യിലും പിന്നീട് സിയോണിൽ ജറുസലേം ദൈവാലയത്തിലും പ്രതിഷ്ഠിച്ചു. ബി.സി. 587 ൽ ജറുസലേം ദേവാലയം നശിപ്പിക്ക പ്പെട്ടു. അതുവരെ ആ പേടകം അവിടെ സൂക്ഷിക്കപ്പെട്ടിരുന്നു.

യേശു അവരോടു പറഞ്ഞു: "ഞാനാണ് ജീവന്റെ അപ്പം, ഞാൻ ജീവന്റെ അപ്പമാണ്" (യോഹ. 6 : 48). "ഇത് സ്വർഗത്തിൽ

www.malankaralibrary.com

നിന്ന് ഇറങ്ങിവന്ന അപ്പമാണ്" (യോഹ. 6 : 58). നിയമദാതാവായ കർത്താവിനെ മന്ന സൂചിപ്പിച്ചു. സ്വർഗത്തിൽ നിന്നിറങ്ങി വന്ന ജീവനുള്ള അപ്പം യേശുവാണെന്ന് യോഹന്നാന്റെ സുവിശേഷം 6-ാം അദ്ധ്യായത്തിൽ പലയിടത്തും നമുക്ക് കാണാൻ സാധിക്കും. അതിനാൽ മുകളിൽ പറഞ്ഞ വാഗ്ദാന പേടകത്തെ മറിയത്തിന്റെ സാദൃശ്യമായി കരുതാം. അഹറോന്റെ വടി മുൻകൂട്ടി ചിത്രീകരിച്ച നിത്യപൗരോഹിത്യ സ്ഥാപകനെ മറിയം അവളുടെ ഉദരത്തിൽ ഉൾക്കൊണ്ടു. അനശ്വരമായ മരം കൊണ്ടാണ് പേടകം പണിതീർത്തത്. മറിയത്തിന്റെ ശരീരവും അഴിച്ചിലിന് വിധേയമായില്ല എന്നത്രേ ക്രൈസ്തവ പാരമ്പര്യവും വിശ്വാസവും. പേടകം ഇസ്രായേലിന്റെ മഹത്ത്വമായിരുന്നു. ദൈവം പ്രസ്തുത പേടകത്തിൽ വസിക്കുകയും അതിൽ നിന്നും വെളിപാടുകളും പ്രവചനങ്ങളും ഇസ്രായേൽക്കാർക്ക് നൽകുകയും ചെയ്തു. മറിയം സഭയുടെ അഭിമാനമത്രേ. മലങ്കര സഭയിൽ ഉപയോഗിക്കുന്ന മാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയിൽ നാം ഇപ്രകാരം ചൊല്ലുന്നു:

"മന്നാ നിക്ഷേപിത ചെപ്പും
തളിർത്തോരഹറോൻ തൻ വടിയും
ഉൾക്കൊണ്ടോരു നിയമപ്പെട്ടി
സ്ലേമോൻ തന്നൂറുമാലുമിവ

നിൻ സാമ്യം ദൈവജനനീ
അസ്പഷ്ടം നിബിയൻമാരും
സസ്പഷ്ടം ശ്ലീഹൻമാരും
നിൻ സുതരഹസ്യം കാണിച്ചു."

ഇതിൽനിന്നെല്ലാം വാഗ്ദാന പേടകം മറിയത്തിന്റെ പ്രതിരൂപമായി കണക്കാക്കാം.

### k. ഭൗമിക പറുദീസ (ഉൽപ. 2 : 8-15)

"അവിടുന്ന് കിഴക്ക് ഏദനിൽ ഒരു തോട്ടമുണ്ടാക്കി. താൻ രൂപം കൊടുത്ത മനുഷ്യനെ അവിടെ താമസിപ്പിച്ചു .......... ഏദൻതോട്ടം കൃഷി ചെയ്യുവാനും സംരക്ഷിക്കുവാനും ദൈവമായ കർത്താവ് മനുഷ്യനെ അവിടെയാക്കി" (ഉൽപ. 2:

www.malankaralibrary.com

8-15). ആദത്തിനും ഹവ്വായ്ക്കും പാർക്കുവാൻ ദൈവം തയാറാക്കിയ സ്ഥലമാണ് പറുദീസ. ആദിമാതാപിതാക്കളെ വലയം ചെയ്തിരുന്ന ദൈവവരപ്രസാദ അവസ്ഥയാണത്. അവിടെ അവർക്ക് എല്ലാം സമൃദ്ധമായി ഉണ്ടായിരുന്നു. തന്റെ ഏകജാതന്റെ മനുഷ്യാവതാരത്തിന് ദൈവം തിരഞ്ഞെടുത്ത മനോഹരമായ പാർപ്പിടമാണ് മറിയം. ഭൗമിക പറുദീസായിലെ പുഷ്പഫലമൂലാദികൾ സൂചിപ്പിക്കുന്നത് പരിശുദ്ധാരൂപിയുടെ ദാനങ്ങളായി മറിയത്തിൽ പരിലസിച്ചിരുന്ന നിരവധി സദ്ഗുണങ്ങളേയും, അനുഗ്രഹങ്ങളേയുമാണ്. അതിനാൽ ''മനുഷ്യാവതാരത്തിന്റെ പറുദീസാ'' എന്ന് മറിയത്തെ ന്യായമായും വിളിക്കാം.

## l. വേലികെട്ടി അടയ്ക്കപ്പെട്ട പൂന്തോട്ടം (ഉത്തമ. 4:12)

"അടച്ചു പൂട്ടിയ ഉദ്യാനമാണ് എന്റെ സോദരി; എന്റെ മണവാട്ടി അടച്ച ഉദ്യാനമാണ്, മുദ്രവെച്ച നീരുറവ. മാതളത്തോട്ടം നിന്നിൽ വളരുന്നു; അത് വിശിഷ്ട ഫലം പുറപ്പെടുവിക്കുന്നു" (ഉത്തമ. 4 :12). ഉത്തമഗീതത്തിലെ 'വേലികെട്ടി അടയ്ക്കപ്പെട്ട പൂന്തോട്ട' മാണ് കന്യകയായ മറിയത്തിന്റെ വേറൊരു പ്രതിരൂപം. "ബന്ധിക്കപ്പെടുകയും മുദ്ര വയ്ക്കപ്പെടുകയും ചെയ്തിട്ടുള്ളതിനാൽ അവ (ആരാമവും ഉറവയും) കന്യകയും മാതാവുമായ ദൈവമാതാവിനോടു സാദൃശ്യം വഹിക്കുന്നു"[34] എന്നത്രേ ഉദ്ധിത വാക്യത്തിന് വിശുദ്ധ ജറോം നൽകുന്ന വ്യാഖ്യാനം.

## m. ഗിദയോന്റെ രോമക്കെട്ട് (ന്യായാ. 6:37-40)

"അപ്പോൾ ഗിദയോൻ ദൈവത്തോട് ചോദിച്ചു അങ്ങു പറഞ്ഞതുപോലെ ഇസ്രായേലിനെ എന്റെ കൈയ്യാൽ അങ്ങ് വീണ്ടെടുക്കുമെങ്കിൽ ഇതാ ആട്ടിൻ രോമം കൊണ്ടുള്ള ഒരു വസ്ത്രം ഞാൻ കളത്തിൽ വിരിക്കുന്നു. അതിൽമാത്രം മഞ്ഞ് കാണപ്പെടുകയും കളം മുഴുവൻ ഉണങ്ങിയിരിക്കുകയും ചെയ്താൽ, അങ്ങ് പറഞ്ഞതുപോലെ എന്റെ കൈകൊണ്ട് ഇസ്രായേലിനെ അങ്ങ് വീണ്ടെടുക്കുമെന്ന് ഞാൻ മനസ്സിലാക്കും. അങ്ങനെ തന്നെ സംഭവിച്ചു. അതിരാവിലെ അവൻ എഴുന്നേറ്റ് വസ്ത്രം പിഴിഞ്ഞ് ഒരു പാത്രം നിറയെ വെള്ളം എടുത്തു......"

www.malankaralibrary.com

(ന്യായാ. 6 : 37-40). ഗിദയോന്റെ ആട്ടിൻ രോമമായി വ്യഖ്യാനിക്കപ്പെടുന്നു, കന്യകയുടെ മറ്റൊരു പ്രതീകം. മാരിബിന്ദു ആട്ടിൻ രോമത്തിൽ മൃദുലമായി നിപതിക്കുന്നതുപോലെ അവിടുന്ന് ആകാശത്തുനിന്ന് ഇറങ്ങി വരുമെന്ന് 71-ാം സങ്കീർത്തനത്തിലും കാണുന്നു. റോമൻ ലിറ്റർജി ഇതൊരു പ്രവചനമായി സ്വീകരിച്ചുകൊണ്ട് ഇപ്രകാരം ഉദ്ഘോഷിക്കുന്നു: "അങ്ങ് അനിർവചനീയമാം വിധം കന്യകയിൽനിന്ന് പിറന്നപ്പോൾ, ആകാശത്തുനിന്ന് ജലകണം പോലെ ആട്ടിൻ രോമത്തിലേക്ക് ഇറങ്ങിവരുമെന്ന് വേദഭാഗങ്ങളിൽ പറഞ്ഞിരിക്കുന്നത് നിറവേറി." ശ്ഹീമ്മോ പ്രാർത്ഥനയിൽ ബുധൻ മെനഓലം മൂന്നാം മണിയിൽ ഇപ്രകാരം ചൊല്ലുന്നു:

"ഏലീശാ തൻ നവകുംഭം
ഗിദയോൻ കമ്പിളി പനിമഞ്ഞും പാവനകന്യേ
നിൻ സാദൃശ്യമതായ്."

## n. അഹറോന്റെ തളിർത്തവടി (സംഖ്യ 17 : 2-9)

"ഗോത്രത്തിന് ഒന്നുവീതം എല്ലാ ഗോത്ര നേതാക്കൻ മാരിലുംനിന്ന് പന്ത്രണ്ടു വടി വാങ്ങി ഓരോന്നിലും പേരെഴുതുക. ലേവിഗോത്രത്തിന്റെ വടിയിൽ അഹറോന്റെ പേരെഴുതുക. കാരണം ഓരോ ഗോത്രത്തലവനും ഓരോ വടി ഉണ്ടായിരിക്കണം. സമാഗമകൂടാരത്തിൽ ഞാൻ നിങ്ങൾക്ക് ദർശനം അനുവദിക്കുന്ന സാക്ഷ്യ പേടകത്തിനു മുമ്പിൽ നീ അവ വയ്ക്കണം. ഞാൻ തിരഞ്ഞെടുക്കുന്നവന്റെ വടി തളിർക്കും............ സാക്ഷ്യകൂടാരത്തിൽ കർത്താവിന്റെ മുമ്പിൽ മോശ വടികൾ വച്ചു. പിറ്റേദിവസം മോശ സാക്ഷ്യകൂടാരത്തിലേക്ക് ചെന്നു. ലേവി കുടുംബത്തിനു വേണ്ടിയുള്ള അഹറോന്റെ വടി മുളപൊട്ടി പൂത്തുതളിർത്ത് ബദാം പഴങ്ങൾ കായിച്ചു നിന്നു" (സംഖ്യ 17 : 2-9). അഹറോന്റെ ദണ്ഡ് പ്രകൃതി നിയമങ്ങൾക്ക് വിപരീതമായി പുഷ്പിച്ചത് വലിയൊരത്ഭുതമായിരുന്നു. ശ്രീകോവിലിന്റെ ഉള്ളിൽ വാഗ്ദാന പേടകത്തിനു സമീപം യഹൂദർ സൂക്ഷിച്ചു വണങ്ങിയിരുന്ന ആ ദണ്ഡ് കന്യകമറിയത്തിന്റെ അതി സുന്ദരമായ ഒരു പ്രതീകമത്രേ. മണ്ണിനെ സ്പർശിക്കാതെ

www.malankaralibrary.com

പുഷ്പിതമായ ആ വടി, പുരുഷസ്പർശനമേൽക്കാതെ ഗർഭവതിയായ മറിയത്തെ സൂചിപ്പിക്കുന്നു എന്നാണ് വിശുദ്ധ ബർണാർദിന്റെ അഭിപ്രായം. സീറോ മലങ്കര സഭയിലെ ശ്ഹീമ്മോ പ്രാർത്ഥനയിൽ വ്യാഴം ഉച്ചയ്ക്ക് ഇപ്രകാരം ചൊല്ലുന്നു.

"കന്യക മറിയാമിൽ നിബിയർ
രഹസ്യമതെല്ലാം നിറവേറി
മുൾച്ചെടി മന്നായും ചെപ്പും
തളിർത്തൊരഹറോൻ തൻ വടിയും..........".

**O. എസക്കിയേൽ കണ്ട രഥം (എസെ. 1:4-28)**

"ഞാൻ നോക്കി. ഇതാ വടക്കുനിന്ന് ഒരു കൊടുങ്കാറ്റ് പുറപ്പെടുന്നു. ഒരു വലിയ മേഘവും അതിന്റെ ചുറ്റും പ്രകാശം പരത്തി ജ്വലിക്കുന്ന തീയും തീയുടെ നടുവിൽ മിന്നി തിളങ്ങുന്ന വെള്ളോടു പോലെ എന്തോ ഒന്നും. നാലുജീവികളുടെ രൂപങ്ങൾ അതിന്റെ മദ്ധ്യത്തിൽ പ്രത്യക്ഷപ്പെട്ടു. അവയ്ക്ക് മനുഷ്യരുടെ ആകൃതിയായിരുന്നു. എന്നാൽ ഓരോന്നിനും നാല് മുഖങ്ങളും, നാലു ചിറകുകളും ഉണ്ടായിരുന്നു. അവയുടെ കാലുകൾ നിവർന്നതും, കാലടികൾ കാളക്കുട്ടിയുടെ കുളമ്പുപോലെ ഉള്ളവയുമായിരുന്നു. തേച്ചുമിനുക്കിയ ഓടുപോലെ അവ തിളങ്ങി. അവയുടെ നാല് വശത്തും ചിറകുകൾക്കു കീഴിൽ മനുഷ്യകരങ്ങൾ ഉണ്ടായിരുന്നു. നാലിനും മുഖങ്ങളും ചിറകുകളും ഉണ്ടായിരുന്നു. അവയുടെ ചിറകുകൾ പരസ്പരം സ്പർശിച്ചിരുന്നു. ഓരോന്നും ഇടംവലം തിരിയാതെ നേരെ മുമ്പോട്ടു നീങ്ങിയിരുന്നു. അവയുടെ മുഖങ്ങൾ ഇപ്രകാരമായിരുന്നു. നാലിനും മുൻ ഭാഗത്ത് മനുഷ്യന്റെ മുഖം; വലതുവശത്ത് സിംഹത്തിന്റെ മുഖം; ഇടതു വശത്ത് കാളയുടെ മുഖം; പിൻഭാഗത്ത് കഴുകന്റെ മുഖം. അവയുടെ മുഖങ്ങൾ അങ്ങനെ. ചിറകുകൾ മേലോട്ട് വിരിച്ചിരിക്കുന്നു. ഓരോ ജീവിക്കും അടുത്തുനിൽക്കുന്ന ജീവിയുടെ ചിറകുകളെ സ്പർശിക്കുന്ന ഈരണ്ടു ചിറകുകളും, ശരീരം മറയ്ക്കുന്ന ഈരണ്ടു ചിറകുകളും ഉണ്ടായിരുന്നു. അവയോരോന്നും നേരെ മുമ്പോട്ട് പോയിരുന്നു. എങ്ങോട്ട് പോകണമെന്ന് ആത്മാവ് ഇച്ഛിച്ചുവോ അങ്ങോട്ട് അവ പോയി. ഇടംവലം തിരിഞ്ഞില്ല. ആ ജീവികളുടെ മുഖം ജ്വലിക്കുന്ന

www.malankaralibrary.com

തീക്കനൽ പോലെയായിരുന്നു. അവയ്ക്കിടയിൽ തീപ്പന്തം പോലെ എന്തോ ചലിച്ചിരുന്നു. ആ അഗ്നി ശോഭയുള്ളതായിരുന്നു. അതിൽനിന്നും മിന്നൽപ്പിണർ പുറപ്പെട്ടിരുന്നു. ആ ജീവികൾ ഇടിമിന്നൽ പോലെ അങ്ങോട്ടുമിങ്ങോട്ടും പാഞ്ഞുകൊണ്ടിരുന്നു......" (എസെ. 1 : 4-28). എസെക്കിയേൽ കണ്ട രഥം പരിശുദ്ധ ദൈവമാതാവിന്റെ പ്രതിരൂപമാണ്. ശ്ഹീമോയിൽ, മെനഗാലം ബുധൻ രാത്രിയിൽ ഇപ്രകാരം ചൊല്ലുന്നു:

"ഹസ്കിയേൽ കണ്ടൊരു രഥമോ
നിന്നോടുപമിപ്പാൻ പോരാ
പാവന കന്യേ - ക്രോബകളാം
ജീവികളതിൽ ബന്ധിതമായി
അന്യോന്യം വ്യത്യസ്തമതാം
ചതുർമുഖം അവയിൽ കാൺമൂ
സിംഹം, കാള, കഴുകൻ, നരനിവതൻ രൂപങ്ങൾ
മാതേ നിൻ മുട്ടുകൾ രഥമായ്
കൈകൾ ചക്രങ്ങളുമായ്
നിൻ വദനം സ്തുതി പാടുന്നു
ഹസ്കിയേലിൻ രഥമതിലും
സൗന്ദര്യത്തിൽ നീ ശ്രേഷ്ഠം
പരിശുദ്ധിയെഴും കന്യേ.......".

പ്രതിരൂപങ്ങളിലൂടെയും, ചില സാദൃശ്യങ്ങളിലൂടെയും ഈ നാരിരത്നം പഴയനിയമത്തിൽ തന്റെ ശോഭയുടെ നിഴൽ പരത്തിയിരിക്കുന്നു. സമയത്തിന്റെ പൂർത്തിയിൽ തന്റെ മറ നീക്കി അവൾ പുറത്തു വരുന്നു; മറിയത്തിന്റെ ജനനം! തുടർന്നുള്ള സംഭവങ്ങൾ സഭാപാരമ്പര്യത്തിൽനിന്നും അൽപമായി വിശകലനം ചെയ്യാം.

## 4. മറിയം - പാരമ്പര്യത്തിൽ

ആദിമ ക്രൈസ്തവ സമൂഹം യേശുവിന്റെ അമ്മയെപ്പറ്റിയുള്ള പല സ്മരണകളും കാത്തു സൂക്ഷിച്ചു പോന്നു. യേശു കഴിഞ്ഞാൽ സുവിശേഷത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യക്തിയായ മറിയത്തെപ്പറ്റി സുവിശേഷത്തിലുള്ള വിവരങ്ങൾ

www.malankaralibrary.com

കൊണ്ട് മാത്രം അവർ തൃപ്തിപ്പെട്ടില്ല. മറിയത്തിന്റെ ജീവ ചരിത്രത്തെപ്പറ്റി കൂടുതൽ അറിയാനുള്ള ആഗ്രഹം സ്വാഭാവികം മാത്രമാണ്. മറിയത്തിന്റെ ജീവിതത്തെപ്പറ്റി നിരവധി ചോദ്യങ്ങൾ അവരുടെ മനസ്സിൽ ഉയർന്നു വന്നു. ആരാണ് മറിയത്തിന്റെ അനുഗൃഹീത മാതാപിതാക്കൻമാർ? അവൾ എങ്ങനെയാണ് ഒരേ സമയം കന്യകയും ദൈവമാതാവുമായത്? എങ്ങനെയാണ് അവൾ യൗസേപ്പുമായി ബന്ധപ്പെട്ടത്? കന്യാത്വം നഷ്ടപ്പെടു ത്താതെ അവൾ രക്ഷകന് ജന്മമേകിയത് എങ്ങനെയാണ്? എന്നു തുടങ്ങി നിരവധി ചോദ്യങ്ങളും സംശയങ്ങളും![35]

അപ്പസ്തോലസമൂഹവുമായി ബന്ധപ്പെടുത്തി രണ്ടാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ മറിയത്തെപ്പറ്റി നിരവധി കഥകൾ പ്രചരിക്കുവാൻ തുടങ്ങി. ക്രമേണ അവയെല്ലാം സുവിശേഷ ഗ്രന്ഥങ്ങളുടെ മാതൃകയിൽ ക്രോഡീകരിക്കപ്പെട്ടു. അതാണ് 'ജയിംസിന്റെ സുവിശേഷം'. രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തിലോ മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ ആയിരിക്കണം ഈ കൃതിയുടെ ഉത്ഭവം. പ്രാചീന ഗ്രീക്കു കൈയ്യെഴുത്തു കൃതികളിൽ കാണുന്നത് 'ദൈവത്തിന്റെ പരിശുദ്ധ അമ്മയുടെ ജനനത്തെപ്പറ്റിയുള്ള ജയിംസിന്റെ വിവരണം' എന്നാണ്. പതിനാറാം നൂറ്റാണ്ടിൽ ഫ്രഞ്ച് പണ്ഡിതനായ വില്യം പോസ്റ്റൽ "ജയിംസിന്റെ പ്രഥമ സുവിശേഷം" (Protoevangelium of St. James) എന്ന ഉപശീർഷകത്തിൽ ലത്തീനിലേക്ക് ഭാഷാന്തരം ചെയ്തു. പ്രഥമ സുവിശേഷം എന്നുവച്ചാൽ സുവിശേഷങ്ങൾക്കു മുമ്പുള്ള പ്രാഥമിക ഗ്രന്ഥം എന്നാണർത്ഥം[36]. മറിയത്തിന്റെ മാതാപിതാക്കന്മാർ, ജനനം, ബാല്യം, വിവാഹം എന്നിവയെപ്പറ്റിയെല്ലാം ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്.[37] ജയിംസിന്റെ സുവിശേഷത്തെക്കൂടാതെ മത്തായിയുടെ പേരിൽ അറിയപ്പെടുന്ന മറ്റൊരു അപ്രമാണിക ഗ്രന്ഥത്തിലും (The Gospel of pseudo - Mathew) മറിയത്തിന്റെ ബാല്യകാലത്തെപ്പറ്റിയുള്ള വിവരണങ്ങൾ കാണാം.

### 1. മറിയത്തിന്റെ ജനനം

സംശുദ്ധയും സുകൃതനിധിയുമായ കന്യകമറിയത്തിന്റെ മാതാവാകുവാനുള്ള സൗഭാഗ്യം സിദ്ധിച്ച പുണ്യവതി 'ഹന്നാ'

www.malankaralibrary.com

എന്ന സ്ത്രീരത്നമാകുന്നു. 'നസ്രത്തിൽ' വസിച്ചിരുന്ന 'ഹന്നായുടെ' ജനനം യഹൂദവംശത്തിലായിരുന്നു. ബാല്യം മുതൽതന്നെ അവൾ ദൈവഭക്തിയിൽ നിരതയായിരുന്നു. വിനയവും സത്യവും 'ഹന്നായെ' ധന്യയാക്കി തീർത്തു. ഹന്നയുടെ ഭർത്താവ് 'യോവാക്കിം' ദൈവഭക്തനും സൽസ്വഭാവിയും ആയിരുന്നു. അന്യർക്ക് ഉപദ്രവം വരത്തക്കവണ്ണമുള്ള ഒരു കാര്യവും ആ ദമ്പതിമാർ ചെയ്തിരുന്നില്ല. പരോപകാര നിരതമായിരുന്ന അവരുടെ ജീവിതം സകലർക്കും അത്ഭുതം ഉളവാക്കിയിരുന്നു. സമ്പത്തിന്റെ മൂന്നിൽ ഒന്ന് ഭാഗം അവർ ജറുസലേം ദൈവാലയത്തിൽ ആരാധനയ്ക്കും, മൂന്നിൽ ഒന്ന് പാവപ്പെട്ടവർക്കും ബാക്കി ജീവിതാവശ്യങ്ങൾക്കും വിനിയോഗിച്ചു വന്നു. ഇങ്ങനെ എല്ലാ പ്രകാരത്തിലും ഉത്തമ ജീവിതം നയിച്ചുവന്ന അവർക്ക് സമ്പൂർണ്ണമായ സമാധാനം ലഭിച്ചിരുന്നില്ല. കാരണം ഹന്ന വന്ധ്യയായിരുന്നു. അക്കാലത്ത് യഹൂദൻമാർ സന്താനരഹിതമായ കുടുംബത്തെ ദൈവാനുഗ്രഹം ഇല്ലാത്തതിന്റെ അടയാളമായി കണക്കാക്കിയിരുന്നു. യഥാർത്ഥമായ ദൈവാനുഗ്രഹം ഹന്നായ്ക്കും യോവാക്കീമിനും ഉണ്ടായിട്ടില്ലെന്നുപോലും ജനങ്ങൾ പറഞ്ഞുതുടങ്ങി. മംഗളാവസരങ്ങളിൽ ഈ മാന്യദമ്പതിമാർ സംബന്ധിക്കുന്നതിന് യഹൂദ പ്രമുഖന്മാർ വൈമുഖ്യം പ്രദർശിപ്പിച്ചു. ചിലർ പരിഹാസ ശരങ്ങൾ അയച്ചു. ഒടുവിൽ അവർ സർവ്വരുടെയും അവഹേളനത്തിന് നിദാനമായി ഭവിച്ചു.[38]

കാഴ്ചകൾ സമർപ്പിക്കുവാൻ ദമ്പതികൾ ജറുസലേം ദൈവാലയത്തിൽ എത്തി. പുരോഹിതപ്രമുഖന്റെ രൂക്ഷവീക്ഷണങ്ങൾക്ക് ആ ദമ്പതിമാർ വിധേയരായി. അദ്ദേഹത്തിന്റെ നേത്രങ്ങളിൽനിന്ന് അഗ്നിസ്ഫുലിംഗങ്ങൾ വമിച്ചു തുടങ്ങി. രോഷാകുലനായ അദ്ദേഹം ഗർജ്ജിച്ചു: "ഈശ്വരന് കാഴ്ചകൾ സമർപ്പിക്കുവാൻ നിങ്ങൾക്ക് ധൈര്യം ഉണ്ടായതെങ്ങനെ? നിങ്ങളുടെ പ്രാർത്ഥനകൾകൊണ്ടും ഉപഹാര സമർപ്പണം കൊണ്ടും യാതൊരു പ്രയോജനവും ഇല്ല. നിങ്ങൾ കാഴ്ച വെയ്ക്കുന്നത് ഗുണത്തിനല്ല; പ്രത്യുത കൊടിയ പാപ സമാർജനത്തിനാണ്. അതിനാൽ എത്രയും വേഗം ഈ പരിശുദ്ധ സ്ഥലം വിട്ടു പൊയ്ക്കൊള്ളുവിൻ!"[39]

www.malankaralibrary.com

അഗ്നിപാതമേറ്റതുപോലെ ദമ്പതിമാർ സ്തബ്ധരായി; വിഷണ്ണരായി; വിവശരായി; അവർ തത്ക്ഷണം പുരോഹിത ദൃഷ്ടിയിൽനിന്നും തിരോധാനം ചെയ്തു.

യോവാക്കിം ബാഷ്പാർപ്പണം ചെയ്തുകൊണ്ട് പ്രാർത്ഥിക്കുകയാണ് : "പിതാവേ! നിത്യനും നിഷ്കൺമഷനും കൃപാനിലയനുമായ നിഖിലാധാരം! അവിടുത്തെ പരിശുദ്ധമായ ആത്മാവിന്റെ സംരക്ഷണയിൽ ഞങ്ങൾ ദൈവാലയത്തിൽ വന്നു ചേർന്നു; ബലിപീഠത്തിൽ കാഴ്ചകൾ അർപ്പിക്കുവാൻ സന്നദ്ധരായി; പക്ഷെ, ഞങ്ങൾക്ക് അതിന് അവകാശമില്ലാതെ യായി; ഞങ്ങൾ അപകർഷരായി; അശരണരായി; പരിത്യക്തരായി; ബാഷ്പാകുലരായി ഞങ്ങൾ തിരികെ പോകുന്ന കാഴ്ച കാണുവാൻ അവിടുത്തേക്കു കണ്ണുണ്ടല്ലോ? ഞങ്ങളുടെ ഘോരപാപങ്ങൾ അവസാനിക്കുവാൻ ഇങ്ങനെയുള്ള സങ്കടങ്ങൾ അനുഭവിക്കേണ്ടിയിരിക്കുന്നു. അതിനാൽ ഞങ്ങൾ സകലവിധ വ്യഥകളും അനുഭവിക്കുന്നു. അവിടുത്തെ അഭിമതത്തിന് അടിമപ്പെടുന്നു. എന്നാൽ അങ്ങയുടെതന്നെ കാരുണ്യ സൃഷ്ടിയിൽ ഉൾപ്പെട്ടവരായ ഞങ്ങളെ അവിടുന്ന് കൈവെടിയരുതേ! ഞങ്ങളുടെ ദുരന്തപൂരിതംകൊണ്ടായിരി ക്കുമോ അവിടുത്തെ കൃപാനുഗ്രഹം ഞങ്ങളിൽ ഉണ്ടാകാത്തത്? എങ്കിൽ ഈ സാധുക്കളുടെ ഹൃദയങ്ങൾ പാവനങ്ങളാക്കി തീർക്കേണമേ! ഏഴകളാണ് ഞങ്ങൾ; നിരാശ്രയരാണ്; ദയനീയമായ ജീവിതം ഞങ്ങളെ പിൻതുടരുന്നത് അവിടുന്ന് കാണുന്നില്ലയോ? സമദർശിയും, സർവ്വസംരക്ഷകനുമാണല്ലോ അവിടുന്ന്; നിസഹായരുടെയും ദുഃഖിതരുടെയും ബന്ധുവല്ലേ ശിഷ്ടരക്ഷകനായ അവിടുന്ന്. ഞങ്ങൾക്ക് അങ്ങല്ലാതെ ആരാണ് അവലംബം? ഞങ്ങളെ രക്ഷിക്കേണമേ."[40]

ദുസഹദുഃഖംകൊണ്ട് വിവശരായിരുന്ന ദമ്പതിമാർ ഒരുവിധത്തിൽ ഗൃഹത്തിൽ വന്നു ചേർന്നു. യോവാക്കിം അധികം താമസിയാതെ ഒരു ഊഷരഭൂമിയിൽ ചെന്ന് പാർത്തു. കഴിഞ്ഞ തലമുറകളെ അവൻ പരിശോധിച്ചപ്പോൾ ഇസ്രായേലിൽ എല്ലാ നീതിമാൻമാർക്കും സന്തതി ഉണ്ടായിരുന്നു എന്നുകണ്ടു. ആദിപിതാവായ അബ്രഹാമിനും അവന്റെ ഭാര്യയായ സാറായ്ക്കും ഇസഹാക്ക് എന്ന പുത്രൻ ഉണ്ടായതും അവൻ

www.malankaralibrary.com

ഓർത്തു. യോവാക്കീമിന്റെ ദുഃഖം ദുസ്സഹമായതിനാൽ തന്റെ ഭവനത്തിലേക്ക് പോവുകയോ ഭാര്യയെ കാണുകയോ ചെയ്യാതെ ഒരു കൂടാരം ഉണ്ടാക്കി നാൽപ്പതു രാവും നാൽപ്പതു പകലും ഉപവസിച്ച് താമസിച്ചു. "കർത്താവായ ദൈവം എന്നെ സന്ദർശിക്കുന്നതുവരെ ഭക്ഷിക്കാനോ, പാനം ചെയ്യാനോ, ഞാൻ ഇവിടം വിട്ട് പോവുകയില്ല" എന്ന് അദ്ദേഹം ദൃഢപ്രതിജ്ഞ ചെയ്തു.[41]

ഖിന്നയായ ഹന്നാ പ്രാർത്ഥിച്ചു: "ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമേ, നീ എന്റെ മാതാവായ സാറായെ അനുഗ്രഹിച്ച് അവൾക്ക് ഇസഹാക്ക് എന്ന പുത്രനെ കൊടുത്തതുപോലെ എന്നെയും അനുഗ്രഹിച്ച് എന്റെ അപേക്ഷ കേൾക്കേണമേ". ഇപ്രകാരം പറഞ്ഞുകൊണ്ട് അവൾ മേൽപ്പോട്ട് നോക്കി. ഒരു വൃക്ഷത്തിൽ ഉള്ള പക്ഷിക്കൂടുകണ്ട് അവൾ വിചാരപ്പെട്ടു. ഒരു ദീർഘനിശ്വാസത്തോടെ പറഞ്ഞതെന്തെന്നാൽ: 'അയ്യോ ഞാൻ പ്രസവിക്കാത്തതെന്ത്? എനിക്ക് നൽകപ്പെട്ടിരിക്കുന്ന ഗർഭപാത്രം എങ്ങനെയുള്ളത്? ഇസ്രായേൽ മക്കളിൽ ഞാൻ മാത്രം ശാപാർഹയായി തീർന്നിരിക്കുന്നുവല്ലോ? അവർ എന്നെ എത്രമാത്രം നിന്ദിച്ചു - ദൈവഭവനത്തിൽനിന്നും തള്ളിക്കളഞ്ഞിരിക്കുന്നു. മൃഗങ്ങൾക്കുപോലും ഞാൻ സാദൃശ്യമാക്കപ്പെട്ടില്ല. കർത്താവേ, ഇവയും നിന്റെ മുമ്പാകെ കുഞ്ഞുങ്ങളുടെ മാതാക്കളായി തീരുന്നുവല്ലോ? അതാതു കാലങ്ങളിൽ ഫലങ്ങൾ പ്രദാനം ചെയ്യുകയും നിന്നെ വാഴ്ത്തുകയും ചെയ്യുന്ന ഈ ഭൂമിക്കുപോലും ഞാൻ സാദൃശ്യപ്പെടാത്തതെന്ത്? ഇപ്രകാരം ഹന്നാ പറഞ്ഞു കഴിഞ്ഞപ്പോൾ കർത്താവിന്റെ മാലാഖ അവളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. അവളോട്: "ഹന്നായെ, കർത്താവ് നിന്റെ അപേക്ഷ കേട്ടു. നീ ഗർഭം ധരിച്ചു പ്രസവിക്കും; നിന്റെ സന്തതി ലോകമൊക്കെയിലും കീർത്തിക്കപ്പെടും" എന്നു പറഞ്ഞു. അപ്പോൾ ഹന്നാ: "ദൈവമായ കർത്താവാണെ എന്നിൽ ജനിക്കുന്ന കുട്ടി ആണായാലും പെണ്ണായാലും ദൈവത്തിന് കൊടുക്കും. അവന്റെ ആയുഷ്കാലം മുഴുവൻ തന്റെ തിരുമുമ്പാകെ അവൻ ശുശ്രൂഷിക്കട്ടെ" എന്നു പറഞ്ഞു.[42]

അനന്തരം കർത്താവിന്റെ മാലാഖ യോവാക്കിമിനോടു പറഞ്ഞു: "യോവാക്കിം! നീ വിശ്വസ്തനായവന്റെ വിശ്വസ്ത

www.malankaralibrary.com

സേവകൻ ആയിരിക്കുന്നു. സച്ചിതാന്മയന്റെ സ്വർഗ സിംഹാസനത്തിൽ നിന്റെ ഹൃദയംഗമങ്ങളായ പ്രാർത്ഥനകൾ എത്തിച്ചേർന്നിരിക്കുന്നു. നിന്റെ പ്രാർത്ഥനയിൽ കൂടുതൽ നിനക്ക് ലഭിക്കും. ഹന്നാ ഉടനെ ഗർഭവതിയാകും; അവൾ ഒരു പുത്രിയെ പ്രസവിക്കും; വനിതകളുടെ അനുഗ്രഹ സർവസ്വവുമായിരിക്കും ആ കുമാരി. "മറിയം" എന്ന നാമത്തിൽ അവൾ അറിയപ്പെടും. നീ ജറുസലേമിലേക്ക് മടങ്ങുമ്പോൾ ഹന്നായെ "സുവർണ" കവാടത്തിന്റെ പുരോഭാഗത്തുവച്ച് ദർശിക്കും."[43] ദൈവദൂതന്റെ പ്രവചനം പോലെ എല്ലാം സംഭവിച്ചു. ഒമ്പതാം മാസം ഹന്നാ ഒരു ശിശുവിനെ പ്രസവിച്ചു. അവൾ കർത്താവിനെ സ്തുതിച്ചു കൊണ്ട് പറഞ്ഞു: "ഇന്ന് എന്റെ ആത്മാവ് ആനന്ദപൂരിതമായിരിക്കുന്നു." ശിശുവിന് മറിയം എന്ന് പേരിടുകയും ചെയ്തു.[44]

പരിശുദ്ധ മറിയത്തിന്റെ ജനനത്തെക്കുറിച്ച് ഖുറാൻ മൂന്നാമത്തെ അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. മറിയത്തിന്റെ പിതാവിന്റെ പേര് ആലുഇംറാൻ എന്നാണ്. മാതാവ് ഹന്നത്ത് തനിക്കൊരു കുഞ്ഞിനെ ലഭിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുന്നു: "എന്റെ നാഥാ എന്റെ ഗർഭത്തിലുള്ള കുഞ്ഞിനെ ഞാനിതാ നിനക്കായി ഉഴിഞ്ഞു വെയ്ക്കുവാൻ നേർച്ചയാക്കിയിരിക്കുന്നു. അതുകൊണ്ട് (ഈ നേർച്ച) എന്റെ പക്കൽനിന്ന് നീ സ്വീകരിക്കേണമേ. തീർച്ചയായും നീ മാത്രമാണ് (എന്റെ പ്രാർത്ഥന) കേൾക്കുന്നവനും (എന്റെ ഉദ്ദേശ്യം) അറിയുന്നവനും"[45] തനിക്കൊരു കുഞ്ഞു പിറന്നാൽ അതിനെ ബൈത്തുൽ മുഖദസിന്റെ സേവനത്തിനായി ഉഴിഞ്ഞു വെയ്ക്കും" അവളുടെ പ്രാർത്ഥന സഫലമായി. ഹന്നത്ത് ഗർഭിണിയായി. അങ്ങനെ കുട്ടിയെ പ്രസവിച്ചപ്പോൾ അവർ പറഞ്ഞു: "എന്റെ നാഥാ, ഞാൻ പ്രസവിച്ചത് ഒരു പെൺകുട്ടിയാണ്. ഞാൻ പ്രസവിച്ചതെന്താണെന്ന് അല്ലാഹു നല്ലതുപോലെ അറിയുന്നവനാകുന്നു ആൺകുട്ടി പെൺകുട്ടിയേപ്പോലെ അല്ലല്ലോ. (ഏതായാലും) ഞാൻ കുട്ടിക്ക് മർയം എന്നു പേരിട്ടിരിക്കുന്നു. ഈ കുട്ടിയെയും കുട്ടിയുടെ സന്താനങ്ങളെയും ശപിക്കപ്പെട്ട പിശാചിൽനിന്ന് രക്ഷിക്കുവാനായി ഞാൻ നിന്നിൽ അഭയം പ്രാപിക്കുന്നു.[46]

മർയംബീവിയുടെ സംരക്ഷണ ചുമതല ഏറ്റെടുക്കാൻ പുരോഹിതന്മാർ ഓരോരുത്തരും മുമ്പോട്ടു വന്നു. അവർ തമ്മിൽ

www.malankaralibrary.com

അക്കാര്യത്തെച്ചൊല്ലി തർക്കമായി. ഒടുവിൽ നറുക്കിട്ടെടുത്താണ് തർക്കം പരിഹരിച്ചത്. എല്ലാവരും തങ്ങളുടെ പേനകൾ നദിയിലിട്ടു. സക്കരിയാ നബിയുടേതൊഴിച്ച് മറ്റുള്ളവയെല്ലാം ഒഴുകിപ്പോയി. അങ്ങനെയാണ് മർയംബീവിയുടെ സംരക്ഷണം സക്കരിയാ നബിയുടെ ചുമതലയിലായത്. അങ്ങനെ മർയമിന്റെ രക്ഷിതാവ് ആ പെൺകുട്ടിയെ നല്ല നിലയിൽ സ്വീകരിക്കുകയും ഉൽക്കൃഷ്ടമായ രീതിയിൽ വളർത്തിക്കൊണ്ടു വരികയും ചെയ്തു. (മർയമിന്റെ) അടുത്തേയ്ക്ക് മിഹ്റാബിൽ കടന്നു ചെല്ലുമ്പോഴെല്ലാം എന്തെങ്കിലും ഒരു ഭക്ഷണസാധനം കുട്ടിയുടെ അടുത്ത് അദ്ദേഹം കാണാറുണ്ടായിരുന്നു. (ഒരിക്കൽ) അദ്ദേഹം ചോദിച്ചു: "ഓ മർയം, ഇത് നിനക്ക് എവിടെ നിന്നു കിട്ടി"? ആ പെൺകുട്ടി പറഞ്ഞു: "ഇത് അല്ലാഹുവിൽ നിന്ന് ലഭിച്ചതാകുന്നു". തീർച്ചയായും താൻ ഉദ്ദേശിക്കുന്നവർക്ക് അല്ലാഹു കണക്കില്ലാതെ ഭക്ഷണം കൊടുക്കുന്നതാണ്.[47]

വിശുദ്ധ മറിയത്തിന്റെ ജനനത്തെ സ്തുതിച്ചുകൊണ്ടുള്ള മലങ്കര സഭയുടെ എട്ടുനോമ്പിന്റെ പ്രാർത്ഥനയിൽ നാം ഇപ്രകാരം ചൊല്ലുന്നു: "കന്യകാമറിയാമിന്റെ ജനനത്തെ ആത്മീയ ഗീതങ്ങളാൽ ആഘോഷിച്ചുകൊണ്ടു ഞങ്ങൾ പറയുന്നു! തന്റെ ജനത്തെ സന്ദർശിച്ച മിശിഹായിൽ രക്ഷയുടെ പ്രത്യാശയെ ഉയർത്തിയ കർത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു. ഈ ദിവസം ഭൂമിയിൽ ജാതംചെയ്ത പരിശുദ്ധ കന്യകമറിയത്തിന്റെ ഉദരത്തിൽ നിന്ന് അവൻ ആഗതനായി. ലോകത്തിനു മുഴുവനുമുള്ള പുതിയ ജീവൻ അവളിൽനിന്ന് ഉത്ഭവിച്ചു. തങ്ങൾക്ക് ഒരു പുത്രി ജനിച്ചതിൽ ഹന്നായും യോവാക്കീമും വലിയ സന്തോഷം കൊണ്ട് നിറഞ്ഞു. ശമുവേലിനെപ്പോലെ അവളെ അവർ ദൈവത്തിന്റെ ആലയത്തിൽ സമർപ്പിച്ചു. നീതി സൂര്യൻ ഉദയം ചെയ്ത ആ കന്യകമറിയാമിന്റെ ജനനത്തിൽ നമുക്ക് എത്ര വലിയ ആനന്ദം നൽകപ്പെട്ടിരിക്കുന്നു! മറിയാമിന്റെ ജനനം എത്രയോ മഹനീയമാകുന്നു; എത്രയോ ശ്രേഷ്ഠമാകുന്നു; എത്രയോ മനോഹരമാകുന്നു. അല്ലയോ ഹന്നായേ, യോവാക്കീമേ, നന്മകളുടെ ആരംഭമായ വലിയ പ്രത്യാശ ഇന്നു നിങ്ങളുടെ ഭവനത്തിൽ ജനിച്ചിരിക്കുന്നു. പറുദീസായിലെ കയ്പ്പ് ഇന്ന് മധുരമായി മാറിയിരിക്കുന്നു. വിശ്വാസികളുടെ കൂട്ടത്തിൽ ഇന്ന്

www.malankaralibrary.com

സദ്വാർത്ത കൈവന്നിരിക്കുന്നു. അല്ലയോ സ്ത്രീകളുടെ കൂട്ടമേ! ആത്മീയാഘോഷത്തോടെ പറയുവിൻ: "ഇന്നു ഞങ്ങളുടെ വർഗ്ഗം ആദ്യ സന്തോഷത്തിലേക്ക് തിരികെ വന്നിരിക്കുന്നു. മാതാവായ ഹവ്വായാൽ ഞങ്ങൾ വീഴ്ചയിലേക്ക് നയിക്കപ്പെട്ടു. എന്നാൽ ഇന്നു നിഷ്ക്കാസിതരായ ഞങ്ങൾക്ക് ഉദ്യാനത്തിലേക്ക് മറിയാമിനാൽ വഴിയുണ്ടായിരിക്കുന്നു."

"ഇപ്രകാരം അന്നയുടെ ഗർഭപാത്രത്തിൽ അത്ഭുതകരമായി ജനിച്ചത് ദൈവജനനി ആകാനുള്ള മറിയമാണ്. ഈ അത്യുൽക്കൃഷ്ട സൃഷ്ടിയുടെ ജനനം മനുഷ്യവർഗ്ഗത്തിന്റെ ആദിമാതാപിതാക്കൻമാരുടെ അധഃപതനം മുതൽ ലോകം ഉത്ക്കണ്ഠയോടെ പ്രതീക്ഷിച്ചിരുന്ന ഒരു മഹാസംഭവമത്രേ"[48] കുട്ടിക്ക് മറിയം എന്ന് പേരിട്ടു. ജയിംസിന്റെ പ്രഥമസുവിശേഷം മറിയത്തിന്റെ ബാല്യകാല സംഭവങ്ങളിൽ പലതും വിവരിക്കുന്നുണ്ട്. മറിയത്തിന്റെ അസാധാരണമായ പക്വതയും പരിശുദ്ധിയും കാണിക്കുന്നവയാണവ. "അവൾക്ക് ആറുമാസം പ്രായമായപ്പോൾ ശിശു തനിച്ചു നിൽക്കുമോ എന്നറിയാൻ അമ്മ അവളെ നിർത്തി നോക്കി. അത്ഭുതമെന്നു പറയട്ടെ അവൾ ഏഴടി നടന്നതിനു ശേഷം അമ്മയുടെ മടിയിലേക്ക് തിരിച്ചു വന്നു"[49]

## 2. മറിയത്തിന്റെ ദൈവാലയ പ്രതിഷ്ഠ

ഹന്ന അവളുടെ നേർച്ച മറന്നിരുന്നില്ല. മറിയം ദൈവത്തിന് സമർപ്പിക്കപ്പെട്ടവളാണ്. അവളതനുസരിച്ച് വളരുന്നതിനുവേണ്ടി ഹന്ന അവളുടെ കിടക്കമുറി ഒരു ആശ്രമത്തിന്റെ രീതിയിൽ സംവിധാനം ചെയ്തു. അവിടെ അശുദ്ധമാക്കിയിട്ടുള്ള ഒന്നുംതന്നെ കൊണ്ടുവരാതെ ശുദ്ധസ്ഥലമായി സൂക്ഷിക്കുകയും സ്വജാതി സ്ത്രീകളിൽ അവിവാഹിതരായ കന്യകമാർ മാത്രമേ കുട്ടിയെ കുളിപ്പിക്കാവൂ എന്ന് ഹന്ന നിർബന്ധം പിടിക്കുകയും ചെയ്തു. മറ്റു കന്യകമാരോടൊപ്പം മറിയം സദാ ദൈവത്തെ സ്തുതിച്ചിരുന്നു. മറിയത്തിനു 3 വയസ്സായി. അന്നയുടെ നേർച്ച നിറവേറ്റാനുള്ള സമയമായി. ശിശുവിനെ ദൈവാലയത്തിലേക്കാനയിച്ചു. ജീവിതം മുഴുവൻ ദൈവസേവനത്തിൽ കഴിച്ചവളാണ് മറിയം. ഒരുപറ്റം കന്യകകളുടെ അകമ്പടിയോടെ ഘോഷയാത്രയായിട്ടാണ് അവൾ ദൈവാലയത്തിലേക്ക് പോയത്. മറിയം സാധാരണ ശിശുക്കളെ

www.malankaralibrary.com

പ്പോലെ തന്റെ മാതാപിതാക്കൻമാരെ കാണുവാൻ തിരിഞ്ഞു നോക്കിയതേ ഇല്ല. അന്നത്തെ ആചാരപ്രകാരം ബലിപീഠത്തിന്റെ പടികൾ കയറുമ്പോൾ പുറകോട്ടുനോക്കുന്ന ശിശുവിനെ ദൈവാലയത്തിൽ സ്വീകരിക്കുകയില്ല. ഘോഷയാത്രയിൽ പങ്കെടുത്തിരുന്ന ഇളം കന്യകമാർ വഹിച്ചിരുന്ന ദീപനാളങ്ങളിൽ മാത്രം ശ്രദ്ധയൂന്നി അവൾ നേരെ മുമ്പോട്ടു നീങ്ങി. പുറകോട്ടു നോക്കാതെ, മാതാപിതാക്കൻമാരെ അന്വേഷിക്കാതെ അവൾ ബലിപീഠത്തിന്റെ പതിനഞ്ച് പടികൾ ഓടിക്കയറി. [50]

ദൈവാലയത്തിലെ ശ്രീകോവിലിൽ നിന്നിരുന്ന പുരോഹിതൻ ശിശുവിനെ കൈയ്യിലെടുത്ത് അനുഗ്രഹിച്ചു കൊണ്ട് പറഞ്ഞു: "തലമുറകളിലൂടെ കർത്താവ് നിന്റെ നാമം മഹത്ത്വപ്പെടുത്തും. ഇസ്രായേൽമക്കളുടെ രക്ഷ കർത്താവ് നിന്നിലൂടെ വെളിപ്പെടുത്തും."[51] അതിനുശേഷം പുരോഹിതൻ അവളെ ബലിപീഠത്തിന്റെ മൂന്നാമത്തെ പടിയിൽ ഇരുത്തി. കർത്താവ് അവളിൽ പ്രസാദിച്ചു. അവൾ ദൈവസ്നേഹത്താൽ നൃത്തമാടി. ശിശു തിരിഞ്ഞുനോക്കാതെ തന്നെ ദൈവസന്നിധി പ്രാപിച്ചതു കണ്ട് മാതാപിതാക്കന്മാർ അത്ഭുതപ്പെട്ടു. അവർ ദൈവത്തെ സ്തുതിച്ചുകൊണ്ട് ദൈവാലയത്തിൽ നിന്ന് മടങ്ങി.[52] ജയിംസിന്റെ സുവിശേഷം ഇങ്ങനെ തുടരുന്നു: "ഒരു മാടപ്രാവിനെപ്പോലെ അവൾ ദൈവാലയത്തിൽ വസിച്ചു. ഒരു മാലാഖ അവൾക്ക് പ്രതിദിനം ഭക്ഷണം നൽകി വന്നു."

പ്രാർത്ഥനാനിരതമായ ഏകാന്ത ജീവിതം, പ്രാർത്ഥനയിൽ ലയിച്ചിരിക്കുന്ന നീണ്ട നീണ്ട മണിക്കൂറുകൾ, മാലാഖ ഭക്ഷണം കൊണ്ടുവരുമ്പോൾ പോലും അവൾ പ്രാർത്ഥന നിർത്തിയിരുന്നില്ലത്രേ! ഗ്രന്ഥത്തിൽ പറയുന്നു: അവൾ ദൈവസ്തുതിക്കായി തന്നെത്തന്നെ മുഴുവനായി നൽകി. അവളുടെ പ്രാർത്ഥന കണ്ടാൽ ബാലികയാണ് പ്രാർത്ഥിക്കുന്നതെന്ന് ആരും പറയില്ല. ഒരു മുപ്പതു വയസ്സുകാരിയെപ്പോലെ അവൾ പ്രാർത്ഥനയിൽ വളരെ സമയം ചെലവഴിച്ചു.[53]

## 3 മറിയം എന്ന നാമം

യേശുവിന്റേതുകഴിഞ്ഞാൽ മനുഷ്യനാമങ്ങളിൽ ഏറ്റവും മനോജ്ഞമാണ് മറിയം എന്ന നാമം. ഇതിന് വിവിധങ്ങളായ

www.malankaralibrary.com

അർത്ഥങ്ങൾ കൽപ്പിക്കപ്പെടുന്നു. ഈ പേരിനെപ്പറ്റി മാത്രം പ്രതിപാദിക്കുന്ന ഒരു പുസ്തകത്തിൽ ഇതിന് 67 അർത്ഥങ്ങൾ വരെ കാണുന്നുണ്ട്. അവയിൽ ഏറ്റവും യുക്തിയുക്തവും പര്യാപ്തവുമായ ആറെണ്ണം ഇവിടെ ഉദ്ധരിക്കാം.[54]

A. നാഥ : സുറിയാനി ഭാഷയിൽ നാഥനെന്നർത്ഥമുള്ള "മാർ" (Lord) എന്ന ശബ്ദത്തിന്റെ സ്ത്രീലിംഗമാണ് മറിയം (Lady) എന്നു ചിലർ സമർഥിക്കുന്നു. വ്യാകരണപ്രകാരം ഈ വ്യാഖ്യാനം ശരിയല്ലെങ്കിലും സ്വാമിനി, നാഥ, രാജ്ഞി എന്നീ സംജ്ഞകളിൽ ക്രൈസ്തവർ ആദികാലം മുതൽ മറിയത്തെ സംബോധന ചെയ്തു വരുന്നു.

B. സമുദ്രതാരം: ഹീബ്രുഭാഷയിലെ അർത്ഥവും മറിയത്തിന് അനുരൂപമാണ്. ഈ നാമം മറിയത്തിന് എങ്ങനെ ലഭിച്ചു എന്നതിനെക്കുറിച്ച് പല ഊഹാപോഹങ്ങളുമുണ്ട്. ലത്തീനിലെ Stilla Amara (കയ്പ്പുള്ള ജലകണം) എന്നപദം Stella Maris (സമുദ്രത്തിലെ ജലകണം) എന്ന് തെറ്റായി ഉച്ചരിക്കുകയും അവസാനം അത് Stilla Maris (സമുദ്ര താരം) എന്നായിത്തീരുകയും ചെയ്തു എന്ന് ചിലർ ഊഹിക്കുന്നു.[55] ഇത് എങ്ങനെ ആയാലും വിശുദ്ധ ബർണാഡ് അഭിപ്രായപ്പെടുന്നതുപോലെ "ദൈവമാതാവിന് ഇത്ര ചേർന്നതും, അവളുടെ പ്രതാപമഹിമകളെ ഇത്ര സമ്യക്കായി പ്രകാശിപ്പിക്കുന്നതുമായ മറ്റൊരു പേരു കണ്ടുപിടിക്കാൻ പ്രയാസമാണ്. മറിയം അപാരവും പ്രചണ്ഡമാരുതനാൽ പ്രക്ഷുബ്ധവുമായ സംസാര സാഗരത്തിൽ പ്രകാശിക്കുന്ന അതിരമണീയവും ഉജ്ജ്വലവുമായ നക്ഷത്രമാകുന്നു, സംശയമില്ല. ഓ! പാപപങ്കിലമായ ആത്മാവേ, ഐഹികജീവിതത്തിലെ ഒഴുക്കുകളും കൊടുങ്കാറ്റുകളും നിന്നെ പരവശനാക്കുകയും പാദം ഉറപ്പിച്ചു വയ്ക്കുന്നതിന് നിനക്ക് സാധിക്കാതെ വരുകയും ചെയ്യുമ്പോൾ മാർഗ്ഗദർശിയായ ഈ നക്ഷത്രത്തിന്റെ പ്രകാശസരണിയിൽനിന്ന് നിന്റെ ദൃഷ്ടിയെ നീ മാറ്റിക്കളയരുത്. പ്രലോഭനമാകുന്ന പ്രചണ്ഡമാരുതൻ നിന്നെ ആക്രമിക്കുകയും വ്യഥകളും പീഡകളുമാകുന്ന പാറകളും മണൽത്തിട്ടകളും നിന്റെ പ്രത്യാശയാകുന്ന യാനപാത്രത്തെ നശിപ്പിക്കുമെന്ന് നീ ഭയപ്പെടുകയും ചെയ്യുമ്പോൾ ആകാശ മണ്ഡലത്തിലെ പ്രകാശമാനമായ ആ നക്ഷത്രത്തിൽ നോട്ടം ഉറപ്പിക്കുകയും

www.malankaralibrary.com

മറിയം എന്ന നാമത്തെ ഉച്ചരിക്കുകയും ചെയ്യുക. വൻമോഹവും അഹങ്കാരവുമാകുന്ന അലകളും, അപവാദമാകുന്ന ജലപ്രവാഹവും നിന്നെ മുക്കിക്കളയുമെന്ന് തോന്നുമ്പോൾ ഈ നക്ഷത്രത്തിൽ ദൃഷ്ടി ഉറപ്പിച്ചിട്ട് മറിയമേ എന്നു വിളിക്കുക. ദ്വേഷം, അത്യാശ, ഭോഗേഛ ഇവ നിന്റെ ആത്മാവിന്റെ ശാന്തിയെ ഹനിക്കുമ്പോൾ ഈ നക്ഷത്രത്തെ നോക്കിയിട്ട് മറിയനാമം ജപിക്കുക: നിന്റെ അസ്വസ്ഥമായ മനസ്സിന്റെ വീക്ഷണ പഥത്തിൽ നിന്റെ പാപകർമ്മങ്ങൾ ഭയാനകങ്ങളായ രാക്ഷസ സത്വങ്ങളെപ്പോലെ പ്രത്യക്ഷീഭവിക്കുകയും അന്തഃക്കരണം നിന്നെ കുത്തുകയും മരണാനന്തര വിധിയുടെ ഭയങ്കരത നിനക്കു തീവ്രവേദന ഉളവാക്കുകയും അന്ധതയും വ്യസനവും നിന്നെ ബലഹീനനാക്കുകയും നരകീയമായ നൈരാശ്യകൂപത്തിൽ നിപതിക്കുമെന്ന് ഭയപ്പെടുകയും ചെയ്യുമ്പോൾ ധൈര്യം അവലംബിക്കുക; മറിയത്തെ ധ്യാനിക്കുക. അപ്പോൾ അനുഗൃഹീതയായ ആ കന്യകയുടെ പേര് സമുദ്രതാരം അഥവാ മറിയം എന്നാണെന്ന് പറയുന്നത് എത്ര ശരിയാണെന്ന് നിനക്ക് ബോദ്ധ്യമാകും.[56]

C. മറിയം എന്ന പദത്തിന് "സ്ത്രീ" എന്നും അർത്ഥം ഉണ്ടെന്ന് പറയപ്പെടുന്നു. സ്ത്രീവർഗത്തിന്റെ സകല സത്ഗുണങ്ങളും പരിപൂർണമായി ഉണ്ടായിരിക്കുകയും ഒരേ സമയത്ത് കന്യകയും മാതാവുമായിരിക്കുകയും ചെയ്ത ദൈവജനനിക്ക് ഈ അർത്ഥത്തിലും മറിയമെന്ന നാമം സമുചിതം തന്നെയാണ്. കൂടാതെ ഭൗമിക പറുദീസായിൽവെച്ച് സർപ്പത്തിന്റെ തലയെ ഞെരിക്കുമെന്ന് പ്രവചിക്കപ്പെട്ട സ്ത്രീയും, കാൽവരിയിൽ മിശിഹാ മനുഷ്യരുടെ മാതാവായി യോഹന്നാനെ ഭരമേൽപ്പിച്ച സ്ത്രീയും, സൂര്യനെ ഉടയാടയായി അണിഞ്ഞ് വെളിപാടിന്റെ പുസ്തകത്തിൽ പ്രത്യക്ഷപ്പെടുന്ന സ്ത്രീയും മറിയം തന്നെയത്രേ.[57]

D. പ്രകാശിപ്പിക്കുന്നവൾ അഥവാ ദീപം എന്നും ഈ നാമത്തിന് അർത്ഥം ഉണ്ട്. ക്രിസ്തുവാകുന്ന ജ്യോതിസിനെ ലോകമെങ്ങും മനുഷ്യാത്മാക്കളിൽ ഉദിപ്പിക്കുകയും സ്വമാതൃകകൊണ്ടും പ്രതാപ മഹിമകൊണ്ടും സർവ്വലോകത്തെയും പ്രകാശിപ്പിക്കുകയും ചെയ്യുന്ന മഹിളാമണി എന്ന നിലയിലും മറിയം എന്ന പേര് അന്വർത്ഥമാണ്.

www.malankaralibrary.com

E. സൗന്ദര്യം :- സൗന്ദര്യം എന്ന അർത്ഥവും മറിയം എന്ന നാമത്തിനുണ്ടെന്ന് പൗരസ്ത്യ പണ്ഡിതന്മാർ സയുക്തികം അഭിപ്രായപ്പെടുന്നു. ഈ ദിവ്യനാമത്തിന് അന്യാദൃശമായ ഒരു കോമളതയും മാധുര്യവും ഉണ്ട്. ഉച്ചാരണമാത്രയിൽ അത് നമ്മുടെ ഹൃദയത്തെ ഇളക്കുന്നു. "മേരിനാമം മധുവിനേക്കാൾ അധരങ്ങൾക്ക് മധുരതരവും മനോഹരമായ സംഗീതത്തേക്കാൾ കർണ്ണാനന്ദകരവും പരിശുദ്ധതരമായ ആനന്ദത്തേക്കാൾ ചേതസ്സാകർഷകവുമാണ്.''

F. മർയം : 'മർ' അഥവാ മീറാ സുഗന്ധദ്രവ്യവും 'യം' കടലുമാണ്. കയ്പ്പും നല്ലമണവും മീറയുടെ ഗുണങ്ങളാണല്ലോ. ഇതിൽനിന്ന് ശോകസമുദ്രം എന്നും, ദിവ്യാനുഗ്രഹമാകുന്ന പരിമളം നിറഞ്ഞ പാത്രമെന്നും മറിയ ശബ്ദത്തെ ചിലർ വ്യാഖ്യാനിക്കുന്നുണ്ട്. അതും വളരെ അർത്ഥസമ്പുഷ്ടമാണ്. മറിയം ദുഃഖ ഖഡ്ഗത്താൽ ഭേദിതമായ ഹൃദയത്തോടുകൂടിയവളും നന്മനിറഞ്ഞവളും ആയതുകൊണ്ട് ഈ വ്യാഖ്യാനത്തിന്റെ ഔചിത്യവും സ്പഷ്ടമാണ്.[58]

മറിയത്തിന് പന്ത്രണ്ട് വയസ്സായപ്പോൾ പുരോഹിത സമിതി ഒന്നിച്ചുകൂടി പറഞ്ഞു: "ഇതാ! മറിയത്തിന് പന്ത്രണ്ട് വയസ്സായി. ഇവൾ കർത്താവിന്റെ ശ്രീകോവിൽ അശുദ്ധമാക്കാതിരിക്കാൻ നാം ഇവളെ എന്തു ചെയ്യണം?"[59] യഹൂദ നിയമം അനുസരിച്ച് ഋതുമതിയായ ഒരു പെൺകുട്ടി ആചാരപ്രകാരം അശുദ്ധയാണ്.[60] മത്തായിയുടെ സങ്കൽപ്പ സുവിശേഷത്തിൽ പ്രധാന പുരോഹിതൻ മറിയത്തിന്റെ കന്യാവ്രതത്തെപ്പറ്റി പരാമർശിക്കുന്നു. "കർത്താവിന് പ്രസാദിക്കുവാൻ മറിയം ഒരു പുതിയ മാർഗം കണ്ടുപിടിച്ചിരിക്കുന്നു. ഒരു കന്യകയായി ജീവിച്ചുകൊള്ളാമെന്ന് അവൾ വാഗ്ദാനം ചെയ്തിരിക്കുന്നു."[61] കാരണം മറിയം സ്വയം പറഞ്ഞുവത്രേ: "പുരുഷനെ ഒരിക്കലും അറിയുകയില്ലെന്ന് ഞാൻ എന്റെ മനസ്സിൽ പ്രതിജ്ഞ എടുത്തിട്ടുണ്ട്"[62]. മറിയത്തിന് സിദ്ധിച്ച വിദ്യാഭ്യാസത്തിൽനിന്നും അവൾ ഗ്രഹിച്ച പാഠങ്ങൾ നവീനവും പാവനഭാസുരവുമായിരുന്നു. നിത്യ കന്യകയായി നിത്യനായ ജഗദീശ്വരന്റെ പാദ പത്മങ്ങൾ ഭജിക്കണമെന്നാണ് ആ വനിതാമണി ദൃഢനിശ്ചയം ചെയ്തത്. എത്ര മഹത്തരമായ ത്യാഗചൈതന്യമാണ് ആ കന്യാ

www.malankaralibrary.com

മണിയിൽ കളിയാടിക്കൊണ്ടിരുന്നത്! യഹൂദ മതാചാരപ്രകാരം വിവാഹം ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു നിയമമായിരുന്നു. അതിനാൽ അക്കാലത്ത് ആ മതത്തെ അനുസരിച്ചുകൊണ്ടിരുന്ന വരിൽ ഒരു സ്ത്രീയും കന്യാവ്രതം സ്വയം സ്വീകരിച്ചിരുന്നില്ല. താൻ ഒരിക്കലും വിവാഹം ചെയ്യുകയില്ലെന്നും ജീവിതകാലം മുഴുവനും കന്യാവ്രതബദ്ധയായി ഈശ്വരനെ സ്നേഹിക്കു മെന്നും അവൾ ശപഥം ചെയ്തു. ലോകം ഒരിക്കലും കേൾക്കാത്ത ത്യാഗത്തിന്റെ വിജയ മണിനാദമാണ് ജറുസലേം ദൈവാലയത്തിലെ വിദ്യാർത്ഥിനിയായ മറിയത്തിന്റെ ഹൃദയത്തിൽനിന്നും ഇപ്പോൾ പുറപ്പെട്ടത്. മറിയത്തിന്റെ ത്യാഗവ്രതനിഷ്ഠയിൽ ആചാര്യന്മാർ അത്ഭുതസ്തബ്ധരായി. അബലാമണികൾ അമ്പരന്നു. മഹാജനങ്ങൾ ചകിതരായി. എന്നാൽ മറിയം അവളുടെ ദൃഢവ്രതത്തിന്റെ മംഗളഭാവിയിൽ മനം കുളിർത്ത് ദൈവസാമ്രാജ്യത്തിലെ നിത്യമായ ആനന്ദാനുഭവങ്ങളിൽ നിർലീനയായി ദിനങ്ങൾ നയിച്ചു. ഒരാശ്വാസം; ഒരാനന്ദം; ഒരാത്മ സംതൃപ്തി അവൾക്കുണ്ടായി.

വിശുദ്ധ അഗസ്റ്റിന്റെ കാലം മുതൽ ഇന്നുവരെ ഒരു ചർച്ചാവിഷയമാണ് മറിയത്തിന്റെ ഈ കന്യാവ്രത വാഗ്ദാനം.[63] ബൈബിളിലും പാരമ്പര്യത്തിലും ഇതിനേപ്പറ്റി ഒന്നും പറയുന്നില്ല. അതുകൊണ്ട് നാം ഇത് വിശ്വസിക്കണമെന്നില്ല. മംഗളവാർത്താ സമയത്ത് മറിയം കന്യകയായിരുന്നുവെന്നും മാലാഖയുടെ വചന പ്രകാരം അവൾ ഗർഭിണിയായി എന്നും യേശുവിന്റെ കന്യാമാതാവായിത്തീർന്നുവെന്നും നാം വിശ്വസിച്ചാൽ മതി.

### 4. മറിയത്തിന്റെ വിവാഹ വാഗ്ദാനം

വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ നാം വായി ക്കുന്നു: "യൗസേപ്പെന്നു പേരുള്ള ഒരു പുരുഷനോട് വിവാഹ വാഗ്ദാനം നടത്തിയിരുന്ന കന്യകയുടെ പക്കലേക്ക് ഗബ്രിയേൽ മാലാഖ അയയ്ക്കപ്പെട്ടു" (ലൂക്കാ 1 : 26-27). അപ്രമാണ ഗ്രന്ഥ ങ്ങൾ ഈ സംഭവം നടന്നതെങ്ങനെയെന്ന് വിവരിക്കുന്നുണ്ട്. ഒരു ഭർത്താവിനെ തിരഞ്ഞെടുക്കുന്നതിൽ മറിയത്തെ സഹായിക്കുക പ്രധാന പുരോഹിതന്റെ കടമയായിരുന്നു. അതിനുവേണ്ടി അയാൾ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു

www.malankaralibrary.com

സ്വരം കേട്ടു. "സഖറിയാസേ, ചെന്ന് ജനങ്ങളിലുള്ള വിഭാര്യൻമാരെ വിളിച്ച് കൂട്ടുക.[64] അവർ ഒരു വടിയും കൂടി കൊണ്ടു വരട്ടെ. കർത്താവിൽ നിന്ന് അടയാളം ലഭിക്കുന്ന ആളിന്റെ ഭാര്യയായിരിക്കട്ടെ മറിയം"[65]. അങ്ങനെ യൂദയായിലെ വിഭാര്യൻമാരെയെല്ലാം വിളിച്ചുകൂട്ടി. അവരെല്ലാം ദൈവാലയ അങ്കണത്തിൽ എത്തി. കൂട്ടത്തിൽ യൗസേപ്പും ഉണ്ടായിരുന്നു. അവരുടെ കൈവശം ഓരോ വടിയും ഉണ്ടായിരുന്നു. പ്രധാന പുരോഹിതൻ അവരുടെ വടികൾ വാങ്ങിച്ച് ശ്രീകോവിലിൽ കൊണ്ടുവച്ചതിനുശേഷം ആശീർവ്വദിച്ച് തിരികെ കൊടുത്തു. ഏറ്റവും അവസാനം വടി തിരികെ ലഭിച്ച വ്യക്തി യൗസേപ്പായിരുന്നു. ആശ്ചര്യം! തൽക്ഷണം ഒരു പ്രാവ് യൗസേപ്പിന്റെ ശിരസ്സിനു മുകളിലൂടെ പറന്നു[66]. അതുകണ്ട് പ്രധാന പുരോഹിതൻ പറഞ്ഞു: "കർത്താവിന്റെ കന്യകയെ താങ്കൾ സ്വീകരിക്കേണ്ടിയിരി ക്കുന്നു."[67] യൗസേപ്പ് സ്വീകരിക്കുവാൻ സന്നദ്ധത കാണിച്ചു. "ദൈവതിരുമനസ്സിനെ എതിർക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ആരാണ് ഇവളെ ഭാര്യയായി സ്വീകരിക്കേണ്ടത് എന്ന് കർത്താവ് അറിയിക്കുന്നതുവരെ ഞാനീ കന്യകയുടെ കാവൽക്കാരനായിരിക്കും.[68] "

അങ്ങനെ യൗസേപ്പ് മറിയത്തെ അദ്ദേഹത്തിന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടു പോയി. അദ്ദേഹം അവളോടു പറഞ്ഞു: "കേട്ടാലും! കർത്താവിന്റെ ഭവനത്തിൽനിന്നും നിന്നെ ഞാൻ സ്വീകരിച്ചു. ഇപ്പോൾ നിന്നെ ഞാൻ എന്റെ വീട്ടിൽ ആക്കുന്നു. ഞാൻ കെട്ടിടങ്ങൾ പണിയുന്നതിനുവേണ്ടി പോവുകയാണ്. കുറേ കഴിയുമ്പോൾ തിരിച്ചു വരും. അതുവരെ കർത്താവ് നിന്നെ കാത്തുകൊള്ളും"[69]. യൗസേപ്പിന്റെ ഭവനത്തിൽ പ്രവേശിക്കുമ്പോഴും ദൈവത്തിന് സമർപ്പിതയായ ഒരു കന്യകയായാണ് അപ്രമാണ ഗ്രന്ഥങ്ങൾ മറിയത്തെക്കാണുന്നത് എന്ന കാര്യം സ്മരണീയമാണ്. ശ്രീകോവിലിലേക്കായി ഒരു വിലപിടിച്ച വിരി തയിക്കുവാൻ പുരോഹിതന്മാർ അവൾക്ക് നിർദ്ദേശം കൊടുത്താണത്രേ പറഞ്ഞയച്ചിരുന്നത്. ഇങ്ങനെ ജീവിച്ചിരുന്ന കന്യകയുടെ അടുക്കലേക്ക് ദൈവദൂതൻ അയയ്ക്കപ്പെടുന്നതും തുടർന്നുള്ള സംഭവങ്ങളും സമാന്തരസുവിശേഷങ്ങളിൽ നിന്നും പരിശോധിക്കാം.

www.malankaralibrary.com

# II വിശുദ്ധ മറിയം - പുതിയ നിയമത്തിൽ

പഴയനിയമത്തിൽ പ്രവചനങ്ങളിലും പ്രതീകങ്ങളിലും പ്രതിരൂപങ്ങളിലും കാണപ്പെടുന്ന വിശുദ്ധ മറിയം പുതിയ നിയമത്തിൽ മറ നീക്കി പ്രത്യക്ഷപ്പെടുന്നു. വിശുദ്ധ മറിയത്തിന്റെ ജനനവും, ബാല്യവും, സഭാ പാരമ്പര്യങ്ങളുടെ വെളിച്ചത്തിൽ നാം കണ്ടു കഴിഞ്ഞു. തുടർന്ന് പുതിയ നിയമത്തിൽ സമാന്തര സുവിശേഷങ്ങളിലും, വിശുദ്ധ യോഹ ന്നാന്റെ സുവിശേഷ ത്തിലും തെളിഞ്ഞുനിൽക്കുന്ന വിശുദ്ധ മറിയത്തേയും അവളുടെ പ്രവർത്തനങ്ങളേയും ഒന്ന് വിശകലനം ചെയ്യാം.

## 1. വിശുദ്ധ മറിയം - സമാന്തര സുവിശേഷങ്ങളിൽ

**യേശുവിന്റെ അമ്മ**: മറിയത്തെ പുതിയനിയമത്തിൽ ആദ്യം കാണുക വിശുദ്ധ മത്തായിയുടെ സുവിശേഷത്തിലാണ്. വിശുദ്ധ മത്തായിയുടെ വീക്ഷണത്തിലുള്ള പരിശുദ്ധ മറിയത്തെ നമുക്ക് വിലയിരുത്താം.

### a. വിശുദ്ധ മറിയം - വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ

"യാക്കോബ് മറിയത്തിന്റെ ഭർത്താവായ ജോസഫിന്റെ പിതാവായിരുന്നു. അവളിൽനിന്ന് ക്രിസ്തു എന്ന് വിളിക്കപ്പെടുന്ന യേശു ജനിച്ചു" (മത്താ. 1:16). ജോസഫിന് മുൻഗണന നൽകി മറിയത്തെ രംഗത്തിറക്കുന്നു. ജോസഫ് ദാവീദ്വംശജനാണ്. ദാവീദ്വംശജനായ ജോസഫിന്റെ ഭാര്യയാണ് മറിയം. യേശുമിശിഹാ ജന്മനാ ദാവീദ്സുതനാകണം. മറിയത്തിന്റെ കുടുംബപശ്ചാത്തലമോ കുടുംബമോ സുവിശേഷകൻ നൽകിയിട്ടില്ല. അവൾ ദാവീദ്വംശത്തിലേതാണെന്ന് പറയുന്നില്ല. പരമ്പരാഗത സങ്കൽപ്പമനുസരിച്ച് അപ്പന്റെ കുലവും കുടുംബ വുമാണ് മകന്റേത്. ഈ തത്ത്വം മത്തായി 1: 1-16 ൽ പൂർണ്ണമായി പാലിച്ചിട്ടുണ്ടല്ലോ. എന്നാൽ ജോസഫ് യേശുവിന്റെ ജനയി താവല്ല. ജന്മംകൊണ്ട് യേശുവിന്റെ ബന്ധം മറിയത്തോടാണ്. ആ നിലയ്ക്ക് യേശു ദാവീദ്വംശജൻ ആകയില്ല (മിഖാ. 5 : 2-3, ഏശ. 11 : 1-2, സാമു. 7 : 16). ഇവിടെ മിശിഹാ ദാവീദ്ഗോത്രജ നാണല്ലോ. ജോസഫിന്റെ ഭാര്യ എന്ന അവസ്ഥയിൽ അയാൾക്കു വേണ്ടിയാണ് അവൾ മകനെ പ്രസവിക്കുക. ഭർത്താവിന്റെ

www.malankaralibrary.com

കുലത്തിനുവേണ്ടിയാണ് ഭാര്യയുടെ മകൻ. ജോസഫിനോടു മാലാഖ പറയുന്നു: "അവൾ ഒരു പുത്രനെ പ്രസവിക്കും; നീ അവന് യേശു എന്ന് പേരിടണം" (മത്താ. 1 : 12). ഭർത്താവിനു വേണ്ടി ഭാര്യ മക്കളെ ഗർഭംധരിച്ച് പ്രസവിക്കുന്നു എന്നാണ് യഹൂദ ധാരണ. ജോസഫ് കർത്താവിന്റെ മാലാഖയുടെ വാക്ക് പാലിക്കുന്നു. നിയമപരമായി യേശു ജോസഫിന്റെ മകനായി ത്തീർന്നു. അവന് ജോസഫിന്റെ വംശാവകാശമാണ്.

"യേശുക്രിസ്തുവിന്റെ ജനനം ഇപ്രകാരമായിരുന്നു. അവന്റെ അമ്മ മറിയം ജോസഫുമായി വിവാഹ വാഗ്ദാനം കഴിഞ്ഞിരുന്നപ്പോൾ അവർ ഒത്തുചേരുന്നതിനു മുമ്പുതന്നെ പരിശുദ്ധാത്മാവിനാൽ മറിയം ഗർഭിണിയായി കാണപ്പെട്ടു. (മത്താ. 1 : 18). യേശുമിശിഹാ ദൈവപുത്രനാണെന്നത്രേ ഇതിലെ പ്രസ്താവം.

## i. ജോസഫിന്റെ നീതി

"എന്നാൽ അവളുടെ ഭർത്താവായ ജോസഫ് നീതിമാനാകയാലും അവളെ പരസ്യമായി ഉപേക്ഷിക്കാൻ ഇഷ്ടപ്പെടായ്കയാലും അവളെ രഹസ്യത്തിൽ വേർപെടുത്തു വാൻ ആഗ്രഹിച്ചു. ഇവയൊക്കെ അവൻ ചിന്തിച്ചുകൊണ്ടിരിക്കേ സ്വപ്നത്തിൽ കർത്താവിന്റെ ഒരു മാലാഖ പ്രത്യക്ഷനായി പറഞ്ഞു: ജോസഫ്, ദാവീദുസുതാ, നിന്റെ ഭാര്യ മറിയാമിനെ നിന്നോടൊത്തു സ്വീകരിക്കാൻ ഭയപ്പെടേണ്ട; കാരണം, തീർച്ച യായും അവളിൽ ഉരുവായിരിക്കുന്ന ശിശു പരിശുദ്ധാത്മാവിൽ നിന്നാകുന്നു. അവൾ ഒരു പുത്രനെ പ്രസവിക്കും. അവന് യേശു എന്ന് നീ പേരിടണം. കാരണം, അവൻ സ്വജനത്തെ അവരുടെ പാപങ്ങളിൽനിന്ന് രക്ഷിക്കും" (മത്താ. 1 : 9-21). ദാവീദിന്റെ മകനായി യേശുമിശിഹാ ജനിക്കാൻ ജോസഫും മറിയവും വഹിക്കുന്ന പങ്ക് ഇവിടെ സൂചിപ്പിക്കുന്നു. ജോസഫിന്റെ സ്വഭാവ വൈശിഷ്ട്യത്തിന്റെയും പ്രശ്നത്തിന്റെയും സൂചനയുണ്ട്. പ്രശ്നപരിഹാരവുമുണ്ട്.

മത്തായി 9 : 19-21 ലെ അർത്ഥകൽപ്പനയ്ക്ക് നാലു പദങ്ങളുടെ അർത്ഥവിചാരം നിർണ്ണായകമാണ്. "നീതിമാൻ" (ദികായിഒസ്) "പരസ്യമാക്കുക" (ദെയിഗ്മാതിസായി)

www.malankaralibrary.com

"രഹസ്യത്തിൽ" (ലാത്ര) "വേർപെടുത്തുക" (അപൊലുഓ) എന്നിവയാണ് പദങ്ങൾ. രണ്ടെണ്ണത്തിന്റെ ഭാഷാന്തരത്തിലാണ് പ്രശ്നം. ദെയിഗ്മാതിസായിൽ "അപമാനിതയാക്കുക" (പരിഹാസപാത്രമാക്കുക) എന്നും അപൊലുഓ "വിവാഹബന്ധം ഉപേക്ഷിക്കുക" എന്നുമുള്ള അർത്ഥത്തിലാണ് RSV ഉൾപ്പെടെ മിക്ക ഇംഗ്ലീഷ് വിവർത്തനങ്ങളും മലയാള വിവർത്തനങ്ങളും പരിഭാഷപ്പെടുത്തിയിട്ടുള്ളത്. ഇത് സുവിശേഷ താത്പര്യത്തിന് നിരക്കാത്തതും തെറ്റിദ്ധാരണാജനകവുമാണ്.

"ജോസഫ് നീതിമാനായിരുന്നു". മറിയത്തിന്റെ ഗർഭത്തിന് ജോസഫിനെ സംശയിക്കാൻ ലേശവും പഴുതില്ല എന്നാവാം ആദ്യ പ്രതീതി. "നീതി", "നീതിമാൻ" എന്നിവയെക്കുറിച്ച് ബൈബിളിലും യഹൂദ പാരമ്പര്യത്തിലും ചില സങ്കൽപ്പങ്ങളുണ്ട്. പഴയനിയമത്തിൽ "നീതിമാൻ" എന്ന വിശേഷണം വലിയ ബഹുമതിയായിരുന്നു. മോശയുടെ നിയമസംഹിതയുടെ നിർദ്ദേശങ്ങൾ നിഷ്ഠയോടെ പാലിക്കുന്നവൻ "നീതിമാൻ" ആയിരുന്നു. അതായത് നിയമത്തിൽ ആവിഷ്കൃതമായ ദൈവഹിതം സമൂഹത്തിന്റെ താത്പര്യത്തിനൊത്ത് അനുസരിക്കുന്നവൻ. [70]

അവിഹിതമായി ഗർഭം ധരിച്ചവളെ കൈകാര്യം ചെയ്യേണ്ട നിയമ വിധികൾ ഉണ്ടായിരുന്നു. അവ മാനദണ്ഡമാക്കിയാൽ ജോസഫ് നീതിമാൻ ആയിരുന്നെന്ന് പറയാൻ ആകില്ല. നിയമസംഹിതയുടെ നിർദ്ദേശമനുസരിച്ച് (നിയ. 20 : 20-22) അവളെ പിതൃഭവനത്തിന്റെ പടിവാതുക്കൽ കല്ലെറിഞ്ഞ് കൊല്ലാൻ ഏർപ്പാടാക്കാം. അതല്ലെങ്കിൽ പടിക്ക് പുറത്തിറക്കി പിണ്ഡംവച്ച് സമൂഹശുദ്ധി സാധിക്കാൻ ശുഷ്കാന്തി കാണിക്കാം. "നീതിമാനായ" ജോസഫ് ദൈവജനസമൂഹത്തിന്റെ നൈതിക ചട്ടങ്ങൾ അനുസരിക്കാൻ ബാദ്ധ്യസ്ഥനാണ്. എന്നിട്ടും ഇപ്രകാരമൊന്നും ചെയ്യുന്നില്ല. ഇവിടെ ജോസഫിന്റെ നീതിയുടെ തികവും നിറവും നിർണയിക്കാനുള്ള സൂചനയുണ്ട്. [71]

നിയമത്തിന്റെ കർക്കശ നിർദ്ദേശങ്ങൾ ജോസഫ് അനുസരിച്ചില്ല. പിന്നെ എങ്ങനെ അദ്ദേഹം നീതിമാനാകും? ജോസഫിന്റെ ആഗ്രഹങ്ങളെ മാറ്റി മറിക്കുന്നതായിരുന്നു ദൈവികപദ്ധതിയും ദൈവേച്ഛയും. എന്നിട്ടും ഉറപ്പ് ലഭിച്ചപ്പോൾ

www.malankaralibrary.com

സ്വന്തം ഗുണദോഷ വിചാരങ്ങൾ വിസ്മരിച്ചു; വെളിപ്പെട്ട ദൈവേഛ നിർവ്വഹിച്ചു. "അവളെ രഹസ്യത്തിൽ വേർപെടുത്താനാഗ്രഹിച്ച" ജോസഫ് ഉറക്കത്തിൽനിന്ന് ഉണർന്ന് കർത്താവിന്റെ മാലാഖ കൽപ്പിച്ചതുപോലെ പ്രവർത്തിച്ചു. തന്റെ ഭാര്യയെ കൂടെ സ്വീകരിച്ചു: പുത്രനെ പ്രസവിക്കുന്നതുവരെ അവൻ അവളെ അറിഞ്ഞില്ല; അവന് യേശു എന്ന് അവൻ പേരിട്ടു" (മത്താ. 1 : 24-25). മറിയത്തിന്റെ രഹസ്യം ദൈവിക രഹസ്യമാണെന്നുറപ്പായപ്പോൾ ആ ദിവ്യ രഹസ്യത്തിനു മുമ്പിൽ നമ്രശിരസ്കനാകുന്ന ജോസഫിനെയാണ് "നീതിമാൻ" എന്ന വിശേഷണം കൊണ്ട് സുവിശേഷകൻ വിവക്ഷിക്കുക. ദൈവിക പദ്ധതികളുടെയും ഇച്ഛകളുടെയും രഹസ്യത്തിന്റെയും കാവൽക്കാരനായ ജോസഫ് നീതിമാനാണ്. ഫരിസേയരുടെയും നിയമജ്ഞരുടെയും നീതിശാസ്ത്രത്തിന് അഗ്രാഹ്യമായ നീതി. അവരുടെ നൈതീക വിധിയുടെ പരിധിക്ക് പുറത്തുപോയതാണ് ജോസഫിന്റെ നീതിയുടെ പ്രത്യേകതയും. കർത്താവിന്റെ മാലാഖ ജോസഫിനോട് പറയുന്നത്: "നിന്റെ ഭാര്യയെ കൂടെ സ്വീകരിക്കാൻ നീ ഭയക്കേണ്ട" എന്നാണ്. ജോസഫിന്റെ ഭയത്തിന്റെ അർത്ഥമെന്ത്? 'ഭയക്കുക' എന്ന പദത്തിന് ബൈബിൾ പാരമ്പര്യത്തിൽ സവിശേഷ സാരമുണ്ടല്ലോ. ദിവ്യരഹസ്യം വെളിപ്പെടുമ്പോൾ മനുഷ്യന്റെ ആദ്യ പ്രതികരണമാണ് 'ഭയപ്പെടുക'. ജോസഫ് മാലാഖയെ കണ്ടല്ല ഭയപ്പെട്ടത്. മറിയാമിൽ കാണപ്പെട്ട ദൈവരഹസ്യം അഭിമുഖീകരിച്ചപ്പോൾ ജോസഫ് ഭയപ്പെട്ടു. തനിക്ക് ദൃശ്യമായ ദിവ്യരഹസ്യം ഉൾക്കൊള്ളുന്ന മറിയത്തിൽ കർമ്മനിരതമായിരിക്കുന്ന അസാധാരണമായ ദൈവികപദ്ധതിക്കു മുമ്പിൽ ജോസഫ് ഭയവിഹ്വലനാകുന്നു.[72]

"ഇതെല്ലാം സംഭവിച്ചത് കർത്താവിന്റെ പ്രവാചകനിലൂടെ പറയപ്പെട്ടത് പൂർത്തിയാകാനാണ്. "ഇതാ! കന്യക ഗർഭിണിയായി ഒരു പുത്രനെ പ്രസവിക്കും അവന് എമ്മാനുവേൽ എന്ന് പേരിടും. അർത്ഥം ദൈവം നമ്മോടുകൂടെ" (മത്താ. 1 : 22-23). മറിയം കന്യകയായിരിക്കെ ഗർഭിണിയായി. വിവാഹ വാഗ്ദാനം കഴിഞ്ഞ യഹൂദ യുവതി പ്രതിശ്രുതവരനുമായി സംഗമിക്കാതെ ഗർഭിണിയാവുക അപവാദമാണ്. മറിയത്തിന് സംഭവിച്ചത് പരിശുദ്ധാത്മാവിനാലാണെന്ന അറിവ് അവളുടെ കന്യകാ

www.malankaralibrary.com

മാതൃത്വത്തിന് സൂചനയാണ്. കന്യകയായിരിക്കെ ഗർഭിണിയായി പ്രസവിക്കുക സാധാരണ ഗതിയിൽ അസംഭവ്യമത്രേ. എന്നാൽ ദൈവികപദ്ധതിയിൽ അത് സംഭവ്യമെന്ന് സുവ്യക്തമാക്കുന്നു സുവിശേഷകൻ. യഹൂദന് പ്രവചനങ്ങൾ പരിചിതമാണ്; സ്വീകാര്യവും. മിശിഹായെ സൂചിപ്പിക്കുന്നത് വിശേഷിച്ചും! യേശുമിശിഹായുടെ ജനനം പുരുഷബന്ധം കൂടാതെ ആയതിൽ അതിശയിക്കാനൊന്നുമില്ല. അവിശ്വസിക്കുകയും വേണ്ട. ഇങ്ങനെ ഒരു പുത്രൻ ദാവീദുഗോത്രത്തിൽ ഭൂജാതനാകുമെന്ന് പ്രവാചകൻ മുൻകൂട്ടിപ്പറഞ്ഞിട്ടുള്ളതാണ്. അതിന്റെ പൂർത്തീകരണമാണ് സംഭവിച്ചിരിക്കുക. മറിയം കന്യക ആയിരിക്കെ ഗർഭിണിയാവുകയും മകനെ പ്രസവിക്കുകയും ചെയ്യുന്നത് ദൈവിക നീതിയുടെ നിറവേറലാണ്. വ്യക്തതയ്ക്കും സാധുതയ്ക്കും ഏശയ്യായുടെ പ്രവചന വാക്കുകൾ ഉണ്ട് (ഏശ. 7 : 14). ഇതിന്റെ വിശദാംശങ്ങൾ മുമ്പ് കൊടുത്തിട്ടുണ്ടല്ലോ.

"കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ജോസഫിനോട് പറഞ്ഞു: എഴുന്നേറ്റ് ശിശുവിനേയും അമ്മയേയും കൂട്ടി ഈജിപ്തിലേക്ക് പലായനം ചെയ്യുക.......... ഹേറോദേസിന്റെ മരണം വരെ അവിടെ വസിച്ചു. " ഈജിപ്തിൽ നിന്ന് ഞാൻ എന്റെ പുത്രനെ വിളിച്ചു എന്ന് പ്രവാചകനിലൂടെ കർത്താവ് അരുളിചെയ്തത് പൂർത്തിയാകാനാണ് ഇത് സംഭവിച്ചത്. നീതിമാനായ ജോസഫിന്റെ നീതിനിർവ്വഹണ ഭാരം മറിയത്തിന്റെ പ്രസവശേഷം ഏറിയതേയുള്ളൂ. മറിയം എല്ലാറ്റിലും ജോസഫിനോട് സമ്പൂർണ്ണമായി സഹകരിച്ചു. കർത്തൃ ദൂതന്റെ കൽപ്പനപ്രകാരമാണ് ജോസഫ് ശിശുവിനെയും അമ്മയെയും കൂട്ടി ഈജിപ്തിലേക്ക് ഓടിപ്പോയതും അവിടെ നിന്ന് മടങ്ങിവന്നതും. അവയ്ക്കും സുവിശേഷകൻ വചനാധിഷ്ഠിത വ്യാഖ്യാനം നൽകിയിട്ടുണ്ട്. "ഈജിപ്തിൽനിന്ന് ഞാൻ എന്റെ പുത്രനെ വിളിച്ചു'' എന്ന് കർത്താവ് പ്രവാചകനിലൂടെ പറഞ്ഞത് പൂർത്തിയായി.

"റാമായിൽ ഒരു സ്വരം കേട്ടു. കരച്ചിലും ഉച്ചത്തിൽ പ്രലപനവും. റാഹേൽ സ്വസന്താനങ്ങളെപ്രതി കരയുന്നു. ആശ്വസിപ്പിക്കപ്പെടാൻ അവൾ ഇഷ്ടപ്പെട്ടിരുന്നില്ല, കാരണം അവരിനിയില്ലല്ലോ (മത്താ. 1 : 18). റാമായിലെ റാഹേലിന്റെ

www.malankaralibrary.com

വിലാപത്തിൽ ഇസ്രായേലിന്റെ മാതാവിന്റെ കരച്ചിലും വിലാപവും പ്രവാചകൻ കാണുന്നു. ഇസ്രായേലിന്റെ പൂർത്തീകരണമായ യേശുവിന്റെ അമ്മയുടെ അവസ്ഥയിൽ മറിയം റാഹേലിന് സമാന്തരരൂപമായി നിലകൊള്ളുന്നു എന്നുപറയാം. ഇനി മറിയത്തിന്റെ മാതൃത്വ മഹിമ നമുക്ക് പരിശോധിക്കാം.

"അവൻ ജനക്കൂട്ടത്തോട് പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ അവന്റെ അമ്മയും സഹോദരന്മാരും അവനോട് സംസാരിക്കാനാഗ്രഹിച്ച് പുറത്തു നിന്നിരുന്നു. ഒരുവൻ അവനോടു പറഞ്ഞു: നിന്റെ അമ്മയും സഹോദരന്മാരും നിന്നോടു സംസാരിക്കാനാഗ്രഹിച്ച് പുറത്ത് നിൽക്കുന്നു. യേശു അവനോട് പറഞ്ഞു: ആരാണ് എന്റെ അമ്മ? ആരാണ് എന്റെ സഹോദരന്മാരും? തന്റെ ശിഷ്യന്മാരുടെ നേരെ കൈനീട്ടി അവൻ അരുളിച്ചെയ്തു; ഇതാ! എന്റെ അമ്മയും എന്റെ സഹോദരന്മാരും. എന്തെന്നാൽ എന്റെ സ്വർഗ്ഗസ്ഥപിതാവിന്റെ അഭീഷ്ടം പ്രവർത്തിക്കുന്നവരൊക്കെ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു" (മത്താ. 12:46 – 50, മർക്കോ 3 : 31-35, ലൂക്കാ 8 : 19-21). ദൈവപുത്ര മാതൃസ്ഥാനം സംലഭ്യമാക്കാൻ മറിയത്തിനുള്ള പങ്കിലെ അടിസ്ഥാന നിമിത്തം സൂചിപ്പിക്കുന്ന സംഭവമാണിത്. അവൾ യേശുവിന്റെ സ്വർഗ്ഗസ്ഥ പിതാവിന്റെ ഇഷ്ടം നിറവേറ്റി. അതു നിമിത്തം അവൾ അവന്റെ അമ്മയായി.

### b. വിശുദ്ധ മറിയം - വിശുദ്ധ ലൂക്കോസിന്റെ സുവിശേഷത്തിൽ

മൂന്നാം സുവിശേഷത്തിൽ മൂന്നിടങ്ങളിൽ മറിയത്തെ കാണാം. ബാല്യകാല സുവിശേഷം (ലൂക്കാ 1-2) യേശുവിന്റെ വചനശുശ്രൂഷയ്ക്കിടയ്ക്ക് അമ്മയും സഹോദരന്മാരും അന്വേഷിച്ചു വരുന്ന രംഗം, യേശുവിന്റെ വചനശ്രോതാക്കളിലൊരുവൾ ഭാഗ്യം പ്രഖ്യാപിക്കുന്ന രംഗം. ഒന്നാം രംഗത്തിന്റെ സമാന്തരം മത്തായി 12 : 46-50 തിലുണ്ട്. മുൻപേജുകളിൽ ചർച്ച ചെയ്തിട്ടുള്ളതിനാൽ ആവർത്തിക്കുന്നില്ല. ബാല്യകാല സുവിശേഷത്തിലെ മറിയത്തെ രംഗങ്ങളുടെ ക്രമവും മുറയും അനുസരിച്ച് അവതരിപ്പിക്കാനല്ല നമ്മുടെ ശ്രമം. ആ രംഗങ്ങളിൽ

www.malankaralibrary.com

നിന്ന് മറിയത്തെക്കുറിച്ച് ഏതാനും മുഖ്യ ചിന്താധാരകൾ തെളിയിക്കുക. അങ്ങനെ അവളുടെ മഹനീയ സേവനം മനസ്സിലാക്കുക. എങ്കിലും വിവരണത്തിന്റെ സാഹിതീയ സവിശേഷത മൂലം മംഗളവാർത്ത പ്രത്യേകം പരിഗണിക്കുക മരിയ ദർശനത്തിന് ഏറെ സഹായകമത്രേ.[73]

### i. മംഗള വാർത്ത (ലൂക്കാ 1 : 26–38)

"ആറാം മാസം ഗബ്രിയേൽ ദൂതൻ ഗലീലിയയിൽ നസ്രത്ത് എന്ന പട്ടണത്തിൽ, ദാവീദിന്റെ വംശത്തിൽപ്പെട്ട ജോസഫ് എന്നു പേരായ പുരുഷനുമായി വിവാഹനിശ്ചയം ചെയ്തിരുന്ന കന്യകയുടെ അടുത്തേയ്ക്ക്, ദൈവത്താൽ അയയ്ക്കപ്പെട്ടു. അവളുടെ പേര് മറിയം എന്നായിരുന്നു. ദൂതൻ അവളുടെ അടുത്തു വന്നു പറഞ്ഞു : ദൈവകൃപ നിറഞ്ഞവളേ! സ്വസ്തി, കർത്താവ് നിന്നോടുകൂടെ! ഈ വചനം കേട്ട് അവൾ വളരെ അസ്വസ്ഥയായി; എന്താണ് ഈ അഭിവാദനത്തിന്റെ അർത്ഥം എന്ന് അവൾ ചിന്തിച്ചു. ദൂതൻ അവളോടു പറഞ്ഞു: മറിയമേ, നീ ഭയപ്പെടേണ്ട; ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു. നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്ന് പേരിടണം. അവൻ വലിയവനായിരിക്കും; അത്യുന്നതന്റെ പുത്രൻ എന്ന് വിളിക്കപ്പെടും. അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവ് അവനു കൊടുക്കും" (ലൂക്കാ 1 : 26–34). "കൃപ ലഭിച്ചവൾ", "അനുഗൃഹീത" എന്നുമാകാം. "കെഖാറിതൊമേനേ" എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. (പൂർണ്ണഭൂത കൃതന്തകർമ്മിണി). പുതിയ നിയമത്തിൽ വേറൊരിടത്തുമില്ല ഈ പദം. "ഖാറിതൊഓ" (ദാനമായി ചൊരിയുക) എന്ന ക്രിയയിൽ നിന്നു നിഷ്പദിക്കുന്നു. അതിന്റെ കേവല ഭൂതരൂപം (Aorist) എഫേ. 1:6 ലുണ്ട്. "നമ്മുടെ മേൽ ദാനമായി ചൊരിഞ്ഞിരിക്കുന്ന അവന്റെ കൃപയുടെ പുകഴ്ചയ്ക്ക്" എന്ന വാക്യത്തിൽ "ഖുറിതൊഓ" കാരകക്രിയയാണ്. പ്രവൃത്തിയുടെ ഫലം അനുഭവിക്കുന്നവനിൽ മാറ്റം വരുത്തുന്ന സ്വഭാവം സ്ഥായിയാണ്. കൃപ ലഭിച്ച മറിയാമിൽ രൂപാന്തരം സംഭവിച്ചിരുന്നു. ലഭിച്ച കൃപ അവളെ രൂപാന്തരപ്പെടുത്തിയിരുന്നു. രൂപാന്തരത്തിന്റെ നിമിഷം നിശ്ചയമില്ല.[74] ദൈവകൃപ രൂപാന്തരപ്പെടുത്തിയ അനുഗൃഹീത

www.malankaralibrary.com

യാണ് മറിയം. രക്ഷിതയായ പുതുസൃഷ്ടിയായിക്കഴിഞ്ഞിരുന്ന അവസ്ഥയിൽ മറിയത്തെ മാലാഖ അഭിവാദനം ചെയ്തു. രക്ഷകനായ കർത്താവിന്റെ രക്ഷാകരമായ കരുണയുടെയും സ്നേഹത്തിന്റെയും സമ്മിശ്ര ശക്തിയാണ് കൃപ (പുറ. 32 : 7-14, സങ്കീ. 136). ദൈവം ദാനം നൽകുന്നു. തികച്ചും സ്വതന്ത്രമായ ദാനം. ഇതാണ് ബൈബിൾ നൽകുന്ന കൃപാചരിത്ര സംഗ്രഹം.

"കർത്താവ് നിന്നോടു കൂടെ". സ്വർഗീയ സമാശ്വാസത്തിന്റെയും ശക്തീകരണത്തിന്റെയും ദിവ്യ വചസ്സുകൾ. അസാധാരണ ദൗത്യം നിർവ്വഹിക്കാൻ വിളിക്കപ്പെട്ടവരൊക്കെ ആദ്യനിമിഷംതന്നെ വിസമ്മതിച്ചു. വിസമ്മതിച്ചപ്പോഴൊക്കെ വിളിച്ചവൻ സഹായം വാഗ്ദാനം ചെയ്തു. ഗിദയോനോടു പറഞ്ഞു: "കർത്താവ് നിന്നോടു കൂടെ" (ന്യായാ 6: 12). റൂത്തിനോടും (റൂത്ത് 2 : 14), മോശയോടും (പുറ. 3 :10). യോശുവയോടും (ജോഷ്വാ 1 : 9) കർത്താവ് കൂടെയുണ്ടെന്ന് ഉറപ്പു നൽകി. ഉറപ്പ് ഏറെ ആവശ്യവും ഫലവത്തുമാകുന്നത് ഏൽപ്പിച്ച ദൗത്യം സ്വീകർത്താവിന്റെ ശക്തിക്ക് അതീതമാകുമ്പോഴാണ്. മറിയത്തിന് "കർത്താവ് കൂടെ" എന്ന അനുഭവപൂർണ്ണതയുടെ സിദ്ധിയുണ്ടാകുന്ന വഴി മാലാഖ വിശദമാക്കി. "പരിശുദ്ധാത്മാവ് നിന്റെ മേൽ ആഗതനാകും; അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും" (ലൂക്കാ 1 : 35). പരിശുദ്ധാത്മാവിന്റെ സർഗ്ഗശക്തിക്ക് വിധേയപ്പെട്ട് ദൈവപുത്രനെ ഗർഭം ധരിച്ച് പ്രസവിക്കും. "കർത്താവ് കൂടെ" നിറവാകും. പരിശുദ്ധാത്മാവ് "നിന്റെ മേൽ വരിക" എന്നതിന്റെ ഗ്രീക്കുക്രിയ (എപെർഖൊമായി) യിൽ ലൂക്കോസ് ശക്തിയുടെ കുത്തിയൊഴുക്ക് കാണുന്നു. "ഇതാ ഞാൻ കർത്താവിന്റെ ദാസി". Handmaid of the Lord എന്നാണ് ഇംഗ്ലീഷിൽ വായിക്കുക. 'ദാസി' എന്നു പറഞ്ഞാൽ വേലക്കാരിയാണ്. ഇംഗ്ലീഷിൽ പറയുന്നത് Servant. ഒരു വേലക്കാരിക്ക് എപ്പോൾ വേണമെങ്കിലും യജമാനത്തിയെ വിട്ട്പിരിഞ്ഞുപോകാം. എന്നാൽ അടിയാട്ടി എന്ന പദത്തിന്റെ അർത്ഥം ദാസിയിൽ ശരിക്ക് ഉൾക്കൊള്ളുമോയെന്ന് സംശയമാണ്. ഒരു അടിമയ്ക്കതു പാടില്ല. അടിയാട്ടി - ഇംഗ്ലീഷിൽ Slave എന്നു പറയും. യജമാനന്റെ സ്വന്തമാണവൻ. യജമാനന് അവനെക്കൊണ്ട് എന്തു വേണമെങ്കിലും ചെയ്യിക്കാം.

www.malankaralibrary.com

പറയുന്നതെന്തോ അതവൻ ചെയ്തിരിക്കണം. അതാണ് അടിമ. ഈ അർത്ഥത്തിൽ ഒന്നോർത്തു നോക്കൂ. മേരി പറഞ്ഞത് 'ഞാൻ കർത്താവിന്റെ അടിയാട്ടി' - അതാണ് വിധേയത്വം, പരിപൂർണ്ണമായ വിധേയത്വം, ചോദ്യം ചെയ്യപ്പെടാത്ത വിധേയത്വം. "എന്റെ ഇഷ്ടമല്ല അങ്ങയുടെ ഇഷ്ടം നിറവേറട്ടെ". ഗത്സമൻ തോട്ടത്തിൽ വെച്ച് കർത്താവ് പറഞ്ഞില്ലേ? (ലൂക്കാ 22-42, മർക്കോ 14 : 36, മത്താ 26-42). ഇതിന്റെ പ്രതിധ്വനിയുണ്ട് മറിയത്തിന്റെ ഈ 'അടിയാട്ടി' പ്രയോഗത്തിനും.

"ഇതാ ഞാൻ കർത്താവിന്റെ ദാസി. നിന്റെ ദൂതുപോലെ എന്നിൽ ഭവിക്കട്ടെ" (ലൂക്ക 1:38). സംഭവിക്കട്ടെ (ഗെനെയിതൊ) എന്ന ക്രിയാരൂപം (ഗ്രീക്കിൽ ആശംസാരൂപം) മറിയത്തിന്റെ ആഹ്ലാദപൂർവ്വമായ ആഗ്രഹം ദ്യോതിപ്പിക്കുന്നതാണ്. ദൈവദൂതനിലൂടെ തന്നിലേക്ക് ഒഴുകിയെത്തിയ വചനപ്രവാഹം മറിയം സസന്തോഷം സ്വീകരിച്ചു. ആത്മസമർപ്പണത്തിന്റെ ആഹ്ലാദ നിർവൃതി. അഭിവാദന ആരംഭത്തിൽ ആഹ്ലാദിക്കാൻ ലഭിച്ച ആഹ്വാനത്തിന് അവളുടെ പ്രത്യുത്തരം.[75]

രക്ഷകനായ യേശുവിന്റെ മാതാവാകുക എന്ന മഹനീയ സ്ഥാനം അലങ്കരിക്കുവാനായി ദൈവം മറിയത്തെ തിരഞ്ഞെടുത്തു എന്നുള്ള സന്തോഷ വാർത്ത ഗബ്രിയേൽ ദൈവദൂതൻ മറിയത്തെ അറിയിച്ച കാര്യം ഖുറാൻ വിവരിക്കുന്നുണ്ട്. "എന്നിട്ട് അവരിൽനിന്ന് മറയത്തക്ക ഒരു മറ അവരുണ്ടാക്കി. അപ്പോൾ അവരുടെ അടുത്തേക്ക് നമ്മുടെ മലക്കിനെ നാം അയച്ചു. അങ്ങനെ മലക്ക് അവരുടെ മുമ്പിൽ ഒരു തികഞ്ഞ മനുഷ്യരൂപം പ്രാപിച്ചുകൊണ്ടു പ്രത്യക്ഷപ്പെട്ടു. അവർ പറഞ്ഞു : തീർച്ചയായും അതിൽ നിന്നു കരുണാനിധിയായ അല്ലാഹുവിൽ ഞാൻ അഭയം തേടുന്നു. നീ ഒരു ഭക്തനാണെങ്കിൽ (ഉടനെ ഇവിടെ നിന്നു പോകണം) (ഖുറാൻ 19 : 17-18). മറിയംബീവി തന്റെ വീട്ടിൽ നിന്നും അൽപ്പം കിഴക്കുമാറി മറയുള്ള ഒരു സ്ഥലത്തു ചെന്നുനിന്നു. ഈ സമയത്ത് ജിബ്രീൽ എന്ന മലക്ക് സുന്ദരനായ ഒരു യുവാവിന്റെ രൂപത്തിൽ അവരെ സമീപിച്ചു. വന്നത് മാലാഖയാണെന്ന് അവർക്ക് മനസ്സിലായില്ല. ബലാൽക്കാരം ചെയ്യാൻ വന്നതാണെന്ന് അവൾ ധരിച്ചു. അവൾ അല്ലാഹുവിൽ

www.malankaralibrary.com

അഭയം തേടുകയും ആഗതനോട് ഉടൻ സ്ഥലം വിടാൻ ആവശ്യപ്പെടുകയും ചെയ്തു.

"മലക്കുകൾ (മർയമിനോട്) പറഞ്ഞ സന്ദർഭവും (ഓർക്കുക). ഓ മർയം, തീർച്ചയായും അല്ലാഹു നിങ്ങളെ ഉൽക്കൃഷ്ടയായി തിരഞ്ഞെടുക്കുകയും, ശുദ്ധിയാക്കുകയും (സമകാലീന) ലോകത്തുള്ള സ്ത്രീകളിൽ വെച്ച് ഉൽക്കൃഷ്ട യാക്കുകയും ചെയ്തിരിക്കുന്നു (ഖുറാൻ 3:42). ദൈവം മറിയത്തെ പ്രത്യേക വിധം തിരഞ്ഞെടുത്ത് ഉത്ഭവപാപത്തിന്റെ നിഴൽപോലും ഇല്ലാതെ ജനിക്കുവാൻ തിരുമനസ്സാകുകയും ചെയ്തു. ദൈവാനുഗ്രഹത്താൽ പൂരിതയാണവൾ. "മലക്കുകൾ പറഞ്ഞ (മറ്റൊരു) സന്ദർഭവും (ഓർക്കുക) ഓ മർയം, തന്റെ പക്കൽ നിന്നുള്ള ഒരു വചനം കാരണമായുണ്ടാകുന്ന കുഞ്ഞിന്റെ ജന്മത്തെക്കുറിച്ച് അല്ലാഹു നിങ്ങളോട് സന്തോഷവാർത്ത അറിയിക്കുന്നു. അദ്ദേഹത്തിന്റെ പേർ മർയമിന്റെ മകൻ മസീഹ് ഈസാ എന്നാകുന്നു. ഇഹത്തിലും പരത്തിലും പ്രമുഖനും അല്ലാഹുവിന്റെ സാമീപ്യം ലഭിച്ച പ്രവാചകന്മാരിൽപ്പെട്ട മഹാനുമാണദ്ദേഹം. തൊട്ടിയിൽ വെച്ചും മദ്ധ്യവയസ്കനായ ഘട്ടത്തിലും (തത്ത്വോപദേശം ചെയ്തുകൊണ്ട്) അദ്ദേഹം ജനങ്ങളോടു സംസാരിക്കുകയും, സ്വജനങ്ങളിൽപ്പെട്ട മഹാനായിരിക്കുകയും ചെയ്യും (ഖുറാൻ 3: 45-46). ദൂതൻ ഒട്ടും മടിക്കാതെ മറിയത്തെ തന്റെ ആഗമനോദ്ദേശ്യം അറിയിച്ചു. ദൈവവചനമായ യേശുവാണ് മറിയത്തിനു ലഭിച്ച മംഗളവാർത്തയുടെ വിഷയം. ഒരുപോലെ ബഹുമാന്യനായ അവന്റെ പേര് യേശു എന്നായിരിക്കുമെന്നും അവൻ ദൈവത്തോട് ഏറ്റം അടുത്തു വ്യാപരിക്കുമെന്നും നീതിമാനും പിള്ളത്തൊട്ടിൽ മുതൽ ജനങ്ങളോട് സംസാരിക്കുന്നവനുമായിരി ക്കുമെന്നും ഗബ്രിയേൽ ദൈവദൂതൻ മറിയത്തെ അറിയിച്ചു.

അവർ (മർയം) ചോദിച്ചു. എന്റെ നാഥാ, എനിക്കെങ്ങനെ കുട്ടിയുണ്ടാകും? എന്നെ ഒരു പുരുഷനും തൊട്ടിട്ടില്ലല്ലോ? അല്ലാഹു പറഞ്ഞു: അങ്ങനെ തന്നെയാണ് കാര്യം. എന്നാൽ താൻ ഉദ്ദേശിക്കുന്നത് അല്ലാഹു സൃഷ്ടിക്കുന്നതാണ്. അവൻ ഒരു കാര്യം ഉദ്ദേശിച്ചു കഴിഞ്ഞാൽ "ഉണ്ടാവുക" എന്ന് അതിനോടു പറയും. അപ്പോൾ അതുണ്ടാകും. ഇസ്രായേൽ സന്തതികൾ

www.malankaralibrary.com

ക്കുള്ള ഒരു ദൂതനായി അദ്ദേഹത്തെ അയക്കുകയും ചെയ്യും (ഖുറാൻ 3 : 47-49). ദൈവത്തിന് അസാദ്ധ്യമായിട്ട് ഒന്നും ഇല്ല. എല്ലാം സാദ്ധ്യമാണ് എന്ന് മാലാഖ പറയുന്നു. മാനുഷിക രീതിയിലുള്ള പിതാവില്ലാതെ മറിയം യേശുവിനെ ജനിപ്പിച്ചു എന്നുള്ള സത്യം വ്യക്തമാക്കാനാണ് ഖുറാൻ യേശുവിനെ 'മറിയത്തിന്റെ സുതൻ' എന്നു വിളിക്കുന്നത്.

## ii. വി. മറിയം എലിസബത്തിനെ സന്ദർശിക്കുന്നു

"ആ ദിവസങ്ങളിൽ, മറിയം യൂദായായിലെ മലമ്പ്രദേശത്തുള്ള ഒരു പട്ടണത്തിലേക്ക് തിടുക്കത്തിൽ യാത്ര പുറപ്പെട്ടു. അവൾ സഖറിയായായുടെ വീട്ടിൽ പ്രവേശിച്ച് എലിസബത്തിനെ അഭിവാദനം ചെയ്തു" (ലൂക്കാ 1: 39-40). ഇസ്രായേലിന്റെ വടക്കാണ് നസ്രത്ത്. യൂദാ തെക്ക്. ചുരുക്കം മൂന്നുനാല് ദിവസം നടക്കണം അങ്ങെത്താൻ. തനിക്ക് ലഭിച്ച ദൈവകൃപ രക്ഷാകരപദ്ധതിയിൽ പങ്കുലഭിച്ചതിലുള്ള സന്തോഷം പങ്കു വെയ്ക്കുന്നതിന് വേണ്ടിയാണ് മറിയം തിടുക്കത്തിൽ പോയത്. യൂദയായിൽ 'എൻകരിം' എന്ന സ്ഥലത്താണ് എലിസബത്തിന്റെ താമസം. ഭർത്താവ് സഖറിയാസ് ഒന്നിച്ച്. ഇനി മറിയം ചെന്നപ്പോൾ ഉണ്ടായത്, "മറിയത്തിന്റെ അഭിവാദനം കേട്ടപ്പോൾ എലിസബത്തിന്റെ ഉദരത്തിൽ ശിശു കുതിച്ചു ചാടി. എലിസബത്ത് പരിശുദ്ധാത്മാവ് നിറഞ്ഞവളായി. അവൾ ഉദ്ഘോഷിച്ചു; നീ സ്ത്രീകളിൽ അനുഗൃഹീതയാണ്; നിന്റെ ഉദരഫലവും അനുഗൃഹീതം. എന്റെ കർത്താവിന്റെ അമ്മ എന്റെ അടുത്തു വരുവാനുള്ള ഭാഗ്യം എനിക്ക് എവിടെ നിന്ന്?...... കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി" (ലൂക്കാ 1; 41-45).

"സ്ത്രീകളിൽ അനുഗൃഹീത" എന്ന് എലിസബത്ത് മറിയത്തെ പ്രകീർത്തിച്ചു. പഴയ നിയമത്തിൽ നിന്നും പറിച്ചെടുത്ത പദങ്ങളിലാണ് പുകഴ്ത്തുക. പൂർവ്വസൂരികളിലൂടെ സംസാരിച്ച പരിശുദ്ധാത്മാവ് (അപ്പ. 1:16, 7:51). സമാനവചനങ്ങൾ എലിസബത്തിലൂടെ മറിയത്തെക്കുറിച്ച് പറയുന്നു. ഇസ്രായേലിന്റെ ചരിത്രത്തിലെ വീരാംഗനകളായ യൂദിത്തിനും, യാവേലിനും ജനമുതിർത്ത ആശംസ മേരിയുടെ സത്യാവസ്ഥയായി

www.malankaralibrary.com

എലിസബേത്ത് പ്രസ്താവിക്കുന്നു. മറിയത്തിന്റെ അനുഗൃഹീതാവസ്ഥയ്ക്കു കാരണവും എലിസബേത്തിന്റെ പ്രശംസയിലുണ്ട്. "നിന്റെ ഉദരഫലവും അനുഗൃഹീതമാകുന്നു" ലൂക്കാ 1: 42. ആവ. 28. -ൽ രേഖപ്പെടുത്തുന്ന നേതൃവചനങ്ങളുടെ ആവർത്തനം. മോശ ഇസ്രായേലിനോടു പറഞ്ഞു; "നിങ്ങൾ നിങ്ങളുടെ ദൈവമായ കർത്താവിന്റെ സ്വരം അനുസരിച്ചാൽ നിങ്ങളുടെ ഉദരഫലം അനുഗൃഹീതമായിരിക്കും". മറിയം കർത്താവിന്റെ സ്വരം അനുസരിച്ചു. അവളുടെ ഉദരഫലം അനുഗൃഹീതമായി. "എന്റെ കർത്താവിന്റെ അമ്മ" എന്ന അഭിവാദനം ചേർത്തു ചിന്തിക്കുക. വിശ്വാസികളുടെ കർത്താവിനെ മറിയം ഉദരഫലമാക്കി. അവളുടെ ഉദരം സകലർക്കും രക്ഷാകരമായ ഫലം നൽകിയതിനാൽ തലമുറകൾ എല്ലാം അവളെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും.

## iii. വി. മറിയത്തിന്റെ സ്തോത്രഗീതം

"മറിയം പറഞ്ഞു എന്റെ ആത്മാവ് കർത്താവിനെ മഹത്ത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു. അവിടുന്ന് തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു. ഇപ്പോൾ മുതൽ സകല തലമുറയും എന്നെ ഭാഗ്യവതി എന്ന് പ്രകീർത്തിക്കും. ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. അവിടുത്തെ നാമം പരിശുദ്ധമാണ്. അവിടുത്തെ ഭക്തരുടെമേൽ തലമുറകൾ തോറും അവിടുന്ന് കരുണ വർഷിക്കും. അവിടുന്ന് തന്റെ ഭുജംകൊണ്ട് ശക്തി പ്രകടിപ്പിച്ചു; ഹൃദയ വിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു. ശക്തന്മാരെ സിംഹാസനത്തിൽനിന്ന് മറിച്ചിട്ടു. എളിയവരെ ഉയർത്തി. വിശക്കുന്നവരെ വിശിഷ്ട വിഭവങ്ങൾ കൊണ്ട് സമ്പുഷ്ടരാക്കി; സമ്പന്നരെ വെറും കൈയ്യോടെ പറഞ്ഞയച്ചു...... പിന്നെ വീട്ടിലേക്ക് മടങ്ങി" (ലൂക്കാ 1 : 46-56).

സഭയുടെ ഏറ്റവും വലിയ കീർത്തനങ്ങളിൽ ഒന്നാണിത്- 'മാഗ്നിഫിക്കാത്ത്' പഴയനിയമത്തിലെ ആശയംകൊണ്ട് മുറ്റി നിറഞ്ഞിരിക്കുകയാണിത്.... സാമു 2 : 10-ാം അദ്ധ്യായത്തിൽ കാണുന്ന അന്നയുടെ പ്രകീർത്തനത്തിന്റെ പ്രതിധ്വനി ഉണ്ടിതിന്. മതം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്ന് സോഷ്യലിസ്റ്റ്

www.malankaralibrary.com

ചിന്താഗതിക്കാർ പറയാറുണ്ട്. പക്ഷെ സുപ്രസിദ്ധ ബൈബിൾ പ്രസംഗകനായ സ്റ്റാൻലി ജോൺസ് പറയുന്നത് മാഗ്നിഫിക്കാത്താണ് ലോകം കണ്ടിട്ടുള്ളതിലേക്കുവച്ചേറ്റം വിപ്ലവകരവും തീപ്പൊരി പറക്കുന്നതുമായ രേഖ എന്ന്. മാഗ്നിഫിക്കാത്തിൽ ദൈവത്തിന്റെ മൂന്നു വിപ്ലവങ്ങളെപ്പറ്റി പറയുന്നുണ്ട്. ഒന്ന് ഹൃദയത്തിൽ അഹംഭാവികളായിരുന്നവരെ അവൻ ചിതറിക്കുന്നു. ഇതൊരു ധാർമ്മിക വിപ്ലവമാണ്. അഹംഭാവത്തെ ഹനിക്കുന്നതാണ് ക്രിസ്തുമതം. എന്തുകൊണ്ട്? ഒരു മനുഷ്യൻ അവന്റെ ജീവിതത്തെ ക്രിസ്തുവിന്റെ ജീവിതത്തോടടുപ്പിക്കുമ്പോൾ അതവന്റെ അഹങ്കാരത്തെ കീറി മാറ്റുകതന്നെ ചെയ്യും.

മറിയം എലിസബേത്തിനെ സന്ദർശിച്ചു. അവളുടെ യാത്ര തിടുക്കത്തിലായിരുന്നു. അവളുടെ സേവനം കർത്തൃസാക്ഷ്യമത്രേ. രക്ഷകനായ ദൈവത്തെ സാക്ഷിക്കുക. അവൾക്കും സമൂഹത്തിനും അവിടുന്ന് പ്രവർത്തിച്ചിട്ടുള്ള നന്മകൾ എണ്ണിപ്പാടി സാക്ഷിക്കുക. അവന്റെ വീരഗാഥകൾ ആലപിക്കുക. അവന്റെ ഭുജത്തിന്റെ ശക്തി തന്റെ ജനത്തിനുവേണ്ടി വിനിയോഗിച്ചതൊക്കെ വിളിച്ചോതുക. ഈജിപ്തിലെ ശക്തന്മാർക്കെതിരെ മാത്രമല്ല അമ്മോന്യരുടെയും ഫിലിസ്ത്യരുടെയും മോവാബ്യരുടെയും ഏദോമ്യരുടെയും അമാലെക്യരുടെയും സിറിയാക്കാരുടെയും അസ്സീറിയാക്കാരുടെയും ബാബിലോണിയാക്കാരുടെയും ശക്തർക്കെതിരെയും അവൻ പ്രബലമായ കരം നീട്ടി. ഹൃദയത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു. എല്ലാം തികഞ്ഞ സമ്പന്നരും സംരക്ഷിതരും എന്ന് അവർ കരുതിയത് വെറുതെ എന്ന് കാട്ടിക്കൊടുത്ത കരങ്ങളുടെ നീളം മറിയം നീട്ടിപ്പാടി. സിംഹാസനങ്ങളിൽ അള്ളിപ്പിടിച്ചിരുന്ന ശക്തരെ തട്ടിത്തെറിപ്പിച്ചിട്ട് എളിയവരെ പ്രതിഷ്ഠിച്ച ദൈവത്തിന്റെ ഭുജബലം പ്രകീർത്തിക്കുന്നു മറിയം. വിശന്നു വലഞ്ഞവരെ നന്മകൾ കുത്തിനിറച്ചും ധനികരെ ശൂന്യഹസ്തരായി പറഞ്ഞുവിട്ടുമുള്ള രക്ഷകനായ ദൈവം ദരിദ്രരുടെ പക്ഷം പിടിച്ച് പ്രവർത്തിക്കുന്ന ചരിത്രത്തിന്റെ ചുരുൾ നിവർത്തുന്നു. ദൈവം സ്വദാസൻ ഇസ്രായേലിനെ സംരക്ഷിച്ച് പിതാക്കന്മാരുടെ കാലം തൊട്ട് തന്റെ അലിവ് പ്രകടമാക്കി. അബ്രഹാമിനോടും സന്താനങ്ങളോടും ചെയ്ത വാഗ്ദാനം ദയയുടെ പ്രദർശനമാണ്. ഇസ്രാ

www.malankaralibrary.com

യേലിനു രക്ഷയേകി. ദൈവത്തിന്റെ രക്ഷയേകുന്ന ദയയുടെ പൂർണ്ണതയുടെ പ്രൗഢമായ ഉറപ്പാണ് മറിയത്തിന്റെ ഗർഭം. അവൾ ദൈവത്തിന്റെ രക്ഷാവാഗ്ദാന പൂർത്തീകരണത്തിനു സാക്ഷിയായി. ആത്മാവിന്റെ ആഗമനവും ആവാസവും സ്വീകരിച്ച അവൾ രക്ഷകനായ കർത്താവിന്റെ ധീരയായ സാക്ഷിയാകുന്നു.

## iv. മറിയം - വിശുദ്ധ വചനത്തിന്റെ സൂക്ഷിപ്പുകാരി

"മറിയമാകട്ടെ, ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു" (ലൂക്കാ 2 : 19).

"......... അവന്റെ അമ്മ ഇക്കാര്യങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു" (ലൂക്കാ 2:51).

രക്ഷാകര ചരിത്രത്തിലും സഭാജീവിതത്തിലും മറിയത്തിനുള്ള സ്ഥാനം വെളിവാക്കുന്നതാണ് വിശുദ്ധ ലൂക്കോസിന്റെ മേൽപ്പറഞ്ഞ പരാമർശങ്ങൾ. മറിയമാണ് ക്രിസ്തീയ പാരമ്പര്യങ്ങളുടെ സ്രോതസ്സ്. അവളുടെ ഓർമ്മയിലാണ് വചനം സൂക്ഷിക്കപ്പെട്ടിരിക്കുന്നത്. അവളാണ് ക്രിസ്തുസംഭവത്തിന്റെ വിശ്വസ്ത സാക്ഷി. ബൈബിളിൽ 'ഓർമ്മിക്കുക' അല്ലെങ്കിൽ 'ഹൃദയത്തിൽ സംഗ്രഹിക്കുക' എന്നതുകൊണ്ട് വിവക്ഷിക്കുന്നത്, കണ്ടതും കേട്ടതും അനുഭവിച്ചതുമെല്ലാം മനസിൽ രജിസ്റ്റർ ചെയ്തു വയ്ക്കുക എന്നല്ല. ആന്തരികമായ ഭാഗഭാഗിത്വമാണ് അനുഭവിച്ചതിനെ നഷ്ടപ്പെടാതെ സൂക്ഷിക്കുന്നത്. ഒരാളെ ആഴമായി സ്പർശിക്കാത്തത് അയാളുടെ ഉള്ളിലേക്ക് കടക്കില്ല. ഒരാൾക്ക് മനസ്സിലാകാത്തതിനെ സ്നേഹിക്കാനോ, സ്നേഹിക്കാത്തതിനെ ഗ്രഹിക്കാനോ ദുഷ്കരമാണ്. ഒരാളുടെ ചിന്താവിഷയത്തോട് അയാൾ താദാത്മ്യപ്പെടുന്നു.

വചനത്തിന്റെ ഫലദായകത്വം ദ്വിവിധ രൂപത്തിൽ മറിയത്തിൽ പ്രത്യക്ഷപ്പെടുന്നു. വചനം അവളുടെ ജീവിതത്തെ ധന്യമാക്കി; അതേസമയം അവൾ വചനത്തെ കൂടുതൽ ധന്യമാക്കി. അവൾ ദൈവവചനം ഉൾക്കൊണ്ട്, തന്റെ ജീവിതാനുഭവങ്ങളുമായി കൂട്ടിക്കലർത്തി. വചനത്തിന്റെ

www.malankaralibrary.com

അർത്ഥവും ഫലവ്യാപ്തിയും പ്രസക്തിയുമെല്ലാം ദൈവജന ത്തിന് വെളിവാക്കി കൊടുക്കുന്നു. മറിയത്തിന്റെ ഹൃദയമാണ് ദൈവവചനം വിതയ്ക്കപ്പെട്ട ആഴമുള്ള മണ്ണ്. അവളുടെ വിശ്വാസജീവിതമാകുന്ന ജലത്തിൽ ആ വിത്ത് കുതിർത്തു, മുളപൊട്ടി, വളർന്നു.

ദൈവവചനം 'സൃഷ്ടിക്കുന്ന' വചനമാണ്. അതു രക്ഷിക്കുന്ന വചനമാണ്: അത് അനുദിനം നമ്മെ പോഷിപ്പി ക്കുന്നു. ദൈവവചനം നമുക്ക് ആകുലതയിൽ ആശ്രയവും, നിരാശയിൽ പ്രത്യാശയും, ദുഃഖത്തിൽ സമാശ്വാസവും പകരുന്നു. ദൈവവചനം നമ്മുടെ അസ്ഥിയേയും മജ്ജയേയും കുത്തിത്തുളയ്ക്കുന്ന ഇരുമുനവാളാണ്. അത് യഥാർത്ഥമായ അനുതാപത്തിലേക്കും ജീവിത പരിവർത്തനത്തിലേക്കും നമ്മെ നയിക്കുന്നു.

### V. മറിയം - ആദ്യജാതന്റെ അമ്മ

"ജോസഫ് ഗർഭിണിയായ മറിയാമുമൊത്ത് ബേത്‌ലഹേമിലേക്ക് പോയി............. അവർ അവിടെയായിരിക്കു മ്പോൾ അവൾക്കു പ്രസവിക്കാൻ ദിവസങ്ങൾ തികഞ്ഞു. അവൾ തന്റെ ആദ്യ ജാതനെ പ്രസവിച്ചു. അവനെ പിള്ളക്കച്ചകളിൽ പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തി (ലൂക്കാ. 2 : 4-7). ജോസഫ് ഗർഭിണിയായ ഭാര്യ മറിയവുമൊത്ത് ബേത്‌ലഹേമിലേക്ക് പോയി. തീർത്തും അസാധാരണം. ജോസഫ് പോയതിന് ന്യായീകര ണമുണ്ട്. "ദാവീദിന്റെ കുടുംബത്തിലും പിതൃകുലത്തിലും പെട്ടവനായിരുന്നു ജോസഫ്. മറിയത്തെ കൊണ്ടുപോയതിനു പ്രത്യക്ഷ വിശദീകരണമില്ല. സ്ത്രീകളുടെ പേര് കനേഷുമാരി ക്കണക്കിൽ രേഖപ്പെടുത്തുന്ന പതിവില്ല. തികഞ്ഞ ഗർഭാവ സ്ഥയിൽ 150 കിലോമീറ്റർ യാത്ര ചെയ്യുക മറിയത്തിന് ഏറെ ആയാസകരവും. ജോസഫിന് അസൗകര്യമേറും. മറിയത്തെ കൊണ്ടുപോകാതിരിക്കാനുള്ള സാഹചര്യമാണ് കൂടുതൽ. എന്നിട്ടും കൊണ്ടുപോയി. മറിയത്തെ കൊണ്ടുപോയതിന്റെ ഉദ്ദേശ്യം സാധിച്ചു. ദാവീദുഗോത്രജനും ദാവീദുസുതനുമായവൻ ദാവീദിന്റെ പട്ടണമായ ബേത്‌ലഹേമിൽ പിറക്കണം. ഇസ്രായേലിന്റെ ഭരണാധിപനാകേണ്ടവൻ അവിടെ

www.malankaralibrary.com

ഭൂജാതനാകണം. ബേത്‌ലഹേമിൽ ഈറ്റു നോവിനിരയായവൾ പ്രസവിക്കുന്ന സമയം (മിക്കാ. 5 : 4) തികഞ്ഞു. പ്രസവ വേദന അനുഭവിക്കുന്ന മാതാവായ ഇസ്രായേൽപുത്രിയുടെ ചിത്രം മറിയത്തിൽ പൂർത്തിയായി. "അവൾ തന്റെ പുത്രനായ ആദ്യജാതനെ പ്രസവിച്ചു". മറിയത്തിന്റെ പുത്രൻ ആദ്യജാതനാണ്. ഇസ്രായേലിന്റെ ഭരണാധിപൻ ആദ്യജാതനാണ് (2 രാജാ. 3 : 27). ഇസ്രായേൽ കർത്താവിന്റെ ആദ്യജാതനാണ് (പുറ. 4 : 22). "ആദ്യജാതൻ" യഹൂദപാരമ്പര്യത്തിൽ ആൺപ്രജയ്ക്കുമാത്രം നൽകിയിരുന്നു. ഇസ്രായേൽ എന്റെ ആദ്യജാതനാണ്. എന്നെ ശുശ്രൂഷിക്കാൻ അവനെ വിടണം (പുറ. 4 : 22-23, ജറെ. 2 : 3, 3 : 9 ഉം. സംഖ്യ 3 : 40-41 കാണുക). കർത്താവ് സ്വജനത്തെ വീണ്ടെടുത്തതിന്റെ അടയാളമാണ് ആദ്യജാതൻ (പുറ. 13-12-15). അവിടുത്തെ പരിശുദ്ധനും സമർപ്പിതനും (പുറ. 13 : 2, 12 : 15). മറിയവും ജോസഫും നിയമമനുസരിച്ച് യേശുവിനെ ദേവാലയത്തിൽ സമർപ്പിക്കുന്നുണ്ടല്ലോ (ലൂക്കാ 2; 23). ആദ്യജാതന്മാരെല്ലാം കർത്താവിന്റേതാണ്. മറ്റാർക്കും അവകാശമില്ല.[76]

മറിയം ആദ്യജാതനെ പിള്ളക്കച്ചകളിൽ പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തി. ആദ്യജാതനെ പിള്ളക്കച്ചകളിൽ പൊതിയുക. പിള്ളക്കച്ച കേവലം കീറ്റുശീലയല്ല. പിള്ളക്കച്ചയുടെ ധാർമ്മിക സൂചനകൾ വിജ്ഞാന ഗ്രന്ഥത്തിലുണ്ട് (ജ്ഞാനം 7; 4-5). ഭൂമിയിലെ പ്രഥമ രൂപമായ (പ്രൊട്ടോപ്ലാസ) പൈതലിന്റെ പിൻമുറക്കാരൻ (ജ്ഞാനം. 7 : 1). പിറന്നപ്പോൾ ലഭിച്ച ശുശ്രൂഷയുടെ ഭാഗമാണ് "പിള്ളക്കച്ചകൾ കൊണ്ട് പൊതിയുക", "ഞാൻ പിള്ളക്കച്ചകളിൽ ശ്രദ്ധാപൂർവ്വം ശുശ്രൂഷിക്കപ്പെട്ടു. എന്തെന്നാൽ ഇതിൽനിന്ന് വ്യത്യസ്തമല്ലല്ലോ രാജാക്കന്മാരുടെ ജനനാരംഭവും" (ജ്ഞാനം. 7 : 4-5). പിള്ളക്കച്ചയിൽ പൊതിഞ്ഞ ശുശ്രൂഷ രാജപിറവിയുടെ സൂചനയായിരിക്കുന്നു. പുറമെ ദരിദ്ര ലക്ഷണം. അന്തസാരം രാജലക്ഷണം. മിശിഹാ പിറക്കുമ്പോൾ പിള്ളക്കച്ച ഉപയോഗിക്കുന്നതിനെക്കുറിച്ച് യഹൂദമത സാഹിത്യവും പരാമർശിക്കുന്നുണ്ട്. യേശുവിന് രാജത്വവും പൗരോഹിത്യവുമുണ്ട്. യേശു ദൈവത്തിന്റെ ആദ്യ ജാതനാണ്. ആദ്യജാതന്റെ അമ്മയാണ് മറിയം. തൊഴുത്തും പുൽക്കൂടും രാജകൊട്ടാരത്തോടു ബന്ധപ്പെട്ടിരിക്കുന്നു. കൊട്ടാരത്തിന്റെ

www.malankaralibrary.com

ഭാഗമായിരുന്നു. മനുഷ്യർ വസിക്കുന്ന വീടിന്റെ ഭാഗമായാണ് തൊഴുത്ത് പണിതിരുന്നത്. പഴയനിയമ സൂചനകളനുസരിച്ച് തൊഴുത്ത് സർവ്വ സാധാരണമല്ലായിരുന്നു. രാജകൊട്ടാരങ്ങളോടനുബന്ധിച്ചാണ് അവയുണ്ടായിരുന്നത് [77] (2 സമു. 12 : 3, സങ്കീ. 50 : 9, 52 : 15-16). തൊഴുത്ത് രാജഭവനത്തിന്റെ അടയാളമായിരുന്നു. യേശു രാജാവാണ് (ലൂക്കാ 19; 38). യൂദന്മാരുടെ രാജാവ് (ലൂക്കാ 23 : 42-43). ആദ്യജാതനാണ്. ആദ്യജാതന് രാജഭരണാവകാശമുണ്ട്. രാജത്വമുണ്ട്. ആദ്യജാതൻ രാജാവിന്റെ പട്ടണത്തിൽ പിറന്നു. അമ്മ അവനെ രാജകൊട്ടാരത്തിന്റെ അനുബന്ധത്തിൽ - രാജകൊട്ടാരത്തിൽ കിടത്തി. മറിയം ആദ്യജാതനായി പിറന്ന തന്റെ പുത്രനെ കാലിത്തൊഴുത്തിലെ പുൽത്തൊട്ടിയിൽ പിള്ളക്കച്ചകൾ കൊണ്ട് ആവരണം ചെയ്ത് കിടത്തി. അപ്പവും രാജാവുമായി പിറന്ന ശിശുവിന്റെ അമ്മ മറിയം, ശിശുവിനെ ദൈവാലയത്തിൽ സമർപ്പിച്ചപ്പോൾ നടന്ന ശിമയോന്റെ പ്രവചനം പരിശോധിക്കാം.[78]

## vi. വാളിന്റെ മൂർച്ചയറിഞ്ഞ അമ്മ

"ശിശുവായ യേശുവിനെ മാതാപിതാക്കന്മാർ ദൈവാലയത്തിൽ കൊണ്ടുചെന്നു...... ഇവൻ വിവാദ വിഷയമായ അടയാളമായിരിക്കും. അങ്ങനെ, അനേകരുടെ ഹൃദയ വിചാരങ്ങൾ വെളിപ്പെടും. നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചു കയറുകയും ചെയ്യും" (ലൂക്കാ 2 : 25-35). 'വാൾ' എന്നതിനു ലൂക്കാ 2 : 35 ൽ ഉപയോഗിക്കുന്ന ഗ്രീക്കു പദം റൊംഫായിഅ സപ്തതിയിൽ 203 തവണയുണ്ട്. പുതിയ നിയമത്തിൽ ഏഴ്. 'വാൾ' എന്നതിന് മഖയിറ എന്ന ഗ്രീക്കുപദവും, സപ്തതിയിലും, പുതിയ നിയമത്തിലും[79] ഏറെ പ്രാവശ്യം കാണാം. റൊംഫായിഅ ലൂക്കോ 2 : 35 ൽ മാത്രം. വെളി. 6 : 8 ൽ മരണത്തിന്റെ ചിഹ്നമാണ് റൊംഫായിഅ (വാൾ) വെളിപാടു ഗ്രന്ഥത്തിൽ മറ്റിടങ്ങളിൽ യേശുക്രിസ്തുവിന്റെ അധരങ്ങളുതിർക്കുന്ന വിധിവചനമാണ്.[80] ലൂക്കോസിന്റെ ചിത്രീകരണമനുസരിച്ച് യേശു ഇസ്രായേലിൽ ഒരു കൂട്ടർക്ക് രക്ഷയുടെയും മറ്റൊരു കൂട്ടരുടെ നാശത്തിന്റെയും അടയാളമായി നിയുക്തനായിരിക്കുകയാണ്. അടയാളത്തോട് മനുഷ്യർ പ്രതികരിക്കും. അവനെ സ്വീകരിക്കുന്നവരും നിരാകരിക്കുന്നവരു

www.malankaralibrary.com

മുണ്ടാകും. അവനിലെ ദൈവിക വെളിപാടിനെക്കുറിച്ച് അനേകർക്കുള്ള വിചാരവ്യത്യാസം വ്യക്തമാകും. യേശു വേർതിരിവിന്റെ ആയുധമാകും. ദൈവം പ്രത്യേകം നിയോഗിച്ച ഇസ്രായേൽക്കാരി എന്ന നിലയ്ക്ക് മറിയവും വേർതിരിവിന്റെ വേദന തിന്നണം.[81]

"യേശുവിന്റെ മാതാപിതാക്കന്മാർ ആണ്ടുതോറും പെസഹാത്തിരുന്നാളിന് ജറുസലെമിൽ പോയിരുന്നു. അവനു പന്ത്രണ്ടു വയസ്സായപ്പോൾ പതിവനുസരിച്ച് അവർ തിരുന്നാളിനുപോയി......... അവന്റെ അമ്മ ഇക്കാര്യങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു (ലൂക്കാ 2: 41-50). ഈ യാത്രയിൽ അമ്മ വേർതിരിവിന്റെ വേദന അനുഭവിക്കുന്നു. ദൈവാലയത്തിൽ നിന്ന് തിരിച്ചു പോക്കിന്റെ ഒരു ദിവസത്തെ യാത്രയ്ക്കു ശേഷം മാത്രമല്ല. അന്വേഷിച്ചു ദൈവാലയത്തിൽ ചെന്നപ്പോൾ യേശു സ്വപിതാവിന്റെ ഭവനത്തിൽ ആയിരുന്നു. അത് ദൈവികമായ ആവശ്യം ആയിരുന്നു. ('ദെയി' എന്ന ഗ്രീക്കുപദം ശ്രദ്ധിക്കുക). തന്റെ തീർത്ഥയാത്രയുടെ ലക്ഷ്യം നിത്യം പിതൃഭവനത്തിൽ ആയിരിക്കാനും അതിന് അമ്മയിൽനിന്നും അപ്പനിൽനിന്നും വേർപിരിയാനുള്ളവനുമാണ് എന്നും തിരിച്ചറിയുവാൻ യേശു അമ്മയെ ക്ഷണിച്ചു. "അവൻ തങ്ങളോടു പറഞ്ഞ കാര്യം അവർ തിരിച്ചറിഞ്ഞില്ല". ആദ്യജാതനായ യേശു സ്വർഗ്ഗീയ പിതാവിന്റെ മകനാണ്. അവന്റെ പിതാവിന്റെ ഭവനത്തിൽ ആയിരിക്കാൻ വേർപിരിയേണ്ടവനാണ് എന്ന് അമ്മയും അപ്പനും മനസ്സിലാക്കണം. അമ്മയുടെ ശാരീരിക മാതൃത്വം പോലും തടസ്സമാകരുത്. മകന്റെ വചനം അമ്മയുടെ ഹൃദയത്തിലൂടെ വാളിന്റെ ആദ്യത്തെ കടന്നുപോക്കായിരുന്നു.

## C. വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ

നാലാം സുവിശേഷത്തിൽ യേശുവിന്റെ അമ്മ രണ്ടുരംഗങ്ങളിൽ പ്രത്യക്ഷമായിട്ടുണ്ട്. കാനായിലെ കല്യാണത്തിലും (യോഹ. 2 : 1-11), കാൽവരിയിൽ യേശുവിന്റെ മരണരംഗത്തും (യോഹ. 19: 25-27). രണ്ടിടത്തും "യേശുവിന്റെ അമ്മ", "സ്ത്രീ" എന്നീ അഭിധാനങ്ങൾ രണ്ടും അവളുടെ സമുന്നതി സൂചിപ്പിക്കുന്നു. മറിയത്തിന് പുതിയ നിയമത്തിൽ

www.malankaralibrary.com

ഏറ്റം പുരാതന നാമങ്ങൾ "സ്ത്രീ" യും "അമ്മ" യുമാണ്. അവതന്നെ യോഹന്നാൻ സുവിശേഷത്തിൽ സ്വീകരിച്ചിരിക്കുന്നു.

## i. യേശുവിന്റെ അമ്മ കാനായിലും കാൽവരിയിലും

"മൂന്നാം ദിവസം ഗലീലിയായിലെ കാനായിൽ ഒരു വിവാഹവിരുന്നു നടന്നു. യേശുവിന്റെ അമ്മ അവിടെ ഉണ്ടായിരുന്നു. യേശുവും ശിഷ്യന്മാരും വിരുന്നിന് ക്ഷണിക്കപ്പെട്ടിരുന്നു. അവിടെ വീഞ്ഞു തീർന്നു പോയപ്പോൾ യേശുവിന്റെ അമ്മ അവനോടു പറഞ്ഞു. അവർക്കു വീഞ്ഞില്ല, യേശു അവളോടു പറഞ്ഞു: സ്ത്രീയേ എനിക്കും നിനക്കും എന്ത്? എന്റെ സമയം ഇനിയും ആയിട്ടില്ല" (യോഹ. 2 : 1-11). ക്രിസ്തുവിന്റെ പരസ്യജീവിതകാലത്ത് മറിയം പരസ്യമായി രംഗപ്രവേശനം ചെയ്യുന്നു. ആദ്യമായി നാം അവളെ കാണുന്നത് കാനായിലെ വിവാഹാഘോഷത്തിലാണ്. കല്യാണ വീട്ടിലെ ദയനീയ സ്ഥിതിയിൽ ഈ മാതാവിന്റെ മനസ്സലിഞ്ഞു. അഭിഷിക്തനായ ക്രിസ്തുവിന്റെ ആദ്യത്തെ അത്ഭുതം മറിയത്തിന്റെ മാദ്ധ്യസ്ഥം വഴി കാനായിൽ നടന്നു. ഇതേക്കുറിച്ച് വിശുദ്ധ അഗസ്തീനോസ് വിശുദ്ധ യോഹന്നാൻ ശ്ലീഹാ എഴുതിയ സുവിശേഷത്തെക്കുറിച്ചുള്ള പ്രതിപാദനത്തിൽ ഇപ്രകാരം പറയുന്നു: ശരീരത്തിൽ മറിയത്തിന്റെ പുത്രൻ മഹത്ത്വത്തിൽ മറിയത്തിന്റെ നാഥൻ എന്നിരുന്നാലും കാനായിലെ വിവാഹ വിരുന്നിൽ വച്ച് മകൻ അമ്മയോട് പറഞ്ഞു: "എനിക്കും നിനക്കും എന്ത്? എന്റെ സമയം ഇനിയും വന്നിട്ടില്ല". നമ്മുടെ കർത്താവായ യേശുക്രിസ്തു ദൈവവും മനുഷ്യനും ആയിരുന്നു. ദൈവമെന്ന നിലയിൽ അവിടുത്തേക്ക് അമ്മയില്ലായിരുന്നു. മനുഷ്യനെന്നുള്ള സ്ഥിതിക്ക് തീർച്ചയായും അവന്റെ ശരീരത്തിന്റെ മനുഷ്യ സ്വഭാവത്തിന്റെ ബലഹീനതയുടെ അമ്മയായിരുന്നു അവൾ. അവൻ നമുക്കുവേണ്ടി ബലഹീനനായിത്തീർന്നു. അവൻ പ്രവർത്തിക്കുവാൻ പോകുന്ന അത്ഭുതം അവന്റെ ദൈവത്വത്തിന്റെ സവിശേഷതയായിരുന്നു, ബലഹീനതയുടേതായിരുന്നില്ല. ദൈവമെന്നുള്ള നിലയ്ക്കായിരുന്നു, അതല്ലാതെ ബലഹീനനായി ജനിച്ചു എന്നതുകൊണ്ടല്ല. ദൈവത്തിൽ ബലഹീനൻ എല്ലാ മനുഷ്യ ശക്തിയേക്കാളും കഴിവുള്ളവനാണ് "എന്തെന്നാൽ, ദൈവത്തിന്റെ ഭോഷത്തം മനുഷ്യരേക്കാൾ ജ്ഞാനമുള്ളതും ശക്തവുമാണ്"

www.malankaralibrary.com

(1 കൊറി. 1: 25). അവന്റെ അമ്മ അവനിൽനിന്നും ഒരത്ഭുത പ്രവൃത്തി ആവശ്യപ്പെടുന്നു; ദൈവികപ്രവൃത്തി ചെയ്യാൻ പോകുന്ന ആ നിമിഷത്തിൽ, യേശു, മാനുഷിക വികാരങ്ങളെ പരിഗണിക്കുന്നതായി കാണപ്പെടുന്നില്ല. അവിടുന്ന് പറയുന്നതുപോലെ തോന്നുന്നു. "എന്നിൽ ദൈവിക പ്രവർത്തി ചെയ്യുന്നവന് നീ ജന്മം നൽകിയിട്ടില്ല, എന്റെ ദൈവികപ്രവർത്തി നീ ജനിപ്പിച്ചില്ല; എന്റെ ബലഹീന പ്രകൃതിയെ നീയാണ് ജനിപ്പിച്ചത്, അതുകൊണ്ട് ഈ എന്റെ ബലഹീന പ്രകൃതി കുരിശിൽ തൂങ്ങിക്കിടക്കുമ്പോൾ, നിന്നെ പരിഗണിക്കാം". "എന്റെ സമയം ഇനിയും വന്നിട്ടില്ല. തന്റെ അമ്മയെ എന്നും നന്നായി അറിഞ്ഞിട്ടുള്ള ആ മകൻ, അപ്പോൾ അവളെ തിരിച്ചറിയും" എന്നാണ്.

ദൈവരാജ്യത്തെ മാംസരക്തങ്ങളുടെ പരിഗണനകൾക്കും ബന്ധങ്ങൾക്കും ഉപരിയായി സ്വസുതൻ പുകഴ്ത്തുന്നതും, താൻ വിശ്വസ്തതയോടെ ചെയ്യാറുണ്ടായിരുന്നതുപോലെ ദൈവവചനം കേൾക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാരാണെന്ന് അവിടുന്നു പ്രസ്താവിക്കുന്നതും മറിയം ശ്രവിച്ചു. ഈ വിധത്തിൽ വിശുദ്ധ കന്യക തന്റെ വിശ്വാസത്തിന്റെ തീർത്ഥയാത്രയിൽ മുന്നോട്ടു പോവുകയും പുത്രനുമായുള്ള ഐക്യം കുരിശു മരണംവരെ അഭംഗുരം വിശ്വസ്തതാപൂർവ്വം തുടരുകയും ചെയ്തു. "യേശുവിന്റെ കുരിശിനരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലോപ്പാസിന്റെ ഭാര്യ മറിയവും നിൽക്കുന്നുണ്ടായിരുന്നു. യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അടുത്തു നിൽക്കുന്നതു കണ്ട് അമ്മയോടു പറഞ്ഞു: സ്ത്രീയേ, ഇതാ നിന്റെ മകൻ, അനന്തരം അവൻ ആ ശിഷ്യനോടു പറഞ്ഞു: ഇതാ നിന്റെ അമ്മ. അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു. അനന്തരം എല്ലാം നിറവേറിക്കഴിഞ്ഞു എന്ന് അറിഞ്ഞ് തിരുവെഴുത്ത് പൂർത്തിയാകാൻ വേണ്ടി യേശു പറഞ്ഞു: എനിക്ക് ദാഹിക്കുന്നു" (യോഹ. 19 : 25-26). ദൈവപദ്ധതിക്കനുസൃതമായി യാതനകൾ സഹിച്ചുകൊണ്ട്, കുരിശിന്റെ ചുവട്ടിൽ തന്റെ ഏകജാതനോടുകൂടെ അവൾ നിലകൊണ്ടു. അവിടെ മാതൃസഹജമായ വികാരങ്ങളോടെ അവൾ തന്നിൽ നിന്നു ജനിച്ച ആ ബലിവസ്തുവിനെ ഹോമിക്കാൻ സ്നേഹപുരസ്സരം സമ്മതി

www.malankaralibrary.com

ക്കുകയും ചെയ്തു. അവസാനമായി 'സ്ത്രീ ഇതാ നിന്റെ മകൻ' എന്നരുൾച്ചെയ്തുകൊണ്ട് മരണാസന്നനായി കുരിശിൽ കിടന്നിരുന്ന ക്രിസ്തു അവളെ മാതാവായി തന്റെ ശിഷ്യനു നൽകി.

"അമ്മയും താൻ സ്നേഹിച്ചിരുന്ന ശിഷ്യനും സമീപത്തു നിൽക്കുന്നതു കണ്ടപ്പോൾ യേശു അമ്മയോടരുൾച്ചെയ്തു: 'സ്ത്രീയേ, ഇതാ നിന്റെ മകൻ'. അനന്തരം അവിടുന്നു ശിഷ്യനോടരുൾച്ചെയ്തു: 'ഇതാ നിന്റെ അമ്മ' (യോഹ. 19 : 26-27). "ഇതാ നിന്റെ അമ്മ !", മരിച്ചു കൊണ്ടിരുന്ന നമ്മുടെ രക്ഷകന്റെ അധരങ്ങളിൽനിന്ന് അടർന്നു വീണ വാക്കുകൾ. യോഹന്നാനെ മാത്രമല്ല, സർവ്വ മനുഷ്യരെയും, വിശിഷ്യ തന്റെ ശിഷ്യരാകാനിരുന്ന സർവ്വരേയും ഉദ്ദേശിച്ചാണ് അവിടുന്ന് ഈ വാക്കുകൾ ഉച്ചരിച്ചത്. സിയെന്നായിലെ വിശുദ്ധ ബർണാഡിൽ വിശദീകരിക്കുന്നു: "യോഹന്നാനിൽ, തിരഞ്ഞെടുക്കപ്പെട്ട എല്ലാ ആത്മാക്കളും പരോക്ഷമായി ഉൾക്കൊള്ളുന്നതായി നാം കാണുന്നു. സ്നേഹത്താൽ കന്യകമറിയം അവരുടെയെല്ലാം അമ്മയായിത്തീർന്നു."[82] മനുഷ്യസൃഷ്ടിയുടെ ആരംഭത്തിൽ ആദം അനുസരണക്കേടു നിമിത്തം പാപത്തിൽ നിപതിച്ചു, മനുഷ്യാധഃപ്പതനത്തിനു കാരണമായി. ഇതിനു നേരെ വിപരീതമായ ഒരു സംഭവമാണ് കുരിശിൻ ചുവട്ടിൽ നാം ദർശിക്കുക. അവിടെ അധഃപ്പതിച്ച മനുഷ്യന്റെ പുനരുദ്ധാരണം നടക്കുകയായിരുന്നു. മനുഷ്യാധഃപ്പതനത്തിനു ആദത്തോടു സഹകരിച്ച ഹവ്വായെപ്പറ്റി ഉൽപ്പത്തിയുടെ പുസ്തകത്തിൽ എഴുതിയിരിക്കുന്നു. "ആദം തന്റെ ഭാര്യയെ ഹവ്വായെന്നു വിളിച്ചു: കാരണം അവൾ ജീവിക്കുന്നവരുടെയെല്ലാം അമ്മയായിരുന്നു" (ഉൽപ. 3 : 20). ഹവ്വാ ജീവിക്കുന്നവരുടെ മാതാവാണെന്ന് പ്രകീർത്തിക്കപ്പെടുന്നെങ്കിലും, യഥാർത്ഥത്തിൽ അവൾ മരിക്കുന്നവരുടെ മാതാവായി ഭവിച്ചു. കാൽവരിയിൽ രക്ഷകൻ സ്വമാതാവിനെ യോഹന്നാന്റെ അമ്മയായി നിയോഗിച്ചപ്പോൾ യോഹന്നാൻ സർവ്വ മനുഷ്യരുടെയും പ്രാതിനിധ്യം വഹിക്കുകയായിരുന്നു. വാസ്തവത്തിൽ മറിയം ജീവിക്കുന്ന സർവ്വ മനുഷ്യരുടെയും മാതാവു മാത്രമല്ല, ജീവന്റെ തന്നെ മാതാവായിത്തീർന്നു. ഇത് ഒരു യാദൃച്ഛിക സംഭവമായിരുന്നില്ല. മനുഷ്യ പരിത്രാണത്തിനു വേണ്ടിയുള്ള

www.malankaralibrary.com

സംവിധാനത്തിൽ ദൈവം അനാദിയിൽ നിശ്ചയിച്ചിരുന്ന ഒരു രഹസ്യമാണിത്. പിതാവായ ദൈവം ക്രിസ്തുവിന്റെ മാതൃസ്ഥാനം മറിയത്തിനു നൽകിയപ്പോൾ അതിൽ ദൈവസുതനോടുള്ള അവളുടെ സ്വാഭാവിക മാതൃത്വവും ദൈവസുതരോടുള്ള അവളുടെ അതിസ്വാഭാവിക മാതൃത്വവും അന്തർഭവിച്ചിരിക്കുന്നു.

"തന്റെ ഏക ജാതനെ നമുക്കായി നൽകത്തക്കവണ്ണം ദൈവം ലോകത്തെ അത്രയേറെ സ്നേഹിച്ചു" (യോഹ. 3 : 16-17) എന്ന സുവിശേഷവാക്യം മറിയത്തിലും മാതാവെന്ന നിലയിൽ സാർത്ഥകമായി എന്ന് വിശുദ്ധ ബൊനവഞ്ചർ അഭിപ്രായപ്പെടുന്നു. "തന്റെ ഏകജാതനെ നമുക്കായി നൽകത്തക്കവണ്ണം മറിയം അത്രയേറെ നമ്മെ സ്നേഹിച്ചു. യേശുക്രിസ്തുവിന്റെ പിതാവിനും മാതാവിനും നമ്മോടുള്ള സ്നേഹവും കാരുണ്യവും പ്രകടിപ്പിച്ചു. നമ്മോടു പ്രദർശിപ്പിച്ച സ്നേഹം എത്ര അപരിമേയം!."[83] ആരെല്ലാം ദൈവപിതാവിന്റെ മക്കളായോ അവരെല്ലാം മറിയത്തിന്റെയും മക്കളാണ്.

### ii. വിശുദ്ധ മറിയം സർവ്വരുടെയും അമ്മ

പരിശുദ്ധ കന്യകയുടെ മാതൃത്വം ആരംഭിക്കുന്നത് പ്രകൃത്യാതീത ജീവന്റെ കർത്താവായ യേശുവോട് വിശുദ്ധ കന്യകയ്ക്കുള്ള ബന്ധത്തിൽ നിന്നാണ്. നമ്മുടെ ആത്മീയ ജീവദാതാവായ മിശിഹായുടെ മാതാവായതിൽ അമലോത്ഭവ ജനനി നമ്മുടെ ആത്മീയ മാതാവാണ്. മൗതിക ശരീരത്തിന്റെ ശിരസ്സായ ക്രിസ്തുവിന്റെ മാതാവായതുകൊണ്ട് അതുല്യ മനോഹരിയായ മറിയം അവയവങ്ങളുടെയും മാതാവായിരിക്കണം. ഒരു മാതാവ് ശിരസ്സുമാത്രം പ്രസവിക്കുക എന്നത് വിരൂപമാണ്.

നമ്മുടെ ആദ്ധ്യാത്മികജീവൻ മിശിഹായുടെ മനുഷ്യാവതാരത്തെയും അവിടുന്ന് ലോകപാപശാന്തിക്കായി കാൽവരിയിൽ അർപ്പിച്ച ബലിയേയുമാണ് ആശ്രയിച്ചിരിക്കുന്നത്. അതുകൊണ്ട് പരിശുദ്ധ കന്യക നമ്മുടെ മാതാവായിരിക്കണമെങ്കിൽ ഈ രണ്ടു മഹാസംഭവങ്ങളിലും കന്യകാമറിയത്തിനും സുപ്രധാനമായ സ്ഥാനമുണ്ടയിരിക്കണം.

www.malankaralibrary.com

മനുഷ്യാവതാര കർമ്മത്തിൽ വിശുദ്ധ കന്യക അവളുടെ ദൈവമാതൃസ്ഥാനത്തിൽ പ്രകൃത്യാതീത ജീവനിലേക്ക് നമ്മെ ഗർഭം ധരിക്കുകയും കാൽവരിയിൽ നമ്മെ പ്രസവിക്കുകയും ചെയ്തു. ജനിപ്പിക്കുക എന്നുള്ളത് സ്വാഭാവിക തലത്തിൽ ശാരീരികമായിരിക്കുന്നതുപോലെ പ്രകൃത്യാതീത മണ്ഡലത്തിലും ശാരീരിക ജനനത്തോട് സാധർമ്മ്യമുള്ളതാണ്. ഈശോമിശിഹായുടെ മനുഷ്യത്വമാണ് നമ്മുടെ പ്രകൃത്യാതീത ജനനത്തിന്റെ ഉപകരണ കാരണം. കന്യകമറിയം യഥാർത്ഥത്തിൽ നമ്മുടെ മാതാവാണെങ്കിൽ മിശിഹായെപ്പോലെ അവളുടെ പ്രസാദവര പൂർണതയിൽനിന്നും നമുക്കു നൽകി, നമ്മെ പ്രകൃത്യാതീത തലത്തിൽ ജനിപ്പിക്കേണ്ടിയിരിക്കുന്നു.

മിശിഹാ മൗതിക ശരീരത്തിന്റെ ശിരസ്സെന്ന നിലയിൽ ദൈവസുതസ്ഥാനം നമുക്ക് നൽകിക്കൊണ്ട് മാനവകുലത്തെ നവീകരിച്ചു. വേദപാരംഗതനും സഭാപിതാവുമായ വിശുദ്ധ ഇരണേവൂസ് പ്രസ്താവിക്കുന്നതുപോലെ മിശിഹാ മനുഷ്യവർഗ്ഗത്തെ മുഴുവൻ തന്നിൽ സംഗ്രഹിച്ച് പുനഃശിരസ്കരണത്തിലൂടെ (Re - Capitulation) നമ്മെ ദൈവസുതരാക്കി തീർത്തു. അതിനു സുതനായ ദൈവത്തിനു മനുഷ്യസ്വഭാവം സ്വീകരിക്കുകയും മാനവരാശിയുമായി ഏകീഭവിക്കുകയും ചെയ്യേണ്ടതായിട്ടുണ്ടായിരുന്നു. വിശുദ്ധ കന്യക മറിയം ദൈവമാതൃത്വദ്വാരാ ഇതു സാധിതപ്രായമാക്കി. ഇപ്രകാരം വിശുദ്ധ കന്യകയുടെ ഉൽപ്പാദന കർമ്മത്തിൽ ദൈവമാതൃത്വവും ആദ്ധ്യാത്മിക മാതൃത്വവും സമ്മേളിച്ചു. വിശുദ്ധ കന്യകയുടെ ആദ്ധ്യാത്മിക മാതൃത്വം മിശിഹായുടെ മൗതിക ശരീരത്തിന്റെ ശിരസ്സ് എന്ന സ്ഥാനവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു.

### a. തിരുസഭാപ്രബോധനങ്ങളിൽ

ദിവ്യജനനിയുടെ മാതൃത്വത്തെപ്പറ്റി തിരുസഭ രണ്ടാം നൂറ്റാണ്ടുമുതൽ പ്രഖ്യാപനങ്ങൾ വഴി ഹവ്വായേയും മറിയത്തെയും തമ്മിൽ താരതമ്യപ്പെടുത്തി, മറിയം നമുക്കു ദൈവിക ജീവൻ നൽകുന്നതിനു കാരണഭൂതയായെന്ന് പ്രസ്താവിച്ചിട്ടുണ്ട്. രണ്ടാമത്തെ ഹവ്വ, ജീവന്റെ മാതാവ്, പുതിയ ഹവ്വാ എന്നും മറ്റു

www.malankaralibrary.com

മുള്ള പ്രയോഗം സർവ്വസാധാരണമായിരുന്നു. മൂന്നാം ഇന്ന സെന്റ് പാപ്പ പ്രസ്താവിക്കുന്നു: ഹവ്വാവഴി മരണം ലോകത്തിൽ പ്രവേശിച്ചു; മറിയം വഴി ലോകത്തിനു ജീവൻ പ്രദാനം ചെയ്തു.

സിക്സ്റ്റസ് അഞ്ചാമൻ മാർപ്പാപ്പ അദ്ദേഹത്തിന്റെ Dum Ineffabilia (ദും ഇൻഎഫാബിലിയാ) എന്ന ശ്ലൈഹിക ലേഖനത്തിൽ മനുഷ്യ വർഗത്തിന്റെ പ്രസാദവരത്തിന്റെയും ഭക്തിയുടെയും മാതാവ് എന്നു മറിയത്തെ അഭിസംബോധന ചെയ്തിരിക്കുന്നു.

പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന തിരുസഭ ഏറ്റവും ബുദ്ധിപൂർവ്വം വിശുദ്ധ കന്യകയെ എപ്പോഴും നമ്മുടെ കർത്താവും രക്ഷകനുമായ മിശിഹായുടെ മാതാവായി മാത്രമല്ല, പ്രത്യുത, മരണാസന്നനായ അവളുടെ മണവാളൻ അന്ത്യവചസ്സുകൾ വഴിയായി അവൾക്കു നൽകിയ ഏറ്റവും സ്നേഹമുള്ള മാതാവായിത്തന്നെ ബഹുമാനിക്കുന്നു എന്നത്രേ ബനഡിക്ട് പതിനാലാമൻ മാർപ്പാപ്പാ പ്രസ്താവിച്ചിട്ടുള്ളത്.

വിശുദ്ധ പിതാക്കന്മാർ ദൈവമാതാവ് എന്ന അഭിധാനത്തോടു കൂടിത്തന്നെ നമ്മുടെ മാതാവ് എന്നു പ്രയോഗിച്ചു കാണുന്നതിൽനിന്നു വിശുദ്ധ കന്യകയുടെ അദ്ധ്യാത്മിക മാതൃത്വം ദൈവമാതൃത്വം പോലെതന്നെ നിഷ്കൃഷ്ടാർത്ഥത്തിലാണ് അവർ മനസ്സിലാക്കിയിരുന്നതെന്ന കാര്യം പ്രസ്പഷ്ടമാണ്. ബനഡിക്ട് പതിനാലാമനുശേഷമുള്ള എല്ലാ മാർപ്പാപ്പാമാരും വിശുദ്ധ കന്യകയുടെ മാതൃത്വം തെളിയിക്കുന്നതിന് കർത്താവിന്റെ അന്തിമ ശാസനം (Supreme testament) ഉദ്ധരിച്ചിട്ടുണ്ട്. വിശുദ്ധ കന്യകയുടെ മാതൃത്വം ക്രിസ്തുവിന്റെ പ്രഖ്യാപനത്തിനും മുമ്പുതന്നെയുള്ള ഒരു വസ്തുതയാണ്. അതു മിശിഹാ കുരിശിൽ കിടന്ന അവസരത്തിൽ പ്രഖ്യാപിക്കുക മാത്രമാണു ചെയ്തിട്ടുള്ളത്. കന്യകമറിയത്തിന്റെ ദൈവമാതൃത്വവും, മിശിഹായുടെ പീഡാനുഭവത്തിലുള്ള സഹതാപവും അതിനുള്ള ദൈവശാസ്ത്രപരമായ അടിസ്ഥാന മായി അവർ ചൂണ്ടിക്കാണിക്കുന്നുണ്ട്. പത്താം പീയൂസ് മാർപ്പാപ്പ എഴുതുന്നു: “മറിയം ക്രിസ്തുവിന്റെ അമ്മയല്ലേ? ആണെങ്കിൽ അവൾ നമ്മുടെയും അമ്മയാണ്. നാം ഈശോമിശിഹായോട്

www.malankaralibrary.com

ഐക്യപ്പെട്ടിരിക്കുന്നതിന്റെ കാരണമിതാണ്. പൗലോസ് ശ്ലീഹായുടെ ശൈലിയിൽ പറഞ്ഞാൽ, അവിടുത്തെ ശരീരത്തിന്റെയും, അസ്ഥിമാംസങ്ങളുടെയും, അംഗങ്ങളുടെയും ശിരസ്സിനോട് ഐക്യപ്പെട്ടിരിക്കുന്ന നമുക്ക് മറിയത്തിന്റെ ഉദരത്തിൽ നിന്നത്രേ ജന്മം ലഭിച്ചത്."[84]

വിശുദ്ധ പത്താം പീയൂസ് മാർപാപ്പാ പ്രഖ്യാപിക്കുന്നു: ഏറ്റം നിർമ്മലയായ മാതാവിൽനിന്നു ക്രിസ്തു മനുഷ്യശരീരം സ്വീകരിച്ച ആ അവസരത്തിൽത്തന്നെ മിശിഹാ തന്നിൽ വിശ്വസിക്കുവാനിരിക്കുന്ന എല്ലാവരും കൂടിച്ചേർന്ന ആദ്ധ്യാത്മിക ശരീരത്തെ (മൗതിക) തന്നോട് ഏകീഭവിപ്പിച്ചു (വി. യോഹ. xvii 20). തന്നിമിത്തം വിശുദ്ധ കന്യക തന്റെ ഉദരത്തിൽ പരിത്രാതാവിനെ സംവഹിച്ചിരുന്നപ്പോൾ മിശിഹായുടെ ജീവനിൽ ആരുടെയെല്ലാം ജീവനുണ്ടായിരുന്നുവോ അവരെയെല്ലാം ഉദരത്തിൽ വഹിച്ചിരുന്നുവെന്നു പറയാം.[85] പതിനൊന്നാം പീയൂസും പന്ത്രണ്ടാം പീയൂസും ഇക്കാര്യം സഭയുടെ ഔദ്യോഗിക പ്രബോധനമായി അവതരിപ്പിക്കുന്നുണ്ട്. പ. പിതാവ് പന്ത്രണ്ടാം പീയൂസ് ദിവ്യ ജനനിയുടെ ആദ്ധ്യാത്മിക മാതൃത്വത്തെ തെളിയിക്കുന്നതിനായി മൂന്നു ന്യായങ്ങൾ ഉന്നയിച്ചിട്ടുണ്ട്. വിശുദ്ധ കന്യക മനുഷ്യാവതാര രഹസ്യത്തിനു നൽകിയ സമ്മതം, ദിവ്യസുതന്റെ പീഡാനുഭവത്തിലുള്ള സഹതാപം, നമ്മുടെ കർത്താവ് കുരിശിൽക്കിടന്നുകൊണ്ട് അരുളിച്ചെയ്ത തിരുവചനങ്ങൾ.

"മൗതിക ശരീരം" എന്ന വിശ്വവിഖ്യാതമായ വിശ്വ ലേഖനം പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ ഇപ്രകാരം അവസാനിപ്പി ക്കുന്നു: "പാപവിഹീനയായ അവളുടെ ആത്മാവ് സൃഷ്ടിക്കപ്പെട്ട മറ്റേതാത്മാവിനുമുപരി യേശുക്രിസ്തുവിന്റെ ചൈതന്യത്താൽ നിറഞ്ഞിരുന്നു; ദൈവപുത്രനും മനുഷ്യസ്വഭാവവും തമ്മിൽ ഒരു ആത്മീയ വിവാഹം നടത്തുന്നതിന് വേണ്ട മനസ്സമ്മതം മനുഷ്യവർഗ്ഗത്തിന്റെ നാമത്തിൽ അവൾ നൽകി. അവളുടെ കാന്യോദരത്തിൽ വച്ചുതന്നെ നമ്മുടെ കർത്താവായ മിശിഹാ 'സഭയുടെ ശിരസ്സ്'എന്ന അത്യുന്നത സ്ഥാനം കൈവരിച്ചു.......... പാപത്താൽ അധഃപ്പതിച്ച ആദത്തിന്റെ സർവ്വസന്തതികൾക്കും വേണ്ടി രണ്ടാമത്തെ ഹവ്വായായ അവൾ കാൽവരിയിൽ വച്ച്

www.malankaralibrary.com

മിശിഹായെ ദൈവത്തിന് കാഴ്ചയർപ്പിച്ചു. ആ കാഴ്ചയർപ്പണത്തിൽ ഒരു മാതാവിന്റെ സ്നേഹവും അവകാശങ്ങളും ഉൾക്കൊണ്ടിരുന്നു. ഈ വിധം നമ്മുടെ ശിരസ്സിന്റെ ശരീരത്തിനു ജന്മം കൊടുത്തുകൊണ്ട് അതിന്റെ അമ്മയായിത്തീർന്ന അവൾ എല്ലാ അവയവങ്ങളുടെയും അമ്മയായി."[86] എന്നിരുന്നാലും, മറിയം സഭാശിരസ്സായ തന്റെ ആദ്യജാതനെ വേദനകൂടാതെ പ്രസവിച്ചപ്പോൾ, സഭാ ശരീരമായ അവളുടെ മറ്റു സന്താനങ്ങളെ പ്രസവിക്കാൻ അവൾ എത്രമാത്രം സഹിക്കേണ്ടിവന്നു.!

മനുഷ്യരുടെ മാത്രമല്ല, മാലാഖമാരുടെയും മാതാവാണ് മറിയം എന്ന് പഠിപ്പിക്കുന്ന ഒരു സിദ്ധാന്തം ഉണ്ട്. സ്വാഭാവാതീത ജീവൻ സ്വീകരിക്കുന്ന ഏവരും മറിയത്തിൽനിന്നും മറിയത്തിലൂടെയുമാണ് അതു സ്വീകരിക്കുക. ക്രിസ്തു പരിത്രാണകർമ്മം വഴി സമാർജ്ജിച്ച പ്രസാദവരം മാലാഖമാർക്കും ലഭിച്ചിട്ടുണ്ട്. "ആദത്തിന്റെ പാപം നിമിത്തം അനേകർ മരിച്ചെങ്കിൽ ക്രിസ്തുവിന്റെ പ്രസാദവരം നിമിത്തം അനേകർ രക്ഷ പ്രാപിച്ചു" വെന്ന് പൗലോസ് അപ്പസ്തോലനും പറയുന്നുണ്ടല്ലോ (റോമ 5 : 15). ക്രിസ്തുവിന്റെ പ്രസാദവരം മാലാഖമാർക്കു ലഭിച്ചെങ്കിൽ മറിയം അവരുടെയും ആത്മീയ മാതാവാണെന്നു യുക്തിപൂർവ്വം അനുമാനിക്കാം. സിയന്നായിലെ വിശുദ്ധ ബർണാർഡ് ഈ സിദ്ധാന്തത്തോടു യോജിക്കുന്നു: അദ്ദേഹം പറയുന്നു: "പിതാവായ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട എല്ലാവരെയും, മാലാഖമാരെപ്പോലും ഉൽപ്പാദിപ്പിക്കുന്നതിനുള്ള ശക്തി അവൾ സ്വീകരിച്ചു. ഇതിനു കാരണം സൃഷ്ടികർമ്മത്തിന്റെയും മഹത്വവൽക്കരണത്തിന്റെയും ആരംഭം മുതൽ തന്നെ അവൾ ദൈവത്തിന്റെ അമ്മയായി മുൻകൂട്ടി തിരഞ്ഞെടുക്കപ്പെട്ടു എന്നതാണ്.[87]

## b. സഭാപിതാക്കന്മാരുടെ പ്രബോധനം

സഭാപിതാക്കന്മാർ ആദിമ നൂറ്റാണ്ടുകളിൽതന്നെ ദിവ്യകന്യകയുടെ ആദ്ധ്യാത്മിക മാതൃത്വം പരാമർശിച്ചിട്ടുണ്ട്. പണ്ഡിത പ്രകാണ്ഡനായ ഒരിജൻ പ്രസ്താവിക്കുന്നു: കാൽവരിയിൽ വച്ച് വിശുദ്ധ കന്യക നമ്മുടെ മാതാവായി."[88] വിശുദ്ധ എഫ്രേമിന്റെ വാക്കുകളും ശ്രദ്ധേയമത്രേ: "ഹവ്വാവഴി

www.malankaralibrary.com

മരണം ഉണ്ടാവുകയും മറിയം വഴി ജീവൻ പ്രാപിക്കുകയും ചെയ്തു."[89]

വിശുദ്ധ ആഗസ്തീനോസിന്റെ വാക്കുകൾ പ്രാധാന്യമേറിയതാണ്. നമുക്കു സന്തോഷിക്കുകയും കൃതജ്ഞത അർപ്പിക്കുകയും ചെയ്യാം. എന്തുകൊണ്ടെന്നാൽ നാം വെറും ക്രിസ്ത്യാനികൾ മാത്രമല്ല, പ്രത്യുത ക്രിസ്തുവായിരിക്കുന്നു. ക്രിസ്തു നമ്മെ കൂടാതെ ശിരസ്സു മാത്രമാണ്. നാം ക്രിസ്തുവിനോടു കൂടെ ഒന്നായിരിക്കുകയാൽ വി. കന്യക മറിയം നമ്മുടെ ആദ്ധ്യാത്മിക മാതാവാണ്. അവൾ സ്നേഹത്താൽ പ്രചോദിതയായി ശിരസ്സായ മിശിഹായുടെ അവയവങ്ങളായി നമ്മെ സഭയിലേക്ക് പ്രസവിക്കുന്നതിനു സഹായിച്ചു.[90] വിശുദ്ധ തോമസ് അക്വീനാസ് വിശുദ്ധ കന്യകയുടെ ആദ്ധ്യാത്മിക മാതൃത്വത്തെപ്പറ്റി പ്രതിപാദിക്കുന്നില്ലെങ്കിലും പരോക്ഷമായി അംഗീകരിക്കുന്നുണ്ട്. മനുഷ്യാവതാരത്തിന്റെ ഉദ്ദേശ്യം മാനവകുലത്തെ നവീകരിക്കുകയാണെന്നും അതിനു പരിശുദ്ധ കന്യകയുടെ സമ്മതം അനുപേക്ഷണീയമായിരുന്നെന്നും അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. പരിത്രാണകർമ്മത്തിൽ വഹിച്ച സുപ്രധാന ഭാഗഭാഗിത്വം അദ്ദേഹം അംഗീകരിക്കുന്നു.

മരിയശാസ്ത്ര പണ്ഡിതനായ റവ. ഫാ. ഗബ്രിയേൽ എം. റൊസ്ക്കീനി, റവ. ഫാ. മത്തിയാസ്, ജെ. ഷീബൻ എന്നിവരും ആദ്ധ്യാത്മിക മാതൃത്വത്തെ പുരസ്കരിച്ച് സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ദൈവമാതൃത്വത്തിലും സഹരക്ഷാ കർമ്മത്തിലുമാണ് ആദ്ധ്യാത്മിക മാതൃത്വം ദർശിക്കുന്നത്. "പരിത്രാണ കർമ്മത്തിലുള്ള മറിയത്തിന്റെ സഹകരണം വിശിഷ്യാ മിശിഹായുടെ പീഡാനുഭവത്തിലുള്ള സഹതാപം ഏറ്റവും പരിപൂർണമായ ഒരു ഉല്പാദന പ്രക്രിയയാണ്. വിശുദ്ധ കന്യക പ്രസാദവര ജീവൻ മനുഷ്യരിലേക്ക് പകരുന്നു".

രക്ഷകനെ പ്രസവിച്ചതിനാൽ തന്റെ മാതൃത്വത്തിന്റെ യോഗ്യത നിമിത്തം മിശിഹായുടെ ആത്മീയ സഹോദരൻമാരായ നമ്മെയും അവൾ പ്രസവിച്ചു.

വിശുദ്ധ ബ്ലോസിയ മാതാവിന്റെ ആദ്ധ്യാത്മിക മാതൃത്വത്തെകുറിച്ച് ഇപ്രകാരം പറയുന്നു: "നീതിമാന്മാർ മാത്രമല്ല,

www.malankaralibrary.com

പാപികളും നിരാശയിൽ നിപതിച്ചവരും ഈ മാതാവിൽ കാരുണ്യവും മാധുര്യവും കണ്ടെത്തുന്നു. ആത്മാർത്ഥതയോടെ തന്നെ അന്വേഷിക്കുന്നവരെയെല്ലാം അവൾ സ്വാഗതം ചെയ്യുകയും സഹായിക്കുകയും ചെയ്യുന്നു. അവരുടെ പാപങ്ങൾക്കു പൊറുതി നൽകാൻ സ്വപുത്രനോട് അവൾ അഭ്യർത്ഥിക്കുന്നു. ആരെയെങ്കിലും, അർഹതയില്ലാത്തവരെപ്പോലും അവൾ ഉപേക്ഷിക്കുകയില്ല; തന്റെ സംരക്ഷണം ഒരുത്തർക്കും അവൾ നിഷേധിക്കുകയില്ല. പാപികളെ അവൾ ആശ്വസിപ്പിക്കുന്നു. വിളിച്ചപേക്ഷിക്കുന്ന ക്ഷണത്തിൽ തന്നെ അവൾ അവരുടെ സഹായത്തിനായി എത്തുന്നു. അവളുടെ പ്രശാന്തത അവരിൽ ഭക്തിയുളവാക്കുന്നു. ദൈവത്തിൽനിന്നു വളരെയധികം അകന്നുപോയ പാപികളെയും, ദുർഗുണങ്ങളുടെ അഗാധതയിലേക്കു താണുപോയവരെയും അവൾ സമുദ്ധരിക്കുകയും, പ്രസാദവര സ്വീകരണത്തിനുള്ള സന്മനസ്സ് അവർക്ക് നൽകുകയും ചെയ്യുന്നു; ആത്മരക്ഷ പ്രാപിക്കാനെങ്കിലും അവൾ അവർക്കിടവരുത്തുന്നു. ദൈവം തനിക്കേറ്റവും പ്രിയപ്പെട്ട ഈ പുത്രിയെ ആർദ്രതയും കാരുണ്യവുമുള്ള മനസ്സോടുകൂടിയാണു സൃഷ്ടിച്ചത്. അവളുടെ മദ്ധ്യസ്ഥതയിൽ ആശ്രയിക്കുന്നതിന് ആരും സംശയിക്കേണ്ടതില്ല. എളിമയോടും കൃത്യനിഷ്ഠയോടും കൂടി ദൈവമാതൃഭക്തി അഭ്യസിക്കുന്ന ഒരുവൻ നിത്യനാശത്തിൽ നിപതിക്കുക അസംഭവ്യമത്രേ".[91]

സ്വന്തം മാതാവിന്റെ അഭ്യർത്ഥന നിരസിക്കാൻ ഏറ്റവും കഠിന ഹൃദയനുപോലും വിഷമമായിരിക്കും. മനുഷ്യ ഹൃദയത്തിന്റെ അന്തരാളത്തെ സ്പർശിക്കുന്നതിന് മാതാക്കൾക്ക് ഒരു പ്രത്യേക കഴിവുണ്ട്. "രക്ഷകന്റെ കുരിശിനോടുകൂടെ ക്രിസ്തുവിന്റെ അമ്മയേയും അവതരിപ്പിക്കാൻ മറന്നുപോകുന്ന അവസരങ്ങളിലെല്ലാം സുവിശേഷഘോഷണത്തിന് എതിർപ്പു നേരിടുന്നതായിട്ടാണ് ഞാൻ കണ്ടത്." മഹാ മിഷനറിയായ വിശുദ്ധ ഫ്രാൻസീസ് സേവ്യർ സ്വന്തം അനുഭവത്തിൽനിന്ന് എഴുതിയ വാക്കുകളാണിവ. പുണ്യത്തിന്റെ ഉത്തുംഗശൃംഗത്തിൽ എത്തിച്ചേർന്ന ദൈവമാതാവ് അതുല്യമായ കാരുണ്യത്തിന്റെയും ശക്തിയുടെയും ആലയമായിരിക്കണം; അവൾ ക്ലേശിതർക്ക് ആശ്വാസദായകമായ സങ്കേതമായിരിക്കണം. വിശുദ്ധ തോമസ്

www.malankaralibrary.com

അക്വൈനാസ് എഴുതി: "ദൈവത്തിന്റെ രാജ്യത്തിൽ പകുതി ദൈവമാതാവിനു ലഭിച്ചു; അവളുടെ പുത്രൻ നീതിയുടെ രാജാവായിരിക്കുമ്പോൾ അവൾ കരുണയുടെ രാജ്ഞിയാണ്".[92]

പാപത്തിൽനിന്നു നമ്മെ രക്ഷിക്കാനും നമുക്കു നിത്യാനന്ദം ലഭിക്കാനും വേണ്ടി മാത്രമല്ല പരിശുദ്ധ കന്യക നിലകൊള്ളുന്നത്. നമ്മുടെ എത്രയെത്ര ആവശ്യങ്ങൾ അവൾ സാധിച്ചു തരുന്നു. സ്വന്തം കുഞ്ഞിനു ആവശ്യമുള്ള എന്തും കിട്ടുന്നതിന് അമ്മ എന്തു വേണമെങ്കിലും ചെയ്യും; എന്തുവേണമെങ്കിലും സഹിക്കും; അത്ര അജയ്യമാണ് അമ്മയ്ക്കു കുഞ്ഞിനോടുള്ള സ്നേഹം. സറേഫ്തായിലെ വിധവയുടെ ദുഃഖം കണ്ട ഏലിയാ പ്രവാചകനും മൃതിയടഞ്ഞ പുത്രനുവേണ്ടി എലിസേവൂസ് പ്രവാചകനും ഇതുപോലെ അത്ഭുതം പ്രവർത്തിച്ചു. നായിം പട്ടണത്തിലെ വിധവയുടെ കണ്ണുനീർ യേശുവിന്റെ ഹൃദയത്തെ ആർദ്രമാക്കി; ശവമഞ്ചത്തിൽനിന്ന് അവളുടെ മകനെ അവിടുന്ന് പുനരുജ്ജീവിപ്പിച്ചു. നായിമിലെ വിധവയുടെ കണ്ണുനീർ കണ്ടു നിൽക്കാൻ കഴിവില്ലാതിരുന്ന യേശുനാഥന് സ്വന്തം മാതാവിന്റെ - തന്റെ ഇതര സന്താനങ്ങളെപ്പറ്റി വിലപിക്കുന്ന സ്വന്തം അമ്മയുടെ - അഭ്യർത്ഥന നിരസിക്കുവാൻ കഴിയുമോ? വിശുദ്ധ പീറ്റർ ഡാമിയൻ മറിയത്തോടു ഇങ്ങനെ പ്രാർത്ഥിക്കുന്നു: "സ്നേഹം നിറഞ്ഞ മദ്ധ്യസ്ഥയായ മറിയമേ, കഷ്ടപ്പെടുന്നവരെ കാരുണ്യത്തോടു കൂടിയല്ലാതെ നോക്കുവാൻ അങ്ങേയ്ക്കു കഴിയുകയില്ല. അങ്ങ് ആർക്കുവേണ്ടി പ്രാർത്ഥിക്കുന്നുവോ, അവരെ രക്ഷിക്കുവാനുള്ള വരം ദൈവം അങ്ങേയ്ക്കു നൽകിയിട്ടുണ്ട്. അങ്ങയിൽ വിശ്വാസമർപ്പിക്കുന്ന നിർഭാഗ്യസൃഷ്ടികളായ ഞങ്ങൾക്കുവേണ്ടി മദ്ധ്യസ്ഥത വഹിക്കുവാൻ കനിയണമേ. ഞങ്ങളുടെ പ്രാർത്ഥനകൾ അങ്ങയുടെ മനസ്സ് അലിയിക്കുന്നില്ലെങ്കിൽ അങ്ങയുടെ ഹൃദയാർദ്രതയെങ്കിലും അതിന് അങ്ങയെ പ്രേരിപ്പിക്കട്ടെ. അങ്ങയുടെ ശക്തി അതിന് അങ്ങയെ പ്രചോദിപ്പിക്കട്ടെ. ഇതിനുവേണ്ടിയാണല്ലോ അഖിലേശ്വരൻ അങ്ങയെ ഇത്രയേറെ ശക്തയാക്കിയിരിക്കുന്നത്".[93]

"മറിയമേ! അങ്ങ് ഞങ്ങളുടെ മാതാവെന്നു കാട്ടിത്തരണമേ"[94] എന്നു നാം അവളോടു പ്രാർത്ഥിക്കുമ്പോൾ,

www.malankaralibrary.com

“നീ എന്റെ മകനാണെന്നു നിന്റെ ജീവിതത്താലും പുണ്യാഭ്യസനത്താലും കാണിക്കുക” എന്നു മറിയം നമ്മോടു പറയുകയാണ്. യഥാർത്ഥ മരിയ ഭക്ത്യാഭ്യസനത്തെപ്പറ്റി പരിശുദ്ധ പിതാവു പോൾ ആറാമന്റെ “മരിയ ഭക്തി” (Marialis cultus) എന്ന വിശ്വലേഖനത്തിൽ വളരെ വിപുലമായി പ്രതിപാദിച്ചിട്ടുണ്ട്.

മലങ്കര സഭയുടെ പരിശുദ്ധ ദൈവമാതാവിന്റെ പെരുന്നാളുകളിലും എട്ടുനോമ്പിലും ഉപയോഗിക്കുന്ന പ്രാർത്ഥനാക്രമത്തിൽ ഇപ്രകാരം പറയുന്നു. “രക്ഷകന്റെ അമ്മയായ മറിയം രക്ഷിക്കപ്പെട്ടവരുടെയും അമ്മയാണ്. “സ്ത്രീയേ, ഇതാ നിന്റെ മകൻ” എന്നു മാതാവിനോടും “ഇതാ നിന്റെ അമ്മ” എന്നു യോഹന്നാനോടും കുരിശിൽ കിടന്നുകൊണ്ട് യേശുക്രിസ്തു അരുൾചെയ്ത വചനത്തിലൂടെ നാം എല്ലാവരും മറിയത്തിന്റെ മക്കളായിരിക്കുന്നു. “മറിയം തീർച്ചയായും ക്രിസ്തുവിന്റെ അവയവങ്ങളായ നമ്മുടെയും മാതാവാണ്” എന്നു വിശുദ്ധ ആഗസ്തീനോസ് പറയുന്നു. തിരുരക്തത്താൽ അവിടുന്നു വീണ്ടെടുത്ത മനുഷ്യരെ എല്ലാവരെയും മറിയാമിനു മക്കളായും അവളെ എല്ലാവർക്കും അമ്മയായും യേശുനാഥൻ നൽകി എന്നാണു സഭ മനസ്സിലാക്കുന്നത്.

വിശുദ്ധ മാതാവിനെ സഭയുടെ പ്രതീകമായിട്ടു നമുക്കു കാണാൻ കഴിയുന്നതുകൊണ്ട് മറിയത്തെ നമ്മുടെ മാതാവായിട്ടു കാണാനും നമുക്കു സാധിക്കുന്നു. സഭയുടെ ചിത്രം മുൻകൂട്ടി മറിയത്തിൽ യാഥാർത്ഥ്യമാവുകയായിരുന്നു. അതുകൊണ്ടാണ്, “വിശ്വാസത്തിലും ഉപവിയിലും ക്രിസ്തുവിനോടുള്ള പൂർണയോജിപ്പിലും ദൈവജനനി സഭയുടെ മാതൃകയാണ്” എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രഖ്യാപിച്ചത്. രക്ഷാകര പ്രവർത്തനത്തിലും സഭാത്മകജീവിതത്തിലുമെല്ലാം മാതൃക ആയിരുന്നവരുടെ ഗണത്തിൽആദ്യസ്ഥാനം അലങ്കരിക്കുന്നവളെന്ന നിലയിൽ മറിയത്തെ സഭ നമുക്കു പരിചയപ്പെടുത്തുന്നു. മറിയത്തെ നിരന്തരമായി ആരാധനയിൽ അനുസ്മരിക്കുന്നു. സഭയിലൂടെയാണ് നാം മറിയത്തെ നന്നായി അറിയുന്നത്. ആദിമസഭയിൽ അപ്പസ്തോലഗണത്തോടു ചേർന്നുനിന്ന മറിയം അന്നെന്നപോലെ ഇന്നും സഭയോടു ചേർന്നു നിൽക്കുന്നു.

www.malankaralibrary.com

മറിയത്തിന്റെ പരിപൂർണ്ണ സമർപ്പണം ദൈവപുത്രന്റെ മനുഷ്യാവതാരത്തിനു വഴിയൊരുക്കി. എല്ലാവരുടെയും നന്മക്കായി. പുതിയ ഇസ്രായേലിന്റെ സൃഷ്ടിക്കായി. അവൾ ക്രിസ്തുവിന്റെ മാതാവായിത്തീർന്നു.

ഒരുവൻ ക്രിസ്തുവിലായാൽ ക്രിസ്തുവിന്റെ മാതാവിൽ നിന്ന് അകന്നവനായിരിപ്പാൻ സാധ്യമല്ല. രക്ഷകന്റെ മാതാവായ വിശുദ്ധ കന്യക മറിയം മാതൃനിർവിശേഷമായ സ്നേഹത്താൽ നമ്മെ ഓരോരുത്തരെയും ആശ്ളേഷിക്കുകയും ഈ ജീവിതത്തിൽ നിരന്തരം നമ്മോടൊത്തു സഞ്ചരിക്കുകയും ചെയ്യുന്നു. "എന്റെ അമ്മേ, എന്റെ ആശ്രയമേ" എന്നു നാം ഉരുവിടുമ്പോൾ മാതാവിന്റെ സ്പർശം നമുക്കനുഭവപ്പെടുക തന്നെ ചെയ്യും.

"കുരിശിൻ സവിധത്തിൽ നിൻകരൾ നീറുമ്പോൾ
നാഥനരുൾ ചെയ്തു, സ്ത്രീയേ, പുത്രനിതാ"
ഞങ്ങൾ നിൻ സുതരായല്ലോ
തിരുമൊഴിയതിനാലെ."

കുരിശിൻ ചുവട്ടിൽവെച്ച് മറിയത്തെ യേശു യോഹന്നാനെ ഏൽപ്പിക്കുന്നതുവഴി ദൈവപുത്രന്റെ അമ്മയായ മറിയം നമ്മുടെ ഓരോരുത്തരുടെയും അമ്മയായിത്തീരുന്നു. ആദിമ നൂറ്റാണ്ടു മുതൽ തന്നെ വിശുദ്ധ മറിയത്തെ ഇങ്ങനെ സഭാതനയരുടെ മാതാവായി അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്തിരുന്നു എന്നതിന്റെ പ്രകടമായ തെളിവുകളാണ് സഭാപിതാക്കന്മാരുടെ എഴുത്തുകളിലും, പ്രബോധനങ്ങളിലും, പ്രാർത്ഥനകളിലും കാണുന്ന ദൈവമാതൃ സ്തുതിപ്പുകൾ. വിശുദ്ധ മറിയത്തെക്കുറിച്ചുള്ള സഭാപിതാക്കന്മാരുടെ പ്രബോധനങ്ങൾ അടുത്ത അദ്ധ്യായത്തിൽ പ്രതിപാദിക്കാം.

www.malankaralibrary.com

1. ആന്റണി മണലപ്പുഴവിള, മറിയം രക്ഷയുടെ മാതാവ്, തിരുവനന്തപുരം, 1976, 74.
2. Ildaphonse, *De Virginitate Mariae*, c. III.
3. Bertelli V.G, L *interpretazione Mariologica del Protovangelo*, Roma, 1951.
4. തോമസ് കയ്യാലപ്പറമ്പിൽ, *"മറിയം പഴയനിയമ പ്രതിരൂപങ്ങളിൽ"*, മറിയം പ്രസിദ്ധീകരണം, നമ്പർ 1, ചങ്ങനാശ്ശേരി, 1987,5.
5. തോമസ് കയ്യാലപ്പറമ്പിൽ, *"മറിയം പഴയനിയമ പ്രതിരൂപങ്ങളിൽ"*, 5.
6. തോമസ് കയ്യാലപ്പറമ്പിൽ, *"മറിയം പഴയനിയമ പ്രതിരൂപങ്ങളിൽ"*, 7.
7. ആന്റണി മണലപ്പുഴവിള, *"മറിയം രക്ഷയുടെ മാതാവ്"*, 79.
8. മാത്യു വെള്ളാനിക്കൽ, *"മറിയം ബൈബിളിൽ"* കോട്ടയം, 1988, 2,3.?
9. ആന്റണി മണലപ്പുഴവിള, *"മറിയം രക്ഷയുടെ മാതാവ്"*, 76.
10. *Lumen Gentium (= LG.),* 55.
11. മാത്യു വെള്ളാനിക്കൽ ; "മറിയം ബൈബിളിൽ", 7.
12. *LG.* 68.
13. Pius XII, *Munificentissimus Deus* (Apostolic Constitution), (November 1950), *Acta Apostolicae Sedis*, Vol. 42 (1950) 770.
14. Justin, *Dialogus cum Tryphone Iudaeo,* 100.
15. Justin, *Dialogus cum Tryphone Iudaeo,* 100.
16. Iraenaeus, *Adversus Haereses*, III, 22,4:S cb.
17. Iraenaeus, *Adversus Haereses*, III, 22,4:
18. Tertulian, *De Carne christi*, 17, 4-6: CCL 2, 904f.
19. Iraenaeus, *Adversus Haereses*, III, 22,4:
20. Epiphanius, *Panarion*, III,2: Haer. 78, 18:
21. Jerome, *Epistle* ., 22, 21: *PL* 22, 408.

www.malankaralibrary.com

22. മാത്യു വെള്ളാനിക്കൽ, "*വിശുദ്ധ മാതാവ്*", തിരുവല്ല, 1928, 13.
23. G. B Gray, The Virgin Birth in Relation to the interpretation of Isaiah 7. 14 in Expositor 1911, 289 – 308.
24. Paul VI, *Signum Magnum* (Apostolic Exhortation, 13th May 1967): *AAS* 59, 465-475.
25. ആന്റണി മണലപ്പുഴവിള, "*മറിയം രക്ഷയുടെ മാതാവ്*", 1976, 79.
26. തോമസ് കയ്യാലപ്പറമ്പിൽ, "*മറിയം പഴയനിയമ പ്രതിരൂപങ്ങളിൽ*", 7.
27. *LG*. 55.
28. Portens, *La Vierge Mere chez Michce* (512) in "Rev. August". 15 (1910) 289-592.
29. Jerome, Adv. Jovinian. I, 3.
30. Robert, Bellarmine, *Patrologia Latina*, 168, 839-962.
31. Gregory Nyssa, *De Virginitate*: *PG*. 4:1136.
32. Bernard, In Dominica infra oct, Assumptionis Sermo, 1-2: Bernardi Opera, V (1968) 262f.
33. Ambrose, De *Institutione Virginis*, XIV, 88-89: PL 16, 341
34. Jerome, *Adv. Jovinian.* I, 31.
35. ജോസഫ് കോട്ടയ്ക്കൽ, "*മറിയം അപ്രാമാണിക ഗ്രന്ഥങ്ങളിൽ*" ബൈബിൾ ഭാഷ്യം, (എഡി.) വാല്യം 6, 1977, 408
36. E. Hennecke., *The New Testament Apocrypha*, Vol. I, London: 1973, 370-374.
37. ജോസഫ് കോട്ടയ്ക്കൽ, "*മറിയം അപ്രമാണ ഗ്രന്ഥങ്ങളിൽ*" ബൈബിൾ ഭാഷ്യം, വാല്യം 6, 1977, 408
38. ജോൺ കട്ടക്കയം, "*ദൈവജനനി*", തിരുവനന്തപുരം, 1122, 2?-?, 3
39. ജോൺ കട്ടക്കയം, "*ദൈവജനനി*", തിരുവനന്തപുരം, 4,5

www.malankaralibrary.com

*40. Protoevangelium of St. James*, 1.1.

*41. Protoevangelium of St. James*, 1:2.

*42. Protoevangelium of St. James*, 3:1, 4:1.

*43. Protoevangelium of St. James*, 4:21.

44. M. R. James., *The Apocryphal New Testament*, Oxford, 1950, 38-49.

*45. Quran*, 3:35.

*46. Quran*, 3:36.

47. *Quran*, 3:37.

48. ജോൺ മയ്യനാട്, കന്യാമറിയം, *Kollam, M.E.* 1108. 2—, 3 .

49. Protoevangelium *of St. James*, 6:1.

*50. The Gospel of Pseudo- Mathew*, 4:1.

*51. Protoevangelium of St. James*, 7:2.

*52. Protoevangelium of St James*, 8:1.

*53. The Gospel of Pseudo – Mathew*, 6:1.

54. ജോൺ മയ്യനാട്, കന്യാമറിയം, 13, 14

*55. Cyril Bernard, Madonna, Manjummel: 1949, 1259.*

56. Homily, 2;super Missus est, Circa Finem.

57. ആന്റണി മണലപ്പുഴവിള, "*മറിയം രക്ഷയുടെ മാതാവ്*", 74.

58. ആന്റണി മണലപ്പുഴവിള, "*മറിയം രക്ഷയുടെ മാതാവ്*", 21,22.

*59. Protoevangelium of St. James*, 8:2.

*60.* Lev.15:25-30.

*61. The Gospel of Pseudo – Mathew*, 8:1.

*62. The Gospel of Pseudo – Mathew*, 7:2.

*63.* Cf I. Hervieux, *What are Apocryphal Gospels*, London: Publishing Co, 1960, 43-52.

*64.* Psedo- Mathew says merely "Those who have no wife"(8:2).

*65. Protoevangelium of St. James*, 8:3.

www.malankaralibrary.com

66. Cfr. Aaron's *Rod sprouting in Numb,* 17:6-13.

67. *Protoevangelium of St.James,* 9:1-2.

68. *The Gospel of Pseudo-Mathew*, 8:4.

69. *Protoevangelium of St. James*, 9:3.

70. കുര്യൻ വാലുപറമ്പിൽ, "ഇതാ കർത്താവിന്റെ ദാസി", കോട്ടയം, 1995, 7

71. കുര്യൻ വാലുപറമ്പിൽ, ഇതാ കർത്താവിന്റെ ദാസി, *9?, 11*

72. കുര്യൻ വാലുപറമ്പിൽ, ഇതാ കർത്താവിന്റെ ദാസി, *11-12*

73. കുര്യൻ വാലുപറമ്പിൽ, ഇതാ കർത്താവിന്റെ ദാസി, *28.*

74. Ignace della Potteri., *Mary in the Mystery of the Covenant*, 58.

75. കുര്യൻ വാലുപറമ്പിൽ, ഇതാ കർത്താവിന്റെ ദാസി, 34

76. കുര്യൻ വാലുപറമ്പിൽ, ഇതാ കർത്താവിന്റെ ദാസി, 9?, 11

77. കുര്യൻ വാലുപറമ്പിൽ, ഇതാ കർത്താവിന്റെ ദാസി, *9—11*

78. M.HENGEL, "Phatne", *TDNT* IX, 49-55, 51-52.

79. W.MICHAELIS, "Romphaia", *TDNT* V, 993-998.

80. W.MICHAELIS, Romphaia, *TDNT* V, 996-998.

81. R.E. BROWN, *The Birth of the Messiah*, 464; J. Fitzmayer., *The Gospel according to Luke I-IX*, 430; W. MICHELS, "Remphaia", 995.

82. Concerning Mary's participation of "compassion" in the death of Christ, Saint Bernard, *In Dominica infra octavam Assumptionis Sermo*, 14: S Bernardi *opera*, V, 1968,273.

83. "Christ in truth,Christ is flesh: Christ truth in the mind o Mary, Christ flesh in the womb of Mary" : Saint Augustine *Sermo* 25 7: *PL* 46,938.

www.malankaralibrary.com

84. Encyclical Letter Fulgens Corona (8th September 1953) : AAS 45(1953) 577-592. Pius X *with his sEncyclical Letter Ad Diem Illum* (2nd February 1904). On the occasion of the 50th anniverssery of the dogmatic definition of the Immaculate Conception of the Blessed Virgin Mary, had proclaimed an Extra ordinary Jubilee4 of a few months: Pii X P. M Acta. 1. 147-166.
85. Same as above
86. Pius XII, *Mystici Corporis Christi*, Encyclical Letter(June 29, 1943), *AAS* XXXV (1943)
193 – 248; The Papal Encyclicals, Vol. IV: 1939 – 1958, 37 – 63.
87. Bernard, *In Expositione* S, Evangeli, Tom VII. 461- 468.
88. Origen, *Patrologia Graeca* XIV 32.
89. Ephrem, *PG* XIV 32.
90. Agustine, *De Sancta Virginitate, PL.* 40,399.
91. Alphonse Ligori, *De Laudibus Virginis.*
92. Thomas Aquinas., *Exposi – Epist Canom?*
93. St. Alphonse Ligori. "*Glories of Mary*".
94. Hymn, "*Ave Maris Stella*".

www.malankaralibrary.com

## അദ്ധ്യായം - രണ്ട്

# വിശുദ്ധ മറിയം - സഭാപിതാക്കന്മാരുടെ വീക്ഷണത്തിൽ

രക്ഷാകര പദ്ധതിയിൽ വിശുദ്ധ മറിയം വഹിച്ച പങ്കിനെക്കുറിച്ച് സഭാപിതാക്കന്മാർ വളരെയേറെ പ്രകീർത്തിച്ചിട്ടുണ്ട്. മാതാവിന്റെ ദൈവമാതൃത്വം ചോദ്യം ചെയ്യപ്പെടുന്ന അവസരങ്ങളിൽ അവയ്ക്കെതിരെ പ്രതികരിച്ചുകൊണ്ട് തങ്ങളുടെ പഠിപ്പിക്കൽ വഴിയും എഴുത്തുകൾ വഴിയും പാഷണ്ഡതകൾക്കെതിരെ പ്രതികരിക്കുവാൻ സഭയെ പ്രാപ്തയാക്കുന്നതിൽ സഭാപിതാക്കന്മാർ വഹിച്ചിട്ടുള്ള പങ്ക് വളരെ സ്തുത്യർഹമാണ്. സഭയിൽ മാതൃഭക്തി വളർത്തുന്നതിനും വിശ്വാസസത്യങ്ങൾ രൂപീകരിക്കുന്നതിനും സഭാപിതാക്കന്മാർ വഹിച്ചിട്ടുള്ള പങ്ക് വളരെ വലുതാണ്. വിശുദ്ധ മറിയത്തെക്കുറിച്ചുള്ള സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളും ഗീതങ്ങളും സംക്ഷിപ്തമായി ചിത്രീകരിക്കുകയാണ് ഈ അദ്ധ്യായത്തിൽ.

### 1. ആഥൻസിലെ അരിസ്റ്റിദെസ് (+140)

"ഗർഭധാരണത്തിൽ മറിയം കന്യകയായിരുന്നു" എന്നതിനെക്കുറിച്ച് ഇപ്രകാരം അദ്ദേഹം പറയുന്നു: ക്രിസ്ത്യാനികൾ അവരുടെ ആരംഭം നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിന്നാണ് സ്വീകരിക്കുന്നത്. അവിടുന്ന് അത്യുന്നതനായ ദൈവത്തിന്റെ പുത്രനാണെന്ന് വിശ്വസിക്കപ്പെടുന്നു. മനുഷ്യരെ രക്ഷിക്കുന്നതിനുവേണ്ടി താഴേയ്ക്കിറങ്ങി ബീജം കൂടാതെയും നാശംകൂടാതെയും പരിശുദ്ധ കന്യകയിൽനിന്നും ജനിച്ചു. ശരീരം

www.malankaralibrary.com

സ്വീകരിച്ച് മനുഷ്യനായി മനുഷ്യർക്ക് പ്രത്യക്ഷപ്പെട്ടു; അവരെ ബഹുദൈവ ആരാധനയുടെ അബദ്ധത്തിൽനിന്നും തിരികെ വിളിക്കുന്നതിനുവേണ്ടി.[1]

ലോകത്തിന്റെ അതിർത്തികൾവരെ വ്യാപിച്ചു കിടക്കുന്ന സഭ അപ്പസ്തോലൻമാരിൽ നിന്നും ശിഷ്യന്മാരിൽ നിന്നും അവരുടെ വിശ്വാസം സ്വീകരിച്ചിരിക്കുന്നു. അതായത്, സ്വർഗ്ഗത്തെയും ഭൂമിയേയും ആഴിയേയും അതിലുള്ള എല്ലാറ്റിനേയും സൃഷ്ടിച്ച ഏക ദൈവത്തിലുള്ള വിശ്വാസം; നമ്മുടെ രക്ഷയ്ക്കായി മാംസം സ്വീകരിച്ച ദൈവപുത്രനായ യേശുക്രിസ്തുവിലുള്ള വിശ്വാസം. ദീർഘദർശിമാർ വഴി ദൈവത്തിന്റെ പദ്ധതികൾ പ്രത്യേകിച്ച്, അവിടുത്തെ വരവും കന്യകയിൽ നിന്നുള്ള ജനനവും മുൻകൂട്ടി അറിയിച്ച പരിശുദ്ധാത്മാവിലുള്ള വിശ്വാസം[2].

"കന്യകയിൽ നിന്നുമുള്ള അമ്മാനുവേലിനെ മറക്കുന്നവർക്ക് നിത്യജീവനാകുന്ന അവന്റെ സമ്മാനം നൽകപ്പെടുകയില്ല"[3].

എന്നിരുന്നാലും, ഒരു ഭർത്താവ് ഉണ്ടായിരുന്ന ഹവ്വാ ഒരു കന്യകയായിരുന്നു. (പറുദീസായിൽ ഇരുവരും നഗ്നരായിരുന്നു, അവർക്ക് ലജ്ജ ഇല്ലായിരുന്നു, അല്പം മുമ്പ് സൃഷ്ടിക്കപ്പെട്ട അവർക്ക് സന്താനോത്പാദനത്തെക്കുറിച്ചുള്ള ചിന്തയില്ലായിരുന്നു. അവർ ആദ്യം വളർന്ന് പക്വമതികളാകണമായിരുന്നു. പിന്നീടു മാത്രമേ വർദ്ധനവിനുള്ള ചിന്തയുണ്ടാകൂ). അവൾ അനുസരണക്കേട് കാണിച്ചു. അതുവഴി അവൾക്കും മനുഷ്യവംശത്തിനും മരണകാരണമായി. അങ്ങനെതന്നെ മറിയാമും വിവാഹനിശ്ചയം ചെയ്യപ്പെട്ട ഒരു ഭർത്താവുണ്ടായിരുന്ന കന്യകയായിരുന്നു. അവൾ അനുസരണമുള്ളവളായി തനിക്കും മനുഷ്യവംശത്തിനു മുഴുവനും രക്ഷയ്ക്ക് കാരണമായി[4].

## 2. വിശുദ്ധ ഇരണേവൂസ് (140 -202 A.D)

ഇദ്ദേഹം തന്റെ "പാഷണ്ഡതകൾക്കെതിരെ" എന്ന ഗ്രന്ഥത്തിൽ പലയിടത്തും മറിയത്തെക്കുറിച്ച് പ്രസ്താവിച്ചി

www.malankaralibrary.com

ട്ടുണ്ട്.[5] പാശ്ചാത്യവും പൗരസ്ത്യവുമായ സഭാ പാരമ്പര്യങ്ങളെ പ്രതിനിധീകരിക്കുന്ന അദ്ദേഹത്തിന്റെ സാക്ഷ്യം മരിയൻ സിദ്ധാന്തത്തിന്റെ വളർച്ചയെ സ്വാധീനിക്കുന്നു. "രണ്ടാം ഹവ്വാ" യുടെ ദൗത്യത്തെക്കുറിച്ച് ഇരണേവൂസ് വിശദീകരിക്കുന്നുണ്ട്. വിശുദ്ധ ജസ്റ്റിനെപ്പോലെ, ഹവ്വായുടെ അനുസരണക്കേടിന് വിപരീതമായി മറിയത്തിന്റെ കന്യകാത്വത്തിനും അനുസരണയ്ക്കും അദ്ദേഹം ഊന്നൽ നൽകുന്നു. ഇരണേവൂസിന്റെ അഭിപ്രായത്തിൽ ഹവ്വാ മനുഷ്യവർഗത്തിന്റെ മരണത്തിന് കാരണമായിത്തീർന്നതുപോലെ മറിയം അനുസരണത്താൽ തന്റെയും മനുഷ്യവർഗ്ഗം മുഴുവന്റെയും രക്ഷയ്ക്കു കാരണമായിത്തീർന്നു. അങ്ങനെ ഹവ്വായാൽ ബന്ധിക്കപ്പെട്ടത് മറിയത്താൽ സ്വതന്ത്രമായി.[6]

മനുഷ്യവർഗത്തിന്റെ പ്രധാന മാദ്ധ്യസ്ഥയായിട്ടാണ് മറിയത്തെ ഇരണേവൂസ് കണ്ടത്. ദൈവമാതാവായതിലൂടെ രക്ഷാകര പ്രവർത്തനത്തിൽ മറിയം പ്രധാന പങ്കാണ് വഹിച്ചത്. ഗർഭധാരണത്തിൽ അവൾ കന്യകയായിരുന്നു എന്നതിനെക്കുറിച്ച് ഇപ്രകാരം പറയുന്നു: "ഇക്കാരണത്താൽ, കന്യകയായിരുന്നിട്ടും, ഭർത്താവിനു വിവാഹം ചെയ്യപ്പെട്ടവൾ, വിവാഹം ചെയ്ത ആളിന്റെ ഭാര്യയെന്നു നിയമം പരിഗണിക്കുന്നു, അങ്ങനെ മറിയത്തിൽനിന്നും ഹവ്വായിലേക്കുള്ള തിരിച്ചുപോക്കിനെ സൂചിപ്പിക്കുവാനായി "ദൈവം തന്റെ പുത്രനെ അയച്ചു". അപ്പസ്തോലൻ പറയുന്നു: 'അതുവഴി സ്ത്രീയിൽ നിന്നും ജനിച്ചു' (ഗലാ 4 : 4). അവൾ ഒരു കന്യകയായിരുന്നു എന്നു വ്യക്തമാണ്. ഹെബിയോൺ അതിനെ എതിർക്കുന്നുണ്ടെങ്കിലും, ഗബ്രിയേൽ മാലാഖ കന്യകയുടെ പക്കലേക്കാണ് അയയ്ക്കപ്പെട്ടതെന്ന് ഞാൻ മനസ്സിലാക്കുന്നു. പക്ഷെ അവളെ വാഴ്ത്തുമ്പോൾ സ്ത്രീകളുടെ ഇടയിലേക്കാണ് അവളെ നിയോഗിക്കുന്നത്, അല്ലാതെ കന്യകകളുടെ ഇടയിലല്ല. "നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവളാകുന്നു" (ലൂക്കാ 1 : 28). സ്ത്രീയെ കന്യകയെന്നു സംബോധന ചെയ്യുമെന്ന് മാലാഖായ്ക്ക് അറിയാമായിരുന്നു. ഇവിടെ ദീർഘദർശനപരമായി ഭാവിയെക്കുറിച്ച് ഒന്നും സൂചിപ്പിക്കുന്നില്ല. അതായത്, വിവാഹം ചെയ്യപ്പെട്ടവൾ എന്ന അർത്ഥത്തിൽ അപ്പസ്തോലൻ ഭാവിയെ

www.malankaralibrary.com

സൂചിപ്പിക്കുന്നില്ല, 'സ്ത്രീയിൽനിന്നും ജനിച്ചവൻ' എന്നു പറയുമ്പോൾ പിന്നീട് ഭർത്താവുമായി സംയോഗത്തിൽ ഏർപ്പെട്ട ഒരു സ്ത്രീയെക്കുറിച്ചല്ല മാലാഖ പറയുന്നത്, അവളിൽ നിന്നല്ല ക്രിസ്തു ജനിക്കാനും പോകുന്നത്. പ്രത്യുത, മാലാഖായുടെ മുമ്പിൽ നിൽക്കുന്നവളെക്കുറിച്ചാണ്; അവൾ കന്യകയാണ്; അവൾ സ്ത്രീയെന്നു വിളിക്കപ്പെടുന്നത്, ആ പദത്തിന്റെ ചാരുതക്കനുസൃതമായി, കന്യകയുടെയും മുഴുവൻ സ്ത്രീ വംശത്തിന്റെയും നന്മക്കായി കാക്കപ്പെട്ട ആദിമരൂപം സൂക്ഷിക്കപ്പെടുന്നതിനു വേണ്ടിയാണ്. പരിശുദ്ധനായവൻ പരിശുദ്ധയായ മറിയത്തിന്റെ പരിശുദ്ധമായ ഉദരം പരിശുദ്ധമായ രീതിയിൽ തുറന്നു. അതിനേക്കാളുപരിയായി അവൾ സഭയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. പരിശുദ്ധമായ ഉദരത്തിലൂടെ മറിയം മനുഷ്യരെ ദൈവത്തിനായി പുനർജീവിപ്പിക്കുന്നു. അതിനുപുറമേ പ്രവാചക വരത്തോടെ, സഭയ്ക്കുവേണ്ടി മറിയം ഉദ്ഘോഷിക്കുന്നു: "എന്റെ ആത്മാവ് ദൈവത്തെ മഹത്ത്വപ്പെടുത്തുന്നു"[7].

## 3. തെർത്തുല്യൻ (160 - 222)

വിശുദ്ധ മറിയം ഗർഭധാരണത്തിൽ കന്യകയായിരുന്നു. ഇതിനെക്കുറിച്ച് തെർത്തുല്യൻ പറയുന്നു: "പിശാച് പിടിച്ചെടുത്ത ദൈവത്തിന്റെ സാദൃശ്യം ഒരു പ്രത്യേക പ്രവൃത്തി പദ്ധതിയിലൂടെ അവിടുന്ന് വീണ്ടെടുത്തു. കന്യകയായിരുന്ന ഹവ്വായിൽ മരണകാരണമായ വചനം കയറിപ്പറ്റി. അതുപോലെ ജീവൻ സംവഹിക്കുന്ന വചനം കന്യകയിൽ അവതരിപ്പിക്കണമായിരുന്നു. സ്ത്രീത്വം വഴി നഷ്ടപ്പെട്ടുപോകുമായിരുന്നതിനെ സ്ത്രീത്വം വഴിതന്നെ രക്ഷയിലേക്ക് കൊണ്ടുവരണമായിരുന്നു. ഹവ്വാ, സർപ്പത്തെ വിശ്വസിച്ചു, മറിയം ഗബ്രിയേലിനെ വിശ്വസിച്ചു. ഒരുവൾ വിശ്വസിച്ചു കുറ്റമായി ചെയ്തതിനെ മറ്റവൾ വിശ്വസിച്ചു മായിച്ചു കളഞ്ഞു.

തെർത്തുല്യൻ മാതാവിനെക്കുറിച്ച് "ക്രിസ്തുവിന്റെ ശരീരം" എന്ന തന്റെ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതിൽ ക്രിസ്തുവിന്റെയും അതോടൊപ്പം നമ്മുടെയും ഉത്ഥാനത്തെക്കുറിച്ച് തെർത്തുല്യൻ തെളിവ് നൽകുന്നു. ക്രിസ്തുവിന് ഒരു

www.malankaralibrary.com

യഥാർത്ഥ ശരീരം ഉണ്ടായിരുന്നു എന്നും ക്രിസ്തു കന്യക മറിയത്തിൽ നിന്നാണ് ജന്മമെടുത്തതെന്നും അദ്ദേഹം ആദ്യമായി തെളിയിക്കുന്നു. അതിനുശേഷം മറിയത്തെ ഹവ്വായായി സാദൃശ്യപ്പെടുത്തുന്നു. ഹവ്വാ, സർപ്പത്തെ വിശ്വസിച്ചുവെങ്കിൽ മറിയം ഗബ്രിയേലിനെ വിശ്വസിച്ചു. ഹവ്വാ തന്റെ വിശ്വാസം മൂലം തിന്മയാണ് ചെയ്തതെങ്കിൽ മറിയം തന്റെ വിശ്വാസം വഴി നന്മ പ്രവർത്തിച്ചു. തന്റെ സഹോദരനെ കൊലപ്പെടുത്തിയ കായേന് ഹവ്വ ജന്മം നൽകിയെങ്കിൽ സഹോദരങ്ങൾക്ക് രക്ഷ പ്രദാനം ചെയ്യുന്നവന് മറിയം ജന്മം നൽകി. കന്യകയിൽ നിന്നുള്ള യേശുവിന്റെ ജനനത്തെ ഒരു അത്ഭുത പ്രവർത്തനമായി തെർത്തുല്യൻ എടുത്ത് പറയുന്നില്ലെങ്കിലും അത് അംഗീകരിക്കുന്നതായി തോന്നും.

## 4. വിശുദ്ധ അത്തനാസിയോസ് (296 - 373)

നിഖ്യാ സൂനഹദോസിൽ (325) ആര്യൻ പാഷണ്ഡതക്കെതിരെ ക്രിസ്തുവിന്റെ ദൈവത്വം ഉയർത്തി പിടിക്കുന്നതിൽ പ്രധാനിയായിരുന്നു അത്താനാസിയോസ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ക്രിസ്തു തന്റെ ദൈവത്വം പിതാവിൽനിന്നും മനുഷ്യത്വം കന്യകമാതാവിൽ നിന്നുമാണ് സ്വീകരിച്ചത്. മറിയം നമ്മുടെ സഹോദരിയാണെന്നിരിക്കെ ക്രിസ്തുവിന്റെ ശരീരം നമ്മുടെ ശരീരം പോലെതന്നെ യഥാർത്ഥമാണെന്ന് അദ്ദേഹം വാദിക്കുന്നു. മറിയം നിത്യകന്യകയാണെന്ന് അദ്ദേഹം സമ്മതിക്കുന്നുണ്ട്. മരണാവസരത്തിൽ കുരിശിൽ കിടന്നുകൊണ്ട് ഈശോ മറിയത്തെ ഭരമേൽപ്പിക്കുന്നത്, തന്റെ സഹോദരങ്ങളെ അല്ല, പ്രത്യുത വിശുദ്ധ യോഹന്നാനെയാണ് എന്നത് ഇതിനൊരു തെളിവായി അദ്ദേഹം പരിഗണിക്കുന്നു.[8]

## 5. വിശുദ്ധ മാർ അപ്രേം (306 – 373)

വിശുദ്ധ അപ്രേമിന്റെ കാലത്താണ് സിറിയായിൽ മരിയഭക്തി അത്യുന്നതിയിൽ എത്തിയത്. മറിയം അമലോത്ഭവയാണെന്ന് ആദ്യമായി പഠിപ്പിച്ച സഭാപിതാവ് അപ്രേമാണെന്ന് പറയപ്പെടുന്നു. അദ്ദേഹത്തിന്റെ നിസിബിയൻ കീർത്തനങ്ങളിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: "ക്രിസ്തുവേ നീയും നിന്റെ

www.malankaralibrary.com

അമ്മയും മാത്രമാണ് എല്ലാംകൊണ്ടും നല്ലതും മനോഹരവും; എന്റെ നാഥാ നിന്റെ പൂർണതയ്ക്ക് ഒരു കുറവുമില്ല; നിന്റെ അമ്മ കറയില്ലാത്തവളാണ്[9]. മറിയത്തിൽനിന്നും ക്രിസ്തുവിന്റെ ജനനത്തെക്കുറിച്ച് മാർ അപ്രേം, തിരുജനന കീർത്തനങ്ങളിൽ ഇപ്രകാരം പറയുന്നു: "നിങ്ങളുടെ കണ്ണുകളെ മറിയത്തിലേക്കു തിരിക്കുവിൻ. ഗബ്രിയേൽ ദൂതൻ അവളുടെ പക്കൽ വന്നു സംസാരിച്ചു തുടങ്ങിയപ്പോൾ അവൾ ചോദിച്ചു: ഇതെങ്ങനെ സംഭവിക്കും? പരിശുദ്ധാത്മാവിന്റെ ദൂതൻ അവളോടു പറഞ്ഞു: ദൈവത്തിന് അതെളുപ്പമാണ്, കാരണം അവിടുത്തേയ്ക്ക് എല്ലാം സാദ്ധ്യമാണ്. താൻ കേട്ടതിൽ പരിപൂർണമായി വിശ്വാസം അർപ്പിച്ചുകൊണ്ട് അവൾ പറഞ്ഞു: "ഇതാ ഞാൻ കർത്താവിന്റെ ദാസി". വചനം ഉടൻ തഴേക്കിറങ്ങി, അവിടുത്തെ ഇഷ്ടംപോലെ അവളുടെമേൽ താണിറങ്ങി, അവളിൽ പ്രവേശിച്ചു അവളുടെ ഉള്ളിൽ പാർത്തു. അവൾക്ക് യാതൊരു കുറവും സംഭവിച്ചതുമില്ല. യാതൊരു രീതിയിലുമുള്ള വേദനയോ സഹനമോ ഇല്ലാതെ അവൾ അവനെ ഗർഭം ധരിച്ചു; സർവ്വ ലോകവും അവനെക്കൊണ്ടു നിറഞ്ഞു നിൽക്കുമ്പോൾ, അവളുടെ ഗർഭത്തിൽ അവൻ ഒരു പൈതലായി. പഴകിപ്പോയ ആദാമിന്റെ രൂപം നവീകരിക്കുവാൻ സ്വന്തം രൂപം അവിടുന്ന് അവിടെ പതിച്ചു. ദൈവത്തിന്റെ ജനനത്തെക്കുറിച്ചു നീ പറഞ്ഞു കേൾക്കുമ്പോൾ, നിശബ്ദമായിരിക്കുക. നീ പറഞ്ഞത് നിന്റെ ആത്മാവിൽ പതിഞ്ഞിരിക്കട്ടെ. അത്യുന്നതനായവന് യാതൊന്നും പ്രയാസമായിട്ടില്ല. അവിടുന്ന് നമുക്കുവേണ്ടിയും നമ്മുടെ ഇടയിലും നമ്മിൽനിന്നും ഭൂജാതനാകുന്നതിന് സ്വയം താഴ്ത്തി.

ഇന്നു മറിയം നമുക്ക് ഒരു സ്വർഗ്ഗമാണ്, കാരണം അവൾ ദൈവത്തെ വഹിക്കുന്നു. അത്യുന്നതനായ ദൈവം സ്വയം താഴ്ത്തി അവളിൽ വാസമുറപ്പിച്ചു; അവളിൽ അവൻ ചെറിയവനായി, നമ്മെ വലിയവരാക്കുന്നതിനുവേണ്ടി; സ്വഭാവികമായി അവൻ ചെറിയവനല്ല; അവളിൽനിന്നും അവൻ ഒരു വസ്ത്രം സ്വീകരിച്ചു, നമ്മുടെ രക്ഷ സാധിച്ചു കിട്ടുന്നതിനുവേണ്ടി. മറിയത്തിൽ പ്രവാചകന്മാരുടെയും നീതിമാന്മാരുടെയും പ്രവചനങ്ങൾ സാക്ഷാത്കരിക്കപ്പെട്ടു. നമുക്കു വേണ്ടി അവളിൽനിന്നും ഒരു പ്രകാശം ഉദിച്ചു, അജ്ഞാനികളുടെ അന്ധ

www.malankaralibrary.com

കാരം മാറിപ്പോയി. അവൾക്ക് പല പേരുകളുമുണ്ട്; അവയെല്ലാം അവളെ വിളിക്കുന്നതിന് എനിക്ക് ആനന്ദമുണ്ട്. രാജാക്കന്മാരുടെ ശക്തനായ രാജാവ് വസിക്കുന്ന കോട്ടയാണവൾ.

അവൻ അവിടേയ്ക്ക് പ്രവേശിച്ചതുപോലെ, തിരിച്ച് ഇറങ്ങിയില്ല, അവളിൽ നിന്നും ശരീരം സ്വീകരിച്ചുകൊണ്ട് അവൻ പുറത്തേക്കുവന്നു. രാജാക്കന്മാരുടെ രാജാവ് വസിക്കുന്ന പുതിയ സ്വർഗ്ഗമാണ് അവൾ. അവൻ അവിടെ പ്രവേശിച്ചു, ബാഹ്യലോകത്തിനു സമമായ രീതിയിൽ വസ്ത്രമണിഞ്ഞു പുറത്തേക്കുവന്നു. ഒരു മുന്തിരിങ്ങാ ഫലമായി പുറപ്പെടുവിച്ച മുന്തിരിച്ചെടിയാണവൾ, പക്ഷെ, അതു പ്രകൃതിക്കനുസൃതമല്ല - മുന്തിരിച്ചെടിയിൽനിന്നും വ്യത്യസ്തമായതുകൊണ്ട്, മുന്തിരിങ്ങ നിറം പൂണ്ട് പുറത്തേക്കു വന്നു. ദാഹിക്കുന്നവർക്കു വേണ്ടി ജീവന്റെ ജലം പൊട്ടിയൊഴുകുന്ന ഉറവയാണവൾ. ഈ പാനീയം രുചിച്ചിട്ടുള്ളവർ നൂറുമേനി ഫലം പുറപ്പെടുവിക്കും.

സൃഷ്ടിയുടെ ആദ്യ ദിവസം പോലെയല്ല ഈ ദിവസം. അന്നേ ദിവസം സൃഷ്ടവസ്തുക്കൾ അസ്തിത്വത്തിലേക്ക് വിളിക്കപ്പെട്ടു - ഇന്നേദിനം ഭൂമി ആരേപ്രതി ശപ്തമായോ ആ ആദാമിനുവേണ്ടി നവീകരിക്കപ്പെടുകയും അനുഗ്രഹിക്കപ്പെടുകയും ചെയ്തു. പാപത്തോടുകൂടെ ആദാമും ഹവ്വായും ലോകത്തിൽ മരണം വഹിച്ചു, ലോകനാഥൻ മറിയത്തിൽ നമുക്കു പുതുജീവൻ നൽകി. ദുഷ്ടനായവൻ, സർപ്പത്തിന്റെ, ഹവ്വായുടെ ചെവിയിലേക്ക് വിഷം തിരിച്ചുവിട്ടു ; ഉദാരമതി തന്റെ കരുണയിൽ പ്രവേശിച്ചു, മരണം പ്രവേശിച്ച വാതിലിലൂടെ ജീവനും പ്രവേശിച്ചു. ജീവൻ മരണത്തെ കൊന്നു. ക്രോബകൾ വഹിക്കുന്നവനെ മറിയാമിന്റെ കരങ്ങൾ വഹിച്ചു. പ്രപഞ്ചം മുഴുവൻ ഒതുക്കുവാൻ കഴിയാത്തവനെ മറിയാം ആശ്ലേഷിക്കുകയും വഹിക്കുകയും ചെയ്തു. ആരുടെ മുമ്പിൽ ആഗ്നിയുടെയും ആത്മാവിന്റെയും സൃഷ്ടികളായ മാലാഖമാർ വിറയ്ക്കുന്നുവോ, ആ രാജാവ് കന്യകയുടെ മടിയിൽ കിടക്കുന്നു, അവൾ അവനെ ഒരു ചെറിയ പൈതലിനെയെന്നപോലെ താലോലിക്കുന്നു. മഹിമപ്രതാപവാന്റെ സിംഹാസനമാണ് സ്വർഗ്ഗം. അവിടുന്ന് മറിയാമിന്റെ മുട്ടുകളിൽ ഇരിക്കുന്നു. അവിടുത്തെ പാദപീഠമാണ് ഭൂമി; ഒരു പൈതലിനെപ്പോലെ അതിൽ ചാടി നടക്കുന്നു. അവിടുത്തെ

www.malankaralibrary.com

നീട്ടപ്പെട്ട കരമാണ് മണലിന്റെ അളവ്; മണലിൽ ഒരു പൈതലിനെപ്പോലെ കളിക്കുന്നു.

ക്രിസ്തുവിന്റെ ജനനത്തിൽ, പൊയ്പ്പോയ തന്റെ മഹത്വം കണ്ട ആദാം സന്തോഷിക്കുന്നു! കുശവന് കളിമണ്ണ് ഒരു വസ്ത്രമായി ആര് കണ്ടിട്ടുണ്ട്? മുറിവു വെച്ചുകെട്ടുന്ന തുണിയിൽ അഗ്നിയെ പൊതിഞ്ഞ് ആരു കണ്ടിട്ടുണ്ട്? മനുഷ്യനോടുള്ള സ്നേഹത്തെ പ്രതി ദൈവം ഇതിനെല്ലാം സ്വയം താഴ്ത്തി തന്റെ അടിമയോടുള്ള സ്നേഹത്തെ പ്രതി ഇതിനെല്ലാം ദൈവം സ്വയം എളിമപ്പെടുത്തി; മനുഷ്യഘാതകനായ ദുഷ്ടന്റെ ഉപദേശത്തിനു വഴങ്ങിയ അടിമ അഹങ്കാരത്തോടെ എഴുന്നേറ്റ്, ദൈവകൽപ്പന ധിക്കരിച്ചു. കൽപ്പന നൽകിയവൻ സ്വയം എളിമപ്പെട്ടു. നമ്മെ ഉയർത്തുന്നതിനു വേണ്ടി, ഭൂവാസികളുടെ ഇടയിലേക്കു സ്വയം ഇറങ്ങിവരുന്ന ഭിഷഗ്വരൻ വഴി, രോഗത്തിനടിമപ്പെട്ട ലോകം സൗഖ്യം പ്രാപിക്കുന്നതിന് അവിടുന്ന് വന്നു. അവനു സ്തുതി; അവനെ അയച്ച പിതാവിനും, പരിശുദ്ധാത്മാവിനും എന്നേക്കും സ്തോത്രമുണ്ടായിരിക്കട്ടെ. ഇതിനും പുറമെ മറിയവും ഹവ്വയും തമ്മിലുള്ള സമാന്തരാവതരണം പല കീർത്തനങ്ങളിലും നമുക്ക് കാണുവാൻ സാധിക്കും. ഒരു കവിയെന്ന നിലയിൽ മാതാവിനെ ഈശോയുടെ സഹോദരിയായും (ഇരുവരും ദാവീദിന്റെ ഗോത്രക്കാരായതുകൊണ്ട്) ഈശോയുടെ അമ്മയായും ഭാര്യയായും തോഴിയായും മകളായുമൊക്കെ ചിത്രീകരിക്കുവാനും ഇടയായിട്ടുണ്ട്.[10]

അപ്രേം പരിശുദ്ധ മറിയം ദൈവത്തിന്റെ അമ്മയാണ് എന്നതിനെ കുറിച്ച് ഇപ്രകാരം പറയുന്നു: “മറിയത്തിന്റെ ഉദരത്തിൽ നിത്യനായ പിതാവിനോട് സമനായവൻ, ഒരു ചെറു പൈതലായി. അവന്റെ വലിമ അവൻ നമുക്കു നൽകി, നമ്മുടെ ബലഹീനതയെ സ്വീകരിച്ചു; നമ്മോടുകൂടെ അവൻ മരണമുള്ളവനായി, നമ്മിൽ ജീവൻ ചൊരിഞ്ഞശേഷം, നാം ഒരിക്കലും മരിക്കാതിരിക്കുന്നതിനുവേണ്ടി............ കന്യാത്വം പാലിച്ചുകൊണ്ടും കന്യാവ്രത മുദ്രകൾ കാത്തുകൊണ്ടും ഈ കന്യക അമ്മയായി, ഗർഭസ്ഥ ശിശുവിനെ ഉദരത്തിൽ വഹിക്കുന്നു, കന്യാമുദ്ര അഭംഗം കാത്തിരിക്കുന്നു. ദൈവത്തിന്റെ അമ്മയും അവന്റെ ദാസിയും ജ്ഞാനത്തിന്റെ കൈവേലയും

www.malankaralibrary.com

ആയിത്തീർന്നു........ പൈതലിന്റെ പ്രവേശം അനുഭൂതികൊണ്ടു മാത്രം അറിയത്തക്കവിധം മാത്രം മറിയം ഗർഭം ധരിക്കുകയുണ്ടായി. ഹൃദയത്തിൽ അഗ്നിയും ആത്മാവും ഉണ്ടായിരുന്നിടത്തോളം അവൻ, പൂർണ്ണ ദൈവമായിരുന്നു കൊണ്ടു തന്നെ, അമ്മയുടെ ഉദരത്തിൽ മനുഷ്യനായിത്തീർന്നു.[11]

വിശുദ്ധ കന്യക മറിയത്തിന്റെ കന്യാത്വത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു: "ഓ! നാഥേ, കന്യകയേ, നിർമ്മലയായ ദൈവമാതാവേ, എന്റെ ഏറ്റം മഹത്ത്വമേറിയ, ഔദാര്യനിധിയായ നാഥേ, സ്വർഗ്ഗത്തേക്കാൾ ഔന്നത്യമുള്ളവളേ, സൂര്യന്റെ തിളക്കം, രശ്മികൾ, പ്രഭാപൂരം ഇവയേക്കാൾ നൈർമ്മല്യമുള്ളവളേ, അഹറോന്റെ തളിർക്കുന്ന വടിയേ, നീ തണ്ടായി പ്രത്യക്ഷപ്പട്ടു, അതിലെ പുഷ്പമോ ഞങ്ങളുടെ ദൈവവും ക്രിസ്തുവും എന്റെ സ്രഷ്ടാവുമായ നിന്റെ പ്രിയപുത്രൻ, ശാരീരികമായി നീ വചനമായ ദൈവത്തിന് ജനനം നൽകി; നിന്റെ കന്യാത്വത്തെ ജനനത്തിനുമുമ്പും ജനനശേഷവും നീ പാലിച്ചു; ഞങ്ങൾ നിന്റെ പുത്രനും ഞങ്ങളുടെ ദൈവവുമായ ക്രിസ്തുവിനോട് രഞ്ജിപ്പിലെത്തി.[12]

### 6. വിശുദ്ധ എപ്പിഫാനിയൂസ് (315 - 413)

മറിയം നിത്യകന്യകയായിരുന്നുവെന്നും യേശുവിന്റെ ജനനത്തിനുശേഷം മറിയത്തിന് മക്കളൊന്നും ഇല്ലായിരുന്നെന്നും എപ്പിഫാനിയൂസ് അഭിപ്രായപ്പെട്ടിട്ടുണ്ട്.[13] മറിയത്തെ വിവാഹം കഴിക്കുമ്പോൾ 80 വയസ്സുള്ള വിഭാര്യനായിരുന്നു ജോസഫെന്നും, മുൻവിവാഹത്തിൽ അദ്ദേഹത്തിന് 6 മക്കൾ ഉണ്ടായിരുന്നെന്നും എപ്പിഫാനിയൂസ് രേഖപ്പെടുത്തിയിരിക്കുന്നു. അതിന് ഉപോത്ബലകമായി, ക്രിസ്തു തന്റെ അമ്മയായ മറിയത്തെ ആ സഹോദരന്മാരെ ഏൽപ്പിക്കാതെ യോഹന്നാനെയാണ് ഏൽപ്പിച്ചതെന്ന് (യോഹ. 19 - 27) അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ഹെറോഡോട്ടസിന്റെ കല്പിത കഥയെ അനുസ്മരിച്ചുകൊണ്ട് അദ്ദേഹം പറയുന്നു: "സിംഹി ഒരിക്കൽ മാത്രം പ്രസവിക്കുന്നു, അതുപോലെ "യൂദായുടെ സിംഹിയും" (ഉൽപ. 40:9), ഒരിക്കൽ മാത്രമേ ജന്മം നൽകുന്നുള്ളൂ.

www.malankaralibrary.com

ഹവ്വ-മറിയം താരതമ്യപഠനം എപ്പിഫാനിയൂസ് അവതരിപ്പിക്കുന്നുണ്ട്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം മറിയം ജീവിക്കുന്നവരുടെ അമ്മയാണ്. അപ്രമാണിക ഗ്രന്ഥങ്ങളിലുള്ള സ്ത്രീയെ മറിയവുമായി ആദ്യം സാദൃശ്യപ്പെടു ത്തിയത് എപ്പിഫാനിയൂസാണ് (അപ്പ.പ്ര. 112 : 4). ശിമയോൻ പ്രവചിക്കുന്ന വാളിനെ ഉദ്ധരിച്ചുകൊണ്ട് മറിയം രക്തസാക്ഷിത്വം വഹിച്ചിട്ടുണ്ടായിരിക്കാമെന്ന് അദ്ദേഹം നിർദ്ദേശിക്കുന്നു. വ്യക്തമായ പ്രസ്താവനകളൊന്നും നൽകുന്നില്ലെങ്കിലും മറിയം ശരീരത്തോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്ന് ആദ്യമായി സൂചന നൽകുന്നത് എപ്പിഫാനിയൂസാണ്.

എപ്പിഫാനിയൂസ് വളരെ വ്യക്തമായി മറിയം ദൈവമാതാവാണെന്ന് പഠിപ്പിക്കുന്നുണ്ടെങ്കിലും, മറിയത്തിനു നൽകേണ്ട വണക്കത്തെയും ദൈവത്തിനുമാത്രം നൽകേണ്ട ആരാധനയേയും കൃത്യമായി വേർതിരിച്ച് കാണിക്കുന്നുണ്ട്. "മറിയത്തെ വണങ്ങുക എന്നാൽ മറിയത്തെ ആരും ആരാധിക്കരുത്; പിതാവും പുത്രനും പരിശുദ്ധാത്മാവും മാത്രം ആരാധിക്കപ്പെടട്ടെ"[14] മറിയത്തിന്റെ നിത്യകന്യകാത്വത്തെ എതിർക്കുന്നവർക്കെതിരെ അദ്ദേഹം എഴുതി: "കർത്താവിനെ ബഹുമാനിക്കുന്നവൻ അവന്റെ മാതാവിനെയും ബഹുമാനിക്കുന്നു"[15] ഇത് കത്തോലിക്കാ സഭയുടെ മരിയൻ ശാസ്ത്രത്തിലെ ആപ്തവാക്യമായി പിന്നീട് മാറി.

## 7. വിശുദ്ധ ഗ്രിഗറി നസ്യാൻസൻ (328-390)

വി. ഗ്രിഗറി മറിയത്തെ ദൈവമാതാവെന്ന് (Theotokos) വിളിച്ചു. അപ്പോളിനാരിയൂസിന്റെ (Appollinarius) വാദങ്ങൾക്കെതിരായി അദ്ദേഹം ഇപ്രകാരം എഴുതി: "മറിയത്തെ ദൈവമാതാവായി സ്വീകരിക്കാത്തവൻ ക്രിസ്തുവിന്റെ ദൈവത്വം അംഗീകരിക്കാത്തവനാണ്. അദ്ദേഹം ഇതേക്കുറിച്ച് പറയുന്നത് ഇപ്രകാരം ആണ്: "പരിശുദ്ധ മറിയം ദൈവത്തിന്റെ അമ്മയല്ലായെന്ന് ആരെങ്കിലും വിശ്വസിക്കുകയാണെങ്കിൽ, അയാൾ ദൈവിക കൂട്ടായ്മയ്ക്ക് പുറത്താണ്. കന്യകയിൽനിന്നും ക്രിസ്തു ഒരു മാർഗ്ഗത്തിലൂടെ എന്ന വിധത്തിൽ മാത്രമാണ് വന്നിട്ടുള്ളതെന്നും, അല്ലാതെ, ദൈവികവും മാനുഷികവുമായുള്ള വിധത്തിലല്ലാ

www.malankaralibrary.com

(അതായത്, ദൈവികമായി ഭർത്ത്യ സംയോഗമില്ലാതെ, മാനുഷികമായി, സാധാരണ സ്വാഭാവിക നിയമങ്ങൾക്കനുസരണമായി ഗർഭം ധരിക്കപ്പെട്ട്) യെന്നു പറഞ്ഞാൽ അവൻ ഒരു നിരീശ്വരവാദിയാണ്. ആദ്യമേ മനുഷ്യൻ രൂപം കൊണ്ടു, അതിനുശേഷം ദൈവം പ്രവേശിച്ചുവെന്നു ആരെങ്കിലും പറഞ്ഞാൽ, അവൻ തള്ളപ്പെടുന്നു. ദൈവത്തിന്റെ ജനനമല്ല, ജനനത്തിൽ നിന്നുള്ള പിന്തിരിയലാണത്.[16]

## 8. വിശുദ്ധ ബേസിൽ (330 - 379)

മറിയം പ്രസവാവസരത്തിലും കന്യകയായിരുന്നുവെന്നും കളങ്കമേശാത്ത കന്യകയായി അവൾ വളർന്നുവെന്നും "ഹെക്സേമെറോൻ" എന്ന വചനപ്രസംഗത്തിൽ ബേസിൽ പറഞ്ഞിട്ടുണ്ട്. അക്കാലത്തെ മറ്റ് സഭാപിതാക്കൻമാരെപ്പോലെ അദ്ദേഹവും മറിയം നിത്യകന്യകയാണെന്ന് വാദിച്ചിട്ടുണ്ട്. ഏശയ്യ 7 : 14 മാതാവുമായി ബന്ധപ്പെടുത്തി "യുവതി" എന്നതിന് 'കന്യക' യെന്ന അർത്ഥമില്ലെങ്കിൽ അതൊരു അടയാളമാവുകയില്ല എന്നത് ബേസിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. അതുപോലെതന്നെ മത്തായി 1: 25 ൽ മാതാവ് യേശുവിനെ പ്രസവിക്കുന്നത് "വരെ" ജോസഫ് അവളെ അറിഞ്ഞില്ലാ എന്നതുകൊണ്ട് പിന്നീട് അവളെ അറിഞ്ഞു എന്ന് വിവക്ഷയില്ലായെന്നും അദ്ദേഹം വാദിക്കുന്നു[17]. സ്തോത്രഗീതത്തെ പരിഗണിച്ച് ബേസിൽ മറിയത്തെ "പ്രവാചിക" യെന്നും വിളിക്കുന്നു (ലൂക്കാ 1 : 46-55).

## 9. വിശുദ്ധ അംബ്രോസ് (333-397)

ആര്യനിസത്തിനെതിരെയും ക്രിസ്തുശാസ്ത്രത്തോട് ബന്ധപ്പെടുത്തിയുമാണ് അദ്ദേഹം മരിയൻ ശാസ്ത്രം അവതരിപ്പിച്ചിരിക്കുന്നത്. ദൈവത്തിൽ നിന്നുത്ഭവിച്ച പുത്രൻ തമ്പുരാനായ യേശു മറിയത്തിൽനിന്ന് ശരീരം സ്വീകരിച്ചതിനാൽ മറിയം ദൈവമാതാവാണെന്ന് അദ്ദേഹം വാദിക്കുന്നു. ഗ്രീക്ക് പിതാക്കന്മാർ സർവ്വസാധാരണമായി മറിയത്തെ ദൈവമാതാവെന്ന് വിളിക്കുന്നുണ്ടെങ്കിലും, വിജാതിയരുടെ ദേവിയായ "മാഗ്ന മാത്തറുടെ" (Magna Mater) ആരാധന വ്യാപകമായിരുന്നതിനാൽ "ദൈവമാതാവ്" എന്ന പദം അംബ്രോസ് ഉപയോഗിക്കുന്നില്ല.

www.malankaralibrary.com

ആര്യനിസവുമായുള്ള കിടമത്സരത്തിൽ യേശുവിന്റെ ദൈവികതയുടെ തെളിവായി ഏശയ്യ 7:14 അദ്ദേഹം ഉദ്ധരിക്കുന്നു. ശിശുവിനെ പ്രസവിക്കുമ്പോൾ മറിയം കന്യകയായിരുന്നു വെന്നും ക്രിസ്തു ദൈവമാകയാൽ അസാധാരണ രീതിയിലുള്ള ഒരു പ്രസവമായിരുന്നു മാതാവിന്റേതെന്നും അംബ്രോസ് വാദിക്കുന്നു.[18] ക്രിസ്തുവിന്റെ ജനനത്തിനുശേഷം മറിയം കന്യകയായിരുന്നുവെന്നും അദ്ദേഹം സമർത്ഥിക്കുന്നു. അംബ്രോസിന്റെ അഭിപ്രായത്തിൽ മറിയത്തിന് മനുഷ്യരക്ഷയിൽ വളരെ വലിയ ഒരു പങ്കുണ്ട്. മറിയം നൽകിയ സമ്മതത്തിലൂടെയും ദൈവമാതൃത്വത്തിലൂടെയുമാണ് അത് സാധിച്ചത്. ശിമയോൻ പ്രവചിച്ച "വാൾ"ഒരിജനോ ഗ്രീക്കുസഭാ പിതാക്കന്മാരോ വ്യാഖ്യാനിച്ചതുപോലെയല്ല അംബ്രോസ് വ്യാഖ്യാനിച്ചിരുന്നത്. അംബ്രോസിന്റെ വ്യാഖ്യാനമനുസരിച്ച് "വാൾ" എന്നതു കൊണ്ടുദ്ദേശിക്കുന്നത് ക്രിസ്തുവിന്റെ പീഡാനുഭവത്തെക്കുറിച്ച് മറിയത്തിന് മുൻകൂട്ടിയുണ്ടായിരുന്ന അറിവാണ്. തന്നിമിത്തം രക്ഷകനുചിതമായ രീതിയിലായിരുന്നു ക്രിസ്തുവിന്റെ അമ്മയുടെ പെരുമാറ്റം. പ്രത്യേകിച്ച് കുരിശിൻ ചുവട്ടിൽ മറ്റുള്ള ശിഷ്യന്മാർ ഓടിഒളിച്ചപ്പോൾ മാതാവ് തന്റെ തിരുക്കുമാരന്റെ മരണത്തെക്കാളുപരി ലോകത്തിന്റെ രക്ഷയുടെ പ്രത്യാശയിൽ ധൈര്യപൂർവ്വം കുരിശിൻ ചുവട്ടിൽ, നിൽക്കുകയായിരുന്നു എന്ന് അംബ്രോസ് പറയുന്നു.[19] അതുപോലെതന്നെ മനുഷ്യാവതാരത്തി ലൂടെയും മാതാവ് നമുക്ക് ദൈവത്തെ പ്രദാനം ചെയ്തുകൊണ്ട് രക്ഷാകർമ്മത്തോട് സഹകരിക്കുകയായിരുന്നുവെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു.[20]

അതേസമയംതന്നെ ക്രിസ്തു മാത്രമാണ് നമുക്ക് രക്ഷ നൽകുവാൻ പ്രവർത്തിച്ചതെന്ന് അദ്ദേഹം ആവർത്തിച്ച് ഊന്നിപ്പറഞ്ഞിട്ടുണ്ട്. മറിയം ഇതിനോട് സഹകരിക്കുന്നത് സ്നേഹത്തിലൂടെയും (സമ്മതം) മാതൃത്വത്തിലൂടെയും മാത്രമാണ് (13). മാതൃത്വം ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയിലേക്കും വ്യാപിച്ചിരിക്കുന്നു. മറിയം സഭയുടെ പ്രതീകമാണെന്നു പറഞ്ഞ ആദ്യത്തെ സഭാപിതാവാണ് അംബ്രോസ്.

www.malankaralibrary.com

ഈ സാഹചര്യത്തിൽ വ്യക്തിഗത സഭകളുടെ മഹത്ത്വവും അംബ്രോസ് ചൂണ്ടിക്കാട്ടുന്നുണ്ട്. "പരിശുദ്ധ മറിയം ഒരുവനെ (ജോസഫ്) വിവാഹം കഴിച്ചെങ്കിലും മറ്റൊരുവനാൽ (പരി. ആത്മാവ്) പൂരിതയായി". അതുപോലെ വ്യക്തിഗത സഭകളും പരിശുദ്ധാത്മാവിന്റെ അനുഗ്രഹത്താൽ നിറയുന്നു.[21] അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം സഭയെ മറിയത്തിൽ നിന്നും, മറിയത്തെ സഭയിൽനിന്നും വേർതിരിക്കാനാവില്ല. കാരണം മറിയത്തിന്റെ ഉദരത്തിലാണ് ക്രിസ്തുവിന്റെ ഭൗതിക ശരീരത്തോടൊപ്പം മൗതിക ശരീരവും രൂപം കൊണ്ടത്. കുരിശിൽ കിടന്നുകൊണ്ട് മറിയത്തോടും യോഹന്നാനോടും ഉള്ള യേശുവിന്റെ വാക്കുകൾ സഭയോടും വിശ്വാസിക ളോടുമുള്ള വാക്കുകളായി പരിഗണിക്കാവുന്നതാണെന്നും അദ്ദേഹം വിശ്വസിക്കുന്നു.

അംബ്രോസ് ധാരാളം പഴയനിയമ ഭാഗങ്ങൾ മറിയത്തോട് സാമ്യപ്പെടുത്തിയിട്ടുണ്ട്. പിന്നീട് ഇത് സഭയുടെ ആരാധനാ ക്രമത്തിൽ സാവധാനം ഉൾച്ചേർന്നു. ഉദാഹരണമായി, ഏശ. 19: 1 ൽ ഉയരുന്ന മേഘസ്തംഭങ്ങൾ, ഇസ്രായേൽക്കാരെ മരുഭൂമിയിൽ വെച്ച് നയിച്ച മേഘം (പുറ. 13 : 11), ജെസ്സേയുടെ വടി (ഏശ. 11 : 1), സോളമന്റെ കീർത്തനത്തിലെ ചുംബനം, എണ്ണ, കിരീടം (1 : 1-2, 3 : 11). അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മറിയം ആലയത്തിന്റെ ദൈവമായിരുന്നില്ല. പ്രത്യുത ദൈവത്തിന്റെ ആലയമായിരുന്നു. അതിനാൽ ദൈവത്തെ മാത്രമേ ആരാധിക്കാവൂ. അംബ്രോസിനെ പാശ്ചാത്യ മരിയൻ ശാസ്ത്രത്തിന്റെ പിതാവെന്ന് വിളിക്കാവുന്നതാണ്.

## 10. വിശുദ്ധ ജോൺ ക്രിസോസ്റ്റം (334-407)

യേശുവിന്റെ ജനനത്തിനുശേഷം മറിയത്തിന് മക്കളുണ്ടായിരുന്നില്ല എന്നതിനാൽ മറിയം നിത്യ കന്യകയായി രുന്നു എന്ന് അദ്ദേഹം ഉറപ്പിച്ചു പറയുന്നു. ക്രിസ്തു മരണസമയത്ത് യോഹന്നാനെയാണ് മറിയത്തെ ഭരമേൽപ്പിച്ചത് എന്ന കാരണം ചൂണ്ടിക്കാണിച്ചുകൊണ്ടാണ് യേശു അല്ലാതെ മറിയത്തിന് വേറെ മക്കളുണ്ടായിരുന്നില്ല എന്ന് അദ്ദേഹം തെളിയിക്കുന്നത്. ഏശ 7; 14 ലെ അൽമാ (almah) എന്ന

www.malankaralibrary.com

പദത്തിന്റെ പരിഭാഷ "യുവതി" എന്നല്ല "കന്യക" യെന്നാണെന്ന് ക്രിസോസ്റ്റോം വാദിക്കുന്നു. മറിയം ഹവ്വയും തമ്മിലുള്ള സമാന്തരവാദം അദ്ദേഹവും ഉപയോഗിച്ചിട്ടുണ്ട്. മറിയം ദൈവമാതാവാണെന്ന് (Theotokos) പഠിപ്പിച്ചുകൊണ്ട് വിശുദ്ധിയുടെ പദവി ഉയർത്തിക്കാണിക്കുവാൻ ക്രിസോസ്റ്റവും ശ്രമിച്ചിട്ടുണ്ട്.

## 11. നിസായിലെ വിശുദ്ധ ഗ്രിഗറി (335 - 394).

നിസായിലെ വിശുദ്ധ ഗ്രിഗറി മറിയത്തിന്റെ അത്ഭുതകരമായ ഗർഭധാരണത്തെക്കുറിച്ചും നിത്യകന്യകാത്വത്തെക്കുറിച്ചും മറിയവും ഹവ്വായും തമ്മിലുള്ള സാദൃശ്യത്തെക്കുറിച്ചും വളരെയധികം പ്രസ്താവിച്ചിട്ടുണ്ട്. അലക്സാൻഡ്രിയൻ ചിന്തകരിൽ ദൈവവചനത്തെ അന്യാപദേശരൂപേണ വ്യാഖ്യാനിക്കുന്നതിൽ അഗ്രഗണ്യനായ ഗ്രിഗറി ചില പഴയനിയമ ഗ്രന്ഥഭാഗങ്ങൾ മറിയവുമായി പ്രതീകാത്മക രൂപത്തിൽ ബന്ധപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് മറിയം മോശയുടെ സഹോദരിയായിരുന്ന മിറിയാമിനെപ്പോലെ പ്രവാചകി ആയിരുന്നുവെന്നും കടൽ കടന്നു കഴിഞ്ഞപ്പോൾ മിറിയാം വായിച്ച തമ്പുരുവിന് സമമാണ് മാതാവിന്റെ കന്യകാത്വം എന്നും അദ്ദേഹം സൂചിപ്പിക്കുന്നു. ശിശുവിനെ പ്രസവിക്കുമ്പോഴുള്ള മറിയത്തിന്റെ കന്യകാത്വം എസെക്കിയേലിന്റെ അടഞ്ഞ കവാടത്തോടും മോശ ഹൊറബ് മലയിൽ കണ്ട എരിയുന്ന കുറ്റിച്ചെടിയോടുമാണ് ഗ്രിഗറി സാദൃശ്യപ്പെടുത്തിയിരിക്കുന്നത്. "മുൾപ്പടർപ്പ് കത്തി ജ്വലിച്ചെങ്കിലും അത് കത്തിച്ചാമ്പലാകാത്തതു പോലെ പാപപങ്കിലമാകാതെ കന്യക പ്രകാശത്തെ ഭൂമിയിൽ അവതരിപ്പിച്ചു.[22] ഉഴുതുമറിച്ചിട്ടില്ലാത്ത ഭൂമിയിൽ മന്ന പ്രത്യക്ഷപ്പെട്ടതുപോലെയാണ് മറിയത്തിന്റെ കന്യകാത്വവും.[23] പ്രസവത്തിലുള്ള മറിയത്തിന്റെ കന്യാത്വത്തെക്കുറിച്ച് സമകാലികർ രേഖപ്പെടുത്തിയിരുന്നതിനേക്കാൾ ശക്തമായി ഗ്രിഗറി ഊന്നിപ്പറഞ്ഞിട്ടുണ്ട്. അതിനേക്കാളുപരി "ഇത് എങ്ങനെ സംഭവിക്കും, ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ" എന്ന മറിയത്തിന്റെ വചനം അവളുടെ വ്രതത്തിന്റെ പ്രഖ്യാപനമാണെന്ന നിഗമനത്തിലെത്തിയ ആദ്യ സഭാപിതാവാണ് നിസായിലെ ഗ്രിഗറി.[24]

www.malankaralibrary.com

സുവിശേഷത്തിൽ പറയപ്പെടുന്ന ക്രിസ്തുവിന്റെ സഹോദരന്മാർ ജോസഫിന്റെ മുൻ വിവാഹത്തിൽ ജനിച്ച മക്കളാണെന്നും എന്നാൽ മറിയം കന്യകയായിരുന്നുവെന്ന റിഞ്ഞാൽ അവളെ യഹൂദർ കൊല്ലുമെന്ന കാരണത്താലായിരി ക്കണം സുവിശേഷകന്മാർ യേശുവിന്റെ സഹോദരങ്ങളെ മറിയ ത്തിന്റെ മക്കളായി അവതരിപ്പിച്ചിരിക്കുന്നതെന്നുമാണ് ഗ്രിഗറി യുടെ അഭിപ്രായം[25].

**12. വിശുദ്ധ ജറോം (342 - 420)**

ഹെൽവിദിയൂസിനെതിരെയുള്ള സംവാദത്തിന്റെയും ബൈബിൾഭാഷ്യ കൃതികളുടെയും പശ്ചാത്തലത്തിലാണ് ജെറോം തന്റെ മരിയൻ ശാസ്ത്രം വികസിപ്പിച്ചത്. കന്യകാത്വത്തിന് പ്രാധാന്യം നൽകിയിരുന്ന സഭാപഠനങ്ങൾ ക്കെതിരായി വിവാഹത്തിനും കന്യകാത്വത്തിനും തുല്യ മൂല്യം നൽകാനാണ് ഹെൽവിദിയൂസ് എന്ന ദൈവശാസ്ത്രജ്ഞൻ ശ്രമിച്ചത്. യേശുവിന് ജന്മം നൽകുന്നതിന് മുമ്പ് നിത്യകന്യകാത്വത്തിനും, വൈവാഹിക സ്നേഹത്തിനും തുടർന്നുള്ള മാതൃത്വത്തിനും മറിയം ഉത്തമ മാതൃകയായിരുന്നു വെന്ന് ഹെൽവിദിയൂസ് അഭിപ്രായപ്പെട്ടു. "ക്രിസ്തുവിന്റെ സഹോദരന്മാർ" മറിയത്തിന്റെയും ജോസഫിന്റെയും പുത്രീപുത്രന്മാർ ആയിരുന്നുവെന്ന് വിശ്വസിക്കുന്നതിൽ ഹെൽവിദിയൂസ് അപാകതയൊന്നും കണ്ടില്ല. എന്നാൽ "സഹോദരൻ" എന്നതിന് വിശുദ്ധ ഗ്രന്ഥത്തിൽ സഹോദര പുത്രനെന്നും പിതാവിന്റെ സഹോദര പുത്രനെന്നും അർത്ഥം കണ്ടെത്താൻ സാധിക്കുമെന്ന് ജെറോം വാദിക്കുന്നു. അതിനാൽ യേശുവിന്റെ സഹോദരന്മാർ ജോസഫിന്റെ മുൻ വിവാഹത്തിൽ നിന്നുള്ള കുട്ടികൾ അല്ല പ്രത്യുത മറിയത്തിന്റെയോ ജോസഫി ന്റെയോ സഹോദര പുത്രരോ മാതാവിന്റെ അടുത്ത ബന്ധത്തിൽ പ്പെട്ട മറ്റൊരു മറിയത്തിന്റെ മക്കളോ ആയിരിക്കാനാണ് സാദ്ധ്യത എന്നാണ് ജറോമിന്റെ നിഗമനം. ജോസഫ് ബ്രഹ്മചാരിയായിരുന്നു വെന്ന് ജെറോം അഭിപ്രായപ്പെട്ടിട്ടുണ്ട്. സുവിശേഷത്തിൽ ജോസഫിന് മുൻ ഭാര്യയുണ്ടെന്ന പരാമർശമില്ലാത്തതിനാൽ അദ്ദേഹം വിഭാര്യനായിരുന്നില്ല, ബ്രഹ്മചാരി തന്നെയായിരിക്കണം. യേശുവിനെ പ്രസവിക്കുമ്പോൾ മറിയത്തിന്റെ കന്യകാത്വം

www.malankaralibrary.com

നഷ്ടമായോ എന്നതിനെപ്പറ്റി ഒന്നും പറയുന്നില്ലെങ്കിലും ജെറോമിന്റെ അഭിപ്രായത്തിൽ മറിയം നിത്യകന്യകയായിരുന്നു.

പാഷണ്ഡിയായ ഹെൽവിദിയൂസിന് വിശുദ്ധ ജറോം എഴുതി: "മറിയം കന്യകയായി തുടർന്നില്ലെന്നു താങ്കൾ വാദിക്കുന്നു. എന്നാൽ ഞാൻ പറയുന്നു - ഇത് ഉത്തരവാദിത്തത്തോടുകൂടി തന്നെ പറയുകയാണ് - മറിയാം ജീവിതാന്ത്യം വരെ കന്യകയായി രുന്നുവെന്നു മാത്രമല്ല, വിശുദ്ധ ജോസഫ് തന്റെ ബ്രഹ്മചര്യം സംരക്ഷിച്ചത് മറിയം വഴിയാണ്."[26] പരിശുദ്ധ മറിയത്തിന്റെ പ്രസാദവരത്തെക്കുറിച്ച് വിശുദ്ധ ജറോം എഴുതി: "വിശുദ്ധ മറിയം നന്മനിറഞ്ഞവളെന്നു വിശേഷിപ്പിക്കപ്പെട്ടത്, ദൈവികത്വത്തിന്റെ എല്ലാ പരിപൂർണതകളും അവയുടെ സ്ഥൂല രൂപത്തിൽ (Corporally) ആരിൽ സ്ഥിതിചെയ്തിരുന്നുവോ അയാളെ അവൾ ഗർഭം ധരിച്ചതുകൊണ്ടാണ്[27].

അംബ്രോസിനെപ്പോലെ ജെറോമും മറിയത്തിന്റെ പ്രതീകം പഴയനിയമത്തിൽ കണ്ടെത്തുന്നു. ഉദാ- ഏശ. 7 :14; 11 : 1; 19 : 1; 37 :22, ഉത്തമ. 2:4-12, സങ്കീ:45 :14, 1രാജാ: 1;3, അബിഷാഗ്-ജ്ഞാനം മറിയത്തിന്റെ (പ്രതീകം) ജെറ: 2:37, 31:22, ഹോസി: 13:15, ഏശ: 7:14 ലെ "അൽമ" കന്യകയെന്നു മാത്രമല്ല മറയ്ക്കപ്പെട്ടത് അതായത് ഏറ്റവും ശ്രദ്ധയോടെ സംരക്ഷിക്കപ്പെട്ട കന്യകയെന്നും അർത്ഥമാക്കുന്നുവെന്ന് അദ്ദേഹം പറയുന്നു.

**13. എഡേസ്സായിലെ റാബുള (350-435)**

ഇദ്ദേഹം പരിശുദ്ധ ദൈവമാതാവിനോടുള്ള കീർത്തനത്തിൽ പറയുന്നത്: അതിവിശുദ്ധയായ ദൈവമാതാവേ, സർവ്വലോകത്തിന്റെയും അത്ഭുതകരവും അതിമനോഹരവുമായ അമൂല്യനിധിയേ, പ്രകാശം ചൊരിയുന്നവളേ, അഗ്രാഹ്യനായവന്റെ വാസസ്ഥലമേ, സർവ്വ വസ്തുക്കളുടെയും സ്രഷ്ടാവിന്റെ വിശുദ്ധ ആലയമേ, മറിയമേ, സ്വസ്തി! സമാധാനം! കാരണം, ലോകത്തിന്റെ പാപങ്ങളെ എടുത്തുകളയുന്നവനെ നീ വഴിയായിട്ടാണ് ഞങ്ങൾക്ക് പ്രഘോഷിക്കപ്പെട്ടത്. അവൻ അതിനെ വീണ്ടെടുക്കുകയും ചെയ്തു. അല്ലയോ വിനയാന്വിതയേ, അതിവിശുദ്ധയും എല്ലാ വിശ്വാസികൾക്കും ശക്തിയും സഹായവും നൽകുന്നവളും ആയ നിന്നെ ഞങ്ങൾ

www.malankaralibrary.com

എങ്ങനെയാണ് പ്രകീർത്തിക്കേണ്ടത്? എളിമപ്പെട്ടവളേ, ഈ ലോകത്തിൽ ജീവിക്കുന്ന ഞങ്ങളെല്ലാവരും ഉന്നതങ്ങളിലേക്ക് കണ്ണുകൾ തിരിക്കുന്നു. നിന്നിൽനിന്നും ഞങ്ങൾ രക്ഷ പ്രതീക്ഷിക്കുന്നു. ഞങ്ങളുടെ വിശ്വാസത്തെ ബലപ്പെടുത്തണമേ, സമസ്ത ലോകത്തിനും സമാധാനം നൽകണമേ. ഇക്കാരണത്താൽ ക്രോബേന്മാർ വഹിക്കുന്ന സിംഹാസനമായും കാലപരിധിയിൽ ദൈവത്തിന്റെ ആലയമായും വിശ്വാസികളായ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. വരുവാനിരിക്കുന്ന കോപത്തിൽ നിന്നും ഞങ്ങളുടെ ആത്മാക്കൾ രക്ഷപ്പെടുവാൻ വേണ്ടി നീ ഞങ്ങൾക്കായി നിരന്തരം അപേക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണമേ.

ഏറ്റവും പരിശുദ്ധയായ അമ്മേ, നീ സാധാരണ ചെയ്യാറുള്ളതുപോലെ ദരിദ്രരായ ഞങ്ങളെ സഹായിക്കണമേ. ഭൗമിക മക്കളായ ഞങ്ങൾ ഞങ്ങളുടെ അന്ത്യത്തോടടുക്കുമ്പോൾ എപ്രകാരം വഴിതെറ്റിപ്പോകുന്നു എന്ന് നീ കാണുന്നുവല്ലോ. നിർമ്മലയും വിശുദ്ധയുമായ കന്യകയേ, നിന്റെ മാദ്ധ്യസ്ഥം വഴി ഞങ്ങൾക്ക് കൃപ ലഭിച്ചു തരണമേ. ഞങ്ങളുടെ ദുഷ്ടത ഞങ്ങളെ നാശത്തിലേക്ക് നയിക്കാതിരിക്കുവാൻ ഞങ്ങൾക്കുവേണ്ടി തുടർച്ചയായി പ്രാർത്ഥിക്കണമേ. നിന്റെ പ്രാർത്ഥന വഴി ഞങ്ങളുടെമേൽ ദയ തോന്നുന്നതിനായി നിന്റെ പുത്രനോട് നീ പ്രാർത്ഥിക്കുമ്പോൾ, അനുഗ്രഹീതയായ അമ്മേ ഞങ്ങളുടെ നേരെ തിരിയണമേ. പുതുജീവൻ മനുഷ്യമക്കൾക്കു കൊണ്ടുവരുന്ന നൗകയേ, സമാധാനം! രാജാക്കന്മാരുടെ രാജാവ് പാർക്കുവാനായി ഇറങ്ങിവന്ന വിശുദ്ധ ശിലയേ, സ്വസ്തി! എളിമയുള്ള കന്യകയേ, സമാധാനം! ദൈവത്തിൻ മാതാവേ, അനുഗ്രഹീതയേ വരിക, സന്തുഷ്ടയായവളേ വരിക! നിന്റെ പരിശുദ്ധമായ പ്രാർത്ഥന വഴി ഞങ്ങളുടെമേൽ കൃപ ഉണ്ടാകുവാനായി നിന്നിൽനിന്നും ജാതനായ നിന്റെ ഏക പുത്രന്റെ സന്നിധിയിൽ നിന്റെ അപേക്ഷകൾ സമർപ്പിക്കണമേ.

നിന്റെ പക്കൽ സങ്കേതം തേടുന്ന പാപികൾക്കുവേണ്ടി, അല്ലയോ പരിശുദ്ധേ! നിന്റെ ഏക പുത്രന്റെ അടുക്കൽ മാദ്ധ്യസ്ഥം യാചിക്കണമേ. മുമ്പുള്ള തലമുറ ഏതെല്ലാം പീഡനങ്ങൾ വഴി പ്രഹരിക്കപ്പെട്ടുവോ അതേ പീഡനങ്ങളും ഞങ്ങൾക്കായി

www.malankaralibrary.com

കാക്കപ്പെട്ടിരിക്കുന്നു. അവ ഞങ്ങളെ ഞെരിക്കുന്നു. ദുഷ്ടൻ ഏതു വിധത്തിൽ വില്ലു വളയ്ക്കുകയും അമ്പുകൾ മുറിവുകളുടെ നേരെ തൊടുത്തുവച്ചിരിക്കുകയും ചെയ്തിരിക്കുന്നു! മുന്നറിയിപ്പിന്റെ ഈ അടയാളങ്ങൾ ആകാശത്തിലും ഭൂമിയിലും നീ കാണുന്നു. ഹൃദയത്തെ ഞെരുക്കുന്ന മുറിവുകളേയും നീ കാണുന്നു. നിന്റെ പ്രിയ മകനോടു വിളിച്ചപേക്ഷിക്കുന്നതിനു വേണ്ടിയാണ് ഞങ്ങൾ നിന്നോടു പ്രാർത്ഥിക്കുക. അഹങ്കരിക്കുന്ന ഹൃദയങ്ങളെ ശിക്ഷിക്കുന്ന ക്രിസ്തുവേ, നിന്റെ കരുണയിൽ ഞങ്ങളെ തിരുത്തണമേ; നിന്റെ കൃപയിൽ ഞങ്ങളെ വീണ്ടെടുക്കണമേ. ഞങ്ങളോടു ദയ കാട്ടണമേ, ഞങ്ങളുടെ മേൽ കൃപ തോന്നണമേ.

## 14. വിശുദ്ധ അഗസ്റ്റിൻ (354 - 430)

അംബ്രോസും ജെറോമുമാണ് അഗസ്തീനോസിനെ മരിയൻ ശാസ്ത്രത്തിലേക്ക് വഴിതെളിച്ചതെന്ന് പറയപ്പെടുന്നു. മനിക്കേയൻ സിദ്ധാന്തത്തിനെതിരായി, മറിയത്തിൽനിന്ന് ശരീരം സ്വീകരിച്ച ക്രിസ്തുവിന്റെ മനുഷ്യത്വം അഗസ്റ്റിൻ ഊന്നിപ്പറയുന്നുണ്ട്. വിജാതീയർ തെറ്റിദ്ധരിച്ചേക്കാമെന്നുള്ളതിനാൽ "ദൈവമാതാവ്" എന്ന പദം അദ്ദേഹവും അവഗണിച്ചു. എന്നാൽ "മറിയം ജന്മം നൽകിയ യേശുവിനാലാണ് മറിയവും സൃഷ്ടിക്കപ്പെട്ടതെന്ന" പ്രസ്താവന അഗസ്റ്റിന്റെ ദൈവമാതാവിലുള്ള വിശ്വാസത്തെ വെളിപ്പെടുത്തുന്നു.

മറിയത്തിന്റെ നിത്യകന്യകാത്വത്തെക്കുറിച്ചുള്ള പഠനമാണ് ഏറ്റവും വിലപ്പെട്ടതായി അഗസ്റ്റിൻ കാണുന്നത്. മറിയത്തിന്റെ ഗബ്രിയേലിനോടുള്ള വാക്കുകളിൽ, (ലൂക്കാ 1 : 34) നീസായിലെ ഗ്രിഗറിയെപ്പോലെ അഗസ്റ്റിനും മറിയം തന്റെ കന്യാവ്രതം ഔദ്യോഗികമായി അറിയിക്കുന്നതായി അനുമാനിക്കുന്നു. മറിയം ഗർഭിണിയായിരിക്കെ ഇസ്രായേൽ വ്യവസ്ഥിതിയനുസരിച്ച് ഉപേക്ഷിക്കപ്പെടാമായിരുന്നിട്ടുപോലും നീതിമാനായ ജോസഫ് അവളുമായി ചെയ്തിരുന്ന ഉടമ്പടി പാലിക്കുകയും വ്രതവാഗ്ദാനത്തെ സംരക്ഷിക്കുകയും ചെയ്തുവെന്ന് അഗസ്തീനോസ് കൂട്ടിച്ചേർക്കുന്നു.[28]

www.malankaralibrary.com

അടഞ്ഞുകിടന്ന വാതിലിലൂടെ പ്രവേശിച്ച ഉത്ഥാനം ചെയ്ത ക്രിസ്തുവിന്റെ ഉദാഹരണം സൂചിപ്പിച്ചുകൊണ്ട് ശിശുവിനെ പ്രസവിക്കുമ്പോൾ മറിയം കന്യകയായിരുന്നുവെന്ന് അഗസ്റ്റിൻ ഊന്നിപ്പറയുന്നു. ആംബ്രോസിനെപ്പോലെ കുരിശിൻ കീഴിൽ നിന്ന മറിയത്തിൽ വിശ്വാസ സംബന്ധമായി വിഭ്രാന്തി സംഭവിച്ചു എന്ന് അഗസ്റ്റിൻ കരുതുന്നില്ല. തിരുക്കുമാരന്റെ മരണം ദർശിച്ചപ്പോൾ മറിയത്തിന്റെ മാതൃഹൃദയത്തിലുണ്ടായ വ്യസനമാണ് ആത്മാവിൽ തുളച്ചുകയറിയ വാൾ എന്നാണ് അഗസ്റ്റിന്റെ വ്യാഖ്യാനം. മറിയം യേശുവിനെ ഉദരത്തിൽ വഹിക്കുന്നതിനുമുമ്പ് ഹൃദയത്തിലാണ് വഹിച്ചതെന്ന അഗസ്റ്റിന്റെ പ്രസ്താവന പ്രാധാന്യമർഹിക്കുന്നതാണ് (ലൂക്കാ 2 : 51). മറിയത്തെ സഭയുടെ പ്രതീകമായി അഗസ്തീനോസും അവതരിപ്പിക്കുന്നു.

അവിടുത്തെ അമ്മയും സഹോദരന്മാരും വെളിയിൽ കാത്തുനിൽക്കുന്നുവെന്ന്, തന്റെ ശിഷ്യന്മാരുമായി സംഭാഷണത്തിലേർപ്പെട്ടിരുന്ന യേശുവിനോട് പറഞ്ഞപ്പോൾ, അവിടുന്നു പറയുന്നു: ആരാണ് എന്റെ അമ്മ? ആരാണ് എന്റെ സഹോദരന്മാർ? അവിടുത്തെ കൈകൾ ശിഷ്യരുടെ നേർക്ക് നീട്ടിക്കൊണ്ട് അവിടുന്നു പറയുന്നു: എന്റെ സഹോദരങ്ങളേ കണ്ടാലും! സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനാരോ, അവനാണ് എന്റെ സഹോദരൻ, സഹോദരി, അമ്മ (മത്താ. 12 : 46-50). അതുപോലെ മറിയവും പറഞ്ഞു; കാരണം, അവളും പിതാവിന്റെ ഇഷ്ടം ചെയ്തു. ഇത് ദൈവം ശ്ലാഘിക്കുന്നു, തന്റെ പുത്രന്റെ ശരീരം അവളുടെ ശരീരത്തിൽ നിന്നും രൂപീകരിച്ചു എന്നുള്ളതല്ല, പ്രത്യുത ഇത്രമാത്രം പിതാവിന്റെ ഇഷ്ടം ചെയ്തുവെന്നതിനെയാണ് പ്രകീർത്തിക്കുന്നത്. ശ്രദ്ധിച്ചാലും!

അവിടുന്നു പ്രവർത്തിച്ച അത്ഭുതപ്രവൃത്തികൾ കണ്ട് ജനക്കൂട്ടം മുഴുവൻ കർത്താവിനെ ആദരിക്കുകയായിരുന്നു; ഈ അത്ഭുതങ്ങൾ അവിടുത്തെ ശരീരത്തിൽ ഒളിഞ്ഞിരുന്ന ശക്തിയെ സൂചിപ്പിക്കുന്നു.

വിശുദ്ധ അഗസ്തീനോസ്, യോഹന്നാൻ 2: 4 നെക്കുറിച്ച് ഇപ്രകാരം പറയുന്നു: "എനിക്കും നിനക്കും എന്ത്? എന്റെ

www.malankaralibrary.com

സമയം ഇനിയും വന്നിട്ടില്ല." ഇതിന്റെ വിശദീകരണം മുൻപേജുകളിൽ കൊടുത്തിട്ടുണ്ട്.

അവിടുന്ന് അവളിൽനിന്നും ജനിക്കുന്നതിനുമുമ്പ്, ദൈവത്തിന്റെ മുൻനിർണയത്തിൽതന്നെ അവളെ തന്റെ അമ്മയായി അവിടുന്ന് അറിഞ്ഞിരുന്നു; ദൈവമെന്ന നിലയിൽ ആദ്യമേ അവളെ അവിടുന്ന് സൃഷ്ടിച്ചു, പിന്നീട് അവളിൽനിന്ന് അവിടുന്ന് മനുഷ്യനായി പിറക്കും. ദൈവിക രഹസ്യപൂർണ്ണമായ പദ്ധതിയനുസരിച്ച് ഒരു നിശ്ചിത നിമിഷത്തിൽ അവിടുന്ന് അവളെ തിരിച്ചറിയുന്നില്ല; ഇനിയും ആഗതമായിട്ടില്ലാത്ത മറ്റൊരു നിമിഷത്തിൽ, അതേ രഹസ്യപൂർണ്ണമായ പദ്ധതിയനുസരിച്ച് അവിടുന്നു അവളെ തിരിച്ചറിയുന്നു. അവൾ ജന്മം നൽകിയ ആ മനുഷ്യ പ്രകൃതി മരിച്ചുകൊണ്ടിരിക്കുമ്പോൾ അവിടുന്ന് അവളെ തിരിച്ചറിയും. അവിടുത്തെ നിത്യദൈവത്വമല്ല മൃതിയടയുന്നത്. നേരെമറിച്ച്, ശരീരത്തിന്റെ ബലഹീനതയാണ്. ആ മറുപടി വഴി ക്രിസ്തു നാഥൻ അവിടുന്ന് ആരാണെന്നും താൻ എങ്ങനെ വന്നുവെന്നും അനുയായികൾ വിശ്വാസത്തിൽ വിവേചിക്കുന്നതിന് ആഗ്രഹിച്ചു ഒരു സ്ത്രീ വഴി. അവിടുന്നാകട്ടെ ദൈവവും ആകാശത്തിന്റെയും ഭൂമിയുടെയും കർത്താവുമാകുന്നു. അവിടുന്ന് ലോകത്തിന്റെയും ഭൂമിയുടെയും കർത്താവാകുന്നു. അവിടുന്ന് ലോകത്തിന്റെയും ഭൂമിയുടെയും ആകാശത്തിന്റെയും കർത്താവാകുന്നു. അവിടുന്ന് ലോകത്തിന്റെയും ആകാശത്തിന്റെയും ഭൂമിയുടെയും നാഥനെന്ന നിലയിൽ മറിയത്തിന്റെയും നാഥൻ തന്നെ. ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവെന്ന നിലയിൽ മറിയത്തിന്റെയും സ്രഷ്ടാവാകുന്നു. എന്നിരുന്നാലും പറയപ്പെടുന്നതുപോലെ, നിയമത്തിനു വിധേയനായി സ്ത്രീയിൽ നിന്നും ജനിച്ചതുകൊണ്ട് (ഗലാ 4; 4) അവിടുന്ന് മറിയത്തിന്റെ മകനാണ്. ഒരേ സമയം തന്നെ അവിടുന്ന് മറിയത്തിന്റെ നാഥനും പുത്രനുമാകുന്നു; അതുപോലെ മറിയത്തിന്റെ സ്രഷ്ടാവും മറിയത്തിൽനിന്നും ഉരുവാക്കപ്പെട്ടവനുമാകുന്നു. അവിടുന്ന് നാഥനും പുത്രനുമെന്ന് വിളിക്കപ്പെടുന്നതിൽ അത്ഭുതപ്പെടേണ്ട; അവിടുന്ന് മറിയത്തിന്റെ പുത്രനെന്നു വിളിക്കപ്പെടുന്നതുപോലെ, ദാവീദിന്റെ പുത്രനെന്നു വിളിക്കപ്പെടുന്നു; അവിടുന്ന് മറിയത്തിന്റെ പുത്രനായതുകൊണ്ട് ദാവീദിന്റെ പുത്രനാണ്.

www.malankaralibrary.com

അപ്പസ്തോലന്റെ വ്യക്തമായ സാക്ഷ്യം ശ്രദ്ധിക്കുക, ദാവീദിന്റെ തണ്ടിൽനിന്ന് ശരീരപ്രകാരം ജനിച്ചു (റോമ 1 : 3). പക്ഷെ, അവിടുന്ന് തീർച്ചയായും ദാവീദിന്റെ നാഥനാണ്. ദാവീദ് തന്നെയാണ് ഇത് പറയുന്നത്; ശ്രവിക്കുവിൻ; ദൈവം എന്റെ നാഥനോടു പറയുന്നു, എന്റെ വലതു ഭാഗത്ത് ഇരിക്കുക (സങ്കീ. 109 : 1). യഹൂദന്മാരുടെ മുമ്പിൽ യേശുതന്നെയാണ് ഈ സാക്ഷ്യം എടുത്തുകാട്ടുന്നതും അതു വഴിയായി അവരെ നിശബ്ദരാക്കുന്നതും. അവിടുന്ന് എങ്ങനെ ഒരേ സമയംതന്നെ ദാവീദിന്റെ നാഥനും പുത്രനുമായിരിക്കുന്നുവോ, ശരീര പ്രകാരം ദാവീദിന്റെ പുത്രനും ദിവ്യത്വം വഴി ദാവീദിന്റെ നാഥനും, അങ്ങനെ, ശരീര പ്രകാരം മറിയത്തിന്റെ മകനും മഹത്ത്വപ്രകാരം മറിയത്തിന്റെ നാഥനുമാണ്. അവൾ ദൈവത്വത്തിന്റെ അമ്മ അല്ലാത്തതുകൊണ്ടും അവൾ ആവശ്യപ്പെടുന്ന അത്ഭുതം ദൈവത്വത്തിന്റെ പ്രവൃത്തിയായതുകൊണ്ടും, അവിടുന്നു മറിയത്തോട് ഇപ്രകാരം പ്രതിവചിച്ചു. അല്ലയോ, സ്ത്രീ, എനിക്കും നിനക്കും എന്ത്? "എന്നാൽ മറിയമേ, അവിടുന്ന് അമ്മയെന്നുള്ള നിലയിൽ നിന്റെ അപേക്ഷ നിരസിക്കയില്ലായെന്ന് നീ വിശ്വസിച്ചതുകൊണ്ടാണ് ഇപ്രകാരം കൂട്ടിച്ചേർത്തത്. എന്റെ സമയം ഇനിയും വന്നിട്ടില്ല. നീ അമ്മയായിരിക്കുന്ന അവിടുത്തെ ബലഹീനത കുരിശിൽ തൂങ്ങിക്കിടക്കുമ്പോൾ, അവിടുന്ന് നിന്നെ തിരിച്ചറിയും.

എല്ലാം നിജമാണോയെന്ന് നമുക്കു പരിശോധിക്കാം. കർത്താവിന്റെ പീഡാനുഭവത്തെക്കുറിച്ചു വിവരിക്കുമ്പോൾ, യേശു അമ്മയോടു പറയുന്നു: "സ്ത്രീയേ ഇതാ നിന്റെ മകൻ", ശിഷ്യനോട് അവിടുന്നു പറയുന്നു: "ഇതാ നിന്റെ അമ്മ" (യോഹ. 19 : 25-27). അവിടുന്ന് അമ്മയെ ശിഷ്യനു ഭരമേൽപ്പിക്കുന്നു. അവൾക്കു മുമ്പേ മരിക്കുകയും അവൾ മരിക്കുന്നതിനു മുമ്പേ ഉയിർക്കുകയും ചെയ്യുന്ന അവിടുന്നു അമ്മയെ ഏൽപ്പിക്കുന്നു. മനുഷ്യവ്യക്തിഎന്നുള്ള നിലയിൽ മറ്റൊരു മനുഷ്യന്, (മനുഷ്യ സൃഷ്ടിക്ക്) ഏൽപ്പിക്കുന്നു. ഇതാണ് മറിയം ജന്മം നൽകിയ മനുഷ്യപ്രകൃതി. അവിടുന്നു മുൻകൂട്ടി സൂചിപ്പിച്ച "ഇനിയും എന്റെ സമയം വന്നിട്ടില്ല" എന്ന സമയം ഇതാ വന്നു കഴിഞ്ഞു! ലൂക്കായുടെ സുവിശേഷത്തിൽ മാതാവ് യേശുവിന്റെ അമ്മയായതിന്റെ മഹത്ത്വം പ്രഘോഷിക്കുന്നു. എങ്കിലും

www.malankaralibrary.com

കൂട്ടത്തിൽ ആരോ വിളിച്ചു പറയുന്നു: "നിന്നെ വഹിച്ച ഉദരം എത്ര അനുഗൃഹീതം!" യേശു പ്രതിവചിക്കുന്നു: "ദൈവവചനം ശ്രവിക്കുകയും അതുപാലിക്കുകയും ചെയ്യുന്നവർ കൂടുതൽ അനുഗൃഹീതരാകുന്നു" (ലൂക്കാ 11: 27). അതായത് "നിങ്ങൾ അനുഗൃഹീത എന്നു വിളിക്കുന്ന എന്റെ അമ്മയും അനുഗൃഹീതയാണ്; കാരണം, അവൾ ദൈവവചനം കാത്തു; വചനം അവളിൽ നിന്നും ശരീരം എടുത്തു. നമ്മുടെ ഇടയിൽ വസിച്ചതുകൊണ്ടല്ല; എന്നാൽ ഏതു ദൈവവചനത്താൽ അവൾ സൃഷ്ടിക്കപ്പെട്ടുവോ ആ വചനം അവൾ കാത്തു. അതു അവളിൽ ശരീരമെടുത്തു. മനുഷ്യർ - ശാരീരികമായി മാത്രമുള്ള മനുഷ്യമക്കൾ - സന്തോഷിക്കില്ല. ദൈവവുമായി ആത്മാവിൽ ഐക്യപ്പെട്ടെങ്കിലേ അവർക്ക് സന്തോഷാനുഭവമുണ്ടാകൂ എന്നാണ് അവിടുന്ന് പറയുന്നത്.

## 15. അലക്സാൺഡ്രിയായിലെ വിശുദ്ധ സിറിൽ (370-444)

കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസായ നെസ്തോരിയസുമായുള്ള ക്രിസ്തുശാസ്ത്ര -തർക്കത്തിന്റെ പശ്ച്ചാത്തലത്തിലാണ് സിറിലിന്റെ മരിയൻ ശാസ്ത്രം ഉരുത്തിരിയുന്നത്. ഈ വാദപ്രതിവാദം ദൈവമാതാവെന്ന സംജ്ഞയുടെ പേരിലാണ് ആരംഭിച്ചത്.

ഈജിപ്തിലുള്ള സന്യാസികൾക്കായുള്ള ചാക്രികലേഖനത്തിലൂടെ മറിയത്തെ ദൈവത്തിന്റെ അമ്മ എന്ന് വിളിക്കാമെന്ന് സിറിൽ സ്ഥാപിച്ചു. സഭാ പാരമ്പര്യത്തിന്റെയും ദൈവശാസ്ത്ര അനുമാനങ്ങളുടെയും പിൻബലത്തിൽ കർത്താവായ യേശുക്രിസ്തു ദൈവമായിരിക്കെ പരിശുദ്ധ കന്യക ദൈവമാതാവല്ലെന്ന് സംശയിക്കുവാൻ എങ്ങനെ സാധിക്കുമെന്ന് അദ്ദേഹം ചോദിക്കുകയുണ്ടായി. "ദൈവമാതാവ്" (Theotokos) എന്ന പദംകൊണ്ട് മറിയം ദൈവത്വത്തിനല്ല ജന്മം നൽകിയത്, പ്രത്യുത ദൈവത്തിനെയാണെന്ന് സിറിൽ പറഞ്ഞു. കുരിശിൽ കിടന്ന് പീഡകൾ സഹിച്ചത് ദൈവത്വമല്ല, ദൈവമായ ക്രിസ്തുവാണ്, അതായത് ദൈവം മനുഷ്യനായിട്ടാണെന്ന് പറയുന്നതു പോലെയാണെന്നും സിറിൽ പ്രസ്താവിച്ചു.

www.malankaralibrary.com

## 16. ജറുസലേമിലെ വിശുദ്ധ സിറിൽ (+ 386)

അവിടുന്ന് ലോകങ്ങളുടെ എല്ലാം സ്രഷ്ടാവാകുന്നു, പിതാവായ ദൈവവുമായി നിത്യതയിൽ സമൻ. പ്രപഞ്ചകർത്താവാകുന്നു അവിടുന്ന്. പക്ഷെ, അവിടുന്ന് തന്റെ വ്യക്തിത്വത്തിൽത്തന്നെ മനുഷ്യസ്വഭാവം യോജിപ്പിക്കുമ്പോൾ, അമ്മയുടെ ഗർഭത്തിൽനിന്ന് ശാരീരിക ജനനത്തിന് വിധേയനായി. അവിടുത്തേക്ക് കാലപരിധിയിലോ സമയത്തിന്റെ പൂർണ്ണതയിലോ ഒരു ജനനം സ്വാഭാവികമായും ആവശ്യമായിരുന്നില്ല. പക്ഷെ, നമ്മുടെ അസ്തിത്വത്തിന്റെ ആരംഭങ്ങളെ ആശീർവ്വദിക്കുന്നതിനായിരുന്നു. ശരീരത്തിൽ ഐക്യപ്പെട്ട ദൈവത്തിന് സ്ത്രീ ജന്മം നൽകിയതു വഴി മനുഷ്യവംശം മുഴുവനും എതിരായി പ്രഖ്യാപിക്കപ്പെട്ടിരുന്ന ശിക്ഷ നിർത്തണമായിരുന്നു. നമ്മുടെ നശ്വരമായ ശരീരങ്ങൾ മരണത്തിനു നൽകപ്പെടുന്ന വിധി അവൾ മുഖാന്തിരം നിർത്താനായിരുന്നു പ്രസ്തുത വിധി. നീ വേദനയോടെ പ്രസവിക്കും (ഉൽപ. 3:16). പ്രവാചകൻ പറഞ്ഞത് അവൾ വഴി സാക്ഷാത്കരിക്കപ്പെടണം: അവിടുന്ന് മരണത്തെ എന്നേക്കുമായി ഇല്ലാതാക്കും, എല്ലാ മുഖങ്ങളിൽനിന്നും അവിടുന്ന് കണ്ണീർ തുടയ്ക്കും (ഏശയാ. 25:8). ഇക്കാരണത്താൽ അവിടുന്ന് നമ്മുടെ രക്ഷക്കായി കാനായിലെ വിവാഹവിരുന്ന് ആശീർവ്വദിച്ചു; ഗലീലിയിലെ കാനായിൽ പോകുന്നതിന് ശിഷ്യരുമൊത്ത് ക്ഷണം സ്വീകരിച്ചത് അതിനായിരുന്നു.

## 17. അക്വീലെയോയിലെ റൂഫിനുസ് (+ 410)

ദൈവിക മഹത്ത്വം സ്ത്രീയുടെ ജനനേന്ദ്രിയങ്ങളിലൂടെ കടന്നുപോകുക എന്നു പറയുന്നത് ചിലർക്ക് തീരെ മോശമായി തോന്നിയേക്കാം. പുരുഷബീജവുമായി ബന്ധപ്പെടുന്ന ഹീനത അതിനില്ലായെങ്കിലും ജനനത്തിന്റെ അശ്ലീലങ്ങൾ അതിലുണ്ടായിരിക്കാം. (ഭിന്നാഭിപ്രായം പുലർത്തുന്ന ഈ വ്യക്തികൾക്ക്) അവരുടെ ആശയങ്ങൾ അനുസരിച്ചുതന്നെ മറുപടി കൊടുക്കാം.

ശക്തനും പ്രതാപവാനുമായ ഒരു മനുഷ്യൻ ഒരു പൈതൽ ചെളിക്കുണ്ടിൽ വീണു മരിച്ചുകൊണ്ടിരിക്കുന്നതു കണ്ടാൽ, ചെളിക്കുണ്ടിൽ കാലു കുത്തിക്കൊണ്ട് മരിച്ചുകൊണ്ടിരിക്കുന്ന കുഞ്ഞിനെ രക്ഷിച്ചാൽ, അയാൾ അല്പം ചെളിയിൽ

www.malankaralibrary.com

ചവിട്ടി അഴുക്കു പുരണ്ടു എന്നതിന് നാം അയാളെ കുറ്റപ്പെടുത്തുമോ? അതോ നാം മരിച്ചുപോകുമായിരുന്ന ജീവനെ രക്ഷിച്ചു എന്നതിന് അയാളെ ശ്ലാഘിക്കുമോ? ഇത് സാധാരണ ഒരു മനുഷ്യവ്യക്തിയെ സംബന്ധിച്ചതാണ്. എന്നാൽ നവജാതനായ ശിശുവിനെക്കുറിച്ച് നമുക്ക് ചിന്തിക്കാം, അവനെക്കാൾ എത്രമാത്രം താഴ്ന്ന നിലയിലുള്ളതാണ് സൂര്യന്റെ പ്രകൃതി എന്നു നിങ്ങൾ ചിന്തിക്കുന്നുണ്ടോ? സംശയ രഹിതമാണ്, തന്റെ സ്രഷ്ടാവിന്റെ മുമ്പിൽ സൃഷ്ടിയെപ്പോലെ യാണ്. ഒരു നിമിഷം ശ്രദ്ധിക്കൂ; സൂര്യന്റെ ഒരു രശ്മി ചെളിക്കുണ്ടിൽ പതിച്ചാൽ അത് മലിനീകരിക്കപ്പെട്ടു എന്ന് പറയാമോ? മാലിന്യത്തെ പ്രകാശിപ്പിക്കുന്നത് സൂര്യന് ചേർന്നതല്ലെന്ന് പറയാമോ? അഗ്നി അതിന്റെ പ്രകൃതി അനുസരിച്ച് നാം പറയുന്ന വ്യക്തിയിൽ നിന്നും എത്രയോ താഴ്ന്ന നിലയിലാണ്. അഗ്നിയെ മലിനപ്പെടുത്താൻ എത്ര ചീത്ത സാധനത്തിനും സാധിക്കുകയില്ല എന്ന് നമുക്ക് അറിയാം.

ഭൗതികമായ വസ്തുക്കളുടെ ഇടയിൽ ഇതാണ് സ്ഥിതിയെങ്കിൽ അഗ്നിയേക്കാളും എല്ലാ പ്രകാശത്തെക്കാളും ഉന്നതമായ ഭൗതികാതീതമായ പ്രകൃതിയിൽ എന്തെങ്കിലും മാലിന്യമോ അഴുക്കോ ഉൾപ്പെടാൻ സാധ്യതയുണ്ടോ? താഴെ പറയുന്നവകൂടി ശ്രദ്ധിക്കുക. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് മണ്ണുകുഴച്ചാണ് എന്നു നാം പറയുന്നു. തന്റെ കരസൃഷ്ടിയെ അന്വേഷിക്കുന്നതിനിടയിൽ ദൈവം സ്വയം മലിനപ്പെടുന്നു എന്ന് പറയുന്നുണ്ടെങ്കിൽ ആദ്യമേ സൃഷ്ടിക്കുന്ന അവസരത്തിൽ അവിടുന്ന് എത്രമാത്രം മലിനപ്പെട്ടുകാണും? ഹീനമായവയെ എന്തിന് അവിടുന്ന് സൃഷ്ടിച്ചു എന്ന് ചോദിക്കാൻ പാടില്ലാത്തതുപോലെ, എന്തുകൊണ്ട് ഹീനമായ ഒരു കടന്നുവരൽ അവിടുന്നു സ്വീകരിച്ചു എന്ന് ചോദിക്കാൻ പാടില്ല. ഇതുവഴി അവിടുന്ന് നമ്മെ പഠിപ്പിക്കുന്നത് ഇതാണ്. പ്രകൃത്യാ ഹീനമായി ഒന്നും ഇല്ല; ഉപയോഗിക്കുന്നതനുസരിച്ച് ഹീനമാകുന്നു. ശരീരത്തിന്റെ എല്ലാ ഭാഗങ്ങളും അതേ മണ്ണിൽ നിന്നാണ് ഉരുവാക്കപ്പെടുന്നത്. അവയുടെ സ്വാഭാവികമായ പ്രവർത്തനങ്ങളും ഉപയോഗങ്ങളും വഴി വ്യതിരിക്തമാക്ക പ്പെടുന്നു എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

www.malankaralibrary.com

## 18. ലെറിൻസിലെ വിൻസെന്റ് (+ 435/ 450)

ദൈവമാതാവ് എന്ന പ്രയോഗത്തിന്റെ അർത്ഥത്തെക്കുറിച്ച് അദ്ദേഹം പറയുന്നത്: ക്രിസ്തു എന്ന വ്യക്തിയുടെ ഐക്യം രൂപപ്പെടുകയും പൂർണതയിൽ എത്തുകയും ചെയ്യുന്നത് തീർച്ചയായും കന്യകയിൽ നിന്നുള്ള ജനനത്തിനു ശേഷമല്ല. പ്രത്യുത, കന്യകയുടെ ഗർഭപാത്രത്തിൽ വച്ചുതന്നെയാണ്. ഏറ്റവും കൂടിയ ശ്രദ്ധയോടും നിഷ്ക്കർഷയോടും കൂടെ നാം നമ്മുടെ വിശ്വാസം ഏറ്റു പറയണം. ക്രിസ്തു എന്ന വ്യക്തി ഒന്നാണ്. പക്ഷെ അവൻ ഒന്നാകാതെ രണ്ടായിരുന്ന സമയമുണ്ടായിരുന്നു. അതായത് മാമ്മോദീസായ്ക്കു ശേഷം ഒന്ന്, ജനനസമയത്ത് രണ്ട്, എന്നിങ്ങനെ നാം സമ്മതിച്ചു പറയുകയാണെങ്കിൽ ഒരിക്കലും സ്വീകാര്യമല്ലാത്ത ദൈവദൂഷണമാണത്. അവനിൽ ദൈവവും മനുഷ്യനും ഐക്യപ്പെട്ടിരുന്നില്ല എന്ന് നാം പറഞ്ഞാൽ ഏറ്റവും വലിയ ദൈവദൂഷണം നമുക്ക് ഒഴിച്ചുകൂടാൻ പാടില്ലാതെ വരും. വ്യക്തിത്വത്തിലുള്ള പ്രസ്തുത ഐക്യം സ്വർഗ്ഗാരോഹണം മുതലല്ല, ഉയിർപ്പു മുതലല്ല, മാമ്മോദീസാ തൊട്ടുമല്ല. പ്രത്യുത, അമ്മയിൽ, അമ്മയുടെ ഉദരത്തിൽ, കന്യകയുടെ ഗർഭധാരണം മുതൽ തന്നെ സംഭവിക്കുന്നു. ഈ വ്യക്തിത്വത്തിലുള്ള ഐക്യം വഴി ദൈവത്തിന്റെ ഗുണങ്ങൾ മനുഷ്യനിൽ ചേർക്കപ്പെടുന്നു. പ്രത്യേക നിഷ്ഠകളൊന്നും കൂടാതെ പരസ്പരം കലർത്തപ്പെട്ട ശാരീരികഗുണങ്ങൾ അതുപോലെ ദൈവത്തിനും പ്രസ്താവിക്കപ്പെടുന്നു. ഇക്കാരണത്താൽ മനുഷ്യപുത്രൻ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങി വന്നു എന്ന് ദൈവികമായി എഴുതപ്പെട്ടിരിക്കുന്നു (യോഹ. 3: 13). മഹത്ത്വത്തിന്റെ നാഥൻ ഭൂമിയിൽ ക്രൂശിക്കപ്പെട്ടിരിക്കുന്നു (1 കൊറി. 2:8) കർത്താവിന്റെ ശരീരം രൂപപ്പെടുത്തിയപ്പോൾ, അത് സൃഷ്ടിക്കപ്പെട്ടപ്പോൾ ദൈവവചനം രൂപീകൃതമായി. ദൈവജ്ഞാനം പൂർത്തീകരിക്കപ്പെട്ടു, അറിവ് ഉളവാക്കപ്പെട്ടു, എന്നെല്ലാം ഇതിനാൽ പറയപ്പെടുന്നു. അവന്റെ കൈകളും കാലുകളും തുളയ്ക്കപ്പെട്ടു എന്നും പ്രവചനം ഉണ്ടായി. ഈ വ്യക്തിത്വത്തിലുള്ള ഐക്യം നിമിത്തം അതിഗഹനമായ ഈ ദൈവിക രഹസ്യം കാരണം, വചനമായ ദൈവത്തിന്റെ ശരീരം കന്യകയിൽനിന്ന് പൂർണമായി ജനിച്ചു;

www.malankaralibrary.com

അതേ ദൈവമായ വചനം കന്യകയിൽനിന്നും ജാതനായി. ഇത് സത്യവും തെറ്റില്ലാത്തതു മായ കത്തോലിക്കാ വിശ്വാസത്തിന് അനുസൃതമായി സ്വീകരിക്കപ്പെട്ടിരിക്കുന്നു. ഇത് നിഷേധിക്കുന്നത് ഏറ്റവും വലിയ ദൈവദൂഷണമാണ്.

കാര്യങ്ങൾ ഈ വിധത്തിലായിരിക്കുമ്പോൾ പരിശുദ്ധ കന്യകമറിയത്തിന്റെ ദൈവകൃപയുടെയും പ്രത്യേക മഹിമയുടെയും പദവികൾ ആരെങ്കിലും നിഷേധിക്കുമെന്ന് തോന്നുന്നില്ല. ഉന്നതമായ പരമാർത്ഥതയോടും ആനന്ദത്തോടും കൂടെ അവൾ തന്റെ പുത്രനും നമ്മുടെ നാഥനുമായ ദൈവത്തിന്റെ ദാനം വഴി ദൈവത്തിന്റെ അമ്മയാണെന്ന് നാം പ്രഖ്യാപിക്കണം. വളരെ നിന്ദാർഹമായ പാഷണ്ഡത ഈ രീതിയിലല്ല. വിശ്വാസം പ്രഖ്യാപിക്കുന്നത്- ദൈവത്തിന്റെ അമ്മയെ നാം സംബോധന ചെയ്യേണ്ടത്, അവളുടെ നേരായ പദവി വെച്ചാണ്. അതായത് പിന്നീട് ദൈവമായിത്തീർന്ന മനുഷ്യന് ജന്മം നൽകിയതിനെക്കുറിച്ച് - അതിൻ പ്രകാരമാണ്. ഒരു വൈദികന്റെ അമ്മയേയോ വൈദിക മേലദ്ധ്യക്ഷന്റെ അമ്മയേയോ നാം സംബോധന ചെയ്യുന്നത് അവൾ ഒരു പുരോഹിതന് അഥവാ പുരോഹിത ശ്രേഷ്ഠന് ജന്മം കൊടുത്തു എന്നു പറഞ്ഞല്ല. പ്രത്യുത, പിന്നീട് പുരോഹിതനും പുരോഹിത ശ്രേഷ്ഠനുമായ മനുഷ്യവ്യക്തിക്ക് അഥവാ വ്യക്തികൾക്ക് ജന്മം കൊടുത്തു എന്ന് ചിന്തിച്ചാണ്. പക്ഷെ, ഇതുപോലെയല്ല ദൈവമാതാവിനെക്കുറിച്ച് നാം ചിന്തിക്കുക. അവളുടെ ഉദരത്തിൽ അത്യുന്നതവും അതിഗഹനവുമായ ദൈവിക രഹസ്യം രൂപംകൊണ്ടു പ്രത്യേകവും ഒരിക്കൽ മാത്രം ഉള്ളതുമായ വ്യക്തിപരമായ ഐക്യത്തിലൂടെ ശരീരം സ്വീകരിച്ച വചനം ശരീരമായതുപോലെ ദൈവത്തിലുള്ള മനുഷ്യൻ ദൈവമാണ് എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

### 19. സ്രൂഗിലെ മാർ യാക്കോബ് (+ 521)

"ഏറ്റവും പരിശുദ്ധ കന്യകയെക്കുറിച്ച്" എന്ന തന്റെ ഗീതത്തിൽ അദ്ദേഹം ഇപ്രകാരം പറയുന്നു: "അല്ലയോ കന്യകയുടെ പുത്രാ, നിന്റെ അമ്മയെക്കുറിച്ച് പറയുന്നതിന് എന്നെ അനുവദിച്ചാലും! അവളെക്കുറിച്ച് സംസാരിക്കുന്നത്

www.malankaralibrary.com

ഞങ്ങൾക്ക് എത്താൻ സാധിക്കാത്ത ഒരു വിഷയമാണെന്ന് എനിക്കറിയാം! എന്റെ ചിന്തകളെ പൂർണ്ണമായി പ്രകാശിപ്പിക്കുന്നതിന്, എന്റെ ഹൃദയത്തിൽ അത്ഭുതം പേറുന്ന പ്രതിപാദനം മുന്നോട്ട് ആഞ്ഞുകൊണ്ടിരിക്കുന്നു.

ബുദ്ധിശാലികളേ, നിങ്ങളുടെ ആത്മാക്കളുടെ ശ്രവണങ്ങളെ തിരിക്കു; മറിയത്തിന്റെ കീർത്തനം എന്നിൽ അത്ഭുതകരമായി ഉയർന്നുകൊണ്ടിരിക്കുന്നു, അതു പ്രകാശിപ്പിക്കപ്പെടണം. നിങ്ങളുടെ ഹൃദയങ്ങളെ ബുദ്ധിപൂർവ്വമായി ഒരുക്കുക. അവളെക്കുറിച്ചു ഞാൻ പറയുന്നതിനുവേണ്ടി പരിശുദ്ധ കന്യക എന്നെ ക്ഷണിക്കുന്നു. സൗകര്യപ്രദമായി നിങ്ങളെത്തന്നെ ഈ ഉൽക്കൃഷ്ട പ്രഭാഷണത്തിന് ഒരുക്കുവിൻ; കാരണം, കന്യക മറിയം അനാദരിക്കപ്പെടാൻ പാടില്ല.

അവൾ രണ്ടാം സ്വർഗമാണ്. അവളുടെ ഉദരത്തിൽ സ്വർഗങ്ങളുടെ നാഥൻ പാർക്കുകയും എല്ലാ ഭാഗങ്ങളിൽനിന്നും അന്ധകാരത്തെ നീക്കുവാനായി പ്രത്യക്ഷപ്പെടുകയും ചെയ്തു. അവൾ സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളാകുന്നു, അവളുടെ പ്രവൃത്തിവഴി ഭൂമിയുടെ ശാപം നീക്കപ്പെട്ടു; ശിക്ഷ അവസാനിക്കുകയും ചെയ്തു. അവൾ നിർമ്മലയാണ്; എളിയവളാണ്; വിശുദ്ധിയുടെ പ്രകാശം ചൊരിയുന്നവളാണ്; അവളെക്കുറിച്ച് പറയുന്നതിന് എന്റെ വായ് തീരെ ചെറുതാണ്. രാജാവിന്റെ അമ്മയായിത്തീർന്ന ദരിദ്രയാണവൾ. ജീവൻ സമ്പാദിക്കുന്നതിന് പ്രാപ്തമാകുവാൻ വേണ്ടി ദാഹാർത്തമായ ലോകത്തിന് ധനങ്ങൾ അവൾ നൽകി. അമൂല്യ വസ്തുക്കളെയും സമ്പത്തുകളേയും പിതാവിന്റെ ഭവനത്തിൽ നിന്നും കൊണ്ടുവന്ന കപ്പലാണവൾ. പ്രസ്തുത സമ്പത്ത് നമ്മുടെ ഊഷര ഭൂമിയിലേക്ക് അവൾ വിതറി. ധാന്യം വിതയ്ക്കാതെ ധാരാളം വിളവ് നൽകിയ നല്ല നിലമാണവൾ; ഉഴാതെ നല്ല വിളവ് ഉത്പാദിപ്പിക്കുകയും ചെയ്തു. മരണമുള്ളവരുടെയിടയിലേക്ക് ജീവൻ കൊണ്ടുവന്ന രണ്ടാം ഹവ്വായാണവൾ. അവളുടെ അമ്മയായ ഹവ്വായുടെ കടത്തെ അഴിക്കുകയും നീക്കിക്കളയുകയും ചെയ്തു. വീണുപോയ അമ്മയ്ക്ക് കൈ നീട്ടിക്കൊടുത്ത മകളാണവൾ; സർപ്പം തള്ളിയിട്ട കുഴിയിൽനിന്നും അവളെ കരേറ്റുകയും ചെയ്തു. വൃക്ഷത്തിന്റെ കീഴിൽ നഗ്നനായിരുന്ന പിതാവിന് അയാൾ സ്വയം

www.malankaralibrary.com

ആവരണം ചെയ്യുന്നതിന് മഹത്ത്വത്തിന്റെ കിരീടം നെയ്തുകൊടുത്ത പുത്രിയാണവൾ. ശാരീരികമായ സംയോഗമില്ലാതെ അത്ഭുതകരമായി അമ്മയായിത്തീർന്ന കന്യകയാണവൾ. ശാരീരിക സ്പർശനം ഏൽക്കാതെ അമ്മയായ കന്യകയാണ് മറിയം. രാജാവ് പണിത വലിയ കോട്ട! അതിൽ അദ്ദേഹം പാർത്തു. പുറത്തുപോയപ്പോൾ അതിന്റെ വാതിൽ തുറക്കപ്പെട്ടില്ല. സ്വർഗീയരഥമെന്നപോലെ ദാസി സർവ്വശക്തനെ വഹിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്തു. അവിടുന്ന് എല്ലാ സൃഷ്ടികളേയും പരിപാലിക്കുന്നവനാകുന്നു. അവൾ ഭർത്താവിനെ ഒരിക്കൽപോലും കാണാതെ ഗർഭം ധരിക്കുകയും പിതാവിന്റെ വാസസ്ഥലം കാണാതെ പുത്രനെ പ്രസവിക്കുകയും ചെയ്തു.

ഏറ്റവും ആകർഷണീയമായ ചായക്കൂട്ടുകൾ പോലും പോരാതെവരുന്ന ഈ അത്ഭുതകരമായ ചിത്രം സാധാരണ നിറക്കൂട്ടുകൾകൊണ്ട് ഞാൻ എങ്ങനെ രചിക്കും? നിന്റെ സൗന്ദര്യത്തിന്റെ ചിത്രം എന്റെ ചായക്കൂട്ടുകൾക്ക് അതീതമാണ്; വിശ്വസ്തമായ ഒരു പ്രതിഛായ എന്റെ അന്തരാത്മാവിന് പ്രതിഫലിപ്പിക്കാൻ കഴിയുമെന്ന് വിശ്വസിക്കാൻ പോലും ഞാൻ തുനിയുന്നില്ല. സൂര്യന്റെ ഉജ്ജ്വല തേജസ്സും പ്രഭയും വരച്ചുകാട്ടുന്നതാണ് മറിയത്തിന്റെ മഹത്ത്വത്തെ വാക്കുകളിൽ അറിയിക്കുന്നതിനേക്കാൾ എളുപ്പം. മറിയത്തെ പൂർണമായി പ്രഘോഷിക്കുന്നതിന് ഒരു പ്രഭാഷണവും മതിയാകയില്ല, അതിനേക്കാൾ എളുപ്പം പ്രഭാപൂരിതമായ ഒരഗ്നിചക്രം ചായക്കൂട്ടിൽ പകർത്തുകയാണ്. ആരെങ്കിലും അതിന് ഒരുമ്പെടുകയാണെങ്കിൽ, ഏതു വ്യക്തികളുടെ ഗണത്തിലോ ഗ്രൂപ്പിലോ അവളെ ഉൾപ്പെടുത്തി, അവളുടെ ചിത്രം എടുക്കും? അവളെക്കുറിച്ചു പാടും? കന്യകയുടെ ഗണത്തിലോ, ശുദ്ധരും എളിയവരുമായ നാരികളുടെ നിരയിലോ, അതോ ഭാര്യമാരുടെയും അമ്മമാരുടെയും ഇടയിലോ? കണ്ടാലും, കന്യാത്വവും മാതൃത്വവും അത്ഭുതകരമായ ജനനത്തിലും മുദ്രിതമായ ഗർഭത്തിലും ഒന്നിച്ചുചേരുന്നു. ആർക്ക് അവളെ അർഹമായ രീതിയിൽ സ്തുതിക്കാൻ കഴിയും? (വിവാഹം കഴിക്കാത്ത) പെൺകൊടികളുടെ ഗണത്തിലവൾ ഉൾപ്പെടുന്നെന്ന് ഞാൻ ചിന്തിക്കുമ്പോൾ അവളുടെ മകന് ആഹാരം നൽകുന്ന അമ്മയായി ഞാൻ കാണുന്നു.

www.malankaralibrary.com

ഭർത്താവായി യൗസേപ്പ് അവളുടെ കൂടെ പാർക്കുന്നു എന്ന് ഞാൻ കേട്ടു. പക്ഷെ, അവർ തമ്മിൽ ശാരീരിക സംയോഗം നടത്തുന്നതിൽനിന്നും അവൾ തടയപ്പെട്ടിരിക്കുന്നതായി ഞാൻ കാണുന്നു. യൗസേപ്പിനെ കണ്ടപ്പോൾ അവളെ ഭാര്യ എന്നു വിളിക്കണമെന്നു എനിക്ക് തോന്നി. പക്ഷെ, മർത്യരാരും അവളെ ലൈംഗികമായി സ്പർശിച്ചിട്ടില്ല എന്ന വിശ്വാസം എന്നെ പഠിപ്പിക്കുന്നു. ഒരമ്മയെപ്പോലെ മകനെ മാറോടണയ്ക്കുന്നത് ഞാൻ കണ്ടു. പക്ഷെ, കന്യകകളുടെ ഗണത്തിൽ മഹത്ത്വമുള്ളവ ളായി അവൾ പ്രത്യക്ഷപ്പെടുന്നു. അവൾ കന്യകയും അമ്മയു മാണ്. ഭാര്യയും സ്പർശനമേൽക്കാത്തവളുമാണ്. അവൾ അഗ്രാഹ്യ ആണെന്നു പറഞ്ഞുകഴിഞ്ഞാൽ പിന്നെ, എന്താണ് കൂട്ടിച്ചേർക്കാനുള്ളത്? എന്നാണ് അദ്ദേഹം ചോദിക്കുന്നത്.

സമസ്ത ഭൂവിനേക്കാൾ കൂടുതൽ നിർമ്മലമായ ഒരാലയ ത്തിലാണ് ക്രിസ്തു തന്റെ വാസമുറപ്പിച്ചത് എന്നതിനെക്കുറിച്ച് അദ്ദേഹം ഇപ്രകാരം പറയുന്നു: അത്ഭുതം കൂറുന്ന വ്യക്തിയെ ക്കുറിച്ച് സംസാരിക്കുവാൻ സ്നേഹം എന്നെ പ്രേരിപ്പിക്കുന്നു. പക്ഷെ, വിഷയത്തിന്റെ ഔന്നത്യം എനിക്കതീതമാണ്. ഞാൻ എങ്ങനെ ആരംഭിക്കും? എല്ലാറ്റിനുമുപരി, ഞാൻ സർവ്വലോക ത്തോടും വിളിച്ചു പറയും, ഇപ്പോഴോ ഒരിക്കലുമോ അവളെ പ്രകീർത്തിക്കാൻ ഞാൻ യോഗ്യനല്ല. എങ്കിലും സ്നേഹത്തെ പ്രതി അത്യുൽക്കൃഷ്ടയായവളെക്കുറിച്ച് കീർത്തിക്കാൻ എന്നെ ത്തന്നെ അർപ്പിക്കും. സംസാരിക്കുമ്പോൾ സ്നേഹത്തിനു മാത്രമേ ദൈവദൂഷണങ്ങൾ ദൂരീകരിക്കാൻ സാധിക്കൂ. കാരണം അവളെക്കുറിച്ചുള്ള ചിന്തകൾ ശ്രവിക്കുന്നവരെ ഉദ്ദീപിപ്പിക്കും, ധന്യരാക്കും.

ഭയത്തോടും അത്ഭുതത്തോടും ഞാൻ മറിയാമിനെ ക്കുറിച്ച് പ്രസ്താവിക്കാം. ഈ ഭൂമിയുടെ പുത്രി എത്രമാത്രം ഉന്നതമായ സ്ഥാനത്തേക്കാണ് കരേറിയതെന്ന് ഞാൻ പറയാം. ദൈവത്തിന്റെ കൃപകൊണ്ട് മാത്രമാണോ പുത്രൻ അവളിലേക്കിറ ങ്ങിയത്? ഏറ്റവും പരിശുദ്ധനായ പുത്രന്റെ അമ്മയാകാൻ അവൾ അത്രമാത്രം പരിശുദ്ധയും ദൈവത്തിന് പ്രീതിപ്പെട്ടവളുമാണ്. കൃപകൊണ്ടുമാത്രമാണ് ദൈവം ഭൂമിയിലേക്ക് ഇറങ്ങിവന്നത്. പക്ഷെ, മറിയം അവളുടെ അത്യധികമായ നൈർമല്യം വഴി

www.malankaralibrary.com

അവിടുത്തെ സ്വീകരിക്കുന്നതിന് അർഹയായിരുന്നു. അവിടുന്ന് അവളുടെ എളിമയെ നോക്കി. അവളുടെ ഓമനത്തവും നൈർമല്യവും കണ്ടു. അങ്ങനെ അവളിൽ വസിച്ചു. സ്വമേധയാ അവിടുന്ന് എളിയവരുടെ ഇടയിൽ വസിച്ചു. അവിടുന്നു പറയുന്നതുപോലെ തന്നെ: എളിയവരേയും വിനയമുള്ളവരേയും അല്ലെങ്കിൽ പിന്നെ ആരെയാണ് ഞാൻ നോക്കേണ്ടത്? (ഏശ. 57:15). മനുഷ്യമക്കളിൽ ഏറ്റവും വിനയാന്വിതയാണവൾ എന്ന് അവിടുന്ന് കണ്ടു. അതിനാൽ അവിടുന്ന് അവളിൽ പാർത്തു. അവൾതന്നെ സാക്ഷിക്കുന്നു: അവിടുന്ന് തന്റെ എളിമയെ തൃക്കൺ പാർത്തു. അവളിൽ വസിച്ചു (ലൂക്കാ 1 : 48). അവൾ ദൈവത്തിന് പ്രീതിയുള്ളവളായതുകൊണ്ട് നാം അവളെ പ്രകീർത്തിക്കണം. പൂർണതയുടെ ഉച്ചസ്ഥാനമാണ് എളിമ. ദൈവത്തെ ഒരുവൻ കൂടുതൽ അടുത്തുനിന്നു കാണുന്തോറും അയാൾ കൂടുതൽ എളിമപ്പെട്ടവനായി തീരുന്നു. എളിമ നിമിത്തം എല്ലാ കാലങ്ങളിലുമുള്ള വിശുദ്ധന്മാർ ദൈവത്തിന് പ്രീതിപ്പെട്ടവരായിരുന്നു; മനുഷ്യൻ ദൈവത്തിൽ എത്തിച്ചേരുന്ന പ്രധാന വീഥി അതാണ്. മറിയത്തെപ്പോലെ ആരംഭം മുതൽ ഇത്രമാത്രം എളിമപ്പെട്ട മറ്റൊരു വ്യക്തി കാണുകയില്ല എന്നുള്ളത് ഒരു പരമാർത്ഥം മാത്രമാണ്. എളിമപ്പെടലിന്റെ തോതിനനുസരണ മായി ഒരുവനെ മഹത്ത്വപ്പെടുത്തുന്ന കർത്താവ് അവളെ തന്റെ അമ്മയാകാൻ വേണ്ടി ഉയർത്തി. അവളുടെ എളിമപ്പെടുത്തലിനെ എന്തിനോടുപമിക്കാൻ കഴിയും? മറിയത്തിനേക്കാൾ കൂടുതൽ ഓമനത്തമുള്ളവളായും നൈർമല്യമുള്ളവളായും വേറൊരു ആളെ കണ്ടിരുന്നുവെങ്കിൽ ദൈവം അവളിൽ പാർക്കുമായി രുന്നു. തന്റെ അമ്മയെ അങ്ങനെയെങ്കിൽ ഉപേക്ഷിക്കുമായി രുന്നു. അവളുടെ പക്കൽ താമസിക്കുമായിരുന്നില്ല. കൂടുതൽ പുണ്യമുള്ളതും നിർമ്മലവുമായ മറ്റൊരാത്മാവിനെ കണ്ടിരുന്നെ ങ്കിൽ അമ്മയെ ഉപേക്ഷിച്ച്, ഈ ആത്മാവിനെ സ്വീകരിക്കു മായിരുന്നു.

കർത്താവ് ഭൂമിയിലേക്ക് ഇറങ്ങിവന്നപ്പോൾ എല്ലാ സ്ത്രീകളേയും നോക്കി. ഒരാളെ മാത്രം തിരഞ്ഞെടുത്തു. അവരിൽ ഏറ്റവും കൂടുതൽ പ്രീതിപ്പെട്ടവളായി അവളെ കണ്ടു. അവിടുന്ന് അവളെ പരിശോധിച്ചു. അവളിൽ എളിമയും

www.malankaralibrary.com

വിശുദ്ധിയും നിഷ്ക്കളങ്കമായ ചൈതന്യവും ദൈവസ്നേഹവും നിർമ്മല ഹൃദയവും ഉൽക്കൃഷ്ടമായ ചിന്തകളും കണ്ടെത്തി. ഇക്കാരണത്താൽ, അവിടുന്ന് ഈ വിശുദ്ധയെ, ഈ മനോഹരിയെ സ്വീകരിച്ചു. അവിടുന്ന് ഇടം വിട്ടിട്ട് സ്ത്രീകളിൽ ഏറ്റവും അനുഗൃഹീതയായവളുടെ പക്കൽ വാസമുറപ്പിച്ചു. കാരണം, അവളോടു താരതമ്യപ്പെടുത്തുവാൻ ഈ ലോകത്ത് മറ്റാരും തന്നെയില്ല. അവൾ മാത്രം ഏകമായ വിധത്തിൽ എളിമയുള്ളവളായിരുന്നു. നിർമ്മലയും നിഷ്ക്കളങ്കയും കറ തീണ്ടാത്തവളും ആയിരുന്നു. അവൾ ദൈവത്തിന്റെ അമ്മയാകുന്നതിന് അർഹയായിത്തീർന്നു. തിന്മയിൽനിന്നും എത്രമാത്രം അകന്നവളാണെന്നും അമലയാണെന്നും അവിടുന്ന് അളന്നു. അവളിൽ കാപട്യത്തിന്റെ യാതൊരു ചായ്‌വും ഉണ്ടായിരുന്നില്ല. അശുദ്ധിക്ക് യാതൊരു വിധത്തിലും അവകാശപ്പെടാവുന്ന രീതിയിൽ ഒരു ചിന്തയും അവളിൽ ഇല്ലായിരുന്നു. അതുപോലെ ഈ ലോകത്തിന്റെ ദുഷിപ്പുമായി ബന്ധപ്പെടുന്ന രീതിയിൽ യാതൊരു പ്രവൃത്തിയും ഉണ്ടായിരുന്നില്ല. ലോകത്തോടുള്ള യാതൊരു താത്പര്യവും അവളിൽ ജ്വലിച്ചില്ല. കുഞ്ഞുങ്ങൾക്കു ഹരമായിട്ടുള്ള യാതൊന്നിനോടും അവൾക്കു മമതയും അനുഭവപ്പെട്ടില്ല. അവൾക്കു തുല്യമായോ അവളെപ്പോലെയോ ആരെങ്കിലും ഈ ലോകത്തിൽ കാണുകയില്ല എന്ന് മനസ്സിലായതുകൊണ്ട് അവളിൽനിന്ന് നിർമ്മലമായ പാൽ കുടിക്കുന്നതിന് അവളെ അമ്മയായി തിരഞ്ഞെടുത്തു. അവൾ അറിവുള്ളവളായിരുന്നു. ദൈവസ്നേഹത്താൽ നിറഞ്ഞിരുന്നു. കാരണം സ്നേഹമില്ലാത്തിടത്ത് കർത്താവ് പാർക്കുകയില്ല. മഹാനായ രാജാവ് നമ്മുടെ ദേശം കാണാൻ തീരുമാനിച്ചപ്പോൾ സമസ്ത ഭൂമിയേക്കാളും പരിശുദ്ധമായ ആലയത്തിൽ വാസമുറപ്പിക്കുന്നതിന് താത്പര്യപ്പെട്ടു. അതായത്, വിശുദ്ധിയെക്കുറിച്ചും കന്യാത്വത്തെക്കുറിച്ചുമുള്ള കൂടുതൽ ഉൽക്കൃഷ്ടമായ ചിന്തകൾ കൊണ്ട് അലങ്കരിക്കപ്പെട്ട പരിശുദ്ധമായ ഉദരത്തിൽ വസിക്കുന്നതിന് ആഗ്രഹിച്ചു. സ്വഭാവംകൊണ്ടും മനസ്സുകൊണ്ടും സൗന്ദര്യം നിറഞ്ഞവളായിരുന്നു അവൾ. യാതൊരു വിധമായ ദുഷ്ചിന്തകളും അവളെ മലിനപ്പെടുത്തിയില്ല. പൈതലായിരുന്നപ്പോൾ മുതലേ, അവൾ നിർമ്മലയായിരുന്നു. അവളുടെ പ്രകൃതിയും മനസ്സും

www.malankaralibrary.com

നന്മയിലേക്ക് ചാഞ്ഞിരുന്നു. അതുപോലെ ശരീരത്തിന്റെ ചാരിത്ര്യവും ആത്മാവിന്റെ വിശുദ്ധിയും.

ദൈവം അവളിൽ പൂർത്തിയാക്കിയ ഈ വേല അർഹയും ആദരിക്കപ്പെട്ടവളുമായ ഈ കന്യകയെക്കുറിച്ച് പ്രഘോഷിക്കുന്നതിന് എന്നെ അധികാരപ്പെടുത്തുന്നു. അവൾ ദൈവപുത്രന്റെ അമ്മയായി എന്ന കാരണത്താൽ ഭൂമിയിലുള്ള എല്ലാറ്റിനേയും കാൾ നിർമ്മലയായ സ്ത്രീരത്നമാണ് അവൾ എന്നു ഞാൻ അംഗീകരിക്കുന്നു, നിർണ്ണയിക്കുന്നു. നന്മയെ തിന്മയിൽനിന്ന് വേർതിരിച്ചറിയുവാൻ സാദ്ധ്യമായ സമയം മുതൽ ഹൃദയത്തിന്റെ ശുദ്ധിയിലും ചിന്തകളുടെ നേർപാതയിലും അവൾ പിടിച്ചുനിന്നു. ദൈവകൽപ്പനയുടെ നീതിയിൽനിന്നും അവൾ വ്യതിചലിച്ചില്ല. ജഡത്തിന്റെ ദുരാശകളാൽ അവൾ ചഞ്ചലചിത്തയായില്ല. പകരം ചെറുപ്പം മുതൽതന്നെ വിശുദ്ധിയെക്കുറിച്ചുള്ള താത്പര്യത്തിൽ അവൾ ലയിച്ചു. ശ്രദ്ധയോടും സൂക്ഷ്മതയോടും കൂടെ അതിനായി അവൾ പരിശ്രമിച്ചു. എല്ലാ ദിവസവും കൺമുമ്പിൽ കർത്താവിനെ പ്രതിഷ്ഠിക്കും. അവനാൽ പ്രകാശിതയാകാനും നിറയപ്പെടുവാനും വേണ്ടി അവനിൽ മിഴികൾ അർപ്പിക്കും. അവളുടെ ആത്മാവ് എത്രമാത്രം നിർമ്മലവും തുറവിയുള്ളതുമാണെന്ന് ദൈവം കണ്ടപ്പോൾ, എല്ലാ തിന്മയിൽനിന്നും സ്വതന്ത്രയായ അവളിൽ വസിക്കുന്നതിന് ഇഷ്ടപ്പെട്ടു. എല്ലാ മഹിമയിൽ നിന്നും ഉന്നതമായ, അത്ഭുതകരമായ വേല അവളിൽ നിവർത്തിക്കാൻ ഇടയായത് അവളെപ്പോലെ മറ്റൊരു സ്ത്രീയെ കാണാഞ്ഞതിനാലാണ്. എല്ലാ സ്ത്രീകളുടെ ഇടയിൽനിന്നും ഒരേ ഒരു മനുഷ്യപുത്രിയെ മാത്രം അന്വേഷിച്ചു, തിരഞ്ഞെടുത്തു. കാരണം, അവൾ എല്ലാവരെക്കാളും സുന്ദരിയായിരുന്നു. അതിവിശുദ്ധനായ പിതാവ് തന്റെ പുത്രനുവേണ്ടി ഒരമ്മയെ ഒരുക്കാൻ ആഗ്രഹിച്ചു. ഇവൾക്കു തുല്യമായി വേറെ ആരെയും കണ്ടില്ല. അക്കാരണത്താൽ അവന് അമ്മയാകാൻ അവളെ തിരഞ്ഞെടുത്തു. അവളുടെ ഹൃദയ നൈർമല്യം മൂലം ദൈവത്തിന്റെ ദിവ്യരഹസ്യങ്ങൾ തന്നിൽ നിറവേറുന്നത് കാണുവാൻ അർഹയായി.

മറിയത്തിന്റെ ആത്മാവിന്റെ സൗന്ദര്യത്തെക്കുറിച്ച് അദ്ദേഹം ഇപ്രകാരം പറയുന്നു: മനുഷ്യപുത്രിയിൽനിന്നും ശരീരം എടുക്കാൻ ദൈവം ഇറങ്ങിവന്നു. അവളുടെ സൗന്ദര്യത്താൽ

www.malankaralibrary.com

ആകൃഷ്ടനായി. അവളിൽനിന്നു ജനിക്കുവാൻ അവിടുന്ന് തീരുമാനിച്ചു. എല്ലാ മനുഷ്യർക്കും നൽകപ്പെട്ടിട്ടുള്ള അനുഗ്ര ഹങ്ങളെ കീഴ്പ്പെടുത്തുന്ന ഒന്നായിരുന്നു അവൾക്ക് നൽകിയ അനുഗ്രഹമെങ്കിൽ, അത്രയും കൂടുതൽ മറിയത്തിന്റെ ആത്മാവിന്റെ സൗന്ദര്യത്തെ ആദരിച്ചേ മതിയാവൂ. അത് അവളെ ദൈവത്തിന്റെ അമ്മയാക്കി തീർത്തു. അവളുടെ എളിമ, വിശുദ്ധി, നീതി എന്നിവ വഴി അവൾ ദൈവത്തെ പ്രീതിപ്പെടുത്തി. അവിടുന്ന് അവളെ തിരഞ്ഞെടുത്തു. വേറൊരുവൾ മറിയത്തെക്കാൾ സുന്ദരിയായിരു ന്നെങ്കിൽ അവൾ തിരഞ്ഞെടുക്കപ്പെടുകയില്ലായിരുന്നു. കാരണം ദൈവം തുല്യത പാലിക്കുന്നു. നീതിനിഷ്ഠനും നേർവഴി കാണിക്കുന്നവനുമാണ്. മറിയത്തിൽ അൽപം മാലിന്യമോ ചെറിയ കുറവോ ഉണ്ടായിരുന്നുവെങ്കിൽ, പൂർണമായും നിർമ്മലയായ മറ്റൊരമ്മയെ അവിടുന്ന് തിരഞ്ഞെടുക്കുമായിരുന്നു.

ഓരോരുത്തരും ഇക്കാരണത്താൽ ഈ അനുഗൃഹീത സ്ത്രീയെക്കുറിച്ച് അത്ഭുതപ്പെടണം. അത്രമാത്രം സൗന്ദര്യവതി യായതുകൊണ്ട് ദൈവം അവളെ അമ്മയായി തിരഞ്ഞെടുത്തു. പ്രകൃതിക്ക് നിരക്കുമായിരുന്ന രീതിയിൽ അത്രമാത്രം സൗന്ദര്യം നിറഞ്ഞവളായിരുന്നു അവൾ; അവളുടെ സ്വന്ത മനസ്സാൽ അത്രമാത്രം ഉന്നതമായ സ്ഥാനത്ത് അവൾ എത്തുമായിരുന്നില്ല. ഒരു പരിധിവരെ മനുഷ്യന് സാദ്ധ്യമായ രീതിയിൽ പൂർണ്ണതയിൽ എത്തുന്നതിന് അവൾ പരിശ്രമിച്ചു. പക്ഷെ, അവളുടെ നന്മകൊണ്ടുമാത്രം ദൈവം അവളിൽനിന്നും ജാതനാകുകയി ല്ലായിരുന്നു. നീതിമാനായ ഒരു മനുഷ്യന് ദൈവത്തെ എത്രമാത്രം പ്രാപിക്കാമോ അതുപോലെ അവളുടെ ആത്മാവിന്റെ ഔന്നത്യ ത്തിൽ ഈ സൗന്ദര്യവതി അവിടുത്തോട് അടുത്തു. പക്ഷെ, അവളിൽനിന്നും ക്രിസ്തു ശരീരം എടുത്തു എന്നത് വെറും കൃപമാത്രം. അതിന് അവന്റെ കരുണയെ നാം പുകഴ്ത്തണം. ഈ ഉന്നതസ്ഥാനംവരെ മറിയത്തിന്റെ സൗന്ദര്യം അവളെ എത്തിച്ചു. ലോകത്തിൽ മറ്റാരും ഈ സ്ഥാനംവരെ എത്തിയിട്ടില്ല. ഇതിനുപുറമേ, കർത്തന് നമുക്ക് നന്ദി അർപ്പിക്കാം. ഒരു സൃഷ്ടിയിൽ അളവില്ലാതെ അനുഗ്രഹം ചൊരിഞ്ഞതിന് ഈ കൃതജ്ഞത അവിടുത്തേക്ക് അർഹമാകുന്നു. കൃതജ്ഞതയോടെ ഒരുലോകത്തിനും തിരിച്ചു നൽകാൻ സാധിക്കാത്ത വിധത്തിൽ

www.malankaralibrary.com

പുത്രൻ ചൊരിഞ്ഞ നന്മയെക്കുറിച്ച് ചിന്തിക്കുക. മറിയത്തിന്റെ നന്മകളെക്കുറിച്ച് ചിന്തിക്കുക. മനുഷ്യമക്കളുടെ ഇടയിൽ മറ്റാർക്കും ഇതിൽ കൂടുതൽ നന്മയുണ്ടാവില്ല. ഈ ഉൽക്കൃഷ്ട സൃഷ്ടി നടന്നു നീങ്ങിയിട്ടുള്ള പടികൾ അവളുടെ സൗന്ദര്യവും, പരിശുദ്ധനായവന്റെ പുത്രന്റെ അമ്മയാകാനുള്ള തിരഞ്ഞെടുപ്പുമാണ്. പുണ്യപൂർണതയുടെ ഉച്ചകോടിയിലേക്ക് അവൾ സ്വയം ഉയർത്തി. തന്മൂലം അനന്തനന്മ അവളിൽ വാസമുറപ്പിച്ചു. വിശുദ്ധിയുടെ തിളക്കമാർന്ന അവളെ അവിടുന്ന് കണ്ടു. അവളുടെ ഉദരത്തിൽ പാർക്കുന്നതിന് അവിടുന്ന് ആഗ്രഹിച്ചു.

സ്വർഗീയ സൈന്യങ്ങളിൽനിന്നും ഒരു മാലാഖയെ അവിടുന്ന് അയച്ചു. സൗന്ദര്യവതിയും വിശുദ്ധയും ആയവളുടെ പക്കൽ സദ്വാർത്ത കൊണ്ടുവരുന്നതിനുവേണ്ടി സ്വർഗീയ സേനകളുടെ ശക്തനായ ഗബ്രിയേൽ ദൈവത്താൽ അയക്കപ്പെട്ട് യാത്രയായി അവളുടെ പക്കൽ വന്നിറങ്ങി. ദൈവിക വെളിപാടുവഴിയായി അവളുമായി പങ്കിട്ട വലിയ ദൈവിക രഹസ്യത്തിന് അവൾ മാത്രമായിരുന്നു അർഹയായിട്ടുണ്ടായിരുന്നത്. പ്രാർത്ഥനയിൽ തുറവിയോടും ലാളിത്യത്തോടും കൂടെ മറിയാം ദൈവിക വെളിപാടു സ്വീകരിച്ചു. അവൾ ദൈവമുമ്പാകെ ഭയഭക്തിയിൽ നിറഞ്ഞു നിന്നു. ദൈവസ്നേഹം തുളുമ്പിനിന്ന ഹൃദയം പ്രാർത്ഥനയോടുകൂടി അവിടുത്തേക്ക് അർപ്പിച്ചു. മാലാഖ അഗ്നിജ്വാലയിൽ പ്രത്യക്ഷപ്പെട്ടപ്പോൾ ദാനിയേൽ പ്രാർത്ഥനയിൽ നിമഗ്നനായിരുന്നു. ദൈവസന്നിധിയിൽ പ്രാർത്ഥിച്ചുകൊണ്ടു നിൽക്കുന്ന പുരോഹിതനായ സഖറിയായെയാണ് മാലാഖ ബലിപീഠത്തിനു സമീപം കണ്ടത്. അതുപോലെ വെളിപാടിന് അർഹയായ ഈ കന്യകയും പ്രാർത്ഥനയിൽ മുഴുകിയിരിക്കുമ്പോഴാണ് മാലാഖയെ സ്വീകരിച്ചത്. നിർമ്മലമായ പ്രാർത്ഥന ഒരുവനെ ദൈവത്തോട് അഗ്രാഹ്യമായ രീതിയിൽ ബന്ധിക്കുന്നു. അവിടുത്തോട് സംഭാഷിക്കുന്നു. അവിടുത്തെ മറുപടി ശ്രദ്ധിക്കുന്നു. അവിടുത്തെ പക്കൽനിന്നു ശക്തി പ്രാപിക്കുന്നു.

മറിയം പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോഴാണ് മാലാഖ ഇറങ്ങി വന്നത്. അത്യുന്നതന്റെ പക്കൽനിന്നുമുള്ള അഭിവാദനങ്ങൾ നൽകി: “മറിയമേ സമാധാനം, നമ്മുടെ

www.malankaralibrary.com

കർത്താവ് നിന്നോടുകൂടെ, അനുഗൃഹീതയേ നീ ഭാഗ്യവതിയാകുന്നു. കാരണം, നിന്റെ കന്യാത്വത്തിന്റെ ഫലം അനുഗൃഹീതമാകുന്നു". ഇതുകേട്ടപ്പോൾ വളരെ ശ്രദ്ധാപൂർവ്വം ആലോചിച്ചു, ഇത്രമാത്രം അസാധാരണമായ അഭിവാദനത്തിന്റെ ലക്ഷ്യമെന്ത്? മാലാഖ അവളോടു പറഞ്ഞു: അല്ലയോ അനുഗ്രഹങ്ങൾ നിറഞ്ഞ സ്ത്രീയേ നീ കലങ്ങേണ്ട, നിന്റെ കന്യാത്വത്തിൽ നീ കർത്തന്റെ അമ്മയാകണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. കണ്ടാലും, ശാശ്വതമായ രാജ്യത്തിന്റെ രാജാവിനെ നീ ഗർഭം ധരിക്കുകയും പ്രസവിക്കുകയും ചെയ്യും. മറിയം മറുപടി പറഞ്ഞു: നീ പറഞ്ഞത് എപ്രകാരം സംഭവിക്കും? ഞാൻ പുരുഷനെ അറിയാതിരിക്കുമ്പോൾ ഞാൻ എങ്ങനെ ഗർഭവതിയാകും? ഞാൻ ഭർതൃബന്ധത്തിൽ നിന്നും ഒഴിഞ്ഞു നിൽക്കുമ്പോൾ ഞാൻ പുത്രനെ പ്രസവിക്കും എന്ന് നീ പറയുന്നു. വിവാഹബന്ധങ്ങളില്ലാത്ത ഒരു ജനനത്തെക്കുറിച്ചാണ് നീ പറയുന്നതെന്ന് തോന്നുന്നു.

ഗബ്രിയേലുമായി മറിയം സംവാദത്തിൽ ഏർപ്പെട്ട ധന്യമായ നിമിഷമാണത്. ദരിദ്രയായ പെൺകൊടിയും മാലാഖയും മനോഹരമായ സംഭാഷണത്തിൽ ഏർപ്പെട്ടു. നിർമ്മലയായ കന്യകയും പ്രഭാപൂരിതനായ മാലാഖയും ഒരു സംവാദത്തിൽ ഏർപ്പെടുന്നു. അത് സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള സമാധാനം തിരികെ കൊണ്ടുവന്നു. ലോകത്തിന്റെ അനുരഞ്ജനത്തിനു വേണ്ടിയുള്ള ഉടമ്പടി മാലാഖമാരുടെ ഗണത്തിന്റെ നായകനും ഈ ഭൂമിയിൽ സ്ത്രീകളിൽപ്പെട്ട ഒരുവളും തമ്മിലാണ് നടന്നത്. ഭൗമികവും സ്വർഗീയവുമായ വസ്തുതകളുടെ അനുരഞ്ജന പാലകരായി രണ്ടുപേരും വളരെ ഭയഭക്തിയോടെ ഇരുന്നു. രണ്ടുപേരും സംഭാഷണത്തിൽ ഏർപ്പെട്ടു. പരസ്പരം ശ്രദ്ധിച്ചു. തർക്കത്തിൽ ഏർപ്പെട്ടിരുന്നവരുടെ ഇടയിൽ സമാധാനം സ്ഥാപിച്ചു. ദൈവവും മാതാവും തമ്മിലുണ്ടായ ഉരസൽ വഴി ക്രമം നഷ്ടപ്പെട്ട എല്ലാറ്റിനേയും കന്യകയും മാലാഖയും ഒരുമിച്ചുചേർന്ന് ക്രമാധീനമാക്കി. മരണത്തിനു കീഴെ നടന്ന കേസുവിചാരണ ഒരു തീരുമാനത്തിൽ എത്തുന്നതിനും പൂർണമായി പരിഹരിക്കപ്പെടുന്നതിനും ഇടയായി. അങ്ങനെ സമാധാനം നിലനിന്നു. സ്നേഹത്തിൽ സ്വർഗവും ഭൂമിയും

www.malankaralibrary.com

പരസ്പരം സംഭാഷണത്തിൽ ഏർപ്പെട്ടു. ഇരുകൂട്ടരും തങ്ങളുടെ വഴക്കുകൾ ഉപേക്ഷിച്ച് സമാധാനത്തിൽ എത്തി.

ഇപ്രകാരം മാതാവിനെ വകവരുത്തിയ ദോഷകാലം അവസാനിച്ചു. അവരെ പൂർവ്വ സ്ഥിതിയിൽ എത്തിച്ച നല്ലകാലം വളർന്നുവന്നു. സർപ്പത്തിനു പകരം ഗബ്രിയേൽ ആദ്യം സംസാരിച്ചു. ഹവ്വായ്ക്കു പകരം മറിയം ശ്രദ്ധിച്ചു. തന്റെ തന്ത്രം വഴി മരണം കൊണ്ടുവന്ന ചതിയനു പകരം തന്റെ സദ്വാർത്ത വഴി ജീവൻ കൊണ്ടുവരുന്നതായി സത്യശീലൻ വ്യക്തമാക്കി. വൃക്ഷത്തിനു സമീപം കടപ്പത്രത്തിന് ഒപ്പു വച്ച അമ്മയ്ക്കുവേണ്ടി മകൾ പകരം നിന്ന് പിതാവായ ആദാമിന്റെ എല്ലാ കടങ്ങളും വീട്ടി. സർപ്പത്തിനും ഹവ്വായ്ക്കും പകരം മാലാഖയും മറിയാമും നിന്നു. ആരംഭം മുതലേ കലുഷിതമായിരുന്ന ചുറ്റുപാട് തിരികെ ക്രമാധീനപ്പെടുത്തി. എന്തെളുപ്പത്തിലാണ് ഹവ്വാ സർപ്പത്തിന് ചെവി കൊടുത്തത്! അസത്യം പറയുന്നവന്റെ ശബ്ദം ശ്രദ്ധിച്ചത്! അവന്റെ തന്ത്രങ്ങളിൽ വിശ്വാസം അർപ്പിച്ചത്! ഇപ്പോൾ വന്ന് സന്തോഷിക്കുക! മറിയത്തിന്റെ ചെവിയിലേക്ക് മാലാഖ ജീവൻ പകരുന്നു, സർപ്പത്തിന്റെ ചുറ്റിക്കെട്ടുകളിൽനിന്നും അവളെ സ്വതന്ത്രയാക്കുന്നു, സമാശ്വാസം അവൾക്കു നൽകുന്നു. സർപ്പം തട്ടിമറിച്ചിട്ട ഭവനം ഗബ്രിയേൽ വീണ്ടും പണിയുന്നു. പറുദീസായിൽ ഹവ്വാ നശിപ്പിച്ച വീട് മറിയം വീണ്ടും ഉയർത്തുന്നു.

ഏറ്റവും പരിശുദ്ധ കന്യകയുടെ ബഹുമാനാർത്ഥമുള്ള സ്തോത്രഗീതത്തിൽ അദ്ദേഹം ഇപ്രകാരം പറയുന്നു: "ദൈവപുത്രന്റെ അമ്മയാകുവാൻ മറിയം വിളിക്കപ്പെട്ടപ്പോൾ അവിടുന്ന് അവളിൽ പാർക്കുന്നതിനു മുമ്പ് പരിശുദ്ധാത്മാവ് അവളെ വിശുദ്ധീകരിച്ചു. എല്ലാ തെറ്റുകളിൽനിന്നും അവിടുന്ന് അവളെ സ്വതന്ത്രയാക്കി. അവൾ എല്ലാ തിന്മകൾക്കും ഉപരിയായി ഉയർത്തപ്പെടുന്നതിനു വേണ്ടിയും അവിടുന്ന് അവളിൽ വിശുദ്ധമായ രീതിയിൽ പാർക്കുന്നതിനും വേണ്ടിയുമാണത്. അവിടുന്ന് പരിശുദ്ധാത്മാവു വഴി തന്റെ അമ്മയെ ശുദ്ധീകരിച്ചു. അവളിൽ പാർത്തുകൊണ്ട് നിർമ്മലവും പാപരഹിതവുമായ ഒരു ശരീരം അവളിൽനിന്നു സ്വീകരിക്കുന്നതിനുവേണ്ടിയാണത്. കന്യകയിൽനിന്നു സ്വീകരിക്കുന്ന ചൈതന്യവത്തായ ശരീരം ഒരു രീതിയിലും മലിനപ്പെടാതിരിക്കുന്നതിനു വേണ്ടി, അവിടുന്ന്

www.malankaralibrary.com

അവളെ പരിശുദ്ധാത്മാവിനാൽ ശുദ്ധീകരിച്ചു. അതിനുശേഷമാണ് അവളിൽ പാർത്തത്. മനുഷ്യവർഗത്തിൽ വേരൂന്നുന്നതിന് ദൈവപുത്രൻ അവളെ നിയോഗിച്ചു. അതിനായി പരിശുദ്ധാത്മ പ്രവർത്തനം വഴി ശരീരത്തെ പാപരഹിതമാക്കി. വചനം ശരീരിയാകുന്നതിന് ഇറങ്ങി വന്നു. ആരിൽനിന്നു ശരീരം സ്വീകരിക്കുമോ അവളെ ആത്മാവിന്റെ പ്രവർത്തനത്താൽ ശുദ്ധീകരിച്ചു. അവിടുത്തെ വരവിൽ ഒന്നൊഴികെ എല്ലാറ്റിലും നമുക്കു സമനായി തീരുവാൻ, അവിടുത്തെ നിർമ്മലമായ ശരീരം പാപവിമുക്തമാക്കാൻ ദൈവം മനുഷ്യനാകുന്നതിന് ആഗ്രഹിച്ചപ്പോൾ, അവിടുന്ന് ഒരേയൊരു കന്യകയെ തന്റെ ആത്മാവിന്റെ ചൈതന്യത്താൽ ശുദ്ധീകരിച്ചു. അവളെ സ്വന്തം അമ്മയാക്കി. അതുവഴി ദൈവത്താൽ അയക്കപ്പെട്ട ഒരു രണ്ടാം ആദത്തെ അവനിൽ ലോകം കാണണം. സർപ്പത്തിന്റെ പാദത്തിൽ വീണുപോയ ആദ്യത്തെ ആദത്തിന് ഒരു കൈ നീട്ടിക്കൊടുത്തുകൊണ്ട് അവനെ ഉയർപ്പിക്കുന്നതിന്, ഈ ലോകത്തിന്റെ രാജകുമാരനെ വിധിക്കുന്നതിനു വിളിക്കുമ്പോൾ തന്നിൽ പാപമൊന്നും കാണാതിരിക്കുന്നതിനും (അത് മരണത്തിലേക്കുള്ള വാതിൽ തുറക്കും) മനുഷ്യനായി ദൈവം മനുഷ്യപുത്രിയിൽനിന്നു പ്രത്യക്ഷപ്പെടുമ്പോൾ ആദ്യത്തെ ശിക്ഷാവിധിക്ക് അടിപ്പെടാതിരിക്കുന്നതിനും വേണ്ടിയാണത്. ഇതിനായി, അവിടുന്ന് പരിശുദ്ധാത്മാവിന്റെ സഹായത്തോടെ സന്തോഷവതിയും കീർത്തിപ്പെട്ടതും അനുഗൃഹീതയും നിർമ്മലയുമായ ഈ കന്യകയെ ശുദ്ധീകരിച്ച് അവളെ സർപ്പവുമായി സംഭാഷണത്തിലേർപ്പെടുന്നതിനുമുമ്പ് ഹവ്വാ എത്രമാത്രം നിർമ്മലയും നിഷ്കളങ്കയും അനുഗൃഹീതയുമായിരുന്നോ അതുപോലെ ആക്കി. മരണകരമായ മരത്തിന്റെ ഫലം രുചിക്കുന്നതി നുമുമ്പ് ആദ്യത്തെ അമ്മയ്ക്ക് ഉണ്ടായിരുന്ന ആദ്യസൗന്ദര്യം അവൾക്ക് തിരികെ കൊടുത്തു. സർപ്പത്തിന്റെ ഉപദേശവും അവന്റെ വിദ്വേഷകരമായ സംഭാഷണവും കേൾക്കുന്നതിനുമുമ്പ് ഹവ്വാ എപ്രകാരം ആയിരുന്നോ അതുപോലെ പരിശുദ്ധാത്മാവ് അവളുടെമേൽ ഇറങ്ങി അവളെ രൂപപ്പെടുത്തി. പാപത്തിനുമുമ്പ് ആദവും ഹവ്വായും ഏതു തട്ടിൽ നിന്നിരുന്നുവോ അവിടെ അവിടുന്ന് അവളെ നിർത്തി. അതിനുശേഷം അവളിൽ പാർത്തു.

www.malankaralibrary.com

പരിശുദ്ധാത്മാവു വഴി ആദം പൂർവ്വികമായി അനുഭവിച്ച ദൈവിക പുത്രത്വം മറിയാമിനു നൽകി. കാരണം, അവളിൽ വസിക്കുന്നതിന് ആഗ്രഹിച്ചു. "ഇതു മുതൽ സകല വംശങ്ങളും എന്നെ ഭാഗ്യവതി എന്ന് പ്രകീർത്തിക്കും". പുത്രനെക്കുറിച്ച് ചിന്തിക്കുന്ന മറിയ ത്തിന്റെ ആത്മാവ് പ്രചോദിതയായി പറഞ്ഞു: എത്രമാത്രം ഉന്ന തമായ സ്ഥാനത്തേയ്ക്കാണ് അവൾ ഉയർത്തപ്പെട്ടതെന്ന് നോക്കുക; അത്ഭുതത്തോടുകൂടി അവളെ ലോകം എത്രമാത്രം മഹത്വപ്പെടുത്തുന്നുവെന്ന് നോക്കുക! ലോകത്തിലെ എല്ലാ ജന തകളും തന്റെ കന്യാത്വത്തെ അനുഗൃഹീതമെന്ന് ഘോഷിക്കു മെന്ന് അവൾ അപ്പോൾ മുതൽ ഭാവിയിലേക്ക് എത്തിനോക്കി ക്കണ്ടു. തന്റെ പുത്രൻ എല്ലാ ജനതകളേയും ഭരിക്കുമെന്ന് പരി ശുദ്ധാത്മാവിന്റെ സഹായത്താൽ അറിഞ്ഞു; ഇക്കാരണത്താൽ എല്ലാ നാവുകളിൽനിന്നും അനുയോജ്യമായ കീർത്തിയും ആദ രവും അവൾ അർഹിച്ചു.

ഇതിനാൽ നാമും ഭാഗ്യവതിയായ ഈ സ്ത്രീരത്നത്തെ സ്തുതിക്കുന്നു, അവളുടെ ഭാഗ്യത്തെ കീർത്തിക്കുക ഭൂമിയി ലുള്ള എല്ലാ നാവുകൾക്കും അതീതമായ ഒന്നാണ്. തന്നിൽ പരി ശുദ്ധാത്മാവിനെ അയച്ചതുകൊണ്ട് അവൾ അനുഗൃഹീതയായി; അവിടുന്ന് അവളെ ശുദ്ധീകരിച്ചു, വെടിപ്പാക്കി, അവളെ ഒരു വിശുദ്ധ ആലയമാക്കി, അതിനുള്ളിൽ അത്യുന്നതനായ ദൈവം വസിക്കുന്നതിന് ഒരുങ്ങി. കന്യാത്വത്തിന്റെ അത്ഭുതകരമായ തിളക്കം അവൾ കാത്തു സൂക്ഷിച്ചതുകൊണ്ട് അവൾ ഭാഗ്യവ തിയാണ്, അവളുടെ നാമം എല്ലാക്കാലങ്ങളിലും തിളക്കം ആർന്നി രിക്കും. ആദാമിന്റെ വംശത്തെ നവീകരിക്കുകയും പിതൃഭവന ത്തിൽനിന്നും തള്ളപ്പെട്ട, വീണുപോയവരെ ഉയർത്തുകയും ചെയ്തതുകൊണ്ട് അവൾ ഭാഗ്യവതിയാകുന്നു. ഭർതൃസംയോ ഗത്തിൽനിന്നും ഉയർത്തപ്പെട്ടതുമൂലം, മറ്റെല്ലാ അമ്മമാരേയും പോലെ, ലജ്ജിക്കാതെ, മകനെക്കുറിച്ച് ചിന്തിക്കുന്നതിന് സാധി ച്ചതുകൊണ്ട് അവൾ ഭാഗ്യവതിയാണ്. കാരണം, അവളുടെ ശരീ രത്തെ ഒരിക്കലും ദുരാശകൾ മലിനപ്പെടുത്തിയില്ല. പ്രത്യുത, അവ ളുടെ കന്യാത്വത്തിന്റെ ഫലമായി അവൾ വിശുദ്ധീകരിക്കപ്പെട്ടു.

അവളുടെ ഇടുങ്ങിയതും ഫലദായകവുമല്ലാത്ത ഗർഭ പാത്രത്തിൽ അളവിനതീതമായവൻ പാർത്തു; അവൾക്ക് സ്വന്ത

www.malankaralibrary.com

മായി നിലനിർത്താൻ പാടില്ലാത്ത വിധത്തിൽ സ്വർഗത്താൽ നിറയപ്പെട്ടു, അതിനാൽ അവൾ ഭാഗ്യവതിയാണ്. ആദാമിന് ആരംഭം നൽകിയവനായ ഏറ്റവും പുരാതനന് അവൾ ജൻമം നൽകി; പഴമകൊണ്ട് ക്ഷീണിതരായ സൃഷ്ടവസ്തുക്കളെ അവൾ നവീകരിച്ച് ഉൻമേഷപ്പെടുത്തി. അവൾ അനുഗൃഹീതയാണ്. ആഴിയിലെ അലകൾ ആരുടെ ആംഗ്യത്താൽ ഇളകി മറിയുന്നുവോ, അവന് അവൾ പാൽ നൽകിയതിനാൽ അവൾ ഭാഗ്യവതിയാണ്. തന്റെ നിഗൂഢമായ ശക്തിയാൽ ലോകത്തെ മുഴുവൻ താങ്ങിനിർത്തുന്ന നിത്യനായ വീരനായകനെ സ്വന്തം മകനായി വഹിക്കുകയും ആശ്ലേഷിക്കുകയും ആലിംഗനം ചെയ്യുകയും ചെയ്തതിനാൽ അവൾ ഭാഗ്യവതിയാണ്. ബന്ധിതരായവർക്ക് അവളിൽക്കൂടി മോചകൻ ഉദയം ചെയ്തതുകൊണ്ട് അവൾ അനുഗൃഹീതയാണ്. അവിടുന്ന് സ്വശക്തിയാൽ ചങ്ങലകളെ പൊട്ടിച്ചു. ഭൂമിയിൽ സമാധാനം കൈവരുത്തി. ആരുടെ പ്രഭാപ്രസരത്തിൽ സ്രാപ്പേ മാലാഖാമാർ സ്വരക്ഷയ്ക്ക് പ്രതിരോധം സൃഷ്ടിക്കണമോ അവിടുത്തെ വായിൽ സ്വന്തം അധരങ്ങൾകൊണ്ട് ഉമ്മവയ്ക്കുവാൻ അവൾക്കു കഴിഞ്ഞതിനാൽ അവൾ ഭാഗ്യവതിയാണ്. വലിയ മാതൃസ്തനങ്ങളിൽ നിന്നെന്നപോലെ ആരിൽനിന്നും സമസ്ത ലോകവും ജീവന്റെ നീർ പാനം ചെയ്യുന്നുവോ, അവനെ പരിശുദ്ധമായ പാൽകൊണ്ട് പോഷിപ്പിച്ചതിനാൽ അവൾ ഭാഗ്യവതിയാണ്. എല്ലാ വിശുദ്ധൻമാരും തങ്ങളുടെ വിശുദ്ധി കാരണം ആരുടെ പുത്രന് നന്ദി പറയുന്നുവോ, അവൾ ഭാഗ്യവതിയാണ്. നമ്മിൽക്കൂടി തന്റെ നൈർമ്മല്യത്തെ പ്രസരിപ്പിക്കുവാൻ താത്പര്യപ്പെട്ടവന് സ്തുതിയുണ്ടായിരിക്കട്ടെ.

## 20. മാർ ബാലായി ($5^{th}$ C)

പ്രാർത്ഥനകളിലും കീർത്തനങ്ങളിലും ഇപ്രകാരം പറയുന്നു: അല്ലയോ മറിയമേ, നീ അനുഗൃഹീതയാകുന്നു. കാരണം, പ്രവാചകന്മാർ പ്രഘോഷിച്ച പ്രശ്നങ്ങൾക്കും ദൈവിക രഹസ്യങ്ങൾക്കും ഉള്ള പരിഹാരം നിന്നിൽ കണ്ടിരിക്കുന്നു. മോശ നിന്നെ എരിയുന്ന മുൾപ്പടർപ്പിലും മേഘപടലത്തിലും കണ്ടു, യാക്കോബ് നിന്നെ ഗോവണിയിൽ ചിത്രീകരിച്ചു, ഉടമ്പടിയുടെ പേടകമായി ദാവീദ് നിന്നെ കണ്ടു. അടയ്ക്കപ്പെട്ടതും മുദ്ര വച്ചതുമായ വാതിലിൽ ഹസ്കിയേൽ

www.malankaralibrary.com

നിന്നെ കണ്ടു. നിന്റെ ജനനത്തോടുകൂടെ എല്ലാ ദിവ്യ രഹസ്യങ്ങളും നിറവേറിയിരിക്കുന്നു. മറിയാമിൽനിന്ന് ഉദിക്കുകയും നമ്മെ തെറ്റുകളിൽനിന്ന് വിടുവിക്കുകയും ആകാശത്തിലും ഭൂമിയിലും അവളുടെ ഓർമ്മ കൊണ്ടാടുകയും ചെയ്യുന്ന ഏക ജാതനെ അയച്ച പിതാവിന് സ്തുതി.

അവനെ ഗർഭം ധരിച്ച അല്ലയോ മറിയാമേ, നീ വാഴ്ത്തപ്പെട്ടവളാകുന്നു; അവനെ പ്രസവിച്ച നീ വാഴ്ത്തപ്പെട്ടവളാകുന്നു. എല്ലാറ്റിനേയും പോഷിപ്പിക്കുന്നവനെ പരിപോഷിപ്പിച്ച നീ വാഴ്ത്തപ്പെട്ടവളാകുന്നു. തന്റെ ശക്തിയാൽ ലോകത്തെ വഹിക്കുകയും എല്ലാറ്റിനേയും നിയന്ത്രിക്കുകയും ചെയ്യുന്ന ശക്തനായവനെ നിന്റെ ഉദരത്തിൽ വഹിച്ചതിനാൽ നീ ഭാഗ്യവതിയാകുന്നു. ആദാമിന്റെ വംശത്തിലെ പുത്രന്മാരെ നശിപ്പിക്കുന്ന അഗ്നിയെ അധരങ്ങൾകൊണ്ട് ചുംബിച്ച നീ അനുഗൃഹീതയാകുന്നു. നിന്നെ ഇപ്പോൾ ഭാഗ്യവതി എന്ന് കീർത്തിക്കുന്ന ഭൂമി മുഴുവൻ പ്രകാശം ചൊരിയുന്നത് നിന്റെ ഉദരത്തിൽനിന്നും പുറപ്പെട്ട തേജസ്സായതിനാൽ നീ അനുഗൃഹീതയാകുന്നു. നിന്റെ പാൽകൊണ്ട് നീ ദൈവത്തെ പോറ്റി, അതിനാൽ നീ വാഴ്ത്തപ്പെടുന്നു. അവിടുന്ന് തന്റെ കരുണയാൽ ചെറിയവനായി, എളിയവരെ വലിയവരാക്കാൻ.

ഞങ്ങളുടെ സങ്കേതമേ, നിനക്കു മഹത്ത്വം, ഞങ്ങളുടെ അഭിമാനമേ, നിനക്കു കീർത്തനം, കാരണം, നിന്റെ പ്രവർത്തനം വഴി ഞങ്ങളുടെ ഗോത്രത്തെ സ്വർഗംവരെ ഉയർത്തി. തന്റെ സഭയ്ക്ക് സമാധാനവും ശാന്തിയും അയച്ചു തരാൻ, നിന്നിൽ നിന്നും ജാതനായ ദൈവത്തോടു പ്രാർത്ഥിക്കണമേ. നിന്റെ പ്രാർത്ഥനയുടെ ശക്തിയാൽ അത്യുന്നതന്റെ അമ്മേ, അവിടുന്ന് ഭൂമിക്കും അതിലെ നിവാസികൾക്കും പൂർണ സമാധാനം തരുമാറാകട്ടെ. മറിയത്തിൽനിന്ന് ഉദയം ചെയ്യുകയും അവളെ അമ്മയാക്കുകയും അവളുടെ പൈതലാവുകയും ചെയ്തവന് കീർത്തനം. മനുഷ്യനായിത്തീരുകയും പറുദീസായുടെ ഔന്നത്യത്തിലേക്ക് മനുഷ്യരെ ഉയർത്തുകയും ചെയ്ത രാജാക്കന്മാരുടെ രാജാവ് വാഴ്ത്തപ്പെട്ടവനാകട്ടെ. നമ്മുടെ വീണ്ടെടുപ്പിനായി അവനെ അയച്ചവനു സ്തുതി, നമ്മുടെ പാപങ്ങൾ നീക്കുന്ന പരിശുദ്ധാത്മാവിനു മഹത്ത്വം.

www.malankaralibrary.com

## 21. വിശുദ്ധ ജോൺ ഡമഷീൻ (+ 749)

മാതാവിന്റെ സ്വർഗാരോപണത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു: ജീവന്റെ പ്രഭവസ്ഥാനം മരണത്തിലൂടെ ജീവനിലേക്ക് എടുക്കപ്പെട്ടിരിക്കുന്നു. അമ്മയാകുന്ന നിമിഷത്തിൽ ആര് പ്രകൃതിയുടെ നിയമത്തെ മറികടന്നുവോ അവൾ അതിന് സ്വയം അർപ്പിക്കുന്നു. തന്റെ അമലമായ ശരീരത്തെ മരണത്തിന് ഏൽപിച്ചു കൊണ്ട് ഒരിക്കൽ ഈ നശ്വരമായ വസ്ത്രത്തെ (ശരീരത്തെ) നീക്കിക്കളഞ്ഞാൽ, നാമെല്ലാവരും അനശ്വരമായ വസ്ത്രം ധരിക്കും (1 കോറി.15:53). ചുരുക്കത്തിൽ, ഒരുവന്റെ നാശത്തെ പുനർജീവന്റെ ഉറവയാക്കി തീർക്കുക. പ്രപഞ്ചസ്രഷ്ടാവ്, മനുഷ്യാവതാരം ചെയ്ത ദൈവം, ആരുടെ ആത്മാവിൽ പാർത്തുവോ, ആ ആത്മാവിനെ സ്വകരങ്ങളിൽ സ്വീകരിക്കുന്നു. മനുഷ്യരോടുള്ള തന്റെ അനന്തമായ സ്നേഹത്തിലും രക്ഷാകരപദ്ധതിക്കനുസരണമായും മനുഷ്യശരീരം സ്വീകരിച്ച് മനുഷ്യരുമായി ഒരുമിച്ചു സഹവസിക്കുകയും അവൾ സൃഷ്ടിയായിരുന്നിട്ടും അവളെ തന്റെ അമ്മയായി സ്വീകരിക്കുകയും ചെയ്ത് അവൾക്ക് അർഹമായ ആദരവ് നൽകി.

സ്വാഭാവികമായി ചിന്തിക്കാവുന്നതുപോലെ, നീ മനുഷ്യതിൽനിന്നും പിരിയുന്ന അവസരവും കാത്ത് മാലാഖമാരുടെ ഗണങ്ങൾ നോക്കിനിൽക്കുകയായിരുന്നു......... നീ ഉൾപ്പെടുന്ന നിഗൂഢമായ ദൈവികരഹസ്യത്തെ ഞങ്ങൾ എങ്ങനെ വിളിക്കണം? ഒരുപക്ഷെ "മരണ"മെന്ന പേരാണോ അതിന് നൽകേണ്ടത്? പ്രകൃതിനിയമം അനുസരിച്ച് നിന്റെ പ്രത്യേക പദവി ഉള്ളതും നിർമ്മലവുമായ ശരീരത്തിൽനിന്ന് അനുഗൃഹീതവും വിശുദ്ധവുമായ ആത്മാവ് വേർപിരിയുകയും പ്രസ്തുത ശരീരം നിയമാനുസൃതമായി സംസ്കാരത്തിന് നൽകപ്പെടുകയും ചെയ്തു എങ്കിലും, അത് മരണത്തിൽ നിലനിൽക്കുന്നില്ല. ദുഷിച്ച് അഴുകി പോകുന്നുമില്ല. കന്യാത്വത്തെ കാത്തു സൂക്ഷിച്ച വ്യക്തിയുടെ ശരീരം, ജനിച്ചതാണെങ്കിലും മരണമുണ്ടായിട്ടും അഴുകാതെ കാക്കപ്പെട്ടു. അല്ല, മരണത്തിന് അതീതവും എന്നന്നേക്കും നിലനിൽക്കുന്നതുമായ കൂടുതൽ മഹത്ത്വപൂർണവും ദൈവികവുമായ സക്രാരിയായി രൂപാന്തരപ്പെടുത്തുന്നതിനു വേണ്ടിയാണത്. വേറൊരു വിധത്തിൽ, സൂര്യൻ ഏറ്റവും

www.malankaralibrary.com

തിളങ്ങുന്നതും ഇടതടവില്ലാതെ പ്രകാശമുള്ളതുമാണെങ്കിലും ചന്ദ്രൻ അതിനെ മറയ്ക്കുന്നു. അപ്രത്യക്ഷമാകുന്നതായി കാണുന്നു. കറുത്തതും ഇരുട്ടുകൊണ്ട് സ്വന്തം തിളക്കം മാറ്റുന്ന തായിട്ടും കാണപ്പെടുന്നു. പക്ഷെ, യഥാർത്ഥത്തിൽ അപ്രകാരം സംഭവിക്കുന്നില്ല, പ്രകാശത്തിന്റെ പ്രഭവമായി ഇടതടവില്ലാതെ വിരാജിക്കുന്നു എന്നുമാത്രമല്ല തിളക്കത്തിന്റെ ഒരിക്കലും കുറയാത്ത ഉത്ഭവസ്ഥാനമായി കാണപ്പെടുകയും ചെയ്യുന്നു. കാരണം, അതിന്റെ സ്രഷ്ടാവ് അപ്രകാരം അതിനെ സൃഷ്ടിച്ചു; വ്യത്യസ്തമല്ലാതെ തീർച്ചയായും സത്യപ്രകാശത്തിന്റെ ഒരു നിത്യ പ്രഭവസ്ഥാനമാണ് നീ; ജീവന്റെ ഒരിക്കലും തീർന്നുപോകാത്ത കലവറയും അനുഗ്രഹങ്ങളുടെ ഫലദായകമായ സ്രോതസും ഞങ്ങളുടെ സുസ്ഥിതിയുടെ ആദികാരണവും ഉത്ഭവവും നീ തന്നെ. മരണം താത്കാലികമായി നിന്റെ ശരീരത്തെ കുറച്ചു എങ്കിലും, നിന്നിൽ നിന്നും തിളക്കമാർന്ന പ്രകാശധാരയുടെ പ്രസ ന്നവും വറ്റാത്തതുമായ ഉറവകൾ നിർഗളിക്കുന്നു. അതുപോലെ അനശ്വര ജീവന്റെയും നിർവ്യാജമായ ആനന്ദത്തിന്റെയും ഉറവകളും, കൃപാ നദികളും, സ്വസ്ഥമാക്കുന്ന നീർച്ചാലുകളും പൊട്ടിപ്പുറപ്പെടുന്നു. എല്ലാം ആദ്യന്തമില്ലാത്ത അനുഗ്രഹങ്ങൾ. കാട്ടുപ്രദേശത്തെ തരുക്കളുടെ ഇടയിൽ ആപ്പിൾ മരം പോലെയാണ് നീ; വിശ്വാസികളുടെ രുചിക്ക് നിന്റെ ഫലം മാധുര്യമുള്ളതാണ്. നിന്റെ വിശുദ്ധ കടന്നുപോക്കിനെ ഞങ്ങൾ "മരണം" എന്നു വിളിക്കില്ല; പ്രത്യുത, "മയക്കം", "യാത്ര" അല്ലെ ങ്കിൽ ഒന്നുകൂടി മെച്ചപ്പെട്ട് "ആഗമനം". ശരീരത്തെ ഉപേക്ഷിച്ച് നല്ലകാര്യങ്ങളുടെ ഇടയിൽ നീ ജീവിക്കുന്നതിന് പോകുന്നു.

## 22. വിശുദ്ധ തോമസ് അക്വീനാസ് (1225 - 1274)

വേദപാരംഗതനായ വിശുദ്ധ തോമസ് അക്വീനാസ് പരിശുദ്ധ മറിയം പരിത്രാണകർമ്മത്തിൽ വഹിച്ച പങ്കിനെക്കുറിച്ച് ഇപ്രകാരം പറയുന്നു: "പരിശുദ്ധ കന്യക മനുഷ്യാവതാര രഹസ്യ ത്തിന് സമ്മതം നൽകിക്കൊണ്ട് ദൈവമാതൃത്വം വഴിയായും മിശിഹായുടെ പീഡാനുഭവത്തിൽ സഹതാപത്തിലൂടെയും മാനവ കുലത്തിന്റെ ആദ്ധ്യാത്മിക ജനനി, സകല വരപ്രസാദങ്ങളു ടെയും മദ്ധ്യസ്ഥ എന്നീ വിവിധ നിലകളിൽ പരിത്രാണകൃത്യ

www.malankaralibrary.com

ത്തിൽ സജീവമായി സഹകരിക്കുന്നു. ദൈവം അവിടുത്തെ പരിപാലനാ വൈഭവത്തിൽ ഭാഗഭാഗിത്വം സൃഷ്ടികൾക്കും നൽകുന്നത് താഴ്ന്ന നിലയിലുള്ള സൃഷ്ടികളെ ഉന്നത സൃഷ്ടികൾ വഴി നയിക്കുന്നതി നായി കാണാം"[29] എന്ന് പ്രസ്താവിക്കുന്നു. "കന്യക ഔചിത്യ രീത്യാ ദൈവമാതൃത്വം എന്ന സമുന്നത പദം സ്വന്തം യോഗ്യതയാൽ സമ്പാദിച്ചു" എന്നാണ് വേദപാരംഗത നായ വിശുദ്ധ തോമസ് അക്വീനാസിന്റെ അഭിപ്രായം[30] മനുഷ്യാവതാര രഹസ്യത്തിന് പരിശുദ്ധ കന്യകയുടെ സമ്മതം അനുപേഷണീയമായിരുന്നു എന്നാണ് വിശുദ്ധ തോമസ് അക്വീനാസിന്റെ അഭിമതം. ദൈവസുതനും മനുഷ്യസ്വഭാവവും തമ്മിലും, മനുഷ്യാവതാരം, മിശിഹായും സഭയും തമ്മിലും ഉള്ള ഒരു വിവാഹമായി പരിഗണിക്കേണ്ടിയിരിക്കുന്നു. ഈ ബന്ധ ത്തിന് സമ്മതം അത്യന്താപേക്ഷിതമാണ്. അതുകൊണ്ട് മറിയം സഭയേയും മാനവകുലത്തെയും പ്രതിനിധാനം ചെയ്തുകൊണ്ട് സമ്മതം നൽകി. ഈ വിവാഹത്തിന് വധുവായിത്തീരുകയും തദ്വാര പരിത്രാണകർമ്മത്തിൽ യഥാർത്ഥമായി സഹകരിക്കു കയും ചെയ്തു.[31]

ശിമയോന്റെ പ്രവചനത്തെ പരാമർശിച്ച് ഇപ്രകാരം രേഖപ്പെടുത്തുന്നു: "ആ പ്രവചനം പല വസ്തുതകൾ നമ്മെ അനുസ്മരിപ്പിക്കുന്നു. ഒന്നാമത്, പരിശുദ്ധ കന്യകയുടെ സഹനം സീമാതീതമാണ്. നാം നമ്മുടെ സുഹൃത്തുക്കൾ വഴിയായി വല്ലതും ചെയ്യുമ്പോൾ അത് നാം തന്നെ ചെയ്യുന്നതായി പരിഗ ണിക്കാം. സ്നേഹവും സഖിത്വവും രണ്ട് വ്യക്തികളെ ഒന്നാ ക്കുന്നു. ദിവ്യകന്യകയും മിശിഹായും തമ്മിലുള്ള സ്നേഹവും ഐക്യവും എത്ര വലുതാണ്. അതുകൊണ്ടുതന്നെ മിശിഹാ ചെയ്തത് പരിശുദ്ധ കന്യക ചെയ്തു എന്നു പറയുന്നതിന് സാധി ക്കും. എന്നാൽ പരിശുദ്ധ കന്യക അതിലുമുപരിയായി പരിത്രാണ കർമ്മത്തിൽ സജീവമായി സഹകരിച്ചു. കുരിശിൻ ചുവട്ടിൽ നിന്നുകൊണ്ട് പുരുഷൻ സ്ത്രീയോട് നീ വഴിയായിട്ടാണ് ഞാൻ ശപിക്കപ്പെട്ടത് എന്നു പറയുന്ന പക്ഷം സ്ത്രീക്ക് പറയുവാൻ സാധിക്കും ഞാൻ വഴിയാണ് നീ രക്ഷപെട്ടിട്ടുള്ളത് എന്ന്.

സഭാപിതാക്കന്മാർ ഓരോരുത്തരും വിശുദ്ധ മറിയത്തി ന്റെ നിർമ്മലതയേയും, ദൈവമാതൃത്വത്തെയും നിത്യ കന്യാത്വ

www.malankaralibrary.com

ത്തെയും നിരന്തരം പ്രകീർത്തിക്കുകയും, രക്ഷകന്റെ അമ്മയെ മനുഷ്യകുലത്തിന്റെ മുഴുവൻ അമ്മയായി അംഗീകരിക്കുകയും, ദൈവം എളിയവളായ മറിയത്തിന് നൽകിയ അത്യുന്നത സ്ഥാനത്തെ നിരന്തരം വാഴ്ത്തുകയും ചെയ്യുന്നു.

നിരന്തരമായ ധ്യാനത്തിലൂടെ, പ്രാർത്ഥനയിലൂടെ ഉരുത്തിരിഞ്ഞ മനോഹരങ്ങളായ ദൈവമാതൃ സ്തുതിപ്പുകൾ, പ്രാർത്ഥനകൾ ഇവയൊക്കെയിൽനിന്നും സഭാപിതാക്കന്മാർ മറിയത്തിനു നൽകുന്ന പ്രാധാന്യം വ്യക്തമാകും. മലങ്കര ആരാധന ക്രമത്തിൽ, വിശുദ്ധ കുർബ്ബാനയിലും മാതാവിന്റെ പ്രത്യേക തിരുനാളുകളിലും അനുദിന പ്രാർത്ഥനകളിലും വിശുദ്ധ മറിയത്തെ പ്രകീർത്തിച്ചുകൊണ്ടുള്ള പ്രാർത്ഥനകൾ ചുരുക്ക മായി തുടർന്ന് പ്രതിപാദിക്കാം.

## II. മലങ്കരസഭയുടെ ഔദ്യോഗിക പ്രാർത്ഥനകളിൽ

അന്ത്യോക്യൻ ആരാധനക്രമം ആണ് മലങ്കരസഭ ഉപയോഗിക്കുന്നത്. വിശുദ്ധ കന്യകമറിയാമിന് വളരെ ഉന്നതമായ സ്ഥാനമാണ് അന്ത്യോക്യൻ ആരാധന - പ്രാർത്ഥന ക്രമങ്ങളിൽ നൽകിയിട്ടുള്ളത്. യാക്കോബായ ഓർത്തഡോക്സ് സഭാ വിഭാഗങ്ങൾ അന്ത്യോക്യൻ ആരാധനാക്രമം സ്വീകരിച്ചതുകൊണ്ട് വിശുദ്ധ മറിയാമിനെ പ്രത്യേകം സ്മരിക്കുന്നു, ആദരിക്കുന്നു. അവളുടെ വിവിധ തിരുനാളുകൾ ആഘോഷിക്കുന്നു. രണ്ടു തിരുനാളുകളുടെ ആഘോഷങ്ങൾക്ക് ഒരുക്കമായി നോമ്പുകൾ ആചരിക്കുന്നു. അവരുടെ നമസ്കാരക്രമങ്ങളിൽ പരിശുദ്ധ കന്യകാമാതാവിനോട് പ്രത്യേക മാദ്ധ്യസ്ഥം യാചിക്കുന്നു. മലങ്കര കത്തോലിക്കാ വിശ്വാസികളും, യാക്കോബായ ഓർത്തഡോക്സ് സഭാവിഭാഗങ്ങൾ അന്ത്യോക്യൻ റീത്തനുസരിച്ച് നൽകുന്ന രീതിയിലുള്ള ബഹുമാനവും ആദരവും മാതാവിനു നൽകുന്നു. യാക്കോബായക്കാരുടെ ആരാധനക്രമത്തിലും നമസ്കാര ക്രമങ്ങളിലും കടന്നുകൂടിയിട്ടുള്ള ചില തെറ്റായ പ്രയോഗങ്ങൾ ദൂരീകരിച്ചുകൊണ്ട്, അതേ പ്രാർത്ഥനക്രമങ്ങളും ആരാധനാ രീതിയും പിൻതുടരുന്നു. കൂടാതെ, കത്തോലിക്കാ വിശ്വാസ

www.malankaralibrary.com

ത്തിനും പാരമ്പര്യത്തിനും ചേർന്ന ഭക്താഭ്യാസങ്ങളും മലങ്കര കത്തോലിക്കാ വിശ്വാസികൾ സ്വീകരിച്ചിട്ടുണ്ട്. കാലാന്തരത്തിൽ പരിശുദ്ധ മാതാവിന്റെ നാമത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഭക്തസംഘടനകളും മലങ്കര കത്തോലിക്കാ വിശ്വാസികളുടെ ഇടയിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. കന്യക മറിയം യേശുവിന്റെ അമ്മയാണ്, തങ്ങളുടെയും; ഏതു പ്രതിസന്ധിയിലും ഓടിയെത്തുന്നതിനും ആശ്രയം കണ്ടെത്തുന്നതിനും തങ്ങൾക്ക് ഒരഭയ സ്ഥാനമുണ്ടെന്നുള്ളത് ഏറ്റവും വലിയ ആശ്വാസകാരണമാണ്. ഇതാണ് വേദനയുടെയും കണ്ണുനീരിന്റെയും താഴ്വരയിൽ കൂടി കടന്നുപോകുന്ന എല്ലാ വിശ്വാസികളും കന്യകമറിയാമിനെ ഇത്രമാത്രം സ്നേഹിക്കുന്നതിനും ആദരിക്കുന്നതിനും നിദാനം.

വേദപുസ്തകം പഴയ - പുതിയ നിയമങ്ങളിലുള്ള സൂചനകൾ ആധാരമാക്കി വിശുദ്ധ അപ്പസ്തോലന്മാരും സഭാ പിതാക്കന്മാരും നൽകിയിട്ടുള്ള പ്രബോധനങ്ങളും നൂറ്റാണ്ടു കളിലൂടെ നമുക്കു കൈവന്നിട്ടുള്ള സഭയുടെ ഔദ്യോഗിക ഉദ്ബോധനങ്ങളും വിശുദ്ധ മാതാവിന് രക്ഷാകരപദ്ധതിയിലുള്ള ഉന്നതമായ സ്ഥാനത്തെ വെളിപ്പെടുത്തുന്നു. വിശുദ്ധ ജനനിയോട് സഭാമക്കളായ നാം എത്രമാത്രം കടപ്പെട്ടിരിക്കുന്നു എന്ന് സഭാപാരമ്പര്യം നമ്മെ പഠിപ്പിക്കുന്നു.

നന്മനിറഞ്ഞ മറിയത്തെക്കുറിച്ചുള്ള വർണനകൾ, അവളുടെ സാദൃശ്യ രൂപങ്ങൾ, പരിശുദ്ധ ത്രിത്വത്തോടും പ്രത്യേകിച്ച് ഓമന മകനായ യേശുവിനോടുമുള്ള ആ അമ്മയുടെ അനവദ്യമായ സ്നേഹം, ആ സ്നേഹബന്ധത്തിൽ നിന്നും നിർഗളിക്കുന്ന അവളുടെ അവാച്യമായ മാദ്ധ്യസ്ഥ ശക്തി ഇവയെല്ലാം അനുസ്മരിച്ചുകൊണ്ടുള്ള പ്രാർത്ഥനകൾ അന്ത്യോക്യൻ ആരാധനാ നമസ്കാരങ്ങളുടെയും തദ്വാര മലങ്കരസഭയുടെ ആരാധന - നമസ്കാരക്രമങ്ങളുടെയും അന്തഃസത്തയാണ്. മലങ്കരസഭയുടെ വിശുദ്ധ കുർബ്ബാനയിൽ മാതാവിനുള്ള സ്ഥാനം ഒന്നു വീക്ഷിക്കാം.

## 1. വിശുദ്ധ കുർബ്ബാനയിൽ വിശുദ്ധ മാതാവിനുള്ള സ്ഥാനം

സീറോ മലങ്കരസഭയുടെ വിശുദ്ധ കുർബ്ബാനതന്നെ രക്ഷാകര പദ്ധതിയിൽ ഉള്ള മാതാവിന്റെ പങ്കാളിത്തം അനുസ്മരിച്ചുകൊണ്ടാണ് ആരംഭിക്കുന്നത്. ഒരുക്ക ശുശ്രൂഷമുതൽ മാതാ

www.malankaralibrary.com

വിനെ അനുസ്മരിക്കുകയും മാദ്ധ്യസ്ഥം അപേക്ഷിക്കുകയും ചെയ്യുന്നു. ആരാധനയ്ക്ക് പുറത്തല്ല മറിയം ബഹുമാനിക്കപ്പെടേണ്ടത്. രക്ഷാകരപദ്ധതിയിലാണ് മാതാവിന്റെ പങ്ക്. കുറേ ഭക്താഭ്യാസങ്ങൾ നടത്തുന്നതിൽ അർത്ഥമില്ല. ആരാധനയ്ക്കകത്താണ് മാതാവിനെ അനുസ്മരിക്കേണ്ടത്. ഒരുക്കശുശ്രൂഷാ സമയങ്ങളിൽ ജനം ഇപ്രകാരം ചൊല്ലുന്നു:

"എരിതീനിര വിട്ടീറേ ദൂതനിറങ്ങിച്ചെന്ന്
ഇതമൊടു മറിയാം ഗൃഹമതിൽ നസറേത്തിൽ ചൊല്ലിയിത്
നിന്നൊടുകൂടെ കർത്താവീ
മന്നിടമഖിലം പാലിപ്പോൻ"
മുൾമരമെരിയാതെരിതീതൻ നടുവിൽ കണ്ടതുപോൽ
ചിന്മയനമ്മറിയാമിൽ വസിച്ചു ശരീരംപൂണ്ടു
അതിനാൽ ഭംഗവുമാ - ക്ക- ന്യാ
വ്രതമുദ്രയ്ക്കുണ്ടായില്ല. (വിശുദ്ധ കുർബ്ബാന P. 6-7).

ഒരുക്കശുശ്രൂഷയുടെ പ്രാരംഭ ഭാഗത്ത് വൈദികൻ ഇപ്രകാരം ചൊല്ലുന്നു: "ദൈവമാതാവായ വിശുദ്ധ മറിയാമിന്റെ ബഹുമതിക്കായി ഞങ്ങൾ അർപ്പിക്കുന്ന ഈ കുർബ്ബാനയിൽ അവളെ ഞങ്ങൾ പ്രത്യേകമായി സ്മരിക്കുന്നു. കർത്താവേ, അവളുടെ മാദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചിരിക്കുന്ന നിന്റെ ദാസനുവേണ്ടി അവൾ നിന്നോടു പ്രാർത്ഥിക്കുമാറാകണമേ". തുടർന്ന് പ്രുമിയോനിൽ ഇപ്രകാരം ചൊല്ലുന്നു: "കന്യകയുടെ ഉദരത്തിൽനിന്ന് ഉത്ഭവിച്ച് ആ മാതാവിന്റെ സ്മരണയെ മഹത്വപ്പെടുത്തി. .......... (വിശുദ്ധ കുർബ്ബാന തക്സാ P. 14-15).

പരസ്യ ശുശ്രൂഷ ആരംഭിക്കുന്നതുതന്നെ രക്ഷാകര പദ്ധതിയിൽ മാതാവിനുള്ള പങ്കിനെ അനുസ്മരിച്ച്, "കർത്താവെ, നിന്നെ പ്രസവിച്ച മറിയാമും നിനക്ക് മാമ്മോദീസാ നൽകിയ യോഹന്നാനും ഞങ്ങൾക്കു വേണ്ടി നിന്നോടപേക്ഷിക്കും" എന്നു പറഞ്ഞുകൊണ്ടാണ്. വിശ്വാസികൾ മാതാവിനോട് ഈ സമയം പ്രാർത്ഥനാ സഹായം യാചിക്കുന്നു.

"മാതാ പരിശുദ്ധൻമാർതൻ
പ്രാർത്ഥനയാ - ൽ കൃപചെയ്ക"

..........................................

www.malankaralibrary.com

മഹിമയെഴും പരിപാവന കന്യ
ദൈവജനനി മറിയാമ്മിൽ നിന്നു -
രുവായ് ജഡമേറ്റോ - ൻ നീ - യേ
ഭേദമതെന്യേ മനുജനുമായ് നീ"

(വിശുദ്ധ കുർബ്ബാന ക്രമം P 10-11)

തുടർന്ന് ഏവൻഗേലിയോനുശേഷം മാതാവിന്റെ മദ്ധ്യസ്ഥത അപേക്ഷിച്ചുകൊണ്ട് ഇപ്രകാരം ചൊല്ലുന്നു:

"ദൈവജനനീ
ധന്യേ കന്യകയേ
പരിമള ധൂപത്തോ-
ടൊന്നിച്ചെന്നും നിന്നോർമ്മ
മാതേ നിന്നുടെ പ്രാർത്ഥനയാൽ
ലോകാവ്യാപകമാം ശാന്തി
തിരുസഭ തന്നിൽ സംപ്രീതി
ഇവയെല്ലാം ഉളവാക്കീടണമേ".

(വിശുദ്ധ കുർബ്ബാന ക്രമം P. 41)

മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് ഇടയിൽ ഇപ്രകാരം ചൊല്ലുന്നു: "നിന്റെ ഏക പുത്രൻ ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി ദൈവമാതാവായ പരിശുദ്ധ കന്യകാമറിയാമിൽ നിന്നും ശരീരം ധരിക്കുകയും തന്റെ ദൈവിക വ്യാപാരത്താൽ അടിമത്തം നീക്കി ഞങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്തു."

മദ്ധ്യസ്ഥ പ്രാർത്ഥനയിൽ നാലാമത്തെ പ്രാർത്ഥനയിൽ മാതാവിനെ പ്രത്യേകം സ്മരിക്കുകയും മാദ്ധ്യസ്ഥം തേടുകയും ചെയ്യുന്നു. "ശുദ്ധിമതിയും ഭാഗ്യവതിയും അനുഗൃഹീതയും നിത്യകന്യകയും ദൈവമാതാവുമായ മറിയാമിനെയും............" (വിശുദ്ധ കുർബ്ബാനക്രമം. P. 23).

"കർത്താവേ, പരിശുദ്ധ കന്യക മറിയാമിന്റെയും............ പ്രാർത്ഥനയാൽ ഞങ്ങളെ സഹായിക്കണമേ" എന്നും പ്രാർത്ഥിക്കുന്നു. (വിശുദ്ധ കുർബ്ബാന തക്സാ. P. 151).

"മഹിമാ നായകനീശോയാം സത്യ പരൻതൻ മാതാവാം
നിർമ്മല കന്യക ഭാഗ്യവതി മറിയം പ്രാർത്ഥനയർപ്പിക്കും"

www.malankaralibrary.com

കന്യകമറിയാമിന്റെ ഓർമ്മപ്പെരുനാളുകളിൽ ഏവൻഗേലി യോൻ കഴിഞ്ഞ് ഇപ്രകാരം ചൊല്ലുന്നു:

“സ്വർഗത്തിന്റെ വാതിൽക്കൽ മറിയാം സ്ലീബായേ
തൃക്കൈതന്നിലേന്തീട്ട് പുത്രനോടർത്ഥിക്കും
പുത്രാ, നിന്നെ - വഹിച്ചീ സ്ലീബായും
നിന്നിൽ തറച്ചോ - രിയാണിമൂന്നും
ചങ്കിൽ കുത്തിയ ചവളവുമോർത്തെൻ ഗോത്രത്തെ
അരിശം നീക്കി കാക്കേണം എന്നുമെന്നേയ്ക്കും
ഹാലേലൂയ്യാ - സഭയിൻ മക്കളെ”

ശുനോയോ പെരുന്നാളിനും അതുമുതൽ സ്ലീബാപെരുന്നാൾ (സെ.14) വരെയുള്ള ഞായറാഴ്ചകളിൽ ഏവൻഗേലിയോനു ശേഷം ചൊല്ലുന്ന ഗീതം ഇപ്രകാരം ആണ്:

“കന്യക തൻ വേർപാടിൽ ‘ഓയാർ’
വാഴ്ത്തപ്പെട്ടു: ഭൂമിയതും
തിരുദേഹം കബറിൽ വെച്ചതിനാൽ
ശുദ്ധീകരണം പ്രാപിച്ചു.
വിൺമൺ വാസികളെല്ലാരും
അന്യോന്യം നിരകൾ ചേർന്നി
ട്ടത്യന്താമോദം പൂണ്ടു
ദൈവാലയമാം മാതാവിൻ
ദേഹത്തെയാഘോഷിച്ചു” (P.45).

വിശുദ്ധ കുർബ്ബാനയിൽ ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥനയിൽ മാതാവിനെ സ്തുതിക്കുന്നതും അവളുടെ ഓർമ്മ ആചരിക്കുന്നതും മാദ്ധ്യസ്ഥം യാചിക്കുന്നതുമായ വിവിധ കോലോകളും ബോവുസോകളും ദൈവമാതാവിന്റെ കുക്കിലിയോനിൽ കാണാൻ സാധിക്കും.

“നിന്നാൾ സ്തുതിയൊടു രാജമകൾ ഹാ - ഹാ
നിൻവലമായ് രാജഭാമിനിയും
നിന്നഴകരചൻ മോഹിപ്പാൻ ഹാ - ഹാ
നിൻജനമോർക്കായ്ക പിതൃഗൃഹവും.

എക്ബോ

www.malankaralibrary.com

ഭക്തർ പുകഴ്ചാ ഭാജനമേ
നിന്നിലുദിച്ചോരേക സുതൻ
തൃക്കരൾ ഞങ്ങളിലലിവാൻ തൻ
പക്കലപേക്ഷയണയ്ക്കേണം.

കോലോ

മന്നമകൾക്കായി ശ്ളോമ്മോ
വന്നേകി ദൂതവരൻ
നിന്നൊടുകൂടെൻ നാഥൻ നി-
ന്നിൽ തന്നുദയമതും.
അഖിലജഗൽപതിയെ നായകൻ
ആയേറ്റി ഘോഷിച്ചാൾ
അതി ബഹുമാനിച്ചു മറിയാം
വലുതാം പടവായ്താൻ.

ബോവൂസോ

മോറാനീശോ, കുരിശും നിൻ
മാതൃജനത്തിൻ പ്രാർത്ഥനയും
അടികളെയും നിൻ കോപത്തിൽ
വടികളേയും മായ്ച്ചീടേണം (P. 28-29) കോലോകൾ

ദൈവത്തിൻ മാതാ മറിയാമിന്നും നിബിയ-
ന്മാർക്കും ശ്ലീഹന്മാ-ർക്കും നൽസഹദേന്മാർക്കും
സഭയിൽ മക്കൾക്കേവർക്കും കാലംതോറും
എന്നേയ്ക്കും നല്ലോരോർമ്മയതുണ്ടാകട്ടെ.
തിരുവുള്ളത്താൽ കന്യകയാം മറിയാമ്മിന്നുൾ
ജാതനായ് ജാതി-ക്കാരെ വഴി നേരാക്കി
രക്ഷിച്ചവൾ തന്നോർമ്മയ്ക്കൗന്നത്യം ചേർത്ത
സുതനായ് സ്തോത്രം പ്രാർത്ഥിക്കട്ടവൾ ഞങ്ങൾക്കായ്.

വേറൊന്ന്

www.malankaralibrary.com

വാഴ്‌വായ്‌തീരണമേ - മറിയാമ്മിന്നോർമ്മ
അവൾ പ്രാർത്ഥന ഞങ്ങൾക്കാത്മാവിനു കോട്ട
ദൈവാംബിക കന്യാ - മറിയാമ്മിനായി
പരിമള ധൂപചുരുൾ - വായുവിലുയരുന്നു.

ബോവൂസോ

ഞങ്ങൾക്കായുള്ളർത്ഥന നീ
നിർത്തീടരുതേ പരിശുദ്ധേ,
ഏകാത്മജനോടർത്ഥിക്ക
ഞങ്ങളിലാർദ്രത തോന്നീടാൻ (P 54-55).

ദൈവമാതാവിന്റെ പെരുന്നാളുകളിൽ ചൊല്ലുന്ന ഗീതം.

"ഉണ്ടാ-കട്ടെ നല്ലോർമ്മ
നാഥാ നിന്നുടെ ജനനീയാം
കന്യക മറിയാമിന്നെന്നും
അവൾ യാചന തുണയാകട്ടെ.

ശുനോയോ പെരുന്നാളിനും അതിനുശേഷം സ്ലീബാ പെരുന്നാൾ വരെയുള്ള ഞായറാഴ്ചകളിലും ചൊല്ലുന്ന ഗീതം.

"വിൺമൺ വാസികളാൽ മറിയാം
കബറിലടയ്ക്കപ്പെട്ടപ്പോൾ
ആത്മശോഭ നിറഞ്ഞുള്ള
സദനത്തിൽ ആരോഹിതയായ് " (P. 62)

മാതാവിന്റെ മറ്റു പെരുന്നാളുകളിൽ ഉപയോഗിക്കുന്ന ഗീതം.

"നിൻ പ്രാർത്ഥന - മാതാ - മറിയാമേ, എന്നും
കോട്ടയതാവട്ടെ ആശിഷ - മേകീടുക" (P. 63)

രക്ഷാകരമായ തന്റെ ആവിർഭാവത്താൽ പാപാന്ധകാരവും വിനാശകരമായ മാർഗഭ്രംശവും ഞങ്ങളിൽനിന്നും നീക്കിക്കളഞ്ഞവനും ഞങ്ങളുടെ രക്ഷകനുമായ മിശിഹായുടെ മാതാവേ, സർവ്വ സൗന്ദര്യ സമ്പൂർണയായ കന്യകയെ, നിന്റെ സ്തുതികീർത്തനം നടത്തുവാൻ കഴിയുന്ന നാവുകൾ ഏവയാണ്? മാലാഖമാരുടെ നാഥൻ നിന്നിൽ അധിവസിച്ചു എന്ന

www.malankaralibrary.com

ശാരീരിക രഥമേ നിനക്കുഭാഗ്യം! അത്യുന്നതൻ ആരിൽനിന്ന് ആവിർഭവിച്ചുവോ ആ ആദ്ധ്യാത്മിക മുൾപ്പടർപ്പും പേടകവുമേ നിനക്കു ഭാഗ്യം! കൃപനിറഞ്ഞവളേ, കൃപാപൂർവ്വം ഞങ്ങളുടെ പാപങ്ങളും അവിവേകങ്ങളും നീക്കിക്കളയുവാനും ഞങ്ങളേയും പരേതരേയും സ്വർഗീയ ജറുസലേമിലെ വാസസ്ഥലങ്ങൾക്കും സുകൃതികളോടു കൂടെയുള്ള പരമാനന്ദത്തിലും യോഗ്യരാക്കുവാനും ഞങ്ങളോടൊപ്പം നീയും നിന്നിൽനിന്നുദിച്ച നിന്റെ പുത്രനോട് അപേക്ഷിക്കണമേ.

ദാവീദിൻ സുതയേ ഭാഗ്യം
കന്യകയാം ദൈവാംബികയേ
നിൻ ഉദരത്തിൽ ഫലമായോൻ
നിന്നോർമ്മയെ ബഹുമാനിച്ചു.

ഭൂലോകം മുഴുവന്റെയും അഭിമാനപാത്രവും രണ്ടാം സ്വർഗമെന്നു വിളിക്കപ്പെടുന്ന നിർമ്മല കന്യകയും ദൈവമാതാവുമായ വിശുദ്ധ മറിയാമും ഞങ്ങൾക്കുവേണ്ടി നിന്നോടപേക്ഷിക്കും.

ആരംഭമില്ലാത്ത പ്രകാശത്തിൽനിന്നുള്ള അനാദ്യന്ത പ്രകാശമായി ഉദിച്ചവനും കന്യക മാതാവിന്റെ ഉദരത്തിൽനിന്നു ജീവന്റെ പ്രത്യാശയായി ജനിച്ചവനും; തന്റെ മാതാവിന്റെ സ്മരണ സ്വർഗത്തിലും ഭൂമിയിലും ശ്രേഷ്ഠമാക്കി ആഘോഷിച്ചവനുമായ കർത്താവേ............

നിർമ്മലയാകും കന്യാമറിയാം നിൻമാതാവും
നിന്നവതാരം മുന്നറിയിച്ച നിബിയൻമാരും
നീതിസൂര്യൻ തൻ മുന്നോടി ഭാസുരതാരം
യോഹന്നാനും ഞങ്ങൾക്കായി പ്രാർത്ഥിക്കട്ടെ.

കന്യാമറിയാം സ്വർഗ്ഗം പൂകിയോരീപ്പെരുന്നാളിൽ
വാനവഗണവും ഭൂവാസികളും വിസ്മിതരായി
നിർമ്മലമാം തൻ തേജോ ഗാത്രം ബഹുമാനിപ്പാൻ
മാലാഖകളോടൊരുമിച്ചെത്തി പരിശുദ്ധന്മാർ
ഞങ്ങൾക്കായി പ്രാർത്ഥിപ്പാൻ വിരമിക്കരുതേ പരിശുദ്ധേ
കൃപയിവർമേൽ വർഷിച്ചീടാൻ നിൻ സുതനോടായർത്ഥിക്ക.

www.malankaralibrary.com

പരിശുദ്ധ ദൈവമാതാവിന്റെ രക്ഷാകര രഹസ്യത്തിലുള്ള പങ്കിനെ അനുസ്മരിക്കുന്ന വിശുദ്ധ കുർബ്ബാനയ്ക്ക് മുമ്പുള്ള ഗീതം.

"ധന്യേ! മാതാവേ-നിന്നോടുള്ളൻപാൽ
പാപത്തിൻ ഭാരം - നാഥൻ നീക്കട്ടെ
ന്യായത്തീർപ്പിങ്കൽ - പായിക്കാതമ്മേ
പ്രാർത്ഥിക്കേണം നീ - നിൻ പുത്രൻ മുമ്പിൽ
ഹാലേലുയ്യാ - ഉ - ഹാലേലൂയ്യാ
നിൻയാചിപ്പെന്നും - ഞങ്ങൾക്കാലംബം
സീനായ് ശൈലത്തിൽ - മൂശാ ദർശിച്ച
മുൾക്കൂട്ടം കന്യേ! നിൻ ചിത്രം തന്നെ
മാതാവേ! മുള്ളായ് കണ്ടാൽ നിൻ ദേഹം
തീണ്ടാഞ്ഞൊര - പ്പാത്രം കന്യാത്വം
ഹാലേലുയ്യാ - ഉ - ഹാലേലൂയ്യാ
അന്തർഭാഗാഗ്നി - ഗർഭസ്ഥൻ ദൈവം
കന്യാമേഘം ഭൂ-ലോകേശൻ തന്നെ
എവ്വണ്ണം പൂണ്ടെ-ന്നെന്നോടോതുന്നു
മാലാഖമുമ്പൻ - ഗബ്രിയേൽ ചൊന്നാൻ
ലോകേശൻ നാഥൻ - വാഴ്വുനിന്നുള്ളിൽ
ഹാലേലുയ്യാ - ഉ - ഹാലേലൂയ്യാ
താൻതന്നേ സത്യം - വിശ്വത്തെ വീണ്ടോൻ.
വാഴ്വിനാകട്ടെ- മാതാവിന്നോർമ്മ
മാദ്ധ്യസ്ഥം നമ്മൾ - ക്കെന്നാളും കോട്ട
തന്നിൽ നിന്നല്ലോ - ശ്ലീഹന്മാർ നാഥൻ
ലോകം രക്ഷിപ്പാൻ - സംജാതം ചെയ്തു
ഹാലേലുയ്യാ - ഉ - ഹാലേലൂയ്യാ
താൻ തന്നെ സത്യം - വിശ്വത്തെ വീണ്ടോൻ.

ഇതിൽനിന്നെല്ലാം മലങ്കരസഭയുടെ ആരാധന ക്രമത്തിൽ ആരാധനയുടെ ഏറ്റവും പ്രധാനപ്പെട്ട വിശുദ്ധ കുർബാനയിൽ

www.malankaralibrary.com

മാതാവിനുള്ള സ്ഥാനം നമുക്ക് മനസ്സിലായി. വിശുദ്ധ മാതാവിന് നമ്മുടെ ആരാധനയിൽ കൊടുക്കുന്ന സ്ഥാനം മനസ്സിലാക്കാൻ കൂടുതൽ സഹായകമാണ് വിശുദ്ധ പെരുന്നാളു കളിലും അതുപോലെ പ്രതിദിന പ്രാർത്ഥനക്രമത്തിലും ഉള്ള പ്രാർത്ഥന കൾ. അവ കൂടി പരിശോധിക്കുമ്പോൾ ആരാധനയ്ക്ക് പുറത്തല്ല വിശുദ്ധ ആരാധനയ്ക്ക് ഉള്ളിൽ തന്നെയാണ് പരിശുദ്ധ മാതാ വിന്റെ സ്ഥാനം എന്ന് മനസ്സിലാകും തുടർന്ന് വിശുദ്ധ പെരു ന്നാളുകളിൽ ഉള്ള സ്ഥാനം പരിശോധിക്കാം.

## 2. വിശുദ്ധ ദൈവമാതാവിന്റെ പെരുന്നാളുകൾ.

ദൈവമാതാവായ വിശുദ്ധ കന്യകാമറിയാമിന്റെ ജനനത്തിരുനാളിനായി പ്രത്യേക പ്രാർത്ഥനകളോടും ഭക്താനുഷ്ഠാനങ്ങളോടും കൂടി ഒരുങ്ങുന്ന വിശ്വാസികളുടെ സംഖ്യ ഇന്ന് ശീഘ്രമായി വർദ്ധിച്ചുവരികയാണ്. രക്ഷകന്റെ പക്കലേക്ക് നമ്മെ ആനയിക്കുന്നതിന്, ദൈവമാതാവിന് പ്രത്യേക നൽവരം ദൈവം നൽകിയിട്ടുണ്ട്. “മറിയം വഴി യേശുവിലേക്ക്” എന്നാണല്ലോ പിതാക്കന്മാർ നൽകിയിട്ടുള്ള ഉപദേശം. യേശു പരസ്യശുശ്രൂഷ ആരംഭിക്കുമ്പോൾ, കാനായിലെ കല്യാണവേള യിൽ, “അവൻ പറയുന്നതുപോലെ നിങ്ങൾ ചെയ്യുവിൻ” എന്നാണല്ലോ മാതാവു നിർദ്ദേശിച്ചത്.

മലങ്കരസഭയുടെ ആചാരാനുഷ്ഠാനങ്ങൾക്ക് യോജിച്ച വണ്ണം, നമ്മുടെ ലിറ്റർജിക്കൽ കമ്മീഷൻ എട്ടുനോമ്പിനുവേണ്ടി പ്രത്യേകം തയ്യാറാക്കിയ പ്രാർത്ഥനാപുസ്തകം ദൈവമാതൃഭക്തി വളർത്തുന്നതിനും ക്രിസ്തീയ ജീവിതം പരിപോഷിപ്പിക്കു ന്നതിനും വളരെ പ്രയോജനകരമാണ്. വളരെ മനോഹരങ്ങളായ പ്രാർത്ഥനകളും, ഗീതങ്ങളും, പ്രുമിയോനുകളും, സെദറാകളും ഇതിൽ അടങ്ങിയിരിക്കുന്നു. മംഗളവാർത്ത, മാതാവിന്റെ ജനനം, മാതാവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ, പ്രതീകങ്ങൾ ഇവയെല്ലാം വളരെ മനോഹരമായി പ്രതിപാദിക്കുന്നു. പരിശുദ്ധ മാതാവിന്റെ ജനനപ്പെരുന്നാളിൽ സന്ധ്യാപ്രാർത്ഥന മുതലുള്ള പ്രാർത്ഥനകൾ അവളുടെ വിശുദ്ധിയും അവളുടെ താഴ്മയും, മഹത്ത്വവും വർണിച്ചുകൊണ്ടുള്ള പ്രുമിയോനുകളും, കോലോകളും പരിശോധിക്കുമ്പോൾ മലങ്കര ആരാധനയിൽ മാതാവിനുള്ള പങ്ക് എത്ര മഹോന്നതമാണ് എന്ന് മനസ്സിലാകും.

www.malankaralibrary.com

"തന്നെ ഉദരത്തിൽ വഹിക്കുകയും പ്രസവിക്കുകയും ചെയ്ത കന്യകയെ ശുദ്ധീകരിക്കുകയും ശ്രേഷ്ഠതപ്പെടുത്തുകയും ചെയ്ത മഹത്ത്വമുള്ള പരിശുദ്ധനായവൻ തന്റെ ദാസിയുടെ താഴ്മയെ തൃക്കൺപാർത്ത് തന്റെ ശ്രേഷ്ഠതയ്ക്ക് അവളെ മണവറയാക്കി. തനിക്കു വിവാഹം നിശ്ചയിക്കപ്പെട്ട സഭയിൽ അവളുടെ പെരുന്നാളിനെ ആഘോഷിക്കുന്ന ആ ഉന്നതനായ കർത്താവിനു സ്തുതി.

ഇസ്രായേലിന്റെ ദൈവമായ കർത്താവേ, നിന്റെ ദൈവത്വത്തിന്റെ ഉന്നതാവസ്ഥയിൽ പിതാവിനോടും മനുഷ്യത്വത്തിന്റെ വിനീതാവസ്ഥയിൽ മാതാവിനോടും സമനായിരിക്കുന്ന സത്യദൈവമാകുന്നു നീ. എസക്കിയേൽ ദീർഘദർശി തന്റെ പ്രവചനത്തിൽ അടയ്ക്കപ്പെട്ട വാതിലെന്ന് വിളിച്ച അവളിലൂടെ നീ പ്രവേശിച്ചു. ശാരീരിക രഥവും വിശുദ്ധ കന്യകയുമായ ആ മാതാവിനെ ഞങ്ങൾ ഓർക്കുന്നു. ആകയാൽ മാലാഖമാരുടെ എല്ലാ കൂട്ടങ്ങളെക്കാളും ഉയർന്നിരിക്കുന്ന അവളെ ഞങ്ങൾ പുകഴ്ത്തി മഹത്ത്വപ്പെടുത്തുന്നു. എന്തെന്നാൽ അവളുടെ നാഥന് അവൾ മാതാവായിത്തീരുകയും അവളുടെ സ്രഷ്ടാവിനെ അവൾ മുലപ്പാൽ കുടിപ്പിക്കുകയും ചെയ്തു. അവളെപ്പറ്റിയുള്ള ദീർഘദർശനപ്രകാരം ഞങ്ങൾ പറയുന്നതെന്തെന്നാൽ, സ്ത്രീകളുടെ നിന്ദയെ നീക്കിക്കളഞ്ഞവളേ, നിനക്കു ഭാഗ്യം. തന്റെ രാജ്യം അവസാനിക്കാത്ത രാജാധിരാജൻ വസിച്ച രഹസ്യങ്ങളുടെ കൊട്ടാരമേ, നിനക്കു ഭാഗ്യം. നിന്റെ പുത്രൻമൂലം രക്ഷിക്കപ്പെട്ടിരിക്കുന്ന എല്ലാവരിൽനിന്നും നിനക്ക് ഭാഗ്യം. നിന്നിൽനിന്നു ജനിച്ച പുത്രനെ സ്തോത്രങ്ങളാൽ പുകഴ്ത്തിക്കൊണ്ട് ഞങ്ങൾ യാചിക്കുന്നു. നിന്റെ പ്രാർത്ഥനയിൽ ഞങ്ങളുടെ കടങ്ങൾ ക്ഷമിക്കപ്പെടുകയും വിശ്വാസികളായ മരിച്ചവർ സ്വർഗ്ഗീയാനന്ദത്തിൽ വിശ്രമിക്കുകയും ചെയ്യുമാറാകണമേ. നിന്നിൽനിന്നു ജനിച്ച ഞങ്ങളുടെ കർത്താവേശുമിശിഹായ്ക്കും അവന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഞങ്ങൾ ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതി കരേറ്റുമാറാകണമേ (P. 3-4).

ദൈവമാതാവിന്റെ അപദാനങ്ങൾ പുകഴ്ത്തുകയും അവളുടെ വിലയേറിയ മാദ്ധ്യസ്ഥം അപേക്ഷിക്കുകയും ചെയ്യുന്ന മനോഹരങ്ങളായ പ്രാർത്ഥനകൾ വീണ്ടും കാണാൻ കഴിയും.

www.malankaralibrary.com

"സകല സൗന്ദര്യങ്ങളുടെയും ഉൽക്കൃഷ്ടതയാൽ ദൈവത്തിന് കൃപമൂലം മാതാവായിത്തീർന്ന കന്യകയേ, കാലത്തികവിൽ നിന്നിൽനിന്നു ജനിച്ചവനോടു ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ. ഈ പരിമള ധൂപത്തോടൊന്നിച്ച് ഞങ്ങളുടെ പ്രാർത്ഥനകൾ ദൈവസന്നിധിയിലേക്ക് പ്രവേശിക്കുകയും കൈക്കൊള്ളപ്പെടുകയും ചെയ്യുമാറാകണമേ. തന്റെ മഹത്ത്വപ്രത്യക്ഷതയുടെ ദിവസത്തിൽ അവന്റെ വലതുഭാഗത്ത് ഞങ്ങളെ നിർത്തുകയും മുഖപ്രസാദത്തോടെ അവനും അവന്റെ പിതാവിനും പരിശുദ്ധാത്മാവിനും എന്നേക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ സമർപ്പിക്കുകയും ചെയ്യുമാറാകണമേ (P. 6).

"ദൈവമാതാവായ കന്യകാമറിയാമിൽനിന്നു തിരുവിഷ്ടപ്രകാരം ജനിച്ചവനും സകലത്തിലും പരിശുദ്ധനുമായ ദൈവമേ, നിന്റെ വിശുദ്ധിയിൽ ഞങ്ങളെ പവിത്രീകരിക്കണമേ. നിന്റെ മാതാവിന്റെ ജനനപ്പെരുന്നാളിനെ ഞങ്ങളും വിശുദ്ധിയോടെ കൊണ്ടാടുകയും അവളുടെ പ്രാർത്ഥനകളാൽ സഹായം പ്രാപിക്കുകയും യാചനകളാൽ ഞങ്ങൾ സംരക്ഷണയേൽക്കുകയും ചെയ്യുമാറാകണമേ. പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്ന പുത്രനായ മിശിഹാ! വിശുദ്ധ മാതാവിന്റെയും നിന്റെ സകല വിശുദ്ധന്മാരുടെയും ഓർമ്മയിൽ ഞങ്ങൾ നിനക്ക് സ്തുതി കരേറ്റുമാറാകണമേ" (P. 10).

**പ്രുമിയോൻ**

ഈറേന്മാർ വന്ദിക്കുകയും അന്ധകാരത്താൽ കീഴടക്കപ്പെടാത്ത നിത്യപ്രകാശവും, സൃഷ്ടികളെ പ്രകാശിപ്പിക്കുന്നവനുമായ സ്വർഗീയ പിതാവിൽനിന്നും മാറാതെതന്നെ ഇറങ്ങിവന്ന് വിശുദ്ധ കന്യകയിൽ വസിക്കുകയും ഞങ്ങളുടെ കുലത്തെ കരുണയോടും ദയവോടും സന്ദർശിക്കുകയും ചെയ്ത പുത്രനുമായ തനിക്കു സ്തുതി.

**സെദറാ**

ഹസ്കിയേൽ ദർശിച്ച രഥത്തേക്കാൾ ശ്രേഷ്ഠതയുള്ള വളായിത്തീർന്ന ദൈവമാതാവായ മറിയാമിന്റെ പുകഴ്ചകളെ

www.malankaralibrary.com

വർണിക്കുവാൻ കഴിവുള്ള ബോധമോ നാവോ ഏതാകുന്നു? ക്രോബേന്മാർ വന്ദിക്കുന്നവനെ ശരീരിയായി അവൾ വഹിച്ചു. അവൾ രണ്ടാമത്തെ ആകാശമായിത്തീർന്നു. നീതിയുടെ സൂര്യനെ ആഘോഷിച്ചു. നിർമ്മല രോമക്കെട്ടായ അവൾ സ്വർഗീയ മഴയെ സ്വീകരിച്ചു. കന്യാമാതാവായ അവൾ ശരീരിയായിത്തീർന്ന ദൈവത്തെ പ്രസവിച്ചു. അവൾ മൂലം ആദാമിന്റെ കടം വീട്ടപ്പെട്ടു. "സകലവംശങ്ങളും എനിക്ക് ഭാഗ്യം തരും'' എന്ന് അവൾതന്നെ പറഞ്ഞ പ്രവചനപ്രകാരം ദൈവമാതാവെന്ന നിലയിൽ നാം അവൾക്ക് ഭാഗ്യം ആശംസിച്ച് പറയണം. തന്റെ ദഹിപ്പിക്കുന്ന ശക്തിയെ ഒതുക്കുവാൻ ആകാശങ്ങൾക്ക് മതിയാക്കാത്തവന് മാതാവായിത്തീർന്നവൾക്ക് ഭാഗ്യം. തന്റെ ഉള്ളം കൈയ്യിൽ സൃഷ്ടിയെ വഹിച്ചിരിക്കുന്നവനെ കൈകളിൽ ആഘോഷിക്കുകയും തന്റെ ആംഗ്യത്താൽ ഉറവകൾ ഒഴുക്കുന്നവനെ മുലപ്പാൽ കുടിപ്പിക്കുകയും ചെയ്തവൾക്ക് ഭാഗ്യം. ആകയാൽ ഞങ്ങളുടെ മിശിഹാ തമ്പുരാനെ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. അവളുടെ പ്രാർത്ഥനകളാൽ കരുണയോടെ ഞങ്ങളെ രക്ഷിക്കണമേ. നിന്റെ കൃപയാൽ രോഗികൾക്ക് സൗഖ്യവും ഞെരുക്കമനുഭവിക്കുന്നവർക്ക് ആശ്വാസവും ജീവിച്ചിരിക്കുന്നവർക്ക് പ്രത്യാശയും മരിച്ചവർക്ക് ആശ്വാസവും നൽകണമേ. അശുദ്ധരായ ഞങ്ങൾ ശുദ്ധരും, മലിനരായ ഞങ്ങൾ നിർമ്മലരും ശാന്തരുമായി തീരുവാൻ ഇടയാക്കണമേ. ഭാഗ്യകരമായ അന്ത്യത്തിൽ ഞങ്ങൾ വന്ന് ചേരുമാറാകണമേ. ഞങ്ങൾ നിനക്ക് ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും അർപ്പിക്കുന്നു (P. 18-19).

## 2. വിശുദ്ധ ദൈവമാതാവിന്റെ ജനനപ്പെരുന്നാളിന്റെ പ്രാർത്ഥനക്രമം

### സന്ധ്യാപ്രാർത്ഥന

ബലഹീനന്മാരും പാപികളുമായ ഞങ്ങളുടെമേൽ അനുഗ്രഹവും കരുണയും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകണമേ. സകലത്തിന്റെയും നാഥനായ കർത്താവേ, യഥാർത്ഥമായ സ്തുതികളോടും മഹനീയമായ

www.malankaralibrary.com

ഗണങ്ങളോടും മാലാഖമാരുടെ സ്വർഗീയ ഗീതങ്ങളോടും കൂടെ നിന്നെ മഹത്ത്വപ്പെടുത്തുവാനും മനോഹരവും മറ്റെല്ലാ ദിനങ്ങളേയുംകാൾ ശ്രേഷ്ഠവുമായ നിന്റെ മാതാവിന്റെ ജനനപ്പെരുന്നാളിൽ വിശുദ്ധിയോടെ നിന്നെ പുകഴ്ത്തുവാനും ഞങ്ങളെ യോഗ്യരാക്കണമേ (P. 24).

## പ്രുമിയോൻ

കാലാവസാനത്തിൽ മറിയാമിൽനിന്ന് വരുവാൻ തിരുമനസ്സായ രാജാധിരാജന് സ്തുതി, അവന്റെ മാതാവ് ഈ ദിവസം ഭൂമിയിൽ ജാതയായി. അവളുടെ പ്രത്യക്ഷതയെ പ്രതീക്ഷിച്ചിരുന്ന നീതിമാൻമാർക്കും ദൈവികവ്യാപാരത്താൽ സന്തോഷവും ആനന്ദവും കൊണ്ടുവന്നു. അവളുടെ ജനനത്താൽ സഭയ്ക്ക് സന്തോഷത്തിന്റെ ഈ പെരുന്നാൾ നൽകിയവന് സ്തുതി. അവന് സന്ധ്യാ പ്രാർത്ഥനയുടെ ഈ സമയത്തും എല്ലാ പെരുന്നാളുകളിലും കാലങ്ങളിലും നേരങ്ങളിലും ഞങ്ങളുടെ ആയുഷ്കാലം മുഴുവനിലും സ്തുതിയും ബഹുമാനവും ആരാധനയും അനുയോജ്യമാകുന്നു (P. 26-27).

## സെദറാ

കന്യകമറിയാമിന്റെ ജനനത്തെ ആത്മീയ ഗീതങ്ങളാൽ ആഘോഷിച്ചുകൊണ്ട് ഞങ്ങൾ പറയുന്നു; "തന്റെ ജനത്തെ സന്ദർശിച്ച് മിശിഹായിൽ രക്ഷയുടെ പ്രത്യാശയെ ഉയർത്തിയ കർത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു". ഈ ദിവസം ഭൂമിയിൽ ജാതംചെയ്ത പരിശുദ്ധ കന്യകാമറിയാമിന്റെ ഉദരത്തിൽനിന്ന് അവൻ ആഗതനായി. ലോകത്തിനു മുഴുവനുമുള്ള പുതിയ ജീവൻ അവളിൽനിന്ന് ഉത്ഭവിച്ചു. തങ്ങൾക്ക് ഒരു പുത്രി ജനിച്ചതിൽ ഹന്നായും യോവാക്കീമും വലിയ സന്തോഷത്താൽ നിറഞ്ഞു. ശമുവേലിനെപ്പോലെ അവളെ അവർ ദൈവത്തിന്റെ ആലയത്തിൽ സമർപ്പിച്ചു. നീതിസൂര്യൻ ഉദയം ചെയ്ത ആ കന്യകമറിയാമിന്റെ ജനനത്തിൽ നമുക്ക് എത്ര വലിയ ആനന്ദം നൽകപ്പെട്ടിരിക്കുന്നു! മറിയാമിന്റെ ജനനം എത്രയോ മഹനീയമാകുന്നു: എത്രയോ ശ്രേഷ്ഠമാകുന്നു; അല്ലയോ ഹന്നായേ യോവാക്കീമേ, നന്മകളുടെ ആരംഭമായ വലിയ പ്രത്യാശ ഇന്നു നിങ്ങളുടെ ഭവനത്തിൽ ജനിച്ചിരിക്കുന്നു. പറുദീസായിലെ കയ്പ് ഇന്ന്

www.malankaralibrary.com

മധുരമായി മാറിയിരിക്കുന്നു. വിശ്വാസികളുടെ കൂട്ടത്തിന് ഇന്ന് സദ്വാർത്ത കൈവന്നിരിക്കുന്നു. അല്ലയോ സ്ത്രീകളുടെ കൂട്ടമേ, ആത്മീയ ആഘോഷത്തോടെ പറയുവിൻ: "ഇന്ന് ഞങ്ങളുടെ വർഗ്ഗം ആദ്യ സന്തോഷത്തിലേക്ക് തിരികെ വന്നിരിക്കുന്നു. മാതാവായ ഹവ്വായാൽ ഞങ്ങൾ വീഴ്ച യിലേക്ക് നയിക്കപ്പെട്ടു. എന്നാൽ ഞങ്ങൾ നിഷ്ക്കാസിതരായ ഉദ്യാനത്തിലേക്ക് മറിയാമിനാൽ ഞങ്ങൾക്ക് വഴിയുണ്ടായിരിക്കുന്നു".

ആകയാൽ കർത്താവേ! പരിശുദ്ധ കന്യകമറിയാമിന്റെ ജന നത്തിൽ സ്വർഗ്ഗത്തിൽ സന്തോഷം ഉണ്ടായപ്രകാരം അവളുടെ പെരുന്നാളിൽ സന്തോഷത്തിന്റെയും ആനന്ദത്തി ന്റെയും സ്വരം ഞങ്ങൾ ശ്രവിക്കുമാറാകണമേ. സുദൃഢമായ ആത്മാവും പാവനമായ ഹൃദയവും ഞങ്ങളിൽ സൃഷ്ടിക്കണമേ. നിന്റെ മാതാ വായ കന്യകമറിയാമിനെപ്പോലെ ലാളിത്യത്തിലും ദൈവമക്കൾ ക്കടുത്ത സത്യവിശ്വാസത്തിലും നിന്റെ മുമ്പിൽ നടക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ (P 27-28).

**എത്രോ**

കർത്താവേ നിന്റെ മാതാവായ പരിശുദ്ധ കന്യകമറി യാമിന്റെ ജനനത്തിരുനാളിൽ ഞങ്ങളർപ്പിക്കുന്ന ഈ ധൂപത്തെ സ്വീകരിക്കണമേ. ഹന്നായിൽനിന്നും യോവാക്കീമിൽ നിന്നും അവരുടെ വാർദ്ധക്യത്തിൽ മറിയം ഉത്ഭവിച്ചു. കർത്താവെ, നിന്റെ മനുഷ്യത്വത്തിൽ പ്രീതരായി അവർ ആനന്ദത്തോടെ ഇപ്രകാരം ഉദ്ഘോഷിച്ചു: "തന്റെ ജനത്തെ സന്ദർശിച്ച് സർവ്വലോകങ്ങ ൾക്കും വേണ്ടി തന്റെ കരുണയെ വർദ്ധിപ്പിച്ച കർത്താവു വാഴ്ത്ത പ്പെട്ടവനാകുന്നു". വാഴ്ത്തപ്പെട്ടവളും പരിശുദ്ധയുമായ നിന്റെ മാതാവിന്റെയും അവളുടെ നീതിനിഷ്ഠരായ മാതാപിതാക്ക ളുടെയും പ്രാർത്ഥനയാൽ നിന്റെ വിലയേറിയ രക്തത്താൽ വീണ്ടെടുത്ത നിന്റെ ജനത്തിന്റെ കുറ്റങ്ങളെ ക്ഷമിക്കണമേ. ഞങ്ങ ളുടെ ദൈവമായ മിശിഹാ നിന്റെ സമ്പന്നമായ ഭണ്ഡാഗാര ത്തിൽനിന്ന് അവരുടെ യാചനകൾക്ക് മറുപടിയരുളണമേ (P. 31).

**വേറൊരു പ്രുമിയോൻ**

തന്നെ വഹിച്ചവളെ ശുദ്ധീകരിച്ച പരിശുദ്ധനും, തന്നെ പ്രസവിച്ച കന്യകയെ ശ്രേഷ്ഠതപ്പെടുത്തിയ വലിയവനും, തന്റെ

www.malankaralibrary.com

ദാസിയുടെ താഴ്മയിൽ സൂക്ഷിച്ചുനോക്കിക്കൊണ്ട് തന്റെ ശ്രേഷ്ഠതയ്ക്ക് അവളെ മണവറയാക്കിത്തീർക്കുകയും, തനിക്കു വിവാഹം നിശ്ചയിക്കപ്പെട്ട സഭയിൽ അവളുടെ പെരുന്നാളിനെ ആഘോഷിക്കുകയും ചെയ്ത മഹോന്നതനു സ്തുതി (P. 37).

**സെദറാ**

തന്റെ ദൈവത്വത്തിന്റെ ഉന്നതാവസ്ഥയിൽ സ്വപിതാവിനോടും തന്റെ മനുഷ്യത്വത്തിന്റെ വിനീതാവസ്ഥയിൽ സ്വമാതാവിനോടും സമനായിരിക്കുന്നവനും സത്യദൈവവും ഇസ്രായേലിന്റെ കർത്താവുമായവൻ പ്രവേശിച്ച, "അടയ്ക്കപ്പെട്ട വാതിൽ" എന്ന് ഹസ്ക്കിയേൽ അവന്റെ ദീർഘദർശനത്തിൽ വിളിച്ചിരിക്കുന്ന ജഡികരഥവും കന്യകമാതാവുമായവളെ ഞങ്ങൾ ഓർക്കുന്നു. മാലാഖമാരുടെ എല്ലാ ഗണങ്ങളെക്കാളും ഉയർന്നിരിക്കുന്ന അവളെ ഞങ്ങൾ പുകഴ്ത്തുകയും ശ്രേഷ്ഠതപ്പെടുത്തുകയും ചെയ്യുന്നു. എന്തെന്നാൽ തന്റെ നാഥന് അവൾ മാതാവായിത്തീരുകയും തന്റെ സ്രഷ്ടാവിനെ അവൾ മുലപ്പാൽ കുടിപ്പിക്കുകയും ചെയ്തു. അവളുടെ ദീർഘദർശന പ്രകാരം ഞങ്ങൾ ഉദ്ഘോഷിക്കുന്നതെന്തെന്നാൽ സ്ത്രീകളുടെ നിന്ദയെ നീക്കിക്കളഞ്ഞവളെ! നിനക്കു ഭാഗ്യം. നിന്റെ പുത്രൻ മുഖാന്തിരം രക്ഷിക്കപ്പെട്ടിരിക്കുന്ന എല്ലാവരിൽ നിന്നും നിനക്കു ഭാഗ്യം. നിന്നിൽ നിന്നുത്ഭവിച്ച പുത്രനെ സ്തോത്രഗീതങ്ങളാൽ ഞങ്ങൾ പുകഴ്ത്തുകയും നിന്നോടു ഞങ്ങൾ അപേക്ഷിക്കുകയും ചെയ്യുന്നു. നിന്റെ പ്രാർത്ഥനകൾമൂലം ഞങ്ങളുടെ കടങ്ങൾ ക്ഷമിക്കപ്പെടുകയും വിശ്വാസികളായ ഞങ്ങളുടെ മരിച്ചപോയവർ സ്വർഗീയാനന്ദങ്ങളിൽ ആശ്വസിക്കുകയും ചെയ്യുമാറാകണമേ. നിന്നിൽ നിന്നുദിച്ചിട്ടുള്ള ഞങ്ങളുടെ കർത്താവേശുമിശിഹായ്ക്കും, അവന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും ഞങ്ങൾ സ്തുതിയും സ്തോത്രവും അർപ്പിക്കും.

ഇങ്ങനെ ദൈവമാതാവിന്റെ ജനനപ്പെരുന്നാളിലും മറ്റും മാതാവിന് രക്ഷാകരപദ്ധതിയിൽ ഉള്ള പങ്ക് എടുത്തുകാണിക്കുന്ന മനോഹരങ്ങളായ പ്രാർത്ഥനകൾ കാണുന്നു. തുടർന്ന് വിശുദ്ധ മാതാവിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന നമുക്ക് ഒന്ന് വിലയിരുത്താം.

www.malankaralibrary.com

## a. വിശുദ്ധ മാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

"ധന്യേ നിൻ പ്രാർത്ഥനമേവട്ടെ ഞങ്ങളോടൊന്നി
ച്ചർത്ഥന കേട്ടീട്ടേകിടട്ടെ പുണ്യം നാഥൻ
എന്തൗന്നത്യം ഭൗമീകപുത്രിക്കുണ്ടായെന്നു
ചൊന്നീടും ഞാൻ സംഭ്രമമാർന്നീട്ടത്ഭൂതപൂർവ്വം
തൃക്കാരുണ്യം സുതനെത്താഴ്ത്തിസവിധേ ചേർത്തു
ദൈവസുതൻ തൻ മാതാവാകാൻ തിരുഹിതമാർന്നാൾ
സൗമ്യരിലല്ലാതെങ്ങമരും ഞാനെന്നുര ചെയ്തോൻ
ജാതരിലേറ്റം താഴ്ത്തപ്പെട്ടിവളിൽ പാർത്താൻ
ആരുമുയർത്തപ്പെട്ടില്ലിതുപോലതിനാൽ സ്പഷ്ടം
മറിയാമെപ്പോലാരും താഴ്ത്തപ്പെട്ടിട്ടില്ല.
ഒമ്പതുമാസം നിന്നെയേറ്റോൾ തൻപ്രാർത്ഥനയാൽ
ദൈവാത്മജനേ! കോപത്തിൻ ദണ്ഡൊഴിവാക്കേണം (P. 69).

"കാരുണ്യവാനായ കർത്താവേ! നിന്റെ കരുണയുടെ വാതിൽ ഞങ്ങൾക്കായി തുറന്നു തരണമേ. ഞങ്ങളുടെ ശരണം നിന്നിലായിരിക്കുന്നതിനാൽ ഞങ്ങൾ ലജ്ജിച്ചുപോകുമാറാ കരുതേ. നീ മുഖാന്തിരം സകല ദുരിതങ്ങളിൽനിന്നും ഞങ്ങൾ രക്ഷപ്രാപിച്ചു വീണ്ടുകൊള്ളപ്പെടുമാറാകണമേ. ഞങ്ങളുടെ രക്ഷകനും വീണ്ടെടുപ്പുകാരനും നീയായിരിക്കുന്നതിനാൽ ഞങ്ങളോട് ദയയുണ്ടാകണമേ. ഞങ്ങളുടെ രഹസ്യവും, പരസ്യവുമായ തെറ്റുകളേയും കുറ്റങ്ങളേയും ഓർക്കരുതേ, ഞങ്ങളോട് നീ കോപിക്കയുമരുതേ. നിന്റെ കരുണയിലും മനുഷ്യസ്നേഹത്താലും ഞങ്ങളെ കാത്തുകൊള്ളുകയും, ഞങ്ങളുടെ ശത്രുക്കളിൽനിന്നും ഞങ്ങളെ രക്ഷിക്കുകയും ചെയ്യണമേ. എന്തുകൊണ്ടെന്നാൽ നീ ഞങ്ങളുടെ ദൈവവും, ഞങ്ങൾ നിന്റെ ജനവുമാകുന്നുവല്ലോ. നല്ലവനായ ഞങ്ങളുടെ കർത്താവേ, നിന്നെ പ്രസവിച്ച വിശുദ്ധ കന്യകമറിയാമിന്റെ മദ്ധ്യസ്ഥപ്രാർത്ഥനയാൽ ഞങ്ങളോട് കരുണയുണ്ടാകണമേ. മാതാവിന് തിരുസന്നിധിയിൽ ധൈര്യവും (അപേക്ഷാസ്വാതന്ത്ര്യവും) മുഖപ്രസന്നതയും ഉള്ളതുകൊണ്ട് ഉത്തമനായുള്ളോവേ ദയതോന്നി ഞങ്ങളുമേൽ അനുഗ്രഹം ചെയ്യണമേ (P.70).

www.malankaralibrary.com

ഹാലേലൂയ്യാ ഹാലേലൂയ്യാ ഹാലേലൂയ്യാ
"യുഗകാലങ്ങളിലൊക്കെയിലും
മറവായ് സ്ഥിതിചെയ്തൊരു മർമ്മം
നിർമ്മലയേ! കാലത്തികവിൽ
നിൻ സവിധം വെളിവായ് വന്നൂ
ദൂതത്തലവൻ ഗബ്രിയേൽ
മധുരസ്വരത്തിൽ നിന്നോടായ്:
അഭിവാദ്യം ചെയ്തോതിയിദം
വിത ചെയ്യാ വയലേ സ്വസ്തി
അതിർകാണാത്താഴമേ മോദി-
ക്കംബരമെത്തും സോപാനം
യാക്കോബു താതൻ ദർശിച്ച
വാനെത്തും ശ്രേണിയെ മോദി
ക്കകമേ ദൈവികമാം മന്നാ
നിക്ഷേപിത ചെപ്പേ മോദി
ക്കാദിമശാപം തീർത്തോളാം
ആദാം രക്ഷകയേ മോദി
ച്ചീടുക കർത്തൻ നിൻ കൂടെ.
കുറിയേലായിസോൻ......... കുറി........ കുറി....... (P.71).
"മന്നാ നിക്ഷേപിത ചെപ്പും
തളിർത്തോരഹറോൻ തൻ വടിയും
ഉൾക്കൊണ്ടൊരു നിയമപ്പെട്ടി
ശ്ലേമോൻ തന്നുറുമാലുമിവ
നിൻസാമ്യം ദൈവജനനീ
അസ്പഷ്ടം നിബിയന്മാരും
സസ്പഷ്ടം ശ്ലീഹന്മാരും
നിൻസുത രഹസ്യം കാണിച്ചു
സതതം സ്തുത്യനാവുകയാൽ
നിന്നുടെ സൂനു മിശിഹായെ
ഞങ്ങളെന്നും സ്തുതിക്കുന്നു.

www.malankaralibrary.com

മഹാവിശുദ്ധസ്ഥലത്ത് എല്ലാ പരിശുദ്ധന്മാരേക്കാളും അത്യുന്നതനായി സ്ഥിതിചെയ്യുന്ന വചനമായ ദൈവത്തെ പ്രസവിച്ചവളും സകലത്തേയുംകാൾ മഹത്ത്വമുള്ളവളുമായ മാതാവേ, ഞങ്ങളുടെ ഈ അപേക്ഷയെ നീ കൈക്കൊള്ളണമേ. ഞങ്ങളെല്ലാവരെയും നിന്റെ മദ്ധ്യസ്ഥതയാൽ ദുഃഖങ്ങളിൽ നിന്നും ആപത്തുകളിൽനിന്നും വിടുവിക്കണമേ. എല്ലാവിധ ദോഷകരമായ പ്രതികാരത്തിൽനിന്നും രക്ഷിക്കണമേ. ഞങ്ങൾ നിന്റെ മുമ്പാകെ ഉച്ചത്തിൽ കേണപേക്ഷിക്കുന്നു. കരുണയുടെ വാതിലേ, സകല നന്മകളുടെയും ഭണ്ഡാരമേ, തന്നോട് അപേക്ഷിക്കുന്നവരെ ലജ്ജിപ്പിക്കാത്തവളുമായ ഞങ്ങളുടെ നാഥയും കന്യകയുമായ അമ്മേ, ഞങ്ങളെ സഹായിക്കുവാൻ നീ വേഗത്തിൽ എഴുന്നള്ളിവരണമേ. നിന്റെ സ്വീകാര്യപ്രാർത്ഥന വഴിയായി ബലഹീനരായ ഞങ്ങളെ ശക്തിപ്പെടുത്തണമേ. ഞങ്ങളുടെ രോഗങ്ങളെ സുഖപ്പെടുത്തണമേ.

നിന്റെ അപേക്ഷയാൽ ഞങ്ങളുടെ കറകളെ മായിച്ച് ആത്മാക്കളെ വിശുദ്ധീകരിക്കണമേ. ഞങ്ങളുടെ വിചാരങ്ങളെ നിർമ്മലമാക്കുകയും വഴികളെ നേരെയാക്കുകയും ചെയ്യണമേ. നിന്റെ മദ്ധ്യസ്ഥതയാൽ ക്ഷീണിതർ ശക്തി പ്രാപിക്കുമാറാകണമേ. ഞങ്ങളുടെ വൃദ്ധജനങ്ങളെ താങ്ങണമേ. യുവതീയുവാക്കന്മാരെ പരിപാലിക്കണമേ. പൈതങ്ങളെ ജ്ഞാനത്തിലും, ദൈവഭയത്തിലും വളർത്തണമേ. ഞങ്ങളുടെ സമീപസ്ഥരെ കാത്തുകൊള്ളുകയും ദൂരസ്ഥരെ സമാധാനത്തൊടെ തിരിച്ചുവരുത്തുകയും ചെയ്യണമേ. ദുർബലർക്ക് കരുണ ലഭിക്കണമേ. പാപികളുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കപ്പെടാൻ പ്രാർത്ഥിക്കണമേ.

നിന്റെ മാദ്ധ്യസ്ഥം ഉത്തമ പൂരുഷന്മാർക്കും സുകൃത സ്ത്രീകൾക്കും അഭയസ്ഥാനമായിരിക്കണമേ. വിശ്വാസികളായ മരിച്ചുപോയവർക്ക് കരുണ ലഭിക്കുമാറാകണമേ. ദുഷ്ട മനുഷ്യരുടെ ഉപദ്രവത്തിൽനിന്നും അസൂയയിൽനിന്നും ഞങ്ങളെ അകറ്റണമേ. തിരുസഭയും അതിന്റെ മക്കളും രക്ഷിക്കപ്പെടുമാറാകണമേ.

മാതാവേ! നിന്നിൽ ആശ്രയിക്കുന്നവർ സുരക്ഷിതരായിരിക്കണമേ. ശ്രേഷ്ഠകരമായ നിന്റെ പരിശുദ്ധതയുടെ

www.malankaralibrary.com

മുമ്പിൽ നിൽക്കുന്ന ഈ ദാസരുടെ അപേക്ഷകളേയും, ജാഗരണങ്ങളേയും സ്വീകരിക്കണമേ. ഇവരുടെ എല്ലാവിധ രോഗങ്ങളെയും സുഖപ്പെടുത്തണമേ. നിന്റെ കരുണയിൻകോട്ട ഇവരെ ചുറ്റിക്കൊണ്ട് പൈശാചികബന്ധനങ്ങളിൽനിന്നും, എല്ലാവിധ അപകടങ്ങളിൽനിന്നും കാത്തുകൊള്ളണമേ. നിന്റെ വിശുദ്ധതയുടെ മറ ഇവർക്ക് അഭയസ്ഥാനമായിരിക്കണമേ. ഇവരുടെ ഭൗതികവും ആത്മീയവുമായ ജീവിതത്തിൽ ഇവർ വിജയികളാകണമേ. രഹസ്യവും പരസ്യവുമായ ജീവിതത്തിൽ ഉണ്ടാകുന്ന എല്ലാ ശത്രുക്കളിൽനിന്നും ഇവരെ രക്ഷിക്കണമേ. ഞങ്ങളുടെ മാതാവേ, ഞങ്ങളേയും, നിന്റെ പുരോഹിതന്മാരേയും, ശെമ്മാശ്ശന്മാരേയും, ഇവിടെ സന്നിഹിതരായിട്ടുള്ള എല്ലാ ജനങ്ങളേയും കാത്തുകൊള്ളണമേ. ഞങ്ങൾ ശബ്ദമുയർത്തി മൂന്നു പ്രാവശ്യം കുറിയേലായിസോൻ എന്ന് ഏറ്റു പറയുന്നു ( P 72-74).

രക്ഷകനാം മിശിഹാ - ഞങ്ങൾതൻ സ്രഷ്ടാവാം ദേവാ-
ദയചെയ് ഞങ്ങൾമേൽ - നിൻമാതാ, യാചനമൂലം
പൈശാചിക ചതിയിൽ, നിന്നെങ്ങൾക്കേകണമേ മുക്തി
ദുർസേനാവലയിൽ നിന്നും നീ രക്ഷിക്കേണമേ
നിൻദാസർ ഞങ്ങൾ, നാഥാ, തൃക്കയ്യിൽ
യാചിപ്പാൻ കൃപയെ, നീ-യല്ലാതില്ലാരും
ഏകണമേ പുണ്യം മോചനവും നിന്നടിയങ്ങൾക്കായ്
പൂർണശാന്തിയുമേ മൃതരായോർക്കരുളിടേണമേ (P. 74).

വിശുദ്ധ കന്യകമറിയാമുമായി ബന്ധപ്പെട്ട് പ്രത്യേക തിരുനാളുകളായി ആഘോഷിക്കപ്പെടുന്നവയിൽ മുഖ്യമായും നമ്മുടെ കർത്താവിന്റെ ജനനപ്പെരുന്നാൾ, പെന്തിക്കൊസ്തിപ്പെരുന്നാൾ, ദൈവമാതാവിന്റെ സ്വർഗ്ഗാരോപണപ്പെരുന്നാൾ ഇവ ഉൾപ്പെടുന്നു.

നമ്മുടെ കർത്താവിന്റെ ജനനപ്പെരുനാൾ സംബന്ധിച്ചുള്ള സന്ധ്യ, രാത്രി, പ്രഭാതം എന്നീ യാമങ്ങൾക്കുവേണ്ടി ക്രമീകരിക്കപ്പെട്ടിട്ടുള്ള പ്രാർത്ഥനകളും ക്രിസ്തുമസ്സിന്റെ പ്രത്യേക ശുശ്രൂഷയുമായി ബന്ധപ്പെട്ട പ്രാർത്ഥനകളും അതീവ മനോഹരങ്ങളാണ്. ഗീതങ്ങളിലൂടെയും പ്രുമിയോൻ സെദറാകളിലൂടെയും നമ്മുടെ കർത്താവിന്റെ ദൈവത്വം, മനുഷ്യത്വം,

www.malankaralibrary.com

മനുഷ്യവംശത്തിന്റെ വീഴ്ച, രക്ഷാകരപദ്ധതിയുടെ ആരംഭം, പരിശുദ്ധകന്യമറിയത്തിന്റെ തിരഞ്ഞെടുപ്പ്, അവളുടെ പാപമില്ലായ്മ, കന്യാത്വം, ദൈവതിരുമനസ്സിനോടുള്ള അവളുടെ പരിപൂർണമായ കീഴ്വഴക്കം, ഇവയെല്ലാം ഭാവനാസമ്പന്നമായും പ്രതീകാത്മകമായും വർണിച്ചിരിക്കുന്നത് വിശ്വാസത്തിന്റെ നീർച്ചാലുകൾ ഏതൊരു പാപിയുടെയും വിശ്വാസിയുടെയും ജീവിതത്തെ ധന്യമാക്കുന്നതിന് ഉപകരിക്കുന്ന തരത്തിലാണ്.

ക്രിസ്തുമസ്സിന്റെ സന്ധ്യാപ്രാർത്ഥന ആരംഭിക്കുന്ന എനിയോനോയുടെ ആദ്യത്തെ പാദം ഇപ്രകാരമാണ്:

"മാതാവിൻ കന്യാമുദ്രയ്ക്കേതും
ഊന്നമതെന്യേ ജാതം ചെയ്തോനെ
ദേവാ കൃപചെയ്കടിയാരിൽ".

അതുപോലെ മേരിസുതൻ ദൈവസുതൻ തന്നെയാണ്.

"ശാശ്വതമാം താതനിൽ നിന്നുത്ഭൂതം
കാലത്തികവിൽ മേരീസുതനായോൻ.........".

മലങ്കരസഭയുടെ ആരാധനകളിൽ പ്രത്യക്ഷപ്പെടുന്ന സെദറാ എല്ലായ്പ്പോഴും ക്ലിപ്തവും സ്പഷ്ടവുമായ വിശ്വാസ പ്രഖ്യാപനമാണ്.

"സാരാംശപ്രകാരം വേർതിരിക്കപ്പെടാൻ പാടില്ലാത്ത മൂന്നു വിശുദ്ധ ക്നൂമ്മാകളിൽ ഒരുവനും പിതാവിനോടും പരിശുദ്ധാത്മാവിനോടും ഒരുമിച്ചു ഏകസത്തയായി സ്ഥിതിചെയ്യുന്നവനുമായിരിക്കെ, നിർമ്മലയായ കന്യകയിൽനിന്ന് ജനിച്ചവനും പിതാവിന്റെ ഏകജാതനുമായ ശിശുവേ, നിനക്കു സ്തുതി.........".

"വിശുദ്ധ കന്യകയിൽനിന്നുള്ള നിന്റെ മനുഷ്യാവതാരത്തെ ആത്മീയ നയനങ്ങളാൽ അവർ മുൻകൂട്ടിക്കണ്ടു.........".

"ന്യായപ്രമാണത്തിൽ സൂചിപ്പിക്കുകയും ദീർഘദർശിമാർ അറിയിക്കുകയും ചെയ്തവയെല്ലാം ഇന്നു നിറവേറി".

"മുൾപ്പടർപ്പിൽ ജനിച്ചവൻ ഇന്നു കന്യകയിൽനിന്നു ആവിർഭവിച്ചു. രോമക്കെട്ടിലെ മഞ്ഞുതുള്ളികളാൽ തന്റെ രഹസ്യത്തെ സൂചിപ്പിച്ചവൻ ഇന്ന് ഉദയം ചെയ്തു. ദക്ഷിണ

www.malankaralibrary.com

ദേശത്തുനിന്ന് വരുമെന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്നവൻ ഇന്നു പ്രത്യക്ഷനായി. 'വലതുവശത്തിരിക്കുന്ന പുത്രൻ' എന്നു ദാവീദിനാൽ വിളിക്കപ്പെട്ടവൻ ഇന്നു ജനിച്ചു. ഇന്നു ആശ്വാസ വൃഷ്ടി ഉണ്ടാവുകയും കല്ലടാവിൽ സസ്യം മുളയ്ക്കുകയും ചെയ്തു. ഈശായിയുടെ കുറ്റിയിൽനിന്ന് ഒരു മുള ഇന്നു തളിർത്തുവരികയും ചെങ്കോൽ പ്രത്യക്ഷപ്പെടുകയും ചെയ്തു. ഇന്നു നമുക്കായി ഒരു ശിശു ജാതനാകുകയും പുത്രൻ നൽകപ്പെടുകയും ചെയ്തിരിക്കുന്നു. ലോകൈക ശൂരനെ ഇന്നു കന്യക പ്രസവിക്കുകയും അത്ഭുതമെന്ന് അവൻ വിളിക്കപ്പെടുകയും ചെയ്തു. യഹൂദിയായിലെ ബേത്‌ലഹേമിൽനിന്ന് ജീവന്റെ അപ്പം ഇന്നു ആവിർഭവിച്ചു. ഇന്ന് വാതിലും അതിൽക്കൂടി പ്രവേശിക്കുന്ന കർത്താവും പ്രത്യക്ഷപ്പെട്ടു. ദിവ്യരഹസ്യങ്ങൾ ഇന്നു നിറവേറി........".

യേശുവിന്റെ ജനനപ്പെരുന്നാളിൽ സന്ധ്യാപ്രാർത്ഥനയിൽ സെദറായിൽ ദീർഘദർശിമാർ യേശുവിന്റെ ജനനം മുൻകൂട്ടി അറിയിക്കുന്ന പ്രവചനങ്ങളിൽ മാതാവിന്റെ പ്രതിരൂപങ്ങളും എടുത്തുപറയുന്നു.

വിശുദ്ധ കന്യകയുടെ ഉദരത്തിൽ വസിച്ചിട്ടും അവളുടെ കന്യാവ്രതത്തിനു ഭംഗം വരുത്താതിരുന്ന ദിവ്യാഗ്നിയായ ഈ മഹനീയ ശിശുവിനെ മുൾപ്പടർപ്പിൽ ഇറങ്ങി ജ്വലിച്ചിട്ടും അതിനെ ദഹിപ്പിക്കാതിരുന്ന അഗ്നിയിൽ മോശ ദർശിച്ചു.

മഹത്ത്വമുള്ളവനായ ഏശയ്യാ ദീർഘദർശി ഈ പരിശുദ്ധ ശിശുവിനെ ദർശിച്ചിട്ട്: 'ഇതാ കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും; അവൻ ദൈവവും മനുഷ്യനുമാകയാൽ അത്ഭുതം എന്നു വിളിക്കപ്പെടും' എന്ന് അട്ടഹസിച്ചു.

വിശുദ്ധ കന്യകയായിരുന്ന രോമക്കെട്ടിൽ മഞ്ഞുപോലെ അവൻ ഇറങ്ങിവരുമെന്ന് ഗിദയോൻ സൂചിപ്പിച്ചു.

"കൃപനിറഞ്ഞവളേ, നിനക്കു സമാധാനം, നമ്മുടെ കർത്താവ് നിന്നോടുകൂടെ, സ്ത്രീകളിൽ നീ അനുഗൃഹീതയാകുന്നു. സകല സൃഷ്ടികളുടെയും രക്ഷകൻ നിന്നിൽനിന്ന് ഉദിക്കും" എന്ന് ഈ സത്യശിശുവിനെക്കുറിച്ച് മാലാഖമാരുടെ തലവനായ ഗബ്രിയേൽ ദാവീദുപുത്രിയായ കന്യകയോട്

www.malankaralibrary.com

അറിയിച്ചു. മലങ്കര കത്തോലിക്കാ സഭയുടെ ആരാധനക്രമം (പെരുന്നാളുകൾ) (P. 11-12).

സെദറായിൽ നാം ഇപ്രകാരം കാണുന്നു: ദൈവമെന്ന നിലയിൽ നീ നിത്യനും അനാദ്യന്തനുമായിരിക്കെ കാലത്തികവിൽ സാധാരണ മനുഷ്യനെപ്പോലെ കന്യക പ്രസവിച്ച ശിശുവായു ള്ളോനേ, നിനക്കു സ്തുതി,....... ഉദരങ്ങളിൽ ശിശുക്കളെ വളർ ത്തുന്ന നീ തിരുവിഷ്ടത്താൽ ഉദരത്തിൽ ശിശുവായിത്തീർന്നു. ദാവീദിനെ സൃഷ്ടിച്ചവനും ലോകങ്ങൾക്കും സൃഷ്ടികൾക്കും മുമ്പനുമായ നീ പുതുതായി ദാവീദിന്റെ പുത്രി യിൽനിന്ന് കാലപൂർണതയിൽ ജനിച്ചു.......... ഭൂമിയിൽ മഞ്ഞും മഴയും പൊഴിക്കുന്ന നീ, സ്ത്രീയിൽനിന്ന് മാനുഷിക രീതിയിൽ മുലപ്പാൽ നുകർന്നു. സ്വശക്തിയാൽ പർവ്വതങ്ങളെ നിലനിർ ത്തുന്ന നീ ദരിദ്രനായി കല്ലടാവിൽ കിടന്നു. ആകാശ വിതാനത്തെ സ്വശക്തിയാൽ വഹിക്കുന്ന നീ കീറ്റുശീലകളിൽ എളിയവനെ പ്പോലെ പൊതിയപ്പെട്ടു. ക്രൂബേന്മാരുടെ മേൽ പ്രബലതയോടെ ആരൂഢനായിരിക്കുന്ന നീ മറിയാമിന്റെ ഭുജങ്ങളിൽ ശാന്തമായി ആഘോഷിക്കപ്പെട്ടു. നിനക്ക് കാദിശ് പാടുവാൻ സ്രോപ്പേന്മാരെ ഉത്തേജിപ്പിക്കുന്ന നിന്നെ ദാവീദിന്റെ പുത്രി താരാട്ടുപാടി താലോലിച്ചു. (മലങ്കര കത്തോലിക്കാ സഭയുടെ ആരാധനക്രമം പെരുന്നാളുകൾ - (P. 67).

യേശുവിന്റെ ജനനപ്പെരുന്നാളിന്റെ ശുശ്രൂഷയിൽ രക്ഷാ കർമ്മത്തിൽ മറിയത്തിന് ഉള്ള പങ്കിനെയും അവൾ യേശുവിന് ജന്മം കൊടുത്തതിനെയും അവളെക്കുറിച്ചുള്ള ദീർഘദർശന ങ്ങളെയും ഗാനരൂപത്തിൽ തുടർന്നു കാണാം.

**ഗീതം**

"ദാവീദിന്റെ പുത്രിയായ കന്യക ശിശുവിനെ വഹിച്ചു കൊണ്ട് ജനക്കൂട്ടത്തിൽ നിൽക്കുന്നു. അവനെ വലയം ചെയ്തിരി ക്കുന്നു. ഒരുവൻ അവനെ പരിശോധിക്കുന്നു, വേറൊരുവൻ അവനെപ്പറ്റി ആരായുന്നു. ഇനി മറ്റൊരുവനാകട്ടെ അവൻ ദൈവമാണെന്ന് ഏറ്റുപറയുന്നു".

"ദാവീദിന്റെ പുത്രിയായ കന്യക നിഷ്കളങ്ക സ്നേഹത്തോടുകൂടെ അവളുടെ വിരുന്നുശാലയിലേക്ക് ഇന്നു

www.malankaralibrary.com

നമ്മെ വിളിച്ചിരിക്കുന്നു. വരുവിൻ, അവളുടെ വിരുന്നിൽ നമുക്കും സന്തോഷിക്കാം. അവളുടെ ഉദരഫലം ദൈവമാണെന്ന് നമുക്കും അവളോടൊപ്പം ഉദ്ഘോഷിക്കാം. കന്യകയായി സ്ഥിതി ചെയ്തുകൊണ്ടുതന്നെ ശിശുവിനെ പ്രസവിച്ചവൾ സ്ത്രീകളിലാരുണ്ട്? പുരുഷസ്പർശം കൂടാതെ മാതൃത്വം ആരു ദർശിച്ചിട്ടുണ്ട്? എന്തൊരത്ഭുതം! എന്തൊരതിശയം! താർക്കികർ മൗനമവലംബിക്കട്ടെ.

സ്ലീബാആഘോഷ സമയത്തുള്ള പ്രാർത്ഥനയിൽ വീണ്ടും വീണ്ടും ഊന്നിപ്പറയുന്നത് ദൈവതിരുക്കുമാരന്റെ തിരുജനനം കന്യാത്വത്തിന്റെ സൗന്ദര്യത്തിനും പരിമളത്തിനും യാതൊരു രീതിയിലും ഭംഗം വരുത്തിയില്ലായെന്നുള്ള സത്യമാണ്.

**എക്ബോ**

"ദൈവമാതാവേ, കർത്താവായ ദൈവത്തിൽ നിന്റെ ആത്മാവ് ഉൽക്കർഷം പ്രാപിക്കുകയും മനസ്സ് സന്തോഷിക്കുകയും ചെയ്തു. എന്തെന്നാൽ നിന്നിൽ നിന്നവതീർണനായ വചനമായ ദൈവം ജനനത്തിനുശേഷം നിന്നെ കന്യാത്വത്തിൽ പരിരക്ഷിച്ചു" (P. 67).

**പ്രാർത്ഥന**

"അനാദ്യന്ത പിതാവിന്റെ പുത്രനും വചനവുമായ കർത്താവേ, തിരുവിഷ്ടപ്രകാരം ജനനത്തിനായി നീ എഴുന്നള്ളി വന്നു. എന്നാൽ നിന്റെ ജനനം കൊണ്ട് നിന്റെ മാതാവിന്റെ കന്യാവ്രതത്തിനോ മുദ്രയ്ക്കോ നീ ഭംഗം വരുത്തിയില്ല. നീ ദൈവം തന്നെയാകുന്നുവെന്നു സംശയരഹിതമായി ഗ്രഹിക്കുവാൻ ഞങ്ങൾക്കു കൃപ നൽകണമേ (P. 67).

പ്രഭാതനമസ്കാരത്തിൽ ഒരിക്കൽകൂടി വിശ്വാസികളെ സഭ പ്രാർത്ഥന വഴി മനുഷ്യാവതാരത്തിന്റെ മഹൽരഹസ്യത്തെക്കുറിച്ചു അനുസ്മരിപ്പിക്കുന്നു.

"സഹോദരങ്ങളെ, വചനമായ ദൈവം മറിയാമിൽ വസിച്ചു ശരീരമായി എന്നത് ഒരു മഹാത്ഭുതമാകുന്നു. അവൻ ശ്രവണം വഴി ആത്മീയമായി പ്രവേശിച്ചതിനാൽ അവൾക്കു യാതൊരു ഭംഗവുമുണ്ടായില്ല. അവൻ ഉദരത്തിൽവച്ചു ശരീരം

www.malankaralibrary.com

ധരിക്കുകയും ആ ശരീരത്തോടുകൂടെ പ്രത്യക്ഷനാകുകയും ചെയ്തു. അവനു തിരുമനസ്സായി അവളിൽനിന്നു ജനിക്കുകയും അവളുടെ കന്യാത്വ മുദ്ര പരിരക്ഷിക്കുകയും ചെയ്തു. മാതാവിൽ കൂടിയുള്ള അവന്റെ ഉത്പാദനം അത്ഭുതകരവും ജനനം അത്യാശ്ചര്യകരവുമാകുന്നു. എഴുന്നള്ളിവരികയും നമ്മിൽ നിന്നു സ്വീകരിച്ച ശരീരം വഴി നമ്മെ രക്ഷിക്കുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു". (P. 91)

**എത്രോ**

"വിത്തും നനവും കൂടാതെ അത്ഭുതകരമായി മുളച്ചു വരുന്ന സസ്യം പോലെ മറിയാമാകുന്ന ദാഹാർത്തമായ ഭൂമിയിൽ നിന്നുണ്ടായ നിർമ്മലനും അനുഗൃഹീത ഫലവും പരിമളവുമായ കർത്താവേ.......".

മറിയാമിന്റെ കന്യാത്വത്തെ സൂചിപ്പിക്കുന്നതാണ് "ദാഹാർത്തയായ ഭൂമി" യെന്നു പറയപ്പെടുന്നത്. വിത്തും നനവും കൂടാതെ എന്ന സൂചന പുരുഷബീജമോ സംയോഗമോ കൂടാതെ എന്ന അർത്ഥത്തിലാണ്. എത്ര മനോഹരമായിട്ടാണ് നമുക്ക് വിശ്വാസത്തിന്റെ മഹാരഹസ്യങ്ങൾ വ്യക്തമാക്കിത്തന്നിട്ടുള്ളതെന്നോർക്കുമ്പോൾ നന്ദിനിറഞ്ഞ ഹൃദയത്തോടു കൂടെ ദൈവത്തെ നാം സ്തുതിക്കണം.

**പെന്തിക്കൊസ്തിയുടെ ശുശ്രൂഷ**

മൂന്നാം ഭാഗത്ത് പരിശുദ്ധ മാതാവിനെക്കുറിച്ചുള്ള അനുസ്മരണയുണ്ട്. "രാജ്ഞി മാതാവേ, കന്യകകളുടെയെല്ലാം പരിവേഷമേ, നിനക്കു സമാധാനം. സംസാരിക്കുവാനും പാടുവാനും പാടവമുള്ള യാതൊരു നാവിനും യോഗ്യമാം വിധം അങ്ങയെ പുകഴ്ത്തുവാൻ പ്രാപ്തിയില്ല. വർണ്ണനാതീതമായ അങ്ങയുടെ ഗർഭധാരണത്തെ മനസ്സിലാക്കാൻ ശ്രമിക്കുന്ന ഏതൊരു മനസ്സും നിഷ്പ്രഭമായിപ്പോകുന്നു. ദൈവം പരിപാലിച്ചു വളർത്തിയ കന്യക നൈർമ്മല്യം നേടി; പിതാവിന്റെ വലതുഭാഗത്തിരിക്കുന്ന പുത്രൻ മുഖാന്തിരം മണ്മയരായ നമ്മുടെ വർഗ്ഗത്തിനു അവൾ പുതുജീവന്റെ ഔഷധമായിത്തീർന്നു"(P. 303).

ശ്ഹീമോ നമസ്കാരം സഭയുടെ ഔദ്യോഗികമായ പ്രാർത്ഥനയാണ്. ഓരോ യാമത്തിനും പ്രത്യേകം പ്രത്യേകമുള്ള

www.malankaralibrary.com

പ്രാർത്ഥനയിൽ വിശുദ്ധ കന്യകാംബയെ അനുസ്മരിക്കുകയും അവളുടെ ശക്തമായ മാദ്ധ്യസ്ഥം യാചിക്കുകയും ചെയ്യുന്നു. കന്യകമറിയത്തിന്റെ ഗുണഗണങ്ങൾ ഓരോന്നായി നിരത്തിവയ്ക്കുകയും വർണ്ണിക്കുകയും ചെയ്യുന്ന സഭ, ദൈവം അവൾക്കു നൽകിയ ഉന്നതപദവിക്കും നന്മകൾക്കും അവിടുത്തെ സ്തുതിക്കുന്നു. വിശുദ്ധ കന്യകമറിയാമിന്റെ തിരുനാളുകളോടനുബന്ധിച്ചുള്ള പ്രുമിയോൻ-സെദറാ പ്രാർത്ഥനകളും മറിയത്തിന്റെ ഉന്നതസ്ഥാനത്തെയും ദൈവത്തിന്റെ പക്കൽ അവൾക്കുള്ള മദ്ധ്യസ്ഥശക്തിയേയും ഓർമ്മിക്കുകയും അഗതികളായ മനുഷ്യർക്കുവേണ്ടി അവളുടെ സഹായം അപേക്ഷിക്കുകയും ചെയ്യുന്നവയാണ്.

സഭാപിതാക്കന്മാർ നൂറ്റാണ്ടുകളിലൂടെ കോർത്തിണക്കിയിട്ടുള്ള പ്രാർത്ഥനകൾ അവരുടെ ഭക്തിപാരവശ്യത്തെയും ആത്മീയ ജ്ഞാനത്തെയും ഭാവനാശക്തിയേയും പ്രതിഫലിപ്പിക്കുന്നവയാണ്. മനോഹരങ്ങളായ ഈ പ്രാർത്ഥനകളും അനുസ്മരണങ്ങളും വിശ്വാസികളുടെ ഹൃദയങ്ങളെ ചൈതന്യവത്താക്കുമെന്നതിൽ തെല്ലും സംശയിക്കേണ്ടതില്ല. ഈ പ്രാർത്ഥനകളിൽ ഹൃദയം അർപ്പിക്കുന്നവർക്കുവേണ്ടി തീർച്ചയായും പരിശുദ്ധ മാതാവിന്റെ പക്കൽനിന്നും ആശ്വാസത്തിന്റെ നീർച്ചാലുകൾ പൊട്ടി ഒഴുകും.

## 3. പ്രതിദിന നമസ്കാരം

### ശ്ഹീമോ - ശുബഹോ - മെനഓലം

മലങ്കരകത്തോലിക്കാ സഭയുടെ ഔദ്യോഗിക പ്രാർത്ഥനകളിൽ ദൈവമാതാവിനെക്കുറിച്ചു ആവർത്തിച്ചാവർത്തിച്ചു പ്രഖ്യാപിക്കുന്നു. കന്യകയായ ബാലിക - യോവാക്കിമിന്റെ മകൾ - ചെറുപ്രായത്തിൽതന്നെ ദൈവാലയത്തിൽ ആചാര്യന്മാരുടെ സംരക്ഷണത്തിലാണ് വളർന്നത്.

“ബാലിക കന്യകമാർ
തലമുറകളിലില്ല യോവാക്കിം സുതയാകും
മറിയാമിനു തുല്യം

www.malankaralibrary.com

കാഞ്ചന കാന്തിയതും സുന്ദരമല്ലിതു പോൽ
ഹാ-ഹാ - വേറില്ലഴകിതുപോൽ"
(മെനഓലം - വെള്ളിയാഴ്ച സന്ധ്യ പേജ് 192).
മാതൃപിതൃക്കൾ മരിച്ചഗതിയുമായി മറിയാം
ദൈവാലയമുള്ളിൽ ഉപശിക്ഷണമാർന്നാൾ
മൂശാനിയമം പോൽ ആചാര്യർ വളർത്തി
നിബിനാഥനിറങ്ങി, വാഴ്വുമവൾക്കേകി
ഹാ- അവൾ പ്രാർത്ഥനകോട്ടഭയവുമാകട്ടെ'
(മെനഓലം വെള്ളി, പ്രഭാതം - പേജ് 222).
"ഭാഗ്യം മറിയാമേ ദൈവത്താൽ ബാല്യമതിൽ നീ
തിരഞ്ഞെടുക്കപ്പെട്ടു
കാഴ്ചയണച്ചീടും അപ്പത്താൽ പോറ്റപ്പെട്ടു.
ആചാര്യന്മാരും ബഹുമാനിച്ചു
മാലാഖ സ്വസ്തിയുരച്ചു
ദൈവച്ചു നിന്നിൽ വസിച്ചല്ലോ......".

(വെള്ളിയാഴ്ച പേജ് 272).

സൗന്ദര്യവതിയും എളിമയുടെയും മറ്റെല്ലാ പുണ്യങ്ങളുടെയും നിറകുടവുമായ മറിയാമിനെ ദീർഘദർശിമാർ ഓരോ സൂചനകളിലൂടെ മുൻകൂട്ടി അറിയിച്ചു. മനുഷ്യാവതാര രഹസ്യവുമായി ബന്ധപ്പെട്ടവയാണ് ഈ സൂചനകളും പ്രതിരൂപങ്ങളുമെല്ലാം.

"ദാവീദിൻ സുതയേ! രഹസ്യം പേടകമുൾ
നിൻ സുന്ദരചിത്രം നിബിയർ എഴുതിയിതാ
ലിഖിതങ്ങളിൽ വച്ചു, ചിന്തിക്കുന്നോർക്കായ്
പുതിയ കുടം നിന്റെ സാദൃശ്യം കാട്ടി.
അതിനുൾ സൂക്ഷിക്കും ലവണം നിൻസുതനാം
നാശമതിന്നുലകം സംരക്ഷിക്കുന്നോൻ".

(ശുബഹോ, വ്യാഴാഴ്ച - രാത്രി)
ഒന്നാം കൗമാ - എക്ബോ, പേജ് 208).

www.malankaralibrary.com

"മൂശാനിബിയാൽ സ്ഥാപിതപേടകമേ
മറിയാമേ സ്വസ്തി
ജീവജലത്തെയുൾക്കൊള്ളും
റൂഹായിൻ ആവരണം നീ
ഈശ്ശായി സുതനാം ദാവീദ്
പാടിയ ബലമേറും പുരിനീ
ഈശൻ നിൻ മടിയിന്നും വന്നാൽ".

(ശുബഹോ, ബുധൻ - ഉച്ച, പേജ് 189).

"ദാവീദിൻ മകളാം കന്യാ-
മറിയാമ്മിന്നായിട്ടേകി
സുന്ദരനാമങ്ങൾ, ആദിമ നീതിഷ്ടർ
ഹസ്കിയേൽ : ബന്ധിതവാതിൽ
ശ്ലോമ്മോൻ : ആവൃതതോട്ടം മുദ്രിതമാമുറവ
ദാവീദ് - ശോഭിതപട്ടണമെന്നായ്
വിതചെയ്യാതവളിൽ മുളച്ചാ
ചെടിയല്ലോ സുതനാം മിശിഹാ ..........".

(ശുബഹോ, ബുധൻ - രാത്രി ഒന്നാം കൗമ്മാ - പേജ് 160).

"ദാവീദിൻ വംശത്തിൽ നിന്നൊരു കന്യകമറിയാം
പാരിൽ വാഹകനെപ്പേറും രഥമായിത്തീർന്നാൾ
ഹസ്കിയേൽ താൻ ദർശിച്ചുള്ളോരാ
രഥമതിലധികം ശ്രേഷ്ഠതയുള്ളവൾ താൻ
വാചാലതയുള്ളൊരു മുഖചക്രങ്ങളതിനുണ്ടായ്
നാഥാ നിൻ സ്തുതിപാടും മറിയാമിൻ വായ് ശ്രേഷ്ഠം".

(ശുബഹോ, തിങ്കൾ - രാത്രി ഒന്നാം കൗമ്മാ, കോലോ പേജ് 70).

"പാവനമാതാതൻ രൂപംനിയമങ്ങളിലും
പ്രവചനമതിലും കാട്ടിയോരിൽ ശ്രേഷ്ഠൻ നിബിമൂശ
നിയമപ്പേടകമതിനാലും മന്നാച്ചെപ്പാൽകുദൂശ്കുദിശീനിൽ
തളിരിട്ടോരഹറോൻ വടിയാലും

www.malankaralibrary.com

ഏലീശാതൻ നവകുംഭത്താൽ
ഏശയ്യാ വേഗമെഴുലം മുകിലാൽ
ഗിദയോൻ മഞ്ഞുപതിഞ്ഞൊരു രോമക്കെട്ടാലും കാട്ടി".
(ശുബഹോ, ബുധൻ സന്ധ്യ, കോലോ പേജ്. 153).

"ഭാഗ്യവതി, മറിയാമേ, ഞാനെങ്ങിനെ നിന്നെ
വിളിക്കണമീശാംബികകന്യാ, തനു പൂണ്ടൊരു മേഘം
നീതിക്കതിരോൻ പ്രഭ വിതറും വിമലാകാശം
മോശയണിഞ്ഞൊരു വദനാവരണം നിൻ രസഹ്യമതായ്
ദിവിധരകൾ വാഹകനെപ്പേറും
നല്ലൊരു ശാരീരികരഥവും നീ
ദൈവഹിതാൽ തൻ മാതാവാം ഈശൻ ദാസീ നീ".
(മെനഗാലം, ബുധൻ - സന്ധ്യ, കോലോ പേജ്. 97).

"ഹസ്കിയേൽ കണ്ടൊരു രഥമോ
നിന്നൊടുപമിപ്പാൻ പോരാ
പാവനകന്യേ - ക്രോബകളാം
ജീവികളതിൽ ബന്ധിതമായ്
അന്യോന്യം വ്യത്യസ്തമതാം ചതുർമുഖമവയിൽ കാൺമൂ
സിംഹം, കാള, കഴുകൻ, നരനിവൻ തൻ രൂപങ്ങൾ
മാതേനിൻ മുട്ടുകൾ രഥമായ്
കൈകൾ ചക്രങ്ങളുമായ്
നിൻ വദനം സ്തുതി പാടുന്നു.
ഹസ്കിയേലിൻ രഥമതിലും
സൗന്ദര്യത്തിൽ നീ ശ്രേഷ്ഠ
പരിശുദ്ധിയെഴും കന്യേ.......".
(മെനഗാലം, രാത്രി ഒന്നാം കൗമ്മാ, കോലോ, പേജ്. 110).

"അമ്മാനുവേൽ
അത്ഭുതനാം ശിശുവേ
കന്യക ഗർഭിണിയായ്

www.malankaralibrary.com

പെറ്റെന്നോതിയ സത്യത്തിൻ
പ്രാസംഗികനാമേശായ
ചൊന്നൊരു കന്യക മറിയാമ്മിൽ
നിന്നിഹ - ശിശുവായ് വന്നവനെ
സ്തുതിയും സ്തോത്രവുമങ്ങേക്കായ്.

(മെനഓലൊ, ബുധൻ - പ്രഭാതം കോലോ പേജ് 123).

"ഏലീശാ തൻ നവകുംഭം
ഗിദയോൻ കമ്പിളി, പനിമഞ്ഞും പാവന കന്യേ
നിൻ സാദൃശ്യമതായ്
തരുനിരയിൽ സർപ്പം രോഷാൽ
മനുജനെ വീഴ്ത്തിയ വിഷമതു നിന്നാൽ
മധുരമതായ് മാറി :
വിൺവൃഷ്ടിയെ നീ കൈക്കൊണ്ടു
മോദത്തിൻ നീർച്ചാൽ ഒഴുകി......... ഹാലേല്ലുയ്യാ
സൃഷ്ടിയെ നിറവാക്കി".

(മെനഓലം, ബുധൻ - മൂന്നാംമണി പേജ് 136).

"സ്ത്രീകളിലേറ്റം സൗന്ദര്യവതിയേ സ്വസ്തി നിനക്കായ്
സൃഷ്ടിയതിൻ മേലാവൃതമായോരാവരണം നീ
മാലിന്യമെഴാത്തവളേ സ്വസ്തി, അമ്മാനുയേൽ
തന്നെ പ്രസവിച്ചവളായുള്ളൊരു ഹവ്വാ നീയേ
പ്രഭയിൻ പ്രഭുവേ പ്രസവിച്ചവളേ സ്വസ്തി നിനക്കായ്
നിബിയർ നാഥൻ നിന്നിൽ വസിച്ച പ്രവാചകി നീ..........".

(മെനഓലം, വ്യാഴാഴ്ച രാത്രി - ബോവൂസാ പേജ്. 160).

"മരുവിൽ പാറയിൽ നിന്നൊഴുകി-
നദികളതല്ലോ നിൻ സാദൃശ്യം, മറിയാമേ
ധന്യേ കന്യകയേ
നിന്നിൽ നിന്നും ദൈവസുതൻ
ജാതം ചെയ്താൻ അവനത്രേ ശില സത്യത്തിൽ
പൗലോസ് ചൊന്നതുപോൽ".

(ശുബഹോ, ശനി - പ്രഭാതം പേജ്. 306).

www.malankaralibrary.com

വിശുദ്ധ കന്യകാമറിയത്തിന്റെ വ്യക്തിപരമായ ജീവിതത്തിന്റെയും പാപികളായ നമ്മുടെ പരിത്രാണന കർമ്മത്തിന്റെയും ഏറ്റം പരിശുദ്ധമായതും അനർഘമായതുമായ നിമിഷമാണ് ഗബ്രിയേൽ ദൂതൻ മുഖാന്തിരമുള്ള വചനിപ്പ്. എത്ര വർണ്ണിച്ചാലും മതിയാവാത്ത ഭാവനാസമ്പന്നമായ പ്രാർത്ഥന യുടെ രൂപത്തിൽ പ്രസ്തുത അതുല്യമായ നിമിഷങ്ങൾ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.

"കായിതമെഴുതിയയച്ചുപിതാ
ദൂതൻവഴി നസറേത്തിങ്കൽ
ലോകം രക്ഷിപ്പാൻ
വന്നൊരു സൂനുതൻ
മാതാവായി നിയോഗിച്ച
കന്യകമറിയാമ്മിൻ പേർക്കായ്".

(മെനഓലം, ബുധനാഴ്ച - രാത്രി ഒന്നാം കൗമ്മാ പേജ്. 110).

ലിഖിതമല്ലാത്തൊരു കത്തും-
പേറിയണഞ്ഞാൻ ഗബറീ-യേൽ മറിയാം സവിധേ
ശ്ലോമ്മോ നിറയുമതിൽ
ചൊന്നാൻ-മറിയാമേസ്വസ്തി
സകലത്തിന്നും രക്ഷകനായോൻ നിന്നിൽനി-
ന്നുദയം ചെയ്തീടും".

(ശുബഹോ, ശനി- പ്രഭാതം പേജ് 306).

"അഗ്നിമയൻ തീജ്ജ്വാലകളെ
തരണം ചെയ്തു കടന്നൊരു തേരിൽ
വായുവിനെ ഭേദിച്ചെത്തി
നസറേത്തിൽ മറിയാം സവിധേ
ധന്യയവൾക്കേകി സ്വസ്തി
നമ്മുടെ നാഥൻ നിന്നുദരേ
ആദാമ്യകുലത്തിൻ ശാപമശേഷം മാറ്റുന്നോൻ".

(ശുബഹോ, ശനി - പ്രഭാതം പേജ്. 310).

www.malankaralibrary.com

"കന്യക കണ്ടാൾ -ജ്വാലയണിഞ്ഞവനാം

വാനവനെ - അധികഭയത്തോടുനിന്നി-

ട്ടുടനുരചെയ്തേവം വിനയത്തോടെ

പുംസംബന്ധമെഴാ ഗർഭമതെങ്ങനെ ഭവ്യം?

യുക്തിയതെന്നെ ഗ്രഹിപ്പിക്കൂ - വിശ്വാസം വിഷമം

ഞാനോ - കന്യകയാൾ,

വൈവാഹിക വാഞ്ഛയില്ലാത്തോൾ".

(മെനഓലം, വ്യഴാഴ്ച - സന്ധ്യ, പേജ് 142).

കന്യകമറിയാം ഗബ്രിയേൽ ദൂതനോട് സംശയനിവാരണം നടത്തുന്ന ഭാഗമാണ് മേലുദ്ധരിക്കപ്പെട്ടത്. ഒരിക്കൽക്കൂടി പ്രസ്തുത രംഗം ചിത്രീകരിക്കുന്നതോടൊപ്പം, വേദപുസ്തകത്തിൽ ലൂക്കായുടെ സുവിശേഷത്തിലുള്ള പ്രസ്തുത ചിത്രവും ഭാവനയുടെ ചിറകുകളിൽ പറന്നുയരുന്ന ദൈവവിശ്വാസി മറിയാമ്മിനെക്കുറിച്ച് നൽകുന്ന തൂലികാ ചിത്രവും സങ്കലനപ്പെടുത്തി പ്രാർ ത്ഥനയുടെ ഈരടികളായി നാം ചൊല്ലുന്നു.

മറിയാമോതി:

ദൂതവരൻ ഗബ്റീയേലിനോടായ്

"എങ്ങനെ ഭവ്യം ദൂതതുപോലെ

സംയോഗമെഴാ -

തെങ്ങനെ കന്യക ഗർഭിണിയാകും

കേട്ടിട്ടില്ലേൻ"; ദൂതനുരച്ചേവം:

"പരിശുദ്ധാത്മ

ആവാസം ചെയ്തീടും നിന്നിൽ

ഉയരോൻ ശക്തി നിൻമേൽ വാണീടും

ഹാലേലൂയ്യാ

തൻ ജനിയാലുലകം രക്ഷിക്കും

അത്ഭുത ശിശുവേ നീ പ്രസവിച്ചീടും". (ബാറെക് ......ശുബഹോ).

മറിയാമോതി:

തൻ സഖികൾ കന്യകമാരോടായ്

www.malankaralibrary.com

വലുതാം മോദം ചേർന്നീടുന്നെന്നിൽ
ഈറയർ ദൂതർ
സേവിപ്പോൻ ഭൂപേറുന്നവനെ
പേറീടുന്നേൻ, പാടും അവന്നായി
മാനവരെ താൻ
സംഗീതം പഠിപ്പിച്ചവനല്ലോ
തൻമഹിമവേയഗ്നി വലംവയ്പ്പൂ
ഹാലേലൂയ്യാ
കാദീശെന്നവരാർത്തിടുന്നു
തൻ മഹിമയതോ എന്നേക്കും സ്തുത്യം".

(മെനഗാലം, വ്യാഴാഴ്ച - രാത്രി പേജ് 159).

കന്യകാമറിയാമിനു ലഭിച്ചിട്ടുള്ള എല്ലാ അനുഗ്രഹങ്ങ ൾക്കും നിദാനം അവളുടെ ദൈവമാതൃത്വം ആണ്. മനുഷ്യമനസ്സിന് ഒരു രീതിയിലും സങ്കൽപ്പിക്കാൻ പാടില്ലാത്ത ഒന്നാണ് ദൈവമാതൃത്വവും രക്ഷാകര മനുഷ്യവതാരവും ദൈനംദിനം ആവർത്തിച്ച് ആലപിക്കുന്ന ഗീതങ്ങളിലൂടെ വിശ്വാസത്തിന്റെ പ്രതിധ്വനി ഹൃദയാന്തർഭാഗത്ത് മുഴക്കുകയും പ്രാർത്ഥിക്കുന്ന സമൂഹം ചൈതന്യവത്തായ വിശ്വാസത്തിന്റെ പൊൻകതിരുകളാൽ ഉത്തേജിക്കപ്പെടുകയും ചെയ്യുന്നു.

പ്രാർത്ഥിക്കുന്ന വ്യക്തി ഒരു വശത്ത് ദൈവമാതൃത്വ ത്തിന്റെ അഗ്രാഹ്യതയെക്കുറിച്ചു പാടുന്നു. ദൈവത്തിന്റെ കൃപ അതു മനസ്സിലാക്കാൻ അനുപേക്ഷണീയമാണ്.

"കന്യകാമറിയമേ നിന്നുടെ
ചരിതമവർണ്ണ്യമതല്ലോ സൃഷ്ടികൾ തൻ
........ ഉടയവരുടെ മാതാവായ് നീ".

(ശുബഹോ, ചൊവ്വ - സന്ധ്യ പേജ് 49).

"കന്യക വിളി ചെയ്വൂ
നിൻചരിതമുരപ്പാൻ
വിസ്മിതനായ് ഞാൻ

www.malankaralibrary.com

ദൈവസുതാ നീ നൽകുക വചനം
കൃപയാൽ നിറവാക്കെന്നുടെ വീണ
നൻമകൾ നിറയുന്ന
നിന്നുടെ മാതാവേ
വർണ്ണിപ്പാനായ്".

(ശുബഹോ, ചൊവ്വ - രാത്രി പേജ് 64).

അതേസമയം കന്യകമാതാവിന്റെ ദൈവമാതൃത്വത്തെ നിഷേധിക്കുന്നവൻ വേദവിരോധിയും ശാപാർഹനുമാണെന്നു ഉറച്ചു പ്രഖ്യാപിക്കുകയും ചെയ്യുന്നു.

"പ്രസവിച്ചാൾ മറിയം ദൈവത്തെ
എന്നേൽക്കാത്തോൻ ശാപാർഹൻ
അവനീശൻ ഈശന്നാത്മജനും
എന്നേറ്ററുളാത്തോരെല്ലാം
വേദവിരോധികളാകുന്നു.
താതൻ മറിയാമിവരിൽനി-
ന്നാദിയതില്ലാതിഹകാലേ
വന്നൊരുവന്ദ്യൻ സുതനൊന്നെ
ന്നേൽക്കാതുള്ളോൻ ശാപാർഹൻ.

(മെനഗാലം, ബുധൻ - സന്ധ്യ പേജ്. 127-128).

ഗബ്രിയേൽ മാലാഖയുടെ വചനിപ്പനുസരിച്ച് കന്യകമറിയാം ദൈവതിരുമനസ്സിന് സ്വയം അർപ്പിക്കുന്നു. തദവസരത്തിൽ വചനമായ ദൈവം മറിയാമിന്റെ കന്യാത്വത്തിനു ഭംഗംവരാത്ത രീതിയിൽ അവളുടെ ഉദരത്തിൽ പ്രവേശിച്ചു വെന്നും വിശ്വസിച്ചു സ്തോത്രം ചെയ്യുന്നു.

"തൻ ദയയീന്നിഷ്ടം പോലുദരേ
വന്നുവസിച്ചവനേ സ്തുതിതേ!
സ്തോത്രം തേ മാതിൻ കന്യാത്വം
ഭഞ്ജിക്കാതിഹവന്നവനേ
അടിയാർ രക്ഷക്കായ് സ്വയമായ്

www.malankaralibrary.com

താഴ്ന്നങ്ങേതാതനുസുതരും
റൂഹാ തന്നനുബന്ധിതരും
ആയിട്ടടിയാരെമാറ്റാൻ
നരനായവനെ സ്തോത്രം തേ!

(മെനഓലം, ബുധൻ - പ്രഭാതം, പേജ് 127).

"ദാവീദിൻ സുതയെ നിന്നെ
എങ്ങനെ വിളി ചെയ്വേൻ
എന്തൊരു നാമം നൽകീടും
ചൊൽവാനുമശക്തൻ
കന്യകയെങ്കിൽ പാൽ നുകരും സൂനു
മാതാവെന്നോ കന്യകയല്ലോ നീ
അതിനാൽ ദൈവാംബികയെന്നായ്
നിന്നെ വിളി ചെയ്വേൻ
താർക്കികരും വിജ്ഞാനികളും ലജ്ജിച്ചീടട്ടെ
ഹാ - ശപ്തൻ ശോധിപ്പോൻ".

(മെനഓലം, തിങ്കൾ - രാത്രി ഒന്നാം കൗമ്മാ, പേജ് 18).

"കന്യക ദൈവത്തെപ്പെറ്റാൾ
സന്ദേഹിച്ചീടിൽ
സത്യമതീന്നന്യൻ
ചിന്തയതിൽ സംശയമേറിൽ
ദുഷ്ടൻ പോൽ നരകം പൂകും.........

(മെനഓലം, തിങ്കൾ - രാത്രി ഒന്നാം കൗമ്മാ - പേജ് 17).

"പാവനയാം കന്യകതൻ പരിപാവന ഗർഭേ
നിന്നുമുദിപ്പാൻ മനസ്സായൊരു ദൈവസുതാ -
സ്തോത്രം
ശ്രോതത്താലവളേറ്റവനെ മുദ്രിതയുദരെ
ആഗമനാലജ്ഞാനികളെ ലജ്ജാകുലരാക്കി
"സ്തോത്രംതേ തവതാഴാഴ്മക്കായ്

www.malankaralibrary.com

സ്തോത്രംതേ മാനുഷനായവനെ

സ്തോത്രം സഭതൻ രക്ഷകനായ് സ്തോത്രം പാടുന്നു".

(ശുബഹോ........ ബുധൻ - സന്ധ്യ, പേജ് 148).

"മുൾമരമെരിയാതെരിതീതൻ നടുവിൽ കണ്ടതുപോൽ

ചിന്മയനാമ്മറിയാമ്മിൽ വസിച്ചു ശരീരം പൂണ്ടു.

അതിനാൽ ഭംഗവുമാ - ക്കന്യ-

വ്രതമുദ്രയ്ക്കുണ്ടായില്ല".

(ശുബഹോ, തിങ്കൾ - പ്രഭാതം, പേജ് 84).

"കന്യകയെന്നെ വിളിച്ചിന്നാളിൽ ഭാഷിച്ചീടാൻ

വ്രതഹാനിഭവിക്കാത്തവൾ ചരിതം ശ്രദ്ധിച്ചീടാം.

രണ്ടാം സ്വർഗ്ഗമതാമവളുദരേ നാഥൻ വന്നു

ഭൂവിന്നിരുളിനെ നീക്കാനവളീന്നുദയം ചെയ്താൽ

ദൈവാത്മജമാതാവായിത്തീർന്നു നിർദ്ധനപുത്രി

നിർദ്ധന ഭൂമിക്കേകി ധനമവൾ ജീവൻ നേടാൻ

പിതൃസൗഭാഗ്യനിധികൾ പേറും പടവായ് തീർന്നാൾ

ഫലശൂന്യമതായ്ത്തീർന്നൊരു ധരയെ ധന്യമതാക്കി".

(ശുബഹോ..... തിങ്കൾ - രാത്രി, പേജ് 72).

ഇത്ര സുന്ദരിയും സുഭഗയും അനുഗൃഹീതയുമായ കന്യകയുടെ ഓർമ്മ സർവ്വ ലോകങ്ങളിലും സാമോദം സാഘോഷം കൊണ്ടാടപ്പെടുന്നു.

"ഭാഗ്യവതീ, നിന്നോർമ്മയതിൻ ദിനമെത്ര

മോഹനമഭികാമ്യവുമല്ലോ നാനാദിശകളിലും....."

"പള്ളികൾ ദയറാകളുമൊന്നായ് - സ്തുതി പാടുന്നു.

കരയും കടലും മോദമൊടെ ഘോഷിച്ചിടുന്നു."

(ശുബഹോ....... ചൊവ്വാ - രാത്രി, പേജ് 116).

"വാനിലുമീ ഭൂമിയിലും - ഹാലേലൂയ്യാ

നാനാദിശയുളവാകണമേ കന്യകയാകും

മറിയാമ്മിന്നായ് നല്ലോർമ്മ ദയറാപള്ളികളിൽ

www.malankaralibrary.com

പാവനപരിശുദ്ധിയെഴുന്നവൾ കന്യാത്വത്തിൽ
നൃപരാജനിറങ്ങി വസിപ്പാൻ കാരുണ്യം തോന്നി
ഭൂവാനങ്ങളിൽ മാതൃസ്മരണ
തന്നുടെ പ്രാർത്ഥനയെൻ കോട്ടയുമാം
നാഥാ നിൻ ജനനീ സ്മരണേ ചേർത്തീട്ടിയാരെ".

(ശുബഹോ, ബുധൻ - സന്ധ്യാ, പേജ് 148).

പരിശുദ്ധകന്യക മറിയാമിനെ നിരന്തരം വാഴ്ത്തി സ്തുതിക്കുന്നതിന് ഒരു പ്രത്യേക ലക്ഷ്യമുണ്ട്.

"പാവനയാം കന്യേ - സുതനോടർത്ഥിക്കൂ
ശാന്തിയയച്ചിവർമേൽ - കാരുണ്യം ചെയ്‌വാൻ"

(ശുബഹോ ..... ബുധൻ - സന്ധ്യ, പേജ് 147).

"മേലുയരത്തിൽ അഗ്ന്യാത്മീയന്മാർ നാവുകളും
ധരയിതിലുള്ളോരെല്ലവംശങ്ങളുമവൾ
ചൊന്നതുപോൽഭാഗ്യം
നൽകട്ടെ ധന്യയവൾക്കായ് സർവ്വേശ്വരനെ
അവളുടെ പ്രാർത്ഥനയാൽ ദയവായ്
ഓർമ്മയെ ബഹുമാനിച്ചോർക്കായ്
ഋണപാപങ്ങൾ തൻമോചനമേകീടണമേ".

(ശുബഹോ.......... വ്യാഴം - സന്ധ്യ, പേജ് 192).

"സംയോഗമതെന്യേ ശുദ്ധിയിൽ, ദൈവത്തിൽ
മാതാവായൊരു ധന്യേ നൽ ഓർമ്മയതിങ്കൽ
മൃതരായോർക്കാശ്വാസം ജീവിപ്പോർക്കായ്
ശരണവുമുണ്ടായിടുവാനായർത്ഥിക്കണമേ".

(ശുബഹോ........ വ്യാഴാഴ്ച - സന്ധ്യ, പേജ് 199).

"നിൻ പ്രാർത്ഥന കോട്ടയിവർക്കായ്
എല്ലാ - വംശങ്ങളിൽനിന്നുമെടുക്കപ്പെട്ടവളാം
ദൈവജനനീ മറിയാമേ
കന്യേ - ഇവർമേൽ നിൻ പ്രാർത്ഥനയാൽ

www.malankaralibrary.com

കൃപചെയ്തീടാൻ

ഏകാത്മജ നോടർത്ഥിക്ക".

(ശുബഹോ.... വെള്ളി - സന്ധ്യ, പേജ് 237).

ഈ മനോഹരമായ പ്രാർത്ഥനകൾ യാക്കോബിന്റെ അപേക്ഷയോടുകൂടെ നമുക്കു പരിശുദ്ധ മാതാവിന്റെ തൃപ്പാദങ്ങളിൽ സമർപ്പിക്കാം. ഇവിടെ രണ്ട് ബോവൂസോകളാണ് ഉദ്ധരിക്കപ്പെടുക. ആദ്യത്തേത് മറിയാമിനെ ഭാവനാ ചൈതന്യത്തോടുകൂടെ വിശുദ്ധ ലിഖിതങ്ങളുടെ പശ്ചാത്തലത്തിൽ വർണ്ണിക്കുന്നു. രണ്ടമത്തേത് ഭക്തജനങ്ങളെ ആഹ്വാനം ചെയ്യുകയാണ്, ഈ അമ്മയുടെ ഓർമ്മ ആഘോഷിക്കുന്നതിന്.

"വാഴ്ത്തപ്പെട്ടവളായോൾ കന്യേ പ്രാർത്ഥന ചെയ്ക
നാഥൻ ഞങ്ങൾമേൽ കാരുണ്യം ചെയ്തീടാനായ്
വരിക സമാധാനത്താലെ നവജീവൻ പേറും
പടവേ സ്വസ്തി! രാജാധീശനികേതനമാം നീ
നീട്ടപ്പെട്ടൊരു ചെങ്കോലുള്ളോരുദ്യാനം നീ
രഹസ്യം സൂക്ഷിച്ചീടും മന്ദിരമേ, തേ സ്വസ്തി!
വരിക സമാധാനത്താലെ, സൗന്ദര്യം നിറയും
കന്യകയേ! രാജാളിയെ പോറ്റിയ മാടപ്രാവേ!
വൈവാഹിക ബന്ധം കൂടാത്തൊരു വധുവേ സ്വസ്തി
ലോകത്തിൻ തുറമുഖമേ, വിശ്രമകേന്ദ്രം നീയേ,
ദൈവാത്മജനേ, ഒൻപതുമാസം നിന്നെ വഹിച്ചോൾ
പ്രാർത്ഥനയാലെ ക്രോധത്തിൻവടികൾ മായ്ക്കണമേ".

(ശുബഹോ........... വ്യാഴാഴ്ച - രാത്രി, പേജ് 210).

"വാഴ്ത്തപ്പെട്ടവളായൊരു കന്യേ പ്രാർത്ഥന ചെയ്തീടണമേ
നാഥൻ ഞങ്ങളുടെമേൽ കൃപ ചെയ്തീടാൻ
വിശ്വാസ സ്നേഹത്താൽ വരുവിൻ വിവേകികളേ
വാഴ്ത്തപ്പെട്ടവൾ മറിയാം ഓർമ്മയെ മാനിച്ചീടാം
ജാഗരണം പ്രാർത്ഥനയിവയാൽ ആഘോഷിച്ചീടാൻ
ഭക്തന്മാർക്കായ് പ്രതിഫലം ഏകീടുന്നവളധികം

www.malankaralibrary.com

താവക ബഹുമാനത്തിന്നിവരെ ശക്തന്മാരാക്ക
പ്രഭയിൽ മണവറയതിലേക്കിവരെ പൂകിയ്ക്കണമേ
പ്രാർത്ഥനയഭയം തേടിപ്പെരുന്നാൾ ഘോഷിച്ചിവരെ
നിദ്രിതരെയും നാഥൻ ഈറേർ നിരചേർക്കേണം
ദൈവാത്മജനേ ഒൻപതുമാസം നിന്നെ വഹിച്ചോൾ
പ്രാർത്ഥനയാലെ ക്രോധത്തിന്റെ വടികളെ മായിക്ക".
(ശുബഹോ - ശനി - രാത്രി ഒന്നാം കൗമ്മാ, പേജ് 297).

ഇപ്രകാരം സീറോ മലങ്കര സഭയിലെ വിശുദ്ധ കുർബ്ബാനയിലും, തിരുന്നാളുകളിലും, അനുദിന പ്രാർത്ഥനകളിലും വിശുദ്ധ മാതാവിന് വളരെയധികം പ്രാധാന്യം നൽകുകയും വാഴ്ത്തി പുകഴ്ത്തുകയും മാദ്ധ്യസ്ഥം യാചിക്കുകയും ചെയ്യുന്നതായി കാണാം. പരിശുദ്ധ മാതാവിനെ അനുസ്മരിക്കാത്ത ഒരു പ്രാർത്ഥനയും സീറോ മലങ്കരസഭയിൽ ഇല്ല എന്നുള്ളത് ആരാധനക്രമത്തിന്റെ വൈശിഷ്ട്യം വെളിവാക്കുന്നു. ആരാധനക്രമത്തിലൂടെ നിരന്തരം പ്രകീർത്തിക്കപ്പെടുന്ന മാതാവിന് ദൈവത്തിന്റെ അമ്മ, അമലോത്ഭവ, സ്വർഗ്ഗാരോപിത, രക്ഷകന്റെ അമ്മ എന്നീ നിലകളിൽ സഭയിലും, സഭാതനയരുടെ ഇടയിലുമുള്ള പ്രാധാന്യത്തെക്കുറിച്ച് അടുത്ത അദ്ധ്യായത്തിൽ ചർച്ച ചെയ്യാം.

www.malankaralibrary.com

1. *Rouet Journal,* 112.
2. *Rouet Journal*, 191.
3. *Rouet Journal*, 222.
4. *Rouet Journal*, 224.
5. Irenaeus, *Against the Heresies*, 189-198.
6. Irenaeus, *Against the Heresies*, Ch.3, 10:2.
7. Irenaeus, *Magnificat Adv*. 3:10:2.
8. Athanasios, *Letter to the Virgins.*
9. Ephraem, *Carmina Nisibena Hym*n. 27-28.
10. Ephraem, *Hymns on Nativity*. 16:9-11.
11. *Rouet Journal*. 711.
12. *Rouet Journal*. 754.
13. Epiphanius, *Panarion*, 78:5f.
14. Epiphanius, *Panarion*, 78:23f
15. Epiphanius, *Panarion*, 78:21f.
16. *Rouet Journal*. 1017.
17. Basil: *Patrologia Graeca*, 31:1468.
18. Ambrose *Expos. Evang. Sec. Lucam*, 11,9:CSEL 32/4,45f.
19. Ambrose *op.cit.* 10:132.
20. Ambrose *op.cit.* 2:17.
21. Ambrose *op.cit.* 2:7; 3:11.
22. Gregory, *Sermon on the Nativity of Christ. PG 46:1136*
23. Gregory, Nyssa, Life of moses, 2, 139: *PG* :44: 368.
24. Gregory, *Birth of Christ*. *PG* :46:1140-1141.

25. Gregory, *De Res*. 2: *PG* 648.

26. Jerome, *On the Perpectual Virginity of Mary against Helvidius. PL* 23: 183-206.

27. Jerome, *Epistle*, 104.

28. Augustine, *De Sancta Virginitate*, 4:4.

29. Thomas Aquinas, *Summa Theologica*, iq 22 a-3.

30. Thomas Aquinas, *Summa Theologica*, iii $q^2$, $a^2$

31. Thomas Aquinas, *Summa Theologica*, a30, iii Sent. $dis^3$. $a^3$.

www.malankaralibrary.com

## അദ്ധ്യായം - മൂന്ന്

# വിശുദ്ധ മറിയം സഭയുടെ പ്രബോധനങ്ങളിൽ

സഭയുടെ പ്രബോധനങ്ങളിൽ വിശുദ്ധ മറിയത്തിനു നൽകുന്ന സ്ഥാനം ദൈവത്തിന്റെ അമ്മ, അമലോത്ഭവ, സ്വർഗ്ഗാരോപിത, രക്ഷകന്റെ അമ്മ എന്നീ വിശ്വാസ സത്യങ്ങളിലൂടെ വിലയിരുത്താം.

**1. ദൈവത്തിന്റെ അമ്മ**

"ദൈവത്തിന്റെ മാതാവെന്ന മഹനീയ സ്ഥാനത്താലും പരമമായ ഔന്നത്യത്താലും അവൾ അലംകൃതയത്രേ"[1] മറിയത്തിനു ദൈവം നൽകിയ സകല വിശേഷവരങ്ങളുടെയും അടിസ്ഥാനം അവൾ ദൈവത്തിന്റെ മാതാവാണെന്നതത്രേ. മറിയത്തിന്റെ ദൈവമാതൃത്വത്തെപ്പറ്റി ഗബ്രിയേൽ ദൈവദൂതൻ അവളെ മുൻകൂട്ടി അറിയിച്ചിട്ടുണ്ടായിരുന്നു: "യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. ആ ശിശുവിന് യേശു എന്ന് പേരിടണം........ അവിടുന്ന് അത്യുന്നതന്റെ പുത്രൻ എന്ന് വിളിക്കപ്പെടും. ഭവതിയിൽനിന്നു ജനിക്കുന്ന പരിശുദ്ധൻ ദൈവപുത്രൻ എന്നു വിളിക്കപ്പെടും" (ലൂക്കാ 1 : 35). ദൈവപുത്രൻ എന്നു മാലാഖാ പറയുന്നത് പരിശുദ്ധ ത്രിത്വത്തിന്റെ രണ്ടാമാളായ പുത്രൻ തമ്പുരാനെക്കുറിച്ചാണ്. ദൈവപുത്രനായ അവിടുന്ന് മറിയത്തിന്റെ പുത്രനായി ജനിക്കുമെന്നാണ് മാലാഖ അറിയിക്കുന്നത്. അതിനാൽ, ദൈവമായ പുത്രൻതമ്പുരാന്റെ മാതാവെന്ന നിലയിൽ മറിയം ദൈവത്തിന്റെ മാതാവായി.

---

www.malankaralibrary.com

ഇങ്ങനെയായിരുന്നു: "തനിക്കു മുമ്പുണ്ടായിരുന്ന ഒരാളെ ഒരു സ്ത്രീക്ക് എങ്ങനെ ഗർഭം ധരിക്കുവാനും പ്രസവിക്കുവാനും കഴിയും?". നെസ്തോറിയോസിന് മനസ്സിലാക്കാൻ കഴിയാത്ത ആ സത്യം തിരുസഭ മനസ്സിലാക്കുകയും പഠിപ്പിക്കുകയും ചെയ്തു. കത്തോലിക്കാസഭ അതിന്റെ ആരംഭം മുതൽ മറിയത്തെ ദൈവമാതാവ് എന്നുതന്നെ വിളിച്ചുവന്നു. സഭയുടെ പ്രബോധനം മറ്റേതു വിശ്വാസ സത്യത്തിന്റേയും കാര്യത്തിലെന്നതുപോലെ വിശുദ്ധ ഗ്രന്ഥത്തെയും പാരമ്പര്യത്തെയും അധിഷ്ഠിതമാക്കിയുള്ളതത്രേ. സഭയുടെ ആരാധനക്രമത്തിലും ഈ സത്യം ആദ്യന്തം വ്യക്തമായി കാണുന്നുണ്ട്.

നെസ്തോറിയസിന്റെ തത്വശാസ്ത്രപരമായ വാദമുഖം ഇങ്ങനെയായിരുന്നു: സംഖ്യാപരമായി ഒരു മനുഷ്യപ്രകൃതി അഥവാ മനുഷ്യസ്വഭാവം ഉള്ളിടത്ത് അവശ്യം ഒരാളും (person) ഉണ്ടായിരിക്കണം. ആളത്തവും പ്രകൃതിയും ഒരുമിച്ചു പോകുന്നു. അവ രണ്ടും അവിഭാജ്യങ്ങളാണ്. ഈ വിധത്തിൽ നോക്കുമ്പോൾ ക്രിസ്തുവിൽ രണ്ടു പ്രകൃതികൾ - ദൈവപ്രകൃതിയും മനുഷ്യപ്രകൃതിയും - ഉള്ളതിനാൽ, അദ്ദേഹത്തിൽ വ്യതിരിക്തരായ രണ്ടാളുകൾ ഉണ്ടായിരിക്കണം - ദൈവയാളും മനുഷ്യയാളും. അപ്പോൾ ക്രിസ്തു എന്ന ചരിത്ര പുരുഷനിൽ ഒരാളല്ല രണ്ടാളുകൾ ഉണ്ട്. മറിയം ക്രിസ്തു എന്ന മാനുഷിക ആളിന്റെ അമ്മയാണ്. ദൈവത്വം പ്രദാനം ചെയ്യാൻ കഴിവില്ലാത്തതിനാൽ അവൾ ക്രിസ്തുവിലുള്ള ദൈവികയാളിന്റെ അമ്മയല്ല; ദൈവമാതാവ് എന്ന് അവൾ സംബോധന ചെയ്യപ്പെടരുത്. എന്നാൽ സഭയുടെ പ്രബോധനം ഇതിൽ നിന്നും തികച്ചും വ്യത്യസ്തമാണ്.

**2. കത്തോലിക്കാ പ്രബോധനം**

ക്രിസ്തുവിന്റെ യഥാർത്ഥ സ്വഭാവത്തെയും അവിടുത്തേയ്ക്കു സ്വമാതാവിനോടുള്ള ബന്ധത്തെയുംപറ്റി കത്തോലിക്കാ സഭ പഠിപ്പിക്കുന്നത് മേൽപ്പറഞ്ഞതിൽ നിന്നും തികച്ചും വിഭിന്നമാണ്. സഭയുടെ പ്രബോധനം ഇങ്ങനെ സമാഹരിക്കാം. ഈശോമിശിഹാ ഒരേസമയം ദൈവവും മനുഷ്യനുമാകുന്നു. എങ്കിലും അവിടുന്ന് ഒരാളുമാണ്. മിശിഹായിലുള്ള ഏകയാൾ

www.malankaralibrary.com

ദൈവികയാളാണ് (divine person); ആ ഏകയാൾ പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻ തമ്പുരാനല്ലാതെ മറ്റാരുമല്ല. ഈശോമിശിഹായാകുന്ന ഈ ഒരേ ആളിൽ ദൈവികവും മാനുഷികവുമായ രണ്ടു പ്രകൃതികൾ (divine nature and human will) - ഉണ്ട്. ഏകദൈവികയാളിൽ സ്ഥിതിചെയ്യുന്ന ദൈവിക പ്രകൃതിയുടെയും മാനുഷിക പ്രകൃതിയുടെയും അവിഭാജ്യമായ സമഞ്ജസ സംയോഗത്തെയാണ് Hypostatic union എന്ന ഗ്രീക്കു പദംകൊണ്ട് അലക്സാണ്ഡ്രിയായിലെ വിശുദ്ധ സിറിൽ വിവക്ഷിച്ചത്. അതിനിഗൂഢമായ ഈ ദിവ്യ രഹസ്യം ലളിതമായ വാക്കുകൾ കൊണ്ട് എളുപ്പത്തിൽ മനസ്സിലാക്കാമെന്നു വിചാരിക്കരുത്. തത്വശാസ്ത്രത്തിലെ ചില സാങ്കേതിക പദങ്ങൾ ഉപയോഗിച്ച്, സമർത്ഥനായ ദൈവശാസ്ത്രജ്ഞൻ സസൂക്ഷ്മം കൈകാര്യം ചെയ്യേണ്ട വിഷയമാണിത്.

ഇങ്ങനെ ഒരേ സമയം ദൈവവും മനുഷ്യനുമായ ഈശോമിശിഹാ - ദൈവസ്വഭാവവും മനുഷ്യസ്വഭാവവും തന്നിൽ സംയോജിപ്പിച്ച ഒരൊറ്റ ആളായ ഈശോമിശിഹാ - മറിയത്തിൽനിന്നു മനുഷ്യസ്വഭാവം സ്വീകരിച്ചു. മിശിഹായിൽ മനുഷ്യയാൾ ഇല്ലായിരുന്നെന്നതും, അവിടുത്തേയ്ക്കു ദൈവസ്വഭാവം നൽകാൻ മറിയത്തിനു കഴിവില്ലാതിരുന്നു വെന്നതും വാസ്തവം തന്നെ. എന്നാൽ, മറിയം ഗർഭം ധരിച്ചതും ജനനം നൽകിയതും മിശിഹായുടെ മനുഷ്യസ്വഭാവത്തെ മാത്രമല്ല, പ്രത്യുത, മനുഷ്യസ്വഭാവം അവളിൽനിന്നു സ്വീകരിച്ച ദൈവത്തെയത്രേ! തന്മൂലം അവൾ യഥാർത്ഥത്തിൽ ദൈവത്തിന്റെ അമ്മതന്നെ. ഇതിനു സദൃശ്യമായ ഒരു പ്രക്രിയ ഓരോ മനുഷ്യനും ഗർഭസ്ഥിതനാകുമ്പോൾ നടക്കുന്നുണ്ട്. ഒരാൾക്ക് ജന്മം കൊടുക്കുന്നതിനായി മാതാപിതാക്കൾ മനുഷ്യശരീരം മാത്രമേ സജ്ജമാക്കുന്നുള്ളൂ. അമൂർത്തമായ ആത്മാവിനെ സൃഷ്ടിക്കുന്നതും, അതിനെ ശരീരത്തിൽ നിക്ഷേപിക്കുന്നതും ദൈവമത്രേ. എങ്കിലും ആ ആളിന്റെ അമ്മയെ മനുഷ്യശരീരത്തിന്റെ മാത്രം അമ്മയെന്ന് ആരും പറയാറില്ലല്ലോ. അവളിൽനിന്നു ജനിച്ച മുഴുവൻ വ്യക്തിയുടെയും അമ്മയാണവൾ. ഇതുപോലെ മറിയം മിശിഹായ്ക്കും ശരീരം

www.malankaralibrary.com

മാത്രമേ പ്രദാനം ചെയ്തുള്ളൂവെങ്കിലും അവൾ മിശിഹായെന്ന ഏക വ്യക്തിക്കാണു ജനനം നൽകിയത്. അവളിൽനിന്നു രൂപമെടുത്ത മനുഷ്യപ്രകൃതി ദൈവമായ പുത്രന്റേതാണ്. അതിനാൽ അവൾ യഥാർത്ഥവും പരിപൂർണ്ണവുമായ അർത്ഥത്തിൽ, ദൈവത്തിന്റെ മാതാവുതന്നെ. എഫേസോസിലെ കൗൺസിൽ ക്രിസ്തുവർഷം 431-ൽ നെസ്തോറിയോസിന്റെ സിദ്ധാന്തത്തെ തിരസ്കരിക്കുകയും, കത്തോലിക്കാ സഭയുടെ പ്രബോധനത്തെ വിശ്വാസസത്യമായി നിർവ്വചിക്കുകയും ചെയ്തു. 'തെയോത്തോക്കസ്' (Theotokos) എന്ന പദത്തിന്റെ വാച്യാർത്ഥം ദൈവത്തിനു ജനനം നൽകിയവൾ എന്നത്രേ. എഫേസോസ് സുന്നഹദോസിന്റെ നിർവ്വചനം താഴെ പറയുന്നു.

### 3. എഫേസോസ് കൗൺസിലിന്റെ നിർവ്വചനം

പൊതുജന സമ്മതിയോടെ നിർവ്വചിക്കപ്പെട്ടിട്ടുള്ള ഏക വിശ്വാസസത്യം മറിയത്തിന്റെ ദൈവമാതൃത്വമത്രേ. ദൈവമാതൃത്വത്തിൽ ഉറച്ചുനിന്ന വിശ്വാസികളെ വേദനിപ്പിക്കരുതെന്ന് നെസ്തോറിയസിന്റെ ഒരു സ്നേഹിതനായ അന്ത്യോക്യയിലെ ജോൺ നെസ്തോറിയസിന് മുന്നറിയിപ്പു നൽകി. മതത്യാഗം ചെയ്ത ജൂലിയൻ ചക്രവർത്തി മറിയത്തെ ദൈവമാതാവെന്നു വിളിക്കുന്നതിൽനിന്നു വിശ്വാസികളെ പിന്തിരിപ്പിക്കുവാൻ ഒരു തീവ്രശ്രമം തന്നെ നടത്തി; ഒടുവിൽ അയാൾക്കു തോൽവി സമ്മതിക്കേണ്ടി വന്നു. നസറേയനോടുള്ള തന്റെ തോൽവി സമ്മതിക്കുന്നതിന് വളരെ മുമ്പാണ് ദൈവമാതാവിനോടുള്ള തന്റെ തോൽവി ജൂലിയൻ ഏറ്റുപറഞ്ഞത്. കോൺസ്റ്റാന്റിനോപ്പിളിലെ മെത്രാപ്പോലീത്ത എന്ന തന്റെ അത്യുന്നത സ്ഥാനത്തിൽ വിശ്വാസമർപ്പിച്ചുകൊണ്ടാണ് സഭ മുഴുവന്റേതുമായ ഈ സത്യത്തെ നെസ്തോറിയസ് എതിർത്തത്. ദൈവമാതാവിനെതിരായി സ്വന്തം കത്തീഡ്രലിൽ പ്രസംഗിച്ച സമയം താൻ അപകടകാരിയായ തോക്കിന്റെ കാഞ്ചിയിൽ വിരലമർത്തുകയാണെന്ന് ഒരുപക്ഷേ അയാൾ ഗ്രഹിച്ചില്ല. കത്തോലിക്കർക്ക് സ്വതസിദ്ധമായ വിശ്വാസമാണതെന്ന് അയാൾക്കു ഗ്രഹിക്കാൻ പ്രയാസമുണ്ടായില്ല. ദൈവജനത്തിൽ നിന്നുണ്ടായ പ്രതികരണം വെളിവാക്കിയത് ഈ വിശ്വാസം ക്രിസ്തുമതത്തിന്റെ അന്തരാത്മാവിൽ ഉറഞ്ഞുകിടക്കുന്നുവെന്ന

www.malankaralibrary.com

യാഥാർത്ഥ്യമത്രേ. അലക്സാണ്ഡ്രിയായിലെ വിശുദ്ധ സിറിൽ, മറിയത്തിന്റെ വിശ്വസ്ത മാടമ്പിയെപ്പോലെ നെസ്തോറിയസിന്റെ വെല്ലുവിളിയെ നേരിട്ടു. "ദൈവമാതൃത്വ സത്യത്തിന്റെ സംരക്ഷകൻ" എന്ന വിശിഷ്ട നാമം മാർപ്പാപ്പ വിശുദ്ധ സിറിലിനു നൽകി. അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ മാർപ്പാപ്പ അംഗീകരിക്കുകയും നെസ്തോറിയസിനെ വേണ്ടവിധം നേരിടാൻ അദ്ദേഹത്തെ അധികാരപ്പെടുത്തുകയും ചെയ്തു. അവസാനം, എഫേസൂസിൽ സമ്മേളിച്ച സൂനഹദോസ് നെസ്തോറിയസിന്റെ തെറ്റിനെ അപലപിക്കുകയും, ദൈവമാതൃത്വത്തെപ്പറ്റിയുള്ള സഭയുടെ ഔദ്യോഗിക പ്രബോധനം നിർവ്വചിച്ചു പ്രഖ്യാപിക്കുകയും ചെയ്തു. "എമ്മാനുവേൽ യഥാർത്ഥത്തിൽ ദൈവമാണെന്നും തൽക്കാരണത്താൽ പരിശുദ്ധ കന്യക യഥാർത്ഥത്തിൽ ദൈവത്തിന്റെ അമ്മയാണെന്നും വിശ്വസിച്ച് ഏറ്റു പറയാത്തവൻ തിരസ്കൃതനാകട്ടെ"[4] എന്നായിരുന്നു സൂനഹദോസിന്റെ നിർവ്വചനം. സമ്മേളനങ്ങൾ നടത്തിക്കൊണ്ടിരുന്ന സമയമെല്ലാം വിശ്വാസികൾ വെളിയിൽ തടിച്ചുകൂടിയിരുന്നു; കൗൺസിലിന്റെ തീരുമാനമറിയാനുള്ള അത്യാകാംക്ഷയോടെ അവർ കാത്തു നിന്നു; കൗൺസിൽ നൽകിയ നിർവ്വചനം അവരുടെ അകൈതവമായ വിശ്വാസത്തിന്റെ ഒരു സ്ഥിരീകരണം മാത്രമായിരുന്നു. വലിയ കരഘോഷത്തോടെയാണ് കൗൺസിലിന്റെ തീരുമാനം അവർ സ്വീകരിച്ചത്. ആഹ്ലാദത്തള്ളലിൽ, എരിയുന്ന ദീപശിഖകളുമേന്തി കൗൺസിൽ പിതാക്കന്മാരെ അവർ എതിരേറ്റ് സ്വീകരിച്ച്, പ്രദക്ഷിണമായി അവരുടെ വാസസ്ഥലങ്ങളിലേക്ക് കൊണ്ടുപോയി. അന്നത്തെ രാത്രി പകലായി മാറി. കത്തോലിക്കരുടെ കാതലായ ഒരു വിശ്വാസസത്യത്തിന്റെ വിജയഭേരിയാണ് അന്നു മുഴങ്ങിയത്. അന്നു മുതൽ 'ദൈവമാതാവ്' എന്ന സംജ്ഞ സഭാവിശ്വാസത്തിന്റെ ഉരകല്ലായി ഭവിച്ചു.[5]

'ദൈവത്തിന്റ മാതാവ്' എന്ന കൗൺസിൽ നിർവ്വചനം പാഷണ്ഡസിദ്ധാന്തങ്ങളെ വിധ്വംസനം ചെയ്യുന്നതോടൊപ്പം കത്തോലിക്കാ വിശ്വാസ സത്യങ്ങളുടെ നടുനായകമായി പരിലസിക്കുന്നു. വിശുദ്ധ ജോൺ ഡമഷീനിന്റെ വാക്കുകൾ ഉദ്ധരിക്കാം: "ദൈവമാതാവ് എന്ന പദം മനുഷ്യാവതാര രഹസ്യം മുഴുവൻതന്നെ ഉൾക്കൊള്ളുന്നുണ്ട്. കാരണം, ക്രിസ്തുവിനെ

www.malankaralibrary.com

ഗർഭധാരണം ചെയ്യുകയും അവിടുത്തേയ്ക്ക് ജനനം നൽകുകയും ചെയ്തവൾ ദൈവമാതാവല്ലെങ്കിൽ, അവളിൽ നിന്നു ജനിച്ചവൻ തീർച്ചയായും ദൈവമല്ല. എന്നാൽ വാസ്തവത്തിൽ ദൈവമെന്നതിനു പുറമെ, അവിടുന്ന് പരിപൂർണ മനുഷ്യൻ കൂടിയത്രേ. എല്ലാ യുഗങ്ങൾക്കും മുമ്പുള്ള ദൈവം മനുഷ്യനായി ഭവിച്ചെങ്കിലല്ലാതെ അവൾക്കു ദൈവത്തിന്റെ മാതാവാകുവാൻ കഴിയുന്നതെങ്ങനെ? മനുഷ്യപുത്രൻ അവശ്യം മനുഷ്യനായിരിക്കണം. സ്ത്രീയിൽനിന്നു ജനിച്ചവൻതന്നെ ദൈവപിതാവിൽനിന്നു ജനിച്ചവൻ അഥവാ ദൈവം കൂടിയായതിനാൽ, അവിടുന്ന് ആരംഭഹീനനും, മനുഷ്യപ്രകൃതി ഉള്ളവനാകയാൽ സമയാധീനനും തദ്വാരാ ആരംഭമുള്ളവനുമായി ഭവിച്ചു. ഒരാളായ യേശുക്രിസ്തുവിൽ സ്ഥിതിചെയ്യുന്ന ഈ രണ്ടു പ്രകൃതികൾ അവിടുത്തേയ്ക്കു സംലബ്ധമായ രണ്ടു ജനനങ്ങൾക്കു കാരണമായി.[6] നെസ്തോറിയസ്, എവുത്തിക്കൂസ്, ഫൊത്തീനസ്, എബിയൊണൈറ്റ്സ് എന്നിവരുടെ പാഷണ്ഡസിദ്ധാന്തങ്ങൾക്ക് അതിശക്തമായ ഒരു തിരിച്ചടിയാണ് മറിയത്തിന്റെ ദൈവമാതൃത്വ വിശ്വാസസത്യം. ഇതു കത്തോലിക്കാ വിശ്വാസത്തിന്റെ ഉരകല്ലത്രേ. അതുകൊണ്ടാണ് അന്ത്യോക്യയിലെ പാത്രീയർക്കീസായ എഫ്രേം ഇങ്ങനെ പ്രഖ്യാപിക്കുവാൻ ധൈര്യപ്പെട്ടത്: ഒരുവനു കത്തോലിക്കാ വിശ്വാസമുണ്ടോയെന്ന് തിട്ടപ്പെടുത്തുവാൻ അവൻ പരിശുദ്ധ കന്യകാമറിയം ദൈവത്തിന്റെ മാതാവാണെന്നു വിശ്വസിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നുണ്ടോ എന്നു പരിശോധിച്ചാൽ മതിയാകും. വിശുദ്ധ ക്രിസോസ്റ്റം പറയുകയാണ്: "വിശുദ്ധ കന്യകയെക്കുറിച്ച് നൽകപ്പെട്ടിട്ടുള്ള എല്ലാ സത്യങ്ങളും വിശ്വസിക്കുക: അവൾ ദൈവത്തിന്റെ ദാസിയും അതേ സമയം അവിടുത്തെ അമ്മയുമാണെന്ന സത്യവും നിസ്സംശയം സ്വീകരിക്കുക."[7] "അവൾ ദൈവത്തിന്റെ അമ്മയാണെന്നു വിശ്വസിക്കാത്തവൻ ദൈവത്തിൽനിന്നു വളരെ അകലെയാണ്" എന്നു വിശുദ്ധ ഗ്രിഗറി നസ്സിയാൻസർ പറയുന്നതും തൽക്കാരണത്താലത്രേ.[8]

**4. എഫേസോസ് കൗൺസിലിനുശേഷം**

സഭാചരിത്രത്തിലെ ഒരു നാഴികക്കല്ലായ എഫേസോസ് കൗൺസിലിനുശേഷം പല എക്യൂമേനിക്കൽ കൗൺസിലുകളും

www.malankaralibrary.com

- കൽക്കദോനിയ സൂനഹദോസ് (+451), രണ്ടാം കോൺസ്റ്റാന്റി നോപ്പിൾ കൗൺസിൽ (+553), മൂന്നാം കോൺസ്റ്റാന്റിനോപ്പിൾ (+680), മൂന്നാം ലാറ്ററൻ കൗൺസിൽ (1179) തുടങ്ങിയ കൗൺസി ലുകൾ - എഫേസോസ് കൗൺസിലിന്റെ നിർവ്വചനം പുനരാവർ ത്തിക്കുകയും അതിനു കൂടുതൽ വിശദീകരണങ്ങൾ നൽകു കയും ചെയ്തു.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണ രേഖകളിൽ മറിയത്തെ ദൈവമാതാവായി വിശേഷിപ്പിച്ചുകൊണ്ടു പ്രകീർത്തിക്കുന്ന നിരവധി പ്രസ്താവനകളുണ്ട്. അവയിൽ ചിലത് ഇവിടെ ഉദ്ധരിക്കാം: "സമയത്തിന്റെ പൂർണതയിൽ ദൈവം തന്റെ പുത്രനെ അയക്കുകയും അവിടുന്ന് സ്ത്രീയിൽനിന്ന് ജനിക്കുകയും ചെയ്തു".[9] "മനുഷ്യരായ നമുക്കുവേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും അവിടുന്നു സ്വർഗത്തിൽ നിന്നിറങ്ങി, പരിശുദ്ധാത്മാവിനാൽ പരിശുദ്ധ കന്യകമറിയത്തിൽ നിന്നു മനുഷ്യനായി അവതരിച്ചു."[10]

"ജീവന്റെ നാഥനെ ലോകത്തിന് പ്രദാനം ചെയ്ത കന്യകമറിയത്തെ ദൈവത്തിന്റെ യഥാർത്ഥ മാതാവായി അംഗീ കരിക്കുകയും ബഹുമാനിക്കുകയും വേണം."[11] "ദൈവം കാരുണ്യപൂർവ്വം തന്റെ പുത്രനു താഴെയായും, എല്ലാ മാലാഖമാ രിലും മനുഷ്യരിലും ഉപരിയായും, ഉയർത്തിയ മറിയത്തെ ദൈവ ത്തിന്റെ പരിശുദ്ധ മാതാവും ക്രിസ്തുവിന്റെ ജീവിതരഹസ്യ ങ്ങളിൽ പങ്കുകാരിയുമായി സഭ പ്രത്യേകം ബഹുമാനിക്കുന്നു."[12]

യഥാർത്ഥത്തിൽ അതിപുരാതന കാലം മുതൽ മറിയം ദൈവമാതാവെന്ന അഭിധാനത്തിൽ ബഹുമാനിക്കപ്പെട്ടിരിക്കുന്നു. റോമൻ റീത്തിലെ ദിവ്യബലിയുടെ ഹൃദയഭാഗത്തുതന്നെ - അതാ യത്, ദിവ്യബലിയിലെ നാലു സ്തോത്ര യാഗപ്രാർത്ഥനകളിൽ - മറിയത്തെ ദൈവമാതാവെന്ന നാമത്തിൽ അനുസ്മരിക്കുന്നു.

"ഞങ്ങളുടെ കർത്താവും ദൈവവുമായ യേശുക്രിസ്തു വിന്റെ മാതാവും മഹിമയേറിയ നിത്യകന്യകയുമായ മറിയ ത്തെയും........... മറ്റെല്ലാ വിശുദ്ധരെയും ഭക്തിപൂർവ്വം വണങ്ങി ഈ സ്തോത്രബലി അങ്ങേയ്ക്കു ഞങ്ങൾ കാഴ്ചയായി അർപ്പിക്കുന്നു" (സ്തോത്രയാഗ പ്രാർത്ഥന I).

www.malankaralibrary.com

"ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തോടും......... സകല വിശുദ്ധരോടുമൊത്ത്, നിത്യായുസ്സിൽ പങ്കു ചേരുവാനും....... ഞങ്ങളേയും അർഹരാക്കണമേ" (സ്തോത്രയാഗ പ്രാർത്ഥന II).

"ദൈവമാതാവായ പരിശുദ്ധ കന്യാമറിയത്തോടും ......... മറ്റെല്ലാ വിശുദ്ധരോടുമൊത്ത് തിരഞ്ഞെടുക്കപ്പെട്ടവർക്കുള്ള അവകാശം ഞങ്ങൾക്കും ലഭിക്കുവാൻ ഇടയാക്കണമേ" (സ്തോത്രയാഗപ്രാർത്ഥന III).

"ദൈവത്തിന്റെ മാതാവും കന്യകയുമായ മറിയത്തെയും" (സ്തോത്രയാഗപ്രാർത്ഥന IV).

**5. സഭാപിതാക്കന്മാരുടെ പ്രബോധനം**

അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നാത്തിയോസ് ഇപ്രകാരം പറയുന്നു: "ദൈവത്തിന്റെ പദ്ധതിപ്രകാരം ദാവീദിന്റെ വംശത്തിൽ നിന്നുള്ള മറിയം നമ്മുടെ ദൈവമായ യേശുക്രിസ്തുവിനെ തന്റെ ഉദരത്തിൽ വഹിച്ചു; അവൻ പരിശുദ്ധാത്മാവിന്റെ ശക്തിയാലാണ് ഗർഭം ധരിക്കപ്പെട്ടത്, അവൻ ജനിക്കുകയും മാമ്മോദീസാ സ്വീകരിക്കുകയും ചെയ്തു, തന്റെ പീഡാനുഭവം വഴി വെള്ളത്തെ ശുദ്ധീകരിക്കുന്നതിനു വേണ്ടി" (A.D. 107). തുടർന്ന് വിശുദ്ധ ഇരനേവൂസ് (AD 140-202): "കന്യകയായ മറിയത്തിൽ നിന്നും ജനിക്കുന്ന വചനം ആദാമിനെ തന്നിൽത്തന്നെ പുനർനിർണയം ചെയ്തുകൊണ്ട് പുനർചിന്തനം ചെയ്യപ്പെടുന്ന ആദാമിന്റെ ജനനത്തെ സ്വീകരിക്കുകയായിരുന്നു" (R. 223).

വിശുദ്ധ അത്തനേഷ്യസ് (AD 295-373): "മനുഷ്യപുത്രന്മാർ, അതായത് ആദാമിന്റെ പുത്രന്മാർ, ദൈവത്തിന്റെ പുത്രന്മാരായിത്തീരുന്നതിനുവേണ്ടിയാണ് ദൈവപുത്രൻ മനുഷ്യപുത്രനായിത്തീർന്നത്. പിതാവിൽനിന്ന് നിത്യതയിൽ, അവാച്യമായ, അവർണനീയമായ, അഗ്രാഹ്യമായ വിധത്തിൽ ജനിച്ച അതേ വചനം, കാലപരിധിയിൽ കന്യകയായ ദൈവമാതാവായ മറിയാമിൽനിന്ന് ജനിച്ചു. ഇവിടെ താഴെ (ഭൂമിയിൽ) ജനിച്ചവർ, ഉയരങ്ങളിൽ വീണ്ടും ജനിക്കുന്നതിനുവേണ്ടി. അവിടുത്തേയ്ക്ക് ഭൂമിയിൽ അമ്മ മാത്രമേയുള്ളൂ; നമുക്ക് സ്വർഗത്തിൽ പിതാവും മാത്രം (R 788).

www.malankaralibrary.com

വിശുദ്ധ എപ്പിഫാനിയൂസ് (AD 315-403) ന്റെ വാക്കുകൾ ഇപ്രകാരം ആണ്: സ്വർഗ്ഗത്തിൽ നിന്നിറങ്ങി, കന്യകയുടെ ഉദരത്തിൽ നമ്മുടെ രക്ഷയെ നിർവ്വഹിക്കുവാൻ സന്മനസ് തോന്നിയ നമ്മുടെ വിശുദ്ധ പരിപാലകൻ ഇവനാണ്.......... മനുഷ്യ പ്രകൃതി സ്വീകരിച്ചെങ്കിലും സ്വഭാവത്തിൽ അവിടുത്തേക്ക് മാറ്റമുണ്ടായില്ല.......... ശരീരവും മനുഷ്യാത്മാവും സ്വീകരിക്കുകയും പിതാവിനോടും സമനാണെങ്കിലും (ബാഹ്യമായ രൂപത്തിൽ മാത്രമല്ല), സത്യത്തിൽ മനുഷ്യാവതാരം ചെയ്യുകയും പരിശുദ്ധാത്മാവിനാൽ ദൈവമായ മറിയാമിൽനിന്നു പൂർണ മനുഷ്യനായിത്തീരുകയും ചെയ്തു (R. 108 d). ഇതേക്കുറിച്ചുള്ള തെയൊഡോറസ് മൊപ്സുവെസ്ത്തിയായുടെ (+428) വാക്കുകൾ "അവർ ചോദിക്കുന്നു: മറിയം മനുഷ്യന്റെ അമ്മയോ ദൈവത്തിന്റെ അമ്മയോ? നമ്മൾ പറയുന്നു രണ്ടും. ആദ്യത്തേത് പ്രകൃതിയനുസരിച്ച്, രണ്ടാമത്തേത് ബന്ധമനുസരിച്ച്; പ്രകൃതിക്കനുസരണമായി മനുഷ്യന്റെ അമ്മ, കാരണം, മറിയം പ്രസവിച്ച മനുഷ്യനിൽ ദൈവമുണ്ടായിരുന്നു. പ്രകൃതിക്കനുസരിച്ച് അവനിൽ അടയ്ക്കപ്പെട്ടതല്ല. മനസ്സിന്റെ ബന്ധത്തിൽ അവനിൽ കുടികൊണ്ടിരുന്നു (R 113d). സഭയുടെയും സഭാപിതാക്കന്മാരുടെയും ഏകകണ്ഠമായ അഭിപ്രായം, മറിയം യേശുവിന്റെ മാത്രം അമ്മയല്ല, ദൈവപുത്രനായ ക്രിസ്തുവിന്റെ അമ്മയാണ് എന്നാണ്. ദൈവമാതൃത്വത്തിന്റെ മഹത്ത്വം എന്താണ് എന്ന് നമുക്ക് നോക്കാം.

## 6. ദൈവമാതൃത്വത്തിന്റെ മഹത്ത്വം

ദൈവമാതൃത്വം എത്ര മഹത്തമം! മറിയത്തിനു നൽകപ്പെട്ടിട്ടുള്ള എല്ലാ പ്രസാദവരങ്ങളുടെയും ആനുകൂല്യങ്ങളുടെയും ആകെത്തുകയും മകുടവുമാണ് അവളുടെ ദൈവമാതൃത്വം. മറിയം അനാദിമുതൽ തിരഞ്ഞെടുക്കപ്പെട്ടതും, യഥാകാലം സൃഷ്ടിക്കപ്പെട്ടതും ഇതിനുവേണ്ടി മാത്രമാണ്.[13] "പരിശുദ്ധ കന്യക ദൈവമാതാവാണ്" എന്നു പറഞ്ഞാൽ അവളെപ്പറ്റി പറയേണ്ടതെല്ലാം പറഞ്ഞു കഴിഞ്ഞു; കൂടുതലൊന്നും പറയാനില്ല. സുവിശേഷകർത്താക്കൾ അവളെ 'യേശുവിന്റെ അമ്മ' എന്നു മാത്രമേ വിശേഷിപ്പിക്കുന്നുള്ളൂ. അതിൽ കൂടുതൽ അവർക്കു അവളെപ്പറ്റി ഒന്നും പറയാനില്ല.

www.malankaralibrary.com

ലൂഥറിനു മാർഗഭ്രംശം സംഭവിക്കുന്നതിനുമുമ്പ്, അയാളുടെ മനസ്സു സമനില പാലിച്ചിരുന്ന അവസരങ്ങളിലൊരിക്കൽ മറിയത്തെ ഈദൃശം പ്രകീർത്തിച്ചു: "സർവ്വ സൃഷ്ടികളുടെയും ധാരണാശക്തിക്കതീതമായി അസംഖ്യവും അത്യുൽക്കൃഷ്ട വുമായ പ്രസാദവര ദാനങ്ങൾ അവൾക്കു നൽകപ്പെട്ടു. മനുഷ്യവംശത്തിൽ അവൾ അതുല്യയായ ഒരു മഹനീയ വ്യക്തിയായി, എല്ലാവർക്കും ഉപരിയായി നിലകൊള്ളുന്നു. മറ്റാർക്കും സിദ്ധിക്കാത്ത ഒരു വിശിഷ്ട സ്ഥാനം - അതായത്, (യേശുവിനെ) തന്റെ പുത്രനെന്ന്, സ്വർഗീയ പിതാവിനെപ്പോലെ തനിക്കും അവകാശപ്പെടാവുന്ന ആ അതിവിശിഷ്ട ദാനം അവൾക്കു സിദ്ധിച്ചു. അവൾക്കു തുല്യമായി മറ്റൊരു വ്യക്തി ഉണ്ടാവുക സാദ്ധ്യമല്ലാത്ത ഒരു സ്ഥിതിവിശേഷം ഈ പദവി അവളിൽ കൈവരുത്തി. അതുകൊണ്ട് നീ അവളെ ദൈവമാതാ വെന്നു വിളിക്കുമ്പോൾ, അതിൽ അവളുടെ എല്ലാ മഹത്ത്വവും നീ അംഗീകരിച്ചു കഴിഞ്ഞു. ഭൂതലത്തിൽ എത്ര ഇലകളും പുഷ്പങ്ങളുമുണ്ടോ, ആകാശത്തിൽ എത്ര നക്ഷത്രങ്ങളുണ്ടോ, സമുദ്രതീരങ്ങളിൽ എത്ര മണൽത്തരികളുണ്ടോ അത്രയും നാവുകൾകൊണ്ട് മറിയത്തെ സ്തുതിച്ചാലും ദൈവമാതാവെന്ന സംജ്ഞയിൽനിന്നു ലഭിക്കുന്നതിനുപരി മഹത്ത്വം അവൾക്കു നൽകാൻ ആർക്കും കഴിയുകയില്ല."[14]

വിശുദ്ധ തോമസ് അക്വിനാസിന്റെ അഭിപ്രായത്തിൽ, ദൈവമാതാവെന്ന കാരണത്താൽ വിശുദ്ധ കന്യകയ്ക്ക് ഒരു വിധത്തിൽ അനന്തമായ മഹത്ത്വം തന്നെ കൈവന്നു. അപാര നന്മയായ ദൈവത്തിൽനിന്നു ലഭിച്ചതാണ് ആ മഹത്ത്വം.[15] കൊർണേലിയൂസ് ദെലാപ്പിദെയും ഈ വീക്ഷണത്തോടു യോജിക്കുന്നു. "ദൈവവചനവുമായി ഐക്യപ്പെട്ട ക്രിസ്തുവിന്റെ മനുഷ്യപ്രകൃതിക്ക് ആ ഐക്യത്തിനർഹമായ വിശേഷാനുകൂല്യ ങ്ങളും ദിവ്യദാനങ്ങളും നൽകപ്പെടുന്നു........... ഇതുപോലെ പരിശുദ്ധ കന്യകയ്ക്കു മിശിഹായുടെ മാതാവും ദൈവത്തിന്റെ മണവാട്ടിയും എന്ന നിലയ്ക്ക് സർവ്വവിധ ദാനങ്ങളും ഭൂഷണങ്ങളും ദൈവം പ്രദാനം ചെയ്യുന്നു. ഇതിൽനിന്നും നാം എത്തിച്ചേരുന്ന നിഗമനമിതാണ്. പരിശുദ്ധ കന്യക ദൈവത്തിന്റെ മാതാവാണ്. അതിനാൽ അവൾ സെറാഫിം, കെറുബിം എന്നീ

www.malankaralibrary.com

ദൈവദൂതവൃന്ദങ്ങൾക്കും എല്ലാ മാലാഖാമാർക്കും ഉപരിയായി നിലകൊള്ളുന്നു. അവൾ ദൈവത്തിന്റെ അമ്മയാണ്. അതിനാൽ അവൾ ഏറ്റവും പരിശുദ്ധയും, ഏറ്റവും നിർമ്മലയുമത്രേ. ഒരു വിശുദ്ധന് എന്തെല്ലാം ദാനങ്ങൾ നൽകപ്പെടാമോ, അവയ്ക്കെല്ലാം ഉപരിയായ ദാനങ്ങൾ ദൈവത്തിന്റെ അമ്മയെന്നനിലയിൽ അവൾക്കു സിദ്ധിച്ചിരിക്കണം."

ഇനി, മറിയത്തിന്റെ ദിവ്യമാതൃത്വത്തിന് അവതീർണനായ ദൈവവചനത്തോടുണ്ടായിരുന്നതും ഉള്ളതുമായ മാതൃപുത്ര ബന്ധത്തെപ്പറ്റി അൽപം ചിന്തിക്കാം. ഇതിനെക്കുറിച്ച് ജാൻസൻസ് ഇങ്ങനെ എഴുതി: "ദൈവവും മനുഷ്യനും തമ്മിൽ കന്യാമറിയത്തിലൂടെ നടത്തിയ പരസ്പര കൈമാറ്റം എത്ര വലുതെന്നു ചിന്തിക്കുക. ദൈവം തന്റെ ദൈവത്വം മനുഷ്യനു നൽകുന്നു; മനുഷ്യൻ തന്റെ മനുഷ്യപ്രകൃതി ദൈവത്തിനു നൽകുന്നു. അനിർവ്വചനീയമായ ഈ ദിവ്യ സംവിധാനത്തിന്റെ (divine economy) ശൃംഖലയാണ് മറിയം. ഇക്കാരണത്താൽ സൃഷ്ടലോകത്തിൽ സൃഷ്ടിയുടെയും അവതീർണനായ ദൈവത്തിന്റെയും മദ്ധ്യേ ഒരു സ്ഥാനമാണ് അവൾക്കു നൽകപ്പെട്ടിരിക്കുന്നത്. അവൾ ഒരു സൃഷ്ടിയല്ലെന്നല്ല പറയുന്നത്, പ്രത്യുത ദൈവത്തിനും സൃഷ്ടികൾക്കും മദ്ധ്യേ അവൾ നിലകൊള്ളുന്നു എന്നാണ് ഇവിടെ പറയുന്നത്. ഇത്ര ഉത്തുംഗമമായ ഒരു സ്ഥാനത്തേക്ക് അവളെ ഉയർത്തിയ ദൈവത്തിനു നന്ദി. സർവ്വതും സൃഷ്ടിച്ച ദൈവം അവയെല്ലാം ദൈവമാതാവിലൂടെ എങ്ങനെ വീണ്ടും സൃഷ്ടിച്ചുവെന്നു വിശുദ്ധ ആൻസലം വിശദീകരിക്കുന്നു: "ദൈവം പ്രകൃതിയെ മുഴുവൻ സൃഷ്ടിച്ചു; ആ ദൈവം മറിയത്തിൽനിന്നു ജനിച്ചു. സർവ്വത്തിനും ഉത്ഭവം കൊടുത്തത് ദൈവമാണ്; ആ ദൈവത്തെ പ്രസവിച്ചത് മറിയവും. ദൈവം എല്ലാ വസ്തുക്കളെയും സൃഷ്ടിച്ചു, എന്നാൽ അവിടുന്നു മറിയത്തിലൂടെ സൃഷ്ടിക്കപ്പെട്ടു. അങ്ങനെ താൻ സൃഷ്ടിച്ച എല്ലാറ്റിനെയും വീണ്ടും അവിടുന്നു സൃഷ്ടിക്കുന്നു; സകലത്തേയും ഇല്ലായ്മയിൽനിന്നു സൃഷ്ടിച്ച അവിടുത്തേക്കു മറിയത്തെ കൂടാതെ അവയെ വീണ്ടും സൃഷ്ടിക്കാൻ കഴിഞ്ഞില്ല. ഇവ്വിധം ദൈവം സകല സൃഷ്ടിയുടേയും പിതാവായിരിക്കുമ്പോൾ, മറിയം വീണ്ടും സൃഷ്ടിക്കപ്പെട്ട എല്ലാറ്റിന്റെയും

www.malankaralibrary.com

മാതാവായി. സൃഷ്ടികർമ്മത്താൽ ദൈവം എല്ലാറ്റിന്റെയും പിതാവായപ്പോൾ, പുനഃസൃഷ്ടിയിൽ അഥവാ വീണ്ടെടുപ്പിൽ മറിയം എല്ലാറ്റിന്റെയും മാതാവായി. സർവ്വവും ആർവഴി സൃഷ്ടിക്കപ്പെട്ടുവോ അയാളെ ദൈവം ജനിപ്പിച്ചു; ആർവഴി എല്ലാം സൃഷ്ടിക്കപ്പെട്ടുവോ അവിടുത്തെ ജനിപ്പിച്ചത് മറിയവും. ആരെക്കൂടാതെ ഒന്നിനും അസ്തിത്വത്തിൽ വരാൻ കഴിവില്ലാതെ വരുന്നുവോ - ആരെക്കൂടാതെ യാതൊന്നിനും നിലനിൽക്കുവാൻ കഴിവില്ലാതിരിക്കുന്നുവോ - ആ ആളിനെ മറിയം പ്രസവിച്ചു. സത്യമായും കർത്താവ് അവളോടുകൂടെയുണ്ട്" എന്നാണ്.

## II അമലോത്ഭവ

"ദൂതൻ അവളുടെ അടുത്തു വന്ന് പറഞ്ഞു: ദൈവകൃപ നിറഞ്ഞവളേ! സ്വസ്തി; കർത്താവ് നിന്നോടുകൂടെ! ഈ വചനം കേട്ട് അവൾ വളരെ അസ്വസ്ഥയായി" (St. Lk 1:28). പൂർണവും സാർവ്വത്രികവുമായ എല്ലാ അനുഗ്രഹങ്ങളും ഉൾക്കൊള്ളുന്ന ആദ്ധ്യാത്മിക അനുഗ്രഹമാണ് ഇത്. സത്തയിൽ സമനായ പുത്രനെ പരിശുദ്ധാത്മാവിൽ പിതാവിനോട് ഒന്നിപ്പിക്കുന്ന സ്നേഹത്തിൽ നിന്നാണ് അത് നിർഗളിക്കുന്നത്. "സ്വർഗീയമായ എല്ലാ ആത്മീയ വരങ്ങളാലും ക്രിസ്തുവിൽ നമ്മെ അനുഗ്രഹിച്ചവനും കർത്താവായ യേശുക്രിസ്തുവിന്റെ പിതാവുമായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ" (എഫേ. 1:3). വിശുദ്ധ ഗ്രന്ഥത്തിന്റെ ഭാഷയിൽ കൃപാവരം (Grace) എന്നാൽ ഒരു പ്രത്യേക ദാനം എന്നാണ് അർത്ഥം. പുതിയ നിയമം അനുസരിച്ച് ഇതിന്റെ ഉറവിടം സ്നേഹം തന്നെയായ ദൈവത്തിന്റെ ത്രിത്വൈക ജീവനിൽ തന്നെയാണ്. ആ സ്നേഹത്തിന്റെ ഫലം എഫേസോസുകാർക്കുള്ള ലേഖനത്തിൽ പറയുന്ന തിരഞ്ഞെടുപ്പാകുന്നു. "തന്റെ മുമ്പാകെ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ ലോകസ്ഥാപനത്തിനു മുമ്പുതന്നെ അവിടുന്ന് നമ്മെ ക്രിസ്തുവിൽ തിരഞ്ഞെടുത്തു. യേശുക്രിസ്തുവഴി നാം അവിടുത്തെ പുത്രരായി ദത്തെടുക്കപ്പെടണമെന്ന് തന്റെ ഹിതവും ലക്ഷ്യവുമനുസരിച്ച് സ്നേഹപൂർവ്വം തിരുമനസ്സായി" (എഫേ.4:5).

www.malankaralibrary.com

**a. ദൈവാവിഷ്കരണത്തിൽ**

ഇങ്ങനെ ദൈവം അനാദിയിലേ മറിയത്തെ തിരഞ്ഞെടുത്തു. "ജന്മപാപത്തിന്റെ എല്ലാ കറകളിലും നിന്ന് സ്വതന്ത്രയായ നിർമ്മല കന്യകയാണ് മറിയം"[16]. മറിയത്തെ ലോകരക്ഷകന്റെ മാതാവായി ദൈവം തിരഞ്ഞെടുത്തത് ആ രക്ഷകന്റെ മാതാവാകുന്നതിന് അവൾ സമ്മതം മൂളിയ മംഗളവാർത്ത സമയത്തല്ല. പ്രത്യുത "ദൈവവചനം മനുഷ്യനായി അവതരിക്കണമെന്ന് ദൈവപരിപാലന അനാദിയിൽ നിശ്ചയിച്ചപ്പോഴാണ്"[17]. ഈ ആവിഷ്കൃത സത്യത്തെ രണ്ടാം വത്തിക്കാൻ കൗൺസിൽ കൂടുതൽ വ്യക്തമാക്കുന്നു. "മരണം ലോകത്തിൽ തേർവാഴ്ച നടത്തുന്നതിന് ഒരു സ്ത്രീ സഹകരിച്ചതുപോലെ ജീവന്റെ പുനർപ്രാപ്തിയിലും ഒരു സ്ത്രീ സഹകരിക്കുക എന്നത് ഉചിതം ആയിരുന്നതുകൊണ്ട് മനുഷ്യാവതാരത്തിനു മുമ്പുതന്നെ മുൻകൂട്ടി തിരഞ്ഞെടുക്കപ്പെട്ട ഈ മാതാവിന്റെ സമ്മതം നേടാൻ കാരുണ്യവാനായ ദൈവം തിരുമനസ്സായി.

"തന്റെ പുത്രന്റെ യോഗ്യതകളാൽ അനിതരസാധാരണവും അത്യുൽക്കൃഷ്ടവുമായ രീതിയിൽ അവൾ വീണ്ടെടുക്കപ്പെട്ടു......... ദൈവപുത്രന്റെ മാതാവെന്ന മഹനീയ സ്ഥാനത്താലും പരമമായ ഔന്നത്യത്താലും അവൾ അലംകൃതയത്രേ.......... അതുല്യമായ ഈ ദാനം സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല സൃഷ്ടികളിലുമുപരി അവളെ ഉയർത്തി. എന്നാൽ, അതേസമയം ആദത്തിന്റെ സന്തതി എന്ന നിലയിൽ രക്ഷിക്കപ്പെടേണ്ടവരിൽ ഒരുവളാണ് മറിയം........ ദൈവവചനം മനുഷ്യനായി അവതരിക്കണമെന്ന് ദൈവപരിപാലന അനാദിയിൽ നിശ്ചയിച്ചപ്പോൾ പരിശുദ്ധ കന്യകമറിയത്തെ ദൈവമാതാവായി അവിടുന്ന് തിരഞ്ഞെടുത്തു. മരണം ലോകത്തിൽ തേർവാഴ്ച നടത്തുന്നതിന് ഒരു സ്ത്രീ സഹകരിക്കുക ഉചിതമായിരുന്നു......... തന്റെ പുത്രന്റെ യോഗ്യതകളാൽ അനിതര സാധാരണവും അത്യുൽക്കൃഷ്ടവുമായ രീതിയിൽ മറിയം വീണ്ടെടുക്കപ്പെട്ടു. (ദൈവമാതാവെന്ന) ഈ മഹനീയസ്ഥാനത്തിന് അർഹമായ ദാനങ്ങൾ നൽകി അവളെ അവിടുന്ന് സമ്പന്നയാക്കി........ മറിയം ജന്മപാപത്തിന്റെ എല്ലാ കറകളിലുംനിന്ന് വിമുക്തയായിരുന്നു. അതിനാൽ പരിപൂർണ, വിശുദ്ധ, സകല പാപക്കറകളിലും നിന്ന്

www.malankaralibrary.com

വിമുക്ത, പരിശുദ്ധാത്മാവ് രൂപം നൽകിയ നൂതനസൃഷ്ടി എന്നിങ്ങനെയുള്ള സംബോധനകളാൽ ദൈവജനനിയെ പ്രകീർത്തിക്കുന്ന പതിവ് സഭാപിതാക്കന്മാരുടെ ഇടയിൽ പ്രചുരമായി വന്നതിൽ അത്ഭുതത്തിന് അവകാശമില്ല. അതുല്യമായ വിശുദ്ധിയുടെ ശോഭയാൽ അലംകൃതയായ നസ്രത്തിലെ ഈ കന്യകയെ ദൈവത്തിന്റെ കല്പനയാൽ "പ്രസാദവര പൂരിത" യെന്നാണ് ദൈവദൂതൻ അഭിസംബോധന ചെയ്തത്. [18]

ഈ പ്രസ്താവനകളിലൂടെ രണ്ടാം വത്തിക്കാൻ കൗൺസിൽ നമ്മെ ഗ്രഹിപ്പിക്കാൻ ഉദ്ദേശിക്കുന്നത്, അനാദിമുതൽ ദൈവം മറിയത്തെ ദൈവമാതാവായി തിരഞ്ഞെടുത്തു എന്നും ആ മഹനീയ സ്ഥാനത്തിന് അനുസൃതമായി അവളെ മുൻകൂട്ടി സകല പാപക്കറകളിലുംനിന്ന് രക്ഷിക്കുകയും പ്രസാദവരം കൊണ്ട് നിറയ്ക്കുകയും ചെയ്തു എന്നുമാണല്ലോ. ഇതുതന്നെ യാണ് മറിയം അമലോത്ഭവയാണെന്ന് പറയുന്ന വിശ്വാസ സത്യത്തിന്റെ പൊരുൾ.

അമലോത്ഭവത്തെപ്പറ്റി തിരുസഭ പഠിപ്പിക്കുന്നത് ഇതാണ്. ദൈവമാതാവായ വിശുദ്ധ കന്യാമറിയത്തെ ദൈവം അവളുടെ പുത്രനായ യേശുക്രിസ്തുവിന്റെ രക്ഷാകര ഫലങ്ങൾ മുൻകൂട്ടി കണക്കിലെടുത്തുകൊണ്ട് അവളുടെ ഉത്ഭവത്തിന്റെ ആദ്യ നിമിഷം മുതൽ ദൈവപ്രസാദത്താൽ അലങ്കരിച്ചു. തൻമൂലം ആദ്യ മനുഷ്യനായ ആദാമിന്റെ പാപം മൂലം സർവ്വ മനുഷ്യർക്കും പരമ്പരാഗതമായി ലഭിച്ചിരിക്കുന്ന ഉത്ഭവപാപത്തിൽനിന്ന് അവൾ വിമുക്തയായി. മനുഷ്യൻ അസ്തിത്വത്തിലേക്ക് വരുന്നസമയത്ത് അവനിലുള്ള പ്രസാദവരത്തിന്റെ അഭാവത്തെയാണല്ലോ ഉത്ഭവപാപം അഥവാ ജന്മപാപം എന്നുപറയുന്നത്. ഉത്ഭവ സമയത്തുതന്നെ വരപ്രസാദം നൽകിക്കൊണ്ട് മറിയത്തെ തന്റെ പുത്രന്റെ അമ്മ ആകുവാൻ ദൈവം നിശ്ചയിച്ചു. അവളുടെ ജീവിതാരംഭം മുതൽ അവൾ ദൈവത്തിന്റെ പരിത്രാണത്മകവും രക്ഷാകരവുമായ സ്നേഹത്താൽ ആവരണം ചെയ്യപ്പെട്ടു. ഇതാണ് 1854-ൽ പീയൂസ് 9-ാമൻ പാപ്പ കത്തോലിക്കാ വിശ്വാസമായി പ്രഖ്യാപിച്ചതിന്റെ സാരാംശം.

www.malankaralibrary.com

മറിയം "പ്രസാദവരപൂരിത" അഥവാ "നന്മനിറഞ്ഞവൾ" എന്ന് ഗബ്രിയേൽ ദൂതൻ പ്രഘോഷിക്കുമ്പോൾ അവൾ സ്വമാതാവിന്റെ ഉദരത്തിൽ ഗർഭം ധരിക്കപ്പെട്ട ആദ്യ നിമിഷം മുതൽ അവൾ പാപത്തിൽനിന്നും മുക്തയായിരുന്നു എന്ന് അർത്ഥമാക്കേണ്ടതാണ്. ഈ യാഥാർത്ഥ്യം 1854-ൽ 9-ാം പീയൂസ് മാർപ്പാപ്പ കത്തോലിക്കാ വിശ്വാസ സംഹിതയിൽ ഉൾപ്പെടുന്നതായി നിർവ്വചിച്ചു. മറിയം അമലോത്ഭവയായത് സ്വന്തം അർഹതകൊണ്ടല്ല. പ്രത്യുത ദൈവം അവളെ അങ്ങനെ ആക്കിയതുകൊണ്ടാണ്. ഇത് അവൾക്ക് അവിടുന്ന് നൽകിയ സൗജന്യ ദാനമായിരുന്നു. മനുഷ്യവ്യക്തി എന്ന നിലയിൽ ജന്മപാപത്താൽ മലിനയായിരുന്നു എങ്കിൽ എല്ലാവരുടെയും കാര്യത്തിൽ എന്നപോലെ അവൾക്കും പരിത്രാണം ആവശ്യമായിരുന്നേനെ.[19] ജന്മപാപത്തിൽ വീണതിനുശേഷം അതിൽ നിന്നും മോചിച്ചുകൊണ്ടല്ല, പ്രത്യുത ജന്മപാപത്തിൽ ഉൾപ്പെടാതെ സംരക്ഷിച്ചുകൊണ്ടാണ് മറിയത്തിന്റെ പരിത്രാണ കർമ്മം ദൈവം നിർവ്വഹിച്ചത്. "സ്വന്തം സുതന് യോഗ്യമായ ഒരു പാർപ്പിടമായി അവിടുന്ന് അവളെ ഒരുക്കി".

'ദൈവവിജ്ഞാനീയത്തിലൂടെയും ആരാധനക്രമത്തിലൂടെയും (ലിറ്റർജി) ക്രിസ്ത്യാനികൾക്ക് ലഭിച്ച ക്രൈസ്തവ സത്യങ്ങളിൽ മറിയത്തിന്റെ അമലോത്ഭവവും അവ്യക്തമായെങ്കിലും ഉൾപ്പെട്ടിരുന്നു'. അത്യന്തം രസാവഹമാണ് ഈ വിശ്വാസ സത്യത്തിന് ആധാരമായി വന്ന സ്ഥിതിവിശേഷങ്ങളും, അതിന്റെ ക്രമമായ വളർച്ചയും. വിശ്വാസസത്യങ്ങളുടെ വളർച്ചയെപ്പറ്റിയുള്ള ശരിയായ ധാരണയുടെ വെളിച്ചത്തിൽ വേണം ഇതിനേയും വീക്ഷിക്കുവാൻ.

പാപലേശം ഏശാത്തവളായിരുന്നു മറിയം എന്ന് വിശുദ്ധ ഗ്രന്ഥം പ്രത്യക്ഷമായി പ്രസ്താവിക്കുന്നില്ല. എങ്കിലും അവളുടെ പാപരഹിതാവസ്ഥയെപ്പറ്റി സൂചന നൽകുന്ന സുപ്രസിദ്ധമായ ഒരു വാക്യം ഉൽപ്പത്തി പുസ്തകത്തിലുണ്ട്. ദൈവം സർപ്പത്തോടു പറയുന്ന വാചകമാണിത്. "നിനക്കും സ്ത്രീക്കും തമ്മിലും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൾ നിന്റെ തലയെ തകർക്കും. നീ അവളുടെ കുതികാലിനുവേണ്ടി പതിയിരിക്കുകയും ചെയ്യും....... " (ഉൽപ്പ.

www.malankaralibrary.com

3:15). ചില സ്ഥലങ്ങളിൽ വിശുദ്ധ ഗ്രന്ഥം പ്രസ്തുത സ്ത്രീയെപ്പറ്റിയുള്ള വർണന നൽകുന്നുണ്ട്. സൂര്യനെ പുറംചട്ടയായി അണിഞ്ഞിരിക്കുന്ന സ്ത്രീയാണവൾ. അവളുടെ ഉദരത്തിലെ ശിശുവും പറക്കുന്ന സർപ്പവും തമ്മിൽ യുദ്ധം ഉണ്ടാകും. രാഷ്ട്രങ്ങളെ ഭരിക്കുവാനിരിക്കുന്ന മിശിഹാ അവളുടെ പുത്രനാണ്. സ്ത്രീയും അവളുടെ ശിശുവും സാത്താനുമായി സമരത്തിൽ ഏർപ്പെടും. അവൾ (അവൻ) സർപ്പത്തിന്റെ തല തകർക്കും - ഇവയെല്ലാം മറിയത്തിനു നേരെ വിരൽ ചൂണ്ടുന്ന വേദഗ്രന്ഥഭാഗങ്ങളാണ്.

സാത്താൻ സ്ത്രീയുടെമേൽ നിമിഷനേരത്തേക്കെങ്കിലും ആധിപത്യം പുലർത്തിയെങ്കിൽ മറിയം നടത്തിയ നാഗമർദ്ദനം അഥവാ സർപ്പശിരസ് സംഹാരം "പരിപൂർണമായി എന്നു പറയാൻ സാധിക്കുകയില്ല". ജന്മപാപത്തോടുകൂടെ അവൾ മിശിഹായെ ഗർഭംധരിച്ചു എന്നു പറഞ്ഞാൽ, അത്, അവളുടെ മേൽ പിശാച് നേരത്തെ ആധിപത്യം സ്ഥാപിച്ചു കഴിഞ്ഞിരുന്നു എന്ന് പറയുന്നതിന് തുല്യമായിരിക്കും. എന്നാൽ അവളുടെ മേൽ പിശാച് നേരത്തെ ആധിപത്യം സ്ഥാപിച്ചിട്ടില്ല. ഈ നിഗമനം അസന്നിഗ്ദ്ധവും അനിഷേധ്യവുമാകുന്നു. ഇതിന് വിശുദ്ധ ഗ്രന്ഥം നൽകുന്ന അടിസ്ഥാനവും ഉറപ്പും വളരെ ദൃഢമാണ്. മംഗളവാർത്താ സമയത്ത് ദൈവദൂതൻ മറിയത്തെ "നന്മനിറഞ്ഞവളേ" എന്ന് ചെയ്ത അഭിസംബോധന ഈ വസ്തുത തന്നെ ദ്യോതിപ്പിക്കുന്നുണ്ട്. ഗ്രീക്കു മൂലത്തിൽ ഇതിനുപയോഗിക്കുന്ന വാക്കുകളുടെ വാച്യാർത്ഥം "കളങ്കമേശാത്തവളും പരമ പരിശുദ്ധയും" എന്നാണ്. "കളങ്കമേശാത്തവൾ" ജന്മപാപത്തിൽ നിന്ന് വിമുക്ത ആയിരിക്കണമെന്നും വ്യക്തം. "പരമ പരിശുദ്ധ" (all-holy) എന്ന വിശേഷണത്തിലും ഇതേ ആശയം തന്നെ ധ്വനിക്കുന്നുണ്ട്; കാരണം നിഷ്ക്കൃഷ്ടാർത്ഥത്തിൽ ദൈവം മാത്രം പരമ പരിശുദ്ധനായിരിക്കെ ആ വിശേഷണംതന്നെ മറിയത്തിനായി ഉപയോഗിച്ചിരിക്കുന്നത്, അവളുടെ ജന്മപാപരാഹിത്യത്തെ പ്രദ്യോതിപ്പിക്കുന്നതിനു വേണ്ടിയായിരിക്കണമെന്ന നിഗമനത്തിൽ നാം വന്നു ചേരുന്നു. സാധാരണമായി ഒരു മനുഷ്യ വ്യക്തിയിൽ സ്ഥിതി ചെയ്യുവാൻ കഴിയുന്ന വിശുദ്ധി മറ്റു ഘടകങ്ങൾക്ക് പുറമേ വരപ്രസാദത്തിൽ അയാൾ ജീവിച്ച സമയത്തെ ആശ്രയിച്ചു നിൽക്കുന്നു. മറിയം സർവ്വ വിശുദ്ധയെന്ന്

www.malankaralibrary.com

പറയുമ്പോൾ വിശുദ്ധി അവളുടെ അസ്തിത്വത്തിന്റെ എല്ലാ സമയത്തും നീണ്ടു നിന്നു എന്നു മാത്രമല്ലേ അനുമാനിക്കാൻ തരമുള്ളൂ. ആദത്തിന്റെ സന്തതി എന്ന നിലയിൽ, അതായത്, മനുഷ്യസ്വഭാവമുള്ളവളെന്ന നിലയിൽ, മറിയവും ഉത്ഭവ പാപത്തിന് അധീനയാകുമായിരുന്നു. എന്നാൽ ദൈവത്തിന്റെ ഒരു അതിവിശിഷ്ട ദാനത്താൽ അവൾ അതിൽ വീഴാതെ സംരക്ഷിക്കപ്പെട്ടു. ഇതാണ് ഈ വിശ്വാസ സത്യത്തിന്റെ സാരം. ആദിമ സഭയിലെ വിശ്വാസവും ഇതു തന്നെയായിരുന്നു. വേദപാരംഗതനായ വിശുദ്ധ അഗസ്റ്റിൻ ഇങ്ങനെ എഴുതി: "പാപത്തെപ്പറ്റി പ്രതിപാദിക്കുമ്പോൾ കന്യകയായ ദൈവമാതാവിനെ അല്ലാതെ മറ്റാരേയും അതിൽ നിന്ന് ഞാൻ ഒഴിവാക്കുകയില്ല". മനുഷ്യരായി പിറന്നവരിൽ ജന്മപാപമേശാത്തവരായി ഈശോയും മറിയവും മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്ന് അവരെക്കുറിച്ച് എഴുതിയിട്ടുള്ള സ്തുഗീതത്തിൽ വിശുദ്ധ എഫ്രേം (375) പ്രകീർത്തിച്ചിരുന്നു.

മലങ്കരസഭയുടെ പരിശുദ്ധ മാതാവിന്റെ പെരുന്നാളുകളിലും, എട്ടുനോമ്പിലും ഉപയോഗിക്കുന്ന പ്രാർത്ഥനാക്രമത്തിൽ ഇപ്രകാരം മാർ അപ്രേം ദൈവമാതാവിനെ പുകഴ്ത്തിക്കൊണ്ടു പറയുന്നു: "കർത്താവേ, നീയും നിന്റെ മാതാവും ഏറ്റവും സുന്ദരരാണ്; കാരണം, നിന്നിൽ യാതൊരു കറയും ഇല്ല, നിന്റെ മാതാവിൽ യാതൊരു കളങ്കവുമില്ല". ആംഗ്ലിക്കൻ സഭാംഗമായിരുന്ന പ്രസിദ്ധ ആംഗ്ലേയ കവി വില്യം വേഡ്സ്വർത്ത് ക്രിസ്തുവിന്റെ മാതാവിനെ വിവരിച്ചത്, "പാപപങ്കിലമായ മനുഷ്യപ്രകൃതിയുടെ ഏക പ്രശംസാഹേതു" എന്നാണ് (our tainted nature's solitary boast). വിശുദ്ധ ജോൺ ഡാമഷീൻ പറയുന്നതുകൂടി കേൾക്കുക "യോവാക്കീമിന്റെയും അന്നയു ടെയും എത്രയും പവിത്രയായ പുത്രീ, നീ ദൈവത്തിന്റെ പുത്രിയും അമ്മയും ആകാൻവേണ്ടി ദുഷ്ടന്റെ അഗ്നിശൂലത്തിൽനിന്നും മറയ്ക്കപ്പെട്ട് പരിശുദ്ധാത്മാവിന്റെ മണവറയിൽ വസിക്കുകയും മാലിന്യത്തിൽ നിന്ന് സംരക്ഷിക്കപ്പെടുകയും ചെയ്തു. അനേകം സാക്ഷ്യങ്ങളിൽ നിന്ന് മൂന്നെണ്ണം മാത്രമാണ് ഇവിടെ കുറിച്ചിരിക്കു ന്നത്. ക്രിസ്തുവിന്റെ മുന്നോടിയായി വന്ന യോഹന്നാൻ മാംദാനാ മാതാവിന്റെ ഉദരത്തിൽ വച്ചുതന്നെ

www.malankaralibrary.com

ശുദ്ധീകരിക്കപ്പെട്ടെങ്കിൽ, ദൈവപുത്രനു മാതാവാകാൻവേണ്ടി മുൻകൂട്ടി തിരഞ്ഞെടുക്കപ്പെട്ടിരുന്ന കന്യകയെ അവളുടെ അസ്തിത്വത്തിന്റെ ആരംഭത്തിൽ തന്നെ ദൈവം വിശുദ്ധീകരിച്ചു എന്നത് എത്രയോ ഉചിതമായിരുന്നു. അവൾ എപ്പോഴും "കൃപനിറഞ്ഞവൾ" ആയിരുന്നു. ആദിമനുഷ്യന്റെ പാപവീഴ്ചയ്ക്കുശേഷം മനുഷ്യരക്ഷയ്ക്കായി ആദ്യമേ ഒരു സ്ത്രീയെയാണ് ദൈവം വാഗ്ദാനം ചെയ്തത്. "സ്ത്രീയുടെ സന്തതി നിന്റെ തലയെ ചതയ്ക്കും". രണ്ടാമത്തെ ആദാമാകുന്ന ക്രിസ്തു രണ്ടാമത്തെ ഹവ്വായായ മറിയത്തിൽ നിന്നു ജനിച്ചു. ആദ്യത്തെ ഹവ്വായുടെ പാപവാസനയിൽനിന്ന് രണ്ടാമത്തെ ഹവ്വാ ന്യായമായും വിമുക്തയായിരുന്നു.

ഈ വിശ്വാസ സത്യം ഉൾക്കൊള്ളുന്നതാണ് അന്ത്യോക്യൻ ക്രമത്തിലുള്ള ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന. ''മഹാവിശുദ്ധ സ്ഥലത്ത് എല്ലാ പരിശുദ്ധന്മാരെക്കാളും അത്യുന്നതയായി സ്ഥിതിചെയ്യുന്ന വചനമായ ദൈവത്തെ പ്രസവിച്ചവളും സകലത്തേയുംകാൾ മഹത്ത്വമുള്ളവളുമായ മാതാവേ, ഞങ്ങളുടെ അപേക്ഷയെ നീ കൈക്കൊള്ളണമേ."

റഷ്യൻ ഓർത്തഡോക്സ് സഭയുടെ ക്രമത്തിൽ നിന്നുള്ള പ്രാർത്ഥന ഇപ്രകാരമാണ്: ''നിത്യമായി അനുഗൃഹീതയും പൂർണമായി പാപരഹിതയും സ്രാപ്പികളെക്കാൾ മഹത്ത്വമുള്ളവളുമായ ദൈവമാതാവേ, നിന്നെ വാഴ്ത്തുന്നത് എത്രയോ ഉചിതമാകുന്നു" (പരി. ദൈവമാതാവിന്റെ പെരുന്നാളുകളിലും എട്ടുനോമ്പിലും ഉപയോഗിക്കുന്ന പ്രാർത്ഥനക്രമം P. 62-63).

1661ൽ അലക്സാണ്ടർ, സപ്തമൻ പ്രസിദ്ധീകരിച്ച ഒരു അപ്പസ്തോലിക് കോൺസ്റ്റിറ്റ്യൂഷനിൽ അമലോത്ഭയായി ഗർഭം ധരിക്കപ്പെട്ടു എന്ന വാക്കുകളുടെ നിയതാർത്ഥം എന്തെന്ന് വിവരിച്ചു. ആത്മാവിന്റെ നിവേശനത്താൽ അസ്തിത്വം ലഭിച്ച ആദ്യ നിമിഷം മുതൽ മറിയം അമലോത്ഭവയായിരുന്നുവെന്ന മഹനീയ സംഭവത്തെ ആസ്പദമാക്കിയാണ് ഈ തിരുനാൾ ആഘോഷിക്കുന്നതെന്നും അദ്ദേഹം അതിൽ വെളിവാക്കിയിരുന്നു. വിശ്വാസികളുടെ വിശ്വാസപ്രഖ്യാപനമായ ആരാധനക്രമം അമലോത്ഭവ വിശ്വാസത്തിനു സാക്ഷ്യം വഹിക്കുകയും

www.malankaralibrary.com

അതിന്റെ വളർച്ചയെ സഹായിക്കുകയും ചെയ്തിട്ടുണ്ട്. ഏഴാം ശതവർഷം മുതൽ പൗരസ്ത്യ സഭയിൽ കന്യകാമറിയത്തിന്റെ അമ്മയായ വിശുദ്ധ അന്നായുടെ ഗർഭധാരണത്തിരുന്നാൾ ആഘോഷിച്ചിരുന്നു. അനേക വർഷത്തെ വന്ധ്യതയ്ക്കുശേഷം ദൈവം നൽകിയ ഒരു വിശേഷാനുകൂല്യത്തിന്റെ ഫലമായിട്ടാണു മറിയത്തെ അന്ന ഗർഭം ധരിച്ചതെന്നും ഇതോടുകൂടി അവർക്കു അസാധാരണ വരപ്രസാദങ്ങൾ നൽകപ്പെട്ടു എന്നും ഗ്രീക്കുസഭയിലെ കാനോനിക ഗ്രന്ഥത്തിൽ പ്രഖ്യാപിച്ചിരിക്കുന്നു. ഈ തിരുനാൾ മാതാവിനോടുള്ള ബഹുമാനം നിമിത്തം പാശ്ചാത്യ ദേശത്തേക്കും വ്യാപിച്ചു. ഇംഗ്ലണ്ടിൽ ഇതു പല സ്ഥലത്തും ആഘോഷിക്കപ്പെട്ടിരുന്നു.

മറിയം ജന്മപാപത്തിൽ ഗർഭം ധരിക്കപ്പെട്ടുവെന്നു പരസ്യമായി പഠിപ്പിക്കുന്നതിനെ നിരോധിച്ചുകൊണ്ടുള്ള ഉത്തരവു പോൾ 5-ാമൻ മാർപ്പാപ്പ 1617-ൽ പുറപ്പെടുവിച്ചു. 1522-ൽ ഗ്രിഗറി പഞ്ചമൻ, എല്ലാവരും ഒരു നിർവ്വചനത്തെ പ്രതീക്ഷിക്കണമെന്ന് അറിയിച്ചു. 1661-ൽ അലക്സാണ്ടർ സപ്തമൻ പ്രസിദ്ധീകരിച്ച ഒരു അപ്പസ്തോലിക് കോൺസ്റ്റിറ്റ്യൂഷനിൽ 'അമലോത്ഭവയായി ഗർഭം ധരിക്കപ്പെട്ടു' വെന്ന വാക്കുകളുടെ നിശ്ചിതാർത്ഥം എന്തെന്നു വിശദീകരിച്ചു. ആത്മാവിന്റെ നിവേശനത്താൽ അസ്തിത്വം ലഭിച്ച ആദ്യനിമിഷം മുതൽ മറിയം അമലോത്ഭവയായിരുന്നുവെന്ന മഹനീയ സംഭവത്തെ ആസ്പദമാക്കിയാണ് ഈ തിരുനാൾ ആഘോഷിക്കുന്നതെന്നും അദ്ദേഹം അതിൽ വെളിവാക്കിയിരുന്നു.

ഇത്രയുമായപ്പോഴേക്കും ഈ സിദ്ധാന്തത്തിന്റെ യഥാർത്ഥമായ പൊരുൾ എന്തെന്നും അത് എവ്വിധം മനസ്സിലാക്കണമെന്നുമുള്ളതിനെപ്പറ്റി ദൈവശാസ്ത്രജ്ഞന്മാർക്കു പൂർണ ജ്ഞാനം വന്നുകഴിഞ്ഞിരുന്നു. എല്ലാവരും അതു സ്വീകരിച്ചു. മെത്രാന്മാർവഴി മുഴുവൻ സഭയോടും ആലോചിച്ചതിനുശേഷം ഒൻപതാം പീയൂസ് മാർപ്പാപ്പ, 1854-ൽ മാതാവിന്റെ അമലോത്ഭവം ഒരു വിശ്വാസ സത്യമാണെന്ന് ഔദ്യോഗികമായും ഔപചാരികമായും നിർവ്വചിച്ചു. നിർവ്വചന വാക്യം ഇപ്രകാരമാണ്: "പരിശുദ്ധ കന്യകമറിയം ഗർഭസ്ഥിതമായ ആദ്യനിമിഷം മുതൽ, ദൈവത്തിന്റെ അതിവിശിഷ്ടമായ പ്രസാദവരത്താലും വിശേഷാ

www.malankaralibrary.com

നുകൂല്യത്താലും മനുഷ്യവർഗത്തിന്റെ രക്ഷകനായ ഈശോ മിശിഹാ സമാർജിച്ച പരിത്രാണ ഫലങ്ങളെ കണക്കിലെടുത്തു കൊണ്ട്, പരിത്രാണകർമ്മത്തിനു മുമ്പുതന്നെ ജന്മപാപത്തിന്റെ എല്ലാ കറകളിലും നിന്ന് വിമുക്തയാക്കപ്പെട്ടു" (cfr n.28). വിശ്വാസ കാര്യങ്ങളിൽ മുൻഗാമികളിൽ നിന്നും ലഭിച്ചിട്ടുള്ളവയല്ലാതെ ഒന്നുംതന്നെ സഭ കൂട്ടിച്ചേർക്കുന്നില്ലെന്നും, എന്നാൽ അവയ്ക്കു ശരിക്കും ക്ലിപ്തമായ വിശദീകരണങ്ങൾ നൽകുക, സഭയുടെ കടമയാണെന്നും കൂടി മാർപ്പാപ്പ വ്യക്തമാക്കി (Denz. 2803).

## b. അമലോത്ഭവവും ദുരാശാ വിമുക്തിയും

കത്തോലിക്കാ വേദശാസ്ത്രജ്ഞൻമാരുടെ ഏകകണ്ഠമായ അഭിപ്രായമനുസരിച്ച് മറിയം ദുരാശാപാശത്തിൽനിന്നും വിമുക്തമായിരുന്നു എന്നാണ്. ദുരാശാപാശം (Concupiscence) എന്നു പറയുന്നത്, ബുദ്ധിയുടെ ആജ്ഞയ്ക്കോ നിർദ്ദേശത്തിനോ മുമ്പ് അവയ്ക്കെതിരായി ഏതെങ്കിലും ഐന്ദ്രിയ വസ്തുവിനോടു തോന്നുന്ന ക്രമവിരുദ്ധമായ പ്രതിപത്തി അഥവാ ചായ്‌വ് ആകുന്നു. ഇത് ഉറച്ച ഒരു ശീലമായോ, അപ്പോഴപ്പോൾ ഉണ്ടാകുന്ന ചലനമായോ ഒരുവനിൽ സ്ഥിതി ചെയ്യാം. ദുരാശാചലനം ബുദ്ധിയുടെ നിർദ്ദേശത്തിനുമുമ്പു സംഭവിക്കുന്നതിനാൽ അതു പാപമല്ല. എങ്കിലും നമ്മുടെ അധപ്പതിച്ച സ്ഥിതി പരിഗണിക്കുമ്പോൾ അത് ആത്മാവിൽ ധാർമ്മികതയ്ക്കു ചേരാത്ത ഒരു കളങ്കം വരുത്തുന്നുണ്ട്; കാരണം അത് ജന്മപാപത്തിൽ നിന്നുത്ഭവിക്കുകയും, വ്യക്തിഗതമായ പാപത്തിലേക്കു ഒരുവനെ നയിക്കുകയും ചെയ്യുന്നുവെന്നതാണ്. ജന്മപാപവിമുക്തയായിരുന്നതിനാൽ മറിയം ജന്മപാപത്തിന്റെ പരിണിത ഫലമായ ദുരാശാപാശത്തിൽ നിന്നും മോചനം നേടിയിരിക്കണമെന്നത് യുക്തിയുക്തമാണല്ലോ. അത്യുൽക്കൃഷ്ടമായ ദൈവമാതൃത്വവും അതുല്യമായ വിശുദ്ധിയും ഈ സ്ഥിതിവിശേഷം മറിയത്തിൽനിന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു.

## C. ആദ്ധ്യാത്മിക പരിചിന്തനങ്ങൾ

മറിയം അമലോത്ഭവയെന്നു പറയുന്നതിന്റെ അർത്ഥം ഉത്ഭവ സമയം മുതൽ അവൾ പ്രസാദവരത്താൽ അലങ്കരിക്കപ്പെട്ടിരുന്നു എന്നാണല്ലോ. പ്രസാദവരം ഒരു വസ്തുവോ, നമ്മുടെ

www.malankaralibrary.com

വൈയക്തികാനുഭൂതിക്കപ്പുറം സ്ഥിതിചെയ്യുന്ന ആത്മാവിന്റെ നിഗൂഢാവസ്ഥയോ, നമ്മിൽ നിന്നകന്ന് നമുക്ക പ്രാപ്യമായി നിൽക്കുന്ന ഒരു യാഥാർത്ഥ്യമോ അല്ല. വിശുദ്ധീകര പ്രസാദം അടിസ്ഥാനപരമായി ദൈവം തന്നെയാണ്; അവിടുന്ന് അരൂപസൃഷ്ടികളുമായി (Spiritual) നടത്തുന്ന സമ്പർക്കമാണ്; ദൈവത്തിന്റെ ആത്മദാനമാണത്. പ്രസാദവരം പ്രകാശമാണ്, സ്നേഹമാണ്, പ്രസാദവരം സ്വാതന്ത്ര്യമാണ്, ശക്തിയാണ്, നിത്യജീവന്റെ അച്ചാരമാണ്, ആത്മാവിന്റെ അത്യഗാധത്തിൽ പരിശുദ്ധാത്മാവു ചെലുത്തുന്ന പ്രേരണയാണ്; ദൈവത്തിന്റെ ദത്തുപുത്രസ്ഥാനമാണ്, നിത്യമായ സ്വർഗീയാവകാശമാണ്.

ഈ വിശിഷ്ട ദാനം മറിയത്തിനുണ്ടായിരുന്നുവെന്നതിലല്ല, പ്രത്യുത, അത് അവളുടെ അസ്തിത്വത്തിന്റെ ആദിനിമിഷം മുതൽ ഉണ്ടായിരുന്നു എന്നതിനാലാണ്, അവളും നമ്മളും തമ്മിലുള്ള അന്തരം സ്ഥിതിചെയ്യുന്നത്. അവതീർണനാകുന്ന സ്വസുതന്റെ അമ്മയ്ക്കു പ്രസാദവര ദാനം നൽകാൻ ദൈവം തീരുമാനിച്ചപ്പോൾ, ആ വിശിഷ്ട ദാനം നീതിമത്ക്കരിക്കുന്ന കൂദാശയായ ജ്ഞാനസ്നാനത്തിലൂടെ നമുക്കും ലഭിക്കണമെന്ന് അവിടുന്ന് ഉദ്ദേശിച്ചിരുന്നു. രക്ഷാകരമായ പ്രസാദവരം ആദ്യം മുതൽ നമുക്കും എന്നേയ്ക്കുമായി ലഭിക്കണമെന്ന് അവിടുന്ന് തീരുമാനിച്ചു; എന്നാൽ, ഐഹിക ജീവിതം ആരംഭിച്ചു കഴിഞ്ഞിട്ടുമാത്രമാണ് നമുക്കതു ലഭിക്കുക. പ്രസാദവരവും, നമ്മുടെ നിത്യരക്ഷയെ സംബന്ധിക്കുന്ന മറ്റ് ഏതും, അവിടുത്തെ വെറും സൗജന്യ ദാനമാണെന്നും, ഇക്കാര്യത്തിൽ നമുക്കു ഒന്നും ചെയ്യാൻ കഴിവില്ലെന്നും, നമ്മെ ഗ്രഹിപ്പിക്കുന്നതിനാണ് വരപ്രസാദസിദ്ധിക്കു നമുക്ക് അൽപ്പം താമസം നേരിടുന്നത്. നിത്യമായ ഈ ദൈവിക ജീവൻ, ഈ ദിവ്യ സ്നേഹം, ജ്ഞാനസ്നാനം സ്വീകരിക്കുന്ന നിമിഷത്തിൽ നമ്മുടെ ആത്മാവിൽ പ്രവേശിക്കുന്നു; ദൈവത്തിന്റെ മായാത്ത മുദ്ര നമ്മിലും പതിയുന്നു. അങ്ങനെ നമ്മളും ദൈവത്തിന്റെ ആലയമായിത്തീരുന്നു. നമ്മിലും ത്രിയേക ദൈവം വസിക്കുന്നു. നമ്മളും അഭിഷിക്തരായി, പരിശുദ്ധരായി; ദൈവത്തിന്റെ ജീവനും പ്രകാശവും കൊണ്ട് നാം നിറഞ്ഞു. ഇങ്ങനെയുള്ള ഒരാരംഭത്തോടുകൂടെയാണ് നാം നമ്മുടെ ജീവിതത്തിൽ

www.malankaralibrary.com

പ്രവേശിച്ചത്. ലോകത്തിലൂടെ വിശ്വാസത്തിന്റെ പ്രകാശവും സ്നേഹത്തിന്റെ തീജ്ജ്വാലയും നാം വഹിച്ചുകൊണ്ടു പോകണം; നമ്മുടെ പിതൃരാജ്യത്തിലേക്ക്, നമ്മുടെ ദൈവത്തിന്റെ അനന്ത ജ്യോതിസ്സിലേക്ക്. അവിടുത്തെ നിത്യത്വത്തിലേക്ക് അവ വഹിച്ചുകൊണ്ടു പോകണം. അതിനുവേണ്ടിയത്രേ ഇത്ര ദിവ്യമായ ഒരാരംഭം നമുക്കു നൽകപ്പെട്ടിരിക്കുന്നത്.

മറ്റുള്ളവർ ജ്ഞാനസ്നാനസമയത്തു സ്വീകരിക്കുന്ന പ്രസാദവരം മറിയത്തിന് അവളുടെ ജനനത്തിനുമുമ്പ്, സ്വമാതാവിന്റെ ഉദരത്തിൽ അവൾ രൂപം കൊണ്ട ആദ്യനിമിഷത്തിൽ ത്തന്നെ നൽകപ്പെട്ടു. ദൈവമാതാവാകുന്നതിന് അവളെ യോഗ്യയാക്കുന്നതിനു വേണ്ടിയാണ് ദൈവം ഇപ്രകാരം ചെയ്തത്. ക്രിസ്തോന്മുഖവും ക്രിസ്തു കേന്ദ്രവൽകൃതവുമായ ഒരു ദിവ്യസിദ്ധിയത്രേ അമലോത്ഭവം. ക്രിസ്തുവിനേക്കൂടാതെ ആർക്കും നിത്യരക്ഷ പ്രാപിക്കാൻ കഴിയുകയില്ലെന്ന സത്യത്തെ അമലോത്ഭവം വെളിച്ചത്തു കൊണ്ടുവരുന്നു. മനുഷ്യന്റെ ആരംഭം അതിപ്രധാനമാണ്. മറിയത്തിന്റെ അമലോത്ഭവത്തിൽ നിന്ന് ആരംഭത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള പാഠം നാം പഠിക്കണം. ഒരുവന് ആരംഭം നൽകുന്നത് ദൈവമാണ്. മനുഷ്യനു സ്വാതന്ത്ര്യമുണ്ട്, വ്യക്തിഗതമായ കർത്തവ്യങ്ങളുണ്ട്, സൃഷ്ടിപരമായ കഴിവുകളുണ്ട്, വിസ്മയാവഹമായ സിദ്ധികളുണ്ട്. ദൈവം തന്റെ അപരിമേയമായ ബുദ്ധിയിലും സ്നേഹത്തിലും ഓരോരുത്തർക്കും വേണ്ടി ഓരോ പ്രത്യേക സംവിധാനം തയ്യാർ ചെയ്യുന്നു. ഈ സംവിധാനത്തിന്റെ സാക്ഷാത്കാരം എപ്പോൾ ആരംഭിക്കണമെന്നും അവിടുന്ന് തീരുമാനിക്കുന്നു. ദൈവദത്തമായ ആരംഭം നാം സസന്തോഷം സ്വീകരിക്കുകയും നമുക്കു വേണ്ടിയുള്ള ദൈവസംവിധാനത്തിന്റെ സാക്ഷാത്കാരത്തിനു പൂർണമായി സഹകരിക്കുകയും ചെയ്യണമെന്നതാണ് മറിയത്തിന്റെ അമലോത്ഭവം നമുക്ക് തരുന്ന ഒരു പാഠം. അമലോത്ഭവം പഠിപ്പിക്കുന്ന വേറൊരു പാഠം, ദൈവം തന്റെ രക്ഷാകരമായ സ്നേഹംകൊണ്ട് നമ്മെ ആവരണം ചെയ്യുന്നുവെന്ന വസ്തുതയത്രേ.

ഒരു മനുഷ്യവ്യക്തിയുടെ കളങ്കരഹിതവും പരിശുദ്ധവും അനുഗൃഹീതവുമായ ജീവിതാരംഭത്തെ മാത്രമല്ല അമലോത്ഭവം

www.malankaralibrary.com

വെളിവാക്കുന്നത്; വിശ്വസ്തനായ ദൈവമാണ് ആ ഉത്ഭവത്തിന്റെ ഉൽപ്പത്തിസ്ഥാനമെന്ന് കൂടിയും അതു നമ്മെ ഗ്രഹിപ്പിക്കുന്നുണ്ട്. അന്ത്യം അനുഗൃഹീതമാകേണ്ടിയിരുന്നതിനാൽ ഉത്ഭവവും അതിനു യോജിച്ചതാകേണ്ടിയിരുന്നു. അമലോത്ഭവ വിശ്വാസ സത്യം പഠിപ്പിക്കുന്നത് ദൈവം തന്റെ ദാനങ്ങൾ കലവറ കൂടാതെ ധാരാളമായി നൽകുന്നുവെന്നാണ്; ദൈവത്തിന്റെ ആസൂത്രണങ്ങൾ അന്തിമ ലക്ഷ്യത്തെ ഉന്നംവച്ചുകൊണ്ട് രൂപം നൽകപ്പെടുന്നവയത്രേ.

അവിടുന്ന് ഒരൊറ്റ ദൈവിക പ്രവൃത്തിയാൽ സർവ്വവും ആസൂത്രണം ചെയ്യുന്നു. ഇത് മറിയത്തിന്റെ കാര്യത്തിലും മറ്റെല്ലാവരുടെ കാര്യത്തിലും ശരിയാണ്. നമ്മെക്കുറിച്ച് എന്തെങ്കിലും വെളിപ്പെടുത്തപ്പെടുമ്പോൾ അതു കാണുന്നതിന് നമുക്ക് കണ്ണുകളില്ല; ആദ്ധ്യാത്മിക കാര്യങ്ങളിൽ നിരുന്മേഷരും മന്ദബുദ്ധികളുമാണു നാം. മറിയത്തിന്റെ മഹിമയെക്കുറിച്ചു പറയുമ്പോൾ അതിൽ നമ്മെക്കുറിച്ചൊന്നുമില്ലെന്നു നാം വിചാരിക്കുന്നതിന് കാരണവും നമ്മുടെ ഈ അലംഭാവം തന്നെയാണ്. പരിമിതവും സ്വാർത്ഥപരവും വ്യതിരിക്തവുമായ മനഃസ്ഥിതി ഉപേക്ഷിച്ച്, വിശാലഹൃദയത്തോടെ മറിയത്തെ വീക്ഷിക്കുമ്പോൾ, അവളുടെ കാര്യത്തിൽ വാസ്തവമായതു നമ്മുടെ കാര്യത്തിലും വാസ്തവമാണെന്നു നാം മനസ്സിലാക്കും.

## III. സ്വർഗ്ഗാരോപിത

"ജന്മപാപത്തിന്റെ എല്ലാക്കറകളിലും നിന്നു സ്വതന്ത്രയായിരുന്ന നിർമ്മല കന്യക, ഈ ലോക വാസത്തിന്റെ അവസാനത്തിൽ ആത്മശരീരങ്ങളോടെ സ്വർഗീയ മഹത്ത്വത്തിലേക്ക് ആവഹിക്കപ്പെട്ടു."[20] ആദിമാതാപിതാക്കന്മാർക്കും അവരുടെ സന്തതികൾക്കും ലഭിച്ച ജന്മപാപശിക്ഷകളുടെ കൂട്ടത്തിൽ പ്രസവവേദനയും, മരണശേഷമുള്ള ശരീരത്തിന്റെ അഴിയലും ഉൾപ്പെട്ടിരുന്നു. മറിയം ജന്മപാപവിമുക്തയായിരുന്നതിനാൽ പ്രസ്തുത ശിക്ഷകളിൽനിന്നു സ്വാഭാവികമായി വിമോചിതയായിരിക്കണമെന്ന നിഗമനത്തിൽ നാം വന്നുചേരുന്നു. ഇക്കാരണത്താൽ, മരണാനന്തരം മറിയത്തിന്റെ ശരീരം ഇതര ശരീര

www.malankaralibrary.com

ങ്ങളെപ്പോലെ ക്ഷയിച്ചു പോയില്ല. മറിയം മരിച്ചുഎന്ന് ബൈബിളിൽ എങ്ങും രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ അവൾ മരണത്തിൽ നിന്നു മോചിക്കപ്പെട്ടുവെന്നും ചില വിശുദ്ധ ഗ്രന്ഥവാക്യങ്ങൾ, മറിയം ശരീരത്തോടെ സ്വർഗ്ഗാരോപണം ചെയ്തു എന്നതിനെ സൂചിപ്പിക്കുന്നു എന്നുമുള്ള അർത്ഥത്തിൽ പലരും ഉദ്ധരിച്ചിട്ടുണ്ട്.

മറിയത്തിന് ഈ മഹിമ ലഭിക്കുക എന്നത് അവൾ സ്വപുത്രൻ വഴി സർപ്പത്തിന്റെ തലയെ തകർക്കുമെന്നു ദൈവം നൽകിയ വാഗ്ദാനത്തോടു പൊരുത്തപ്പെടുന്നു. അതുപോലെ അവൾ "പ്രസാദവരത്താൽ നിറഞ്ഞിരുന്നു" വെന്ന വസ്തുതയും ഇതിനു ഉപോദ്ബലകമായി നിൽക്കുന്നു. സ്വർഗാരോപണ സത്യത്തിന്റെ വളർച്ചയുടെ ചരിത്രം പരമ്പരാഗത വിശ്വാസത്തിന്റെ ചരിത്രമാണ് എന്നത് അത്യന്തം രസാവഹമത്രേ.

## 1. വിശുദ്ധ മറിയത്തിന്റെ മരണവും സ്വർഗ്ഗാരോപണവും

അഞ്ചാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ "വിശുദ്ധ മറിയത്തിന്റെ കടന്നുപോക്ക്" (Transitus sanctae mariae) എന്ന പേരിൽ ഒരു ഗ്രന്ഥം പ്രചാരത്തിൽ ഇരുന്നതായി കാണുന്നു. അതിന്റെ കർതൃത്വം ആരോപിച്ചിരിക്കുന്നത് ജെലാസിയൂസ് മാർപ്പാപ്പായ്ക്കാണ്. ഈ കൃതി ഗ്രീക്കിലായിരുന്നിരിക്കണം വിരചിതമായത്. ഇതിന് ഇരുപതിൽപ്പരം പതിപ്പുകൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ലത്തീൻ പതിപ്പാണ് പ്രാധാന്യമർഹിക്കുന്നത്. ചരിത്രപരമായ ചില അബദ്ധങ്ങൾ കാണുമെങ്കിലും സൈദ്ധാന്തികമായി ഊനമറ്റതാണിത്. മറിയത്തിന്റെ സ്വർഗ്ഗാരോപണത്തെപ്പറ്റി ആദ്യകാലത്തുണ്ടായിരുന്ന വിശ്വാസത്തിനുള്ള വിലയേറിയ ഒരു സാക്ഷ്യമായി ഈ ഗ്രന്ഥത്തെ കണക്കാക്കാം.

ഈ രേഖ അനുസരിച്ച് മറിയത്തിന്റെ മരണവും സ്വർഗാരോപണവും താഴെ പറയുന്ന വിധമാണ് സംഭവിച്ചത്. കർത്താവിന്റെ മരണവും സ്വർഗ്ഗാരോഹണവും കഴിഞ്ഞിട്ട് ഇരുപത്തിരണ്ട് വർഷം കഴിഞ്ഞ് ഒരു ദിവസം മറിയം തന്റെ രക്ഷകനായ ക്രിസ്തുവിനെ ദർശിക്കുവാൻ അതിയായി ആഗ്രഹിച്ചുകൊണ്ട് ഭവനത്തിലിരുന്നു കരയുകയായിരുന്നു. അപ്പോൾ കർത്താവിന്റെ മാലാഖ അവൾക്കു പ്രത്യക്ഷനായി

www.malankaralibrary.com

സ്വർഗീയ പറുദീസായിൽനിന്നു കൊണ്ടുവന്ന ഒലിവു ശിഖരം (സ്വർഗലബ്ധിയുടെ അടയാളം) അവൾക്കു നൽകിക്കൊണ്ടു പറഞ്ഞു - ക്രോബേന്മാരോടും സ്രാപ്പേന്മാരോടും സ്വർഗത്തിലെ സർവ മഹത്ത്വത്തോടും കൂടി നിന്റെ മകൻ നിന്നെ കാത്തിരിക്കുന്നു. ഇന്നേയ്ക്കു മൂന്നാം ദിവസം നീ ശരീരത്തിൽനിന്നും എടുക്കപ്പെടും.[21] മറിയം മാലാഖയോടപേക്ഷിച്ചു, അപ്പസ്തോലന്മാരെയെല്ലാം അന്ത്യമായി തനിക്കൊന്നു കാണണമെന്ന്. ഉടൻ അപ്പസ്തോലന്മാരെല്ലാം തങ്ങളുടെ പ്രസംഗവേദിയിൽനിന്നും എടുക്കപ്പെട്ടു. മേഘത്തിന്റെ ചിറകുകൾ അവരെ വഹിച്ചു. മറിയം വസിക്കുന്ന വീടിന്റെ മുമ്പിൽ അവർ വന്നിറങ്ങി.[22] മൂന്നു ദിവസം കടന്നു പോയി. കർത്താവ് ഒരു സമൂഹം മാലാഖമാരുമൊത്ത് മറിയത്തിന്റെ പക്കൽ എഴുന്നള്ളിവന്ന് അമ്മയോടു പറഞ്ഞു: ഏറ്റവും വിലയേറിയ രത്നമേ വരൂ, നിത്യജീവിതത്തിന്റെ സന്തോഷത്തിലേക്കു പ്രവേശിക്കൂ."[23]

കർത്താവ് ഇത്രയും പറഞ്ഞപ്പോൾ മറിയം കിടക്കയിലേക്കു മറിഞ്ഞു. കട്ടിലിൽ കിടന്ന് ദൈവത്തെ സ്തുതിച്ചുകൊണ്ട് അവൾ പ്രാണൻ വെടിഞ്ഞു. കർത്താവ് മറിയത്തിന്റെ ആത്മാവിനെ സ്വർഗ്ഗത്തിലെ പ്രധാന മാലാഖയായ മിഖായേലിനെ ഏൽപ്പിച്ചു. ശവസംസ്കാരത്തിനൊരുങ്ങിക്കൊള്ളുവാൻ ശിഷ്യന്മാരോട് ഉപദേശിക്കുകയും ചെയ്തു. ശിഷ്യന്മാർ വിലാപയാത്രയ്ക്കൊരുങ്ങി. പത്രോസും പൗലോസും മഞ്ചം വഹിച്ചു. സ്വർഗത്തിൽനിന്നു മാലാഖ മറിയത്തിനു നൽകിയ ഒലിവുശിഖരം യോഹന്നാൻ ശവമഞ്ചത്തിനു മുമ്പിൽ പിടിച്ചുകൊണ്ടു നടന്നു. മറ്റ് അപ്പസ്തോലന്മാരെല്ലാം ദൈവത്തെ സ്തുതിച്ചുകൊണ്ട് ശവമഞ്ചത്തെ അനുഗമിച്ചു. ക്രിസ്തുവിന്റെ ദിവ്യത്വവും മറിയത്തിന്റെ കന്യാത്വവും നിഷേധിച്ചിരുന്ന ഒരു യഹൂദ പുരോഹിതൻ അവിടെവച്ച് അത്ഭുതകരമായി വിശ്വസിച്ച് മാനസാന്തരപ്പെട്ടു. അപ്പസ്തോലന്മാർ മൃതദേഹം ഒരു പുത്തൻ കല്ലറയിൽ സംസ്കരിച്ചു. അത് ഭദ്രമായി അടച്ചശേഷം കർത്താവു കൽപ്പിച്ചതുപോലെ അവർ അതിന്റെ മുമ്പിൽ ഇരുന്നു.[24]

വിളംബംവിനാ കർത്താവ് അപ്പസ്തോലന്മാരുടെ പക്കലേക്കു മടങ്ങിവന്നു. ഭൂമിയിൽ നിർവ്വഹിച്ച പ്രത്യേക രക്ഷാകർമ്മത്തിന് എന്തു ബഹുമതിയാണ് തന്റെ അമ്മയ്ക്കു

www.malankaralibrary.com

നൽകേണ്ടതെന്ന് അപ്പസ്തോലന്മാരോട് കർത്താവ് ചോദിച്ചു. അവർ ഏക സ്വരത്തിൽ അപേക്ഷിച്ചു : "അങ്ങയുടെ മാതാവിന്റെ ശരീരം കൂടി സ്വർഗ്ഗഭാഗ്യത്തിലേക്ക് എടുക്കപ്പെടുന്നത് ന്യായയുക്തമാകുന്നു എന്ന് അങ്ങയുടെ ദാസരായ ഞങ്ങൾക്കു തോന്നുന്നു." കർത്താവുടനെ മുഖ്യദൂതനായ മിഖായേലിനോടാജ്ഞാപിച്ചു: "മറിയത്തിന്റെ ആത്മാവിനെ ഇവിടെ കൊണ്ടുവരുക". ദൂതൻ അപ്രകാരം ചെയ്തു. അവർ കല്ലറയുടെ മൂടി മാറ്റി. തൽക്ഷണം കർത്താവ് മറിയത്തിന്റെ ആത്മശരീരങ്ങൾ തമ്മിൽ യോജിപ്പിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു: "പ്രിയപ്പെട്ടവളേ ഉണരൂ. പുരുഷനുമായുള്ള സംയോഗം വഴി മലിനമാകാത്ത നിന്റെ ശരീരം കല്ലറയിൽ ഇരുന്ന് അഴുകി നശിക്കരുത്". ഉടനെ മറിയം ഉയിർത്തെഴുന്നേറ്റു. ആത്മശരീരങ്ങളോടെ മാലാഖമാരാൽ ആവഹിക്കപ്പെട്ട് അവൾ സ്വർഗത്തിലേക്കുയർന്നു. കർത്താവ് അമ്മയെ അനുഗമിച്ചു. "പരിശുദ്ധ മറിയത്തിന്റെ കടന്നുപോക്ക്" എന്ന പുസ്തകം ഇങ്ങനെ അവസാനിക്കുന്നു. "അപ്പസ്തോലന്മാർ അവർ പ്രസംഗിച്ചിരുന്നിടത്തേക്ക് വീണ്ടും മേഘങ്ങളിൽ ആനയിക്കപ്പെട്ടു. ദൈവത്തിന്റെ അത്ഭുതങ്ങളെപ്പറ്റി അവർ എല്ലായിടത്തും പ്രസംഗിക്കുകയും പ്രഖ്യാപിക്കുകയും കർത്താവായ യേശുവിനെ സ്തുതിക്കുകയും ചെയ്തു."

മാതാവിന്റെ സ്വർഗ്ഗാരോപണത്തെപ്പറ്റി വിശുദ്ധ ജോൺ ഡമഷീൻ ഇപ്രകാരം പറയുന്നു: "പ്രപഞ്ചസ്രഷ്ടാവ്, മനുഷ്യാവതാരം ചെയ്ത ദൈവം ആരുടെ ആത്മാവിൽ പാർത്തുവോ, ആ ആത്മാവിനെ സ്വകരങ്ങളിൽ സ്വീകരിക്കുന്നു. മനുഷ്യരോടുള്ള തന്റെ അനന്തമായ സ്നേഹത്തിലും, രക്ഷാകരപദ്ധതിക്കനുസരണമായും മനുഷ്യ ശരീരം സ്വീകരിച്ച്, ഒരുമിച്ച് മനുഷ്യരുമായി സഹവസിക്കുകയും അവൾ സൃഷ്ടിയായിരുന്നിട്ടും അവളെ തന്റെ അമ്മയായി സ്വീകരിക്കുകയും ചെയ്ത് അവൾക്ക് അർഹമായ ആദരവ് നൽകി, സ്വാഭാവികമായി ചിന്തിക്കാവുന്നതുപോലെ, നീ മനുഷ്യരിൽനിന്നും പിരിയുന്ന അവസരവും കാത്ത്, മാലാഖമാരുടെ ഗണങ്ങൾ നോക്കിനിൽക്കുകയായിരുന്നു. എത്ര അത്ഭുതകരമായ മരണം, പ്രസ്തുത നിമിഷം മുതൽ ദൈവത്തിലേക്കുള്ള നിന്റെ വഴി അവൻ നിരപ്പാക്കുകയായിരുന്നു! ദൈവേഷ്ടത്താൽ, നിന്നോടു വിശ്വസ്തരായിട്ടുള്ള എല്ലാ മനുഷ്യരുടെയും

www.malankaralibrary.com

നന്മക്കായി അപ്രകാരം സംഭവിച്ചെങ്കിൽതന്നെ അത് ആ വിധത്തിൽത്തന്നെ നടന്നെന്നു ഞങ്ങൾ വിശ്വസിക്കുന്നു, ദൈവത്തിന്റെ ദാസന്മാരും അവിടുത്തെ അമ്മയും തമ്മിലുള്ള അന്തരം അനന്തമാണ്.

പ്രകൃതിനിയമം അനുസരിച്ചു, നിന്റെ പ്രത്യേക പദവിയുള്ളതും നിർമ്മലവുമായ ശരീരത്തിൽനിന്ന് അനുഗൃഹീതവും വിശുദ്ധവുമായ ആത്മാവ് വേർപിരിയുകയും പ്രസ്തുത ശരീരം നിയമാനുസൃതമായ സംസ്കാരത്തിനു നൽകപ്പെടുകയും ചെയ്തുവെങ്കിലും, അതു മരണത്തിൽ നിലനിൽക്കുന്നില്ല, ദുഷിച്ച് അഴുകിപ്പോകുന്നുമില്ല. കന്യാത്വത്തെ കാത്തുസൂക്ഷിച്ച വ്യക്തിയുടെ ശരീരം, ജനിച്ചതാണെങ്കിലും, മരണമുണ്ടായിട്ടും, അഴുകാതെ കാക്കപ്പെട്ടു, അല്ല, മരണത്തിനതീതവും എന്നന്നേക്കും നിലനിൽക്കുന്നതുമായ, കൂടുതൽ മഹത്ത്വപൂർണവും ദൈവികവുമായ സക്രാരിയായി രൂപാന്തരപ്പെടുന്നതിനു വേണ്ടിയാണ് അത്...... പ്രധാന മാലാഖമാരോടൊപ്പം മാലാഖമാർ നിന്നെ വഹിച്ചു. നീ സ്വർഗത്തിലേക്കു പോകുന്നതുകണ്ട് അശുദ്ധാത്മാക്കൾ ഭയപ്പെട്ടു. നിന്റെ കടന്നുപോക്കിലൂടെ വായു അനുഗൃഹീതമായി; അന്തരീക്ഷം പ്രതിഷ്ഠിക്കപ്പെട്ടു. സന്തോഷത്തോടെ സ്വർഗം നിന്റെ ആത്മാവിനെ സ്വീകരിക്കുന്നു. സ്വർഗശക്തികൾ നിന്നെ സ്തുതിഗീതങ്ങളോടെയും ആഘോഷമായ പരിപാടികളോടെയും എതിരേൽക്കുന്ന അക്കൂട്ടത്തിൽ അവർ പാടി ചോദിക്കുന്നു, ചന്ദ്രനെപ്പോലെ മനോഹരിയും സൂര്യനെപ്പോലെ തിരഞ്ഞെടുക്കപ്പെട്ടവളുമായി പ്രഭാതംപോലെ ആരാണ് വരുന്നത്? എത്ര മനോഹരിയും മാധുര്യവുമുള്ളവളാണ് നീ! വയലിലെ മുള്ളുകളുടെ ഇടയിലെ ലില്ലിപ്പൂപോലെ; ഇതിനാൽ പൈതങ്ങൾ നിന്നെ സ്നേഹിക്കുന്നു. നിന്റെ സൗരഭ്യം ഞങ്ങൾ കണ്ടറിയുന്നു. സ്വർഗീയ ശക്തികൾ നിനക്ക് കാവലായിരിക്കുമ്പോൾ, രാജാവ് തന്റെ അകത്തളത്തിലേക്കു നിന്നെ പ്രവേശിപ്പിച്ചിരിക്കുന്നു, സേനാവ്യൂഹങ്ങൾ നിന്നെ വാഴ്ത്തുന്നു. സിംഹാസനങ്ങൾ നിനക്ക് പെരുന്നാൾ ഒരുക്കുന്നു, ക്രോബേന്മാർ അത്ഭുതത്തിലും സന്തോഷത്തിലും നിർന്നിമേഷരായി നിലകൊള്ളുന്നു; ദൈവത്തിന്റെ അമ്മയായ നിന്റെ കീർത്തനങ്ങൾ സ്രോപ്പേന്മാർ പാടുന്നു. ഏലിയായെപ്പോലെയല്ല നീ, സ്വർഗത്തിലേക്കു ഉയർത്ത

www.malankaralibrary.com

പ്പെട്ട പൗലോസിനെപ്പോലെയല്ല നീ എടുക്കപ്പെട്ടത്. നിന്റെ പുത്രന്റെ രാജകീയ സിംഹാസനത്തെ നീ സമീപിച്ചത് നിന്റെ മൃദുലമായ കണ്ണുകളോടെ സന്തോഷപൂർവ്വം അവനെ നോക്കിക്കൊണ്ടാണ്. അസാധാരണ കുലീനതയുടെയും ഔന്നത്യത്തിന്റെയും ഉടമയാണ് നീ. മാലാഖാമാർക്കും സ്വർഗീയ ശക്തികൾക്കും അവാച്യമായ ആനന്ദത്തിനു കാരണമാണ് നീ; പിതാക്കന്മാർക്കു അനന്തമായ സന്തോഷം; നീതിമാന്മാർക്ക് അവർണനീയ ആനന്ദം, ദീർഘദർശിമാർക്ക് ശാശ്വതമായ ഉല്ലാസം, ലോകത്തിനു അനുഗ്രഹം, ഇവയെല്ലാമാണ് നീ. നീ എല്ലാറ്റിനേയും വെടിപ്പാക്കുന്നു. ക്ഷീണിതർക്ക് വിശ്രമം, കരയുന്നവർക്ക് ആശ്വാസം, രോഗികൾക്ക് ശാന്തി, കൊടുങ്കാറ്റടിച്ച് ചതഞ്ഞവരായി വരുന്ന എല്ലാവർക്കും തുറമുഖം, ആവശ്യം അനുഭവപ്പെടുന്ന എല്ലാവർക്കും തക്കസഹായം, ഇതെല്ലാമാണ് നീ.

നിന്റെ ആത്മാവ് പാതാളത്തിലേക്കിറങ്ങിയില്ല, നിന്റെ മാംസം അഴുകിയിട്ടുമില്ല. അമലവും എല്ലാ മാലിന്യത്തിൽനിന്നും സുരക്ഷിതവുമായ നിന്റെ ശരീരം ഭൂമിയിൽ ഉപേക്ഷിക്കപ്പെട്ടില്ല, പ്രത്യുത, നീ, അല്ലയോ രാജ്ഞി, നാഥേ, അഭ്യുദയകാംക്ഷീ, ദൈവത്തിന്റെ സത്യമാതാവേ, സ്വർഗീയവും രാജകീയവുമായ വാസസ്ഥലത്തേക്കു എടുക്കപ്പെട്ടു, അവളെ തന്നിലേക്കുതന്നെ സ്വീകരിച്ചു, യഥാർത്ഥത്തിൽ അവളുടെ വലിമ സ്വർഗങ്ങളുടേതിനും ഉപരിതന്നെ എന്നാണ് അദ്ദേഹം പറയുന്നത്.

## 2. സ്വർഗാരോപണ വിശ്വാസത്തിന്റെ വളർച്ചയും നിർവചനവും

ആഞ്ചും ആറും ശതവർഷങ്ങളിൽ പ്രചാരത്തിലിരുന്നവ ആയിരുന്നു “അപ്പോക്രിഫൽ” എന്നറിയപ്പെടുന്ന സുവിശേഷങ്ങൾ. അവയിൽ പലയിടത്തും കാണുന്ന “മറിയത്തിന്റെ സ്വർഗയാത്ര” അഥവാ “മറിയത്തിന്റെ കടന്നുപോക്ക്” (Transition of Mary) എന്ന പദപ്രയോഗം അന്ന് സ്വർഗാരോപണത്തിൽ ആളുകൾക്കുണ്ടായിരുന്ന വിശ്വാസത്തെ തെളിയിക്കുന്നുണ്ട്. അതേ കാലഘട്ടത്തിൽത്തന്നെ മറിയത്തിന്റെ “ഗൃഹഗമനം” (Home going of Mary) എന്ന പേരിൽ സുപ്രസിദ്ധമായിരുന്ന തിരുനാൾ, സ്വർഗ്ഗാരോപണം സത്യവിശ്വാസത്തിന്റെ ഭാഗമായി, സഭയിൽ സ്വീകരിക്കപ്പെട്ടിരുന്നു എന്നതിന് തെളിവാണ്.

www.malankaralibrary.com

സ്വർഗാരോപണ സത്യത്തിന് ശക്തികൂട്ടുന്ന ചരിത്രപരമായ ഒരു കാര്യം കൂടി നാം പരിഗണിക്കണം. മറിയം സ്വർഗാരോപണം ചെയ്തില്ലായിരുന്നുവെങ്കിൽ അവളുടെ ശരീരം അഥവാ ശരീരാവശിഷ്ടം എവിടെയെങ്കിലും കാണുമായിരുന്നു. എന്നാൽ അത് കണ്ടെത്തി എന്ന് ഇതുവരെയും ആരും അവകാശപ്പെട്ടിട്ടില്ല. പുണ്യവാന്മാർ മരിച്ചതിനുശേഷം അവരെ അടക്കം ചെയ്ത സ്ഥലങ്ങൾ കണ്ടുപിടിച്ച് അവരുടെ ഭൗതികാവശിഷ്ടങ്ങൾ വണങ്ങുന്നതിൽ ക്രിസ്ത്യാനികൾ എപ്പോഴും അതീവ തത്പരരായിരുന്നു എന്നത് ഒരു ചരിത്ര സത്യമത്രേ. വിശുദ്ധ പത്താം പീയൂസ് മാർപ്പാപ്പാ 1903-ൽ വിശുദ്ധ കന്യകയുടെ കല്ലറ കണ്ടുപിടിക്കുന്നതിന് ശ്രമം നടത്തിയ ധീരരായ ആളുകൾക്ക് തന്റെ അനുഗ്രഹാശിസുകൾ നൽകുകയുണ്ടായി. എഫേസോസിൽ മറിയം താമസിച്ചിരുന്നു എന്ന് പരമ്പരാഗതമായി വിശ്വസിക്കപ്പെടുന്ന വീട് സ്ഥിതി ചെയ്തിരുന്ന "പനയാകപുലു" (Panayakapulu) എന്ന സ്ഥലത്താണ് ആ ഗവേഷണം നടത്തിയത്. മറിയത്തിന്റെ ഭൗതികാവശിഷ്ടങ്ങളുടെ നേർക്ക് സഭ സ്വീകരിച്ച ഈ അസാധാരണ നിലപാട് സ്വർഗ്ഗാരോപണത്തിൽ ആദ്യം മുതൽ അവർക്കുണ്ടായിരുന്ന വിശ്വാസത്തെ തെളിയിക്കുന്നുണ്ട്. ഇത് ശക്തമായ ഒരു തെളിവാണ്.[25]

സ്വർഗാരോപണ തിരുനാളിനെക്കുറിച്ച് ആരാധന ക്രമത്തിലുള്ള ഏറ്റവും പുരാതനമായ രേഖ 5-ാം ശതവർഷത്തിലുള്ളതാണ്. 5-ാം ശതവർഷത്തിന് വളരെ മുമ്പുതന്നെ സ്വർഗ്ഗാരോപണ തിരുനാൾ ആഘോഷിക്കപ്പെട്ടിരുന്നു എന്നതിന് പ്രസ്തുത രേഖയിൽ തെളിവുകളുണ്ട്. 495- ൽ എഴുതപ്പെട്ട ജലാസിന്റെ കൂദാശ ക്രമത്തിൽ സ്വർഗ്ഗാരോപണ തിരുനാളും രേഖപ്പെടുത്തിയിട്ടുണ്ട്. വി. ജറോം എഴുതിയെന്ന് വിശ്വസിക്കപ്പെടുന്ന ഡമാസസിന്റെ രക്തസാക്ഷി വിവരണത്തിൽ "മറിയത്തിന്റെ നിദ്ര", "സ്വർഗാരോപണം" എന്നീ രണ്ടുതിരുനാളുകളെപ്പറ്റി പ്രസ്താവനകളുണ്ട്. സുറിയാനികൾ, ഫ്രാങ്കുകൾ, അർമേനിയാക്കാർ, റോമാക്കാർ എന്നിവരുടെ ആചാരം അനുസരിച്ച് ഈ തിരുനാൾ ആഘോഷം നടത്തിവന്നതായി മൊസറബിക്ക് മിസ്സാളിലും കാണുന്നു. ഫ്രാൻസിൽ ടൂർസിലെ വിശുദ്ധ ഗ്രിഗറിയുടെ കാലത്ത് (540) സ്വർഗാരോപണത്തിരുനാൾ ജാഗരണത്തോടെ ആഘോ

www.malankaralibrary.com

ഷിച്ചിരുന്നു. മഹാനായ ഗ്രിഗറി മാർപ്പാപ്പയുടെ "കൂദാശക്രമത്തിൽ" രണ്ടു തവണ ഈ തിരുനാളിനെപ്പറ്റി പ്രസ്താവിച്ചു കാണുന്നു. ഫ്രാൻസിൽ പോപ്പിന്റെ കാലത്ത് സ്വർഗാരോപണം സുപ്രധാനമായ ഒരു തിരുനാളായി ആഘോഷിച്ചു വന്നു. 633-ൽ റെയിംസിൽ കൂടിയ സിനഡ് സ്വർഗാരോപണം കടമുള്ള ദിവസമാക്കി. 713- ൽ ജർമനിയിലെ ക്ലോവോഷോവിലും (Cloucshoe) സമ്മേളിച്ച സിനഡുകൾ സ്വർഗാരോപണ തിരുനാൾ കൊണ്ടാടുന്നതിന് കൽപ്പന നൽകി. 847-ൽ ലെയോ നാലാമൻ മാർപ്പാപ്പ ഈ തിരുനാൾ തിരുസഭ മുഴുവനും വ്യാപിപ്പിച്ചു. 858-ൽ നിക്കോളസ് പ്രഥമൻ മാർപ്പാപ്പ സ്വർഗാരോപണത്തിന്റെ തലേ ദിവസം (ജാഗരണാനുഷ്ഠാന ദിവസം) ഉപവസിക്കണമെന്നാജ്ഞാപിച്ചു.

മേൽപ്പറഞ്ഞ തിരുനാളാഘോഷങ്ങൾക്കുവേണ്ടി നിലവിലിരുന്ന ആരാധനക്രമങ്ങളിൽ മിക്കതിലും സ്വർഗാരോപണത്തെ നമ്മുടെ നാഥയുടെ "നിദ്ര" എന്നാണ് വിശേഷിപ്പിച്ചിരുന്നത്. ഇതിൽ വിസ്മയിക്കേണ്ടതില്ല. മറിയത്തിന്റെ നിദ്രയും സ്വർഗപ്രവേശനവും ഒന്നു തന്നെയെന്ന് പ്രമുഖ വേദശാസ്ത്രജ്ഞനായ ബനഡിക്ട് പതിനാലാമൻ മാർപ്പാപ്പ വിശദമാക്കിയിട്ടുണ്ട്. സ്വർഗാരോപണ തിരുനാളിന് (പരിശുദ്ധ കന്യകയുടെ) നിദ്ര എന്ന പദം ഉപയോഗിച്ചിരിക്കുന്ന പുരാതന രേഖകൾ സശ്രദ്ധം പഠിക്കുന്നവ നിദ്രയും സ്വർഗാരോപണവും ഒരേ യാഥാർത്ഥ്യം തന്നെയാണ് സൂചിപ്പിക്കുന്നതെന്ന നിഗമനത്തിൽ എത്തിച്ചേരുക തന്നെ ചെയ്യും. വിവിധങ്ങളായ ആരാധനക്രമങ്ങളിൽ ഈ തിരുനാളിനായി ചേർത്തിട്ടുള്ള പ്രാർത്ഥനകളും സുവിശേഷ പ്രസംഗങ്ങളും പ്രസ്തുത ഘോഷത്തിന്റെ അർത്ഥമെന്തെന്ന് അസന്ദിഗ്ദ്ധവും വ്യക്തവുമായി വെളിപ്പെടുത്തുന്നുണ്ട്. മഹാനായ വിശുദ്ധ ഗ്രിഗറി എഴുതി ഉണ്ടാക്കിയ "കൂദാശക്രമത്തിൽ" നാം വായിക്കുന്നു: "കർത്താവേ, ഇന്നേ ദിവസം ആഘോഷിക്കുന്ന തിരുനാളിൽനിന്ന് ഞങ്ങൾക്ക് നിത്യമായ സഹായം ലഭിക്കുമാറാകട്ടെ. ഇന്നേ ദിവസം ദൈവത്തിന്റെ പരിശുദ്ധയായ മാതാവ് കാലികമായ മരണം കൈവരിച്ചെങ്കിലും അവതാരം ചെയ്ത അങ്ങയുടെ പുത്രനായ ഞങ്ങളുടെ കർത്താവിനെ പ്രസവിച്ചതുമൂലം മരണത്തിന്റെ ബന്ധനത്തിൽനിന്നും അവളെ ഈ ലോകത്തിൽ പിടിച്ചു നിർത്താൻ കഴിഞ്ഞില്ലല്ലോ".

www.malankaralibrary.com

ഒരു പുരാതന ഗോഥിക് പൂജാക്രമത്തിൽ ഒരു പ്രാർത്ഥന ഇപ്രകാരം ക്രോഡീകരിച്ചിരിക്കുന്നു: "അങ്ങ് അങ്ങയുടെ മാതാവിനെ നിഷ്കളങ്കയും അവതാരം ചെയ്ത ദൈവത്തെ സംവഹിക്കുന്നതിന് യോഗ്യയുമാക്കിയല്ലോ. ഈ ലോക കളങ്കമേൽക്കാതെ അവളെ അങ്ങ് സംരക്ഷിച്ചു. അവളുടെ ആത്മവിശുദ്ധിയെ അങ്ങ് കാത്തു പാലിച്ചു. ജീവന്റെ നാഥനെ സംവഹിച്ച അവൾ മണ്ണിൽ വിലയം പ്രാപിക്കാതെ സ്വർഗ ത്തിലേക്ക് നയിക്കപ്പെടുകയും ചെയ്തു. പരിശുദ്ധ കന്യകയുടെ ശരീരം കല്ലറയിൽനിന്ന് എവിടേയ്ക്ക് സംവഹിക്കപ്പെട്ടുവോ അവിടേയ്ക്കുതന്നെ അങ്ങയുടെ കാരുണ്യത്തിൽ മരണമടഞ്ഞ എല്ലാവരേയും അധോലോകത്തുനിന്ന് കൊണ്ടുപോകണമെന്ന് കർത്താവേ അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു.

സ്വർഗാരോപണത്തെപ്പറ്റി പ്രതിപാദിക്കുന്ന പൗരസ്ത്യ സഭയുടെ പുരാതനമായ രേഖകളുണ്ട്. സെന്റ് സാബായിലെ മെനേയ ഓഗസ്റ്റ് 17-ാം തീയതിയിലെ തിരുനാളിൽ മറിയത്തെ അഭിസംബോധന ചെയ്തുകൊണ്ട് ഇപ്രകാരം ഉദ്ഘോഷിച്ചു: "ഞങ്ങളുടെ ദൈവം അങ്ങയുടെ സുതനാണല്ലോ. തന്നിൽ രണ്ടു സ്വഭാവങ്ങളുണ്ടെന്ന വിശ്വാസ സത്യം ഉറപ്പിക്കുന്നതിന് അവിടുന്ന് മനുഷ്യനെന്ന നിലയിൽ മരിക്കുകയും ദൈവമെന്ന നിലയിൽ ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. ഓ, ദൈവമാതാവേ, അങ്ങും മരിക്കണമെന്ന് ദൈവം തിരുച്ചിത്തമായി: ദൈവമാതാവു മരിച്ചില്ലെങ്കിൽ ക്രിസ്തുവിന്റെ മനുഷ്യാവതാരം ഒരു സങ്കൽപ്പമാണെന്ന് അവിശ്വാസികൾ പറയാതിരിക്കാനാണ് ഇങ്ങനെ സംഭവിച്ചത്. എന്നാൽ നവവധു തന്റെ വിവാഹ വേദിയിൽ നിന്ന് സ്വർഗത്തിലേക്ക് ആരോഹണം ചെയ്തു. ദിവ്യ ശിശുവിന് ഒരിക്കൽ ജന്മം കൊടുത്തുകൊണ്ട് ഭൂമുഖത്തെ അങ്ങ് പ്രകാശമാനമാക്കിയതുപോലെ സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തുകൊണ്ട് സ്വർഗീയ മണ്ഡലങ്ങളേയും അങ്ങ് സംപൂജ്യമാക്കി. അങ്ങേയ്ക്ക് അന്തിമ ശുശ്രൂഷാ കർമ്മങ്ങൾ നടത്തുകയായിരുന്ന ശ്ലീഹന്മാർ തങ്ങളെ അത്ഭുതസ്തബ്ധരാക്കിയ ആ സംഭവത്തിന് സാക്ഷികളായി. അങ്ങയുടെ പാവന ശരീരം സ്വർഗത്തിന്റെ അത്യുന്നതങ്ങളിലേക്ക് കടന്നുപോയെന്ന് അവർ ഗ്രഹിച്ചു. തൽസമയം അവർ ഇങ്ങനെ ഉദ്ഘോഷിച്ചു: "ഈ അവസ്ഥാന്തരം ഈശ്വരന്റെ വലത്തുകൈയുടെ പ്രവൃത്തിയാണ്".

www.malankaralibrary.com

സ്വർഗാരോപണത്തിരുന്നാൾ കൊണ്ടാടുന്നതിന് ഉന്നയിക്കപ്പെട്ടിരുന്ന സമയത്തിന്റെ ഔചിത്യത്തെക്കുറിച്ച് എവുബോയിലെ ജോൺ പറയുന്നു: "ആണ്ടുവട്ടത്തിലെ പന്ത്രണ്ടു വലിയ തിരുനാളാഘോഷങ്ങൾക്കു പുറമേ ദൈവമാതാവിന്റെ ജീവപ്രദായകമായ നിദ്രയും നാം കൊണ്ടാടുന്നുണ്ട്. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സ്വർഗാരോഹണത്തെത്തുടർന്ന് ജീവദായകനായ പരിശുദ്ധാത്മാവ് ശ്ലീഹന്മാരുടെമേൽ എഴുന്നെള്ളുന്നു. അതുകഴിഞ്ഞാണ് സ്വർഗാരോപണ തിരുനാൾ വരുന്നത്. മറിയത്തിന്റെ തിരുനാളുകളിൽവച്ച് ഏറ്റവും മഹത്ത്വപൂർണവും അവസാനത്തേതുമാണിത്. കാരണം, നമ്മുടെ കർത്താവായ ദൈവത്തിന്റെ രക്ഷാകർമ്മ പരിപാടിയുടെ പൂർത്തിയാണിത് എന്നതത്രേ". [26] അർമേനിയാക്കാർ 1342-ൽ തങ്ങളുടെ വിശ്വാസഐക്യത്തെ ഇങ്ങനെ പ്രഖ്യാപിച്ചു: "അർമേനിയൻ സഭ വിശ്വസിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്ന മിശിഹായുടെ ശക്തിയാൽ ദൈവമാതാവ് സശരീരിയായി സ്വർഗ്ഗത്തിലേക്ക് എഴുന്നള്ളി എന്ന്." [27]

1672-ൽ ജറുസലേമിലെ അകത്തോലിക്കാ ക്രിസ്ത്യാനികൾ കാൽവിനിസ്റ്റുകൾക്കെതിരായി വിളിച്ചു കൂട്ടിയ സിനഡ് ഇങ്ങനെ പ്രഖ്യാപിക്കുകയുണ്ടായി: "അവൾ തീർച്ചയായും പരിശുദ്ധയായ കന്യക തന്നെയാണ്, അവൾ ഭൂമിയിൽ വലിയൊരടയാളമായി നിലകൊള്ളുന്നു, കാരണം, സ്വന്തം ശരീരത്തിൽനിന്ന് ദൈവത്തെ അവൾ ജനിപ്പിച്ചു. പ്രസവശേഷവും അവൾ കളങ്കലേശമില്ലാത്ത (ശാമരൗഹമലേ) കന്യകയായിത്തന്നെ സ്ഥിതി ചെയ്യുന്നു. ശരീരത്തോടെ അവൾ സ്വർഗത്തിലേക്ക് കരേറി എന്ന കാരണത്താൽ അവിടെയും അവൾ വലിയൊരടയാളമായി ശോഭിക്കുന്നു. അവളുടെ അമലോത്ഭവ ശരീരം കല്ലറയിൽ അടക്കം ചെയ്യപ്പെട്ടു എങ്കിലും മൂന്നാം ദിവസം ക്രിസ്തുവിനേപ്പോലെ അവൾ സ്വർഗത്തിലേക്ക് കയറിപ്പോയി".[28] അഞ്ചാം പീയൂസ് പാപ്പ 1678-ൽ സ്വർഗാരോപണ സത്യത്തിനുവേണ്ടി വാദിച്ചു. 14-ാം ബനഡിക്ട് മാർപ്പാപ്പ ഇത് തെളിയിക്കപ്പെടാവുന്ന സത്യമാണെന്നും അത് വിശ്വസിക്കുന്നതിൽ തെറ്റൊന്നുമില്ലെന്നും പ്രസ്താവിച്ചു. ഈ സത്യം നിർവ്വചിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 1849-ൽ പരിശുദ്ധ സിംഹാസനത്തിന്

www.malankaralibrary.com

അനേകം അപേക്ഷകൾ ലഭിച്ചു. തിരുസഭയുടെ പാരമ്പര്യ പഠനത്തിൽ ഉൾപ്പെട്ടിരിക്കുന്ന ഒരു വിശ്വാസ സത്യമാണ് സ്വർഗാരോപണമെന്ന് പ്രഖ്യാപിക്കുവാൻ 200 മെത്രാൻമാർ ഒന്നാം വത്തിക്കാൻ കൗൺസിലിനോട് അഭ്യർത്ഥിച്ചു. 20-ാം നൂറ്റാണ്ടായപ്പോഴേക്കും വിശ്വാസികൾക്ക് ഇതിലുള്ള താത്പര്യം വർദ്ധിച്ചു. ഈ സ്ഥിതിവിശേഷം, പൊതുസഭയുടെ വിശ്വാസം അറിയുന്നതിന് എല്ലാ മെത്രാന്മാരോടും ആലോചിക്കാൻ 12-ാം പീയൂസ് മാർപ്പാപ്പായെ പ്രേരിപ്പിച്ചു. സ്വർഗാരോപണം ഒരു വിശ്വാസ സത്യമാണെന്ന് ഔദ്യോഗികമായും ആഘോഷ പൂർവ്വമായും നിർവ്വചിച്ച് പ്രഖ്യാപിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിൽ സ്വർഗാരോപണ സത്യത്തെ ആവർത്തിച്ച് പ്രഖ്യാപിക്കുകയും അതോടൊപ്പം മറിയം സ്വർഗത്തിന്റെയും ഭൂമിയുടെയും റാണിയായി ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ട സംഭവത്തെ എടുത്തുകാട്ടുകയും ചെയ്തു.

"ജന്മപാപത്തിന്റെ എല്ലാ കറകളിലുംനിന്ന് സ്വതന്ത്രയായിരുന്ന നിർമ്മല കന്യക ഈ ലോകവാസത്തിന്റെ അവസാനത്തിൽ ആത്മശരീരങ്ങളോടെ സ്വർഗീയ മഹത്ത്വത്തിലേക്ക് ആരോപിതയായി. ഇതിനു പുറമേ നമ്മുടെ കർത്താവ് അവളെ പ്രപഞ്ചത്തിന്റെ മുഴുവൻ രാജ്ഞിയായി വാഴിച്ചു. ഈദൃശ മഹിമ അവൾക്ക് നൽകപ്പെട്ടത് നാഥന്മാരിൽ നാഥനും പാപത്തെയും മരണത്തെയും ജയിച്ചവനുമായ തന്റെ തിരുസുതനോട് അവൾ കൂടുതൽ അനുരൂപയാകുവാൻ ആണ്."[29]

### 3. ദൈവവിജ്ഞാനീയ നിഗമനങ്ങൾ

ഒന്നാം വത്തിക്കാൻ കൗൺസിലിൽ സമ്മേളിച്ച പിതാക്കന്മാർ മാതാവിന്റെ സ്വർഗാരോപണം ഒരു വിശ്വാസ സത്യമായി നിർവ്വചിക്കണമെന്ന് പീയൂസ് ഒമ്പതാമൻ മാർപ്പാപ്പായോട് അഭ്യർത്ഥിച്ചപ്പോൾ അതിന് അവർ ഉന്നയിച്ച ന്യായങ്ങൾ താഴെപ്പറയുന്നവയാണ്.

"ദൈവമാതാവെന്ന അവളുടെ ഏറ്റവും ഉന്നത സ്ഥാനം.

അവളുടെ ഏറ്റവും ആദരണീയമായ കന്യാത്വം

എല്ലാ മനുഷ്യരുടെയും മാലാഖമാരുടെയും പരിശുദ്ധിയെ അതിശയിക്കുന്ന അവളുടെ പരമ പരിശുദ്ധി.

www.malankaralibrary.com

സ്വസുതനായ ക്രിസ്തുവിനോട് അവൾക്കുണ്ടായിരുന്ന അതിഗാഢമായ ഐക്യവും സാധർമ്മ്യവും

പുത്രന് സ്വമാതാവിനോടുണ്ടായിരുന്ന അപരിമേയമായ സ്നേഹം."[30]

ഒരു സ്ത്രീ പിശാചിന്റെ തലയെ ചതയ്ക്കും എന്ന് ദൈവം പറുദീസായിൽവെച്ച് പ്രവചിച്ചപ്പോൾ അവന്റെമേൽ തികച്ചും പരിപൂർണമായ വിജയമാണ് അവിടുന്ന് ഉദ്ദേശിച്ചത്. ആദ്യസ്ത്രീയുടെ മേൽ ഏതെല്ലാം വിധത്തിൽ അവൻ വിജയം വരിച്ചുവോ അവയ്ക്കെല്ലാം നേരെ വിപരീതമായ സംപൂർണ വിജയമാണ് അവന്റെമേൽ അവൾ കൈവരിക്കേണ്ടത്. പിശാച് ഹവ്വയുടെമേൽ നാലുതരത്തിലുള്ള വിജയങ്ങൾ നേടി. പാപത്താലും, ദുരാശയാലും അവരുടെ ആത്മാവിൽ നേടിയ വിജയവും മരണത്താലും വിലയത്താലും അവളുടെ ശരീരത്തിൽ നേടിയ വിജയവും. ഈ നാലു വിധത്തിലും മറിയം സാത്താന്റെ മേൽ വിജയം വരിക്കേണ്ടിയിരുന്നു. വിജയം വരിക്കുകയും ചെയ്തു. മറിയം തന്റെ അമലോത്ഭവത്താൽ പാപത്തിന്റെയും ദുരാശയുടെയും മേൽ വിജയം വരിച്ചു. അവളുടെ മഹനീയമായ സ്വർഗാരോപണത്താൽ മരണത്തേയും ശരീരവിലയത്തേയും ജയിച്ചു. ഈ നാലു വിജയങ്ങളും പരസ്പര പൂരകങ്ങളായി. അമലോത്ഭവത്തിന്റെ പരിണിത ഫലവും മകുടവുമാണ് സ്വർഗാരോപണവും ശരീരത്തിന്റെ അക്ഷയത്വവും. കോൺസ്റ്റാന്റിനോപ്പിളിലെ വിശുദ്ധ ജർമാനൂസ് മറിയത്തെയും ഹവ്വായേയും താരതമ്യപ്പെടുത്തിക്കൊണ്ട് പറയുന്നു: "അവൾ (ഹവ്വ) മരണത്തിന്റെ ഇരിപ്പിടമാണ്. അങ്ങാകട്ടെ (മറിയം) മരണത്തിൽനിന്നുള്ള വിമോചനവും......... അവൾ മണ്ണായിരുന്നതിനാൽ മണ്ണിലേക്ക് താണു; ഞങ്ങൾക്ക് ജീവൻ കൊണ്ടുവന്ന അങ്ങ് ജീവനിലേക്ക് ഉയർന്നുപോയി".[31] വിശുദ്ധ തോമസ് അക്വീനാസിന്റെ വിശദീകരണം അനുസരിച്ച് "മൂന്നാമത്തെ ശാപം- മനുഷ്യൻ പൊടിയിലേക്ക് പിൻതിരിയണമെന്നത് - പുരുഷനും സ്ത്രീക്കും ഒന്നുപോലെ ബാധകമാണ്. പരിശുദ്ധ കന്യക ഇതിൽനിന്നു വിമുക്തയായി. കാരണം, സശരീരിയായി അവൾ സ്വർഗത്തിലേക്ക് ആവഹിക്കപ്പെട്ടു." [32]

മറിയത്തിന്റെ അമലോത്ഭവത്തിനും സ്വർഗാരോപണത്തിനും തമ്മിൽ അവിച്ഛിന്നമായ ബന്ധമുണ്ടെന്ന് ദൈവ

www.malankaralibrary.com

ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. അമലോത്ഭവത്താൽ മറിയം എല്ലാവിധ പാപങ്ങളിൽ നിന്നും - ജന്മപാപത്തിൽ നിന്നും കർമ്മപാപത്തിൽനിന്നും - വിമോചിതയായിരുന്നതിനാൽ പാപഫലമായ ശരീരത്തിന്റെ അഴിയലിൽനിന്നും അവൾ ഒഴിവാക്കപ്പെട്ടു. പാപരഹിതമായ ഈ അവസ്ഥ ശരീരത്തോടുകൂടെ സ്വർഗത്തിലേക്ക് എടുക്കപ്പെടുന്നതിന് അവളെ അർഹയാക്കി. ഇതാണ് സ്വർഗ്ഗാരോപണം വിശ്വാസ സത്യമായി പ്രഖ്യാപിക്കണമെന്ന് അപേക്ഷിച്ച ഒന്നാം വത്തിക്കാൻ സിനഡിലെ പിതാക്കന്മാർ ഉന്നയിച്ച ഒരു സുപ്രധാന ന്യായം.

ഇവിടെ ഒരു സംശയം ഉണ്ടാകാം. മരണവും ശരീരവിലയവും പാപത്തിന്റെ പരിണിതഫലങ്ങളായിരിക്കെ, പാപമില്ലാതിരുന്ന മറിയം ശരീരത്തിന്റെ അഴിയലിൽനിന്ന് വിമോചനം പ്രാപിച്ചതുപോലെ മരണത്തിൽ നിന്നുകൂടി വിമോചിതയാകേണ്ടതല്ലായിരുന്നോ? മറിയം യഥാർത്ഥത്തിൽ മരിച്ചോ എന്ന് സംശയിക്കാൻ വിശുദ്ധ എപ്പിഫാനിയൂസിനെ പ്രേരിപ്പിച്ച കാരണവും ഇതാണ്. സ്വസുതനെപ്പോലെ മറിയത്തിനു മരിക്കാൻ കഴിയുമായിരുന്നെങ്കിലും യഥാർത്ഥത്തിൽ അവൾ മരിച്ചോ എന്ന് അദ്ദേഹം സംശയിക്കുന്നു. എങ്കിലും സഭയുടെ പാരമ്പര്യം നമ്മെ പഠിപ്പിക്കുന്നത് മറിയവും സ്വപുത്രനെ അനുകരിച്ച് മരണത്തിന് വിധേയയായി എന്നത്രേ. എന്നാൽ, അവൾ മരണത്തെ സ്വാഗതം ചെയ്തത് ആദത്തിന്റെ മറ്റ് മക്കൾക്കുണ്ടായ ശിക്ഷയിൽ ഭാഗഭാക്കാകുവാനല്ല. പ്രത്യുത, ക്രിസ്തുവിനോട് സാധർമ്മ്യം പ്രാപിക്കുവാൻ വേണ്ടിയാണ്. ജറുസലേമിലെ വിശുദ്ധ സിറിൽ ഈ കാര്യം വിശദീകരിക്കുന്നു: "ദൈവം അവൾക്ക് അമർത്യത എന്ന വിശേഷാനുകൂല്യം നൽകി. അവൾക്കിഷ്ടമായിരുന്നെങ്കിൽ മരണത്തിനു വിധേയയാകാതെ ജീവിച്ചിരിക്കുമ്പോൾതന്നെ നേരിട്ട് സ്വർഗ്ഗത്തിലേക്ക് പ്രവേശിക്കാമായിരുന്നു. എങ്കിലും അവൾ ഈ വിശേഷ വരം ഉപയോഗിച്ചില്ല".[33] ക്രിസ്തുവിനോടും മനുഷ്യവർഗം മുഴുവനോടുമുള്ള സ്നേഹത്താൽ മരിക്കുന്നതിനു തന്നെയാണ് അവൾ ഇഷ്ടപ്പെട്ടത്. അവളുടെ മരണം അവളുടെ സുതന്റേതുപോലെ ഒരു വിജയമായിരുന്നു. എന്നാൽ, അവളുടെ മരണം പുത്രന്റേതുപോലെ രൂക്ഷവും വേദനാജനകവും ആയിരുന്നില്ല.

www.malankaralibrary.com

വിശുദ്ധ അംബ്രോസിന്റെ വാക്കുകൾ ഉദ്ധരിക്കാം: "വിശുദ്ധ ലിഖിതമോ ചരിത്രമോ പഠിപ്പിക്കുന്നില്ല, മറിയം ശാരീരിക രോഗത്തിൽനിന്ന് ഉൽഭൂതമാകുന്ന മരണവേദനയുടെ ശക്തിയാലാണ് മൃത്യു വരിച്ചതെന്ന്. ലോഹനിർമ്മിതമായ ഖഡ്ഗം ആത്മാവിനെയല്ല ശരീരത്തെയാണല്ലോ പിളർക്കുന്നത്.[34] അവൾ യഥാർത്ഥ മരണവേദന അനുഭവിച്ചത് കുരിശിൻ ചുവട്ടിൽ വച്ചാണ്. ശാരീരിക മരണം അവൾക്ക് ശാന്തിനിർഭരമായ ഒരു സമാധിയായിരുന്നു. അതൊരു സുഖസുഷുപ്തി തന്നെയായിരുന്നു. അവൾ പാപം കൂടാതെ ഗർഭം ധരിച്ചു. വേദനകൂടാതെ പ്രസവിച്ചു. അതുപോലെ തന്നെ വേദന അനുഭവിക്കാതെ സ്വന്തം ആത്മാവിനെ അവൾ സ്വസുതന്റെ കരങ്ങളിൽ ഏൽപ്പിച്ചു".[35] എന്ന് വിശുദ്ധ വിൻസെന്റ് ഫെറേർ രേഖപ്പെടുത്തിയിരിക്കുന്നു. മറിയം പാപത്തിന്റെ പരിണിത ഫലമായ ശരീര വിലയത്തിൽനിന്ന് വിമുക്തയാവാൻ അവളുടെ അമലോത്ഭവം ഒരു കാരണമെങ്കിൽ നിസ്തുലവും അത്ഭുതാവഹവുമായ അവളുടെ നിത്യകന്യകാത്വം അവളുടെ ശരീരത്തിന്റെ അക്ഷയത്വത്തിന് വേറൊരു കാരണമായി സഭാപിതാക്കന്മാർ ചൂണ്ടിക്കാണിക്കുന്നു. ക്രീറ്റിലെ വിശുദ്ധ ആൻഡ്രൂ എഴുതുന്നു: "രക്ഷകനെ ജനിപ്പിച്ച അവളുടെ ഉദരം പങ്കിലമാകാതെ സംരക്ഷിക്കപ്പെട്ടു; അതുപോലെ അവളുടെ മൃതമായ ശരീരവും വിലയത്തിന് അധീനമാകാതെ പരിരക്ഷിക്കപ്പെട്ടു. ഓ അത്ഭുതമേ! അവളുടെ ഉത്ഭവം എല്ലാ അഴുകലിനേയും നിർമ്മാർജനം ചെയ്തു. സാധാരണയായി സംഭവിക്കാറുള്ളതുപോലെ മരണശേഷം ശരീര വിലയത്തിന് അവളുടെ കല്ലറയിൽ പ്രവേശനം ലഭിച്ചില്ല."[36] അനിതരസാധാരണമായ, അതിമാനുഷികമായ, ആ കന്യാത്വം മഹത്ത്വം പ്രാപിച്ച ശരീരങ്ങളുടെ ഒരു വിശേഷ സിദ്ധിയാണെന്ന് മിശിഹാതന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. "പുനരുത്ഥാനത്തിൽ അവർ വിവാഹം ചെയ്യുകയോ ചെയ്യിക്കുകയോ ഇല്ല. അവർ സ്വർഗത്തിലെ ദൈവദൂതന്മാരെപ്പോലെ ആയിരിക്കും" (സെന്റ് മാത്യു 22:30). മറിയത്തിന്റെ കന്യാത്വം യഥാർത്ഥത്തിൽ ഒരു സ്വർഗീയ സിദ്ധിതന്നെയാണ്. വിശുദ്ധ ജോൺ ഡമഷീൻ എഴുതി: സർവ്വത്തിന്റെയും രാജാവായ ദൈവം പ്രകൃതിക്കതീതമായ ദാനങ്ങൾ അങ്ങേയ്ക്ക് നൽകി. പ്രസവസമയത്ത് അങ്ങയുടെ കന്യാത്വത്തെ അവിടുന്ന് പരിരക്ഷിച്ചു. അതുപോലെ കല്ലറയിൽ

www.malankaralibrary.com

സംസ്കരിക്കപ്പെട്ട അങ്ങയുടെ ശരീരത്തെ അഴുകലിൽനിന്ന് അവിടുന്ന് സംരക്ഷിച്ചു. ദൈവികമായ പ്രവർത്തനത്താൽ ആ ശരീരത്തെ അവിടുന്ന് രൂപാന്തരപ്പെടുത്തുകയും മഹത്ത്വപ്പെടുത്തുകയും ചെയ്തു. "പുത്രൻ സ്വമാതാവിനെ ദാനങ്ങൾകൊണ്ട് സമ്പൽസമൃദ്ധമാക്കുന്നു".[37] ഷീബന്റെ അഭിപ്രായത്തിൽ, മറിയത്തിന്റെ കന്യാത്വവും അവളുടെ ശരീരത്തിന്റെ അക്ഷയത്വവും തമ്മിലുള്ള അവിഭാജ്യ ബന്ധം വെറും സാദൃശ്യമല്ല. ദൈവവിജ്ഞാനീയം തെളിയിക്കുന്ന ഒരു വസ്തുതയാണ്. മറിയത്തിന്റെ കന്യാത്വം അവളുടെ അക്ഷയത്വം തന്നെയാണ്. മറിയത്തിന്റെ ശരീരത്തിന് അക്ഷയത്വം സിദ്ധിച്ചുവെന്നത് സ്വീകാര്യമായ ഒരു സിദ്ധാന്തം മാത്രമാണ്. ഇതിനു വിപരീതമായ ഒരു വാദവും സ്വീകാര്യമാണെന്ന് പറയരുത്. മറിയം ആത്മാവിലും ശരീരത്തിലും അവശ്യം അക്ഷയത്വം ഉള്ളവളായിരിക്കണം. അനിഷേധ്യമായ ഒരു യാഥാർത്ഥമാണിത്. ഇതിനെതിരായ ഏതു നിലപാടും ക്രൈസ്തവരുടെ വികാരത്തെ വ്രണപ്പെടുത്തും......... "പരിശുദ്ധ കന്യകയുടെ സ്വർഗാരോപണം" എന്ന ഗ്രന്ഥത്തിന്റെ കർത്താവ് (വിശുദ്ധ അഗസ്റ്റിന്റേതെന്ന് വിചാരിക്കപ്പെട്ടിരുന്ന കൃതി) പറയുന്നു: "ആ പരമ ശുദ്ധമായ ശരീരം മറ്റു ശരീരങ്ങൾക്ക് സംഭവിക്കാവുന്നതുപോലെ മരണശേഷം പുഴുക്കളുടെ ആഹാരമായിത്തീർന്നു എന്നു പറയുന്നത് എന്നെ പ്രകമ്പനം കൊള്ളിക്കുന്നു. അങ്ങനെ ചിന്തിക്കുന്നതിന് എനിക്ക് കഴിവില്ല".[38] ഇതിനോട് സഭാപിതാക്കന്മാരും കത്തോലിക്കാ ദൈവശാ സ്ത്രജ്ഞന്മാരും ഐകകണ്ഠ്യേന യോജിക്കുന്നുണ്ട്. മരണം ശാരീരികമായി വലിയ തിന്മയും ശരീരനാശം മരണത്തെ അപേ ക്ഷിച്ച് ചെറിയ തിന്മയുമാണ്. എന്നിരുന്നാലും മറിയത്തെ മരിക്കാൻ അനുവദിച്ച ദൈവം അവളുടെ മൃതമായ ശരീരം അഴിഞ്ഞു പോകുവാൻ അനുവദിച്ചില്ല. കാരണം, മരണം കുറ്റത്തിന്റെ ശിക്ഷയായി അനുഭവിക്കുമ്പോൾ ലജ്ജാവഹമാണെങ്കിലും അതിതീക്ഷ്ണമായ സ്നേഹത്തോടെ അതിനെ സ്വാഗതം ചെയ്യുമ്പോൾ അത് മഹത്ത്വകാരണമായി മാറുന്നു. അങ്ങനെ ഒരു മഹത്ത്വമോ രക്ഷാകര സ്വഭാവമോ അഴുകലിനില്ല. അതുകൊണ്ട് മറിയത്തിന്റെ തിരുശരീരം, നന്മനിറഞ്ഞ ആ ശരീരം മരണത്തിനു ശേഷവും നശിക്കാതെ സ്വർഗത്തിലേക്കാവഹിക്ക

www.malankaralibrary.com

പ്പെട്ടു എന്നത് തികച്ചും യുക്തമായ ഒരു ദൈവശാസ്ത്ര നിഗമനം തന്നെയത്രേ. ആ ശരീരം സ്വപുത്രനിലും സ്വപുത്രനോടുകൂടെയും പുത്രനിലൂടെയും അനിർവ്വചനീയമായ ആത്മസന്തോഷത്തോടെ സ്വർഗത്തിൽ വിരാജിക്കുകയാണ്.

മറിയത്തിന്റെ പരമമായ പുണ്യപരിശുദ്ധി അവളുടെ ശരീരത്തിന്റെ അക്ഷയശുദ്ധിക്ക് മറ്റൊരു ഹേതുവായി നിൽക്കുന്നു. ക്രിസ്തുവിന്റെ പുനരുത്ഥാനത്തെ സൂചിപ്പിച്ചുകൊണ്ട് സങ്കീർത്തകൻ ആലപിച്ചു: "അങ്ങയുടെ പരിശുദ്ധൻ വിലയം പ്രാപിക്കുവാൻ അങ്ങ് അനുവദിക്കുകയില്ല". ഈ വാക്യം മറിയത്തിന് ചേരുന്നുണ്ട്. ദിവ്യപ്രസാദവരം അവളുടെ ആത്മാവിൽനിന്ന് ശരീരത്തിലേക്ക് കവിഞ്ഞൊഴുകി. അതുകൊണ്ടത്രേ അവൾ പ്രസാദവര പൂരിതയായത്"[39] എന്ന് തോമസ് അക്വീനാസ് പറയുന്നു. പ്രസാദവരം ഉണ്ടായിരുന്നവൾ എന്നല്ല "വരപ്രസാദ പൂരിത" എന്ന് ദൈവം സ്വർഗീയ ദൂതനിലൂടെ പ്രസ്താവിച്ചത് തെളിയിക്കുവാനാണ് അവൾ അക്ഷയയായി പരലോകത്തിലേക്ക് കടന്നുപോയത് എന്ന് മൂന്നാം അലക്സാണ്ടർ പാപ്പ പറയുന്നു.[40] ഇതനുസരിച്ച് പ്രസാദവരത്തിന്റെ പരിപൂർണത അഥവാ കവിഞ്ഞൊഴുകൽ അവളുടെ ആത്മാവിൽ മാത്രം തങ്ങിനിൽക്കാതെ ശരീരത്തിലേക്കും വ്യാപിച്ചു. തൽഫലമായി ശരീരം അനശ്വരമായി ഭവിച്ചു. പഴയ നിയമത്തിൽ ദൈവപ്രമാണങ്ങൾ ലേഖനം ചെയ്തിരുന്ന പലകകളും മന്നായുടെ അവശിഷ്ടവും സൂക്ഷിച്ചിരുന്ന മഞ്ജുഷ ഏറ്റവും ശുദ്ധമായ സ്വർണം കൊണ്ടുണ്ടാക്കിയതായിരുന്നു. അവയെ സംവഹിച്ച പേടകം അക്ഷയമായ തടികൊണ്ട് നിർമ്മിക്കപ്പെട്ടതുമായിരുന്നു. മഞ്ജുഷയും പേടകവും പരിശുദ്ധ കന്യകയുടെ ശരീരത്തിന്റെ പ്രതിബിംബങ്ങളാണ്. മറിയത്തിന്റെ ശരീരം ആണല്ലോ ദിവ്യവചനത്തെ സ്വർഗത്തിൽ നിന്നിറങ്ങിവന്ന യഥാർത്ഥ മന്നയേയും സംവഹിച്ചത്.

### 4. സ്വർലോക ഭൂലോക രാജ്ഞി

മറിയം ദൈവമാതാവെങ്കിൽ അവൾ ദൈവത്തോടുകൂടെ ദൈവം വാഴുന്നിടത്ത് - സ്വർഗത്തിൽ - സ്വശരീരിയായി വാഴേണ്ടിയിരിക്കുന്നു. മറിയം ദൈവമാതാവായത്

www.malankaralibrary.com

മാംസരക്തങ്ങളിലൂടെയാണ് എന്നത് അത്രേ ഇതിനു കാരണം. മാത്രമല്ല മറിയം മനുഷ്യരക്ഷാകർമ്മത്തിൽ സഹരക്ഷകയും രക്ഷാകർമ്മത്തിന്റെ പ്രഥമവും പരിപൂർണവുമായ ഫലവുമത്രേ. ഈ നിലയ്ക്ക് രക്ഷാകർമ്മഫലങ്ങൾ പൂർണമായി അനുഭവിക്കുന്നതിന് മരിച്ചവരെല്ലാം ഉയിർക്കുന്നതുവരെ അവൾ കാത്തിരിക്കേണ്ടിവരുന്ന ഒരു സ്ഥിതി വിശേഷം അവൾക്കും രക്ഷകനും ചേർന്നതായിരിക്കുകയില്ല. മറിയത്തിന്റെ പരിത്രാണം മുൻകൂട്ടി പൂർണമായും നിർവ്വഹിക്കപ്പെട്ടിരുന്ന സ്ഥിതിക്ക് അവളുടെ പുനരുത്ഥാനം ലോകാവസാനത്തിലേക്ക് മാറ്റിവയ്ക്കുന്നത് തീർച്ചയായും യുക്തിക്ക് ചേരാത്തതാണ്, അസംഭവ്യമാണ്. ക്രിസ്തുവിന്റെ പീഡാനുഭവത്തിൽ ഏറ്റവും അപൂർണമായി ഭാഗഭാഗിത്വം ലഭിച്ചവരും ആ പീഡാസഹന ങ്ങൾക്ക് കാരണമായി നിന്നവർപോലും ഒരിക്കൽ പുനരുത്ഥാനം ചെയ്യുമെന്നിരിക്കെ പാപലേശമേശാതെ ക്രിസ്തുവിനോടുകൂടെ ബലിവസ്തുവായ ദൈവമാതാവിന്റെ പുനഃരുത്ഥാനം മറ്റു മനുഷ്യന്റേതുപോലെ സമയാന്ത്യം വരെ മാറ്റി വയ്ക്കുക അസംഗതമാണല്ലോ. താൻ ആയിരിക്കുന്നിടത്ത് തന്റെ ദാസന്മാരും ആയിരിക്കണമെന്ന് രക്ഷകൻ അഭിലഷിച്ചെങ്കിൽ ദാസന്മാർക്കെല്ലാം മുമ്പായി സ്വന്തം മാതാവ് തന്നോടുകൂടെ യായിരിക്കുന്നതിന് അവിടുന്ന് സ്വാഭാവികമായി ആഗ്രഹിക്കുക യില്ലേ? ചുരുക്കത്തിൽ മറിയം ഈ ലോകജീവിതം കഴിഞ്ഞ ഉടൻ പുനരുത്ഥാനം ചെയ്ത് സ്വർഗം പ്രാപിച്ചില്ലെങ്കിൽ അത് രക്ഷാകര സംവിധാനത്തിൽ ഒരു വിടവിനും അസാംഗത്യത്തിനും കാരണ മാകും. ദൈവത്തിന്റെ കർമ്മപരിപാടി അപൂർണമായി നിലകൊള്ളും. ദൈവം നടത്തിയ മനുഷ്യ പരിത്രാണം പരിപൂർണതയിൽ എത്തിയില്ല എന്ന പ്രതീതി ഉളവാകും. അതി നാൽ കന്യകമറിയം "ആകാശസൗധത്തിലേക്ക് നക്ഷത്രാലം കൃതമായ സിംഹാസനത്തിൽ രാജാധിരാജൻ ആരൂഢനായിരി ക്കുന്ന സ്വർഗഹർമ്മ്യത്തിലേക്ക് നയിക്കപ്പെട്ടു''. ജോൺ ഡമീഷ്യൻ സ്വകീയമായ ശൈലിയിൽ മറിയത്തിന്റെ സ്വർഗാ രോപണം വർണിക്കുന്നത് കേൾക്കുക: "ആ പാവനമായ ദിവ്യ ഭവനം വിശുദ്ധീകരിക്കുന്ന ജലം നിർഗളിക്കുന്ന കുഴിക്കപ്പെടാത്ത ആ കൂപം, സ്വർഗീയ ധൂപത്തെ പുറപ്പെടുവിക്കുന്ന, ഒരിക്കലും

www.malankaralibrary.com

ഉഴുതിട്ടില്ലാത്ത ആ നിലം സ്വർഗീയ ദ്രാക്ഷലത വളരുന്ന ജലസേചനമേൽക്കാത്ത ആ മുന്തിരിത്തോട്ടം മനോഹരമായ ഫലങ്ങളും നിത്യനൂതനമായ ദളങ്ങളും കൊണ്ടു നിറഞ്ഞ പൈതൃക കാരുണ്യത്തിന്റെ ആ ഒലിവു വൃക്ഷം ഭൂമിയുടെ അന്തർഭാഗത്ത് കാലാകാലത്തോളം ശയിച്ചില്ല. അവളിൽനിന്ന് മിശിഹാ സ്വീകരിക്കുകയും, തന്റെ വ്യക്തിത്വവുമായി സംയോജിപ്പിക്കുകയും ചെയ്ത പരിപാവനവും അക്ഷയവുമായ ആ ദിവ്യ ദേഹത്തെ അവിടുന്ന് കല്ലറയിൽ നിന്നും മൂന്നാം ദിവസം ഉയർപ്പിച്ചു. അതുപോലെ തന്റെ അമ്മയും കല്ലറയുടെ ബന്ധനത്തിൽ നിന്ന് വിമോചിക്കപ്പെട്ടു. അവളിലേക്ക് അവിടുന്ന് അവരോഹണം ചെയ്തതുപോലെ മഹത്തമവും പരിപൂർണ വുമായ കൂടാരത്തോട് അവഗാഢം ഐക്യപ്പെട്ടിരുന്ന അവൾ സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു. ദൈവവചനത്തെ സ്വന്തം ഉദരമാകുന്ന സ്വീകരണ ശാലയിൽ എതിരേറ്റു സ്വീകരിച്ച അവൾ സ്വപുത്രൻ നിവസിക്കുന്ന നിത്യ കൂടാരത്തിൽ വാഴണമെന്നത് സർവ്വഥാ സമുചിതമാണ്. തന്റെ പിതാവിന്റെ കാര്യത്തിൽ വ്യാപൃതനായിരിക്കണമെന്ന് നമ്മുടെ കർത്താവ് പറഞ്ഞതു പോലെ മാതാവും സ്വപുത്രന്റെ ഭവനത്തിൽ, കർത്താവിന്റെ ഭവന ത്തിൽ ദൈവത്തിന്റെ വാസസ്ഥലത്തായിരിക്കുക എന്നത് സമുചിതമത്രേ. കളങ്കമേശാതെ കന്യാത്വത്തിൽ കാത്തു സംരക്ഷി ക്കപ്പെട്ട അവളുടെ ദേഹം മൃത്യുവിനുശേഷം അനശ്വരമായിരിക്ക ണമെന്നത് തികച്ചും ഉചിതം തന്നെ. കുരിശിൽ തൂങ്ങിക്കിടക്കുന്ന സ്വന്തം പുത്രനെ നോക്കിനിന്ന ആ മഹിളാമണി തന്റെ അതേ പുത്രൻ അവിടുത്തെ പിതാവിനോടുകൂടെ സിംഹാസനാരൂഢ നായിരിക്കുന്ന കാഴ്ച നിരന്തരം കണ്ടുകൊണ്ടിരിക്കുക എന്നത് സർവ്വവിധേനയും അഭിലഷണീയമാണ്".[41]

ജന്മസിദ്ധമായ ഒരു വിശ്വാസം എന്നോണം സ്വർഗ്ഗാ രോപണ സത്യം കത്തോലിക്കർ സ്വീകരിച്ചു വരുന്നു. സാമാന്യബുദ്ധികൊണ്ട് ഗ്രഹിക്കാവുന്ന ഒരു കാര്യമായി അതിനെ അവർ പരിഗണിക്കുന്നു. അതുകൊണ്ടാണ് കാർഡിനൽ ന്യൂമാൻ എഴുതിയത്: "ഇത്ര പരിശുദ്ധമായി ജീവിക്കുകയും, ഇത്ര അത്ഭുതാവഹമായ അനുഗ്രഹങ്ങളാൽ നിറയുകയും ചെയ്ത അവൾ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവുവരെ കല്ലറയിൽ

www.malankaralibrary.com

കാത്തിരിക്കാതെ ഉടൻതന്നെ സ്വർഗ്ഗത്തിലേക്ക് കയറണമെന്നത് തീർച്ചയായും അഭികാമ്യവും യുക്തിയുക്തവുമാണ്. ദൈവത്തിന്റെ എല്ലാ പ്രവൃത്തികൾക്കും സുന്ദരമായ ഒരു ക്രമമുണ്ട്. ഈ ക്രമം ആരംഭം മുതൽ അവസാനം വരെ നിലനിൽക്കുന്നതായും നമുക്കു കാണാം. ലോകായതികന്മാരായ യുക്തിവാദികൾ അത്ഭുതങ്ങളിൽ വിശ്വസിക്കുന്നതിന് വൈഷമ്യം പ്രകടിപ്പിക്കുന്നു. അവർ സങ്കൽപ്പിക്കുന്നു, ദൈവസൃഷ്ടമായ ദൃശ്യ പ്രപഞ്ചത്തിന്റെ ക്രമത്തിനും സ്ഥിരതയ്ക്കും അത്ഭുതങ്ങൾ വിടവുകൾ ഉണ്ടാക്കുന്നു എന്ന്; എന്നാൽ കൂടുതൽ ഉൽക്കൃഷ്ടമായ ഒരു ക്രമം പാലിക്കുവാനും പ്രകൃത്യാതീതമായ അത്ഭുതങ്ങൾ പ്രവർത്തിക്കപ്പെടുന്നുവെന്ന കാര്യം അവർക്കറിഞ്ഞുകൂടാ. ഒരത്ഭുതം ദൈവം തീരുമാനിക്കുമ്പോൾ അതിന് അവിടുത്തേക്ക് ഒരു ലക്ഷ്യമുണ്ടായിരിക്കും; ആ ലക്ഷ്യം നേടുന്നതിനാവശ്യമായ എല്ലാ പ്രവർത്തനങ്ങളും അത്ഭുതങ്ങളാണെങ്കിൽ അവയും നടക്കണമെന്നത് സ്വാഭാവികം മാത്രമത്രേ. ഒരു മഹത്തായ ലക്ഷ്യം കൈവരുത്തുന്നതിനായിരിക്കും അത്ഭുതങ്ങൾ നടക്കുന്നത്. ആ ലക്ഷ്യം പ്രാപിക്കുന്നതിനുമുമ്പ് സംഭവ പരമ്പരകൾ വീണ്ടും അവയുടെ സ്വാഭാവിക തലത്തിലേക്ക് മാറുകയാണെങ്കിൽ നമുക്ക് നിരാശ അനുഭവപ്പെടുകയില്ലേ? കാര്യങ്ങൾ തീർച്ചയായും ഇന്ന വിധത്തിൽ നടക്കുമെന്ന് ബോധ്യപ്പെടുത്തിയശേഷം, അവ അതുപോലെ സംഭവിച്ചു കഴിഞ്ഞുവെന്ന് കേൾക്കുമ്പോൾ, സംഭവിച്ചവ അസംഭവ്യമെന്നോ അവിശ്വസനീയമെന്നോ നിഗമിക്കാൻ കഴിയുന്നതെങ്ങനെ? നമ്മുടെ പരിശുദ്ധ നാഥയുടെ ചരിത്രത്തിന്റെ കഥയും ഇതുതന്നെ. അവിടുത്തെ ജീവിതം എപ്രകാരമുള്ളതാണെന്ന് നമുക്കറിയാം. ജീവിതാന്ത്യത്തിൽ അവൾ സ്വർഗാരോപണം ചെയ്യണമെന്നത് അവളുടെ ജീവിതം ആവശ്യപ്പെടുന്ന ഒരു സംഭവ വികാസമാണ്. നേരെ മറിച്ച് അവളുടെ മരണം മറ്റു മനുഷ്യരുടേതുപോലെ മാത്രമായിരുന്നുവെന്ന് നാം അറിഞ്ഞാൽ അത് അവൾ സ്വർഗാരോപണം ചെയ്തുവെന്ന വാർത്തയേക്കാൾ കൂടുതൽ വിസ്മയം നമ്മിൽ ജനിപ്പിക്കും". പീയൂസ് പന്ത്രണ്ടാമൻ മാർപ്പാപ്പാ മറിയത്തിന്റെ സ്വർഗാരോപണം ഒരു വിശ്വാസ സത്യമായി നിർവ്വചിച്ച് പ്രഖ്യാപിച്ചത്, വിശ്വാസികളുടെ മനസ്സിൽ ഈ വിധത്തിൽ ഉണ്ടായിരുന്ന സംശയങ്ങൾ നിർമ്മാർജ്ജനം ചെയ്യാ

www.malankaralibrary.com

നല്ല, പ്രത്യുത, ഈ വിശ്വാസത്തിൽ അവർക്കുണ്ടായിരുന്ന ആനന്ദം അതിന്റെ പൂർണ്ണതയിൽ എത്തിക്കുവാൻ വേണ്ടിയാണ്.[42]

ചുരുക്കത്തിൽ ദൈവമാതാവിന്റെ നിർമ്മലവും പവിത്രവുമായ ശരീരം അഴുകി, പുഴുക്കൾക്കിരയാകാതെ സ്വർഗത്തിലേക്ക് എടുക്കപ്പെടുക അവൾക്കും ദൈവത്തിന്റെ പരിത്രാണ സംവിധാനത്തിന്റെ ക്രമാനുഗതമായ പരിപൂർത്തിക്കും ഏറ്റം അനുഗുണമായിരുന്നു, ആവശ്യകവുമായിരുന്നു. 1950 നവംബർ 1 -ാം തീയതി 12-ാം പീയൂസ് മാർപ്പാപ്പ ഈ വിശ്വാസസത്യം കത്തോലിക്കാസഭയുടെ സാർവ്വത്രിക വിശ്വാസമായിരിക്കണമെന്ന് പ്രഖ്യാപിക്കുക മാത്രമാണ് ചെയ്തത്. പ്രസ്തുത പ്രഖ്യാപനം ഒരൊറ്റ വാചകത്തിൽ ഇങ്ങനെ അവതരിപ്പിക്കുന്നു: "ദൈവസമക്ഷം ആവർത്തിച്ചാവർത്തിച്ച് പ്രാർത്ഥനകൾ അർപ്പിക്കുകയും സത്യസ്വരൂപന്റെ സഹായം അഭ്യർത്ഥിക്കുകയും ചെയ്തശേഷം, കന്യകമറിയത്തോട് തന്റെ പ്രത്യേക വാത്സല്യം പ്രദർശിപ്പിച്ച സർവ്വശക്തനായ ദൈവത്തിന്റെ മഹത്ത്വത്തിനും മരണത്തിന്റെയും പാപത്തിന്റെയുംമേൽ വിജയം കൈവരിച്ചവനും യുഗങ്ങളിലൂടെ അമർത്ത്യനായ രാജാവായി വാഴുന്നവനുമായ മരിയസുതന്റെ സ്തുതിക്കും, പരിശുദ്ധാത്മാവിന്റെ പുകഴ്ചയ്ക്കും, സഭ മുഴുവന്റെയും ഉയർച്ചയ്ക്കും ആഹ്ളാദത്തിനുംവേണ്ടി, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെയും അപ്പസ്തോലൻമാരായ വിശുദ്ധ പത്രോസിന്റെയും വിശുദ്ധ പൗലോസിന്റെയും അധികാരത്താലും ദൈവത്തിന്റെ അമലോത്ഭവയായ മാതാവും എപ്പോഴും കന്യകയുമായ മറിയത്തിന്റെ ലോകജീവിതം അവസാനിച്ചപ്പോൾ അവൾ ശരീരത്തോടും ആത്മാവോടുംകൂടെ സ്വർഗീയ മഹത്ത്വത്തിലേക്ക് സ്വീകരിക്കപ്പെട്ടു എന്ന വസ്തുത ആവിഷ്കൃത സത്യമാണെന്ന് നാം ഉദ്ഘോഷിക്കുകയും പ്രഖ്യാപിക്കുകയും നിർവ്വചിക്കുകയും ചെയ്യുന്നു". പന്ത്രണ്ടാം പീയൂസ് പാപ്പ നൽകിയ നിർവ്വചനത്തെ രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം ആവർത്തിച്ചു പ്രഖ്യാപിക്കുന്നു: "ജന്മപാപത്തിന്റെ എല്ലാ കറകളിൽനിന്നും സ്വതന്ത്രയായിരുന്ന നിർമ്മല കന്യക ഈലോക വാസത്തിന്റെ അവസാനത്തിൽ ആത്മശരീരങ്ങളോടെ സ്വർഗീയ മഹത്ത്വത്തിലേക്ക് ആവഹിക്കപ്പെട്ടു.

www.malankaralibrary.com

നമ്മുടെ കർത്താവ് ഈ മഹിമ അവൾക്ക് നൽകിയത് നാഥന്മാരിൽ നാഥനും പാപത്തിന്റെയും മരണത്തിന്റെയും മേൽ വിജയം വരിച്ചവനുമായ തന്റെ തിരുസുതനോട് കൂടുതൽ അനുരൂപയാകുവാൻ വേണ്ടിയാണ്.[43]

മറിയത്തിന്റെ രാജ്ഞീപദത്തിരുന്നാൾ പരിഷ്കരിച്ച ലിറ്റർജിയിൽ, ഓഗസ്റ്റ് 22-ാം തീയതി ആഘോഷിക്കുന്നു. മറിയത്തിന്റെ സ്വർഗാരോപണ രഹസ്യം നമ്മെ ഓരോരുത്തരേയും ഏതെങ്കിലും വിധത്തിൽ സ്പർശിക്കുന്നുണ്ടോ എന്നും നാം പരിശോധിക്കേണ്ടതുണ്ട്. മറിയം പരമമായ സ്വർഗീയ മഹിമയെ പ്രാപിച്ചു കഴിഞ്ഞു എന്ന സത്യം സമ്മതിച്ചു പ്രഖ്യാപിക്കുവാൻ നാം ആഗ്രഹിക്കുന്നെങ്കിൽ അതിനുള്ള ഉത്തമമാർഗം വിശ്വാസപ്രമാണത്തിൽ നാം ഏറ്റു പറയാറുള്ള "മരിച്ചവരുടെ ഉയിർപ്പും പരലോക ജീവിതവും" ആ മഹിളാമണി നേരത്തെ, നമുക്കുമുമ്പ്, പ്രാപിച്ചു കഴിഞ്ഞുവെന്ന് പ്രഘോഷിക്കുകയാണ്. നമുക്കും ഒരിക്കൽ സംസിദ്ധമാകുമെന്നു നാം പ്രത്യാശിക്കുന്ന "ശരീരത്തിന്റെ ഉയിർപ്പും നിത്യജീവനും" അവൾക്കു ലബ്ധമായെന്നു നാം ദൃഢമായി വിശ്വസിക്കുന്നു. നമ്മുടെ വംശത്തിൽപ്പെട്ട ഒരു സ്ത്രീയിൽ മറ്റു മനുഷ്യരെപ്പോലെ ജീവിക്കുകയും വിലപിക്കുകയും, ക്ലേശിക്കുകയും മരിക്കുകയും ചെയ്ത മറിയത്തിൽ ശരീരത്തിന്റെ രക്ഷ അഥവാ മഹത്ത്വവത്കരണം സമാ രംഭിച്ചു കഴിഞ്ഞു. ചിലർ വെറുക്കുകയും, ചിലർ ആരാധിക്കു കയും ചെയ്യുന്ന നമ്മുടെ ശരീരം - നമ്മുടെ മാംസ രക്തങ്ങൾ - നിത്യമായി ദൈവത്തോടുകൂടി ആയിരിക്കുവാൻ യോഗ്യമാ ണെന്നു തീരുമാനിക്കപ്പെട്ടുകഴിഞ്ഞു. നിത്യമായി രക്ഷപ്രാപിക്കാ നിരിക്കുന്ന ശരീരത്തിന്റെ മാഹാത്മ്യത്തെ നാം മനസ്സിലാക്കണം, അംഗീകരിക്കണം.

സ്വർഗത്തിൽ ത്രിലോകരാജ്ഞിയായി വാഴുന്ന വിശുദ്ധ മറിയം രക്ഷാകര പദ്ധതിയിൽ വഹിച്ച പങ്ക് സവിസ്തരം ചർച്ചചെയ്യുന്ന 'രക്ഷകന്റെ അമ്മ' എന്ന ചാക്രികലേഖനത്തിന്റെ പ്രശസ്ത ഭാഗങ്ങളിലേക്ക് കണ്ണോടിക്കാം.

www.malankaralibrary.com

# IV രക്ഷകന്റെ അമ്മ
## ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായുടെ ചാക്രിക ലേഖനം

വിശുദ്ധ കന്യകാമറിയത്തോടുള്ള സഭയുടെയും വ്യക്തിപരമായി തന്റേയും ആദരവും സ്നേഹവും വിളിച്ചറിയിക്കുന്ന ഒന്നാണ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ എഴുതിയ "രക്ഷകന്റെ അമ്മ" എന്ന ചാക്രിക ലേഖനം. ഇരുപത്തിമൂന്നാം ജോൺ മാർപ്പാപ്പായുടെ ദീർഘവീക്ഷണവും പ്രവചനപരമായ സിദ്ധികളും ആറാം പൗലോസ് മാർപ്പാപ്പയുടെ ഉൾക്കാഴ്ചയും വിശ്വാസദാർഢ്യവും ഒത്തിണങ്ങിയ ഒരുന്നത ജീവിതത്തിന്റെ ഉടമയാണ് ജോൺ പോൾ രണ്ടാമൻ. പഴയ ഇസ്രായേലിന്റെ ചുവടുപിടിച്ച് സ്വർഗ്ഗീയ ജറുസലേമിനെ കൺമുമ്പിൽ കണ്ടുകൊണ്ട് തീർത്ഥാടനം നടത്തുന്ന പുതിയ ഇസ്രായേലായ സഭയുടെ ചൈതന്യം അതേപടി ഉൾക്കൊള്ളുന്ന ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ ഒരു തീർത്ഥാടകനായി മാറിയിരിക്കുകയാണ്; പരിശുദ്ധ കന്യകമാതാവിനോടുള്ള ഭക്തിയിൽ മുന്നിട്ടു നിൽക്കുന്ന പോളണ്ടിലെ സഭ അതിന്റെ വീര്യവും ധൈര്യവും പകർന്നെടുക്കുന്നത് പോളണ്ടിലെ മാതൃതീർത്ഥാടന കേന്ദ്രമായ "സെക്കോസ്റ്റോവാ"യിൽ നിന്നാണ്. ജോൺപോൾ രണ്ടാമന്റെ തീർത്ഥാടനോത്സവത്തിനും ദൈവമാതൃഭക്തിക്കും തുടക്കം കുറിച്ചിട്ടുള്ളതും പ്രസ്തുത തീർത്ഥാടന കേന്ദ്രത്തിൽ നിന്നാണെന്നത് നിസ്സംശയം പ്രസ്താവ്യമത്രേ.

വിശുദ്ധ കന്യകാമറിയത്തോടുള്ള ഭക്തിയും സ്നേഹവും ഒരു വ്യക്തിയുടേയോ ഒരു രാഷ്ട്രത്തിന്റേയോ സ്വകാര്യ സ്വത്തല്ല, സാർവ്വത്രിക സഭയുടെ പൊതു സ്വത്താണത്. അതുകൊണ്ടു തന്നെ വിശുദ്ധ പത്രോസിന്റെ നൗകയെ നിയന്ത്രിക്കുന്ന അമരക്കാരന് അടങ്ങിയിരുന്നു കൂടാ; പൊതുമുതൽ എല്ലാവർക്കുമായി കാര്യക്ഷമമായി വർധമാനമാകുമാറ് പങ്കുവയ്ക്കണം; അതിനാണ് തന്റെ തീർത്ഥാടനങ്ങളിലെല്ലാം വിശ്വാസികളെ മരിയ ഭക്തിയിൽ ഉദ്ബുദ്ധരാക്കുന്നതിന് മാർപ്പാപ്പാ തിരുമേനി ശ്രമിക്കുന്നത്. "രക്ഷകന്റെ അമ്മ" യെന്ന ഔദ്യോഗിക പ്രബോധ

www.malankaralibrary.com

നത്തിലൂടെയും അദ്ദേഹം വിശ്വാസികളെ അനുസ്മരിപ്പിക്കുന്നത് മറ്റൊന്നുമല്ല; യേശുവിന്റെ അമ്മ നമ്മുടെ അമ്മയാണ്; യേശു ആ അമ്മയെ സ്നേഹിച്ചതുപോലെ, നാമും സ്നേഹിക്കണം; ആ അമ്മ നമ്മെ സ്നേഹിക്കും, നമ്മെ സഹായിക്കും, നമ്മോടുകൂടെ എന്നും ഉണ്ടാകും".

മാർപ്പാപ്പാ "രക്ഷകന്റെ മാതാവ്" എന്ന തന്റെ ചാക്രിക ലേഖനത്തിന് ഉപോൽബലകമായിട്ട് എടുത്തിരിക്കുന്നത് മറിയത്തെക്കുറിച്ചുള്ള രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പഠനങ്ങളേയാണ്. അതായത്; മറിയത്തിന് ക്രിസ്തുവും സഭയും ക്രൈസ്തവനുമായുള്ള ബന്ധങ്ങളാണ് ഇതിലെ പഠന വിഷയം.

## 1. ക്രിസ്തുവിന്റെ രക്ഷാകര രഹസ്യത്തിൽ മറിയത്തിനുള്ള സ്ഥാനം

മേൽപ്പറഞ്ഞ മൂന്ന് ആശയങ്ങളെ മൂന്ന് പ്രത്യേക ഭാഗങ്ങളിലായി പ്രതിപാദിക്കുന്ന ചാക്രികലേഖനത്തിന്റെ ആദ്യഭാഗം, ക്രിസ്തുവിന്റെ രക്ഷാകര രഹസ്യങ്ങളിൽ മറിയത്തിനുള്ള സ്ഥാനത്തെപ്പറ്റിയാണ്. ആദ്യഭാഗത്തിന് മൂന്നു ശീർഷകങ്ങളാണുള്ളത്.

### a) നന്മനിറഞ്ഞവളായ മറിയം

"ലോകസ്ഥാപനത്തിനു മുമ്പുതന്നെ അവിടുന്ന് നമ്മെ ക്രിസ്തുവിൽ തിരഞ്ഞെടുത്തു" (എഫേ. 1:4) എന്ന വാക്കുകളിൽ രക്ഷാകര പ്രവൃത്തിയുടെ മുൻകൂട്ടിയുള്ള പദ്ധതി നാം കാണുന്നു. ഇത് ക്രിസ്തുവുമായി ബന്ധപ്പെട്ടതാണ്. പൗലോസ് ശ്ലീഹായുടെ ഈ വാക്കുകൾ ഓരോ ക്രൈസ്തവനെപ്പറ്റിയും ശരിയാണെങ്കിലും ആ രക്ഷാകർമ്മം ആരുവഴിയായി നിറവേറപ്പെട്ടുവോ ആ രക്ഷകന്റെ അമ്മയെപ്പറ്റി ഇത് വളരെ പ്രത്യേകമായ വിധത്തിൽ പ്രതിപാദിക്കാവുന്നതാണ്.

പരിശുദ്ധ പിതാവ് മേൽപ്പറഞ്ഞ ആമുഖത്തിനുശേഷം പഴയനിയമത്തിൽനിന്നും പുതിയ നിയമത്തിൽനിന്നും മറിയത്തിന്റെ നന്മസമ്പൂർണതയെ എടുത്തുകാണിക്കുന്നു. ഉൽപ്പത്തിയുടെ പുസ്തകം മുതൽ (3:15) പ്രവചനാത്മകമായ രീതിയിൽ മറിയം ബൈബിൾ ഗ്രന്ഥങ്ങളിൽ നിഴലിച്ചിരിക്കുന്നതായി കാണാം.

www.malankaralibrary.com

ഇസയാസ് പ്രവാചകൻ ക്രിസ്തു ജനിക്കുന്നതിന് നൂറ്റാണ്ടുകൾക്കുമുമ്പേ മറിയം കന്യകയായിരുന്നുകൊണ്ടു തന്നെ ഒരു ശിശുവിനെ പ്രസവിക്കുമെന്നു പ്രവചിച്ചിരുന്നു. അങ്ങനെ പഴയനിയമം "കാലത്തിന്റെ പൂർണതയ്ക്ക്" വഴിയൊരുക്കുകയായിരുന്നു.

പുതിയ നിയമത്തിലേക്കു കടക്കുമ്പോൾ മാലാഖയുടെ മംഗലവാർത്തയിലൂടെയാണ് മറിയം രംഗപ്രവേശനം ചെയ്യുന്നത്. "ദൈവകൃപ നിറഞ്ഞവളേ സ്വസ്തി" (ലൂക്കാ 1:28) എന്നാണ് ദൈവദൂതൻ അവളെ അഭിസംബോധന ചെയ്തത്. വേദപുസ്തകഭാഷ്യത്തിൽ ദൈവകൃപ ഒരു ദാനമാണ്, ഒരു അനുഗ്രഹമാണ്. ത്രിയേക ദൈവിക ജീവനിൽനിന്ന് ഉടലെടുക്കുന്നതാണീ ദാനം. ദൈവകൃപ എല്ലാവർക്കും പൊതുവെ ഉള്ളതാകാമെങ്കിലും മറിയത്തെ സംബന്ധിച്ചിടത്തോളം പ്രത്യേക വിധത്തിൽ ഇങ്ങനെ നൽകപ്പെട്ടപ്പോൾ പറയാവുന്നതാണ്. സ്വർഗീയമായ എല്ലാ ആത്മീയ വരങ്ങളാലും പിതാവായ ദൈവം നമ്മെ അനുഗ്രഹിച്ചു (എഫേ. 1:3) എന്ന് പൗലോസപ്പസ്തോലൻ പറയുമ്പോൾ ഈ ദൈവകൃപയെയാണ് എടുത്തുകാണിക്കുന്നത്. ഈ കൃപയിലാണ് നമ്മൾ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. ഈ അനുഗ്രഹം പ്രത്യേക വിധത്തിൽ ലഭിച്ചിരുന്ന മറിയം ലോകാരംഭത്തിനുമുമ്പു തന്നെ സന്നിഹിതയായിരുന്നു; അതും ദൈവമാതാവെന്ന നിലയിൽ തിരഞ്ഞെടുക്കപ്പെട്ടവളായിട്ട്. അങ്ങനെ ദൈവകൃപ നിറഞ്ഞവൾ എന്നു പറയുന്നതുകൊണ്ട് വിവക്ഷിക്കുന്നതു ദൈവപുത്രന്റെ അമ്മയായി മറിയം തിരഞ്ഞെടുക്കപ്പെട്ടു വെന്നാണ്. അപ്രകാരം ക്രിസ്തുവിന്റെ ദൈവികരഹസ്യത്തിൽ മറിയത്തിനുള്ള അതുല്യതയും പ്രത്യേകതയും സ്പഷ്ടമാകുകയും ചെയ്യുന്നു.

മറിയം ദൈവകൃപ നിറഞ്ഞവളാകുവാൻ വേറെയും ചില കാരണങ്ങളുണ്ട്. വചനം മനുഷ്യവതാരം ചെയ്തതുമൂലം ദൈവപുത്രൻ മനുഷ്യപ്രകൃതിയുമായി ഐക്യപ്പെട്ടു. മാത്രമല്ല തന്റെ അമ്മയുടെ ഉദരത്തിൽവച്ചുതന്നെ പാപരഹിതയായി സൃഷ്ടിക്കപ്പെട്ട മറിയം ക്രിസ്തുവിനുവേണ്ടിമാത്രം ഉള്ളവളായി ത്തീർന്നു. അവൾക്കു ജീവൻ നൽകിയ വ്യക്തിക്കു തന്നെ ജീവൻ നൽകിക്കൊണ്ട് മറിയം തന്റെ സ്രഷ്ടാവിന്റെ അമ്മയായി മാറി.

www.malankaralibrary.com

## b) വിശ്വസിച്ചതുകൊണ്ട് അനുഗൃഹീതയായ മറിയം

എലിസബത്ത് പരിശുദ്ധ കന്യകയെ അഭിസംബോധന ചെയ്ത അവസാന വാക്കുകൾ പ്രത്യേക ശ്രദ്ധ അർഹിക്കുന്നു: "കർത്താവ് അരുൾചെയ്ത വാക്കുകൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി" (ലൂക്കാ 1:45). ഈ വാക്കുകളെ ഗബ്രിയേൽ മാലാഖായുടെ അഭിസംബോധനയുമായി ബന്ധപ്പെടുത്തുമ്പോൾ ഒരു യാഥാർത്ഥ്യം വ്യക്തമാകുന്നുണ്ട്. ദൈവദാനമായ അനുഗ്രഹപൂർണത മറിയത്തിനു നൽകപ്പെട്ടപ്പോൾ അവൾ വിശ്വാസത്തിലൂടെ ആ ദാനവുമായി സഹകരിച്ചു. തന്റെ ബുദ്ധിയും മനസ്സും പൂർണമായും അവൾ ദൈവത്തിന് അടിയറവെച്ചു. മാനുഷികവും സ്ത്രീസഹജവുമായ തന്റെ തനിമയിലൂടെ അവൾ ദൈവത്തിനു മറുപടി കൊടുത്തു. മറിയത്തിന്റെ വിശ്വാസം ദൈവദാനത്തോടുള്ള പൂർണമായ സഹകരണത്തേയും പരിശുദ്ധാരൂപിയുടെ പ്രവർത്തനത്തോടുള്ള തുറന്ന മനോഭാവത്തേയുമാണ് കാണിക്കുന്നത്.

മറിയത്തിന്റെ ജീവിതത്തിൽ ഉടനീളം കാണാവുന്നതാണ് ഈ വിശ്വാസം. മംഗളവാർത്താസമയത്ത് അവൾ നൽകിയ "അങ്ങയുടെ ഇഷ്ടം പോലെ എന്നിൽ നിറയട്ടെ" എന്ന മറുപടി, മാനുഷികതലത്തിൽ ദൈവരഹസ്യത്തിന്റെ നിറവേറലിനുള്ള നിർണായക ഘടകമായിരുന്നു. മറിയം ആ വാക്കുകൾ ഉച്ചരിച്ചത് വിശ്വാസത്താൽ മാത്രം പ്രേരിതയായിട്ടായിരുന്നു. അതോടുകൂടി അവൾ ദൈവവുമായി നിർലോപം സഹകരിച്ചു.

"രക്ഷകന്റെ മാതാവ്" എന്ന ചാക്രിക ലേഖനം മറിയത്തിന്റെ വിശ്വാസത്തെ അബ്രഹാമിന്റെ വിശ്വാസവുമായി താരതമ്യപ്പെടുത്തുന്നു. പഴയനിയമത്തിൽ, ദൈവത്തിന്റെ രക്ഷാകര കർമ്മം അബ്രഹാമിന്റെ വിശ്വാസത്തോടെയാണ് ആരംഭിക്കുന്നത്. പ്രത്യാശയ്ക്കെതിരായി പ്രത്യാശിക്കുകയും വിശ്വസിക്കുകയും ചെയ്ത ആളാണ് ആ പൂർവ്വ പിതാവ്. പുതിയ നിയമത്തിലാകട്ടെ മറിയത്തിന്റെ "എന്നിൽ നിറവേറട്ടെ" എന്ന വാക്കുകളിലൂടെയാണ് രക്ഷാകരകർമ്മം സമാരംഭിക്കുന്നത്. പുരുഷനെ അറിയാതെ പുത്രനെ പ്രസവിക്കുക എന്നത് മനുഷ്യബുദ്ധിക്ക് അഗ്രാഹ്യമായിരുന്നിട്ടും അവൾ വിശ്വസിച്ചു.

www.malankaralibrary.com

പിന്നീട് ശിമയോന്റെ പ്രവചനസമയത്തും പൂജാരാജാക്കന്മാരുടെ സന്ദർശനവേളയിലും, ഈജിപ്തിലേക്ക് ഒളിച്ചോടിയ അവസരത്തിലും വിശ്വാസത്തിന്റെ ഈ ഘടകം നിഴലിച്ചു കാണുന്നുണ്ട്. ജറുസലേം ദൈവാലയത്തിൽ യേശു പറഞ്ഞ വാക്കുകൾ അവിടുത്തെ മാതാപിതാക്കൾ മനസ്സിലാക്കിയില്ലാ യെന്ന് സുവിശേഷകൻ പറഞ്ഞതിലൂടെ നമ്മൾ ധരിക്കേണ്ടത്, യേശുവുമായി അടുത്ത സമ്പർക്കം പുലർത്തിയിരുന്ന മറിയത്തിന് പലതും വ്യക്തമായിരുന്നില്ലായെന്നാണ്. അവൾ വിശ്വാസത്തിലൂടെയാണ് തന്റെ പ്രയാണം തുടർന്നിരുന്നത്. യേശുവിന്റെ രഹസ്യജീവിതസമയത്ത് മറിയത്തിന്റെ ജീവിതവും വിശ്വാസത്തിലൂടെ ഗുപ്തമായിരുന്നു. കുരിശിന്റെ വിശുദ്ധ യോഹന്നാന്റെ ഭാഷയിൽ പറഞ്ഞാൽ അത് “വിശ്വാസത്തിന്റെ രാത്രി”യായിരുന്നു. അവളുടെ വിശ്വാസം ഉച്ചകോടിയിലെത്തു ന്നത് കുരിശിൻ കീഴിലാണ്. തന്റെ അരുമ സുതനുമായുള്ള ഐക്യം കുരിശുവരെ അവൾ വിശ്വസ്തതയോടെ പാലിച്ചു.

## c. “ഇതാ നിന്റെ അമ്മ”യായ മറിയം

യേശുവിന്റെ പരസ്യജീവിതാരംഭത്തിൽ കാനായിലെ കല്യാണത്തിൽവച്ച് മറിയം അവിടുത്തെ അമ്മയായി കാണ പ്പെടുന്നുണ്ടെങ്കിലും നസ്രത്തിലെ നിഗൂഢതയിൽ കഴിഞ്ഞിരുന്ന മറിയത്തെ ലോകത്തിനു മുമ്പിൽ അവതരിപ്പിക്കുന്നത് അജ്ഞാതയായ ഒരു സ്ത്രീയുടെ വാക്കുകളാണ്. “നിന്നെ വഹിച്ച ഉദരവും നിന്നെ പാലൂട്ടിയ മുലകളും ഭാഗ്യമുള്ളവ” (ലൂക്കാ 11:27). കാനായിൽ അന്ന് ചെയ്ത അത്ഭുതപ്രവൃത്തി തുലോം നിസ്സാരമായിരുന്നിരിക്കാം. പക്ഷെ അതിന് പ്രതീകാത്മകമായ ഒരു അർത്ഥമുണ്ട്. ആദ്യമായി മാനുഷികാവശ്യങ്ങൾ നിറവേറ്റിക്കൊടു ക്കുന്ന ലോകപരിത്രാതാവിന്റെ രക്ഷണീയ ലക്ഷണമായി അതു മാറുന്നു. മറിയത്തിന്റെ മാദ്ധ്യസ്ഥശക്തിയേയും അത് എടുത്തു കാണിക്കുന്നുണ്ട്. മനുഷ്യരുടെ പ്രയാസങ്ങളിലും ആവശ്യ ങ്ങളിലും മനുഷ്യർക്കും സ്വപുത്രനുമിടയിൽ അവൾ മാദ്ധ്യസ്ഥ യായിത്തീരുന്നു. മനുഷ്യന്റെ വേദനകളും യാതനകളും തന്റെ സുതനു ചൂണ്ടിക്കാണിക്കുവാൻ തനിക്ക് അവകാശമുണ്ടെന്ന് മറിയം സമർത്ഥിക്കുകയാണ്.

www.malankaralibrary.com

കാനായിൽവച്ച് മറിയം കാണിച്ച മാതൃപരിപാലനയെ വിവരിക്കുന്ന അതേ സുവിശേഷകൻതന്നെ വേറൊരു രംഗവും നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നുണ്ട്. കുരിശിൻ ചുവട്ടിൽ നിൽക്കുന്ന മറിയത്തേയും തന്റെ വത്സലശിഷ്യനായ യോഹന്നാനെയും യേശു പരസ്പരം ഭരമേൽപ്പിക്കുന്ന രംഗമാണത്. ഇതുവഴി യേശുവിന്റെ അമ്മ മാനവവംശത്തിന്റെ അമ്മയായി മാറി. അതോടൊപ്പം സഭയിലും സഭയിലൂടെയും ആ മാതൃത്വം തുടരുവാനും ഇടവന്നു. സഭ ഉടലെടുത്ത പന്തക്കുസ്താ തിരുനാൾ ദിവസം പ്രാർത്ഥനയിൽ ചെലവഴിച്ച പരിശുദ്ധ കന്യകമറിയം ആ മഹാസംഭവത്തിന് സാക്ഷിയും സഹകാരിയും ആയിത്തീർന്നു. അങ്ങനെ അവൾ വചനം മാംസമായ നിമിഷത്തേയും സഭ ഉടലെടുത്ത ദിനത്തേയും ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായിത്തീർന്നു.

## 2. തീർത്ഥാടക സഭയുടെ കേന്ദ്രബിന്ദുവായ മറിയം

മറിയവും സഭയും തമ്മിലുള്ള അഭേദ്യമായ ബന്ധം വിവരിക്കുന്ന രണ്ടാംഭാഗം മൂന്ന് ശീർഷകങ്ങൾ ഉൾക്കൊള്ളുന്നു. എല്ലാ ജാതികൾക്കും സമീപസ്ഥയായ ദൈവജനമാകുന്ന സഭ, സഭയുടെ തീർത്ഥാടനവും ക്രൈസ്തവഐക്യവും, തീർത്ഥാടക സഭയുടെ സ്തോത്രഗീതം എന്നിവയാണിവ.

### a. എല്ലാ ജാതികൾക്കും സമീപസ്ഥയായ ദൈവജനമാകുന്ന സഭ

ഉത്ഥിതനായ ക്രിസ്തുവിന്റെ ശക്തിയിൽ വിശ്വസിച്ചുകൊണ്ട് സ്ഥലകാലങ്ങളിലൂടെ പ്രയാണം ചെയ്യുന്ന സഭയിൽ മറിയത്തിന്റെ ദിവ്യസാന്നിദ്ധ്യം എന്നും ഒരുപോലെ നിലനിൽക്കുന്നു എന്നു പറയാം. വിശ്വാസത്തിലൂടെ തന്റെ ഭൗതികയാത്ര പൂർത്തിയാക്കിയ മറിയം ദൈവത്തിന്റെ മഹത്കൃത്യങ്ങൾ പ്രതിബിംബിക്കുന്ന കണ്ണാടിയായി, എന്നും നിലകൊള്ളുന്നു. പന്തക്കുസ്താദിവസം തുടക്കം കുറിച്ച തീർത്ഥാടക സഭയുടെ വിശ്വാസയാത്ര വ്യക്തികളുടെയും ജനതകളുടെയും ചരിത്രത്തിലൂടെ കടന്നു പോകുന്നു. എന്നാൽ മറിയത്തിന്റെ യാത്ര സഭയുടെ തീർത്ഥാടനത്തേക്കാൾ ദൈർഘ്യമേറിയതാണെന്ന് ഒരുവിധത്തിൽ പറയാൻ സാധിക്കും. കാരണം, അവൾ അതിന് തുടക്കം കുറിച്ചത് മംഗളവാർത്താ

www.malankaralibrary.com

ദിവസമാണ്. ശിഷ്യന്മാർക്ക് നൽകപ്പെട്ടതുപോലുള്ള പ്രേഷിത ദൗത്യം മറിയത്തിന് ലഭിച്ചില്ലെങ്കിലും അവളിലൂടെയാണ് ആ ശിഷ്യന്മാർ ക്രിസ്തുവിനെ ദർശിച്ചത്.

വിശ്വാസാധിഷ്ഠിതമായ മറിയത്തിന്റെ ജീവിതത്തെപ്പറ്റി ഒരിക്കൽകൂടി പരിശുദ്ധ പിതാവ് പരാമർശിക്കുന്നു. ദൈവദൂതന്റെ സന്ദേശത്തോടുള്ള പ്രതികരണത്തിലൂടെ ജന്മംകൊണ്ട വിശ്വാസം ജറുസലേമിലെ പ്രാർത്ഥനാമുറിയിൽവച്ച് സ്ഥിരീകരിക്കപ്പെട്ടു. തലമുറകളിലൂടെ അഭേദ്യമായി തുടർന്നുപോകുന്ന സഭയുടെ വിശ്വാസം മറിയത്തിന്റെ വിശ്വാസത്തിലാണു പങ്കുപറ്റുന്നത്. ഗൗഡലുപ്പെ, ലൂർദ്ദ്, ഫാത്തിമാ തുടങ്ങിയ മരിയൻ കേന്ദ്രങ്ങളെ ഈ വിശ്വാസ സാക്ഷ്യത്തിന്റെ പ്രതീകങ്ങളായി മാർപ്പാപ്പ പ്രത്യേകം എടുത്തുകാണിക്കുന്നുണ്ട് - കൂട്ടത്തിൽ തന്റെതന്നെ ജന്മനാടായ പോളണ്ടിലെ ജസ്നഗോറയേയും. ഇവിടെയെല്ലാം ജനങ്ങൾ തങ്ങളുടെ വിശ്വാസത്തിന് കരുത്തും ശക്തിയും ആർജ്ജിക്കുവാൻ വെമ്പൽ കൊള്ളുന്നു.

## b. സഭയുടെ തീർത്ഥാടനവും ക്രൈസ്തവ ഐക്യവും

തീർത്ഥാടക സഭയിൽ ഐക്യത്തിന് മരിയഭക്തി ഒരു അമൂല്യഘടകമാണ്. സത്യദൈവവും സത്യമനുഷ്യനുമായ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ ഒരു ഭാഗമായി കർത്താവിന്റെ അമ്മയെ മിക്കവാറും എല്ലാ ക്രൈസ്തവ വിഭാഗങ്ങളും കാണുന്നുണ്ട്. ദൈവജനത്തിന്റെ ഐക്യത്തിനായി സദാ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധ കന്യകയെ എന്തുകൊണ്ട് ഒരു പൊതു 'അമ്മ' യായി അംഗീകരിച്ചു കൂടാ യെന്ന് മാർപ്പാപ്പ ചോദിക്കുന്നു. ഗ്രീക്ക്, കോപ്റ്റിക്, അർമേനിയൻ, ബൈസന്റൈൻ തുടങ്ങിയ സഭാവിഭാഗങ്ങളിൽ ദൈവമാതാ വിനെ എത്ര സവിശേഷതയോടെയാണ് ആദരിക്കുന്നത്! പൗരസ്ത്യ സഭകളിലേയും പാശ്ചാത്യ സഭകളിലേയും മരിയ വണക്കം ഒരേ ശരീരത്തിന്റെ രണ്ടു ശ്വാസകോശങ്ങളെപ്പോലെ പ്രവർത്തിക്കുന്നുവെന്ന് ചാക്രിക ലേഖനം സമർത്ഥിക്കുന്നു.

## c. തീർത്ഥാടക സഭയുടെ സ്തോത്രഗീതം

മറിയം എലിസബത്തിനെ സന്ദർശിച്ച അവസരത്തിൽ ആലപിച്ച ആ സ്തോത്രഗീതം അർത്ഥസംപുഷ്ടമാണ്. അവളുടെ

www.malankaralibrary.com

തന്നെ ആന്തരികാനുഭവത്തിന്റെ ബഹിർസ്ഫുരണമായിരുന്നു അത്. ദൈവത്തിന്റെ അനന്ത ശക്തിയേയും വിശുദ്ധിയേയും എടുത്തുകാണിക്കുക മാത്രമല്ല, ശക്തനായവൻ തനിക്കു വൻകാര്യങ്ങൾ ചെയ്തുവെന്നു വിനയാന്വിതമായ പരസ്യ പ്രഖ്യാപനം കൂടിയായിരുന്നു ആ ഗീതം. ആ ഗീതത്തിൽ സഭയ്ക്ക് ദരിദ്രരോട് ഉണ്ടായിരിക്കേണ്ട സവിശേഷ സ്നേഹ ത്തിന്റെ പ്രചോദനം നമുക്കു കാണാം. "ശക്തന്മാരെ സിംഹാ സനത്തിൽ നിന്ന് മറിച്ചിട്ടു. എളിയവരെ ഉയർത്തി. വിശക്കുന്നവരെ വിശിഷ്ട ഭോജ്യങ്ങൾകൊണ്ട് സംതൃപ്തരാക്കി........" എന്ന പരിശുദ്ധ കന്യകയുടെ വാക്കുകളിൽനിന്നു വ്യക്തമാകുന്ന വസ്തുത ഇതാണ്. ദൈവത്തെപ്പറ്റിയുള്ള സത്യങ്ങൾ എളിയവ രോടും ദരിദ്രരോടുമുള്ള സ്നേഹത്തിൽ നിന്ന് നമ്മെ അകറ്റി നിർ ത്താവുന്നതല്ല. മാത്രമല്ല സഭയുടെ വിമോചന ദൗത്യത്തിനു ഈ സ്തോത്രഗീതവുമായി അഗാധമായ ബന്ധമുണ്ട്.

### 3. മറിയത്തിന്റെ മാദ്ധ്യസ്ഥ ശക്തി

"മനുഷ്യരുടെ നേർക്കുള്ള മാതൃനിർവിശേഷമായ കടമ ക്രിസ്തുവിന്റെ അതുല്യമായ മാദ്ധ്യസ്ഥത്തെ ഒരു വിധത്തിലും അവ്യക്തമാക്കുകയോ പരിമിതപ്പെടുത്തുകയോ ചെയ്യുന്നില്ല" (തിരുസഭ 60) എന്ന വത്തിക്കാൻ സൂനഹദോസിന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടാണ് പരിശുദ്ധ പിതാവ് തന്റെ ചാക്രിക ലേഖനത്തിന്റെ മൂന്നാം ഭാഗം ആരംഭിക്കുന്നത്. കാരണം, പരിശുദ്ധ കന്യകവഴി മാനവരാശിക്ക് കൈവരുന്ന എല്ലാവിധ രക്ഷാകര വരങ്ങളുടെയും നിദാനം ക്രിസ്തുതന്നെയാണ്.

### a. കർത്താവിന്റെ ദാസിയായ മറിയം

മറിയത്തിന്റെ ഈ മാദ്ധ്യസ്ഥശക്തി തന്റെ ദൈവിക മാതൃത്വവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. മംഗള വാർത്താ വേളയിൽ ദൈവമാതാവാകാമെന്ന് സമ്മതിച്ചതോടു കൂടി മറിയം ദൈവത്തിനു സ്വയം അർപ്പിക്കുകയാണുണ്ടായത്. അതോടൊപ്പം ദൈവവും തന്റെ സുതനെ മറിയത്തിന് ഭരമേൽപിച്ചു. എന്നാൽ, അവൾ ദൈവപുത്രന്റെ വെറും 'ആയ' ആയി സ്വയം പരിമിതപ്പെടുത്താതെ യേശുവിനോടൊപ്പം സഹരക്ഷകയായി തീരുകയാണുണ്ടായത്. മറ്റൊരുവിധത്തിൽ

www.malankaralibrary.com

പറഞ്ഞാൽ ക്രിസ്തുവിന്റെ ഏക മദ്ധ്യസ്ഥതയിൽ മറിയവും കടന്നു ചെല്ലുകയാണുണ്ടായത്. ദൈവകൃപയാൽ പൂരിതയായി ജനിക്കുവാൻ അവളെ അനുവദിച്ച ക്രിസ്തു തന്റെ മാതാവിനെ അത്രയും ഉന്നതമായ സ്ഥാനത്തേയ്ക്ക് അവളുടെ ജനനത്തിനു മുമ്പേതന്നെ ഒരുക്കുകയും, കുരിശിൽ കിടന്നുകൊണ്ട് ആ പദവി നിത്യമാണെന്ന് പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്തു. കാനായിലെ കല്യാണാവസരത്തിൽ ആരംഭിച്ച അവളുടെ മാദ്ധ്യസ്ഥ പ്രവൃത്തി ഇന്നും സ്വർഗത്തിലിരുന്നുകൊണ്ട് സഭയ്ക്കു വേണ്ടിയും ലോകത്തിനുവേണ്ടിയും അവൾ നിർവ്വഹിക്കുന്നു.

## b. സഭാജീവിതത്തിലും ക്രൈസ്തവജീവിതത്തിലും മറിയത്തിനുള്ള പങ്ക്

വിശ്വാസത്തിലും ഉപവിയിലും ക്രിസ്തുവിനോടുള്ള പൂർണമായ യോജിപ്പിലും ദൈവജനനി സഭയുടെ മാതൃകയാണ്. അതുകൊണ്ടുതന്നെ അവൾ പ്രത്യേക ബഹുമതി തിരുസഭയിൽ അർഹിക്കുന്നുണ്ട്. പ്രാചീനകാലം മുതൽക്കേ അവളോടുള്ള ഭക്തി ക്രൈസ്തവസഭയിൽ നിലനിന്നുപോന്നിരുന്നു. ഒരു വിധത്തിൽ പറഞ്ഞാൽ, മറിയത്തിൽ നിന്നാണ് സഭ തന്റെതന്നെ മാതൃത്വം എന്താണെന്ന് പഠിച്ചത്. മനുഷ്യവതാര രഹസ്യത്തിന്റെ ശുശ്രൂഷക്കായി പരിശുദ്ധ കന്യക സ്വയം അർപ്പിച്ചതുപോലെ വരപ്രസാദത്തിലൂടെ മനുഷ്യമക്കളെ ദത്തെടുക്കുന്നതിൽ സഭയും വ്യാപൃതയാണ്.

സഭയിലും ക്രൈസ്തവ ജീവിതത്തിലും സാക്ഷാത്തായ മരിയ ഭക്തി ദിവ്യകാരുണ്യത്തിലൂടെ പരിപോഷിപ്പിക്കപ്പെടേണ്ടതാണ്. എന്തെന്നാൽ, മറിയത്തിൽനിന്ന് ക്രിസ്തുനാഥന്റെ മർത്ത്യശരീരം ജന്മമെടുത്തത് ക്രൈസ്ത ജീവിതത്തിൽ മറിയത്തിനുള്ള പങ്ക് സമൂഹത്തിൽ സ്ത്രീകൾക്കുള്ള പങ്കിനെ പ്രത്യേകമായി എടുത്തു കാണിക്കുവാൻ പര്യാപ്തമാണ്. ദൈവം തന്റെ സുതനെ ഒരു സ്ത്രീയുടെ സ്വാതന്ത്ര്യവും സജീവവുമായ ശുശ്രൂഷയ്ക്കാണ് ഭരമേൽപ്പിച്ചത്. പരിശുദ്ധ കന്യകയുടെ സ്ത്രീത്വത്തെപ്പറ്റി ധ്യാനിക്കുമ്പോൾ സ്ത്രീകളുടെ മഹത്ത്വത്തെയും അവരുടെ ഔന്നത്യത്തെയും പറ്റി പരിചിന്തിക്കുവാൻ നമുക്ക് കഴിയേണ്ടതാണ് - സ്നേഹപൂരിതവും കലവറയില്ലാ

www.malankaralibrary.com

ത്തതുമായ അർപ്പണ മനോഭാവം ഏറ്റവും വേദനാജനകമായ കഷ്ടതകൾപോലും സഹിക്കുവാനുള്ള ശക്തി, അതിരില്ലാത്ത വിശ്വസ്തത, അക്ഷീണമായ ശ്രമശീലം ഇവയെല്ലാം സ്ത്രീത്വത്തിന്റെ ഔന്നത്യവും മഹത്ത്വവും വ്യക്തമാക്കുന്നു.

## C മരിയൻ വർഷത്തിന്റെ പ്രസക്തി

ചാക്രികലേഖനത്തിന്റെ അവസാനഭാഗത്ത്, ഒരു വർഷത്തിലേറെ സമയം മരിയൻ വർഷമായി ആചരിക്കുന്നതുകൊണ്ട് പരിശുദ്ധ പിതാവ് ഉദ്ദേശിക്കുന്ന ഫലത്തെപ്പറ്റി പ്രതിപാദിക്കുന്നു. മരിയൻ ആദ്ധ്യാത്മികതയെപ്പറ്റി അറിയുന്നതോടൊപ്പം അതനുഭവിക്കുകയെന്നതാണ് ഏറ്റവും പ്രധാനം. രക്ഷാകര കർമ്മത്തിൽ മറിയം മുൻകാലങ്ങളിൽ ചെയ്തിട്ടുള്ള പ്രവൃത്തികളെ അനുസ്മരിക്കുക മാത്രമല്ല മൂന്നാം സഹസ്രാബ്ദത്തിലൂടെ മുന്നോട്ടു പോകേണ്ട സഭയുടെ ഭാവി പരിപാടികൾ ആവിഷ്കരിക്കുകയും കൂടിയാണ് ഇവിടെ ആവശ്യം. ലോകരക്ഷകനെ ആകാംക്ഷയോടെ കാത്തിരിക്കുന്ന പഴയ നിയമത്തിലെ ജനതയെപ്പോലെ ക്രിസ്തുവിന്റെ ജനനത്തിന്റെ മൂന്നാം സഹസ്രാബ്ദി മുന്നിൽ കണ്ടുകൊണ്ട് മറിയത്തെക്കുറിച്ചും അതോടൊപ്പം ക്രിസ്തുവിനെപ്പറ്റിയും കൂടുതൽ ധ്യാനിക്കുകയും അറിയുകയുമാണ് ഈ മരിയൻ വർഷത്തിൽ നമ്മൾ ചെയ്യേണ്ടത്.

റോമൻ റീത്തിലെ കാനോൻ നമസ്കാരത്തിന്റെ അവസാനം മറിയത്തോടു ചൊല്ലാറുള്ള ഒരു പ്രാർത്ഥനയുടെ ചില വാചകങ്ങൾ ഉദ്ധരിച്ചും സഭയുടെയും ക്രൈസ്തവരുടെയും അനുദിന ജീവിതത്തിൽ ഉണ്ടാകുന്ന വീഴ്ചകളിലും താഴ്ചകളിലും മറിയത്തിന്റെ സഹായം തേടുവാൻ തന്റെ മക്കളെ ആഹ്വാനം ചെയ്തുംകൊണ്ടാണ്, പരിശുദ്ധ പിതാവ് ചാക്രികലേഖനം അവസാനിപ്പിക്കുന്നത്. അനുദിന യാമപ്രാർത്ഥനകളുടെ അന്ത്യത്തിൽ സഭ മറിയത്തെ അഭിസംബോധന ചെയ്തുകൊണ്ട് നടത്തുന്ന അപേക്ഷകളിൽ ഇങ്ങനെ കാണുന്നു:

"രക്ഷകന്റെ പ്രിയ ജനനീ
സ്വർഗത്തിൻ കവാടമേ
സാഗരതാരമേ
വീണുപോയവരെങ്കിലും എഴുന്നേൽക്കുവാൻ

www.malankaralibrary.com

കഠിനമായി യത്നിക്കും
നിൻ ജനതയെ സഹായിക്കണമേ
വിസ്മയമാർന്നീ പ്രകൃതി നോക്കിനിൽക്കവെ
സ്വസ്രഷ്ടാവിനെ നീ സംവഹിച്ചു".

"വിസ്മയമാർന്നീ പ്രകൃതി നോക്കി നിൽക്കവെ" എന്ന പല്ലവിയിലെ ഈ വാക്കുകൾ മറിയത്തിന്റെ ദിവ്യ മാതൃത്വ രഹസ്യത്തിന് അകമ്പടി സേവിക്കുന്ന "വിശ്വാസത്തിന്റെ വിസ്മയം'' പ്രകടമാക്കുന്നു. എല്ലാറ്റിന്റെയും സ്രഷ്ടാവും നാഥനുമായ ദൈവത്തിന്റെ തന്നെത്തന്നെ മനുഷ്യനു വെളിപ്പെടുത്തുന്ന പ്രവർത്തനം എത്രയോ വിസ്മയനീയം. സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള അനന്തവിദൂരമായ വിടവ് അവിടുന്ന് എത്ര വ്യക്തമായി നിരത്തിയിരിക്കുന്നു! ദൈവം സ്വതവേ വർണനാതീതനും അപരിമേയനും ആയിരിക്കുന്നുവെങ്കിൽ നസ്രത്തിലെ കന്യകയിൽ നിന്ന് വചനം മനുഷ്യാവതാരം എടുത്തു എന്ന യാഥാർത്ഥ്യത്തിൽ അവിടുന്ന് എത്രയോ അധികം വർണ്ണനാതീതനും അപരിമേയനും ആയിരിക്കുന്നു!

തന്റെ ദൈവസ്വഭാവത്തിൽ പങ്കുചേരുന്നതിന് മനുഷ്യനെ ക്ഷണിക്കാൻ അവിടുന്ന് നിത്യമായി തിരുമനസ്സായി. ഈ രഹസ്യത്തിന്റെ കേന്ദ്രത്തിൽ വിശ്വാസത്തിന്റേതായ ഈ വിസ്മയത്തിന്റെ മദ്ധ്യേ മറിയം നിലകൊള്ളുന്നു. രക്ഷകന്റെ പ്രിയപ്പെട്ട അമ്മ എന്ന നിലയിൽ അവളാണ് ദൈവസ്നേഹം ആദ്യമായി അനുഭവിച്ചറിഞ്ഞത്. "വിസ്മയമാർന്നീ പ്രകൃതി നോക്കിനിൽക്കവേ സ്വസ്രഷ്ടാവിനെ നീ വഹിച്ചു"!

ഓരോ വ്യക്തിയേയും ഓരോ സമൂഹത്തേയും രാഷ്ട്രങ്ങളേയും ജനതകളേയും നമ്മുടെ ഈ യുഗത്തെയും സമാപനാസന്നമായ സഹസ്രാബ്ദിയുടെ ഈ ആണ്ടുകളേയും ഉൾപ്പെടുത്തിയുള്ളതാണീ വാക്കുകൾ; "സഹായിക്കണമേ, അതേ; സഹായിക്കണമേ, വീണുപോയവരെങ്കിലും എഴുന്നേൽക്കുവാൻ കഠിനമായി യത്നിക്കും നിൻ ജനതയെ സഹായിക്കണമേ". ശാസ്ത്രത്തിന്റെയും സാങ്കേതിക വിജ്ഞാനത്തിന്റെയും മേഖലകളിൽ മനുഷ്യവംശം അത്ഭുതാവഹമായ കണ്ടുപിടുത്തങ്ങൾ നടത്തുകയും അമൂല്യമായ നേട്ടങ്ങൾ കൈവരിക്കുകയും

www.malankaralibrary.com

ചെയ്തു വരുന്നു. പുരോഗതിയുടെയും നാഗരികതയുടെയും പാതയിൽ അതിമഹത്തായ മുന്നേറ്റം ആർജിച്ചു കഴിഞ്ഞു. ഇക്കാലത്ത് ചരിത്രത്തിന്റെ ഗതിതന്നെ ത്വരിതപ്പെടുത്തുന്നതിൽ അത് വിജയിച്ചിരിക്കുന്നു എന്ന് പറയാം.

രണ്ടു സഹസ്രാബ്ദങ്ങളുടെ ഇടയിലുള്ള അതിർത്തിയിലേക്ക് മാനവരാശി മുഴുവനോടുമൊത്ത് മുന്നേറുമ്പോൾ സഭ തന്റെ ഭാഗത്തുനിന്ന് എല്ലാ വിശ്വാസികളുടെയും സമൂഹത്തോടൊത്ത്, സന്മനസ്സുള്ള എല്ലാ സ്ത്രീപുരുഷന്മാരോടും ഒന്നുചേർന്ന് "വീണുപോയ ജനം എഴുന്നേൽക്കുവാൻ കഠിനമായി യത്നിക്കുന്നു" എന്ന് മരിയൻ പല്ലവിയിലെ വാക്കുകളിൽ അന്തർഭവിച്ചിട്ടുള്ള മഹത്തായ വെല്ലുവിളി ഏറ്റെടുത്തിരിക്കുകയാണ്. എന്നിട്ട്, രക്ഷകനോടും അവിടുത്തെ അമ്മയോടുമായി സഭ വിളിച്ചപേക്ഷിക്കുന്നു "ഞങ്ങളെ സഹായിക്കണമേ". കാരണം, ഈ പ്രാർത്ഥന സാക്ഷ്യപ്പെടുത്തുന്നതുപോലെ സഭ ക്രിസ്തുവിന്റെ രക്ഷാകര രഹസ്യത്തിലും തന്റെതന്നെ രഹസ്യത്തിലും ദൈവത്തിന്റെ വിശുദ്ധ അമ്മയെ കാണുന്നു. മാനവചരിത്രത്തിന്റെ ആഴങ്ങളിൽ പദമൂന്നി നിൽക്കുന്നവളായി സഭ മറിയത്തെ കാണുന്നു. സത്യത്തിൽ ദൈവം മനുഷ്യനുവേണ്ടി ഒരുക്കിയ ദൈവപരിപാലനാപദ്ധതി പ്രകാരമുള്ള അവന്റെ നിത്യമായ വിളിയിലും സഭ മറിയത്തെ കാണുന്നുണ്ട്. വ്യക്തിജീവിതത്തെയും കുടുംബങ്ങളേയും രാഷ്ട്രങ്ങളേയും ഇന്ന് ഗ്രസിക്കുന്ന സങ്കീർണമായ നിരവധി പ്രശ്നങ്ങളിൽ അമ്മ എന്ന നിലയിൽ സന്നിഹിതയായിക്കൊണ്ട് പങ്കുചേരുന്നവളായി സഭ മറിയത്തെ ദർശിക്കുന്നു. നന്മയും തിന്മയും തമ്മിലുള്ള നിരന്തര പോരാട്ടത്തിൽ "വീണുപോകയില്ലെന്ന് ", വീണുപോയാൽ തന്നെ വീണ്ടും എഴുന്നേൽക്കും എന്നു ഉറപ്പേകും വിധം ക്രൈസ്തവരെ തുണയ്ക്കുന്ന അമ്മയായും സഭ മറിയത്തെ കാണുന്നു.

www.malankaralibrary.com

1. *LG.* 53.
2. *LG.* 54.
3. *LG.* 53 – 54.
4. Ecumenical Council of Ephesus, in *Conciliorum Oecumentcorum Decreta, Bologna* 1973, 41-44;
5. Cyril Bernard, *Madona*, Manjummel: 1949,13.
6. John Damascene, *De Fide Orthodoxa* I, iii C. 12.
7. John Damascene, Hom. in Nativitatem, 7:10.
8. ആന്റണി മണലപ്പുഴവിള, "*മറിയം രക്ഷയുടെ മാതാവ്*", 114..
9. *LG.* 52.
10. *LG.* 52.
11. *LG.* 53.
12. *LG.* 66.
13. *LG.* 55.
14. Martin Luther, Comment. ad. Cant. BVM. Op. IX 85 ed 1554 quoted in "*Madona*" by Rev. Fr. Cyril Bernard OCD.
15. St. Thomas Aquinas, *Summa Theologica*, I q. 25, art 6 ad 4.
16. *LG.* 59.
17. *LG.* 64.
18. *LG.* 52.
19. *LG.* 68.
20. Transitus Sanctae Mariae. 3.
21. Transitus Sanctae Mariae. 5.
22. Transitus Sanctae Mariae. 7.
23. Transitus Sanctae Mariae. 10.

www.malankaralibrary.com

24. Transitus Sanctae Mariae. 16.
25. Benedict XIV Pope, De Festo BMV Part II n .120.
26. John of Evubo, Ora. in Concep. Dei Parae, 22.
27. Mansi, SS Council, N*ova Collectio* xxv [1702, 1218].
28. Janssens, *loc.cit.*
29. *LG.* 59.
30. Janssens, *loc.cit.*
31. Germanus of Constantinopl, *Hom. In Annunt. Deiparae*: *PG* 98, 328 A; *Hom. In Dorm.* 2: *PG* 98, 357.
32. Thomas Aquinas, *Opuscul.* viii, in Salutatione Angelica.
33. Cyril, *Hom. de dormi Deiparae.*
34. Ambrose, In Luc. Lib. ii no.61.
35. Vincent Ferror *Sermo de Assensione.*
36. Andrew of Crete, Hom. 3 in *Dorm. ss Deipare*: *PG* 97, 1089-1109.
37. John of Damascus, Enc. in Dorm Dei Genitricis, Hom I and 3: *PG* 96, 721-761 especially 728.
38. Augustine, *in Mariology*, Vol. II C. viii.
39. Thomas Aquinas, Opuscula viii, *De* Salut. *Angelica.*
40. Alexander III Pope, Epist. 23; PL XI, St. Augustine 1147.
41. John of Damascus, Enc. *in Dorm. Dei Genetricis, Hom.* 1 and 3: *PG* 96, 721-61 especially 728 B.
42. Pius XII, *Munificentissimus Deus*, (Apostolic Constitution, (Nov. 1, 1950): *AAS* 42 (1950), 770.
43. Pius XII, Encyclical Ad Caeli Reginam, Oct 11, 1954: *AAS* 46 (1954), 633 – 636.


www.malankaralibrary.com

# ഉപസംഹാരം

നമ്മുടെ അമ്മയായ വിശുദ്ധ മറിയത്തെ രക്ഷാകര പദ്ധതിയിൽ പങ്കുകാരിയാകുന്നതിന് അനാദിയിൽ തന്നെ പിതാവായ ദൈവം തിരഞ്ഞെടുത്ത് പ്രവചനങ്ങളിലൂടെയും, പ്രതീകങ്ങളിലൂടെയും പഴയനിയമ ജനതയ്ക്ക് വെളിപ്പെടുത്തിക്കൊടുത്തതും, പ്രവചനങ്ങളെല്ലാം പുതിയ നിയമത്തിൽ പൂർത്തീകരിക്കപ്പെട്ടതും, സഭാപിതാക്കൻമാരുടെ മരിയദർശനങ്ങളും, നമ്മുടെ ആരാധനയിൽ വിശുദ്ധ മറിയത്തിനുള്ള സ്ഥാനത്തെയും, സഭ വിശ്വാസസത്യങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള വിശുദ്ധ മറിയത്തിന്റെ ദൈവമാതൃത്വവും, അമലോത്ഭവവും, സ്വർഗാരോപണവും നാം കണ്ടുകഴിഞ്ഞു. "അവൻ പറയുന്നത് നിങ്ങൾ ചെയ്യുവിൻ" എന്ന് പറഞ്ഞുകൊണ്ട് തന്റെ പുത്രനിലേക്ക് സർവ്വരെയും എത്തിക്കുക എന്ന രക്ഷാകര പ്രവർത്തനം ഇന്നും തുടരുന്ന വിശുദ്ധ മറിയം സഭയിൽ വിശുദ്ധ ആരാധനയിൽ ആണ് അനുസ്മരിക്കപ്പെടേണ്ടത്. അല്ലാതെ കുറെ ഭക്തഭ്യാസങ്ങളിലും, ആചാരാനുഷ്ഠാനങ്ങളിലും മാത്രം ഒതുങ്ങപ്പെടേണ്ടവൾ അല്ല നമ്മുടെ അമ്മയായ വിശുദ്ധ മറിയം.

ക്രിസ്തുവിന്റെ അനുയായികളായ നാം അവിടുത്തെ ഓരോ വാക്കിലും അർത്ഥം കണ്ടെത്തുന്നവരാണ്. കാൽവരിയിലെ കുരിശിൽ യേശു അരുളിയ അന്ത്യവചസ്സുകൾ നമ്മുടെ ഹൃദയത്തിൽ ആഞ്ഞുതറയ്ക്കുന്നു. കുരിശിന്റെ പാതയിലൂടെ നീങ്ങുന്നതിനുള്ള കരുത്തേറിയ ആയുധമാണ് അവിടുന്നു പ്രദാനം ചെയ്തത്. 'ഇതാ നിന്റെ അമ്മ' എന്നു പറഞ്ഞത് കുരിശിൻ ചുവട്ടിൽ നമ്മെ പ്രതിനിധാനം ചെയ്തുനിന്ന യോഹന്നാൻവഴി നമ്മോട് ഓരോരുത്തരോടുമായിരുന്നു. അമ്മയെ ബഹുമാനിക്കുന്നത് കാലഹരണപ്പെട്ട ആചാരമല്ല. മരിയഭക്തിയുടെ പ്രസക്തി ഒരിക്കലും നശിക്കുകയില്ല. മറിയം വിശ്വാസത്തിന്റെ നിറകുടമായിരുന്നു; സ്നേഹത്തിന്റെയും സഹനത്തിന്റെയും ത്യാഗസന്നദ്ധതയുടെയും ഉജ്ജ്വല പ്രതീകവുമാണ്. ക്രിസ്തുവിനെ വിശ്വസ്തതയോടെ പിന്തുടർന്ന അവൾ തന്നെയാണ് ആദ്യത്തെ സഭാംഗം. അവൾ നമുക്കോരോരുത്തർക്കും അമ്മയും മാതൃകയുമാണ്.

www.malankaralibrary.com

അമ്മ എന്നത് മനുഷ്യന് എന്നും ആശ്വാസമരുളുന്ന ഇമ്പ മേറിയ നാമമാണ്. ജനലക്ഷങ്ങൾ ഈ അമ്മയിൽ ആശ്രയം വച്ച് ആശ്വാസവും ആനന്ദവും കണ്ടെത്തിയിട്ടുണ്ട്. പ്രക്ഷു ബ്ധവും അസ്വസ്ഥവുമായിരിക്കുന്ന ആധുനിക ലോകം മറിയ ത്തിലേക്കു തിരിയുവാൻ പഠിക്കുകയാണെങ്കിൽ ലോകസമാ ധാനം സുനിശ്ചിതമാണ്. ജീവിതത്തിന്റെ പോരാട്ടങ്ങളിൽ പിടിച്ചു നിൽക്കുന്നതിനാവശ്യമായ കരുത്ത് നൽകാൻ കഴിവുള്ള അമ്മയാണ് മറിയം. അവളുടെ സ്നേഹവാത്സല്യവും ത്യാഗസന്നദ്ധതയും സമർപ്പണമനോഭാവവും മനുഷ്യ മനസ്സുകളിൽ സജീവമാക്കുകയും അവരുടെ കാലടികൾക്കു പ്രകാശം ചൊരിയുകയും ചെയ്തുകൊണ്ടിരിക്കുന്നു.

അമ്മ നമ്മെ ധൈര്യപ്പെടുത്തുന്നതോടൊപ്പം നമ്മിൽ വലിയ പരിവർത്തനവുമുളവാക്കുന്നു. മനുഷ്യ വ്യക്തിയുടെയും ജീവന്റെയും വിലയെക്കുറിച്ചുള്ള ശ്രേഷ്ഠചിന്തകളാണ് മറിയം നമ്മിലുണർത്തുക. മറിയത്തിന്റെ ദർശനത്തിൽ ഇന്നത്തെ ലോകത്തിന്റെ മനസ്സാക്ഷി പിടയും. സ്ത്രീ അവഗണിക്കപ്പെടു കയും അക്രമവിധേയയാകുകയും ചെയ്യുന്ന രംഗങ്ങളാണ് ഇവിടെ സൃഷ്ടിക്കപ്പെടുക. സ്ത്രീ ജനിക്കാതിരിക്കുന്നതിനുള്ള ഹീന തന്ത്രങ്ങൾ നമ്മുടെ ദേശത്ത് പ്രയോഗിക്കപ്പെട്ടുകൊണ്ടിരി ക്കുന്നു. അമ്മയെ ധ്യാനിക്കുന്നവർക്ക് ഒരു വ്യക്തിയേയും അവഗണിക്കാൻ സാധ്യമല്ല. സ്നേഹം, സാഹോദര്യം, സഹിഷ്ണുത, ശാന്തി തുടങ്ങിയ സംസ്കാരത്തെ ധന്യമാക്കുന്ന മൂല്യങ്ങളാണ് മരിയഭക്തി സംരക്ഷിക്കുക. ഈ ജപമാല വർഷത്തിൽ തീവ്രമായ നവീകരണത്തിന്റെയും പരിശ്രമത്തി ന്റെയും അവസരമായിരിക്കട്ടെ. ദൈവത്തിന്റെയും നമ്മുടെയും മാതാവായ വിശുദ്ധ കന്യകയുടെ ബലിഷ്ഠമായ കരങ്ങളിൽ നമ്മുടെ കൊച്ചുകരങ്ങൾ വച്ചുകൊണ്ടും, അവളുടെ ഉജ്ജ്വലമായ മാതൃക നമ്മുടെ മുമ്പാകെ എപ്പോഴും കണ്ടുകൊണ്ടും, സ്നേഹനാഥന്റെ സന്നിധിയിലേക്ക്, നമുക്ക് പ്രത്യാശയോടും ആഹ്ലാദത്തോടും നീങ്ങാം! അതിന് ദൈവം നമുക്കേവർക്കും കൃപ ചൊരിയട്ടെ!

www.malankaralibrary.com

# സഹായ ഗ്രന്ഥങ്ങൾ


1. Mariology of The East - Podipara, Placid J. Oriental Institute of Religious Studies, India, Vadavathoor, Kottayam 10.
2. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, ധർമ്മാരാം കോളേജ് ബാംഗ്ലൂർ: 1988.
3. മണലപ്പുഴവിള ആന്റണി, മറിയം രക്ഷയുടെ മാതാവ്, തിരുവനന്തപുരം: 1976.
4. വെള്ളാനിക്കൽ മാത്യു, മറിയം ബൈബിളിൽ, കോട്ടയം: 1988.
5. വാലുപറമ്പിൽ കുര്യൻ, ഇതാ കർത്താവിന്റെ ദാസി- കോട്ടയം: 1995.
6. ഞായല്ലൂർ ജോസഫ്, മരിയദർശനം മാർത്തോമ്മാ മുതൽ ഇന്നുവരെ. തിരുവനന്തപുരം: 1990.
7. കയ്യാലപ്പറമ്പിൽ തോമസ്, മറിയം പഴയനിയമ പ്രതിരൂപങ്ങളിൽ, ചങ്ങനാശ്ശേരി: 1987.
8. ഏബ്രഹാം ജോസഫ്, വി. കന്യക മറിയാമിന്റെ ജീവചരിത്രം, ചിങ്ങവനം: 1980.
9. കട്ടക്കയം ജോൺ, ദൈവജനനി, തിരുവനന്തപുരം: M.E. 1108.
10. വാഴപ്പിള്ളി സക്കറിയാസ്, 'മറിയം ബൈബിളിൽ', ബൈബിൾഭാഷ്യം, വാല്യം VI 1977.
11. മറ്റപ്പള്ളിൽ തോമസ്, മറിയം മഹിളയ്ക്കു മാതൃക - മിയൻ വത്സര പ്രസിദ്ധീകരണം, ചങ്ങനാശ്ശേരി: 1987.
12. വെള്ളാനിക്കൽ മാത്യു, മറിയം വിശ്വാസജീവിതത്തിന്റെ മാതൃക, ചങ്ങനാശ്ശേരി: 1987.
13. ഊക്കൻ വിൽസൺ, ബൈബിൾ ഭാഷ്യം ട്രസ്റ്റ്, വടവാതൂർ, കോട്ടയം: 1998.
14. ആലഞ്ചേരി ജോർജ്, മറിയം സഭയുടെ പ്രതിരൂപം, ചങ്ങനാശ്ശേരി: 1987.


www.malankaralibrary.com

15. വെള്ളിയാൻ - മാതൃമഹിമ; കോട്ടയം: 1980.

16. കുന്നപ്പള്ളി ജോൺ, മാർ അപ്രേം മല്പാൻ, കോട്ടയം: 1992.

17. ജി. ചേടിയത്ത്, സഭാപിതാക്കന്മാർ, കോട്ടയം: 1980.

18. അടിപുഴ ജോസഫ്, സഭാപിതാക്കന്മാർ, ആലുവ: 1966.

19. ജി. ചേടിയത്ത്, ലത്തീൻ സഭാപിതാക്കന്മാർ, കോട്ടയം: 1992

20. ചേടിയത്ത് ഗീവർഗീസ്, ആദിമസഭാപിതാക്കന്മാർ, കോട്ടയം: 1993.

21. ജി. ചേടിയത്ത്, സൂനഹദോസുകൾ, കോട്ടയം: 1996.

22. മാടപ്പള്ളി ജോസഫ്, രക്ഷകൻ അമ്മ, കൊച്ചി: 1987. (രണ്ടാം യോഹന്നാൻ പൗലോസ് മാർപാപ്പായുടെ 'റെഡംപ്തോറീസ് മാത്തർ' എന്ന ചാക്രികലേഖനം)

MALANKARA
LIBRARY

www.malankaralibrary.com

# ദൈവജനനിയോടൊത്ത്



**സിസ്റ്റർ റാണി മരിയ എസ്. ഐ. സി.**

മലങ്കര ആരാധനാക്രമത്തിൽ ആദ്യവസാനം പരിശുദ്ധ ദൈവമാതാവിന് കൊടുത്തിരിക്കുന്ന പ്രാധാന്യം ഹൃദ്യവും ലളിതവുമായ ശൈലിയിൽ സിസ്റ്റർ റാണി മരിയ ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. മലങ്കര സഭയോടുള്ള സിസ്റ്ററിന്റെ ആഭിമുഖ്യവും പ്രതിബദ്ധതയും പരിശുദ്ധ ദൈവമാതാവിനോടുള്ള നിഷ്കളങ്കമായ ഭക്തിയുമാണ് ഈ രചന ഏറ്റെടുക്കുവാൻ സിസ്റ്ററിനെ പ്രേരിപ്പിച്ചത് എന്നതിൽ രണ്ടുപക്ഷമില്ല. പഴയ നിയമത്തിൽ നിന്നും പുതിയനിയമത്തിൽ നിന്നുമുള്ള തിരുവചനങ്ങളും സഭാപിതാക്കന്മാരുടെ ഉദ്ധരണികളും അവസരോചിതം തെരഞ്ഞെടുത്ത് വായനക്കാരുടെ ഉള്ളിൽ തട്ടുംവിധം ദൈവമാതാവിനെ അവതരിപ്പിച്ചിരിക്കുന്നത് ഏറെ ശ്രദ്ധേയമാണ്.

ദൈവമാതൃത്വത്തിലൂടെയും സഹരക്ഷാകർമ്മത്തിലൂടെയും ആദ്ധ്യാത്മിക മാതൃത്വം നമുക്കു പ്രദാനം ചെയ്യുന്ന പരിശുദ്ധ മറിയത്തെ ഏറ്റം ഉജ്ജ്വലമായിട്ടാണ് ഈ ഗ്രന്ഥത്തിൽ ഉൾച്ചേർത്തിരിക്കുന്നത്. സാധാരണക്കാരായ വായനക്കാർക്ക് പരിശുദ്ധ മാതാവിന്റെ മാദ്ധ്യസ്ഥതയിൽ ഭക്തിയിലും വിശ്വാസത്തിലും വളരുവാൻ ഈ ഗ്രന്ഥം സഹായമാകും എന്നതിൽ തർക്കമില്ല. ഒരു ആദ്യകാൽവയ്പ് എന്ന നിലയിൽ ഈ ഗ്രന്ഥരചന വളരെ അനുമോദനാർഹം തന്നെ. തുടർന്നും ഈ രംഗത്ത് സിസ്റ്ററിന്റെ സേവനം ദൈവമക്കൾക്ക് ലഭിക്കുവാനിടയാകട്ടെ എന്ന് ആശംസിക്കുന്നു.

സിസ്റ്റർ സെറീന എസ്. ഐ. സി.

(മദർ പ്രൊവിൻഷ്യൽ)

**BETHANY SISTERS' GENERALATE**
Vadavathoor PO, Kottayam - 10

www.malankaralibrary.com